ഭക്തിമാർഗ്ഗപ്രവേശിക

(നാലാംപതിപ്പ്)



വില. 1രൂ. 90 ന. പൈ

CE 28

ഭക്തിമാർഗ്ഗപ്രവേശിക

(നാലാംപതിപ്പ്.)

Translation

of

"INTRODUCTION TO THE DEVOUT LIFE"

BY

ST. FRANCIS de SALES

DHARMARAM COLLEGE LIBRARY BANGALORE-29

പരിഭാഷകന്മാർ

ഫാദർ ജോസഫ് പരിയാരം
,, ജോർജ്ജ് നെടുങ്ങോട്ടിൽ
,, ജോസഫ് മാലിപ്പറമ്പിൽ

പകർപ്പവകാശം "എസ്. എച്ച്. ലീഗിന്".

The Sacred Heart League,
St. Joseph's Apostolic Seminary,
Alwaye, 1958.

Printed at the J. M. Press,
Alwaye North P. O.
(Kerala, INDIA)

DHARMARAM COLLEGE LIBRARY
Acc. No 80451
Call No K21/532

NIHIL OBSTAT

Fr. Michael Angel, O. C. D.,

Alwaye,
15—6—1958.

Rector Ap. Seminary.

IMPRIMATUR

† Joseph Parecattil,

Ernakulam,
20-6-1958.

Abp. of Ernakulam.

നാലാം പതിപ്പ്
കോപ്പി 2000
ജൂലൈ 1958

DEDICATED

To

His Excellency

The Rt. Rev. Dr. James Kalacherry,

Bishop of Changanacherry

BY

his loving sons in Christ

The

Translators.

ഒന്നാംപതിപ്പിന്റെ പ്രസ്താവന

വി. ഫ്രാൻസിസ് സാലസിന്റെ വിശിഷ്ടകൃതികളിൽ ഒന്നായ ഫിലോത്തയാ (Philothea) അഥവാ "Introduction to the devout life" എന്ന ചെറുപുസ്തകത്തിന്റെ പരിഭാഷയാണ് ഈ "ഭക്തിമാർഗ്ഗപ്രവേശിക." മിക്ക യൂറോപ്യൻഭാഷകളിലേയ്ക്കും വിവർത്തനം ചെയ്യപ്പെട്ടുകയും, അത്യധികം പ്രസിദ്ധിയും പ്രചാരവും ലഭിക്കുകയും ചെയ്തിരിക്കുന്ന ഈ ഗ്രന്ഥതല്ലജം മലയാളികൾക്കും ഉപകാരപ്രദമാകണമെന്നുള്ള ഉദ്ദേശ്യമാണ്, ഞങ്ങളുടെ നവപൂജാസ്മാരകമായി ഇതുതന്നെ തർജ്ജമചെയ്യുന്നതിന് ഞങ്ങളെ പ്രേരിപ്പിച്ചിട്ടുള്ളതു്.

ലോകവ്യവഹാരങ്ങളിൽനിന്നു വിരമിച്ചു്, സുകൃതാഭിവൃദ്ധിക്കായി പരിശ്രമിക്കുന്നവരുടെ ഉപയോഗത്തെ അടിസ്ഥാനമാക്കിയാകുന്നു പല അദ്ധ്യാത്മികഗ്രന്ഥങ്ങളും രചിക്കപ്പെട്ടിരിക്കുന്നതു്. എന്നാൽ, ഈ പുസ്തകം എല്ലാത്തരക്കാർക്കും ഒന്നുപോലെ ഉപകാരപ്രദമത്രേ. ഭക്തജീവിതംവഴിയായി ദൈവസ്നേഹത്തിൽ ഉൽകർഷം പ്രാപിക്കണമെന്നു് അഭിലഷിക്കുന്ന ആത്മാവിനെ ഉദ്ദേശിച്ചു് ഈ "ഭക്തിമാർഗ്ഗപ്രവേശിക"യെ അങ്ങയായി വിഭാവിക്കാം. ഭക്തജീവിതം നയിക്കണമെന്നുള്ള ആഗ്രഹമുണ്ടാകുന്ന ആത്മാവു്, മുഴുവൻകുമ്പസാരം കഴിച്ചു വി. കുർബാന സ്വീകരിച്ചതിന്റെശേഷം തന്നെത്തന്നെ പൂർണ്ണമായി ദൈവത്തിനു സമർപ്പിച്ചുകൊണ്ടു് ആസ്ഥിതിയിൽ സ്ഥിരമായി നില്ക്കുന്നതിനുള്ള പ്രതിജ്ഞ ചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും, അതെങ്ങനെ നിർവ്വഹിക്കണം എന്നതിനെസംബന്ധിച്ചുമാകുന്നു ഒന്നാംഭാഗത്തിൽ വിവരിച്ചിരിക്കുന്നതു്. ആത്മാവു ദിവ്യമണവാളനുമായി ഐക്യപ്പെടുന്നതിന് ഏറ്റവും സഹായിക്കുന്ന വി. ക്ലാശുകളുടെ സ്വീകരണം, പ്രാർത്ഥന ഇവയെക്കുറിച്ചു രണ്ടാംഭാഗത്തിലും, ഒരു ഭക്താത്മാവു പരിശീലിക്കേണ്ട സുകൃതവ്യാപാരങ്ങളെക്കുറിച്ചു മൂന്നാം ഭാഗത്തിലും പ്രതിപാദിക്കുന്നു. ഭക്തജീ

വിതവിദ്വേഷിയായ ശത്രുവിന്റെ ചതിപ്രയോഗങ്ങളിൽ ചിലതിനെസംബന്ധിച്ചും അത്തരം ദുർഘടങ്ങളിൽനിന്നു വിമോചനം ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും നാലാം ഭാഗത്തിൽ സംക്ഷിപ്തമായി പ്രസ്താവിച്ചിട്ടുണ്ട്. അനന്തരം, കേന്തിയിൽ അനുക്രമം അഭിവൃദ്ധിപ്പെടുന്നതിനും, പുരോഗമനം ക്ലേശരഹിതമാക്കുന്നതിനും ഉപകരിക്കുന്ന കാര്യങ്ങളെപ്പറ്റി പറഞ്ഞു് അവസാനിപ്പിച്ചിരിക്കുന്നു. ഞങ്ങളുടെ ഈ ശ്രമം പൊതുജനങ്ങൾക്ക് ഏതെങ്കിലുംവിധം ഉപയോഗപ്രദമാകുന്നെങ്കിൽ ഞങ്ങൾ കൃതാർത്ഥരായി.

ഈ പുസ്തകം പ്രസിദ്ധമാക്കുന്നതിൽ ഞങ്ങളെ പലരും പലവിധം സഹായിച്ചിട്ടുണ്ട്. പ്രോത്സാഹനങ്ങൾ നല്കി ഞങ്ങളെ സഹായിച്ച ഞങ്ങളുടെ വന്ദ്യഗുരുഭൂതൻ, ബ. സക്കറിയാസച്ചനോട് ഞങ്ങൾക്കുള്ള കടപ്പാട് ആദ്യമായി രേഖപ്പെടുത്തിക്കൊള്ളട്ടെ. പരിഭാഷയിൽ ഞങ്ങൾക്കുവേണ്ട നിർദ്ദേശങ്ങൾ നല്കി, സ്വന്തം മുറ്റാലയത്തിൽ നിശ്ചിതസമയത്തു പുസ്തകം മംഗിയായി അച്ചടിപ്പിച്ചുതന്ന ഞങ്ങളുടെ വന്ദ്യ പ്രൊഫസർ ഫാദർ മാത്യു വടക്കേൽ അവർകളോടും ഞങ്ങൾക്കുള്ള ഹൃദയംഗമമായ കൃതജ്ഞതയെ സാദരം പ്രകാശിപ്പിച്ചുകൊള്ളുന്നു. പല ജോലികൾക്കിടയിൽ ഞങ്ങളുടെ പരിഭാഷ വായിച്ചു തെറ്റുതിരുത്തിത്തന്ന, കോളേജ് പ്രൊഫസർ ഉലഹന്നാൻമാപ്പിള എം. ഏ. അവർകളോട് ഞങ്ങൾക്കുള്ള കൃതജ്ഞത നിസ്സീമമത്രേ. അവസാനമായി, ഞങ്ങളെ ഏതെങ്കിലുംവിധം സഹായിച്ചിട്ടുള്ള എല്ലാവരേയും ഞങ്ങൾ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നുണ്ടെന്നുള്ള വസ്തുത ഇവിടെ രേഖപ്പെടുത്തിക്കൊണ്ടു് ഞങ്ങളുടെ വിനീതപരിശ്രമഫലവും നവപൂജാസ്മാരകവുമായ ഈ പുസ്തകത്തെ മഹാജനസമക്ഷം പ്രസാദനം ചെയ്തുകൊള്ളുന്നു.

പരിഭാഷകന്മാർ.

വിഷയാനുക്രമണിക

ഒന്നാംഭാഗം

ഭക്തജീവിതം നയിക്കണമെന്നുള്ള ആഗ്രഹം ഉണ്ടാകുന്നതു മുതൽ അതാശ്ലേഷിക്കുവാൻ നിശ്ചയിക്കുന്നതുവരെ ആത്മാവിനെ നിയന്ത്രിക്കുന്നതിന് ഉപയുക്തമായ ഉപദേശങ്ങളും അനുഷ്ഠാനങ്ങളും.

അദ്ധ്യായം.			വരം.
,,	1.	യഥാർത്ഥഭക്തി . . .	1
,,	2.	ഭക്തിയുടെ അനന്യോപയുക്തതയും ശ്രേഷ്ഠതയും.	4
,,	3.	ഭക്തി എല്ലാ ജീവിതവൃത്തികൾക്കും അനന്യോപയുക്തമാണ്. . . .	8
,,	4.	ഭക്തജീവിതത്തിന് ഒരു മാർഗ്ഗോപദേഷ്ടാവ് ആവശ്യമാകുന്നു	10
,,	5.	ആത്മാവിന്റെ ശുചീകരണമാണ് ഭക്തജീവിതത്തിന്റെ പ്രാരംഭം. . .	14
,,	6.	ആത്മപവിത്രീകരണാടിസ്ഥാനം പാവുദോഷത്തിൽനിന്നുള്ള വിമോചനമാകുന്നു .	16
,,	7.	ആത്മശുചീകരണത്തിനു രണ്ടാമതായി പാപാസക്തിയെ ഹനിക്കുക . .	18
,,	8.	പാപാസക്തിയിൽനിന്ന് ആത്മാവിനെ വിമോചിക്കുന്നതിനുള്ള മാർഗ്ഗം . .	20
,,	9.	ധ്യാനം 1. സൃഷ്ടി . . .	22
,,	10.	ധ്യാനം 2. മനുഷ്യന്റെ അവസാനം .	25
,,	11.	ധ്യാനം 3. മൈവമാനങ്ങൾ . .	27
,,	12.	ധ്യാനം 4. പാപം . . .	30

അദ്ധ്യായം.			വരം.
,,	13.	ധ്യാനം 5. മരണം . .	33
,,	14.	ധ്യാനം 6. വിധി . . .	35
,,	15.	ധ്യാനം 7. നരകം. . .	38
,,	16.	ധ്യാനം 8. സ്വർഗ്ഗം . .	40
,,	17.	ധ്യാനം 9. സ്വർഗ്ഗസ്വീകരണം .	42
,,	18.	ധ്യാനം 10. ഭക്തജീവിതസ്വീകരണം.	44
,,	19.	മുഴുവൻകൃത്യസ്ഥരം കഴിക്കേണ്ടവിധം .	46
,,	20.	ദൈവസ്നേഹത്തിൽ സ്ഥിരമായി നില്ക്കുന്നതിനും അന്തരാപത്തെ പരിപൂർണ്ണമാക്കുന്നതിനുമുള്ള പ്രതിജ്ഞ. . .	48
,,	21.	ആത്മപവിത്രീകരണത്തിന്റെ അവസാനഭാഗം.	50
,,	22.	പാവഭോക്തൃത്തിലേയ്ക്കുള്ള ചാഞ്ചില്യത്തിൽനിന്ന് ആത്മാവിനെ വിമോചിപ്പിക്കണം .	52
,,	23.	ഉപയോഗശൂന്യവും ഉപദ്രവകരവുമായ പ്രതിപത്തിയെ വർജ്ജിക്കണം. .	54
,,	24.	ദുർവാസനകളിൽനിന്നു നമ്മുടെ ഹൃദയത്തെ വിമോചിക്കണം . . .	56

രണ്ടാംഭാഗം

പ്രാർത്ഥനകളും ക്രിയാശകളുംവഴി ആത്മാവിനെ ദൈവത്തിങ്കലേക്ക് ഉയർത്തുന്നതിനു പര്യാപ്തമായ ഉപദേശങ്ങൾ

അദ്ധ്യായം.	1.	പ്രാർത്ഥനയുടെ ആവശ്യം . .	57
,,	2.	ധ്യാനിക്കേണ്ട വിധം. പ്രാരംഭത്തിന്റെ ഒന്നാം വകുപ്പ്—ദൈവസാന്നിദ്ധ്യം .	61

അദ്ധ്യായം.			വശം.
,,	3.	പ്രാരംഭത്തിന്റെ രണ്ടാംവകുപ്പ്—ദൈവസഹായം അഭ്യർത്ഥിക്കുക . .	64
,,	4.	പ്രാരംഭത്തിന്റെ മൂന്നാം വകുപ്പ്—ധ്യാനവിഷയത്തെ ചിന്താപഥത്തിൽ ചിത്രിക്കുക.	65
,,	5.	ധ്യാനത്തിന്റെ രണ്ടാംഭാഗം—പ്രായോഗിക ചിന്തകൾ . . .	67
,,	6.	ധ്യാനത്തിന്റെ മൂന്നാംഭാഗം—സ്നേഹപ്രകരണങ്ങളും പ്രതിജ്ഞകളും . .	68
,,	7.	ധ്യാനസമാപ്തി . .	69
,,	8.	ധ്യാനത്തെസംബന്ധിച്ച മറ്റു ചില നിർദ്ദേശങ്ങൾ	70
,,	9.	ധ്യാനസമയത്തുണ്ടാകാവുന്ന ഹൃദയമാന്ദ്യം	73
,,	10.	പ്രഭാതാനുഷ്ഠാനം . . .	74
,,	11.	സന്ധ്യാനുഷ്ഠാനവും ആത്മശോധനയും	77
,,	12.	ആത്മീയമായ ഏകാന്തം . .	79
,,	13.	ദൈവസ്നേഹപ്രകരണങ്ങൾ, സുകൃതജപങ്ങൾ, വിശുദ്ധ വിചാരങ്ങൾ. . .	82
,,	14.	ദിവ്യപൂജയും, അതിൽ സംബന്ധിക്കേണ്ട വിധവും	90
,,	15.	ദൈവാലയത്തിലേ മറ്റു ദിവ്യകർമ്മങ്ങൾ	93
,,	16.	വിശുദ്ധാത്മാക്കളുടെ മാദ്ധ്യസ്ഥ്യം .	94
,,	17.	ദൈവവചനം ശ്രവിക്കയും പഠിക്കയും ചെയ്യേണ്ട വിധം. . . .	96
,,	18.	ദിവ്യപ്രേരണകളെ എങ്ങനെ സഫീകരിക്കണം?	98
,,	19.	പരേസങ്കീർത്തനം . . .	102
,,	20.	ക്രൂശെക്കുടെയുള്ള ദിവ്യകാരുണ്യസഫീകരണം	106
,,	21.	ദിവ്യകാരുണ്യം ഉൾക്കൊള്ളേണ്ട വിധം	111

മൂന്നാംഭാഗം

സുകൃതാഭ്യസനത്തിനുള്ള ചില നിയമങ്ങൾ

അദ്ധ്യായം.			വരം.
,,	1.	പരിശീലിക്കേണ്ട സുകൃതങ്ങളുടെ തിരഞ്ഞെടുപ്പ്	115
,,	2.	സുകൃതങ്ങളുടെ തിരഞ്ഞെടുപ്പ് (തുടർച്ച)	122
,,	3.	ക്ഷമ	127
,,	4.	ബാഹ്യമായ വിനയം . .	134
,,	5.	ആഭ്യന്തരമായ എളിമ . .	139
,,	6.	നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന നിന്ദനങ്ങളെ സ്നേഹിക്കുന്നതിന് എളിമ നമ്മെ പ്രേരിപ്പിക്കുന്നു . . .	147
,,	7.	വിനയാഭ്യാസത്തോടൊരുമിച്ച് എങ്ങനെ സൽകീർത്തിയും സംരക്ഷിക്കണം? .	152
,,	8.	ശാന്തതയും കോപത്തിന്റെ പ്രതിവിധികളും	158
,,	9.	നമ്മോടുതന്നെ പ്രഭാഷിപ്പിക്കേണ്ട പ്രശാന്തത	164
,,	10.	ഉൽകണ്ഠയോ അകൃത്യതയോ കൂടാതെ നമ്മുടെ കർത്തവ്യങ്ങൾ ശ്രദ്ധാപൂർവ്വം നിർവ്വഹിക്കണം.	168
,,	11.	അനുസരണം . . .	172
,,	12.	ചാരിത്രത്തിന്റെ ആവശ്യം . .	177
,,	13.	ചാരിത്രം പാലിക്കുന്നതിനു സഹായകരമായ ചില നിർദ്ദേശങ്ങൾ . .	182
,,	14.	സമ്പൽസമൃദ്ധിയിൽ അനുഷ്ഠിക്കേണ്ട മാനസികദാരിദ്ര്യം . . .	187
,,	15.	സമ്പന്നൻ യഥാർത്ഥദാരിദ്ര്യം അനുഷ്ഠിക്കേണ്ടതു് എങ്ങനെ? . . .	191
,,	16.	യഥാർത്ഥമായ ദാരിദ്ര്യത്തിൽ ആത്മീയധനം സമ്പാദിക്കേണ്ടതെങ്ങനെ? . .	197

അദ്ധ്യായം.		വശം.
,, 17.	അശ്ലീലവും അനർത്ഥകവുമായ മൈത്രി .	200
,, 18.	പ്രേമലീലാഭാസങ്ങൾ . . .	203
,, 19.	യഥാർത്ഥമൈത്രി . . .	209
,, 20.	യഥാർത്ഥമൈത്രിയും കപടമൈത്രിയും തമ്മിലുള്ള വ്യത്യാസം	214
,, 21.	അശ്ലീലമൈത്രിക്കുള്ള ചില പ്രതിവിധികൾ	217
,, 22.	മൈത്രിയെക്കുറിച്ചു കൂടുതലായുള്ള നിർദ്ദേശങ്ങൾ.	223
,, 23.	ബാഹ്യമായ ഇന്ദ്രിയനിഗ്രഹം . .	226
,, 24.	സഹവാസവും ഏകാന്തവും . .	236
,, 25.	വസ്ത്രധാരണത്തിലുണ്ടായിരിക്കേണ്ട ഔചിത്യം	241
,, 26.	സംഭോഷണം; വിശിഷ്യ, മൈഥികകാര്യങ്ങളെക്കുറിച്ചുള്ള സംഭോഷണം. . .	245
,, 27.	നമ്മുടെ സംസാരത്തിൽ വേണ്ട വിനയവും അന്യരോടു പ്രകാശിപ്പിക്കേണ്ട ആദരവും .	247
,, 28.	സാഹസികമായ വിധികൾ . .	251
,, 29.	പരദൂഷണം	260
,, 30.	സംഭോഷണത്തെക്കുറിച്ചു കൂടുതൽ നിർദ്ദേശങ്ങൾ	268
,, 31.	വിഹിതങ്ങളായ വിനോദങ്ങൾ . .	272
,, 32.	നിഷിദ്ധങ്ങളായ കളികൾ . .	274
,, 33.	അനുവദനീയങ്ങളെങ്കിലും അപൽകരങ്ങളായ ചില വിനോദങ്ങൾ . . .	276
,, 34.	നാടകം, അഭ്യാസം മുതലായ വിനോദങ്ങൾ എപ്പോൾ അനുവദനീയങ്ങളാകും? .	279
,, 35.	വലിയകാര്യങ്ങളിലെന്നപോലെ ചെറിയകാര്യങ്ങളിലും നാം വിശ്വസ്തരായിരിക്കണം .	281
,, 36.	നീതിയും വിവേചനശക്തിയുമുള്ള ഒരു മനസ്സ് നമുക്കുണ്ടായിരിക്കണം . .	284
,, 37.	മനുഷ്യന്റെ അഭിലാഷങ്ങൾ .	288

അദ്ധ്യായം.			വശം.
,,	38.	വിവാഹിതർക്കുള്ള ഉപദേശങ്ങളും . .	292
,,	39.	ബ്രഹ്മചാരികൾക്കായുള്ള ഉപദേശങ്ങളും (തുടർച്ച)	301
,,	40.	വിധവകൾക്കുള്ള ഉപദേശം . .	306
,,	41.	അവിവാഹിതകളോട് ഒരു വാക്ക്	312

നാലാംഭാഗം

സാധാരണമായ പ്രലോഭനങ്ങളെ തടയുന്നതി നുള്ള ചില പ്രതിവിധികളും

അദ്ധ്യാ.			
അദ്ധ്യാ.	1.	ലോകം എന്തു പറയുമെന്നതിനെപ്പറ്റി നമുക്ക് ഉൽകണ്ഠ ഉണ്ടാകേണ്ടതില്ല	313
,,	2.	നാം ധീരമനസ്കരായിരിക്കണം എന്നതിനേൽ.	318
,,	3.	പ്രലോഭനങ്ങളുടെ സ്വഭാവം. അവ അനുഭവപ്പെടുക എന്നതും, അവയ്ക്കു കീഴ്പ്പെടുക എന്നതും തമ്മിലുള്ള വ്യത്യാസം എന്നിവ സംബന്ധിച്ച്	321
,,	4.	പ്രസ്തുത തത്ത്വത്തിനു രണ്ടുദാഹരണങ്ങളും	325
,,	5.	പരീക്ഷിക്കപ്പെടുന്ന ആത്മാവിനു പ്രോത്സാഹനം	328
,,	6.	പരീക്ഷകളും വശീകരണങ്ങളും എപ്പോഴാണ് പാപകരമാകുന്നത്?	330
,,	7.	ഗുരുതരങ്ങളായ പ്രലോഭനങ്ങൾക്കുള്ള പ്രതിവിധികളും	333
,,	8.	ലഘുതരങ്ങളായ പ്രലോഭനങ്ങളേയും നാം എതിർക്കണം	335
,,	9.	ലഘുതരങ്ങളായ പ്രലോഭനങ്ങളെ എതിർക്കേണ്ട വിധം	337
,,	10.	പ്രലോഭനങ്ങളെ എതിർക്കുന്നതിനു നമ്മുടെ ഏതേതു ഭാഗങ്ങളെയാണ് ഉപയോഗിക്കേണ്ടതു	338

അദ്ധ്യായം.			വശം.
,,	11.	ഹൃദയസ്വാസ്ഥ്യം	340
,,	12.	വ്യസനം	345
,,	13.	ആത്മീയവും ഐന്ദ്രികവുമായ ആശ്വാസങ്ങളും അവയെ അനുഭവിക്കേണ്ട വിധങ്ങളും	349
,,	14.	ആത്മീയമന്ദത	360
,,	15.	മേല്പറഞ്ഞവയെ സ്ഥിരീകരിക്കുന്നതിന് ഒരുദാഹരണം	368

അഞ്ചാംഭാഗം

ആത്മനവീകരണത്തിനും ഭക്തിയിൽ സ്ഥിരത പ്രാപിക്കുന്നതിനും വേണ്ട ഉപദേശങ്ങളും അഭ്യസനങ്ങളും.

———o———

അദ്ധ്യാ.	1.	നമ്മുടെ പ്രതിജ്ഞകളേയും നിയോഗങ്ങളേയും വർഷംതോറും നാം നവീകരിക്കണം	373
,,	2.	ദൈവത്തൃക്കൃഷ്ണയായി നമ്മെ വിളിച്ച ദിവ്യകാരുണ്യത്തേയും അതേത്തുടർന്നു നാം ചെയ്ത പ്രതിജ്ഞകളേയുംകുറിച്ചു ചിന്തിക്കുക	375
,,	3.	ഭക്തജീവിതത്തിന്റെ അഭിവൃദ്ധിയെക്കുറിച്ചുള്ള ആത്മശോധന	379
,,	4.	ദൈവത്തോടു നീ എങ്ങനെ വർത്തിച്ചു എന്നു പരിശോധിക്കുക.	381
,,	5.	നിന്നോടുതന്നെ നീ എങ്ങനെ വർത്തിക്കുന്നു എന്നു നോക്കുക.	385
,,	6.	നിന്റെ അയല്ക്കാരനോടു് എങ്ങനെ വർത്തിക്കുന്നു എന്നു സൂക്ഷ്മനിരീക്ഷണം ചെയ്യുക	387
,,	7.	ആത്മാവിന്റെ അഭിലാഷങ്ങളെപ്പറ്റിയുള്ള പരിശോധന	388

അദ്ധ്യായം. വശം.

,, 8. പ്രസ്തുത പരിശോധനയ്ക്കുശേഷം നമ്മിലുളവാ
കേണ്ട അഭിലാഷങ്ങൾ 389
,, 9. നമ്മുടെ പ്രതിജ്ഞകളും നവീകരിക്കുന്നതിനുതകു
ന്ന ചില ചിന്തകളും 391

ഒന്നാമത്തേ ചിന്ത.

ആത്മാവിന്റെ മാഹാത്മ്യം 391

രണ്ടാമത്തേ ചിന്ത.

പുണ്യത്തിന്റെ മാഹാത്മ്യം 393

മൂന്നാമത്തേ ചിന്ത.

വിശുദ്ധാത്മാവിന്റെ മാതൃക 394

നാലാമത്തേ ചിന്ത.

മിശിഹായ്ക്കു നമ്മോടുള്ള സ്നേഹം 396

അഞ്ചാമത്തേ ചിന്ത.

ദൈവത്തിന്റെ അനന്തസ്നേഹം 399

അദ്ധ്യാ.10. ഈ ചിന്തകൾക്കുശേഷം ചെയ്യേണ്ട സ്നേഹപ്രക
രണങ്ങൾ 400
,, 11. ഈ പരിശീലനത്തിനുശേഷം ഉണ്ടായിരിക്കേണ്ട
വികാരങ്ങൾ 402
,, 12. അവസാനത്തേ മൂന്നു പ്രബോധനങ്ങൾ 403



"വഴങ്ങുന്ന ഹൃദയം അനുഗ്രഹീതമാകുന്നു;

അതു് ഒരിക്കലും തകരുകയില്ല."

(വി. ഫ്രാൻസിസ് ദെ സാലെസ്)

ഭക്തിമാർഗ്ഗപ്രവേശിക

ഒന്നാം ഭാഗം

ഭക്തജീവിതം നയിക്കണമെന്നുള്ള ആഗ്രഹം ഉണ്ടാകുന്നതുമുതൽ, അതാശ്ലേഷിക്കുവാൻ നിശ്ചയിക്കുന്നതുവരെ ആത്മാവിനെ നിയന്ത്രിക്കുന്നതിന് ഉപയുക്തങ്ങളായ ഉപദേശങ്ങളും അനുഷ്ഠാനങ്ങളും.

ഒന്നാം അധ്യായം

യഥാർത്ഥഭക്തി.

പ്രിയ സഹോദരാ, ഭക്തി ദൈവത്തിന് ഏറ്റവും ഇഷ്ടമുള്ള ഒരു സദ്ഗുണമാണെന്നു നിനക്കറിയാമല്ലോ. ഭക്തജീവിതം നയിക്കുന്നതിനാണല്ലോ നീ ആഗ്രഹിക്കുന്നതും. എന്നാൽ, ഏതെങ്കിലും ഒരുദ്യമത്തിന്റെ ആരംഭദശയിൽ നേരിടുന്ന ഏറ്റവും നിസ്സാരമായ ഒരു കുറവംപോലും ക്രമേണ വളർന്ന് അവസാനം മിക്കവാറും അപരിഹാര്യമായിത്തീരുന്നതുകൊണ്ട്, ഭക്തി എന്താണെന്നുതന്നെ ആദ്യമായി മനസ്സിലാക്കണം. യഥാർത്ഥമായ ഭക്തി ഒന്നേ ഉള്ളൂ; കപടവും വ്യർത്ഥവുമായവ പലതുണ്ട്. അവയെ തിരിച്ചറിയാത്തപക്ഷം കപടഭക്ത്യനുഷ്ഠാനങ്ങളാൽ നിന്റെ ആയുസ്സ് നിഷ്ഫലമായിത്തീരുന്നതത്രേ.

ഔറേലിയസ് എന്ന ചിത്രകാരൻ ലേഖനം ചെയ്തിരുന്ന ചിത്രങ്ങൾക്കെല്ലാം തന്റെ സ്നേഹഭാജനങ്ങളായ സ്ത്രീകളുടെ മുഖം നല്കിവന്നു. ഇപ്രകാരം ഓരോരുത്തനും തന്റെ അഭിരുചിക്കനുയോജ്യമായ വിധമാണു ഭക്തിയെ സ

ങ്കല്പിക്കുന്നതു്. ഉപവാസത്തിൽ അതിതൽപരനായ ഒരാൾ, തന്റെ ഹൃദയമാലിന്യത്തെ വകവയ്ക്കാതെ, ഉപവസിക്കുന്നതുകൊണ്ടുമാത്രം ഭക്തനായി എന്നഭിമാനിക്കും. ഉപവാസദിനം കഴിയുന്നു ശുദ്ധജലംപോലും അയാൾ അധരങ്ങളോടു് അടുപ്പിക്കയില്ല; എന്നാൽ പരദൂഷണത്താലും അപവാദത്താലും ആ അധരങ്ങളെ മലീമസമാക്കുന്നതിൽ അവനു് ഒരു ക്ലേശവുമില്ല. വേറൊരാൾ ധാരാളം ജപങ്ങൾ ഉരുവിടുന്നതുകൊണ്ടു ഭക്തനായി എന്നു കരുതുന്നു. അടുത്ത നിമിഷം കോപാവിഷ്ടനായി, ആ നാവുകൊണ്ടുതന്നെ അന്യരുടെമേൽ ശകാരവർഷം ചെയ്യുന്നതിനു് അയാൾ യാതൊരു സങ്കോചവും പ്രദർശിപ്പിക്കുന്നില്ല. മൂന്നാമതൊരുകൂട്ടർ പണപ്പെട്ടി തുറന്നു സസന്തോഷം ദാനം ചെയ്യുമെങ്കിലും, ഹൃദയം തുറന്നു ശത്രുവിനോടു ക്ഷമിക്കുന്ന കാര്യത്തിൽ അനാസ്ഥ പ്രദർശിപ്പിക്കുന്നു. അപരനാകട്ടെ, ശത്രുക്കളോടു ക്ഷമിക്കും; പക്ഷേ, കോടതികയറാതെ കടം വീട്ടുക പതിവില്ല. ഈ ശുദ്ധന്മാർ ലോകദൃഷ്ട്യാ ഭക്തരായി പരിഗണിക്കപ്പെട്ടേക്കാമെങ്കിലും അവർ യഥാർത്ഥഭക്തരല്ല.

സാവൂൾരാജാവിന്റെ സേവകന്മാർ ദാവീദിനെ അന്വേഷിച്ചു് അയാളുടെ വസതിയിൽ ചെന്നപ്പോൾ, മഞ്ചത്തിൽ വസ്ത്രമണിയിച്ചു കിടത്തിയിരുന്ന ഒരു പ്രതിമയെ കണ്ടു്, അതു ദാവീദുതന്നെയാണെന്നു വിശ്വസിച്ചുപോയി. ഇപ്രകാരം പലരും ബാഹ്യമായി ഭക്തിപ്രകടിപ്പിക്കുന്നതുമൂലം യഥാർത്ഥഭക്തരെന്നു ലോകത്തിൽ മതിക്കപ്പെട്ടേക്കാം; പക്ഷേ, അവർ ഭക്തിയുടെ വെറും നിഴൽമാത്രമേ ആകുന്നുള്ളൂ.

ദൈവസ്നേഹമാണു സത്യവും സജീവവുമായ ഭക്തിയുടെ അടിസ്ഥാനം. എന്നാൽ, എല്ലാത്തരത്തിലുള്ള ദൈവസ്നേഹത്തിനും ഭക്തി എന്നു പേരു പറയുവാൻ പാടില്ല. നമ്മുടെ ആത്മാക്കളെ സുന്ദരമാക്കി ദൈവസന്നിധിയിൽ നമ്മെ സംപ്രീതരാക്കുന്ന ദൈവസ്നേഹം പ്രസാദവരമാണു്. പ്രസ്തുത

ദൈവസ്നേഹം നന്മചെയ്യുന്നതിനു നമ്മെ പ്രേരിപ്പിക്കുമ്പോൾ അതു് ഉപവിയായി. സുവിസന്നദ്ധതയോടുംകൂടെ നന്മ ചെയ്യുന്നതിനുള്ള പരിപൂർണ്ണതാലക്ഷ്യത്തെ പ്രാപിക്കുന്ന ദൈവസ്നേഹമത്രേ ഭക്തി. ഒട്ടകപ്പക്ഷി ഒരിക്കലും പറക്കുന്നില്ല; കോഴി ചിലപ്പോഴെല്ലാം പറക്കാറുണ്ടെങ്കിലും അതു്, വളരെ വിഷമിച്ചും ഭൂമിയിൽനിന്നധികം ഉയരാതെയുമാണു്. പരുന്തു്, കഴുകൻമുതലായ പക്ഷികൾ ആകാശത്തിൽ അതിവേഗം പറന്നു സഞ്ചരിക്കുന്നു. പലതരത്തിലുള്ള മനുഷ്യരുടെ സ്ഥിതിയും ഈവിധമത്രേ. പാപികൾ ഒരിക്കലും ദൈവസന്നിധിയിലേയ്ക്കു തിരിയുന്നില്ല: അവർ ഭൂമിയിൽ സഞ്ചരിക്കുകയും ഭൗമികവസ്തുക്കൾക്കായിമാത്രം പ്രയത്നിക്കയും ചെയ്യുന്നു. പാപികളല്ലെങ്കിലും മന്ദഭക്തരായ ചിലർ തങ്ങളുടെ സൽപ്രവൃത്തികളാൽ ചിലപ്പോഴൊക്കെ ദൈവസന്നിധിയിലേക്കു് ഉയരുന്നുണ്ടു്. എന്നാൽ, അതു വളരെ അപൂർവ്വവും, മന്ദവും, ക്ലിഷ്ടവുമായിട്ടത്രേ. ഭക്തരാകട്ടെ, അത്യുന്മേഷത്തോടെ ദൈവസന്നിധിയിലേയ്ക്കു സദാ പുരോഗമനം ചെയ്യുന്നു. സംക്ഷിപ്തമായിപ്പറഞ്ഞാൽ, സന്തോഷസമേതം ഉപവി പരിശീലിക്കുന്നതിനു നമ്മെ പ്രേരിപ്പിക്കുന്ന ആദ്ധ്യാത്മികമായ പ്രസരിപ്പും ഉന്മേഷവുമാണു ഭക്തി.

ദൈവകല്പനകളെ പൂർണ്ണമായി അനുഷ്ഠിക്കുന്നതിനു നമ്മെ പ്രോത്സാഹിപ്പിക്കുന്നതു ഭക്തിയാണു്. തന്മൂലം, ദൈവപ്രമാണങ്ങളെയെല്ലാം അനുസരിക്കാത്തവനെ ഉത്തമനോ ഭക്തനോ ആയി പരിഗണിക്കാൻ പാടില്ല. എന്തുകൊണ്ടെന്നാൽ, ഒരാൾ ഉത്തമനാകുന്നതിന് ഉപവി ക്രിയേതീരൂ. ഭക്തനാകണമെങ്കിൽ അതിനുംപുറമെ ഉപവിയുടെ നിർദ്ദേശങ്ങൾ നിർവഹിക്കുന്നതിനുള്ള ഉത്സാഹവും സന്നദ്ധതയും കൂടി ഉണ്ടായിരിക്കണം.

ഉപവിയുടെ പരിപൂർണ്ണതയാണു ഭക്തി. അതു ദൈവകല്പനകളെ അനുഷ്ഠിക്കുന്നതിനുള്ള ഉത്സാഹവും സന്നദ്ധതയും

നമുക്കു പ്രദാനം ചെയ്യുകയും ദിവ്യോപദേശങ്ങളെ സന്തോഷസമേതം അനുസരിക്കുന്നതിനു നമ്മെ പ്രേരിപ്പിക്കയും ചെയ്യും. രോഗവിമുക്തനായിട്ട് അധികമാകാത്ത ഒരാൾ അത്യാവശ്യങ്ങൾക്കുമാത്രം വെളിയിൽ സഞ്ചരിക്കുന്നു. അത്രയും വളരെ പണിപ്പെട്ടായിരിക്കും. ഇതുപോലെതന്നെ, നവമായി പാപവിമോചനം ലഭിച്ച ഒരു അനുതാപി ദൈവകല്പനകളെമാത്രം വളരെ വിഷമിച്ചു നിറവേറ്റുന്നു. ഉത്തമഭക്തനോ എന്നാൽ, ദൈവപ്രമാണങ്ങളും അനായാസേന നിർവ്വഹിച്ചുകൊണ്ടു ദിവ്യോപദേശസരണിയിൽക്കൂടി ത്വരിതഗമനം ചെയ്യുന്നു.

ഉപവിയും ഭക്തിയും തമ്മിൽ അഗ്നിയും ജ്വാലയും തമ്മിലുള്ള വ്യത്യാസം മാത്രമേയുള്ളൂ. ആത്മീയമായ അഗ്നിയാണ് ഉപവി. അതു ജ്വലിച്ചെരിയുമ്പോൾ ഭക്തിയായി. ദൈവപ്രമാണങ്ങളെ മാത്രമല്ല, ദിവ്യോപദേശങ്ങളേയും ദിവ്യപ്രേരണകളേയും അനുസരിക്കുന്നതിനുള്ള സന്നദ്ധതയും ഉത്സാഹവും നല്കുന്ന ഒരു ജ്വാലയെ ഉപവിയാകുന്ന അഗ്നിയിൽ ചേർക്കുക മാത്രമാണു ഭക്തിയുടെ കൃത്യം.

രണ്ടാം അധ്യായം

ഭക്തിയുടെ അനുയോജ്യതയും ശ്രേഷ്ഠതയും

ഇസ്രായേൽജനം കനാൻദേശത്തു പ്രവേശിക്കാതിരിക്കുന്നതിനായി, അതു തന്നിവാസികളെ വിഴുങ്ങുന്ന ഒരു രാജ്യമാണെന്നു പറഞ്ഞു വിരോധികൾ അവരെ ഭയപ്പെടുത്തി. അവിടെ ദീർഘനാൾ ജീവിക്കാൻ പാടില്ലാത്തവിധം കാലാവസ്ഥ അതു ദുസ്സഹമാണെന്നും, അവിടെ വസിക്കുന്നവർ മനുഷ്യഭക്ഷകരായ രാക്ഷസന്മാരാണെന്നും അവർ പറഞ്ഞിരുന്നു. ഇതുപോലെതന്നെ ലോകവും ഭക്തരെ മ്ലാനവദനരാ-

യി ചിത്രിച്ചുകൊണ്ടും, ക്ഷേതി, ലോകസമ്പൂർണ്ണവും അസഹനീയവുമായ സ്വഭാവത്തെ ഉളവാക്കുന്നതായി ഉദ്ഘോഷിച്ചുകൊണ്ടും പാവനമായ ക്ഷേതിയെ അപഹസിക്കുന്നുണ്ട്. കനാൻദേശം വളരെ നല്ലതും മനോഹരവുമാണെന്നു മാത്രമല്ല, അതിനെ കൈവശപ്പെടുത്തുന്നതു് അഭിലഷണീയവും പ്രയോജനകരവുമാണെന്നു ജോഷ്വാ പ്രഭൃതികൾ പ്രഖ്യാപനം ചെയ്തു. ഇതുപോലെ, ക്ഷേത്രജീവിതം വളരെ സുന്ദരവും സുഖദവും സുഭഗവുമാണെന്നു പരിശുദ്ധാത്മാവു സകല വിശുദ്ധന്മാരോടും നമ്മുടെ ദിവ്യരക്ഷകന്റെ തന്നെയും ദിവ്യവചസ്സുകളാൽ നമ്മെ ഉദ്ബോധിപ്പിക്കുന്നു.

ക്ഷേത്രർ എങ്ങനെ ഉപവസിക്കയും പ്രാർത്ഥിക്കയും അക്ഷേപങ്ങൾ സഹിക്കയും ചെയ്യുന്നുവെന്നുള്ളതും, അവർ ഏതുപ്രകാരം രോഗികളെ ശുശ്രൂഷിക്കയും ദരിദ്രർക്കു ദാനം ചെയ്യുകയും കോപത്തെ അമർത്തുകയും ദുർവികാരങ്ങളെ നിയന്ത്രിച്ചു നശിപ്പിക്കുകയും വിഷയസുഖങ്ങളിൽനിന്നു വിരമിക്കയും ചെയ്യുന്നുവെന്നുള്ളതും മാത്രമേ ലോകർ ദർശിക്കാറുള്ളൂ. എന്നാൽ, അവയെ സുകരവും ആനന്ദാവഹവും രമണീയവുമാക്കുന്ന ആന്തരികവും നിർവ്യാജവുമായ ക്ഷേതിയെ അവർ കാണുന്നില്ല. 'കാഞ്ഞിര'ത്തിന്റെ പൂവിൽ കയ്പുള്ള ഒരു ദ്രാവകമേ ഉള്ളുവെങ്കിലും തേനീച്ചകൾ അവയ്ക്കു സ്വഭാവികമായുള്ള ഗുണവിശേഷത്താൽ അതു നുകർന്നെടുത്തു മധുവായി മാറുന്നു. ഓ! ലോകമേ! ക്ഷേത്രന്മാർ ഇന്ദ്രിയനിഗ്രഹപരമായ പ്രവൃത്തികളിൽ വളരെ വൈഷമ്യങ്ങൾ അനുഭവിക്കുന്നുണ്ടെന്നുള്ളതു വാസ്തവംതന്നെ; എന്നാൽ, അനുഷ്ഠാനത്തിൽ അവയെ സുഗമവും ഹൃദ്യവുമാക്കുന്നതിനു ക്ഷേതിക്കു സാധിക്കും. അഗ്നികുണ്ഡം, പീഡനയന്ത്രങ്ങൾ മുതലായവ രക്തസാക്ഷികൾക്കു സുരഭിലകുസുമങ്ങളായി അനുഭവപ്പെട്ടതു് അവർ ക്ഷേത്രരായിരുന്നതുകൊണ്ടല്ലയോ? അതിഭാരുണമായ പീഡനങ്ങളേയും—മരണത്തെത്തന്നെയും— മയപ്പെട്ട

ത്തുവാൻ ഭക്തിക്കു കഴിയുമെങ്കിൽ പ്രതിദിനമുള്ള ധർമ്മാനുഷ്ഠാനങ്ങളെ ലഘൂകരിക്കുവാൻ അതിനു സാധിക്കുകയില്ലെന്നോ?

പാകമാകാത്ത പഴങ്ങൾക്കു സ്വാദു നല്കുന്നതിനും, പഴുത്ത ഫലങ്ങൾക്കുണ്ടായേക്കാവുന്ന അരുചി മാറുന്നതിനും മധുവിനു ശക്തിയുണ്ട്. ഇന്ദ്രിയനിഗ്രഹത്തിന്റെ അനായാസത്വത്തെയും അഹങ്കാരത്തിന്റെ അപകടത്തെയും ഉന്മൂലനം ചെയ്യുന്ന അത്യാത്മികമധുവാണു ഭക്തി. നിർധനന്റെ അസംതൃപ്തിയും ധനികന്റെ അത്മസംശ്ലാഘയും പീഡിതന്റെ നിസ്സഹായതയും വിജയിയുടെ വ്യർത്ഥാഭിമാനവും ഏകാകിയുടെ വിഷാദവും സാമൂഹ്യജീവിതത്തിന്റെ ദുർവൃത്തതയും അതു പാടേ വിപാടനം ചെയ്യുന്നു. വർഷത്തിൽ അഗ്നിപോലെയും വേനലിൽ ഹിമംപോലെയും അതു നമുക്ക് ഉപകാരപ്രദമാകുന്നു. സുഭിക്ഷത്തിലും ദുർഭിക്ഷത്തിലും ഏതുവിധം പെരുമാറണമെന്ന് അതിനറിയാം. നിന്ദനസ്തുതികളെ ഒരുപോലെ അതു സ്വീകരിക്കുന്നു; സുഖദുഃഖങ്ങളെ സമചിത്തതയോടെ കൈക്കൊണ്ടു വിസ്മയാവഹമായ ആന്തരികാനന്ദം ഉളവാക്കുകയും ചെയ്യുന്നു.

യാക്കോബു സ്വപ്നത്തിൽക്കണ്ട സോപാനം ഭക്തജീവിതത്തിന്റെ ഉത്തമസാദൃശ്യമാണ്. അതിന്റെ ഇരുവശങ്ങളും ദൈവസ്പർശം ലഭിക്കുന്നതിനുപയുക്തമായ പ്രാർത്ഥനയുടേയും അതിനെ പ്രദാനംചെയ്യുന്ന ക്രമാശകളുടേയും സാദൃശ്യമത്രേ. അയല്ക്കാരനെതകുന്ന പ്രവൃത്തികൾക്കായി അവരോഹണം ചെയ്യോ, ദൈവവുമായി സ്നേഹപരമായ ഐക്യം ലഭിക്കുന്നതിനുവേണ്ടിയുള്ള സമാധിയിൽ ആരോഹണംചെയ്യോ, ഒരു പുണ്യത്തിൽനിന്നു മറെറാന്നിലേക്കു കടക്കുന്ന ഉപവിയുടെ വിവിധപദവികളെയാണു പ്രസ്തുത സോപാനത്തിന്റെ പടികൾ സൂചിപ്പിക്കുന്നതു്. ഈ സോപാനപഥത്തിൽ കയറുന്നവർ മാലാഖാമാരുടെ ഹൃദയത്തോടടുക്കുന്നു.

മനുഷ്യരോ, മനുഷ്യരൂപം ധരിച്ച വാനാരൂപികളോ ആണ്. പരിശുദ്ധമായ പ്രാർത്ഥനാപക്ഷങ്ങളാൽ അവർ ദൈവസന്നിധിയിലേക്കുയർന്നു പറക്കുന്നു. പാവനവും പരസ്നേഹപൂർണ്ണവുമായ വ്യാപാരങ്ങളിൽ മനുഷ്യരോടൊരുമിച്ചു സഞ്ചരിക്കുന്നതിനു പാദങ്ങളും അവർക്കുണ്ട്. സകലവും സന്തോഷപൂരിതവും രസാവഹവുമായി പരിഗണിക്കുന്നതുകൊണ്ട് അവർ പ്രസന്നവദനരായി കാണപ്പെടുകയും ചെയ്യുന്നു. അവരുടെ കരചരണങ്ങളും ശിരസ്സും നഗ്നമായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, അവരുടെ വിചാരങ്ങൾക്കും സ്നേഹങ്ങൾക്കും പ്രവൃത്തികൾക്കും ദൈവത്തെ പ്രീതിപ്പെടുത്തുകയെന്നതല്ലാതെ മറ്റു ലാക്കോ നിമിത്തമോ ഇല്ല. ദേഹത്തിന്റെ ഇതരഭാഗങ്ങൾ മൃദുലവും മനോഹരവുമായ വസ്ത്രത്താൽ ആവരണം ചെയ്യപ്പെട്ടിരിക്കുന്നു. അതേ, അവർ ലോകത്തേയും ലോകവസ്തുക്കളേയും ഉപയോഗിക്കുന്നുണ്ടെങ്കിലും, തങ്ങളുടെ ജീവിതാവസ്ഥയ്ക്ക് അനുപേക്ഷണീയമായവമാത്രം സ്വീകരിക്കുകയും അവ ഏറ്റവും പരിശുദ്ധമായ രീതിയിൽ ഉപയോഗിക്കുകയുമാണു ചെയ്യുന്നത്. ഇവരാണു സാക്ഷാൽ ഭക്തന്മാർ.

സഹോദരാ, മാധുര്യത്തിന്റെ മകുടവും പുണ്യങ്ങളുടെ രാജ്ഞിയും ഉപവിയുടെ പരിപൂർണ്ണതയുമാകുന്നു ഭക്തി. ഉപവിയെ പാലിനോടുപമിക്കുന്നുപക്ഷം, അതിൽനിന്നൊടുക്കുന്ന വെണ്ണയാകുന്നു ഭക്തി. ഉപവി ഒരു ലതയായിരുന്നാൽ ഭക്തി അതിന്റെ പുഷ്പവും, ഒരു രത്നമാണെങ്കിൽ അതിന്റെ ദീപ്തിയും, പരിമളതൈലമാണെങ്കിൽ അതിന്റെ സൗരഭ്യവുമാകുന്നു. മാത്രമല്ല, മനുഷ്യരെ ഉന്മേഷചിത്തരാക്കുകയും വാനാരൂപികളെ ആഹ്ലാദഭരിതരാക്കുകയും ചെയ്യുന്ന പരമാനന്ദലഹരിയുമാണു ഭക്തി.

മൂന്നാം അധ്യായം

ഭക്തി എല്ലാ ജീവിതപ്രവൃത്തികൾക്കും അനുയോജ്യമാണ്

ഓരോ സസ്യങ്ങളും അതതിന്റെ ഫലം നല്കുന്നതിനു സൃഷ്ടാവ് ആജ്ഞാപിച്ചു. അതുപോലെ, തന്റെ സഭയിലേ സജീവതരക്കേടായ ക്രൈസ്തവരും തങ്ങളുടെ സ്ഥാനത്തിനും ജീവിതാവസ്ഥയ്ക്കും അനുയോജ്യമായ ഫലം പുറപ്പെടുവിക്കണമെന്നു ദൈവം കല്പിക്കുന്നുണ്ട്. ധനികനും ദരിദ്രനും, യജമാനനും ഭൃത്യനും, വിവാഹിതനും അവിവാഹിതനും വ്യത്യസ്തമായ വിധത്തിൽ ഭക്തി പരിശീലിക്കണം. ഓരോ വ്യക്തിയും തന്റെ ശക്തി, ഉദ്യോഗം, അനുദിനകൃത്യങ്ങൾ ഇവയ്ക്കനുസൃതമായി തന്റെ ഭക്ത്യഭ്യസനം നിയന്ത്രിക്കേണ്ടതാണ്. ഒരു മെത്രാൻ കർത്തൂസ്യൻസന്ന്യാസിക്കു തുല്യം ഏകാന്തവാസം അഗ്രഹിക്കുന്നതുചിതമോ? ഒരു ഗൃഹസ്ഥൻ കപ്പൂച്ചിൻസന്ന്യാസികളുടെ ദാരിദ്ര്യവ്രതം അനുഷ്ഠിക്കയോ, ഒരു ഭൃത്യൻ സന്ന്യാസിയെപ്പോലെ പകൽ മുഴുവൻ ദൈവാലയത്തിൽ കഴിച്ചുകൂട്ടുകയോ ചെയ്യുന്നതു് അനുവദനീയമല്ല. ഇങ്ങനെയുള്ള ഭക്തി തികച്ചും അക്ഷേപാർഹമാണ്. എന്നാൽ, ഇതു് അത്ര അസാധാരണമായിട്ടില്ല കാണാറുള്ളതു്. കപടഭക്തന്മാരുടെ അവിവേകത്തേയും യഥാർത്ഥഭക്തിയേയും തമ്മിൽ തിരിച്ചറിയുവാൻ ക്രാണിയില്ലാത്തതോ ശ്രമിക്കാത്തതോ ആയ ലോകം ഈ കുഴപ്പങ്ങൾക്കൊന്നിനും ഉത്തരവാദിയല്ലാത്ത ഭക്തിയെ വൃഥാ അപഹസിക്കുന്നു.

യഥാർത്ഥഭക്തി യാതൊരു ജീവിതരീതിക്കും പ്രതിബന്ധമാകുന്നില്ല; പ്രത്യുത, അതിനെ സുകരമാക്കുകയത്രേ ചെയ്യുന്നതു്. ഒരാളുടെ ന്യായ്യമായ ഉദ്യോഗത്തിനനുയോജ്യമല്ലാതിരിക്കുന്ന ഭക്തി കപടഭക്തിയാണെന്നു നിസ്സംശയം

പറയാം. തേനീച്ചകൾ പുഷ്പങ്ങളിൽനിന്നു തേൻ നുകരുന്നു ണ്ടെങ്കിലും തന്നിമിത്തം പുഷ്പങ്ങൾക്കു യാതൊരു കേടും വരുത്തുന്നില്ല. യഥാർത്ഥഭക്തിയുടെ ഫലം ഇതിലും ഉൽകൃഷ്ടമാണ്. അതു യാതൊരു ജീവിതവൃത്തിക്കും വൈഷമ്യം ഉളവാക്കുന്നില്ല; നേരേമറിച്ച്, അവയെ അലങ്കരിക്കുകയും സംശുദ്ധമാക്കുകയും ചെയ്യുന്നു. രത്നങ്ങൾ തേനിലിട്ടിരുന്നാൽ അവ കൂടുതൽ ശോഭയുള്ളതായിത്തീരും. ഇപ്രകാരം ഭക്തിയിൽ ലീനമാകുന്ന എല്ലാ ജീവിതാവസ്ഥകളും ആകർഷകമായി ഭവിക്കുന്നു. തന്മൂലം, ഗൃഹസമാധാനം ദൃഢീകൃതമാകുന്നു; ഭാര്യാഭർത്തൃപ്രേമം പ്രജ്വലീകരിക്കപ്പെടുന്നു; രാജഭക്തി വർദ്ധിക്കുന്നു: സകല ജോലികളും സചീകാര്യവും ഫലദ്രവ്യവുമായി പരിണമിക്കുന്നു.

സൈനികനിവേശത്തിലോ, കച്ചവടപ്പീടികയിലോ, രാജസഭയിലോ, വ്യവസായശാലയിലോ, ഗൃഹസ്ഥാശ്രമത്തിലോ ഭക്തിക്കു സ്ഥാനമില്ലെന്നുള്ള അഭിപ്രായം അടിസ്ഥാനരഹിതംതന്നെ. ആശ്രമവാസികളായ സന്ന്യാസികളെപ്പോലെ ഏകാന്തത്തിൽ ധ്യാനപരമായി നടത്തുന്ന ഭക്തി ഇവർക്ക് അനാശാസ്യമത്രെ. എന്നാൽ, ലൗകികവ്യാപാരങ്ങളിൽ നിമഗ്നരായിരിക്കുന്നവരെ പരിപൂർണ്ണരാക്കുന്നതിനു് ഉപയുക്തങ്ങളായ മറനവധി വിഭാഗങ്ങൾ ഭക്ത്യഭ്യസനത്തിനുണ്ട്. പഴയനിയമത്തിലേ അബ്രാഹം, ഇസഹാക്ക്, യാക്കോബ്, ദാവീദ്, യോബ്, തോബിയാസ്, യൂദിത്ത്, സാറാ, റബേക്ക മുതലായവരുടെ ഭക്ത്യഭ്യസനങ്ങൾ എങ്ങനെയുള്ളവയായിരുന്നു? പുതിയനിയമത്തിലേ വി. യൗസേപ്പ്, ലീഡിയാ ക്രിസ്പിൻ മുതലായ മഹാത്മാക്കൾ തങ്ങളുടെ പണിപ്പുരയും, വി. അന്നാ, മർത്താ, മോനിക്കാ, അകീലാ, പ്രിസ്കില്ലാ എന്നീ മാതൃകകൾ തങ്ങളുടെ പാചകശാലയും, സെബസ്ത്യാനോസ്, കൊർണ്ണേലിയൂസ്, മൗറീസ് എന്നീ വീരപുരുഷന്മാർ തങ്ങളുടെ യുദ്ധക്കളവും, കോൺസ്റ്റൻറയിൻ, ഹേല

ന്നാ, ളയീസ്, അമഡേവൂസ്, എഡ്വർഡ് മുതലായ രാജപ്രവീണർ തങ്ങളുടെ സിംഹാസനങ്ങളും, കീർത്യാസനത്തിനുള്ള പ്രവർത്തനരംഗമാക്കി പുണ്യപൂർണ്ണത പ്രാപിച്ചിട്ടുള്ളവരാണ്. സുകൃതാസനത്തിനു് എല്ലാവിധവും അനുകൂലമായ ഏകാന്തജീവിതത്തിൽ പലരും അധ:പതിക്കയും, നേരെ മറിച്ചു്, പ്രതികൂലമായ ലൗകികകോലാഹലങ്ങളുടെ മദ്ധ്യേ പലരും പരിപൂർണ്ണരാകയും ചെയ്തിട്ടുള്ളതിനു് അനവധി ഉദാഹരണങ്ങളുണ്ടു്. സോദോംനഗരത്തിൽ നിഷ്കർമ്മഷനായി നിവസിച്ചിരുന്ന ലോത്തു് വിജനപ്രദേശത്തെത്തിയപ്പോൾ പാപത്തിൽ അകപ്പെട്ടു. എവിടെയായിരുന്നാലും പരിപൂർണ്ണരാകുന്നതിനു നമുക്കു സാധിക്കും; അതിനു നാം ഉദ്യമിക്കേണ്ടതാവശ്യവുമാണു്.

നാലാം അധ്യായം

ഭക്തജീവിതത്തിനു് ഒരു മാർഗ്ഗോപദേഷ്ടാവു് ആവശ്യകമാകുന്നു.

വലിയ തോബിയാസ് തന്റെ പുത്രനായ ചെറിയ തോബിയാസിനോടു് റാഗസ് പട്ടണത്തിൽ പോകുന്നതിനാജ്ഞാപിച്ചപ്പോൾ, ഞാൻ വഴിയറിയുകയില്ല എന്നു് അവൻ മറുപടി നല്കി. അപ്പോൾ, ഒരു വഴികാട്ടിയെ അന്വേഷിക്കുന്നതിനു് അദ്ദേഹം ഉപദേശിച്ചു. ഭക്തിയിൽ ഉൽകൃഷ്ടം പ്രാപിക്കുന്നതിനു നീ തീവ്രമായി ആഗ്രഹിക്കുന്നെങ്കിൽ നിന്നെ നിയന്ത്രിക്കുന്നതിനു് ഒരു പുണ്യപുരുഷനെ അന്വേഷിക്കുക. ഇതാണു് എന്റെ സർവ്വപ്രധാനമായ ഉപദേശം. "പൂർവ്വപുണ്യാത്മാക്കൾ അഭിമാനപൂർവം പരിശീലിച്ചിരുന്ന അനുസരണമെന്ന മാനസികബലിയെക്കാൾ ഉത്തമമായി ദൈവഹിതം പരിപൂ

ണ്ണമായി ഗ്രഹിക്കുന്നതിന് ഇതരമാർഗ്ഗങ്ങളില്ല" എന്നു ഭക്തനായ അവീലാ പ്രസ്താവിക്കുന്നു.

കർഡോനായിലേ കത്രീനാ അതികഠിനമായ തപശ്ചര്യകൾ അനുഷ്ഠിക്കുന്നതറിഞ്ഞു, ആത്മഗുരുവിന്റെ ഉപദേശം അവഗണിച്ചുപോലും അവളെ അനുകരിക്കുന്നതിനു വി. അമ്മത്രേസ്യാ ആഗ്രഹിച്ചു. അപ്പോൾ അവളുടെ ദിവ്യമണവാളൻ പ്രത്യക്ഷനായി, "വത്സേ! നീ ഇപ്പോൾ അപകടരഹിതമായ ഒരു മാർഗ്ഗത്തിലാണു സഞ്ചരിക്കുന്നതു; കത്രീനായുടെ തപോവൃത്തിയേക്കാൾ നിന്റെ അനുസരണത്തെ ഞാൻ ശ്രേഷ്ഠമായി പരിഗണിക്കുന്നു" എന്നു അരുൾചെയ്തുണ്ടായി. അന്നുമുതൽ അവൾ ഈ വിശുദ്ധ പുണ്യത്തിന്റെ മാഹാത്മ്യം വേണ്ടവണ്ണം മനസ്സിലാക്കി; ശ്രേഷ്ഠന്മാരോടുള്ള അനുസരണത്തിനു പുറമെ, ആത്മഗുരുവിന്റെ സകല നിർദ്ദേശങ്ങളും ഉപദേശങ്ങളും അനുസരിക്കുന്നുണ്ടെന്നു ഒരു പ്രത്യേക വ്രതംകൂടി സ്വീകരിച്ചു. തന്നിമിത്തം വിശുദ്ധയ്ക്കു അവർണ്ണനീയമായ വ്യാഖ്യാനസ്വാതന്ത്ര്യം ലഭിച്ചുവെന്നു. ഇതുപോലെ അനവധി ഭക്താത്മാക്കൾ ദൈവഹിതം പൂർണ്ണമായിഗ്രഹിക്കുന്നതിനുവേണ്ടി ദൈവദാസന്മാർക്കു സ്വയം വിധേയരായിരുന്നു. സീയന്നായിലേ വി. കത്രീനാ പ്രസ്തുത കൃത്യത്തെസംബന്ധിച്ചു തന്റെ ഗ്രന്ഥത്തിൽ പ്രശംസാപൂർവ്വം പ്രസ്താവിച്ചിട്ടുണ്ട്. ഭക്തയായ വി. എലിസബത്തുരാജ്ഞി വിജ്ഞാനിയായ കൊൺറാഡിനെ സകല കാര്യങ്ങളിലും പൂർണ്ണമായി അനുസരിച്ചുവന്നു. "അത്യാവശ്യകാര്യങ്ങളുടെ നിർവ്വഹണത്തിൽ നിന്നെ സഹായിപ്പാൻ ശക്തിയുള്ള ജ്ഞാനിയായ ഒരാത്മഗുരുവിനെ തിരഞ്ഞെടുത്തു ക്രൂടെക്കൂടെ അയാളുടെ പക്കൽ കുമ്പസാരിക്കുക" എന്നായിരുന്നു മരണാസന്നനായ വി. ലൂയീസ് രാജാവു സ്വപുത്രനു നല്കിയ അന്തിമോപദേശം.

"ഒരു വിശ്വസ്തസ്നേഹിതൻ ലഭമേറിയ ഒരു കോട്ടയ്ക്കു

തുല്യമാണ്. അയാളിൽ ഒരു അമൂല്യനിക്ഷേപംതന്നെ നാം കണ്ടെത്തുന്നും മതുമല്ല, അയാൾ നിത്യജീവനെ പ്രദാനംചെയ്യുന്ന ഒരു സിദ്ധൗഷധവുമാണ്. ദൈവയേമുള്ളവക്ക് മാത്രമേ അതു ലഭിക്കയുള്ളൂ" എന്നു വി. ലിഖിതം പ്രസ്താവിക്കുന്നു. ഈ ദിവ്യവചനങ്ങളിലേ പ്രതിപാദ്യവിഷയം നിത്യജീവൻതന്നെയാണ്. അതു പ്രാപിക്കുന്നതിന്, ഉപദേശങ്ങളാലും അനുശാസനങ്ങളാലും നമ്മുടെ സകല പ്രവൃത്തികളും നിയന്ത്രിക്കുകയും, ദുഷ്ടാത്മാവിയുടെ വഞ്ചനനിറഞ്ഞ കണികളിൽനിന്നു നമ്മെ സംരക്ഷിക്കുകയും ചെയ്യുന്ന ഒരു വിശ്വസ്തസ്നേഹിതൻ അവശ്യാവശ്യകമത്രെ. ക്ലേശങ്ങളിലും ഉൽകണ്ഠകളിലും ആത്മികാധഃപതനങ്ങളിലും ഒരു ജ്ഞാനദീണ്ഡാകാരംപോലെ അയാൾ നമ്മെ സഹായിക്കും. ആത്മികരോഗങ്ങളിൽ ദിവ്യൗഷധവും, അസുഖങ്ങളിൽ സമാശ്വാസവും നല്കുന്നതുകൂടാതെ തിന്മയെ ഉന്മൂലനംചെയ്യുന്നതിനും പരിപോഷിപ്പിച്ചു നമ്മെ ആപത്തിൽനിന്നു സുരക്ഷിതമാക്കുന്നതും അദ്ദേഹമാണ്. 'ഇങ്ങനെയുള്ള ഒരു സ്നേഹിതനെ ആർക്കു ലഭിക്കും?' എന്ന ചോദ്യത്തിന് "ദൈവയേമുള്ളവക്ക്"— തങ്ങളുടെ പുണ്യപൂർണ്ണത നിഷ്കളങ്കമായി അഗ്രഹിക്കുന്ന വിനീതഹൃദയർക്ക് —എന്ന മറുപടി വി. ലിഖിതങ്ങൾതന്നെ നല്കുന്നുണ്ട്. ക്രൈസോപാനാരോഹണത്തിൽ ഒരു നിയന്ത്രകൻ ഉണ്ടായിരിക്കേണ്ടതു് അത്യന്താപേക്ഷിതമാകയാൽ ഉത്തമനായ ഒരാത്മഗുരുവിനെ നല്കുന്നതിനു തീവ്രമായി ദൈവത്തോടപേക്ഷിക്കുക; നിശ്ചയമായും ലഭിക്കും. ചെറിയ തോഖിയാസിനു വഴികാണിക്കുവാൻ ഒരു ദൂതനെ അയച്ച ദൈവം, നല്ലവനും വിശ്വസ്തനുമായ ഒരു മാർഗ്ഗനിർദ്ദേശകനെ നിനക്കു തരാതിരിക്കയില്ല.

ഈ ആത്മഗുരുവിനെ ഒരു മാലാഖയെപ്പോലെ നീ കരുതണം. ഒരു വെറും മനുഷ്യനായിമാത്രം ഗണിച്ചു് അയാളുടെ പരിജ്ഞാനത്തിൽ നീ ആശ്രയിക്കരുതു്; പ്രത്യുത, നിന്റെ ആ

ധ്യാത്മികാവശ്യങ്ങൾക്ക് അത്യന്താപേക്ഷിതമായ കാര്യങ്ങൾ ഇയാൾവഴി നിന്നെ അറിയിച്ചുതരുവാൻ ഗുരുവിനെ പരമകാരുണികനിൽത്തന്നെ ആശ്രയിക്കണം. അതുകൊണ്ട്, നിന്നെ പരമണ്ഡലങ്ങളിലേക്കാനയിക്കുന്നതിന് ആഗതനായ ഒരു സച്ഛീയന്ത്രമെന്നപ്പോലെ അയാളെ ശ്രവിക്കുക. കന്മഷലേശംകൂടാതെ വിശ്വസ്തതയോടെ നിൻെറ ഹൃദയകവാടം തുറന്ന് അയാളെ കാണിക്കുക. തടവാരാ, നിൻെറ ആത്മസ്ഥിതി പരിശോധിച്ച് ഉപരി പരിപൂർണ്ണമാക്കുന്നതിനും, തിന്മകൾക്ക പ്രതിവിധി കല്പിക്കുന്നതിനും അദ്ദേഹത്തിനു സൗകര്യം ലഭിക്കും. ഇപ്രകാരം നിൻെറ സന്താപങ്ങളിൽ ലാഘവവും സമാശ്വാസവും നീ കണ്ടെത്തും. സൗഭാഗ്യത്തിൽ പരിമിതിയും സംയമനവും നിനക്കനുഭൂതമാകും. അദ്ദേഹത്തിൽ നിനക്കു പരിപൂർണ്ണവിശ്വാസവും പരിപാവന ബഹുമാനവും ഉണ്ടായിരിക്കണം; എന്നാൽ, ബഹുമാനം വിശ്വാസത്തെയോ വിശ്വാസം ബഹുമാനത്തെയോ ദുർബലപ്പെടുത്തരുത്. പിതാവിനോടു പുത്രിക്കുള്ള ബഹുമാനവും മാതാവിനോടു പുത്രനുള്ള വിശ്വാസവും നിനക്ക് അദ്ദേഹത്തോടുണ്ടായിരിക്കണം. ആത്മഗുരുവുമായുള്ള ബന്ധം സുദൃഢവും സുമധുരവും സാകല്യേന സംശ്ലേഷവും ദിവ്യവും ആധ്യാത്മികവും പവിത്രവുമായിരിക്കട്ടെ.

'ആത്മനിയന്ത്രകനെ ആയിരങ്ങളിൽനിന്നു തിരഞ്ഞെടുക്കുക' എന്നു വാഴ്ത്തപ്പെട്ട അവീലാ ഉദ്ബോധിപ്പിക്കുന്നു. എന്തുകൊണ്ടെന്നാൽ, ദിവ്യമായ ഈ ഉദ്യോഗത്തിനു യോഗ്യരായി ചുരുക്കംപേർമാത്രമേ ഉള്ളൂ. ആത്മഗുരു ദയാലുവും ജ്ഞാനിയും വിവേകിയുമായിരിക്കണം. ഇവയിൽ ഏതെങ്കിലും ഒന്നിൻെറ അഭാവം അപകടകരമാണ്. ഉത്തമനായ ഒരാളെ നല്കുന്നതിനു ദൈവത്തോടു വീണ്ടും വീണ്ടും അപേക്ഷിക്കുക. അദ്ദേഹത്തെ ലഭിക്കുമ്പോൾ അങ്ങേ അനന്ത നന്മയ്ക്കു കൃതജ്ഞത പ്രദർശിപ്പിച്ചുകൊണ്ടു നിഷ്കപടമായ വിനയത്തോ

ട്ടും അചഞ്ചലമായ വിശ്വാസത്തോടുംകൂടെ നിൻെറ പ്രയാണം തുടരുക; നിൻെറ യാത്ര സുരക്ഷിതവും അനുഗ്രഹീതവുമായിരിക്കും.

അഞ്ചാം അധ്യായം

ആത്മാവിൻെറ ശുചീകരണമാണു ഭക്ത ജീവിതത്തിൻെറ പ്രാരംഭം

"ഭൂമിയിൽ പുഷ്പങ്ങൾ ആവിർഭവിച്ചുതുടങ്ങി; ചെടികൾ മുറിക്കുന്നതിനുള്ള സമയവും സമാഗതമായി" എന്നു ദിവ്യഗായകൻ അരുളപ്പാടുന്നു (Cant, II, 12.). സഹോദരാ! നമ്മുടെ ഹൃദയാരാമത്തിലേ സുരഭിലകുസുമങ്ങൾ സദ്വിചാരങ്ങളല്ലാതെ മറെറന്താണു? അവ പ്രത്യക്ഷപ്പെടുമ്പോൾത്തന്നെ ഹൃദയാന്തർഭാഗത്തുനിന്നു മൃതവും നിരുപയോഗവുമായ സകലവ്യാപാരങ്ങളും ഉന്മൂലനം ചെയ്യപ്പെടണം. അന്യജാതിയിൽപ്പെട്ട സ്ത്രീകൾ ഇസ്രായേൽക്കാരുമായി വിവാഹം ചെയ്യുന്നതിനുമുൻപു് സവസ്ത്രങ്ങൾ ഉപേക്ഷിച്ചു നഖംമുറിച്ചുമുടി വെട്ടിക്കളയേണ്ടിയിരുന്നു. മിശിഹായുടെ ഹൃദയവല്ലഭയാകുന്നതിനാഗ്രഹിക്കുന്ന ആത്മാവും പഴയ പാപജീവിതം പരിത്യജിച്ചു തനിക്കും ദൈവസ്നേഹത്തിനും മദ്ധ്യേ വന്നുകൂടുന്ന പ്രതിബന്ധങ്ങളെ വെട്ടിനീക്കിക്കൊണ്ടു് ഒരു നവീനജീവിതം ആരംഭിക്കണം. പാപാസക്തിയിൽനിന്നുള്ള മോചനംതന്നെയാണു നമ്മുടെ ആത്മാരോഗ്യത്തിൻെറ അടിസ്ഥാനം. വി. പൗലോസ്ശ്ലീഹായും, അതുപോലെ മറിയംമഗ്ദലേന, ജിനോവായിലേ വി. കത്രീനാ, വി. പെലാജിയാ മുതലായവരും ഒരു നിമിഷംകൊണ്ടു പരിപൂർണ്ണമായി വിശുദ്ധരാക്കപ്പെട്ടു. മരിച്ചുയർക്കുന്നതുപോലെ ആധ്യാത്മികലോകത്തിലേ ഒരുത്ഥാനംമാത്രമാണിതു്. അതിനു് ആശിക്കയേ വേണ്ടൂ.

ആധ്യാത്മികമോ ശാരീരികമോ ആയ സുഖലബ്ധിയുണ്ടാകുന്നതു സാധാരണ പടിപടിയായി മാത്രമാണ്. യാക്കോബിനു ദൃശ്യമായ സോപാനത്തിൽക്കൂടി സഞ്ചരിച്ച മാലാഖാമാർ, ചിറകുണ്ടായിരുന്നിട്ടും പറക്കാതെ പടിപടിയായി കയറുകയും ഇറങ്ങുകയും മാത്രമേ ചെയ്തിരുന്നുള്ളൂ. പാപത്തിൽനിന്നു പരിശുദ്ധിയിലേക്ക് ഉയരുന്ന ഒരാത്മാവ് ഉടയസൃഷ്ടനു തുല്യമാണ്. അതു പെട്ടെന്ന് അന്ധകാരത്തെ വിപാടനം ചെയ്യുന്നില്ല. "രോഗശമനം മന്ദഗതിയിലാണെങ്കിൽ ആരോഗ്യലബ്ധി അസന്നിഗ്ധമത്രേ" എന്നൊരു പഴഞ്ചൊല്ലുണ്ട്. ആധ്യാത്മികരോഗങ്ങൾ ശാരീരികരോഗങ്ങളെപ്പോലെ ദ്രുതഗതിയിൽ വരുന്നുവെങ്കിലും അവ മന്ദഗതിയിൽ മാത്രമേ പിന്മാറുകയുള്ളൂ.

അതിനാൽ, ആത്മശുചീകരണത്തിനായി ക്ഷമാപൂർവ്വം, ധൈര്യസമേതം പ്രയത്നിക്കുക. കുറേ നാൾ ക്ഷേത്രരായി ജീവിച്ചശേഷം തങ്ങളുടെ അപൂർണ്ണത ഹേതുവാൽ ഭഗ്നാശരായി, പ്രലോഭനങ്ങൾക്കടിപ്പെട്ട്, സകലതും പരിത്യജിച്ചു പിന്തിരിയുന്നതിനു തയ്യാറാകുന്നവരെ കാണുന്നതു എത്രയോ പരിതാപകരം! എന്നാൽ, നേരേമറിച്ചു പുണ്യജീവിതത്തിന്റെ പ്രാരംഭദിവസംതന്നെ അപൂർണ്ണതയിൽനിന്നു വിമുക്തി ലഭിച്ചു പരിപൂർണ്ണരായെന്നു സ്വയം അഭിമാനിച്ചുകൊണ്ടു ചിറകുകുടാതെ പറക്കാൻ തുടങ്ങുന്നവരുടെ അപകടം വളരെ വലുതുമാണ്. നിർദ്ദിഷ്ടസമയത്തിനു മുൻപു വൈദ്യസംരക്ഷണത്തിൽനിന്നു പിന്മാറിയതുനിമിത്തം വീണ്ടും രോഗബാധിതരാകത്തക്ക അപകടത്തിലത്രേ അവർ സ്ഥിതിചെയ്യുന്നതു്. "സൂര്യോദയംവരെ എഴുന്നേല്ക്കരുതു്; നീ വിശ്രമിച്ചതീരുന്നതുവരെ എഴുന്നേല്ക്കരുതു്" എന്നു പ്രവാചകൻ പറയുന്നു. അദ്ദേഹംതന്നെ ഈ തത്ത്വം പ്രായോഗികമാക്കിക്കൊണ്ടു് അനുതാപത്താൽ തന്റെ ആത്മപവിത്രീകരണം ലഭിച്ചതിനു ശേഷവും ഉപരിപരിപൂർണ്ണതയ്ക്കായി അപേക്ഷിക്കുന്നു.

മരണംവരെ ആത്മവിശുദ്ധീകരണം അവസാനിക്കുകയില്ല; അതിൽനിന്നു വിരമിക്കയുമരുതു്. നമ്മിലുള്ള ന്യൂനതകൾ കണ്ടു ഭയപ്പെടരുതു്. ഇവയോടു പോരാടി വിജയംലഭിക്കുന്നതാണു പുണ്യാഭിവൃദ്ധിയുടെ ലക്ഷണം. അവയെ കണ്ടുപിടിക്കാതെ എതിർക്കുന്നതിനോ എതിർക്കാതെ പരാജയപ്പെടുത്തുന്നതിനോ നിവൃത്തിയില്ല. പ്രലോഭനം ഇല്ലാതിരിക്കുന്നതിലല്ല, അതിനു വശംവദരാകാതിരിക്കുന്നതിലത്രേ നമ്മുടെ വിജയം സ്ഥിതിചെയ്യുന്നതു്. അതിന്റെ ശല്യം സഹിക്കുന്നതും അതിനു കീഴടങ്ങുന്നതും വ്യത്യസ്തങ്ങളാണു്. ഈ ആത്മീയസമരത്തിൽ പറഞ്ഞേക്കാവുന്ന ക്ഷതങ്ങൾ, വിനീതരാകുന്നതിനു നമ്മെ വളരെ സഹായിക്കും. ആത്മജീവന്റെ നാശത്താലോ നിരാശയാലോ മാത്രമേ ഈ സമരത്തിൽ നാം പരാജിതരാകയുള്ളൂ. ഘനമായ പാപത്താൽ മാത്രം നഷ്ടപ്പെട്ടുന്ന ആത്മജീവൻ ന്യൂനതകൾനിമിത്തമോ, ലഘുപാപങ്ങൾ മൂലമോ നശിക്കയില്ല. നാം തദവസരങ്ങളിൽ ഭഗ്നാശരാകാതിരുന്നാൽമാത്രം മതി. "നിരാശയിൽനിന്നും ഭീരുത്വത്തിൽനിന്നും കർത്താവേ! നീ എന്നെ വിമുക്തനാക്കേണമേ" എന്നു ദാവീദുതീർഘദർശി പ്രാർത്ഥിച്ചിരുന്നു. ധൈര്യസമേതം യുദ്ധം ചെയ്യുന്നപക്ഷം വിജയം നിശ്ചയമാണെന്നുള്ളതു് ആത്മീയസമരത്തിന്റെ ഒരു വൈശിഷ്ട്യമാണു്.

ആറാം അധ്യായം

ആത്മപവിത്രീകരണത്തിന്റെ അടിസ്ഥാനം

ചാവുദോഷത്തിൽനിന്നുള്ള വിമോചനമാകുന്നു.

ഒരു നല്ലകുമ്പസാരത്താൽ പാപദാസ്യത്തിൽനിന്നു സ്വയം വിമുക്തനാവുകയാണു് ആത്മശുചീകരണത്തിനുള്ള പ്രഥമകൃത്യം. ഇതിനു് ഉത്തമനായ ഒരു പട്ടക്കാരനെ അ

ടയം പ്രാപിക്കണം. നല്ലകുമ്പസാരത്തിനു സഹായിക്കുന്ന ഏതെങ്കിലും ഒരു പുസ്തകം ഉപയോഗിച്ച് ആദ്യമായി അത് മശോധന ചെയ്യുക. പാപങ്ങൾ ഓർത്തിരിക്കാൻ വിഷമമെങ്കിൽ അവ എഴുതി സൂക്ഷിക്കുന്നതു കൊള്ളാം. പാപംനിമിത്തം പ്രസാദവരം നഷ്ടമാക്കി സ്വർഗ്ഗം സംതൃജിച്ച്, നിത്യനരകാഗ്നിക്കവകാശിയായി, അനന്തമായ ദിവ്യസ്നേഹത്തെ തിരസ്കരിച്ചതോർത്ത് ഹൃദയംഗമമായി അനുതപിക്കുക; മേലാൽ ദൈവത്തെ ദ്രോഹിക്കയില്ലെന്നു ദൃഢപ്രതിജ്ഞയും ചെയ്യുക.

മുഴുവൻ കുമ്പസാരമാണു നമ്മുടെ പ്രതിപാദ്യവിഷയം. അതു എല്ലാവർക്കും അത്യന്താപേക്ഷിതമല്ലെങ്കിലും പുണ്യജീവിതത്തിന്റെ ആരംഭത്തിൽ അത്യുത്തമമായ ഒരടിസ്ഥാനമാകയാൽ സവിശേഷമത്രെ. സാധാരണജനങ്ങളുടെ കുമ്പസാരം മിക്കവാറും അപൂർണ്ണമായിട്ടാണു കാണപ്പെടുന്നതു്. പലപ്പോഴും ശരിയായി അതു മശോധന നടത്താതെയും പശ്ചാത്താപം ക്ലേശാതെയും അവർ കുമ്പസാരത്തിനണയുന്നു. പാപകാരണങ്ങളപേക്ഷിച്ചു ജീവിതപരിവർത്തനത്തിനുപയുക്തമായ മാർഗ്ഗങ്ങൾ സവിശേഷിക്കുന്നതിനു വൈമനസ്യം പ്രദർശിപ്പിച്ചുകൊണ്ടും അതേപാപം വീണ്ടും ചെയ്യണമെന്നുള്ള അഗ്രഹം ഉള്ളിലൊതുക്കിക്കൊണ്ടും കുമ്പസാരിക്കാൻ വരുന്നവർ ഇല്ലാതില്ല. ഇക്കൂട്ടർക്കു മുഴുവൻകുമ്പസാരം അനുപേക്ഷണീയമാണ്. മാത്രമല്ല, നമ്മെത്തന്നെ നന്നായി അറിയുന്നതിനും കഴിഞ്ഞ ജീവിതഭൂസ്ഥിതിയെക്കുറിച്ച് അനുതപിക്കുന്നതിനും പാപകാരിന്യത്തിനനുസരണമായി നമ്മെ ശിക്ഷിക്കാതിരുന്ന ദൈവകാരുണ്യം ഗ്രഹിക്കുന്നതിനും നമ്മുടെ ഹൃദയത്തെ പ്രശമിപ്പിക്കുന്നതിനും ഉത്തമജീവിതത്തിനുള്ള ദൃഢപ്രതിജ്ഞ ചെയ്യുന്നതിനും അതു നമ്മെ പ്രാപ്തരാക്കുന്നു. തന്മൂലം അത് മസ്ഥിതിക്കനുയോജ്യമായ ഉപദേശം നല്കുന്നതിന് അത് മഗ്രഹവിനു സൗകര്യം ലഭിക്കുകയും പി

ന്നീട്ടുള്ള കുമ്പസാരങ്ങളിൽ സകലതും തുറന്നു പ്രസ്താവിക്കുന്നതിനുള്ള ധൈര്യം നമുക്കുണ്ടാവുകയും ചെയ്യും. ഹൃദയശുചീകരണത്തിനുദ്യമിക്കുമ്പോൾ മുഴുവൻകുമ്പസാരം അഭിലഷണീയമാണെന്നു കാണിക്കുവാൻ ഈ കാരണങ്ങൾ ധാരാളം മതിയെന്നു ഞാൻ കരുതുന്നു.

ഏഴാം അധ്യായം

ആത്മശുചീകരണത്തിനു രണ്ടാമതായി ചെയ്യേണ്ടതു പാപാസക്തിയെ ഹനിക്കുകയാകുന്നു.

ഇസ്രായേൽജനത്തിനു എജിപ്തിൽനിന്നു പ്രയാണം ചെയ്തെങ്കിലും അവരിൽ ചിലരുടെ ഹൃദയം അവിടെത്തന്നെയായിരുന്നു. മരുഭൂമിയിലെത്തിയപ്പോൾ അവർ എജിപ്തിലേ സസ്യമാംസാദികൾ ആഗ്രഹിച്ചു. അനുതപിച്ചു പാപമാർഗ്ഗത്തെ പരിത്യജിക്കുന്നവരിൽ പലരും പാപാഭിലാഷത്തിൽനിന്നു വിമുക്തരാകുന്നില്ല. ഒരിക്കലും പാപം ചെയ്യുകയില്ലെന്നു പ്രതിജ്ഞ ചെയ്യുന്നുവെങ്കിലും, അവർ പാപത്തിന്റെ പ്രാണനാശകമായ സന്തോഷം സംത്യജിക്കുന്നതു വൈമനസ്യത്തോടെയത്രേ. പാപമാർഗ്ഗത്തെ വിട്ടോടിപ്പോകുമ്പോൾ, ലോത്തിന്റെ ഭാര്യയെപ്പോലെ അവർ പിന്തിരിഞ്ഞു ദീർഘനിശ്വാസം ചെയ്യുന്നു.

ചില ക്ഷീണരോഗങ്ങൾ അനുഭവിക്കുന്നതു് അപായകരമാണെന്നുള്ള വൈദ്യശാസനയെ എതിർക്കാൻ നിവൃത്തിയില്ലാത്ത രോഗികൾ അവ സ്പർശിച്ചും ഘ്രാണിച്ചും അവയുടെ ഗുണഗണങ്ങൾ വർണ്ണിച്ചും, അവയെ ഉപയോഗിക്കുന്നവരെപ്പറ്റി അസൂയപ്പെട്ടും കാലംകഴിക്കുന്നു. മൻപ്രസ്താവിച്ച അനുതാപികളുടെ സ്ഥിതിയും ഇതിനു തുല്യമാണു്. അവർ നിത്യശിക്ഷയ്ക്കർഹരാകാതെ പാപം ചെയ്യുന്നതിനാഗ്രഹിക്കു

ന്നു. പാപത്തെക്കുറിച്ചു സംസാരിച്ചു തൃപ്തരാവുകയും, പാപം ചെയ്യുന്നവർ സൗഭാഗ്യവാന്മാരെന്നു ഗണിക്കുകയും ചെയ്യുന്നു.

പ്രതികാരേച്ഛയായ ഒരാൾ കുമ്പസാരിക്കുമ്പോൾ നല്ല പ്രതിജ്ഞകൾവഴിയായി അയാളുടെ മുൻനിശ്ചയത്തെ നിഷേധിക്കുന്നുവെങ്കിലും, തന്റെ മിത്രങ്ങളുടെ മദ്ധ്യേ പ്രതികാരത്തെപ്പറ്റി സംസാരിക്കുമ്പോൾ ശത്രുക്കളോട് ക്ഷമിക്കുന്ന കാര്യം വളരെ വിഷമമുള്ളതായി കരുതുകയും പ്രതികാരം അനുവദനീയമായിരുന്നെങ്കിൽ നന്നായിരുന്നുവെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു. പാപവിമോചനം ലഭിച്ചുവെങ്കിലും പാപാസക്തിയിൽനിന്ന് ഇവർ വിമുക്തരാകുന്നില്ല. അതെ, അവർ എജീപ്തിൽനിന്നു പോന്നെങ്കിലും അവിടത്തെ ഉള്ളിയും ഇറച്ചിയും വിസ്മരിക്കുന്നില്ല; അവയെ വീണ്ടും ആസ്വദിച്ചാനന്ദിക്കുന്നതിൽ അവർ തല്പരരായിരിക്കുന്നു. ന്യായവിരുദ്ധമായ പ്രേമബന്ധം ഉപേക്ഷിച്ചതിനുശേഷവും കാമുകപ്രശംസയിൽ ആനന്ദിക്കുന്ന കാമിനിയുടെ സ്ഥിതിയും ഇതുതന്നെ. ഹാ! കഷ്ടം! ഇങ്ങനെയുള്ളവർ നാശഗർത്തത്തിന്റെ വക്കിലല്ലയോ സ്ഥിതി ചെയ്യുന്നതു്?

സഹോദരാ, പുണ്യജീവിതത്തിനാഗ്രഹിക്കുന്ന ഒരാൾ പാപം ഉപേക്ഷിച്ചാൽമാത്രം പോരാ; പാപാസക്തിയിൽ നിന്നുകൂടെ ഹൃദയത്തെ വിമുക്തമാക്കേണ്ടിയിരിക്കുന്നു. പാപത്തോടുള്ള പ്രതിപത്തി വീണ്ടും അതിൽ വീഴുന്നതിനു നമ്മെ പ്രേരിപ്പിക്കുകയും ആത്മാവിനെ ബലഹീനമാക്കി, നന്മ ചെയ്യുന്നതിനുള്ള ഔൽസുക്യവും സന്നദ്ധതയും നശിപ്പിക്കുകയും ചെയ്യുന്നു. പാപജീവിതത്തെ ഉപേക്ഷിച്ചിട്ടും പാപാസക്തി നശിപ്പിച്ചിട്ടില്ലാത്തവർ ബലഹീനരായ മനുഷ്യർക്കു തുല്യരാണ്. അവർക്കു രോഗമൊന്നുമില്ലെങ്കിലും അവരുടെ പ്രവൃത്തികൾ നിർജ്ജീവങ്ങളായി കാണപ്പെടുന്നു. ഉറങ്ങുന്നുണ്ടെങ്കിലും അവരുടെ ക്ഷീണം തീരുന്നില്ല; ഭക്ഷിക്കുന്നുണ്ടെങ്കിലും അവർ സ്വാദറിയുന്നില്ല; ചിരിക്കുന്നുണ്ടെങ്കിലും

അവർക്ക സന്തോഷം ഉളവാകുന്നില്ല. അവർ നടക്കുന്നതുത
ന്നെ വളരെ വിഷമിച്ചാണ്. പാപാസക്തരായ മനുഷ്യർ
ചെയ്യുന്ന നന്മപ്രവൃത്തികളുടെ വൈശിഷ്ട്യവും ഇതുപോലെ
നഷ്ടപ്രായമാകുന്നു.

എട്ടാം അധ്യായം

പാപാസക്തിയിൽനിന്ന് ആത്മാവിനെ വിമോചിക്കുന്നതിനുള്ള മാർഗ്ഗം.

പാപാസക്തിയെ ഛേദിക്കുന്നതിനുള്ള പ്രഥമമാർഗ്ഗം പാ
പത്തിന്റെ നിസ്സീമമായ തിന്മയെക്കുറിച്ചുള്ള ബോധമാണ്.
തൽഫലമായി അഗാധവും ഏകാഗ്രവുമായ അനുതാപം ഉ
ണ്ടാകും. യഥാർത്ഥമായ അനുശയം തീരെ ലഘുവായിരുന്നാൽ
അതൊന്നും, വിശുദ്ധാത്മാക്കളോട് ചേർന്നിരുന്നാൽ പ്ര
ത്യേകിച്ചും നമ്മെ പാപത്തിൽനിന്നു സംസ്കരിക്കുവാൻ
പര്യാപ്തമാകുന്നു. അതുപോലെ, അഗാധവും നിർവ്യാജവുമായ
പശ്ചാത്താപം പാപത്തിന്റെ സകല അഭിലാഷങ്ങളിൽ
നിന്നും നമ്മെ സംശുദ്ധമാക്കുന്നു. ഒരാളുടെ പേരിൽ നമുക്ക
നിസ്സാരമായ അനിഷ്ടമോ വിരോധമോ തോന്നിയാൽ അയാള
ടെനേരേ നീരസം തോന്നുന്നതിനും അയാളുടെ സാന്നിധ്യം
തന്നെ വെറുക്കുന്നതിനും അതു കാരണമാകുന്നു. എന്നാൽ, ശ
ക്തിയുക്തവും അമരണാത്മവുമായ ഒരു വൈരാഗ്യമാണു
ജനിച്ചിരിക്കുന്നതെങ്കിൽ വിരോധിയോടും അയാളുടെ സാ
ന്നിധ്യത്തോടും നമ്മിൽ വെറുപ്പുവരുത്തുന്നതിനുപുറമേ, നി
താന്തനിസ്സാരമായ മാതൃകയിലെങ്കിലും അയാളോട് ബന്ധപ്പെ
ട്ടോ, അയാളെ അനുസ്മരിപ്പിച്ചോ ഇരിക്കുന്ന ഒരാളെയോ സാ
ധനത്തെയോ സമീപിക്കുന്നതുപോലും അസഹനീയമാകത്ത
ക്കവിധം അത് അയാളുടെനേരെയുള്ള ദ്വേഷ്യം നമ്മിൽ നിറ

യ്യുയും ചെയ്യുന്നു. ഇതുപോലെതന്നെ, തീരെ ലഘുവായ അനുതാപം മാത്രമുള്ള ഒരാൾ മേലാൽ പാപം ചെയ്കയില്ലെന്നു പ്രതിജ്ഞചെയ്യുമെന്നതു വാസ്തവംതന്നെ. എന്നാൽ, ഹൃദയ ഭേദകമായ പശ്ചാത്താപമുള്ളപ്പോൾ പാപത്തെക്കുറിച്ചുള്ള സകല ആസക്തികളും പാപകാരണമാകുന്ന സകല സാഹചര്യങ്ങളും വെറുക്കുന്നു. അതിനാൽ, പാപത്തോടുള്ള സകല ബന്ധങ്ങളിൽനിന്നും നമ്മുടെ ആത്മാവിനെ സംശുദ്ധമാക്കാൻ അനുതാപാഗ്നി കഴിയുന്നതു ഉജ്ജ്വലിപ്പിക്കണം. മറിയമശ്ലേന തന്റെ ജീവിതപരിവർത്തനത്തോടുകൂടി പാപവും പാപാസക്തിയും അതിലേ ആനന്ദങ്ങളും നിശ്ശേഷം പരിത്യജിച്ചു. പിന്നീട്, അക്കാര്യങ്ങൾ സ്മൃതിപഥത്തിൽ വരുന്നതിനുപോലും അവൾ അനുവദിച്ചില്ല. ദാവീദു രാജാവു പാപത്തെ മാത്രമല്ല, അതിന്റെ സാഹചര്യങ്ങളേയും കാരണങ്ങളേയുംകൂടെ ഉപേക്ഷിച്ചതായി അദ്ദേഹംതന്നെ പ്രസ്താവിക്കുന്നു. ഇതിലത്രേ ആത്മികനവീകരണം അന്തർവിച്ഛിരിക്കുന്നതു്. ഇതിനെപ്പറ്റി ദാവീദു വീണ്ടും പ്രസ്താവിക്കുന്നതു്, നിന്റെ "യൗവനം കഴുകന്റേതുപോലെ നവീകരിക്കപ്പെട്ടും" എന്നാണു്. ഈ ശീലൂചൈതന്യവും പശ്ചാത്താപവും ഉണ്ടാകുന്നതിനു താഴെപ്പറയുന്ന ധ്യാനങ്ങൾ ശരിയായി കഴിക്കുക. അങ്ങനെ ചെയ്യുന്നപക്ഷം, പാപത്തേയും പാപാസക്തിയേയും ഉന്മൂലനം ചെയ്തു ഹൃദയം സംശുദ്ധമാക്കുന്നതിനു് അവ പര്യാപ്തമാകും. ഈ ഉദ്ദേശ്യസാദ്ധ്യത്തിനുവേണ്ടിയാണു് ഇവ എഴുതപ്പെട്ടിട്ടുള്ളതും. ഇവിടെ തന്നിരിക്കുന്ന ക്രമത്തിൽത്തന്നെ ഇവ ഓരോന്നായി എടുത്തു് എല്ലാ ദിവസവും ഓരോ വിഷയത്തെക്കുറിച്ചു ധ്യാനിക്കുക; സൗകര്യമുള്ളപക്ഷം ഇതു രാവിലേതന്നെ കഴിക്കണം. ആത്മികചിന്തനത്തിനു പറ്റിയ സമയം അതാണു്. ദിവസശിഷ്ടം മുഴുവനും ധ്യാനവിഷയത്തെക്കുറിച്ചു വീണ്ടുംവീണ്ടും ചിന്തിക്കണം. നീ ധ്യാനിക്കാൻ പഠിച്ചിട്ടില്ലെങ്കിൽ അതെപ്പറ്റി ഈ പുസ്തകത്തി

ന്റെ രണ്ടാംഭാഗത്തു പ്രതിപാദിച്ചിട്ടുള്ളതു നോക്കി മനസ്സിലാക്കുക.

ഒന്പതാം അധ്യായം

ധ്യാനം 1.

സൃഷ്ടി

പ്രാരംഭം:– 1) ദൈവസന്നിധിയിൽ നില്ക്കുന്നതായി വിചാരിക്കുക.

2) ധ്യാനം ഫലപ്രദമായി കഴിക്കാൻ ദൈവാനുഗ്രഹം യാചിക്കുക.

ധ്യാനം:– 1) കുറെക്കാലം മുൻപ് നീ എവിടെയായിരുന്നു? നിനക്ക് അസ്തിത്വംപോലും ഉണ്ടായിരുന്നില്ല. ഓ! എന്റെ ആത്മാവേ! നീ അപ്പോൾ എവിടെയായിരുന്നു? ലോകത്തിൽ ആരെങ്കിലും അന്നു നിന്നെക്കുറിച്ചു ചിന്തിച്ചിട്ടുണ്ടോ?

2) ദൈവം തന്റെ കാരുണ്യാധിക്യത്താൽ ഇല്ലായ്മയിൽനിന്നു നിന്നെ സൃഷ്ടിച്ചു. എന്നാൽ, നിന്നെക്കൊണ്ട് അങ്ങേയ്ക്കു യാതൊരാവശ്യവുമില്ല.

3) ദൈവം നിനക്കു നല്കിയ അസ്തിത്വത്തെക്കുറിച്ചു നന്നായി ചിന്തിക്കുക. അതു ഭൗമികവസ്തുക്കളിൽവച്ച് ഏറ്റവും ശ്രേഷ്ഠമാണ്. അതുവഴി ദൈവത്തോട് ഏകീകൃതമാകുന്നതിനും അങ്ങയോടുകൂടെ നിത്യമായി വസിക്കുന്നതിനും നിനക്കു സാധിക്കും.

സ്നേഹപ്രകരണങ്ങളും പ്രതിജ്ഞയും:—

1) ദൈവസന്നിധിയിൽ നിന്നെ ഏറ്റവും വിനീത

നാക്കിയിട്ട സങ്കീർത്തകനോടുകൂടെ നീ ഇപ്രകാരം ഹൃദയപൂർവ്വം പറയുക: "കർത്താവേ, അങ്ങേ സന്നിധിയിൽ ഞാൻ വെറും ഇല്ലായ്മയെപ്പോലെയാണു"; പിന്നെ എന്തുകൊണ്ടു് എന്നെ സൃഷ്ടിക്കാൻ അങ്ങു തിരുമനസ്സായി?" ഹാ! എന്റെ ആത്മാവേ, നീ വെറും ശൂന്യമായിരുന്നു. ദൈവം നിനക്കു് അസ്തിത്വം നല്കിയില്ലായിരുന്നെങ്കിൽ നീ എപ്പോഴും അതേ സ്ഥിതിയിൽത്തന്നെ ഇരിക്കുമായിരുന്നില്ലേ? ആ നിലയിൽ നിന്റെ അവസ്ഥ എന്തായിത്തീരുമായിരുന്നു?

2) സൃഷ്ടാവായ ദൈവത്തിനു് ഇപ്രകാരം കൃതജ്ഞതാസ്തോത്രം സമർപ്പിക്കുക. ഹാ! എന്റെ കർത്താവേ, ഇല്ലായ്മയിൽനിന്നു് ഈ സ്ഥിതിയിൽ എന്നെ സൃഷ്ടിച്ച അങ്ങയോടു ഞാൻ എത്രമാത്രം കടപ്പെട്ടിരിക്കുന്നു; അങ്ങേ സീമാതീതമായ നന്മയ്ക്കനുയുക്തമായ കൃതജ്ഞത പ്രദർശിപ്പിച്ചു് അങ്ങെ സ്തുതിക്കുന്നതിനു് എനിക്കു് എങ്ങനെ സാധിക്കും?

3) നിന്നെപ്പറ്റിത്തന്നെ നീ വിലപിക്കുക. എന്റെ കർത്താവേ, നിന്നെ സ്നേഹിച്ചു സേവിക്കുന്നതിനു പകരം സൃഷ്ടവസ്തുക്കളോടുള്ള അമിതമായ സ്നേഹത്താൽ നിന്നിൽനിന്നു പിന്തിരിഞ്ഞു പാപമാർഗ്ഗത്തിൽ ഞാനുറപ്പെട്ടുപോയി; എന്റെ സൃഷ്ടാവെന്നുള്ള നിലയിൽ നിന്നെ ഞാൻ ബഹുമാനിച്ചില്ല.

4) ഇതിനുശേഷം ദൈവസന്നിധിയിൽ സാഷ്ടാംഗം പ്രണമിക്കുക—എന്റെ ആത്മാവേ! കർത്താവു നിന്റെ ദൈവമാണെന്നറിഞ്ഞാലും; അവിടുന്നു നിന്നെ സൃഷ്ടിച്ചു; നീ താനേ ഉണ്ടായതല്ല. എന്റെ കർത്താവേ! എന്റെ ദൈവമേ! ഞാൻ അങ്ങേ കൈവേലയാകുന്നു.

അതിനാൽ, വെറും ഇല്ലായ്മയാകുന്ന ഞാൻ ആത്മപ്രശംസ ചെയ്യുന്നില്ല. ഓ! പൊടിയും ചാമ്പലുമായവനേ! നീ എന്തിനു് അഹങ്കരിക്കുന്നു? ഓ! ഇല്ലായ്മയേ! നീ എന്തിനു തന്നത്താൻ ഉയർത്തുന്നു?

വിനീതനാകുന്നതിനുവേണ്ടി, എനിക്കു നേരിട്ടുന്ന അപമാനങ്ങളെ സസന്തോഷം ഞാൻ സഹിക്കും. ഇപ്പോൾമുതൽ എന്റെ ജീവിതത്തെ നവീകരിച്ചു് എന്റെ സ്രഷ്ടാവിനെ അനുഗമിച്ചു് അങ്ങേ ഹിതം നിറവേറുന്നതിനു എന്റെ സർവ്വശക്തികളും പ്രയോഗിക്കുന്നതിനു ഞാൻ പ്രതിജ്ഞ ചെയ്യുന്നു. അതിലേക്കുള്ള മാർഗ്ഗങ്ങൾ ആത്മഗുരുവിൽനിന്നു് അന്വേഷിച്ചറിഞ്ഞുകൊള്ളാം.

കൃതജ്ഞതാപ്രകടനം:—

എന്റെ ആത്മാവേ! എന്റെ സർവ്വശക്തികളേ! നിങ്ങളും ദൈവത്തെ സ്തുതിക്കുവിൻ. എന്തുകൊണ്ടെന്നാൽ, അങ്ങേ നന്മയാലും കാരുണ്യത്താലും ഇല്ലായ്മയിൽനിന്നു് എന്നെ സൃഷ്ടിച്ചു.

സമർപ്പണം:—

എന്റെ ദൈവമേ! എന്നെ മുഴുവനും ഹൃദയപൂർവ്വം ഇതാ അങ്ങേക്കു ഞാൻ നല്കുന്നു; അങ്ങേക്കായി എന്നെ സമർപ്പിക്കയും പ്രതിഷ്ഠിക്കയും ചെയ്യുന്നു.

യാചന:—

എന്റെ ദൈവമേ! ഈ സ്നേഹപ്രകരണങ്ങളും പ്രതിജ്ഞകളും നിറവേറുന്നതിനുള്ള ശക്തി എനിക്കു പ്രദാനം ചെയ്യണമേ. കന്യകാമറിയമേ! എന്റെ നല്ല അമ്മേ! അവയെ അങ്ങേ തിരുക്കുമാരന്റെ സന്നിധിയിൽ സമർപ്പിക്കണമേ. എന്റെ അപേക്ഷ ആഗ്രഹിക്കുന്ന സകലരേയും നാഥാ, അങ്ങു് അനുഗ്രഹിക്കണമേ. 1 ആ. 1 നന്മ.

ഏറ്റവും ഇഷ്ടപ്പെട്ട ചിന്തകളിൽ ഏതെങ്കിലും ഒന്നരമണിക്കൂർ പിന്നീടു് ഓർക്കുന്നതിനായി തിരഞ്ഞെടുത്തുകൊള്ളുക.

പത്താം അധ്യായം

ധ്യാനം 2.

മനുഷ്യന്റെ അവസാനം

പ്രാരംഭം:— 1) ദൈവസന്നിധിയിൽ നില്ക്കുന്നതായി വിചാരിക്കുക.

2) ധ്യാനം ഫലപ്രദമായി കഴിക്കാൻ ദൈവസഹായം അപേക്ഷിക്കുക.

ധ്യാനം:— 1) ദൈവം തന്റെ കാരുണ്യാധിക്യത്താൽമാത്രമാണു നിന്നെ സൃഷ്ടിച്ചതു്. അങ്ങേയ്ക്കു നിന്നെക്കൊണ്ടു യാതൊരാവശ്യവുമില്ല. അങ്ങേ നന്മയെ പ്രത്യക്ഷപ്പെടുത്തുന്നതിനുവേണ്ടിമാത്രം തന്റെ ദയയും പ്രതാപവും നിനക്കു നല്കി. അങ്ങേ അറിയുന്നതിനു ബുദ്ധിയും സ്നേഹിക്കുന്നതിനു ഹൃദയവും അങ്ങേ ദാനങ്ങൾ ഗ്രഹിക്കുന്നതിനു ഭാവനാശക്തിയും അങ്ങെക്കുറിച്ചുള്ള സ്മരണയുണ്ടാകുന്നതിനു് ഓർമ്മശക്തിയും അങ്ങേ അത്ഭുതപ്രവൃത്തികളെ ദർശിക്കുന്നതിനു നയനങ്ങളും അങ്ങേ മഹത്വത്തെ പ്രകീർത്തിക്കുന്നതിനു് അധരങ്ങളും നിനക്കു തന്നിട്ടുണ്ടു്.

2) ഈ അന്ത്യത്തിനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നതുകൊണ്ടു തദനുയോജ്യമല്ലാത്ത നിന്റെ ചേഷ്ടകളെല്ലാം വർജ്ജ്യങ്ങൾതന്നെ. അവയെ നീ വ്യർത്ഥങ്ങളായി പരിഗണിക്കയും വേണം.

3) അന്ത്യത്തെ അവഗണിച്ചു ഭോഗാസക്തരായി രമ്യഹർമ്മ്യങ്ങളിൽ വസിക്കുന്നതിനും കൃഷിചെയ്ത ധനം സമ്പാദിക്കുന്നതിനുംവേണ്ടി മാത്രം ഞങ്ങൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്നു കരുതി ജീവിക്കുന്ന പ്രാപഞ്ചികന്മാരുടെ ശോച്യാവസ്ഥയെപ്പറ്റി ചിന്തിക്കുക.

സ്നേഹപ്രകരണങ്ങളും പ്രതിജ്ഞയും

1) കഴിഞ്ഞ ജീവിതകാലത്തിൽ നിന്റെ അന്ത്യത്തെ

ക്കുറിച്ചു നീ ചിന്തിച്ചിട്ടപോലുമില്ല. ഹാ! എത്ര വലിയ അത്മമാന്ദ്യം നിന്റെ ആത്മാവിനെ ശാസിച്ചുകൊണ്ടു സംമോഹപൂരിതനായി സ്വയം വിനീതനാവുക.

ഹാ! കർത്താവേ, നിന്നെക്കുറിച്ചു വിചാരിക്കാതിരുന്നപ്പോഴത്തെ എന്റെ ചിന്താവിഷയം എന്തായിരുന്നു? നിന്നെ വിസ്മരിച്ചപ്പോൾ ഞാൻ എന്തിനെ അനുസ്മരിച്ചു? നിന്നെ സ്നേഹിക്കാതിരുന്നപ്പോൾ എന്റെ സ്നേഹവിഷയം എന്തായിരുന്നു? ഞാൻ സത്യത്താൽ പരിപോഷിപ്പിക്കപ്പെടേണ്ടിയിരുന്നു! എന്നാൽ ഹാ! കഷ്ടം! ഞാൻ മായയാൽ വശീകരിക്കപ്പെട്ടുപോയി. എന്നെ സേവിക്കേണ്ട ലോകത്തെ ഞാൻ സേവിച്ചു.

2) കഴിഞ്ഞ ജീവിതത്തെ വെറുത്തുപേക്ഷിക്കുക; വ്യർത്ഥവിചാരങ്ങളും ഉപയോഗശൂന്യങ്ങളായ ചിന്തകളും പരിത്യജിക്കുക. നിന്ദ്യവും നികൃഷ്ടവുമായ സ്മരണകളേ! എന്നെ വിട്ടുപോവുക. നീചമായ സ്നേഹബന്ധങ്ങളും നിഷിദ്ധമായ ലോകസേവനവും സ്വാർത്ഥപരമായ സുഖഭോഗങ്ങളും അവജ്ഞാകരമായ ശാരീരികസംതൃപ്തിയും ഞാൻ വെറുത്തുപേക്ഷിക്കുന്നു.

3) ദൈവസന്നിധിയിലേക്കു പിന്തിരിയുക:— എന്റെ കർത്താവേ! എന്റെ രക്ഷകാ! മേലാൽ അങ്ങുതന്നെയായിരിക്കും എന്റെ ചിന്താവിഷയം. അങ്ങേയ്ക്കു് അനിഷ്ടകരമായ യാതൊരു ചിന്തയ്ക്കും എന്റെ ഹൃദയത്തിൽ ഞാൻ സ്ഥാനം നല്കുകയില്ല. അയോഗ്യനായ എന്നെനോക്കി അങ്ങു പ്രദർശിപ്പിച്ച സ്നേഹാധിക്യത്തെക്കുറിച്ചുള്ള സ്മരണ ആജീവനാന്തം എന്റെ ഹൃദയത്തെ സമ്പൂർണ്ണമാക്കും. അങ്ങു് എന്റെ ഹൃദയനാഥനും ആത്മവല്ലഭനുമായിരിക്കുക. എന്റെ വിലയേറിയ സമയം ഫലശൂന്യമാക്കിക്കളഞ്ഞ വ്യർത്ഥവിചാരങ്ങളും ഹൃദയത്തെ അസ്വസ്ഥമാക്കിയ നികൃഷ്ടസ്നേഹബന്ധങ്ങളും ഈ നിമിഷംമുതൽ ഞാൻ ഹൃദയപൂർവ്വം പരിത്യജിക്കുന്നു. (ഇ


തിനു പര്യാപ്തമായ പ്രതിവിധികൾ ആലോചിച്ചു നിശ്ചയിക്കുക.)

കൃതജ്ഞതാപ്രകരണം:—

ഇതു ശ്രേഷ്ഠമായ ഒരവസരം നിർദ്ദേശിച്ചുതന്ന ദൈവത്തെ സ്തുതിക്കുക. എന്റെ ദൈവമേ! നിത്യമായി നിന്നോടൊരുമിച്ചു് ആഹ്ലാദിച്ചാനന്ദിക്കുന്നതിനല്ലയോ നീ എന്നെ സൃഷ്ടിച്ചതു്? അതിനു് എപ്പോൾ ഞാൻ യോഗ്യനാകും? യഥായോഗ്യം അങ്ങയെ പ്രകീർത്തിക്കുവാൻ എനിക്കെപ്പോൾ സാധിക്കും?

സമർപ്പണം:—

ഹാ! എന്റെ സ്നേഹനാഥാ! ഈ ആഗ്രഹങ്ങളും പ്രതിജ്ഞകളും അങ്ങു സദയം സ്വീകരിക്കയും, എനിക്കുവേണ്ടി നിന്റെ ദിവ്യകുമാരൻ ചിന്തിയ അമൂല്യമായ തിരുച്ചോരയുടെ യോഗ്യതവഴി അവ നിർവഹിക്കുന്നതിനു ശക്തി ലഭിക്കുന്നതിനായി എന്റെ ആത്മാവിനെ അനുഗ്രഹിക്കയും ചെയ്യണമെന്നു വിനയപൂർവ്വം ഞാൻ അപേക്ഷിക്കുന്നു.



പതിനൊന്നാം അധ്യായം

ധ്യാനം 3

ദൈവദാനങ്ങൾ

പ്രാരംഭം:— 1) ദൈവസാന്നിദ്ധ്യത്തെ അനുസ്മരിക്കുക.
2) ആത്മശക്തികളെ ഉത്തേജിപ്പിക്കുന്നതിനു് അങ്ങേ സഹായം അപേക്ഷിക്കുക.

ധ്യാനം:— 1) ദൈവം നിനക്കു നല്കിയ ശാരീരികദാനങ്ങളെക്കുറിച്ചു ചിന്തിക്കുക—നിന്റെ ദേഹം, അതിനെ സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, നിന്റെ ആരോഗ്യം, സുഖാനുഭവങ്ങൾ, സ്നേഹിതന്മാർ, ഇവയെല്ലാം നിനക്കു ലഭിച്ചിട്ടു

ണ്ട്. നിന്നെക്കാൾ മഹാന്മാരായിരുന്നിട്ടും ഈവക അനുഗ്രഹങ്ങളും ഒന്നും ലഭിച്ചിട്ടില്ലാത്ത ചിലരുടെ ജീവിതത്തോട് നിന്റെ അതിനെ തുലനം ചെയ്തു നോക്കുക. അവരിൽ ചിലർ ബലഹീനരും രോഗികളും അംഗവിഹീനരുമായി കാണപ്പെട്ടുന്നില്ലേ? അവഹേളനത്തിനും നിന്ദനത്തിനും പരിഹാസത്തിനും വിധേയരായി മറ്റു ചിലർ നിന്റെ അറിവിലില്ലയോ? മൂന്നാമതൊരുകൂട്ടരോ, ദാരിദ്ര്യപീഡയനുഭവിക്കുന്നു. നീ ഇതുപോലെ കഷ്ടതയനുഭവിക്കുന്നതിന് ദൈവം അനുവദിക്കുന്നില്ലല്ലോ.

2) നിനക്കു സിദ്ധിച്ച മാനസികദാനങ്ങളെക്കുറിച്ചു ധ്യാനിക്കുക:— ബുദ്ധിഹീനരും ഭ്രാന്തരുമായി എത്രപേരെ ലോകത്തിൽ കാണാം; നീ അങ്ങനെ അല്ല. അതു എന്തുകൊണ്ട്? ദൈവാനുഗ്രഹംതന്നെ അതിനു കാരണം. ജ്ഞാനമില്ലാതെ മൃഗതുല്യം വളർന്നവരും ഇല്ലയോ? നിനക്കാകട്ടെ ദൈവകാരുണ്യത്താൽ നല്ല വിദ്യാഭ്യാസവും ഉത്തമപരിശീലനങ്ങളും ലഭിച്ചിട്ടുണ്ട്.

3) ഇനിയും നിനക്കു ലഭിച്ചിട്ടുള്ള ആദ്ധ്യാത്മികദാനങ്ങളെപ്പറ്റി ചിന്തിച്ചു നോക്കുക— സർവ്വപ്രധാനമായി തിരുസ്സഭാ മാതാവിന്റെ വത്സലസന്താനമാകുന്നതിനുള്ള ഭാഗധേയം നിനക്കു സിദ്ധിച്ചു. ബാല്യംമുതല്ക്കേ ദൈവത്തെ അറിയുന്നതിനും നിനക്കു സാധിച്ചില്ലേ? എത്ര പ്രാവശ്യം അങ്ങേ വിശുദ്ധ കുദാശകളും നീ സ്വീകരിച്ചിട്ടുണ്ട്? നിനക്കു ലഭിച്ചിട്ടുള്ള ദിവ്യനിവേശങ്ങളും ആന്തരികപ്രകാശങ്ങളും എത്ര? ഭാവിശ്രേയസ്സിനു നിദാനമായ ശാസനങ്ങളും നിനക്കുണ്ടായിട്ടില്ലയോ? ദൈവം നിന്നോടു ക്ഷമിച്ചിട്ടുള്ളതിനു കണക്കുണ്ടോ? ആത്മനാശത്തിൽനിന്ന് അങ്ങു നിന്നെ രക്ഷിച്ചതു് എത്ര പ്രാവശ്യം? കഴിഞ്ഞ ജീവിതകാലത്തും പുണ്യാഭിവൃദ്ധിക്കു നിനക്കു ധാരാളം സൗകര്യമില്ലായിരുന്നോ? ദൈവം നിനക്കു പ്രദാനം ചെയ്തിട്ടുള്ള വിവിധാനുഗ്രഹങ്ങളെക്കുറിച്ചു് അവഗാഢം ചിന്തിക്കുക.

സ്നേഹപ്രകരണവും പ്രതിജ്ഞയും:—

1) ദൈവത്തിന്റെ സൗജന്യത്തെക്കുറിച്ച് ആശ്ചര്യപ്പെടുക. ഏതെല്ലാം നന്മകളാണ് അങ്ങിൽനിന്ന് എനിക്ക് സംഭവിച്ചതായത്. അവിടുന്ന് എത്ര നല്ലവൻ! കർത്താവേ, അങ്ങേ അനുഗ്രഹത്തിന്റെയും സ്നേഹത്തിന്റെയും അളവു ഗ്രഹിക്കുവാൻ ആർക്കു സാധിക്കും! എന്റെ ആത്മാവേ, ദൈവദാനങ്ങളെ നമുക്ക് അനുദിനം അനുസ്മരിക്കാം.

2) നിന്റെ നന്ദിഹീനതയോർത്തു ലജ്ജിക്കുക.—കർത്താവേ, അങ്ങ് എന്റെ കാര്യത്തിൽ ഇത്ര ശ്രദ്ധാലുവായിരിക്കുന്നതിന് എനിക്കുള്ള അവകാശമെന്ത്?? ഞാൻ എത്ര നീചൻ! ഹാ, കഷ്ടം! അങ്ങേദാനങ്ങളെ നിന്ദിക്കുകയും അനുഗ്രഹങ്ങളെ പുച്ഛിച്ചു ദുരുപയോഗിക്കയും ചെയ്ത ഒരു ദുഷ്ടനാണു ഞാൻ. അങ്ങേ അനുഗ്രഹത്തിനും നന്മയ്ക്കും പകരം കൃതഘ്നതമാത്രമേ ഞാൻ നല്കിയിട്ടുള്ളൂ.

3) ദൈവത്തിനു നന്ദി പറയുക:— എന്റെ ആത്മാവേ, ഇത്രവളരെ അനുഗ്രഹങ്ങളും നിന്നിൽ വർഷിച്ചിട്ടുള്ള ആ ഉപകരിയോടു നീ ഇനിയും കൃതഘ്നനായിരിക്കുന്നോ? എന്നിലും എനിക്കുവേണ്ടിയും ഇത്രയധികം അത്ഭുതങ്ങളും ചെയ്ത ദൈവത്തിന് എന്റെ ആത്മാവു വിധേയമാകാതിരിക്കയോ? ഇല്ല; ഒരിക്കലുമില്ല.

4) നിന്റെ പാപങ്ങളെ പരിത്യജിക്കുക.— നിനക്കുവേണ്ടി വളരെ ക്ലേശങ്ങളും സഹിച്ച ദൈവത്തെ സേവിക്കുന്നതിനും അങ്ങയെ ശരിയായി അറിഞ്ഞു സ്നേഹിക്കുന്നതിനും ഉതകുന്ന സുകൃതാഭ്യാസങ്ങളിൽ നിന്റെ ആത്മശക്തികളെ വ്യാപരിപ്പിക്കണം. ദൈവത്തെ സ്നേഹിച്ച് അങ്ങയെ പ്രാപിക്കുന്നതിന് ഉപയുക്തമായ മാർഗ്ഗങ്ങളും സ്വീകരിക്കുക. ക്രൂശുമായുള്ള ക്രൂശകളും സ്വീകരിക്കുന്നതിനും കേന്തിപൂവും പ്രാർത്ഥിക്കുന്നതിനും ദൈവവചനം സശ്രദ്ധം ശ്രവിക്കുന്നതിനും ഞാൻ ഉൽസുകനായിരുന്നുകൊള്ളാം; എനിക്കു ലഭിക്കു

ന്ന ഉപദേശങ്ങളും ദിവ്യപ്രേരണകളും ഞാൻ പ്രായോഗിക മാക്കുന്നുണ്ട്.

കൃതജ്ഞതാപ്രകടനം:—

നിനക്കു ദൈവം നല്കിയിട്ടുള്ള നന്മകൾക്കും നിന്റെ കടമകളെപ്പറ്റി അങ്ങു നിനക്കു നല്കിയ അറിവിനുംവേണ്ടി അവിടുത്തേക്കു കൃതജ്ഞത പ്രകാശിപ്പിക്കുക.

സമർപ്പണം:—

നിന്റെ ഹൃദയത്തെ ഇപ്പോൾ ചെയ്ത പ്രതിജ്ഞകളോടുകൂടെ ദൈവത്തിനു സമർപ്പിക്കുക.

അപേക്ഷ:—

ഈശോമിശിഹായുടെ പീഡാനുഭവത്തിന്റേയും മരണത്തിന്റേയും ഫലങ്ങളാൽ നീ പരിപോഷിപ്പിക്കപ്പെട്ട്, ഈ പ്രതിജ്ഞകളെ പൂർണ്ണമായി നിറവേറ്റുന്നതിനുവേണ്ട അനുഗ്രഹം അപേക്ഷിക്കുകയും, അതിലേക്കു വി. കന്യകാമറിയത്തിന്റേയും സകല വിശുദ്ധരുടേയും മാദ്ധ്യസ്ഥം അഭ്യർത്ഥിക്കയും ചെയ്ക. 1ആ. 1ന.

പന്ത്രണ്ടാം അധ്യായം

ധ്യാനം 4

പാപം

പ്രാരംഭം:— 1) ദൈവസന്നിധിയിൽ നില്ക്കുന്നതായി വിചാരിക്കുക.

2) ആത്മശക്തികളെ ഉത്തേജിപ്പിക്കുന്നതിനു ദൈവസഹായം അപേക്ഷിക്കുക.

ധ്യാനം:— 1) നീ അഭ്യമായി പാപം ചെയ്തിട്ട് എത്ര കാലമായെന്നും അതിൽ പിന്നീട് നിന്റെ ഹൃദയം എങ്ങനെ പാപങ്ങളെ വർദ്ധിപ്പിച്ചുവെന്നും ദൈവത്തിനും അയല്ക്കാരനും നിനക്കുതന്നെയും എതിരായി മനസ്സാവാചാ കർമ്മണാ

അവ എപ്രകാരം സംവൃദ്ധമായിരിക്കുന്നുവെന്നും ധ്യാനിക്കുക.

2) നിന്റെ ദുഷ്ടിച്ച അഭിലാഷങ്ങളെപ്പറ്റിയും അവയ്ക്കു നീ എങ്ങനെ കീഴടങ്ങിയെന്നുള്ളതിനെക്കുറിച്ചും ചിന്തിച്ചാലും. നിന്റെ തെറ്റുകൾ തലയിലേ രോമങ്ങളുടെയോ കടൽത്തീരത്തെ മണൽത്തരികളുടെയോ എണ്ണത്തെക്കാൾ വർദ്ധിച്ചിരിക്കുന്നതായി അപ്പോൾ നിനക്കു മനസ്സിലാകും.

3) സൃഷ്ടാവിനോടു നീ കാണിച്ച നന്ദിഹീനത എത്ര ഭയങ്കരം! അതു മറ്റു പാപങ്ങളിലേക്കു കലർന്ന് അവയുടെ നീചത്വത്തെ വർദ്ധിപ്പിക്കുന്നു. നിരവധി അനുഗ്രഹങ്ങൾ ദൈവം നിനക്കു പ്രദാനം ചെയ്തെങ്കിലും അവയെല്ലാം നീ ദുരുപയോഗിച്ചില്ലയോ? നീ നിരസിച്ച സദുപദേശങ്ങളും ദിവ്യപ്രേരണകളും എത്രയെത്ര? നീ പല പ്രാവശ്യം വിശുദ്ധക്രൂശകനെ സ്പർശിക്കുന്നതിന്റെ ഫലമെന്തു? അത് മീയാലങ്കാരങ്ങൾക്കായി ദിവ്യനാഥൻ നിനക്കു നല്കിയ ക്രൂശകളാകുന്ന വിശുദ്ധരത്നങ്ങൾ എവിടെ? ഹാ! കഷ്ടം! ശരിയായ ഒരുക്കംകൂടാതെ സ്പർശിച്ചതുകാരണം നിന്റെ പാപമാലിന്യം അവയെ ഫലശൂന്യമാക്കിക്കളഞ്ഞു. രക്ഷാമാർഗ്ഗത്തിലേക്കാനയിക്കുന്നതിനായി യേശുനാഥൻ നിന്നെ അന്വേഷിച്ചുവന്നപ്പോൾ, ഓടിയൊളിച്ച നാശകൂപത്തിൽ അഭയംതേടിയ നിന്റെ ഈ കൃതഘ്നതയെപ്പറ്റി ചിന്തിച്ചാലും.

സ്നേഹപ്രകരണങ്ങളും പ്രതിജ്ഞയും:—

1) നിന്റെ നിർഭാഗ്യാവസ്ഥയിൽ നിന്നെത്തന്നെ നീ നിന്ദിക്കുക.— എന്റെ ദൈവമേ! അടിയൻ അങ്ങേ തിരുമുമ്പിൽ വരുന്നതെങ്ങനെ? ഹാ! കഷ്ടം! ഞാൻ തിന്മയുടേയും നന്ദിഹീനതയുടേയും മൂർത്തീഭാവംതന്നെ. എന്റെ ഇന്ദ്രിയങ്ങളേയും ആത്മശക്തികളേയും ദുഷ്പ്രയോഗിച്ചു കളങ്കപ്പെടുത്തി. പാപം ചെയ്യാത്ത ഒരൊറ്റദിവസമെങ്കിലും എന്റെ ജീവിതത്തിലില്ല. ഓ! കഷ്ടം! ദൈവത്തിൽനിന്നു ലഭിച്ച നി

രവധി അനുഗ്രഹങ്ങൾക്കും എനിക്കുവേണ്ടി അങ്ങേ സ്നേഹ കുമാരൻ ചിന്തിയ അമൂല്യരക്തത്തിനും ഞാൻ പ്രതിനന്ദി പ്രദർശിപ്പിച്ചതു് ഇപ്രകാരമാണല്ലോ.

2) ധൂർത്തപുത്രനെപ്പോലെയും മഗ്ദലേനായെപ്പോലെയും ജാരസംസർഗ്ഗത്താൽ മാനുഷ്യജീവിതത്തെ കളങ്കപ്പെടുത്തിയ വ്യഭിചാരണിയെപ്പോലെയും കർത്താവിന്റെ തിരുമുൻപിൽ സാഷ്ടാംഗപ്രണാമംചെയ്തു നിന്റെ പാപങ്ങൾ പൊറുക്കുന്നതിനു കേണപേക്ഷിക്കുക. നാഥാ, ഈ പാപിയെ അനുഗ്രഹിച്ചാലും. ദയാനിധേ, ഈ നീചന്റെമേൽ അങ്ങേ കാരുണ്യകടാക്ഷങ്ങൾ ഉണ്ടാകട്ടെ.

3) പാപത്തെ ഉപേക്ഷിച്ചു മേലിൽ നന്നായി ജീവിച്ചുകൊള്ളാമെന്നു പ്രതിജ്ഞ ചെയ്യുക.— കർത്താവേ! അങ്ങു് എന്നെ സഹായിക്കുന്നപക്ഷം ഞാൻ ഒരിക്കലും പാപം ചെയ്യുകയില്ല. പാപത്തെ ഞാൻ അത്യധികം സ്നേഹിച്ചുവെന്നതു വാസ്തവംതന്നെ. എന്നാൽ, അതിനെ പരിത്യജിച്ചുകൊണ്ടു കാരുണ്യമൂർത്തിയായ അങ്ങേക്കു് ഇതാ ഞാൻ സപ്രാഗതമരുളുന്നു. നിന്നിൽ ജീവിക്കുന്നതിനും മരിക്കുന്നതിനും മാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളൂ.

4) എന്റെ പാപങ്ങൾക്കു പരിപൂർണ്ണവിമോചനം ലഭിക്കുന്നതിനായി ഞാൻ ധൈര്യസമേതം അവയെല്ലാം വെളിപ്പെടുത്തി കുമ്പസാരിക്കുന്നുണ്ടു്. ആത്മാവിൽനിന്നു് അവയെ നിഷ്കാസനം ചെയ്യാതെ ഞാൻ അടങ്ങുകയില്ല.

5) പാപത്തെ—പ്രത്യേകിച്ചു് എനിക്കു ബാധകങ്ങളായി നിന്നിട്ടുള്ള ആ പാപത്തെയും ഈ പാപത്തെയും—ഉന്മൂലനം ചെയ്യുന്നതിനു ശക്ത്യനുസരണം ഞാൻ സകല മാർഗ്ഗങ്ങളും ഉപയോഗിക്കുന്നതാണു്.

6) എത്ര ശ്രമിച്ചാലും പാപത്തിനു തക്ക പരിഹാരം ചെയ്വാൻ അപ്രാപ്തനാണെന്നു സമ്മതിച്ചുകൊണ്ടു് ആത്മഗുരുവിന്റെ സകല നിർദ്ദേശങ്ങളും ഞാൻ പ്രായോഗികമാക്കിക്കൊള്ളാം.

സമർപ്പണവും അപേക്ഷയും:—

ഈ നിമിഷംവരെ നിന്നോട് ക്ഷമിച്ച്, ഇപ്പോൾ ഈ സ്നേഹവികാരങ്ങൾ നിന്നിൽ ഉൽപാദിപ്പിച്ച ദൈവത്തെ സ്തുതിച്ചുകൊണ്ട് നിന്റെ ഹൃദയത്തെ അങ്ങേക്ക് സമർപ്പിക്കുകയും നിന്റെ നല്ല പ്രതിജ്ഞകളെ നിറവേറുന്നതിനുള്ള ശക്തി തരണമെന്ന് അപേക്ഷിക്കുകയും ചെയ്യുക.

പതിമൂന്നാം അധ്യായം

ധ്യാനം 5

മരണം

പ്രാരംഭം:— 1) ദൈവസാന്നിദ്ധ്യത്തെ അനുസ്മരിക്കുക.
2) അങ്ങേ സഹായം അപേക്ഷിക്കുക.
3) നീ മരണാസന്നനായി കിടക്കുന്നെന്നു വിചാരിച്ചുകൊള്ളുക.

ധ്യാനം:— നിന്റെ മരണദിവസം അനിശ്ചിതമാണ്. ഓ! എന്റെ അത്മാവേ! ഒരിക്കൽ നീ ഈ ശരീരത്തിൽനിന്നു പിരിഞ്ഞുപോയേ മതിയാവൂ. എന്നാൽ അതു് എപ്പോഴായിരിക്കും? വേനൽക്കാലത്തോ വർഷകാലത്തോ, പട്ടണത്തിൽവച്ചോ ഗ്രാമത്തിൽവച്ചോ, രാത്രിയിലോ പകലോ, ഒരുക്കത്തോടുകൂടിയോ ഒരുക്കംകൂടാതെയോ, രോഗത്താലോ അപകടത്താലോ, പെട്ടെന്നോ കുമ്പസാരിച്ച് ആത്മവിശുദ്ധി വരുത്തിയതിനുശേഷമോ, അത്മഗുരുവിന്റെ പരിരക്ഷണത്തോടുകൂടിയോ അല്ലാതെയോ, ഇത്യാദി കാര്യങ്ങൾ നമുക്കറിഞ്ഞുകൂടാ. എന്നാൽ, ഒരിക്കൽ മരിക്കണമെന്നും അതു മിക്കവാറും നാം ഉദ്ദേശിക്കുന്നതിനെക്കാൾ വളരെ നേരത്തേ ആയിരിക്കുമെന്നും ഉള്ള കാര്യമായും നമുക്കറിയാം.

2) അപ്പോൾ നിന്നെ സംബന്ധിച്ചിടത്തോളം ലോകം അവസാനിക്കും. നമുക്കു മേലാൽ ആരുമുണ്ടായിരിക്കയില്ല.

എല്ലാം വ്യർത്ഥമായിരിക്കും. പ്രാപഞ്ചികസുഖങ്ങളും സ്ഥാനമാനങ്ങളും വ്യർത്ഥമായ സ്നേഹബന്ധങ്ങളുമെല്ലാം വെറും നിഴൽപോലെയും നീരാവിപോലെയും മറഞ്ഞുപോകും. മായാമയങ്ങളായ നിസ്സാരകാര്യങ്ങൾക്കായി എന്റെ ദൈവത്തെ ഉപേക്ഷിച്ച ഞാൻ എത്ര മൂഢൻ! ഒരു കാര്യസിദ്ധിയുമില്ലാതെ ഞാൻ ദൈവത്തെ പരിത്യജിച്ചുകളഞ്ഞു. ഭക്തിയും സുകൃതങ്ങളും മരണസമയത്തു സന്തോഷസന്ദായകങ്ങളായി പരിലസിക്കുമെങ്കിൽ അവയൊന്നും എനിക്കില്ല. നാം നിസ്സാരമായി കരുതുന്ന പാപങ്ങൾ, അപ്പോൾ പർവ്വതംപോലെ നമ്മുടെ മുൻപിൽ പ്രത്യക്ഷമാകും. നമ്മുടെ പുണ്യപ്രവൃത്തികൾ അപ്പോൾ ദീനദുർബലങ്ങളുമായി കാണപ്പെടും.

3) ആത്മാവിന്റെ വേർപാട് അതിഭയങ്കരവും ദുഃഖാവഹവും ആയിരിക്കും. ധനം, സ്ഥാനമാനങ്ങൾ, വ്യർത്ഥാഡംബരങ്ങൾ, ലൗകികാനന്ദങ്ങൾ, ബന്ധുമിത്രാദികൾ, ഭാര്യാഭർത്താക്കന്മാർ, പുത്രീപുത്രന്മാർ എന്നുവേണ്ടാ, പ്രാപഞ്ചികമായ സകലതും, സ്വശരീരംപോലും നാം വിട്ടുപിരിയണം. ആത്മാവു പിരിഞ്ഞ ദേഹം ഭയജനകമായിത്തീരുകയും അതിൽ നിന്നു ദുർഗ്ഗന്ധം വമിക്കുകയും ചെയ്യും. അതിനാൽ എത്രയും വേഗം അതു സംസ്കരിക്കപ്പെടുന്നു. അതിനുശേഷമാകട്ടെ ആരും നിന്നെ സ്മരിക്കുന്നില്ല "ദൈവം അവനു് ആത്മവിശ്രാന്തി നല്കട്ടെ" എന്നു വല്ലവരും പറഞ്ഞെയ്യാം; അത്രമാത്രം. നീ വിസ്മൃതനായിക്കഴിഞ്ഞു. ഓ! മരണമേ! നീ എത്ര നിർദ്ദയൻ!

സ്നേഹപ്രകരണങ്ങളും പ്രതിജ്ഞയും:—

1) ദൈവതൃക്കരങ്ങളിൽ നിന്നെ സ്വയം സമർപ്പിച്ചുകൊണ്ടു പ്രാർത്ഥിക്കുക—നാഥാ! ആ ഭയങ്കരവിനാഴികയിൽ അങ്ങു് എന്നെ പരിത്യജിക്കരുതേ. അപ്പോൾ അങ്ങു് എന്നെ സഹായിക്കണമേ. എന്റെ ജീവിതകാലം മുഴുവൻ ദുഃഖദായിയുമായിക്കൊള്ളട്ടെ; സാരമില്ല. മരണസമയത്തു് അങ്ങു് എന്നെ ആനന്ദിപ്പിച്ചാൽ മതി.

2) ലോകത്തെ വെറുക്കുക — ഓ! ലോകമേ! നിന്നെ പിരിഞ്ഞുപോകുന്നതിനുള്ള സമയം അനിശ്ചിതമാകയാൽ ഒരിക്കലും ഞാൻ നിന്നെ സ്നേഹിക്കയില്ല. പ്രിയ മിത്രങ്ങളേ! ബന്ധുജനങ്ങളേ, നമ്മുടെ സ്നേഹബന്ധം അനശ്വരവും പരിപാവനവുമായിരിക്കട്ടെ; മരണത്താൽ ശിഥിലമാകുന്ന ബന്ധം കൊണ്ട് എന്തു ഫലം?

3) പ്രതിജ്ഞ:— ശരിയായി ആത്മശോധന ചെയ്ത് എന്നിലുള്ള ന്യൂനതകൾ കണ്ടുപിടിച്ച് അവയെ ഞാൻ പരിഹരിക്കുകയും മരണത്തിനൊരുങ്ങുകയും മരണസമയം സന്തോഷാവഹമാക്കുന്നതിനു ശ്രമിക്കുകയും ചെയ്യും.

സമർപ്പണവും അപേക്ഷയും:—

ഈ പ്രതിജ്ഞകൾക്ക് അവസരം തന്ന ദൈവത്തെ സ്തുതിക്കുകയും അവയെ അങ്ങേക്കു സമർപ്പിക്കുകയും ചെയ്യുക. അങ്ങേ ദിവ്യകുമാരന്റെ തിരുമരണത്തിന്റെ അമൂല്യഫലത്താൽ നല്ലമരണം ലഭിക്കുന്നതിന് അനുഗ്രഹം അപേക്ഷിക്കുക. ദൈവജനനിയുടെയും സകല പരിശുദ്ധരുടെയും മാദ്ധ്യസ്ഥം അപേക്ഷിക്കാൻ വിസ്മരിക്കരുത്.

1അ. 1ന.

പതിനാലാം അധ്യായം

ധ്യാനം 6

വിധി

പ്രാരംഭം:— 1) ദൈവസന്നിധിയിൽ നില്ക്കുന്നതായി വിചാരിക്കുക.

2) ധ്യാനം ഫലപ്രദമായി കഴിക്കാൻ ദൈവാനുഗ്രഹം അപേക്ഷിക്കുക.

ധ്യാനം:— 1) ലോകാവസാനത്തിനുമുൻപായി പല ഭയങ്കര ദർശനങ്ങളും അടയാളങ്ങളും ഉണ്ടാകും. അതിനുശേഷം, ദൈ

വത്താൽ നിശ്ചയിക്കപ്പെട്ടിരിക്കുന്ന സമയമാകുമ്പോൾ ആ കാശത്തിൽനിന്നുണ്ടാകുന്ന അഗ്നിവർഷം സകല വസ്തുക്കളേയും സംഹരിച്ചുകളയും; യാതൊന്നും ശേഷിക്കയുമില്ല.

2) അനന്തരം ദൈവമതന്റെ കാന്തമധുരനിനാദം കേൾക്കുമ്പോൾ ലോകാരംഭംമുതൽ മൃതരായിട്ടുള്ള സകല മനുഷ്യരും ഉയിർത്തെഴുന്നേറ്റു യോസഫാത്ത താഴ്വരയിൽ എത്തുന്നു. എന്നാൽ, അവരുടെ ഇടയിൽ ഒരു വലിയ വ്യത്യാസം ഉണ്ടായിരിക്കും. ഒരു ക്രൂരന്റെ ശരീരം സൂര്യനെപ്പോലെ ശോഭിക്കയും മറ്റൊരു ക്രൂരന്റേതു കേമരവും വിരൂപവുമായിരിക്കയും ചെയ്യും.

3) പ്രഭാപൂർണ്ണനായ ദിവ്യന്യായാധിപൻ വാനാരൂപികളും വിശുദ്ധരും പരിസേവിതനായി ഇതാ പ്രത്യക്ഷപ്പെടുന്നു. നല്ലവർക്കു പ്രസാദവരത്തിന്റേയും ദുഷ്ടന്മാർക്കു ശാപത്തിന്റേയും അടയാളമായിരിക്കുന്ന കുരിശു സൂര്യനെക്കാൾ ശോഭയോടുകൂടി അങ്ങയുടെ സമീപം പരിലസിക്കുന്നു.

4) ഈ ദിവ്യന്യായാധിപൻ തന്റെ സർവ്വശക്തമായ ആജ്ഞയാൽ ഏകക്ഷണംകൊണ്ടു ദുഷ്ടശിഷ്ടന്മാരെ വേർതിരിക്കും. ശുദ്ധാത്മാക്കളെ തന്റെ വലതുഭാഗത്തും ദുഷ്ടാത്മാക്കളെ ഇടതുഭാഗത്തും നിറുത്തും. ഓ! നിത്യമായ വേർപാട്!! അവർക്കു മേലിലൊരിക്കലും പരസ്പരസന്ദർശനം സാധ്യമല്ല.

5) അനന്തരം ഓരോരുത്തന്റേയും പുണ്യങ്ങളും പാപങ്ങളും പരിശോധിച്ചു പരസ്യമാക്കപ്പെടും. ഒന്നും ഗുപ്തമായിരിക്കയില്ല; ഏറ്റവും രഹസ്യമായ പാപങ്ങൾപോലും അപ്പോൾ പരസ്യമാകും. അതുപോലെ സജ്ജനങ്ങളുടെ അനുതാപകൃത്യങ്ങളും സൽപ്രവൃത്തികളും വെളിപ്പെടുത്തപ്പെടും. ഓ! എന്റെ ദൈവമേ, ദുഷ്ടന്മാരുടെ പരിഭ്രാന്തിയും ശിഷ്ടന്മാരുടെ പരമാനന്ദവും അപ്പോൾ എത്ര വലുതായിരിക്കും!

6) ദുഷ്ടന്മാരുടെമേൽ ദൈവം ഉച്ചരിക്കുന്ന ശാപവചനങ്ങളെക്കുറിച്ച് അവഗാഢം ചിന്തിക്കുക:— "ശപിക്കപ്പെ

ട്ടവരേ! സാത്താനും അവന്റെ അനുയായികൾക്കുമായി തയ്യാറാക്കപ്പെട്ടിരിക്കുന്ന നിത്യാഗ്നിയിലേക്കു നിങ്ങൾ പോകുവിൻ" എന്ന വചനങ്ങൾ ഇടിനാദംപോലെ കേൾക്കപ്പെട്ടും. 'ശപിക്കപ്പെട്ടവരേ!'– ഈ വാക്ക് എത്ര ഭയങ്കരം! കാലാകാലത്തേക്കു നിലനില്ക്കുന്ന ശാപം! 'നിത്യാഗ്നിയിൽ' ഒരിക്കലും അവസാനിക്കാത്ത പീഡനങ്ങൾ അനുഭവിക്കണം. 'പോകുവിൻ' എന്നു പറഞ്ഞു് ആ നീചപാപികളെ നിത്യമായി അങ്ങു ബഹിഷ്കരിക്കുന്നു; ഒരിക്കലും അങ്ങേ ദിവ്യസാന്നിദ്ധ്യസുഖം ആസ്വദിക്കുന്നതിനു് അവർക്കു സാധിക്കയുമില്ല.

7) വലതുഭാഗത്തേക്കു തിരിഞ്ഞു ശിഷ്യന്മാരോടു് അങ്ങു് അരുളിച്ചെയ്യുന്ന വാക്കുകളെക്കുറിച്ചും ധ്യാനിക്കുക:– അവ എത്ര ആശ്വാസപ്രദം! എത്ര ആനന്ദസന്ദായകം! "പിതാവിനാൽ അനുഗ്രഹീതരേ! വരുവിൻ. ലോകാരംഭംമുതൽ നിങ്ങൾക്കായി സജ്ജമാക്കപ്പെട്ടിരിക്കുന്ന സ്ഥലം സ്വീകരിച്ചാലും!" ദൈവത്തോടു നമ്മെ ഉദ്ഗ്രഥനം ബന്ധിക്കുന്ന ഏറ്റവുമുച്ചസ്സുകം! സർവ്വാഭീഷ്ടങ്ങളും നല്കുന്ന ആശീർവ്വചനം! അവർണ്ണനീയാനുഗ്രഹം! അനശ്വരസൗഭാഗ്യം!

സ്ഥാപ്രകരണങ്ങളും പ്രതിജ്ഞയും.

1) എന്റെ ആത്മാവേ, ഈ ചിന്തയാൽ നീ ഭയന്നു വിറയ്ക്കുക. ഹാ! ദൈവമേ, സ്വർഗ്ഗസ്ഥാനങ്ങൾപോലും വിറയ്ക്കുന്ന ആ ദിവസം എന്നെ ആരു സഹായിക്കും?

2) നിന്റെ നാശത്തിനു കാരണമാകുന്ന പാപത്തെ പരിത്യജിക്കുക.


3) അനുവിധിക്കപ്പെടാതിരിക്കുന്നതിനായി എന്റെ മന:സാക്ഷിയെ പരിശോധിച്ചു് ഇപ്പോൾ എന്നെത്തന്നെ ഞാൻ വിധിക്കുന്നതാണു്. എന്റെ പാപങ്ങൾ ഏറ്റുപറഞ്ഞു് അവയെ ഞാൻ പരിഹരിക്കും. അനുതപിച്ചു നല്ല കുമ്പസാരം കഴിച്ചു് ഈ ഉദ്ദേശ്യസാദ്ധ്യത്തിനു് ആവശ്യകമായ

മാർഗ്ഗങ്ങൾ ഞാൻ സ്വീകരിച്ചുകൊള്ളാം.

സമാപ്തം:—

നിന്റെ പാപങ്ങളെക്കുറിച്ചു് അനുതപിച്ചു്, വിധിയുടെ ഭയങ്കരതയെ കുറയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നല്കിയ ദൈവത്തിനു നന്ദി പ്രകീർത്തിപ്പിക്കുകയും നിന്റെ ഹൃദയം അങ്ങേക്കു സമർപ്പിക്കുകയും ചെയ്യുക.

അനുതാപം പരിപൂർണ്ണമാക്കുന്നതിനുള്ള അനുഗ്രഹം അപേക്ഷിച്ചുകൊണ്ടു്, 1അ. 1ന. ചൊല്ലി അവസാനിപ്പിക്കുക.



പതിനഞ്ചാം അധ്യായം

ധ്യാനം 7

നരകം

പ്രാരംഭം:— 1) ദൈവസാന്നിദ്ധ്യം അനുസ്മരിച്ചുകൊണ്ടു് അങ്ങേ സഹായം അപേക്ഷിക്കുക.

2) അന്ധകാരനിബിഡമായ ഒരു പട്ടണം, ഗന്ധകവും താറും ഇട്ടു ദഹിപ്പിക്കുന്നതായും അതിലെ നിവാസികൾ രക്ഷപ്പെടാൻ മാർഗ്ഗമില്ലാതെ വിഷമിക്കുന്നതായും സങ്കല്പിക്കുക.

ധ്യാനം:— 1) ശിക്ഷിതർ നരകത്തിൽ കിടന്നു് അവർണ്ണനീയമായ പീഡകൾ സഹിക്കുന്നു. ഓരോ അവയവവും പീഡിക്കപ്പെട്ടേ മതിയാവൂ. പാപം ചെയ്യുന്നതിനു സകല അവയവങ്ങളും അവർ ഉപയോഗിച്ചു. അതിനാൽ, പാപഫലമായ ശിക്ഷ ഓരോ അവയവവും സഹിക്കണം. നീകൃഷ്ടവും പാപജനകവുമായ വീക്ഷണങ്ങൾക്കു ശിക്ഷയായി, നരകാഗ്നി, പിശാചുക്കൾ മുതലായ ഭയങ്കര ദർശനങ്ങളാൽ അവരുടെ നയനങ്ങളും, നീചസംഭാഷണങ്ങൾ സശ്രദ്ധം ശ്രവിച്ചാനന്ദിച്ചതിനു ഭയങ്കരശബ്ദങ്ങളാൽ കർണ്ണപുട

ങ്ങളും പീഡിക്കപ്പെടുന്നു. ഇപ്രകാരം, ഓരോ അവയവവും അതതിന്റെ പാപത്തിനനുസൃതമായ വേദനകളും സഹിക്കേണ്ടതാണ്.

2) ഇനിയും സർവ്വോപരി കഠിനതരമായ വേറൊന്നുണ്ടു്, ദൈവദർശനം നിത്യമായി നഷ്ടപ്പെട്ടിരിക്കുന്നുവെന്ന ചിന്തയിൽനിന്നുളവാകുന്ന തീവ്രമായ, അല്ല, അസഹനീയമായ ഹൃദയവേദനയാണ്. പിതാവിനെ കാണാതിരിക്കുന്നതു രാജ്യഭ്രഷ്ടനാക്കുന്നതിനേക്കാളും ഭൂസ്സഹമായി ദാവീദിന്റെ പുത്രനായ അബ്ശാലോം പരിഗണിച്ചു. എങ്കിൽ, നമ്മുടെ ദിവ്യപിതാവിന്റെ മനോഹരവദനം ഒരിക്കലും ദർശിക്കാൻ സാധിക്കാതെവരുന്നതു് എത്ര സങ്കടകരം!

3) "നരകവേദനകളും ഒരിക്കലും അവസാനിക്കയില്ല." ഈ ചിന്ത അസഹനീയമായ മാനസികവ്യഥയ്ക്കു കാരണമാകുന്നു. ഏറ്റവും നിസ്സാരമായ വേദന സഹിക്കുന്ന ഒരു നിശാകാലം അതിദീർഘമായി നമുക്കു തോന്നുന്നുവെങ്കിൽ, നരകത്തിൽ അവാച്യമായ പീഡകളും സഹിക്കേണ്ട അനന്തമായ സമയദൈർഘ്യത്തെപ്പറ്റി എന്തു പറയട്ടെ! നിത്യനിരാശയും ദൈവദൃക്ഷണവും അട്ടഹാസങ്ങളുമാണു് അതിന്റെ ഫലം.

സ്നേഹപ്രകരണങ്ങളും പ്രതിജ്ഞയും:—

സദാ ഉജ്ജ്വലിച്ചുകൊണ്ടിരിക്കുന്ന നിത്യനരകാഗ്നിയിൽ കിടക്കുന്നതിനു് ആർക്കു സാധിക്കും? നിത്യമായി ദൈവത്തെ ഉപേക്ഷിച്ചു് ഈ അഗ്നിയിൽ കിടന്നു പീഡയനുഭവിക്കുന്നതിനു മറെങ്കിലും ആഗ്രഹിക്കുമോ?

പലപ്പോഴും പാപത്താൽ ഞാൻ അതിനർഹനായിട്ടുണ്ടു്. മേലാൽ അതിൽനിന്നു വ്യത്യസ്തമായി ജീവിച്ചുകൊള്ളാം. നരകശിക്ഷയ്ക്കു പാത്രമാക്കുന്ന (ഇന്നയിന്ന) പാപങ്ങളും ഒരിക്കലും ചെയ്കയില്ലെന്നു പ്രതിജ്ഞ ചെയ്യുന്നു.

ഹൃദയവികാരങ്ങളുണർത്തുകയുമായ കൃതജ്ഞതാപ്രകടനവും മറ്റും കഴിഞ്ഞു ധ്യാനം അവസാനിപ്പിക്കാം.

പതിനാറാം അധ്യായം

ധ്യാനം 8

സച്ചിദാനന്ദം

പ്രാരംഭം:— ദൈവസാന്നിദ്ധ്യസ്മരണയും സഹായാർത്ഥനയും.

ധ്യാനം:— 1) മനോജ്ഞവും പ്രശാന്തവുമായ ഒരു രാത്രിയെ മനസ്സിൽ ചിത്രിച്ചിട്ടു വിവിധങ്ങളായ നക്ഷത്രജാലങ്ങളോടുകൂടിയ ആകാശത്തെ മർശിക്കുന്നതു് എത്ര ആഹ്ലാദകരമാണെന്നു് ആലോചിക്കുക. സൂര്യന്റെ തേജസ്സു്, താരങ്ങളുടേയും താരനാഥന്റേയും പ്രസാദത്തെ നശിപ്പിക്കാത്ത രീതിയിൽ, ഈ രാമണീയകത്തോടു്, പ്രസന്നമായ ഒരു പകലിന്റെ കാന്തിയെക്കൂടി ചേർക്കുക. തീർച്ചയായും ഈ സമ്മിളിതലാവണ്യമെല്ലാം സച്ചിദാനന്ദത്തിന്റെ മുൻപിൽ നിതാന്തനിസ്സാരമായിട്ടേ ഇരിക്കൂ. ഓ! സച്ചിദാനന്ദം എത്ര സുന്ദരം! എത്ര അഭികാമ്യം! എത്ര ഉൽകൃഷ്ടം!

2) ഈ ദിവ്യസാമ്രാജ്യത്തിലേ നിവാസികൾ ആരു്? കോടാനുകോടി ദൈവദൂതരും പ്രേക്ഷിതരും മറ്റു വിശുദ്ധരുമാണു്. അവരുടെ സഹവാസം എത്ര ആനന്ദപ്രദം! ലോകം മുഴുവൻ പരിശോധിച്ചാലും ഇവരിൽ ഏറ്റവും നിസ്സാരനെപ്പോലെ സുന്ദരമായി യാതൊന്നും കാണുകയില്ല. എങ്കിൽ, അവരെ ഒന്നിച്ചു കാണുമ്പോൾ ഉണ്ടാകുന്ന ആനന്ദം എന്തായിരിക്കും? അവരുടെ സൗഭാഗ്യം എത്ര ശ്രേഷ്ഠം! അവർ അന്യനമായ ആനന്ദം അനുഭവിക്കയും സദാ സ്നേഹഗീതങ്ങൾ ആലപിക്കയും ചെയ്യുന്നു. പരസ്പരം സന്തോഷിപ്പിച്ചു സമാശ്വസിപ്പിക്കുന്ന ഒരു ഗണംതന്നെ ഇതു്.

3) ദൈവദർശനത്തിൽനിന്നു മോക്ഷവാസികൾക്കു ലഭിക്കുന്ന ആനന്ദത്തെക്കുറിച്ചു ധ്യാനിക്കുക:— നമ്മുടെ അസ്തിത്വഹേതുവായ ദൈവത്തോടു നിത്യമായി സംയോജിക്കുന്ന

തിൽ കൂടുതൽ ആഹ്ലാദപ്രദമായി മറെറന്തുണ്ട്? പാടിക്കളിക്കുന്ന ചെറുപക്ഷികളെപ്പോലെ അവർ അതീവാനന്ദപ്രദമായ ആ ദിവ്യാന്തരീക്ഷത്തിൽ സോല്ലാസം വിഹരിക്കുന്നു. നിശ്ലേഷം ഈർഷ്യയില്ലാത്ത ആ വിശ്വലോഗണം "അനന്തമായ അനുഗ്രഹങ്ങൾ അന്യൂനം പ്രദാനംചെയ്ത ദിവ്യനാഥാ! ഞങ്ങളുടെ സ്രഷ്ടാവേ, രക്ഷകാ, അങ്ങു നിത്യം സ്തുതിക്കപ്പെടട്ടെ" എന്നു് ആലപിച്ചുകൊണ്ടു സദാ ദൈവത്തെ പ്രകീർത്തിക്കുന്നു. ആ കാരുണ്യമൂർത്തിയാകട്ടെ, ഓരോരുത്തരേയും ആശ്ലേഷിക്കുന്നു. ഹാ, എത്ര പരമാനന്ദം!

സ്നേഹപ്രകരണങ്ങളും പ്രതിജ്ഞയും:—

ഈ സച്ഛ്രീയരാജ്യം എത്ര മനോഹരം; ഓ, സച്ഛ്രീയശാർശലമേ, നിന്റെ സന്താനങ്ങൾ എത്ര സൗഭാഗ്യർ; നികൃഷ്ടസന്തോഷങ്ങൾക്കുവേണ്ടി നിത്യസൗഭാഗ്യത്തെ പരിത്യജിച്ച ഞാൻ എത്ര ദുഷ്ടൻ. ഇതുവരെയും ഞാൻ അവയെ അവഗണിച്ചു ജീവിച്ചു. എന്നാൽ, ആ സൗഭാഗ്യപദവിയെ ഞാൻ ഇപ്പോൾ അത്യാശയോടെ അന്വേഷിക്കുന്നു. സ്നേഹനാഥാ, അതു ലഭിക്കുന്നതിനുള്ള സുഗമമായ മാർഗ്ഗം അങ്ങു് എനിക്കു കാണിച്ചുതന്നു. ഇനി ഒരിക്കലും അതിൽനിന്നു ഞാൻ അണുപോലും വ്യതിചലിക്കയില്ല. എന്റെ ആത്മാവേ, ഈ സൗഭാഗ്യസങ്കേതത്തിലേക്കു ധൈര്യസമേതം നമുക്കു പുരോഗമിക്കാം. എന്റെ പുരോഗതിക്കു വിഘ്നം വരുത്തുന്ന പാപങ്ങളെ ഉപേക്ഷിച്ചുകൊള്ളാമെന്നു പ്രതിജ്ഞ ചെയ്യുന്നു.

(മുൻ ധ്യാനങ്ങൾപോലെ അവസാനിപ്പിച്ചുകൊള്ളുക.)

പതിനേഴാം അധ്യായം

ധ്യാനം 9

സച്ഛ്സ്വീകരണം

പ്രാരംഭം:— 1) ദൈവസാന്നിദ്ധ്യത്തെ അനുസ്മരിക്കുക.
2) വിനയപൂർവം അങ്ങേ സഹായം അപേക്ഷിക്കുക.

ധ്യാനം:— വിസ്തൃതമായ ഒരു മൈതാനത്തിൽ നിൻെറ കാവൽമാലാഖയുമൊരുമിച്ചു നീ നില്ക്കുന്നതായും, കഴിഞ്ഞ ധ്യാനത്തിൽ പ്രസ്താവിച്ചതുപോലുള്ള മോക്ഷസൗഭാഗ്യത്തെ അദ്ദേഹം നിനക്കു കാണിച്ചുതരുന്നതായും സങ്കല്പിക്കുക. ഇപ്രകാരം, നരകവും അതിൻെറ സകല പീഡകളും നിൻെറ അന്തരികനേത്രങ്ങൾക്കു വിഷയീഭവിപ്പിച്ചുകൊണ്ടു് ഈ ധ്യാനം കഴിക്കണം. സഹോദരാ, നരകത്തിനും മോക്ഷത്തിനും മദ്ധ്യേയാണു നീ സ്ഥിതിചെയ്യുന്നതു്. ഹിതാനുസരണം അവയിലേതെങ്കിലും ഒന്നിനെ നിനക്കു തിരഞ്ഞെടുക്കാം. ഇപ്പോൾ തിരഞ്ഞെടുക്കുന്നതിനെ പിന്നീടു് ഉപേക്ഷിക്കാൻ സാധിക്കയില്ല. യഥേഷ്ടം ഏതെങ്കിലും ഒന്നു തിരഞ്ഞെടുക്കാൻ നിനക്കു സ്വാതന്ത്ര്യമുണ്ടെങ്കിലും നീ മോക്ഷപ്രാപ്തനാകുണമെന്നതേ ദൈവഹിതം. സച്ഛ്സമ്പാദനത്തിനായി കാവൽമാലാഖാ നാനാവിധം നിന്നെ സഹായിക്കുന്നുണ്ടു്. സച്ഛ്ത്തിൽനിന്നു യേശുനാഥൻ, "വത്സാ, നിന്നോടുള്ള സ്നേഹാധിക്യത്താൽ സജ്ജമാക്കിയ നിത്യസമ്മാനം സ്വീകരിപ്പാൻ വന്നാലും" എന്നു പറഞ്ഞു മൃദുപുരസ്സരം നിന്നെ വിളിക്കുന്നു. പരിശുദ്ധ കന്യകാമറിയമാകട്ടെ, മാതൃസഹജമായ സ്നേഹത്തോടെ "കുഞ്ഞേ, ധൈര്യമവലംബിക്കുക; എൻെറ സ്നേഹകുമാരനെ നിരാശപ്പെടുത്തുകയോ നിൻെറ നിത്യരക്ഷയെ ആകാംക്ഷിക്കുന്ന എൻെറ സ്നേഹഹൃദയത്തെ ക്ഷതപ്പെടുത്തുകയോ ചെയ്യരുതു്" എന്നു് ഉദ്ബോധിപ്പിച്ചുകൊ

ണ്ടിരിക്കുന്നു. സപ്തശ്ലഖ്ഡിക്ക് അത്യന്താപേക്ഷിതമായ ഐക്യൃദ്യൃസനം, ലോകം ഉദ്ഘോഷിക്കുന്നതുപോലെ വൈഷമ്യമുള്ളതല്ലെന്നു പ്രബോധിപ്പിക്കുന്ന വിശുദ്ധരുടെ സാന്ത്വനവചസ്സുകളും ഉന്മേഷജനകംതന്നെ.

നിത്യനരകാഗ്നിയേയും അതിന്റെ സകല പീഡകളേയും പരിത്യജിക്കുകയും നരകഗർത്തത്തിൽനിന്നു നിരന്തരം നിശ്ശ്വസിച്ചുകൊണ്ടിരിക്കുന്ന ദൈവദൂഷണപ്രവാഹത്തെ വെറുക്കുകയും ചെയ്തുകൊണ്ട്, അനന്തസൗഭാഗ്യത്തെ പ്രദാനം ചെയ്യുന്ന സ്വർഗ്ഗീയപുരീസയെ ഞാൻ ഹൃദയപൂർവ്വം ആശ്ലേഷിക്കുന്നു. മനോഹരവും വിശുദ്ധവുമായ അതിലേ സദനങ്ങളൊന്നായിരിക്കും എന്റെ നിത്യമായ ആസ്ഥാനം. അതിനെ പ്രദാനം ചെയ്യുന്ന ദൈവകാരുണ്യത്തെ ഞാൻ പ്രകീർത്തിക്കുകയും അങ്ങേ ദാനത്തെ സാദരം സ്വീകരിക്കുകയും ചെയ്യുന്നു. ദൈവജനനിയും സകല വിശുദ്ധരും നല്കുന്ന അനുഗ്രഹം സ്വീകരിച്ചുകൊണ്ട് അവരുടെ പക്കലേയ്ക്കു പ്രയാണം ചെയ്യുന്നതിനു നിശ്ചയിക്കുകയും, നിന്നെ അവിടേയ്ക്ക് ആനയിക്കുന്നതിനു കാവൽമാലാഖയെ അഭയംപ്രാപിക്കുകയും ചെയ്യുക.

പതിനെട്ടാം അധ്യായം

ധ്യാനം 10

കേതജീവിതസ്വീകരണം.

പ്രാരംഭം:— 1) ദൈവസന്നിധിയിൽ നില്ക്കുന്നതായി വിചാരിക്കുക.

2) വിനയപൂർവ്വം അങ്ങേ സഹായംഅപേക്ഷിക്കുക.

ധ്യാനം:— 1) നിരവധി നാരകീയാത്മാക്കളാലും പ്രാപഞ്ചികന്മാരായ മനുഷ്യരാലും പരിസേവിതനായ ലൂസിഫർ

ഒരു ഉന്നത സിംഹാസനത്തിൽ ആരൂഢനായിരിക്കുന്നതു കാണുന്നതായി സങ്കല്പിക്കുക. ദുർഭഗരായ ഈ മനുഷ്യർ നമ്രശിരസ്കരായി അവനെ അഭിവാദ്യംചെയ്യുന്നു. നാനാതരത്തിലുള്ള പാപം ചെയ്താണ് അവർ അവനെ ബഹുമാനിക്കുന്നത്. നരകസമ്രാട്ടിന്റേയും അവന്റെ അനുചരന്മാരുടേയും രൂപം എത്ര ഭയങ്കരം! അവരിൽ ചിലർ കോപിഷ്ഠരും അസൂയാലുക്കളും ചിലർ ദ്രവ്യാഗ്രഹികളും ചിലർ വ്യർത്ഥാഭിമാനികളും മറ്റുചിലർ മൃഗീയമായ ദുരാശകളിൽ നിമഗ്നരുമാണ്. അവർ പരസ്പരം ദ്വേഷിക്കയും കലഹിക്കയും സദാ അസ്വസ്ഥരായി കാണപ്പെടുകയും ചെയ്യുന്നു. അന്യോന്യസ്നേഹമോ സന്തോഷഭാവമോ അവരുടെ ഇടയിലില്ല. ശാപഗ്രസ്തനായ രാജാവിന്റെ നിർഭയരേണത്തിനു വിധേയമായ ഒരു ഭയങ്കരീയരാജ്യംതന്നെ ഇതു[15].

2) ഇതാ, അതിൽനിന്നു വ്യത്യസ്തമായ ഒരു രംഗം. പിശാചുക്കളുടെ ദാസരായ ഈ ദുർഭഗക്കുവേണ്ടി സ്വർഗ്ഗസ്ഥനായ പിതാവിനോടു പ്രാർത്ഥിച്ചു് അവരെ ആശ്ലേഷിക്കുന്നതിനു കരങ്ങളും വിടർത്തിക്കൊണ്ടു കിടക്കുന്ന ക്രൂശിതനായ യേശുവിനെ നോക്കുക. അനേകം ഭക്തജനങ്ങളും തങ്ങളുടെ കാവൽഭൂതന്മാരാൽ ആനീതരായി അവിടെ എത്തിച്ചേർന്നിട്ടുണ്ടു്. ഈ ഭക്തഗണത്തിന്റെ സൗകുമാര്യം അവർണ്ണനീയംതന്നെ. പരിപാവനമായ കന്യാത്വം ലില്ലിപ്പുഷ്പത്തെക്കാളും ധവള്യമാനമായി പരിശോഭിക്കുന്നു. തങ്ങളുടെ വൈധവ്യത്തെ ശാരീരികദമനത്താലും വിനീതജീവിതത്താലും സംശുദ്ധമാക്കുന്ന വിധവകളുടെ സൗഭാഗ്യം എത്ര ശ്രേഷ്ഠം! ഉപവിയിൽനിന്നു സംജാതമായ ദിവ്യപ്രേമത്താൽ തങ്ങളുടെ ദാമ്പത്യജീവിതത്തെ പരിപാവനമാക്കുന്ന ദമ്പതികളും ഈ ഗണത്തിലുണ്ടു്. അവർ തങ്ങളുടെ ദിവ്യനാഥനെ വിസ്മരിക്കാതെ പ്രേമഭാജനത്തെ സേവിക്കുകയും ആദ്ധ്യാത്മികജീവിതത്തെ അവഗണിക്കാതെ കുടുംബഭരണം നിർവ്വഹിക്കുകയും ചെയ്യു

ന്നും. സമാധാനവും സംതൃപ്തിയും ഇവരുടെ ഇടയിൽ കളിയാടുന്നു. ഇവർ സദാ ആഹ്ലാദഭരിതരായി വർത്തിക്കുന്നു. എന്നാൽ, അവരുടെ ആനന്ദം പരിശുദ്ധവും പരിമിതവുമത്രേ. അവരുടെ അന്യോന്യസ്നേഹപ്രകടനം ദിവ്യവും പരിപാവനവുമാണ്. ക്ലേശങ്ങളും സഹിക്കുന്നവരേയും ഈ കൂട്ടത്തിൽ കാണാം. എന്നാൽ, ക്രൂശിതനായ സ്നേഹനാഥനാൽ സമാശ്വസിപ്പിക്കപ്പെടുന്നതുനിമിത്തം അവർ ഭഗ്നാശരാകുന്നില്ല.

3) ധ്യാനഫലമായുണ്ടായ ദിവ്യപ്രേരണകളാലും പ്രതിജ്ഞകളാലും സാത്താന്റെ ദാസ്യത്തിൽനിന്നു നീ വിമുക്തനായിക്കഴിഞ്ഞു. പക്ഷേ, ഭക്തഗണത്തിൽ ഉൾപ്പെടുകയോ യേശുനാഥനെ അഭയംപ്രാപിക്കുകയോ ചെയ്തിട്ടില്ല. അതിനാൽ, പരസ്പരവിരുദ്ധങ്ങളായ രണ്ടു ഗണത്തിന്റെ മദ്ധ്യേയാണു നിന്റെ സ്ഥാനം. നിന്നെപ്പോലെ ഒരിക്കൽ കുടുംബജീവിതം നയിച്ചിരുന്ന പരിശുദ്ധ കന്യകാമറിയം, വി. യൗസേപ്പ്, വി. ളയീസ്, വി. മോനിക്കാ മുതലായവർ വിശുദ്ധരുടെ ഗണത്തിലേക്കു നിന്നെ ക്ഷണിക്കുന്നുണ്ട്. ഈശോ നിന്നെ നോക്കി "മകനേ, വന്നാലും" എന്നു പറഞ്ഞു വിളിക്കുന്നതു നീ കേൾക്കുന്നില്ലയോ?

പ്രതിജ്ഞ:- 1) വർജ്ജ്യമായ ലോകമേ, മേലിൽ ഒരിക്കലും ഞാൻ നിന്നെ അനുഗമിക്കുകയില്ല. നിന്റെ മായാസന്തോഷങ്ങളും എനിക്ക് ആവശ്യമില്ല. ദുർഭാഗ്യത്തിന്റേയും അഹങ്കാരത്തിന്റേയും അധിപനായ സാത്താനെ അവന്റെ സകല വ്യാപാരങ്ങളോടും വ്യർത്ഥാഡംബരങ്ങളോടുംകൂടെ നിത്യമായി ഞാൻ പരിത്യജിച്ചിരിക്കുന്നു.

2) സൗഭാഗ്യത്തിന്റേയും നിത്യമഹത്വത്തിന്റേയും നാഥനായ ഈശോയെ! എന്റെ ആത്മാവിന്റെ സകല ശക്തികളോടുംകൂടെ അങ്ങയെ ഞാൻ ആശ്ലേഷിക്കുകയും പൂർണ്ണഭയപൂർവ്വം ആരാധിക്കുകയും ചെയ്യുന്നു. എന്റെ രാജാവും നാഥനും അങ്ങുതന്നെ. എന്റെ കർത്താദരപ്രകടനങ്ങളും സദയം

സ്വീകരിക്കണമേ. മേലിൽ അങ്ങേ ദിവ്യപ്രമാണങ്ങളെ അനുസരിക്കുന്നതിൽ ഞാൻ അലസത പ്രദർശിപ്പിക്കുകയില്ല.

3) പരിശുദ്ധ കന്യകാമറിയമേ, എന്റെ നാഥേ, എന്റെ മാർഗ്ഗനിർദ്ദേശകയായി നിന്നെ ഞാൻ സ്വീകരിക്കുന്നു. നീ തന്നെ എന്റെ അഭയസ്ഥാനം. എന്റെ സ്നേഹാദരങ്ങളെ സദയം സ്വീകരിച്ച് എന്നെ അനുഗ്രഹിക്കണമേ.

സ്നേഹമുള്ള കാവൽമാലാഖയേ, ഈ വിശുദ്ധ ഗണത്തിലേക്ക് അങ്ങ് എന്നെ ആനയിച്ചാലും! അതിൽ ഉൾപ്പെടുന്നതുവരെ നിരാശനാക്കി എന്നെ ഉപേക്ഷിക്കരുതേ. അവരോടൊരുമിച്ച്, "യേശുനാഥൻ വിജയിക്കട്ടെ" എന്നു പ്രകീർത്തിക്കുന്നതിനുള്ള ഭാഗ്യം ലഭിക്കുന്നതുവരെ അങ്ങ് എന്നെ സഹായിക്കണമേ.

പത്തൊൻപതാം അധ്യായം

മുഴുവൻകുമ്പസാരം കഴിക്കേണ്ടവിധം.

ഈ ധ്യാനപരമ്പരയുടെ അവസാനത്തിൽ ഭയമോ സങ്കോചമോ കൂടാതെ വിനയപൂർവ്വം മുഴുവൻകുമ്പസാരം നടത്തിക്കൊള്ളുക. തേളിന്റെ വിഷത്തിന് അതിന്റെ ദേഹത്തിൽനിന്നുതന്നെ എടുക്കുന്ന ഒരു സാധനം പ്രത്യൗഷധമാണ്. ഇതുപോലെ, പാപം നാശകാരണമെങ്കിലും അതിനെക്കുറിച്ചുള്ള പശ്ചാത്താപത്തെ ജനിപ്പിക്കുന്നു ചിന്ത രക്ഷാകരമത്രേ. പാപമാലിന്യത്തെ ക്ഷാളനംചെയ്യുന്നതിന്റെ ഭൂഗ്രന്ഥം നശിപ്പിക്കുവാൻ അനുതാപവും പാപസങ്കീർത്തനവും പര്യാപ്തമാണ്. മഗ്ദലേന ഒരു പാപിനിയാണെന്നു സൈമൺ പ്രസ്താവിച്ചപ്പോൾ അതിനെ നിഷേധിച്ചുകൊണ്ടു തന്റെ പാദതല്പജങ്ങളിൽ പൂശിയ തൈലത്തിന്റെ പരിമളധോരണിയേയും അവളുടെ സ്നേഹാധിക്യത്തേയും പ്രകീർത്തിക്കയത്രേ

യേശുനാഥൻ ചെയ്തത്.

നമുക്കു യഥാർത്ഥമായ വിനയമുണ്ടെങ്കിൽ പാപം നിമിത്തം ദൈവം ഉപേക്ഷിക്കപ്പെടുന്നതിനെക്കുറിച്ചു നാം അത്യധികം ദുഃഖിക്കാതിരിക്കുകയില്ല. എന്നാൽ, പാപസങ്കീർത്തനംവഴി അവിടുന്നു ബഹുമാനിക്കപ്പെടുന്നതിനാൽ നാം അതിൽ സന്തോഷിക്കയും ചെയ്യുന്നു. ആത്മാവിന്റെ രോഗങ്ങളെയാണു കുമ്പസാരത്തിൽ നാം വെളിപ്പെടുത്തുന്നതു്. രോഗസ്ഥിതി പൂർണ്ണമായി ഭിഷഗ്വരനെ ഗ്രഹിപ്പിക്കുന്നതു സുഖലബ്ധിക്കു് ഏറ്റവും സഹായകമായിത്തീരുന്നുണ്ടല്ലോ.

നാം ഗാഗുൽത്താമലമുകളിൽ ക്രൂശിതനായ യേശുവിന്റെ പാദത്തിങ്കൽ നില്ക്കുന്നതായും പാപക്കറകൾ കഴുകിക്കളയുന്നതിനായി അങ്ങേ ദിവ്യരക്തം തുള്ളിതുള്ളിയായി നമ്മുടെമേൽ വീഴുന്നതായും സങ്കല്പിച്ചുകൊണ്ടുവേണം പാപപോച്ചാരണത്തിനായി ആത്മഗുരുവിനെ സമീപിക്കാൻ. പാപവിമോചനാവസരത്തിൽ, ദൃശ്യമായവിധം മിശിഹായുടെ ദിവ്യരക്തം അനുതാപിയുടെമേൽ പതിക്കുന്നില്ലെങ്കിലും അങ്ങേ തിരുഹൃദയത്തിൽനിന്നു് ഉദ്ഭവിക്കുന്ന ദിവ്യമായ ഉറവയാണു് ആത്മാക്കളെ സംശുദ്ധമാക്കുന്നതു്. കുമ്പസാരത്താൽ പാപങ്ങളെ ബഹിഷ്കരിക്കുന്നതിനായി ഹൃദയകവാടങ്ങളെ പൂർണ്ണമായി തുറന്നിടുക. ആത്മാവു പാപത്തിൽനിന്നു വിമുക്തമാകുമ്പോൾ മിശിഹായുടെ പാടുപീഡകളുടേയും മരണത്തിന്റേയും ഫലമായ പ്രസാദവരത്തിന്റെ പ്രവാഹത്താൽ അതു സമ്പൂർണ്ണമാകും.

കാപട്യലേശംകൂടാതെ സകല പാപങ്ങളും സുവ്യക്തം പ്രസ്താവിച്ചതിന്റെശേഷം, "കർത്താവേ, സംസാരിച്ചാലും! അങ്ങേ ദാസൻ കേൾക്കുന്നു" എന്ന വാക്യം അനുസ്മരിച്ചുകൊണ്ടു് ആത്മഗുരുവിന്റെ ഉപദേശം ശ്രദ്ധാപൂർവം ശ്രവിക്കുക. ആത്മഗുരുവിനെയല്ല നീ ശ്രവിക്കുന്നതു്; പ്രത്യുത, ദൈവത്തെയാണു്. എന്തുകൊണ്ടെന്നാൽ, "നിങ്ങളെ കേൾക്കു

ക്കുന്നവൻ എന്നെ കേൾക്കുന്നു" എന്ന് അവിടുന്ന വാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ.

അനന്തരം, ഭക്തിയോടും വിനയത്തോടുംകൂടെ താഴെക്കാണുന്നവിധം പ്രതിജ്ഞചെയ്യുക. അനുതാപത്തിന്റെ പരിപൂർണ്ണത അടങ്ങിയിരിക്കുന്നതു പ്രതിജ്ഞയിലത്രേ. മുൻകൂട്ടിത്തന്നെ ശ്രദ്ധാപൂർവ്വം പഠിച്ചതിന്റെശേഷം സൂക്ഷ്മത്തോടും കഴിയുന്നത്ര മനോവികാരത്തോടുംകൂടെ ഇതു വായിക്കുക.



ഇരുപതാ അധ്യായം

ദൈവസേവനത്തിൽ സ്ഥിരമായി നില്ക്കുന്നതിനും അനുതാപത്തെ പരിപൂർണ്ണമാക്കുന്നതിനുമുള്ള പ്രതിജ്ഞ.

സർവ്വശക്തനായ ദൈവത്തിന്റേയും സകല സ്വർഗ്ഗവാസികളുടേയും മുൻപാകെ ഞാൻ (പേരു്) വിനയപൂർവ്വം ചെയ്യുന്ന പ്രതിജ്ഞ.

ദൈവം തന്റെ നിസ്സീമമായ കാരുണ്യാധിക്യത്താൽ അമ്പുനും നിസ്സാരനുമായ എന്നെ വെറും ശൂന്യതയിൽനിന്നു സൃഷ്ടിക്കുകയും അപത്തുക്രടാതെ സംരക്ഷിക്കുകയും മറവനവധി അനുഗ്രഹങ്ങളും എന്റെമേൽ വർഷിക്കുകയും ചെയ്തു. ഇതിലെല്ലാം ഉപരിയായുള്ളതു് എന്റെ ദുഷ്ടതയ്ക്കനുസരണമായി എന്നെ ശിക്ഷിക്കാതിരുന്ന അവിടുത്തെ കരുണയും അനുഗ്രഹവുമാണ്. അവിടുന്ന് എനിക്കു പല ദിവ്യപ്രേരണകളും നല്കി. അനുതാപത്തിനായി പലപ്രാവശ്യം എന്നെ ക്ഷണിച്ചു. എന്നാൽ, ഞാൻ അവയെല്ലാം നിരസിക്കുകയാണു ചെയ്തതു്. ഇങ്ങനെയുള്ള നന്ദിഹീനതയും അവിശ്വസ്തതയും ഇതുവരെ അവിടുന്ന് എന്നോടു ക്ഷമിച്ചു. ഇപ്പോൾ പശ്ചാത്താപത്തിനുള്ള സന്ദർഭം പ്രദാനംചെയ്തിരിക്കുന്നു. മാ

മോഡീസാവഴിയായി പ്രത്യേകവിധം ഞാൻ ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടിട്ടുണ്ടെങ്കിലും, പാപത്താൽ അവിടത്തെ ഉപദ്രവിക്കുകയും നീചമായവിധം എന്റെ ആത്മാവിനെ കളങ്കപ്പെടുത്തുകയും ചെയ്തുപോയി. മിശിഹായുടെ പീഡാനുഭവത്തിനും കുരിശുമരണത്തിനും കാരണം എന്റെ പാപംതന്നെ. തന്നിമിത്തം ദൈവദ്രോഹം എന്നിൽ ആരോപിക്കപ്പെട്ടു; മരണത്തിനും നിത്യശിക്ഷയ്ക്കും ഞാൻ അർഹനായി. ഇപ്പോൾ പാപമാർഗ്ഗത്തിൽനിന്നു പിന്തിരിഞ്ഞു് അനന്തനീതിമാനായ ദൈവത്തിന്റെ തിരുമുമ്പിൽ സാഷ്ടാംഗപ്രണാമംചെയ്തു് എന്റെ പാപങ്ങളെ ഞാൻ ഏറ്റുപറയുന്നു.

കരുണാമൂർത്തിയായ എന്റെ നല്ല ദൈവമേ, അനുതാപാശ്രുക്കൾ പൊഴിച്ചുകൊണ്ടു് അങ്ങേ സന്നിധിയിൽ ഞാൻ അഭയം പ്രാപിക്കുന്നു. എന്റെ പാപങ്ങളെ ഞാൻ ഹൃദയപൂർവ്വം വെറുക്കുകയും ചെയ്യുന്നു. എന്റെ നാഥനും ദൈവവുമായ മിശിഹായുടെ കഷ്ടാനുഭവത്തിന്റേയും മരണത്തിന്റേയും യോഗ്യതകളെക്കരുതിച്ചു് എന്നോടു ക്ഷമിക്കണമേ. എന്റെ ഏകാലംബമായിരിക്കുന്ന ഈശോയുടെ ദിവ്യസന്നിധിയിൽ എന്റെ ജ്ഞാനസ്നാനവാഗ്ദാനങ്ങളെ ഞാൻ അവർത്തിക്കുകയും നവീകരിക്കുകയും ചെയ്യുന്നു. ലോകം, പിശാചു്, ശരീരം, ഇവയുടെ വ്യർത്ഥാഡംബരങ്ങൾ, അഭിലാഷങ്ങൾ മുതലായവയെ ഞാൻ പൂർണ്ണമായി ഉപേക്ഷിക്കുന്നു. പരമകാരുണികനും അനന്തനന്മയുമായ ദൈവമേ, മേലിൽ എന്റെ സ്നേഹവിഷയം അവിടുന്നുമാത്രം. അങ്ങേ പ്രീതിമാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളൂ. എന്റെ ആത്മശരീരങ്ങളേയും അവയുടെ സകല ശക്തികളേയും അങ്ങയുടെ സേവനത്തിനായി ഇതാ ഞാൻ പ്രതിഷ്ഠിക്കുന്നു. ആജീവനാന്തം അങ്ങയുടെ വിശ്വസ്തദാസനായിരുന്നുകൊള്ളാമെന്നു ഞാൻ ശപഥം ചെയ്യുന്നു.

എന്നാൽ, മാനുഷികദുർബ്ബല്യത്താലോ പൈശാചിക

പ്രേരണയാലോ ഈ പ്രതിജ്ഞ ലംഘിക്കുന്നതിനുള്ള നിർഭാ
ഗ്യം എനിക്കുണ്ടാകുന്നപക്ഷം, പരിശുദ്ധാത്മാവിയുടെ സഹാ
യത്താൽ ഉടൻതന്നെ തെറ്റു കണ്ടുപിടിച്ചു കരുണാവാരി
ധിയായ അങ്ങേപ്പക്കലേക്കു പിന്തിരിഞ്ഞുകൊള്ളാം. എ
ന്റെ ആഗ്രഹവും നിശ്ചയവും പ്രതിജ്ഞയും ഇതുതന്നെ.
ഈ പ്രതിജ്ഞയെ കത്തോലിക്കതിരുസ്സഭയേടേയും സകല
മോക്ഷവാസികളുടേയും അനന്തജ്ഞാനിയായ ദൈവത്തി
ന്റേയും മുൻപാകെ ഞാൻ സ്ഥിരപ്പെടുത്തുന്നു. പിതാവു, പു
ത്രൻ, പരിശുദ്ധാത്മാവു എന്ന ത്രിയേകദൈവമേ, എന്റെ നി
ശ്ചയങ്ങളെ ഉറപ്പിക്കുകയും ഹൃദയംഗമമായ ഈ ബലിയെ സ
ദയം സ്വീകരിക്കുകയും ചെയ്യണമേ. ഈ പ്രതിജ്ഞ ചെ
യ്യുന്നതിന് അവിടുന്ന് എന്നെ സഹായിച്ചതുപോലെ, അതു
വിശ്വസ്തതയോടേ നിർവ്വഹിക്കുന്നതിനുള്ള ശക്തിയും അ
വിടുന്ന് എനിക്കു നല്കണമേ. എന്റെ ശരീരത്തിന്റേയും
ആത്മാവിന്റേയും നാഥനായ അങ്ങു സദാ ആരാധിക്കപ്പെ
ടുകയും സ്തുതിക്കപ്പെടുകയും ചെയ്യട്ടെ.

ആമ്മേൻ.

ഇരുപത്തൊന്നാം അധ്യായം

ആത്മപവിത്രീകരണത്തിന്റെ അവസാനഭാഗം

പട്ടക്കാരൻ വിമോചനചനങ്ങൾ ഉച്ചരിക്കുന്ന മാത്ര
യിൽത്തന്നെ, നിന്റെ പാപങ്ങൾ വിമോചിക്കപ്പെട്ടിരിക്കു
ന്നതായി സ്വർഗ്ഗത്തിൽ അനേകം മാലാഖാമാരുടേയും വി
ശുദ്ധാത്മാരുടേയും മുൻപാകെ ദിവ്യന്യായാധിപൻ പ്രഖ്യാപ
നം ചെയ്യുന്നുണ്ട്. അതു കേട്ടു സ്വർഗ്ഗവാസികൾ കുതൂഹല
ചിത്തരായി ദിവ്യതാനങ്ങൾ ആലപിക്കുകയും സംശുദ്ധമായ
നിന്റെ ആത്മാവിനെ അവർ സ്നേഹചുംബനങ്ങാൽ മുദി
തമാക്കുകയും ചെയ്യും.

ദിവ്യനാഥനുമായി സൗഭാഗ്യകരമായ ഒരു ബന്ധം നിനക്കുണ്ടായിക്കഴിഞ്ഞു. നിന്നെ അങ്ങേക്കു സമർപ്പിക്കുന്നതുനിമിത്തം നിത്യജീവനേയും അതിന്റെ ദാതാവിനേയുമെന്റെ നിനക്കു ലഭിക്കുന്നതു്. നിന്റെ പ്രതിജ്ഞയെ സുസ്ഥിരമാക്കിയതിനുശേഷം ബലിപീഠത്തെ സമീപിക്കുക. അനുതാപത്താൽ സംശുദ്ധമാക്കപ്പെട്ട നിന്റെ ആത്മാവിൽ ഈശോമിശിഹാ എഴുന്നെള്ളിവന്നു നിന്റെ പാപവിമോചനത്തേയും സപുത്രസമ്മാനത്തെക്കുറിച്ചുള്ള വാഗ്ദാനത്തേയും അവിടുന്നു സുദൃഢമാക്കിക്കൊള്ളും. തല്പാരാ പാപത്തിൽനിന്നും പാപാസക്തിയിൽനിന്നും നിന്റെ ആത്മാവു വിമുക്തമാവുകയും ചെയ്യും.

നമ്മുടെ ദുരാശകളെ നിയന്ത്രിക്കുകയല്ലാതെ അവയെ പരിപൂർണ്ണമായി നിഗ്രഹിക്കുക ഒരിക്കലും സാധ്യമല്ല. അതിനാൽ, പ്രസ്തുത ദുരാശകളുടേയും ബലഹീനമായ മനുഷ്യപ്രകൃതിയുടേയും ഫലമായി വീണ്ടും പാപം ചെയ്യുന്നതിനുള്ള പ്രലോഭനം നമ്മിൽ ഉണ്ടാകാവുന്നതാണു്. അതിൽനിന്നു രക്ഷ പ്രാപിക്കുന്നതിനുള്ള ചില ഉപദേശങ്ങൾ ഇതിനുപരി നല്കി. ഇതനുസരിച്ചു ജീവിക്കുന്നപക്ഷം ചാവുദോഷത്തിൽനിന്നും അതിലേക്കുള്ള ചാഞ്ചില്യത്തിൽനിന്നും നീ വിമുക്തനാകും. ഉപരിപരിപൂർണ്ണമായവിധം ആത്മാവിനെ വിശുദ്ധീകരിക്കുന്നതിനും ഈ ഉപദേശങ്ങൾ പര്യാപ്തമാണു്. ഈ ഉപദേശത്തിനു മുൻപായി പരിപൂർണ്ണമായ ഹൃദയവിശുദ്ധീകരണത്തെക്കുറിച്ചു് അല്പം പ്രസ്താവിക്കാം.



ഇരുപത്തിരണ്ടാം അധ്യായം

'പാവദോഷ'ത്തിലേക്കുള്ള ചാച്ചിലിൽനിന്ന് ആത്മാവിനെ വിമോചിക്കണം

നല്ല സൂര്യപ്രകാശമുള്ളപ്പോൾ കണ്ണാടിയിൽ നോക്കിയാൽ നമ്മുടെ മുഖത്തുള്ള ഏറ്റവും അവ്യക്തമായ പാടുപോലും സ്പഷ്ടമായി കാണാൻ സാധിക്കും. ഇതുപോലെ, പരിശുദ്ധാത്മാവിന്റെ കൃപ നമ്മുടെ ആന്തരികചക്ഷുസ്സുകളെ ഉജ്ജ്വലിപ്പിക്കുമ്പോൾ യഥാർത്ഥക്രൈസ്തവജീവിതത്തിനു വിഘ്നമായ നമ്മുടെ പാപങ്ങളേയും പാപത്തിലേക്കുള്ള ചാച്ചിലുകളേയും ന്യൂനതകളേയും നിഷ്പ്രയാസം കണ്ടുപിടിക്കാവുന്നതാണ്. ഇവയിൽനിന്നു വിമുക്തരാകണമെന്നുള്ള ആഗ്രഹത്തെയും ഈ ആത്മപ്രകാശം നമ്മിൽ ഉൽപാദിപ്പിക്കുന്നു.

ഘനമായ പാപങ്ങളോടുള്ള പ്രതിപത്തിക്കു പുറമേ ലഘുവായ പാപങ്ങളിലേക്കുള്ള ചാച്ചിലും നമ്മിലുണ്ട്. ലഘുപാപങ്ങൾ ഉണ്ടായിരിക്കുമെന്ന് ഇതിൽനിന്നർത്ഥമാകുന്നില്ല. അതിനുള്ള ദുർവാസനയെയാണു ഞാൻ ഇവിടെ വിവക്ഷിക്കുന്നത്. ലഘുപാപവും അതിനുള്ള വാസനയും വ്യത്യസ്തങ്ങളാണല്ലോ. ദീർഘകാലത്തേക്കു ലഘുപാപങ്ങളിൽനിന്നകന്നിരിക്കാൻ നമുക്കു സാധിക്കുകയില്ല. എന്നാൽ, പാപവാസനയിൽനിന്നു വിമുക്തരായിരിക്കുന്നതു നമ്മുടെ ശക്തിക്കതീതമല്ല. ആലോചനാരഹിതമായ സംഭാഷണമല്ലേ ഏതെങ്കിലും നിസ്സാരകാര്യത്തെക്കുറിച്ച് അശ്രദ്ധമായി ഒന്നര മണിക്കൂർ പറയുന്നതും വ്യാജപ്രസ്താവം ഒരു തൊഴിലായി സ്വീകരിക്കുന്നതും വ്യത്യസ്തങ്ങളാണല്ലോ.

ലഘുപാപങ്ങളിലേക്കുള്ള വാസനപോലും നമ്മുടെ ആത്മാവിൽനിന്നു വിദൂരമാക്കണം. ഏറ്റവും നിസ്സാരമായ പാ

പത്തിനുപോലും നമ്മുടെ ഹൃദയത്തിൽ ഒരിക്കലും സ്ഥലം അനുവദിക്കരുതു്. ദൈവം അത്യധികം വെറുക്കുന്ന പാപത്തെ നമ്മുടെ ആത്മാവിൽ പ്രവേശിപ്പിക്കുന്നതു വളരെ കഷ്ടമല്ലയോ? അങ്ങനെ ഭോഷിക്കണമെന്നുള്ള ദുഷനിശ്ചയത്തിനു തുല്യമാണു് ഈ പ്രവൃത്തി. ലഘുപാപങ്ങൾ നമ്മെ നിത്യശിക്ഷയ്ക്കു് അധീനരാക്കുന്നില്ലെങ്കിലും അവ ദൈവദ്രോഹകൃത്യങ്ങൾതന്നെ. ഒരു ഭക്തൻ ദൈവത്തെ ഉപദ്രവിക്കയില്ലെന്നു മാത്രമല്ല, ഉപദ്രവിക്കണമെന്നു വിചാരിക്കുകപോലുമില്ല.

ചാവുദോഷത്തിലേക്കുള്ള ചാട്ടിൽ ഉപവിക്കു് എതിരായിരിക്കുന്നതുപോലെ, പാവദോഷത്തിലേക്കുള്ള ചാട്ടിൽ ഭക്തിക്കു വിരുദ്ധമാണു്. അതു മിഥ്യാശ്വാസങ്ങൾക്കു വിഘ്നം ഉളവാക്കി, ആത്മാവിനെ ദുർബലമാക്കുകയും പ്രലോഭനങ്ങൾക്കു കാരണമായിത്തീരുകയും ചെയ്യുന്നു; ആത്മാവിനെ മൃതിപ്പെടുത്തുന്നില്ലെന്നേ ഉള്ളൂ. "ചത്ത ഈച്ചകൾ പരിമളതൈലത്തിന്റെ സൗരഭ്യം നശിപ്പിക്കുന്നു." അതായതു്, അല്പം ഭക്ഷിച്ചുശേഷം ഈച്ച പറന്നുപോവുകയാണെങ്കിൽ അവ എടുക്കുന്നതോതിൽ മാത്രമേ നഷ്ടപ്പെടുകയുള്ളൂ; ബാക്കിയുള്ളതിനു കേടുവരുകയില്ല. ഈച്ച അതിൽക്കിടന്നു ചത്തുചീയുന്നപക്ഷം അതു നിശ്ശേഷം ഉപയോഗശൂന്യമായിത്തീരുന്നു. ഇതുപോലെ, ഒരു ഭക്തൻ ആകസ്മികമായി ചില നിസ്സാരപാപങ്ങളിൽ ഉൾപ്പെട്ടാലും ദീർഘസമയത്തേക്കു് അവയെ ഹൃദയത്തിൽ വച്ചുകൊണ്ടിരിക്കാത്തപക്ഷം അതത്ര ഉപദ്രവഹേതുകമല്ല; പ്രത്യുത, അവയോടു പ്രതിപത്തി പ്രദർശിപ്പിക്കുമ്പോൾ ഭക്തിയാകുന്ന ആത്മികസൗന്ദര്യത്തെ അതു നിശ്ശേഷം നശിപ്പിച്ചുകളയും. തേനീച്ചയുടെ കൂട്ടിൽ എട്ടുകാലി പ്രവേശിച്ചു ദീർഘസമയം അവിടെ താമസിച്ചാലും അവയെ കൊല്ലുകയില്ല; പക്ഷേ, തേൻ ചീത്തയാകയും കൂടിനു ചുറ്റും വലകെട്ടി ഗതാഗതമാർഗ്ഗം തടയുകയും ചെയ്യുന്നു. ഇ

പ്രകാരം ലൗകികപാപങ്ങൾ ആത്മാവിനെ മൂടിപ്പൊട്ടത്തുന്നില്ലെങ്കിലും ഭക്തിയെ മലിനമാക്കുകയും, ദുർവാസനകളാലും ദുശ്ശീലങ്ങളാലും ആത്മശക്തി ക്ഷയിപ്പിച്ചു ഭക്തിയുടെ ബാഹ്യപ്രകടനമായ ഉപവി പരിശീലിക്കുന്നതിൽനിന്നു നമ്മെ വിമുഖരാക്കുകയും ചെയ്യുന്നു. ലൗകികപാപങ്ങളോടുള്ള പ്രതിപത്തിമൂലം അവയുടെ നാശത്തിൽ സ്ഥിരപ്രതിജ്ഞ ലംഘിക്കുമ്പോഴാണ് ഇങ്ങനെ സംഭവിക്കുന്നതു്.

നിസ്സാരമായ ഒരസത്യം പറയുന്നതുകൊണ്ടോ, സംസാരം, വീക്ഷണം, വിനോദം, വസ്ത്രധാരണം മുതലായവയിൽ സൂക്ഷ്മമില്ലാതിരിക്കുന്നതുകൊണ്ടോ ഉണ്ടാകുന്ന ലൗകികപാപങ്ങൾ ആത്മാവിൽ പ്രവേശിച്ചാൽ ഉടൻ അവയെ ബഹിഷ്കരിക്കുന്ന പക്ഷം വലിയ ഉപദ്രവമൊന്നും വരാനിടയില്ല. എന്നാൽ, ആത്മാവിൽ വച്ചുകൊണ്ടിരിക്കുകയും അവയിൽ സന്തോഷിക്കുകയും അവ വർദ്ധിക്കുന്നതിനു സമ്മതിക്കുകയും ചെയ്യുന്നുവെങ്കിൽ ആത്മനാശം തീർച്ചതന്നെ. ഒരു ഭക്താത്മാവു ദൈവദ്രോഹത്തിൽ സന്തുഷ്ടനാവുകയോ, അങ്ങനെയെ അതുപ്പിപ്പെടുത്തുന്നതിനു ആഗ്രഹിക്കുകയോ ചെയ്യുകയില്ല.

ഇരുപത്തിമൂന്നാം അധ്യായം

ഉപയോഗശൂന്യവും ഉപദ്രവകരവുമായ പ്രതിപത്തിയെ വർജ്ജിക്കണം

കായികാഭ്യാസങ്ങൾ, നൃത്തനങ്ങൾ, വിനോദസൽക്കാരങ്ങൾ, ആഡംബരങ്ങൾ, പ്രഹസനങ്ങൾ മുതലായവ പ്രകൃത്യാ പാപമോ പുണ്യമോ അല്ല; അവയുടെ ഉപയോഗമനുസരിച്ചു നന്മയോ തിന്മയോ ആകാൻ പാടുണ്ടു്. സാധാരണമാ

യി, ഇവ ഉപദ്രവകരമാണ്. ഇവയോടുള്ള പ്രതിപത്തി ഏറ്റവും നാശകരംതന്നെ. നർത്തനങ്ങൾ, വിരുന്നുകൾ, ആഘോഷങ്ങൾ മുതലായ വിനോദങ്ങളിൽ സംബന്ധിക്കുന്നതും പ്രഹസനങ്ങൾ കാണുന്നതും മോടിയായി വസ്ത്രധാരണം ചെയ്യുന്നതും സ്നേഹിതന്മാർക്കുടി സമ്മേളിക്കുന്നതും മറ്റും അനുവദനീയമെങ്കിലും അവയോടുള്ള പ്രതിപത്തി ഭക്തിക്കു വിരുദ്ധമാണ്. അവ ചെയ്യുന്നതല്ല; പ്രത്യുത, അവയോട് ആസക്തി പ്രദർശിപ്പിക്കുന്നതാണു തെറ്റ്. വ്യർത്ഥമായ ഈ ദുർവാസനകൾ നമ്മുടെ ഹൃദയത്തിൽ വളർത്തിക്കൊണ്ടു പോകുന്നതു ലജ്ജാവഹമത്രെ. ഉൽകൃഷ്ടകാര്യങ്ങളിൽ വ്യാപരിക്കേണ്ട നമ്മുടെ ആത്മശക്തികളെ താഴ്ശവൃത്തികൾക്കായി ദുർവ്യയം ചെയ്യുകയോ?

യഹൂദന്മാരുടെ ഇടയിൽ ഉണ്ടായിരുന്ന സന്ന്യാസികൾ മുന്തിരിപ്പഴമോ അതിന്റെ നീരോ ഉപയോഗിച്ചിരുന്നില്ല. ഇവ ഉന്മാദജനകമായിരുന്നതുകൊണ്ടല്ല; പ്രത്യുത, ഇവയുടെ ഉപയോഗം വീഞ്ഞിനോടുള്ള ആസക്തിയെ ജനിപ്പിക്കുമെന്ന കരുതിയതുകൊണ്ടാണ് അങ്ങനെ ചെയ്തത്. മുൻപ്രസ്താവിച്ച വിരുന്നുകളും വിനോദങ്ങളും നടത്തരുതെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ, അവയോടുള്ള പ്രതിപത്തി ഭക്തിയെ നശിപ്പിക്കുന്നതുകൊണ്ട് അങ്ങനെയുള്ള ആസക്തി വർജ്ജിക്കണമെന്നേ ഉള്ളു. നായാട്ടുകാരുടെ ആക്രമണത്തിൽ നിന്ന് ഓടി രക്ഷപ്പെടുവാൻ സ്വശരീരഭാരം പ്രതിബന്ധമാകുമെന്നു വിചാരിച്ച് അധികം കൊഴുപ്പുള്ള മാൻപേടകൾ വൻകാട്ടിൽ കയറി കുറേദിവസത്തേയ്ക്ക് ഒളിച്ചു കിടക്കുകപതിവുണ്ട്. വ്യർത്ഥവും നാശജനകവുമായ ദുർവ്വാസനകളാൽ ആവൃതമായ ആത്മാവിന്റെ സ്ഥിതിയും ഇതുതന്നെ. യഥാർത്ഥഭക്തരെപ്പോലെ നിഷ്പ്രയാസം ദൈവസന്നിധിയിൽ അണയുക അതിനു സാധ്യമല്ല. ശിശുക്കൾ മതിമറന്നു ശലഭങ്ങളുടെ പിറകെ ഓടിനടക്കുന്നതു നാം കണ്ടിട്ടുണ്ടല്ലോ. അ

വർക്കു വിവേചനാശക്തി ഇല്ലാത്തതുകൊണ്ടു് ആരും അവരെ കുറപ്പെടുത്താറില്ല. എന്നാൽ, പ്രായംചെന്നവർ വ്യർത്ഥാഭിലാഷങ്ങളെ സംതൃപ്തിപ്പെടുത്തുന്നതിനായി അക്ഷീണയത്നം ചെയ്യുന്നതു ക്ഷന്തവ്യമോ? ഇവ ഫലശൂന്യങ്ങളും നിസ്സാരങ്ങളുമാണെന്നു മാത്രമല്ല, ഇവ ലഭിക്കുന്നതിനുള്ള ശ്രമം ഉപദ്രവകരവുമാണു്. അതിനാൽ, നാശകരമായ ഈ പ്രതിപത്തികളേയും അഭിലാഷങ്ങളേയും പരിവർജ്ജിച്ചു നമ്മുടെ ഹൃദയത്തെ സംശുദ്ധമാക്കണം. പ്രസ്തുത ചപലതകൾ ഭക്തിയെ സാരമായി ബാധിക്കുന്നില്ലെങ്കിലും അവയോടുള്ള ആസക്തി ഉപദ്രവകരംതന്നെ.

ഇരുപത്തിനാലാം അധ്യായം

ദുർവാസനകളിൽനിന്നു നമ്മുടെ ഹൃദയത്തെ വിമോചിക്കണം

നമുക്കു ജന്മസിദ്ധമായ ചില ദുർവാസനകളുണ്ടു്. അവ പാപമോ, വ്യക്തിപരമായ പാപഫലമായി ഉണ്ടാകുന്നതോ അല്ല. ഇതിനു് അപൂർണ്ണത അഥവാ ന്യൂനത എന്നു പറയുന്നു. "പ്രകൃത്യാ വളരെ ദുഃഖിതയായിരുന്ന വി. പാവുളാ, സഹോദരിമാരുടെയും കുട്ടികളുടേയും നിര്യാണത്താലുണ്ടായ വ്യസനം ഹേതുവായി മരിച്ചുപോയേക്കുമെന്നുപോലും തോന്നിപ്പോയി" എന്നു വി. ജറോം പ്രസ്താവിക്കുന്നു. മനസ്സറിവുകൂടാതെ ഉണ്ടായതുകാരണം ഇതു പാപമല്ല. പക്ഷേ, ഒരു ന്യൂനതയാണു്. പ്രകൃത്യാതന്നെ ചിലർ നിസ്സാരന്മാരും, ചിലർ ഗൗരവമുള്ളവരും, മറു ചിലർ അക്ഷമരും, വേറെ ചിലർ മുൻകോപികളും, അപരർ അമിതമായ സ്നേഹമുള്ളവരുമായി കാണപ്പെടുന്നു. ഇങ്ങനെയുള്ള അപൂർണ്ണതകളില്ലാത്തവർ

വളരെ ചുരുക്കമത്രേ. ഇവ ജന്മസിദ്ധമാണെങ്കിലും നിരന്തരപരിശ്രമത്താലും വിശുദ്ധമായ പുണ്യപരിശീലനത്താലും ഇവയെ നിയന്ത്രിക്കുവാൻ സാധിക്കും. ഈ നിയന്ത്രണം പുണ്യജീവിതത്തിന് അത്യന്താപേക്ഷിതമാണ്. നീചമായ തഴക്കത്താൽ മലീമസമാകയില്ലാത്ത സ്വഭാവവൈശിഷ്ട്യമോ, ദൈവാനുഗ്രഹത്താലും സ്ഥിരമായ പരിശ്രമത്താലും മാറാൻപാടില്ലാത്ത ദുർവാസനകളോ മനുഷ്യരിലില്ല.

അതുകൊണ്ട്, ദുർവാസനകളിൽനിന്നും അപൂർണ്ണതകളിൽനിന്നും ലഘുപാപങ്ങളിലേക്കുള്ള ചാഞ്ചല്യത്തിൽനിന്നും ആത്മാവിനെ സംശുദ്ധമാക്കുന്നതിന് ഉപയുക്തമായ ചില മാർഗ്ഗങ്ങൾ ഇതിനുപരി നിർദ്ദേശിക്കാം. അവ പ്രായോഗികമാക്കുന്നപക്ഷം നിന്റെ ഭാവി സുരക്ഷിതമാകും. സർവ്വശക്തൻ നിന്നെ കടാക്ഷിക്കട്ടെ!

രണ്ടാം ഭാഗം

പ്രാർത്ഥനയും ക്രമാശകളുംവഴി ആത്മാവിനെ ദൈവത്തിങ്കലേയ്ക്ക് ഉയർത്തുന്നതിനു പര്യാപ്തമായ ഉപദേശങ്ങൾ

ഒന്നാം അധ്യായം

പ്രാർത്ഥനയുടെ ആവശ്യം

ബുദ്ധിയിൽ ദിവ്യപ്രകാശവും മനസ്സിൽ ദിവ്യസ്നേഹവും ഉളവാക്കുന്ന ഒന്നാണു പ്രാർത്ഥന. ബുദ്ധിയിൽനിന്ന് അജ്ഞതയും മനസ്സിൽനിന്നു ദുരാശകളും പാടേ വിപാടനം ചെയ്യു

ന്നതിനു പ്രാർത്ഥനയെക്കാൾ ഫലപ്രദമായ ഇതരമാർഗ്ഗങ്ങളില്ല. പ്രാർത്ഥനാജലത്താൽ ആത്മാവു പരിപുഷ്ടമാകുമ്പോൾ ആത്മീയരോഗങ്ങൾ ശമിക്കുകയും ഹൃദയവികാരങ്ങൾ പ്രശാന്തമാവുകയും സദ്വിചാരങ്ങൾ സഫലങ്ങളാകയും ചെയ്യും

മാനസികമായ പ്രാർത്ഥന, വിശിഷ്യ, നമ്മുടെ കർത്താവിന്റെ ഭൗതികജീവിതത്തെയും പീഡാസഹനത്തെയുംകുറിച്ചുള്ള ധ്യാനം, ഏറ്റവും ശ്രേഷ്ഠമായ ഒന്നാണ്. ദിവ്യരക്ഷകനെക്കുറിച്ചു പതിവായി ധ്യാനിക്കുന്ന പക്ഷം, അവിടുന്നു നമ്മുടെ ആത്മാവിൽ വന്നു വസിക്കയും, തന്നെക്കുറിച്ചുള്ള ശരിയായ ജ്ഞാനം നമുക്കു നല്കുകയും ചെയ്യും. അപ്പോൾ, അദ്ദേഹത്തിന്റെ ഭൗതികജീവിതത്തെ അനുകരിക്കുന്നതിനു നമുക്കു സാധിക്കുന്നതുമാണ്. ലോകദീപമായ ക്രിസ്തുവിൽനിന്നുവേണം നമുക്കു പ്രകാശം ലഭിക്കുവാൻ. നമ്മുടെ ജീവിതയാത്രയിൽ ആശ്വാസം നല്കുന്ന പ്രതീക്ഷിതമായ ഛായാതരു അദ്ദേഹമാണ്. ഹൃദയത്തെ സംശുദ്ധമാക്കുന്ന ദിവ്യജലം പ്രവഹിക്കുന്ന സജീവമായ ഉറവയും അദ്ദേഹംതന്നെ. മാതാവിന്റെ വാക്കുകളും പ്രവൃത്തികളും പതിവായി ശ്രദ്ധിക്കുമ്പോൾ ശിശുക്കൾ സംസാരിക്കാറാകുന്നതുപോലെ, ധ്യാനത്തിൽ നമ്മുടെ രക്ഷകനെ സമീപിച്ച്, അദ്ദേഹത്തിന്റെ വചനങ്ങളും പ്രവൃത്തികളും സശ്രദ്ധം പരിശോധിക്കുന്നുവെങ്കിൽ വരപ്രസാദസഹായത്താൽ അവിടുത്തെപ്പോലെ സംസാരിക്കുന്നതിനും വ്യാപരിക്കുന്നതിനും നമുക്കു സാധിക്കും.

പിതാവായ ദൈവത്തെ സമീപിക്കുന്നതിനു പ്രസ്തുത ധ്യാനം ഏറ്റവും ഉപയോഗപ്രദമാണ്. രസംപൂശാത്ത കണ്ണാടിയിൽ നമ്മുടെ മുഖം പ്രതിഫലിക്കാത്തതുപോലെ, ദിവ്യരക്ഷകന്റെ മനുഷ്യത്വത്തെ വേർതിരിച്ചുകൊണ്ട് അവിടുത്തെ ദൈവത്വത്തെക്കുറിച്ചുമാത്രം ധ്യാനിക്കുക സുസാദ്ധ്യമല്ല. അനുദിനധ്യാനത്തിന് ഏറ്റവും ഉപയുക്തവും അതിശ്രേ

ഷുമായ വിഷയങ്ങളും ക്രിസ്തുവിന്റെ ഭൗതികജീവിതം, പീഡാനുഭവം, മരണം മുതലായവയാണ്. 'സ്വർഗ്ഗത്തിൽനിന്നു വന്ന അപ്പം' എന്നു് അദ്ദേഹം തന്നെക്കുറിച്ചു പറഞ്ഞിരിക്കുന്നതു് എത്ര അർത്ഥവത്തായിരിക്കുന്നു. മറ്റെന്തെല്ലാം സാധനങ്ങളുണ്ടെങ്കിലും സുവ്വപ്രധാനമായ ഭക്ഷണം അപ്പമായിരിക്കുന്നതുപോലെ, നമ്മുടെ പ്രാർത്ഥനകളിലും മറ്റെല്ലാ പ്രവൃത്തികളിലും ഉണ്ടായിരിക്കേണ്ട പ്രധാനചിന്താവിഷയം യേശുനാഥൻതന്നെയായിരിക്കണം. അദ്ദേഹത്തിന്റെ ഭൗതികജീവിതത്തേയും പീഡാനുഭവത്തേയും ധ്യാനരീതിയിൽ വിവരിക്കുന്ന പുസ്തകങ്ങളും ഉപയോഗിച്ചു ധ്യാനിക്കുന്നതു് അഭിലഷണീയമാണു്.

ധ്യാനത്തിനായി ദിവസേന ഒരു മണിക്കൂർ വിനിയോഗിക്കണം. പ്രഭാതമാണു് അതിനു് ഏറ്റവും പറ്റിയ സമയം. നിദ്രയ്ക്കുശേഷം നമ്മുടെ മനസ്സു പ്രശാന്തമായിരിക്കുന്നതുകൊണ്ടു് അപ്പോൾ അന്യചിന്തകൾ കുറഞ്ഞിരിക്കും. ആത്മഗുരുവിന്റെ പ്രത്യേകാനുവാദംകൂടാതെ ധ്യാനം ഒരു മണിക്കൂറിലധികം ദീർഘിപ്പിക്കരുതു്.

ധ്യാനം ദൈവാലയത്തിൽവച്ചു നടത്തുന്നതാണു് ഉത്തമം. അവിടെ മാതാപിതാക്കന്മാരുടെയോ ഭാര്യാഭർത്താക്കന്മാരുടെയോ ശല്യം ഉണ്ടായിരിക്കയില്ലല്ലോ. ഒരു മണിക്കൂർസമയം ഏകാന്തമായി വീട്ടിൽ കഴിച്ചുകൂട്ടാൻ സാധിച്ചില്ലെന്നവരാം. ദൈവസന്നിധിയിൽ നില്ക്കുന്നുവെന്നു വിചാരിച്ചുകൊണ്ടുവേണം പ്രാർത്ഥനയോ ധ്യാനമോ എന്തുതന്നെയായിരുന്നാലും ആരംഭിക്കാൻ. ഈ പതിവിനു് ഒരിക്കലും വിഘ്നം വരുത്തരുതു്. ഇതിന്റെ ഫലം പിന്നീടു മനസ്സിലാകുന്നതാണു്.

'ആകാശങ്ങളിലിരിക്കുന്ന', 'നന്മനിറഞ്ഞമറിയം', 'വിശ്വാസപ്രമാണം' തുടങ്ങിയുള്ള ജപങ്ങളും അർത്ഥം ശരിയായി മനസ്സിലാക്കി ഭക്തിപൂർവം ചൊല്ലേണ്ടതാണു്. ഭക്തിയിൽ ധാരാളം ചൊല്ലിത്തീർത്തുകൊണ്ടു വലിയ ഫല

മില്ല. പ്രകൃതിയോടേ ചൊല്ലുന്ന ഒരു 'ആകാശങ്ങളിരിക്കുന്ന' നമസ്കാരം, വേഗം ചൊല്ലുന്ന പലതിനെക്കാൾ ഫലവത്താണു്.

യഥായോഗ്യം ചൊല്ലുന്നപക്ഷം, വളരെ ഫലപ്രദമായ ഒന്നാണു് 'അമ്പത്തുമൂന്നുമണിജപം'. കർത്താവിന്റെയോ മാതാവിന്റെയോ വിശുദ്ധന്മാരുടെയോ മുത്തിനിയോ ചൊല്ലുന്നതും നല്ലതുതന്നെ. സമയവും സൗകര്യവുമുണ്ടെങ്കിൽ ധ്യാനംതന്നെയാണു പ്രഥമമായി വേണ്ടതു്. ധ്യാനത്തിനുശേഷം പ്രാർത്ഥനയ്ക്കു സമയമില്ലാതെ വരുന്നെങ്കിൽ നീ ആകുലപ്പെട്ടിട്ടാവശ്യമില്ല; സമാധാനപൂർവം ഒരു 'ആകാശങ്ങളിലിരിക്കുന്ന'തും 'നന്മനിറഞ്ഞമറിയ'വും 'വിശ്വാസപ്രമാണ'വും ചൊല്ലിയാൽ മതിയാകും.

പ്രാർത്ഥിക്കുമ്പോൾ മനസ്സു ധ്യാനത്തിൽ ലയിക്കുന്നപക്ഷം ബലം പ്രയോഗിച്ചു് അതിനെ പിന്തിരിച്ചിട്ടാവശ്യമില്ല; അതു യഥേഷ്ടം വ്യാപരിച്ചുകൊള്ളട്ടെ. ആരംഭിച്ച പ്രാർത്ഥന അവസാനിപ്പിച്ചില്ലല്ലോ എന്നു കുണ്ഠിതപ്പെടുകയും വേണ്ടാ. ആ സമയത്തു കഴിച്ച ധ്യാനം പ്രാർത്ഥനയെക്കാൾ ദൈവത്തിനു കൂടുതൽ സംപ്രീതവും ആത്മാവിനു കൂടുതൽ ഫലപ്രദവുമായിരിക്കും. എന്നാൽ, 'കാനോനാ' നമസ്കാരം ഈ കൂട്ടത്തിൽ ഉൾപ്പെടുത്താൻ പാടില്ല; അതിനു കടപ്പെട്ടവർ അതു നിർവ്വഹിച്ചേ മതിയാവൂ.

ജോലിത്തിരക്കുകൊണ്ടോ മറ്റേതെങ്കിലും കാരണത്താലോ, രാവിലെ ധ്യാനത്തിനു സൗകര്യമില്ലാതെ വരുന്നെങ്കിൽ, പിന്നീടു്, സൗകര്യമുള്ളപ്പോൾ അതു നിർവ്വഹിക്കേണ്ടതാണു്. എന്നാൽ, ക്ഷണം കഴിഞ്ഞ ഉടനെ ആയിരിക്കരുതു്. അപ്പോൾ ധ്യാനിച്ചാൽ ഉറക്കം വരാനിടയുണ്ടു്; മാത്രമല്ല, അതു് ആരോഗ്യത്തിനു ഹാനികരവുമാണു്. ധ്യാനത്തിനു സൗകര്യപ്പെടാത്ത ദിവസം, അതിനുപകരം, ധാരാളം സുകൃതജപങ്ങൾ ചൊല്ലുകയും ജ്ഞാനവായന നടത്തുകയും ചെ

തെങ്കിലും പ്രായശ്ചിത്തപ്രവൃത്തികളും ചെയ്യുകയും വേണം. ഇതിനുംപുറമേ, അടുത്തദിവസം കണിശമായി ധ്യാനം നടത്തിക്കൊള്ളാമെന്നു പ്രതിജ്ഞ ചെയ്യേണ്ടതുമാണ്.

രണ്ടാം അധ്യായം

ധ്യാനിക്കേണ്ട വിധം

പ്രാരംഭത്തിന്റെ ഒന്നാം വകുപ്പ്

ദൈവസാന്നിദ്ധ്യം

പ്രാർത്ഥനയിൽ ഏറ്റവും ശ്രേഷ്ഠമായിട്ടുള്ളതു ധ്യാനമാണെന്നും ദിവസേന ഒരു മണിക്കൂർ അതിനായി വിനിയോഗിക്കണമെന്നും മറ്റും കഴിഞ്ഞ അധ്യായത്തിൽ പ്രസ്താവിച്ചുവല്ലോ. എന്നാൽ, ധ്യാനിക്കേണ്ടതു് എങ്ങനെയെന്നു പലർക്കും അറിവില്ലായിരിക്കും. അതു് അറിയാവുന്നവരായി ഇക്കാലത്തു വളരെ ചുരുക്കംപേർ മാത്രമേ ഉള്ളൂ. അതിനാൽ, ധ്യാനിക്കേണ്ട വിധത്തെപ്പറ്റി സംക്ഷിപ്തമായി പ്രസ്താവിക്കാം. ധ്യാനത്തിന്റെ ആദ്യഭാഗം പ്രാരംഭമാണ്. ദൈവസന്നിധിയിൽ നില്ക്കുന്നുവെന്നു വിചാരിക്കുക, അതിനുശേഷം അങ്ങേ സഹായമപേക്ഷിക്കുക, ഇങ്ങനെ പ്രാരംഭത്തിനു രണ്ടു വകുപ്പുകളുണ്ടു്. ദൈവസാന്നിധ്യസ്മരണയെപ്പറ്റിയാണു് ആദ്യമായി പ്രസ്താവിക്കുന്നതു്. അതിനു നാലു മാർഗ്ഗങ്ങൾ നിർദ്ദേശിക്കാം.

ദൈവത്തിന്റെ സർവ്വവ്യാപ്തിയെക്കുറിച്ചുള്ള ഒരു യഥാർത്ഥജ്ഞാനമാണു പ്രഥമമാർഗ്ഗം. ദൈവസാന്നിധ്യമില്ലാത്തയാതൊരു സ്ഥലവുമില്ല. പക്ഷികൾ എവിടേയ്ക്കു പറന്നാലും അവിടെയെല്ലാം വായു ഉണ്ടായിരിക്കുന്നതുപോലെ, നാം

പോകുന്നിടത്തെല്ലാം ദൈവവുമുണ്ട്. ഇതു വാസ്തവമാണെന്നറിഞ്ഞിട്ടും, തദനുസരണം പ്രവർത്തിക്കുന്നവർ വളരെ ചുരുക്കമത്രേ. അന്ധൻ തന്റെ മുൻപിൽ സന്നിഹിതനായിരിക്കുന്ന രാജാവിനെ കാണുന്നില്ല. അല്ലേഹം അവിടെ ഉണ്ടെന്നറിയുമ്പോൾ അവൻ കേവ്യാദരപുരസ്സരം വർത്തിക്കുന്നു. എന്നാൽ, രാജാവിനെ കാണാത്തതുകൊണ്ടു തത്സാന്നിധ്യം വിസ്മരിക്കയും, തന്മൂലം രാജാവിനോടുള്ള അവന്റെ ബഹുമാനം കുറയുകയും ചെയ്യുന്നു. ഇപ്രകാരം ദൈവത്തെ ശാരീരികനേത്രംകൊണ്ടു കാണാതെ വിശ്വാസദൃഷ്ടികൊണ്ടുമാത്രം ദർശിക്കുന്നതിനാൽ, അവിടുന്നു നമ്മോടുകൂടെയുള്ള കാര്യം വിസ്മരിച്ചു്, അങ്ങു വിദൂരസ്ഥനായാലെന്നപോലെ നാം വ്യാപരിക്കുന്നു. അവിടുന്നു സർവ്വവ്യാപിയാണെന്നുള്ള താത്വിക ജ്ഞാനം നമുക്കുണ്ടെങ്കിലും അതു് അനുസ്മരിക്കുന്നില്ലെങ്കിൽ പ്രസ്തുത ജ്ഞാനംകൊണ്ടു വലിയ ഫലമൊന്നുമില്ല. അതിനാൽ, പ്രാർത്ഥനയ്ക്കുമുമ്പായി ദൈവസാന്നിധ്യത്തെക്കുറിച്ചുള്ള സ്മരണ നമ്മുടെ മനസ്സിൽ ഉളവാക്കണം. "ഞാൻ സ്വർഗ്ഗത്തിൽ പ്രവേശിച്ചാൽ നീ അവിടെയുണ്ടു്; പാതാളത്തിലിറങ്ങിയാൽ അവിടെയും നീ സന്നിഹിതനാണു്" എന്നു് ഉദ്ഘോഷിക്കുന്നതിനു ദാവീദുദീർഘദർശിയെ പ്രേരിപ്പിച്ചതു പ്രസ്തുത സ്മരണയാണു്. വാനാരൂപികളുടെ വിശുദ്ധസോപാനം കണ്ടപ്പോൾ പൂർവ്വപിതാവായ യാക്കോബു പറഞ്ഞ വാക്കുകൾതന്നെ നമുക്കും ഉച്ചരിക്കാം. "ഈ സ്ഥലം എത്രഭയങ്കരം! നിശ്ചയമായും കർത്താവു് ഇവിടെയുണ്ടു്; എന്നാൽ, ഞാൻ അതറിഞ്ഞില്ല." ദൈവം സർവ്വവ്യാപിയാണെന്നുള്ള തത്വം അയാൾക്കു് അജ്ഞാതമായിരുന്നില്ല; അല്ലേഹം അതു് അനുസ്മരിച്ചില്ലെന്നുമാത്രമേ ഉള്ളു. അതിനാൽ, "പരമാർത്ഥത്തിൽ ദൈവം ഇവിടെയുണ്ടു്" എന്ന വചനങ്ങൾതന്നെ പ്രാർത്ഥനയ്ക്കു മുൻപു നമ്മുടെ ഹൃദയാന്തർഭാഗത്തുനിന്നു നിർഗ്ഗമിക്കട്ടെ.

നമ്മുടെ ചുറ്റും മാത്രമല്ല ഹൃദയത്തിലും ആത്മാവിലും ദൈവം പ്രത്യേകം നിവസിക്കുന്നുണ്ടെന്നും അങ്ങേ ദിവ്യസാന്നിദ്ധ്യത്താൽ നമ്മുടെ ആത്മശക്തികളെ ഉത്തേജിപ്പിക്കുന്നുണ്ടെന്നുമുള്ള ചിന്തയാണു ദൈവസാന്നിദ്ധ്യത്തെ അനുസ്മരിക്കുന്നതിനുള്ള രണ്ടാമത്തെ മാർഗ്ഗം. അവിടുന്നു ഹൃദയത്തിന്റെ ഹൃദയവും ചൈതന്യത്തിന്റെ ചൈതന്യവുമാണ്. ആത്മാവു ശരീരത്തിന്റെ എല്ലാഭാഗത്തും വ്യാപരിക്കുന്നില്ലെങ്കിലും, ഹൃദയത്തിൽ പ്രത്യേകവിധം സ്ഥിതിചെയ്യുന്നതുപോലെ ദൈവം എല്ലായിടത്തും ഉണ്ടെങ്കിലും നമ്മുടെ ആത്മാവിൽ പ്രത്യേകവിധം സന്നിഹിതനായിരിക്കുന്നു. തന്നിമിത്തമാണു ദൈവത്തെക്കുറിച്ചു "ഹൃദയത്തിന്റെ ദൈവം" എന്നു ദാവീദുദീർഘദർശിയും, "നാം ദൈവത്തിൽ വസിക്കുകയും ചരിക്കുകയും അങ്ങയിലായിരിക്കുകയും ചെയ്യുന്നു" എന്നു വി. പൗലോസ് ശ്ലീഹായും പ്രസ്താവിക്കുന്നതു്. നിന്നോടിത്ര ഗാഢമായി യോജിച്ചിരിക്കുന്ന ദൈവത്തെക്കുറിച്ചു ദൃഢമായ ഭക്തിബഹുമാനാദിവികാരങ്ങൾ നിന്നിൽ അങ്കുരിക്കുന്നതിനു പ്രസ്തുത ചിന്ത വളരെ സഹായകമായിരിക്കും.

മൂന്നാമത്തെ മാർഗ്ഗം നമ്മുടെ ദിവ്യരക്ഷകൻ സ്വർഗ്ഗത്തിൽനിന്നു മനുഷ്യരെ പൊതുവായും, തന്റെ വത്സലസന്താനങ്ങളായ ക്രൈസ്തവരെ പ്രത്യേകിച്ചും വീക്ഷിക്കുന്നതായി സങ്കല്പിക്കുകയത്രേ. പ്രാർത്ഥിക്കുന്നവരുടെ ഓരോ വിചാരവും ചേഷ്ടയും അദ്ദേഹം സൂക്ഷ്മനിരീക്ഷണം ചെയ്യുന്നുണ്ടു്. അതു വെറും സങ്കല്പംമാത്രമല്ല, ഒരു യാഥാർത്ഥ്യം തന്നെയാണു്. നാം ഇതു കാണുന്നില്ലെന്നേ ഉള്ളൂ. പ്രഥമരക്തസാക്ഷിയായ വി. എസ്തപ്പാനോസ് തന്റെ മരണസമയത്തു് ഇതു ദർശിക്കയുണ്ടായി. തന്മൂലം, "വാതായനങ്ങളിൽക്കൂടെയും അഴികളുടെ ഇടയിൽക്കൂടെയും നോക്കിക്കൊണ്ടു് അദ്ദേഹം ഭിത്തിക്കു മറഞ്ഞുനില്ക്കുന്നതു കണ്ടാലും" എന്നു വി. ലിഖിതത്തിലേ ദിവ്യവധുവിനോടൊരുമിച്ചു നമുക്കും പ്രകീർത്തിക്കാവുന്നതാണു്.

വിട്ടുരസ്ഥരായ സ്നേഹിതർ നമ്മുടെ അടുത്തുനിന്നു് എ
ന്തെങ്കിലും ചെയ്യുന്നതായി ചിലപ്പോൾ നാം സങ്കല്പിക്കാറു
ണ്ടല്ലോ. ഇതുപോലെ, ദിവ്യരക്ഷകൻ തന്റെ മനുഷ്യസ്വ
ഭാവത്തിൻ നമ്മുടെ സമീപം നില്ക്കുന്നതായി സങ്കല്പിക്കുക
യാണു ദൈവസാന്നിദ്ധ്യം അനുസ്മരിക്കുന്നതിനുള്ള നാലാ
മത്തെ മാർഗ്ഗം. ദിവ്യകാരുണ്യം സ്ഥാപിച്ചിട്ടുള്ള ദൈവാല
യങ്ങളിൽ ഈശോ യഥാർത്ഥമായി സന്നിഹിതനായിരിക്കു
ന്നതുകൊണ്ടു് അവിടെയായിരിക്കുമ്പോൾ ഇപ്രകാരമൊരു
സങ്കല്പത്തിന്റെ ആവശ്യമില്ല. അപ്പത്തിനുള്ളിൽ മറഞ്ഞി
രുന്നുകൊണ്ടു് അവിടുന്നു നമ്മെ നോക്കുന്നു. അങ്ങയെ നാം
കാണുന്നില്ലെന്നേ ഉള്ളു.

പ്രാത്ഥനയ്ക്കു മുൻപു് ഈ നാലു മാർഗ്ഗങ്ങളിൽ ഏതെ
ങ്കിലുമൊന്നുവഴിയായി ദൈവസാന്നിദ്ധ്യം അനുസ്മരിക്കണം.
ഇവയെല്ലാം ഒരുമിച്ചു് ഉപയോഗിക്കരുതു്. ഒരിക്കൽ ഒന്നുമാ
ത്രം; അതും അല്പസമയത്തേക്കു്.

മൂന്നാം അധ്യായം

പ്രാരംഭത്തിന്റെ രണ്ടാം വകുപ്പു്

ദൈവസഹായം അഭ്യർത്ഥിക്കുക

ദൈവസാന്നിദ്ധ്യത്തെപ്പറ്റിയുള്ള ദൃഢബോധമുണ്ടായ
തിനുശേഷം, രാജാധിരാജനായ അവിടുത്തെ ദിവ്യസന്നിധി
യിൽ അണയുന്നതിനു നാം അയോഗ്യരാണെങ്കിലും അവിടു
ന്നു നമ്മെ ക്ഷണിക്കുന്നു എന്നു വിചാരിച്ചുകൊണ്ടു്, സാ
ഷ്ടാംഗപ്രണാമം ചെയ്യു്, ഈ ധ്യാനം ശരിയായി കഴിക്കുന്ന
തിനുള്ള അനുഗ്രഹം അപേക്ഷിച്ചുകൊള്ളുക. "കർത്താവേ,
നിന്റെ തിരുമുമ്പിൽനിന്നു് എന്നെ തള്ളിക്കളയുകയും നി

ന്റെ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യത്തെ എന്നിൽനിന്ന് എടുത്തുകളയുകയും ചെയ്യരുതേ;" "നിന്റെ തിരുമുഖം ഈ ദാസന്റെമേൽ പ്രകാശിക്കട്ടേ;" "എനിക്കു ശ്രദ്ധാശക്തി നല്കുക; എന്നാൽ, നിന്റെ പ്രമാണങ്ങളറിഞ്ഞു് അവയെ പ്രതിയേപൂർവ്വം നിവൃത്തിച്ചുകൊള്ളാം." "അങ്ങേ ദാസനായ എനിക്കു ബുദ്ധി നല്കുക." താളശങ്ങളായ സങ്കീർത്തനശകലങ്ങളോ മറ്റു സുകൃതജപങ്ങളോ ചൊല്ലി ദൈവസഹായം അപേക്ഷിക്കുന്നതു് ഉത്തമമാണു്. അനന്തരം കാവൽമാലാഖായുടെ സഹായം അഭ്യർത്ഥിക്കുക. ധ്യാനവിഷയത്തോടു ബന്ധമുള്ള വിശുദ്ധരുടെ മാധ്യസ്ഥ്യം അപേക്ഷിക്കുന്നതും അതിലക്ഷണീയംതന്നെ. ഉദാഹരണമായി, മിശിഹായുടെ കുരിശുമരണത്തെക്കുറിച്ചു ധ്യാനിക്കുമ്പോൾ, കുരിശിൻചുവട്ടിലുണ്ടായിരുന്ന കന്യകാമറിയം, യോഹന്നാൻ, മറിയംമഗ്ദലേന മുതലായവരുടെ സഹായം അപേക്ഷിച്ചു് ആ സമയത്തു് അവക്കുണ്ടായതുപോലുള്ള ഹൃദയവികാരങ്ങൾ നിനക്കും നല്കുന്നതിനു് അഭ്യർത്ഥിക്കുക. ഇങ്ങനെയാണു് ഓരോ ധ്യാനത്തിലും ചെയ്യേണ്ടതു്.

നാലാം അധ്യായം

പ്രാരംഭത്തിന്റെ മൂന്നാം വകുപ്പു്

ധ്യാനവിഷയത്തെ ചിന്താപഥത്തിൽ ചിത്രിക്കുക

മുൻപ്രസ്താവിച്ച രണ്ടു സാധാരണ വിഭാഗങ്ങൾക്കു പുറമെ ധ്യാനത്തിനു് ഒരസാധാരണ വിഭാഗംകൂടിയുണ്ടു്. അതു് എല്ലാ ധ്യാനവിഷയങ്ങൾക്കും ഒരുപോലെ സ്വീകാര്യമല്ല. അതു ധ്യാനവിഷയസങ്കല്പം എന്നു വിളിക്കപ്പെടുന്നു. ഒരു സംഭവത്തെക്കുറിച്ചു ധ്യാനിക്കുമ്പോൾ അതു നമ്മുടെ നയന

ങ്ങൾക്കു വിഷയീഭവിക്കുന്നതായി സങ്കല്പിക്കുകയാണ് ഇതിന്റെ രീതി. ക്രൂശിതനായ യേശുവിനെക്കുറിച്ചു ധ്യാനിക്കുമ്പോൾ നാഥൻ തമ്പുരാന്റെ തിരുമുൻപിൽ സന്നിഹിതനായി അവിടെ സംഭവിച്ചതെല്ലാം നീ കാണുന്നതായി വിചാരിക്കുക; അല്ലെങ്കിൽ നീ ഇരിക്കുന്ന സ്ഥലത്തുതന്നെ ഇവ നടക്കുന്നതായി സങ്കല്പിക്കുക. ഇവ രണ്ടും വ്യത്യസ്തങ്ങളല്ലല്ലോ.

മരണം, നരകം, ഇന്ദ്രിയഗോചരങ്ങളായ മറ്റു വിഷയങ്ങൾ മുതലായവയെപ്പറ്റി ധ്യാനിക്കുമ്പോൾ ഈവിധം സങ്കല്പിക്കാം. എന്നാൽ, ദൈവമഹത്വം, സുകൃതമാഹാത്മ്യം ഇത്യാദി ഇന്ദ്രിയപരങ്ങളല്ലാത്ത വിഷയങ്ങളിൽ ഇങ്ങനെയുള്ള ഭാവനകൾക്കു യാതൊരു സ്ഥാനവുമില്ല. നമ്മുടെ അറിവിൽപ്പെട്ട ദൃശ്യവസ്തുക്കളോടു് ഇവയെ ഉപമിക്കാം. പക്ഷേ, അങ്ങനെയുള്ള ഉപമകൾ കണ്ടുപിടിക്കുക ശ്രമസാദ്ധ്യമാണ്. അപ്പോൾ ആലോചനാശക്തിക്കു ക്ഷീണംതട്ടാനിടയുള്ളതുകൊണ്ടു് അതിനു് ഉദ്യമിക്കാതിരിക്കയാണു് ഉത്തമം.

പക്ഷികൾ പറന്നുപോകാതിരിക്കുന്നതിനു നാം അവയെ കൂട്ടിലാക്കി സൂക്ഷിക്കുന്നു. അതുപോലെ, നമ്മുടെ മനസ്സു ധ്യാനവിഷയത്തിൽനിന്നു വ്യതിചലിക്കാതിരിക്കുന്നതിനു വിഷയസങ്കല്പം ഉപയോഗപ്രദമാണ്. എന്നാൽ, ഇതാവശ്യമില്ലെന്നും വെറും വിശ്വാസപ്രകരണങ്ങളും മാനസിക ചിന്തനങ്ങളുംമാത്രം മതിയെന്നും അഭിപ്രായപ്പെടുന്നവരുണ്ടു്. ഈ അഭിപ്രായം വളരെ കക്ഷ്യംതന്നെ. ധ്യാനജീവിതം ആരംഭിക്കുന്നവക്കു് അതു വളരെ വിഷമമായിരിക്കും. തന്മൂലം ആരംഭസ്ഥിതിയിൽനിന്നു ദൈവം നിന്നെ ഉയർത്തുന്നതുവരെ ഇതുകൊണ്ടു തൃപ്തിപ്പെട്ടുകൊള്ളുക.

അഞ്ചാം അധ്യായം

ധ്യാനത്തിന്റെ രണ്ടാം ഭാഗം

പ്രായോഗിക ചിന്തകൾ

മുൻപ്രസ്താവിച്ച സങ്കല്പചിത്രം രൂപവൽകരിച്ചതിനു ശേഷം ബുദ്ധിയുടെ പ്രവർത്തനമായി. ഇതാണു സാക്ഷാൽ ധ്യാനം. ദൈവത്തോടും ദിവ്യവസ്തുക്കളോടുമുള്ള സ്നേഹവികാരങ്ങളെ ഉത്തേജിപ്പിക്കുന്ന ഒരു ചിന്തനം മാത്രമാണിതു്. പഠനവും മറ്റു ചിന്തനങ്ങളും ധ്യാനത്തിൽനിന്നു വ്യത്യസ്തങ്ങളത്രേ. ദൈവസ്നേഹം സമ്പാദിക്കണമെന്നുള്ള പരിശുദ്ധമായ ഉദ്ദേശ്യത്തോടുകൂടെയല്ല നാം ഇവയിലേർപ്പെടുന്നതു്; പ്രതീത, ജ്ഞാനസമ്പാദനം, രചനാസാമർത്ഥ്യപ്രകടനം, വാദവിജയം മുതലായ ഭൗമികോൽകർഷമാണു് അവയിൽ നമ്മുടെ ലാക്കു്. ധ്യാനവിഷയത്തിൽ മനസ്സിനെ ഏകാഗ്രമായി വ്യാപരിപ്പിച്ചതിനുശേഷം ഒന്നാംഭാഗത്തിലേ ധ്യാനങ്ങളിൽ കൊടുത്തിരിക്കുന്നതുപോലുള്ള ചിന്തനം ആരംഭിക്കുക. ഒരു വകുപ്പിൽ രസംതോന്നുകയും ചിന്തനത്തിനു ധാരാളം വിഷയമുണ്ടായിരിക്കയും ചെയ്യുന്നപക്ഷം, അതിനായിത്തന്നെ ധ്യാനസമയം മുഴുവൻ വിനിയോഗിക്കാവുന്നതാണു്. അപ്പോൾ വേറൊന്നിലേക്കു കടക്കാൻ ത്വരിതപ്പെടേണ്ട. തേനീച്ച ഒരു പുഷ്പത്തിൽ ചെന്നാൽ അതിലേ തേൻ മുഴുവൻ വലിച്ചെടുക്കാതെ മറെറാന്നിലേക്കു പോകുന്നില്ല. ഇതുതന്നെയാണു നമുക്കും അനുകരണീയം. എന്നാൽ, ഒരു വകുപ്പിൽ അശേഷം രസം തോന്നാത്തപക്ഷം അതിനായി സമയം വ്യയം ചെയ്യാതെ അടുത്തതിലേക്കു കടക്കുകയാണു് ഉത്തമം. പക്ഷേ, ഇങ്ങനെ ചെയ്യുന്നതു വിവേകപൂർവ്വമായിരിക്കണം.

ആറാം അധ്യായം

ധ്യാനത്തിന്റെ മൂന്നാംഭാഗം
സ്നേഹപ്രകരണങ്ങളും പ്രതിജ്ഞയും

ധ്യാനഫലമായി ദിവ്യപ്രേരണകളും സദ്വിചാരങ്ങളും നമ്മുടെ ഹൃദയത്തിൽ ഉൽഭൂതമാകുന്നു. ദൈവസ്നേഹം, സഹോദരസ്നേഹം, സച്ഛ്രേയോഭ്യുത്തിനുള്ള അകാംക്ഷ, ആത്മാക്കളുടെ രക്ഷയിലുള്ള തീവ്രമായ ആഗ്രഹം, ക്രിസ്തുവിനെ അനുകരിക്കുന്നതിനുള്ള ആശ, ദൈവത്തെ ഉപദ്രവിക്കുന്നതിലുള്ള ഭയം, പാപത്തെക്കുറിച്ചുള്ള വെറുപ്പ്, ദൈവാനുഗ്രഹത്തിലുള്ള ശരണം മുതലായവ ഇതിന് ഉദാഹരണങ്ങളാണ്. ഈ സദ്വിചാരങ്ങൾകൊണ്ടു കായ്മായില്ല; ഇവയാൽ നമ്മുടെ ആത്മാവിനെ കഴിയുന്നത്ര വികസിപ്പിച്ചേ മതിയാവൂ.

പരിശുദ്ധമായി ജീവിക്കണമെന്നുള്ള പൊതുവായ ആഗ്രഹംകൊണ്ടു ധ്യാനത്തിന്റെ ഉദ്ദേശ്യം സാധിക്കുന്നില്ല. അതുകൊണ്ടു മാത്രം തൃപ്തിപ്പെടുകയുമരുത്. വ്യക്തിപരമായ ദോഷം പരിഹരിക്കുന്നതിന് ഉപയുക്തമായ പ്രായോഗിക പ്രതിജ്ഞകളായിരിക്കണം പ്രസ്തുത സദ്വിചാരങ്ങളുടെ ഫലം. നമ്മുടെ ദിവ്യരക്ഷകൻ കുരിശിൽ കിടന്നുകൊണ്ടു ഉച്ചരിച്ച പ്രഥമവാക്യത്തെക്കുറിച്ചു ധ്യാനിക്കുമ്പോൾ അദ്ദേഹത്തെ അനുകരിച്ചു ശത്രുക്കളോടു ക്ഷമിക്കുന്നതിനും അവരെ സ്നേഹിക്കുന്നതിനും നമുക്ക് ആഗ്രഹമുണ്ടാകും. ഒരു പ്രത്യേക ന്യൂനതയെയോ സന്ദർഭത്തെയോ ആസ്പദമാക്കി പ്രായോഗികമായ പ്രതിജ്ഞ ചെയ്യാത്തപക്ഷം പൊതുവായ ഈ ആഗ്രഹംകൊണ്ടു വലിയ പ്രയോജനമില്ല. "ഇന്നയാൾ ശാസിക്കയോ കുറപ്പെടുത്തുകയോ ദോഷം പറയുകയോ ചെയ്യുമ്പോൾ ഞാൻ കോപിക്കുകയില്ല; അല്ലെങ്കിൽ അപരൻ അസഹ്യപ്പെടുത്തുമ്പോൾ ഞാൻ ദ്വേഷ്യപ്പെടുകയില്ലെന്നു മാത്രമല്ല,

അയാളെ ശാന്തമാക്കത്തക്കവിധം സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യും." ഇപ്രകാരം, പ്രതിജ്ഞകൾ അവർഭോചിതമായിരുന്നാൽ നമ്മുടെ ന്യൂനതകൾ ക്രമേണ പരിഹരിക്കുവാൻ സാധിക്കുന്നതാണ്. പൊതുവായ പ്രതിജ്ഞകളുടേയും സ്നേഹപ്രകരണങ്ങളുടേയും ഫലം തീരെ ശ്രേഷ്ഠമായിരിക്കയേ ഉള്ളൂ.

ഏഴാം അധ്യായം

ധ്യാനസമാപ്തി

വിനയപൂർവ്വം നിർവ്വഹിക്കേണ്ട മൂന്നു ക്രിയകളോടുകൂടി നീ നിന്റെ ധ്യാനത്തെ ഉപസംഹരിക്കണം.

കൃതജ്ഞതാപ്രകടനമാണ് ആദ്യത്തേത്. ദൈവം നമുക്കു നല്കിയ സൽപ്രേരണകൾക്കും അങ്ങേ പ്രേരണയാൽ നാം ചെയ്ത നല്ല പ്രതിജ്ഞകൾക്കും നന്ദി പ്രദർശിപ്പിക്കുകയും അങ്ങയെ സ്തുതിക്കുകയുമാണ് ഇതുകൊണ്ടു സാധിക്കേണ്ടതു്. അതിനുശേഷം നിന്റെ സ്നേഹപ്രകരണങ്ങളും പ്രതിജ്ഞകളും ഈശോമിശിഹായുടെ പീഡാനുഭവത്തോടും കുരിശുമരണത്തോടും യോജിപ്പിച്ചു ദൈവത്തിനു സമർപ്പിക്കുക. മൂന്നാമത്തേത് അപേക്ഷാപ്രകരണമാണ്. നമ്മുടെ പ്രതിജ്ഞകളെ ആശീർവദിക്കുന്നതിനും അവയെ വിശ്വസ്തതയോടെ നിറവേറുന്നതിനുമുള്ള അനുഗ്രഹം പ്രദാനം ചെയ്യുന്നതിനും ദൈവത്തോടു് അപേക്ഷിക്കുക. തിരുസ്സഭയും ആത്മീയാധികാരികൾക്കും ബന്ധുമിത്രാദികൾക്കും മറ്റു സകലർക്കുംവേണ്ടി ഇപ്പോൾ അപേക്ഷിക്കേണ്ടതാണ്. അനന്തരം പരിശുദ്ധകന്യകാമറിയം, സകല വിശുദ്ധന്മാർ, കാവൽമാലാഖാ മുതലായവരുടെ മാധ്യസ്ഥ്യം അപേക്ഷിച്ചു് ഒരു 'ആകാശങ്ങളിലി

രിക്കുന്ന' നമസ്കാരവും 'നന്മനിറഞ്ഞ മറിയവും' ചൊല്ലി ധ്യാനം അവസാനിപ്പിക്കാം.

ഒരു പൂന്തോട്ടത്തിൽ നാം സഞ്ചരിക്കുമ്പോൾ അതിലേ മനോഹരമായ ചില പുഷ്പങ്ങൾ ശേഖരിച്ചു്, സൗരഭ്യം ആസ്വദിക്കുന്നതിനായി നാം സൂക്ഷിക്കുന്നു. ഇപ്രകാരം ധ്യാനത്തിൽനിന്നു വീരമിക്കുന്ന അവസരത്തിൽ ധ്യാനവിഷയത്തിലേ ഏറ്റവുതരവും ഉപയോഗപ്രദവുമായ ചില ചിന്താശകലങ്ങൾ തിരഞ്ഞെടുക്കുക. ധ്യാനസ്ഥലത്തുവച്ചും പിന്നീടു നാം തനിച്ചായിരിക്കുമ്പോഴും ഇവയുടെ ആദ്ധ്യാത്മികരസം നമുക്കു് ആസ്വദിക്കാവുന്നതാണു്.

എട്ടാം അധ്യായം

ധ്യാനത്തെ സംബന്ധിച്ചു മറ്റു ചില നിർദ്ദേശങ്ങൾ

ധ്യാനം കഴിഞ്ഞു് അന്നദിനകൃത്യങ്ങളിൽ നാം വ്യാപൃതരാകുമ്പോൾ നമ്മുടെ പ്രതിജ്ഞകളെ വിസ്മരിക്കരുതു്. അതു പ്രായോഗികമാക്കുന്നതിനു ബദ്ധശ്രദ്ധരായിരിക്കണം. ഇതാണു ധ്യാനത്തിന്റെ സർവ്വപ്രധാനമായ ഫലം. ഇതില്ലെങ്കിൽ ധ്യാനം നിരുപയോഗവും ചിലപ്പോൾ ഉപദ്രവകരവുമായിരിക്കും. സുകൃതങ്ങൾ അഭ്യസിക്കാതെ അവയെക്കുറിച്ചു ധ്യാനിക്കുന്നതുകൊണ്ടുമാത്രം സംതൃപ്തരാകുന്നപക്ഷം പ്രസ്തുത പുണ്യങ്ങൾ നമ്മിലുണ്ടെന്നു സങ്കല്പിച്ചു് അഹങ്കരിക്കുന്നതിനു് ഏളുപ്പമുണ്ടു്. അതുകൊണ്ടു നമ്മുടെ പ്രതിജ്ഞകളെ പ്രായോഗികമാക്കുന്നതിനുള്ള സകല സന്ദർഭങ്ങളും മാർഗ്ഗങ്ങളും സർവ്വാത്മനാ കൈവരിക്കേണ്ടതാകുന്നു. ഉദാഹരണമായി,

എന്നെ ക്ലേശിപ്പിക്കുന്നവരെ ശാന്തതയാൽ ആകർഷിക്കുമെന്നൊരു പ്രതിജ്ഞ ചെയ്യുന്നപക്ഷം സ്നേഹപൂർവ്വം അവരെ സമീകരിക്കുന്നതിനുള്ള ഒരു സന്ദർഭം ലഭിക്കുന്നതിനു ഞാൻ ശ്രമിക്കാതിരിക്കയില്ല. അതിനു സൗകര്യപ്പെട്ടില്ലെങ്കിൽ അവരെപ്പറ്റി നന്നായി സംസാരിക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നതാണ്.

ധ്യാനത്തിൽനിന്നു വിരമിക്കുന്ന ഉടൻതന്നെ അന്യചിന്തകൾക്കു വ്യഗ്രതയിൽ പ്രവേശനം നല്കരുതു്. എന്തുകൊണ്ടെന്നാൽ ധ്യാനത്തിൽ ലഭിച്ച ദിവ്യാമൃതം ചിന്തിപ്പോകുന്നതിനു് എളുപ്പമുണ്ടു്. സൗകര്യമുണ്ടെങ്കിൽ കുറെനേരത്തേക്കെങ്കിലും ഏകാന്തനായിരുന്നു്, പ്രതിജ്ഞകളെക്കുറിച്ചും മറ്റും ചിന്തിച്ചു സാവധാനം അന്നദിനകൃത്യങ്ങളിൽ ഏർപ്പെടണമെന്നത്രേ ഇതുകൊണ്ടു ഞാൻ വിവക്ഷിക്കുന്നതു്. വളരെ വിലയേറിയ ദ്രവകം നിറഞ്ഞ ഒരു പരന്നപാത്രം കൈയിലുള്ള ഒരാൾ അങ്ങുമിങ്ങും നോക്കാതെ ശ്രദ്ധാപൂർവ്വം നടക്കുന്നു. വല്ല കല്ലിലും തട്ടി വീഴാതിരിക്കുന്നതിനും വഴിതെറ്റാതിരിക്കുന്നതിനുമായി നേരെ മുൻപിൽമാത്രമേ നോക്കുകയുള്ളൂ. പാത്രം മറിയാതിരിക്കുന്നതിനും അയാൾ സൂക്ഷിക്കും. ധ്യാനശേഷം നാം വർത്തിക്കേണ്ടതും ഇങ്ങനെതന്നെ. ലൗകികകാര്യങ്ങളിൽ ഏർപ്പെട്ടവാൻ നിർബ്ബന്ധിതരാകുന്നെങ്കിൽ തന്മൂലം ധ്യാനഫലം നഷ്ടപ്പെടാതെ സൂക്ഷിച്ചുകൊള്ളുക. നഷ്ടപ്പെട്ടേക്കുമെന്നു കണ്ടാൽ, ആ നഷ്ടം കഴിയുന്നത്ര ലഘൂകരിക്കുവാൻ ശ്രമിക്കേണ്ടതാണ്.

നമ്മുടെ ജീവിതാവസ്ഥയ്ക്ക് അത്യന്താപേക്ഷിതമായ മുതലകൾ മാനസികമായ ഏകാഗ്രതയ്ക്കു വിഘ്നമാണെങ്കിൽത്തന്നെയും, അതിനു ഭംഗം വരാതെ ധ്യാനത്തിൽനിന്നു വിരമിച്ചാലുടൻ പ്രസ്തുതജോലികളിൽ ഏർപ്പെടുന്നതിനു പ്രത്യേകം പരിശീലിക്കണം. ഒരു വക്കീൽ തന്റെ അഭിഭാഷകവൃത്തിയും, കച്ചവടക്കാരൻ തന്റെ വ്യാപാരവും, മറ്റു

തന്റെ വൈവാഹികവും ഗാർഹികവുമായ ധർമ്മങ്ങളും സമചിത്തതയോടെ നിർവഹിക്കുന്നതിന്, അഭ്യസിക്കണമെന്നാണ് ഇതിന്റെ വിവക്ഷ. ധ്യാനിക്കുന്നതുപോലെതന്നെ ജോലി ചെയ്യുന്നതും ദൈവാരാധനയാണ്. അതിനാൽ ഭക്തിയോടും വിനയത്തോടുംകൂടി നാം ദിനകൃത്യങ്ങളിൽ ഏർപ്പെടേണ്ടതത്രേ.

ചിലപ്പോൾ, ധ്യാനത്തിന്റെ പ്രാരംഭത്തിൽ പ്രായോഗിക ചിന്തയ്ക്കു മുൻപുതന്നെ ദൈവസ്നേഹാധിക്യത്താൽ നിന്റെ ഹൃദയം ഉജ്ജ്വലിക്കുന്നതായി നിനക്ക് അനുഭവപ്പെട്ടേക്കാം. അപ്പോൾ, മുൻ പ്രസ്താവിച്ചപ്രകാരം ധ്യാനം തുടരുവാൻ ശ്രമിക്കാതെ സ്നേഹചിന്തകളെ പരിപോഷിപ്പിക്കയാണു വേണ്ടതു്. ദൈവസ്നേഹത്തെ ഉദ്ദീപിപ്പിക്കയാണു പ്രായോഗികചിന്തയുടെ കൃത്യം. അതുകൂടാതെതന്നെ, പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ സ്നേഹവികാരങ്ങൾ ഉണ്ടാകുമ്പോൾ അവ പൂർണ്ണമായി വികസിച്ചുകൊള്ളട്ടെ. സംക്ഷേപമായി പറയുന്നതായാൽ സ്നേഹവികാരങ്ങൾ പ്രായോഗികചിന്തയ്ക്കു മുൻപോ പിൻപോ അനുഭവപ്പെട്ടാലുടൻ അവയെ സ്വീകരിച്ചു പരിപോഷിപ്പിക്കുകതന്നെ വേണം. ധ്യാനത്തിന്റെ വിവിധഭാഗങ്ങൾ വ്യക്തമാക്കുന്നതിനുവേണ്ടി മാത്രമാണ് പ്രായോഗികചിന്തയ്ക്കുശേഷം സ്നേഹപ്രകരണങ്ങളെക്കുറിച്ചു പ്രസ്താവിച്ചിരിക്കുന്നതു്. ധ്യാനത്തിൽ ദൈവസ്നേഹവികാരങ്ങൾ ഉളവാകുമ്പോൾ അവയെ ഒരിക്കലും തടയരുതെന്നാണു സാമാന്യനിയമം. കൃതജ്ഞതാപ്രകരണം, സമർപ്പണം, അപേക്ഷ മുതലായ അവസാനഭാഗങ്ങളിൽ അനുഷ്ഠിക്കേണ്ട നിയമവും ഇതുതന്നെ. സ്നേഹവികാരങ്ങളെ ഒരിക്കലും അവഗണിക്കരുതു്. എന്നാൽ പ്രതിജ്ഞ ചെയ്യുന്നതു് ഇവയെല്ലാം കഴിഞ്ഞു ധ്യാനം സമാപിക്കുന്നതിനുമുൻപു മതി. പ്രതിജ്ഞകൾ നമ്മുടെ അനുദിനജീവിതത്തോടു വളരെ ബന്ധമുള്ള സംഗതികളെക്കുറിച്ചായിരിക്കേണ്ടതിനാൽ നേര

ത്തെ അതിനുദ്യമിക്കുന്ന പക്ഷം അന്യചിന്തകർക്ക് അവ കാരണമായേക്കും.

സ്നേഹപ്രകരണങ്ങളുടേയും പ്രതിജ്ഞകളുടേയും മദ്ധ്യേ നമ്മുടെ ദിവ്യരക്ഷകനോടോ കാവൽദൂതന്മാരോടോ ധ്യാന വിഷയവുമായി ബന്ധമുള്ള വിശുദ്ധന്മാരോടോ മറ്റു വിശുദ്ധാത്മാക്കളോടോ അന്തരികമായി സ്നേഹസല്ലാപം നടത്തുന്നതു നല്ലതാണ്. നമ്മുടെ ആത്മാവിനോടുതന്നെയും ഈ അന്തരികസംഭാഷണം നടത്താം. ദാവീദു ദീർഘദർശി തന്റെ സങ്കീർത്തനങ്ങളിലും, മറ്റു ചില വിശുദ്ധന്മാർ തങ്ങളുടെ ധ്യാനത്തിലും ചെയ്തതുപോലെ ചിലപ്പോൾ പ്രകൃതിയോടും അചേതന വസ്തുക്കളോടുതന്നെയും ഈ സൈ്വരസല്ലാപം ചെയ്യുന്നതിൽ വിരോധമില്ല.

ഒമ്പതാം അധ്യായം


ധ്യാനസമയത്തുണ്ടാകാവുന്ന ഹൃദയമാന്ദ്യം

പ്രിയ സഹോദരാ, ധ്യാനത്തിൽ സന്തോഷമോ ആശ്വാസമോ തോന്നാത്ത അവസരങ്ങളിൽ നീ അധൈര്യപ്പെടരുതു്. പ്രസ്തുതസന്ദർഭങ്ങളിൽ ചില ജപങ്ങളും ചൊല്ലുന്നതു കൊള്ളാം. നിന്റെ അയോഗ്യതയെ ഏറ്റു പറഞ്ഞുകൊണ്ടു ദിവ്യനാഥനോടുതന്നെ നീ സങ്കടമറിയിക്കുക. പൂർവ്വപിതാവായ യാക്കോബിനോടുകൂടെ "കർത്താവേ! എന്നെ അനുഗ്രഹിക്കാതെ അങ്ങയെ ഞാൻ വിട്ടയയ്ക്കയില്ല." എന്നും, കാനായക്കാരി സ്ത്രീയോടുകൂടെ "കർത്താവേ, നായ്ക്കളും അവയുടെ യജമാനന്റെ മേശയിൽനിന്നു വീഴുന്ന അപ്പക്കഷണങ്ങളും ഭക്ഷിച്ചു് ഉപജീവിക്കുന്നുണ്ടല്ലോ" എന്നും അങ്ങയോടു് ഉണർത്തിക്കുക. അല്ലെങ്കിൽ ആത്മചൈതന്യം പ്രവൃത്തിമുഖമാകുന്നതുവരെ ഏതെങ്കിലും ഒരു പുസ്തകത്തിൽനിന്നു കുറെഭാഗം

ശ്രദ്ധാപൂർവ്വം വായിക്കുന്നതും വളരെ നല്ലതാണ്. ബാഹ്യമായ ഭക്തിപ്രകടനം വഴിയായും ചിലപ്പോൾ ആത്മശക്തികളെ ഉത്തേജിപ്പിക്കുവാൻ സാധിക്കും. കുറെനേരത്തേക്കു കൈകൾ കൂപ്പിനില്ക്കുക, കുരിശുരൂപം ചുംബിക്കുക മുതലായവ ഇതിനു് ഉദാഹരണങ്ങളാണ്. നീ തനിയെ ആയിരിക്കുമ്പോഴാണു് ഇവ കൂടുതൽ സഹീകാര്യം.

ഈ ശ്രമങ്ങൾക്കുശേഷവും ഹൃദയാശ്വാസം ലഭിക്കുന്നില്ലെങ്കിൽ നീ ഗോശനാകേണ്ടതില്ല. കേരളാദരപുരസ്സരം ദൈവസന്നിധിയിൽത്തന്നെ നിന്നാൽ മതി. ദിവസംപ്രതി എത്ര സേവകന്മാരാണു രാജസന്നിധിയിൽ ഹാജരാകുന്നതു്. അവർക്കു രാജാവിനോടു സംസാരിക്കാമെന്നുള്ള ആശയേ ഇല്ല. രാജാവു തങ്ങളെ കാണുന്നതുകൊണ്ടും തങ്ങളുടെ ആചാരോപചാരങ്ങൾ സഹീകരിക്കുന്നതുകൊണ്ടും അവർ സംതൃപ്തരാകുന്നു. ഇതുപോലെ, നാം ധ്യാനത്തിനൊരുമ്പെടുന്നതു ദൈവത്തോടു നമുക്കുള്ള ഭക്ത്യാദരങ്ങൾ പ്രകടിപ്പിക്കുന്നതിനും നമ്മുടെ വിശ്വസ്തത പ്രദർശിപ്പിക്കുന്നതിനും മാത്രമായിരിക്കട്ടെ. ദിവ്യനിവേശങ്ങളും ആന്തരികാശ്വാസങ്ങളുംവഴി അവിടുന്നു നമ്മോടു സംസാരിക്കാൻ തിരുമനസ്സാകുന്നെങ്കിൽ അതു് അവർണ്ണനീയമായ ഒരനുഗ്രഹംതന്നെ. എന്നാൽ, അവിടുന്നു നമ്മോടു സംഭാഷണം ചെയ്യുന്നില്ലെന്നു മാത്രമല്ല, യാതൊരു ആനുകൂല്യവും പ്രദർശിപ്പിക്കുകയോ നമ്മെ കാണുന്നതായി ഭാവിക്കുകയോ ചെയ്യാതിരുന്നാൽത്തന്നെയും ധ്യാനം ഉപേക്ഷിക്കരുതു്. അവിടുന്നു നമ്മുടെ ക്ഷമയിൽ സന്തുഷ്ടനാകും. നമ്മുടെ ഉത്സാഹവും സ്ഥിരതയും അവിടുന്നു പരിഗണിക്കയും ചെയ്യും. തന്മൂലം, ദൈവസമക്ഷം നാം വീണ്ടും സന്നിഹിതരാകുമ്പോൾ അവിടുന്നു നമ്മെ കടാക്ഷിച്ചു ദിവ്യാശ്വാസങ്ങൾ പ്രദാനം ചെയ്ത തീക്ഷ്ണമായ ധ്യാനത്തിന്റെ ദിവ്യാനന്ദം ആസ്വദിപ്പിക്കാതിരിക്കയില്ല. ഇതൊന്നുമില്ലെങ്കിൽത്തന്നെയും ദിവ്യനാഥനെ സമീപിച്ചു് അദ്ദേഹ

ത്തിന്റെ മുൻപാകെ നില്ക്കുന്നതുതന്നെ ഒരു വലിയ ബഹുമാനമാണ്. അതുകൊണ്ടു നമുക്കു സംതൃപ്തരാകാം.



പത്താം അധ്യായം

പ്രഭാതാനുഷ്ഠാനം

ധ്യാനത്തിനും, ദിവസം ഒരു പ്രാവശ്യംമാത്രം കഴിക്കുന്ന ദീർഘമായ പ്രാർത്ഥനയ്ക്കും പുറമേ, ഇവയുടെ അനുബന്ധമെന്നോണമുള്ള അഞ്ചുതരം ലഘുപ്രാർത്ഥനകളുമുണ്ട്. അന്നത്തെ സകല കൃത്യങ്ങളുടേയും പ്രാരംഭമായി പ്രഭാതത്തിൽ ചെയ്യുന്ന പ്രാർത്ഥനയത്രേ ഇവയിൽ പ്രഥമം. അതു നിർവ്വഹിക്കേണ്ടതിപ്രകാരമാണ്:—

കഴിഞ്ഞരാത്രിയിൽ അപകടമൊന്നും കൂടാതെ നിന്നെ സംരക്ഷിച്ചതിനു ദൈവത്തെ സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യുക; രാത്രിയിൽ വല്ല പാപവും ചെയ്തുപോയെങ്കിൽ അതിനെക്കുറിച്ചു മനസ്താപിച്ചു മാപ്പപേക്ഷിക്കുകയും വേണം.

അനന്തരജീവിതത്തിൽ ലഭിക്കാവുന്ന നിത്യസമ്മാനം പ്രാപിക്കുന്നതിനുവേണ്ടി മാത്രമാണ് ഈ ദിവസം നിനക്കു നല്കപ്പെട്ടിരിക്കുന്നത്. അതിനാൽ, ഈ ഉദ്ദേശ്യം സാധിക്കുന്നതിനായി ഈ ദിവസത്തെ ശരിയായി വിനിയോഗിച്ചുകൊള്ളാമെന്നു ദൃഢപ്രതിജ്ഞ ചെയ്യണം.

ഇന്ന് എന്തെല്ലാം ജോലികൾ ചെയ്യണം; ഇന്നത്തെ സംസാരവിഷയങ്ങൾ എന്തെല്ലാമായിരിക്കാം; ദൈവത്തെ സ്തുതിക്കുന്നതിനു പര്യാപ്തമായ സന്ദർഭങ്ങൾ വല്ലതും ലഭിക്കുമോ; ദൈവത്തിന് ഉപവേകരമായ പ്രലോഭനങ്ങളുണ്ടായേക്കുമോ; ഉണ്ടാകുന്നെങ്കിൽ എന്തായിരിക്കാം അവയുടെ കാരണം; അഹങ്കാരമോ കോപമോ മറുവല്ലതുമോ? ഇവ

യെല്ലാം പ്രഭാതത്തിൽത്തന്നെ ചിന്തിച്ചുനോക്കുക. ദൈവമഹത്വം വർദ്ധിപ്പിക്കുന്നതിനും നിന്റെ ഭക്തിയെ പരിപോഷിപ്പിക്കുന്നതിനുമുള്ള എല്ലാ സന്ദർഭങ്ങളും ഉത്തമമായവിധം വിനിയോഗിച്ചുകൊള്ളാമെന്നു പ്രതിജ്ഞ ചെയ്യണം. ഇതിനു പ്രതികൂലമായ സകല സാഹചര്യങ്ങളും പരിത്യജിക്കുന്നതിനുള്ള ദൃഢനിശ്ചയവും അത്യന്താപേക്ഷിതമാണ്. ഇങ്ങനെ ഒരു പ്രതിജ്ഞ ചെയ്താൽമാത്രം പോരാ; അതു പ്രായോഗികമാക്കുന്നതിനുള്ള മാർഗ്ഗം എന്താണെന്ന് ആലോചിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഉദാഹരണമായി, മുൻകോപിയും ദുർന്നടപ്പുകാരനുമായ ഒരാളുമായി എന്തെങ്കിലും സംഗതിയിൽ ഏർപ്പെടേണ്ടിവരുമെന്നറിഞ്ഞാൽ, പ്രസ്തുത അവസരത്തിൽ അയാളെ കോപിതനാക്കുന്ന വാക്കുകളൊന്നും ഉപയോഗിക്കയില്ലെന്ന പ്രതിജ്ഞ ചെയ്യുന്നതിനു പുറമെ, അയാളുടെ അരിശത്തെ ശമിപ്പിക്കത്തക്ക സൗമ്യപദങ്ങൾ ആലോചിച്ചു വയ്ക്കുകയും, അതുകൊണ്ടും മതിയാകയില്ലെന്നു തോന്നുന്നപക്ഷം അയാളുടെ കോപം തടയുവാൻ ശ്രമിയുള്ള ഒരാളുടെ സാന്നിദ്ധ്യം തദവസരത്തിൽ ഉണ്ടായിരിക്കുന്നതിനു ശ്രമിക്കുകയും ചെയ്യേണ്ടതാണ്. ഇന്ന് ഒരു രോഗിയെ സന്ദർശിക്കേണ്ട ആവശ്യമുണ്ടെന്നു കണ്ടാൽ അതിനുള്ള സമയവും അപ്പോൾ ചെയ്യേണ്ട സഹായവും ശുശ്രൂഷകളും മുൻകൂട്ടി നിശ്ചയിക്കുക. ഇങ്ങനെ ഓരോ കാര്യവും നേരത്തേതന്നെ തീർച്ചപ്പെടുത്തേണ്ടതത്രേ.

അനന്തരം, നന്മചെയ്യുന്നതിനോ തിന്മയിൽനിന്ന് അകന്നിരിക്കുന്നതിനോ ഉള്ള പ്രസ്തുത പ്രതിജ്ഞകൾ സ്വശക്തിയാൽ നിർവ്വഹിക്കുവാൻ സാധിക്കയില്ലെന്ന് ഏറ്റുപറഞ്ഞുകൊണ്ടു ദൈവസന്നിധിയിൽ നിന്നെത്തന്നെ എളിമപ്പെടുത്തുക. നിന്റെ കൈകളിൽ വച്ചിരുന്നാലെന്നപോലെ നിന്റെ ഹൃദയത്തെ അതിന്റെ സകല അഭിലാഷങ്ങളോടുംകൂടി ദൈവത്തിനു സമർപ്പിച്ചുകൊണ്ട്, അതിനെ സംരക്ഷി

ക്കുന്നതിനും അങ്ങയെ സ്തുതിക്കുന്നതിനു ശക്തി നല്കുന്നതിനും അപേക്ഷിക്കണം. "ഓ! എന്റെ കർത്താവേ, അവിടുത്തെ അനുഗ്രഹത്താൽ അനേകം നല്ല നിയോഗങ്ങൾക്കും അനുഗ്രഹങ്ങൾക്കും ഉൽപത്തിസ്ഥാനമാകുവാൻ ഭാഗ്യം സിദ്ധിച്ച എന്റെ ഹൃദയം ഇതാ. അതു വളരെ ബലഹീനമാണ്; അങ്ങേ സഹായത്താലല്ലാതെ ഈ അനുഗ്രഹങ്ങളെ ഫലപ്രദമാക്കുന്നതിനുള്ള ശക്തി അതിനില്ല. അതിനാൽ സ്നേഹമുള്ള പിതാവേ, നിന്റെ തിരുക്കുമാരന്റെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും യോഗ്യതകളെക്കുറിച്ച് ഈ അനുഗ്രഹം എനിക്കു പ്രദാനം ചെയ്യണമെന്നു നിന്നോടു ഞാൻ അപേക്ഷിക്കുന്നു. ഈ ദിവസവും എന്റെ ജീവിതകാലം മുഴുവനും അങ്ങേ സ്തുതിക്കായി സമർപ്പിക്കുകയും ചെയ്യുന്നു." ഇതോ ഇതിനു തുല്യമായ മറേറതെങ്കിലും ജപമോ ഉപയോഗിക്കാവുന്നതാണ്. അതിനുശേഷം, പരിശുദ്ധ ദൈവമാതാവിന്റെയും കവൽമാലാഖായുടേയും മറ്റു വിശുദ്ധരുടേയും സഹായം അപേക്ഷിച്ചുകൊള്ളുക.

രാവിലേ, ശയനമുറിയിൽനിന്നു പോകുന്നതിനു മുൻപുതന്നെ ഈ കൃത്യം നിവ്വഹിക്കണം. വളരെ ദീർഘമായിരിക്കണമെന്നില്ല; പക്ഷേ, ഭക്തിപൂർവമായിരിക്കണം. ഇങ്ങനെ ചെയ്യുന്നപക്ഷം ധാരാളം ദൈവാനുഗ്രഹങ്ങൾ ആ ദിവസത്തിലേ സകല കൃത്യങ്ങളിലും നിനക്കു ലഭിക്കും. അതുകൊണ്ട്, ഒരിക്കലും ഇതിനു വിഘ്നം വരുത്തരുത്.

പതിനൊന്നാം അധ്യായം

സന്ധ്യാനുഷ്ഠാനവും ആത്മശോധനയും

ദിനകൃത്യങ്ങൾക്കു സമുചിതമായ ഒരു പ്രാരംഭമായി പ്രഭാതഭക്ഷണത്തിനു മുൻപുതന്നെ ആദ്ധ്യാത്മികധ്യാനം നടത്തി. അതുപോലെ, സായാഹ്നഭക്ഷണത്തിനു മുൻപും അ

ത്മാവിന് ഒരു ലഘുക്ഷേണം നല്ലേണ്ടതു് അത്യാവശ്യമാകുന്നു. ഇതിനുള്ള സമയം മുൻകൂട്ടി നിശ്ചയിച്ചിരിക്കണം. അന്യ ചിന്തകളെല്ലാം പരിത്യജിച്ചു ദൈവസന്നിധിയിൽ സാഷ്ടാംഗപ്രണാമം ചെയ്തു ക്ലേശിതനായ യേശുവിനെ നിൻെറ അന്തരികനയനങ്ങൾക്കു വിഷയീഭവിപ്പിച്ചുകൊണ്ടു് ഏകാഗ്രചിത്തനായിരിക്കുക. രാവിലത്തെ ധ്യാനത്തിൻെറ ഫലമായുണ്ടായ ഹൃദയവികാരങ്ങൾ വീണ്ടും ഉജ്ജ്വലിപ്പിക്കുന്നതിനു ശ്രമിക്കണം. ധ്യാനത്തിലേ ചിന്താവിഷയങ്ങൾ, സൂക്തജപങ്ങൾ, സ്നേഹപ്രകരണങ്ങൾ ഇവവഴിയായും ഇതു സാധിക്കാം.

നിദ്രയ്ക്കുമുൻപുള്ള ആത്മശോധന അവശ്യാവശ്യമത്രേ. ദിവസംമുഴുവൻ നിന്നെ പരിപാലിച്ച ദൈവത്തിനു് ആദ്യമായി കൃതജ്ഞത പ്രകാശിപ്പിക്കുക. അനന്തരം, ആ ദിവസത്തെ എങ്ങനെ വിനിയോഗിച്ചുവെന്നു പരിശോധിക്കണം. അതായതു്, എവിടെയെല്ലാം പോയി, ആരോടെല്ലാം സംസാരിച്ചു, എന്തെല്ലാം ജോലിചെയ്തു എന്നു ചിന്തിച്ചുനോക്കണം. ഏതെങ്കിലും നന്മ ചെയ്തിട്ടുണ്ടെങ്കിൽ, അതിൻെറ ഹേതുഭൂതനായ ദൈവത്തിനു നന്ദി പ്രകടിപ്പിക്കുക. വല്ല പാപത്തിലും ഉൾപ്പെട്ടുപോയെങ്കിൽ, ഉടനെ കുമ്പസാരിച്ചു പരിഹാരം ചെയ്തുകൊള്ളാമെന്നു പ്രതിജ്ഞചെയ്തുകൊണ്ടു ദൈവത്തോടു ക്ഷമായാചനംചെയ്യണം. നമ്മുടെ ആത്മശരീരങ്ങളേയും ബന്ധുമിത്രാദികളേയും കർത്തോലിക്കാ തിരുസ്സഭയെത്തന്നെയും ദൈവപരിപാലനത്തിനു സമർപ്പിക്കുകയാണു പിന്നീടു ചെയ്യേണ്ടതു്.

ദിവ്യജനനിയുടേയും വി. യൗസേപ്പുപിതാവിൻെറയും കാവൽമാലാഖയുടേയും സകല വിശുദ്ധരുടേയും മാദ്ധ്യസ്ഥ്യം അപേക്ഷിക്കുകയും അവരുടെ പരിപാലനത്തിനു നമ്മെ ഏല്പിക്കുകയും ചെയ്യണം. ഇങ്ങനെ ദൈവാശീർവാദം ലഭിച്ചതിനുശേഷമേ നീ നിദ്രയാരംഭിക്കാവൂ.

ഉഷ:കാലജപംപോലെതന്നെ പ്രാധാന്യമുള്ളതാണു രാത്രിജപവും. ഇവ രണ്ടും ഒരിക്കലും ഉപേക്ഷിക്കരുതു്. ആദ്യത്തേതു്, നീതിസൂര്യന്റെ പ്രകാശത്തിനായി ആത്മകവാടങ്ങളെ തുറക്കുന്നു. രണ്ടാമത്തേതാകട്ടെ, അന്ധകാരത്തിൽനിന്നു രക്ഷപ്പെടുന്നതിനായി അവയെ അടയ്ക്കുന്നു.

പന്ത്രണ്ടാം അധ്യായം

ആത്മീയമായ ഏകാന്തം

ശ്രേഷ്ഠാത്മികപുരോഗതിക്കുള്ള സുനിശ്ചിതമായ മാർഗ്ഗങ്ങളിലൊന്നാണു് ആത്മീയമായ ഏകാന്തം. അതിനാൽ ഈ വിഷയത്തിൽ സവിശേഷമായ ശ്രദ്ധ പതിക്കണമെന്നതേ എന്റെ അഭിലാഷം.

അന്യത്ര പ്രസ്താവിച്ച നാലു മാർഗ്ഗങ്ങളിൽ ഏതെങ്കിലും ഒന്നുപയോഗിച്ചു ദിവസത്തിൽ പലപ്രാവശ്യം നാം ദൈവസാന്നിദ്ധ്യം അനുസ്മരിക്കണം. അവിടുന്നു് എന്തുചെയ്യുന്നു; നാം എന്തു ചെയ്യുന്നു; ഇവ നന്നായി ചിന്തിക്കുക. നിസ്സീമസ്നേഹത്തോടേ ദൈവം സദാ നിന്നെ നോക്കുന്നതായി കാണാം. ഓ! എന്റെ ദൈവമേ, നീ സദാ എന്നെ നോക്കി സൂക്ഷിക്കുന്നു; എന്നാൽ, എന്റെ കണ്ണുകൾ നിന്റെ നേരെ ഞാൻ തിരിക്കുന്നില്ല. നീ സദാ എന്നെ സ്മരിക്കുന്നു; ഞാനാകട്ടെ, നിന്നെ മറന്നുകളയുന്നു. ഇതിന്റെ കാരണമെന്തു്? ഹാ! എന്റെ ആത്മാവേ, ദൈവം മാത്രമാണു നിന്റെ സങ്കേതം. എന്നാൽ, അങ്ങയിൽത്തന്നെയോ നീ ആശ്വാസം തേടുന്നതു്?

സൂര്യന്റെ ചൂടു് അതികഠിനമായിരിക്കുമ്പോൾ മാൻപേടകൾ വനാന്തർഭാഗത്തുള്ള വൻവൃക്ഷങ്ങളുടെ ശീതളമായ തണലിൽ അഭയംപ്രാപിച്ചു് ആശ്വസിക്കുന്നു. പക്ഷികൾക്കാകട്ടെ ആശ്വസിക്കുന്നതിനു കൂടുണ്ടു്. ഇതുപോലെ,

ഏകാന്തത്തിൽ വിശ്രമിക്കുന്നതിന് ഒരഭയസ്ഥാനം നമ്മുടെ ഹൃദയത്തിനും അത്യാവശ്യമാണ്. അതു ഗാഗുൽത്താമലയോ ക്രിസ്തനാഥന്റെ തിരുമുറിവുകളോ, അങ്ങയോടു ബന്ധമുള്ള മറേറതെങ്കിലും സ്ഥലമോ ആകാം. അവിടെ സദാ അഭയം പ്രാപിക്കുക. നാം ഭൗമികകാര്യങ്ങളിൽ വ്യാപൃതരായി ക്ഷീണിക്കുമ്പോൾ വിശ്രമസ്ഥലവും, പ്രലോഭനങ്ങളാൽ പീഡിപ്പിക്കപ്പെടുമ്പോൾ സുരക്ഷിതമായ അഭയസ്ഥാനവും അതുതന്നെയായിരിക്കട്ടെ. "കർത്താവേ, മഴയിൽ അഭയവും, ചൂടിൽ തണുപ്പും എന്നുവേണ്ടാ, രക്ഷയും ആശ്രയവും നീതന്നെയാണ്" എന്നു ദാവീദിനെപ്പോലെ നിർവ്വിശങ്കം പറയുവാൻ സാധിക്കുന്നവർ അനുഗ്രഹീതർതന്നെ.

സംഭാഷണത്തിലോ ഇതരജോലികളിലോ ഏർപ്പെട്ടിരിക്കുമ്പോൾപ്പോലും ഒരുടെയും അന്തരികമായ ഏകാഗ്രതയുടെ കാര്യം വിസ്മരിക്കരുതു്. മറുള്ളവരുടെ സാമീപ്യം ഇതിനൊരു വിഘ്നമല്ല. അവർ നിന്റെ ശരീരത്തെ മാത്രമേ സമീപിക്കുന്നുള്ളു; ഹൃദയം അവരിൽനിന്നു വിദൂരമാണ്. അതു ദൈവസന്നിധിയിലാണ് സ്ഥിതിചെയ്യേണ്ടതു്. ദാവീദുദീർഘദർശി തന്റെ വിവിധകൃത്യങ്ങളിൽപ്പോലും ഹൃദയത്തിന്റെ ഏകാന്തതയെ പാലിച്ചിരുന്നു.

"കർത്താവേ, സദാ ഞാൻ നിന്നോടുകൂടിയാണ്. എന്റെ ദൈവത്തെ എപ്പോഴും എന്റെ കൺമുമ്പിൽ ഞാൻ കാണുന്നുണ്ടു"; സപർഗ്ഗത്തിൽ നിവസിക്കുന്ന നിന്നിലേയ്ക്ക് എന്റെ കണ്ണുകളെ ഞാൻ ഉയർത്തി; എന്റെ കണ്ണുകൾ സദാ ദൈവസന്നിധിയിലേയ്ക്കു തിരിഞ്ഞിരിക്കുന്നു" എന്നു് അദ്ദേഹം പ്രസ്താവിക്കുന്നു. ഹൃദയത്തെ ദിവ്യമായ ഏകാഗ്രതയിൽ ലയിപ്പിക്കുന്നതിനു വിഘാതമാകുന്നവിധം അത്യഗൗരവാവഹങ്ങളല്ല നമ്മുടെ സാധാരണ ജോലികൾ.

പ്രാർത്ഥനയ്ക്കും ധ്യാനത്തിനുമുള്ള യാതൊരു സൗകര്യവും സീയന്നായിലേ വി. കന്യകയുടെ മാതാപിതാക്കന്മാർ അ

വർക്കു നല്കിയിരുന്നില്ല. തന്റെ ദിവ്യനാഥന്റെ ഉപദേശമനുസരിച്ച് ആത്മാവിൽത്തന്നെ ഒരു പ്രാർത്ഥനാലയം നിർമ്മിക്കയാണ് അപ്പോർം അവർം ചെയ്തത്. തന്മൂലം, ശാരീരികജോലികർക്കിടയിൽപ്പോലും ഹൃദയത്തിന്റെ ഏകാന്തം പാലിക്കുന്നതിന് ഈ വിശുദ്ധയ്ക്കു സാധിച്ചു. പ്രാപഞ്ചികമായ കോലാഹലങ്ങർംകൊണ്ട് അവർംക്കു യാതൊരു വിഷമവും ഉണ്ടായില്ല. തദവസരങ്ങളിൽ ഹൃദയാന്തർഭാഗത്തു പ്രവേശിച്ചു തന്റെ ദിവ്യമണവാളനിൽ ആശ്വാസം തേടിയിരുന്നതായി അവർംതന്നെ പ്രസ്താവിക്കുന്നുണ്ട്. ഈ ഉപദേശംതന്നെ പിന്നീട്, വിശുദ്ധ തന്റെ ആത്മീയപുത്രികർംക്കു നല്കിയിരുന്നു.

ദിവ്യനാഥനുമായി സൈർയസല്ലാപം നടത്തുന്നതിനു വേണ്ടി ചിലപ്പോഴെല്ലാം മനുഷ്യരുടെ സഹവാസങ്ങളിൽനിന്നകന്ന് ഏകാന്തതയിൽ കഴിക്കണം. "വനാന്തരത്തിൽ സഞ്ചരിക്കുന്ന രാജാളിപ്പക്ഷിയെപ്പോലെയും ശൂന്യഗൃഹത്തിൽ വസിക്കുന്ന മൂങ്ങായെപ്പോലെയും ഞാൻ ആയിത്തീർന്നു." "ഞാൻ ഉണർന്നിരിക്കുകയും ഗൃഹോപരി ഏകാകിയായിരിക്കുന്ന വാനമ്പാടിയെപ്പോലെ ആവുകയും ചെയ്തു" എന്നു രാജകീയസങ്കീർത്തകൻ പാടുന്നു. ഈ മൊഴികൾ ഏകാന്തധ്യാനത്തിനായി ധാരാളം സമയം വിനിയോഗിച്ചിരുന്നുവെന്ന് ഇതിൽനിന്നു മനസ്സിലാക്കാം. കൂടാതെ, ഏകാന്തത്തിന്റെ മൂന്നു വ്യത്യസ്തരൂപങ്ങളും ഇതിൽ അന്തർലീനമായിട്ടുണ്ട്. ഇവയ്ക്ക് ഉത്തമമാതൃക യേശുനാഥൻതന്നെ. സപരകൃത്തൽ തന്റെ കൂടെയുണ്ടായിരുന്നപ്പോഴുള്ള രാജാളിപ്പക്ഷിയെപ്പോലെയാണ് അവിടുന്നു ഗാഗുൽത്താമലമുകളിൽ പ്രത്യക്ഷനാകുന്നതു്. ശൂന്യഗൃഹത്തിൽ വസിക്കുന്ന മൂങ്ങായ്ക്കു തുല്യം നമ്മുടെ പാപങ്ങളെക്കുറിച്ചു കരഞ്ഞുകൊണ്ട് അദ്ദേഹം പുല്ക്കൂട്ടിൽ ജാതനായി. സപര്യാരോഹണത്തിൽ, വാനമ്പാടിപ്പക്ഷിക്കു സമം അങ്ങ് അത്യുന്നതങ്ങളിലേക്കു ഗമിക്കുന്നു. ബാഹ്യമായ

ജോലിത്തിരക്കുകളിൽപ്പോലും ഈ മൂന്നു രംഗങ്ങളിൽ ആന്തരികമായി നമുക്കു സന്നിഹിതരാകാം.

പ്രോവെൻസിലേ ആയ്ഞ്ഞാൻദേശത്തിന്റെ പ്രഭുവായ എലിസയർ ദീർഘകാലത്തേയ്ക്കു തന്റെ പ്രിയതമയായ ഡെൽഫീനായിൽനിന്നു പിരിഞ്ഞുതാമസിക്കേണ്ടിവന്നപ്പോൾ, ഭക്തയും പതിവ്രതയുമായ ആ പ്രഭ്വി തന്റെ ഭർത്താവിന്റെ കുശലം അന്വേഷിക്കുന്നതിനായി ഒരു ദൂതനെ അയച്ചു. തദവസരത്തിൽ അദ്ദേഹം നല്കിയ മറുപടി ശ്രദ്ധേയമത്രേ. "പ്രിയേ, എനിക്കു സുഖംതന്നെ. ഭവതിക്ക് എന്നെ കാണാൻ അത്യാഗ്രഹമുണ്ടെങ്കിൽ ഈശോയുടെ തിരുഹൃദയത്തിൽ അന്വേഷിച്ചാൽ മതി. അവിടെയാണു ഞാൻ വസിക്കുന്നതു്. മറ്റു സ്ഥലങ്ങളിൽ അന്വേഷിക്കുന്നതു വൃഥാ ആയിരിക്കും." ഇദ്ദേഹമാണു യഥാർത്ഥ ക്രൈസ്തവൻ.

പതിമൂന്നാം അധ്യായം

ദൈവസ്നേഹപ്രകരണങ്ങൾ, സുകൃതജപങ്ങൾ, വിശുദ്ധവിചാരങ്ങൾ

ദൈവത്തെ അഭിലഷിക്കുന്നതുകൊണ്ടു നാം അങ്ങയിൽ അഭയംതേടുന്നു. ഇപ്രകാരം, അഭയംതേടുന്നതിനുവേണ്ടി നാം അങ്ങയെ ആകാംക്ഷിക്കുകയും ചെയ്യുന്നു. ദൈവത്തിലുള്ള പ്രത്യാശയും ആദ്ധ്യാത്മികധ്യാനവും പരസ്പരം അഭിവൃദ്ധിപ്പെടുത്തുന്നവയത്രേ. വിശുദ്ധവിചാരങ്ങളിൽനിന്നാകുന്ന ഇവ രണ്ടിന്റെയും ഉത്ഭവം.

ഹൃദയംഗമമായ ദൈവസ്നേഹപ്രകരണങ്ങളാൽ ദിവസത്തിൽ പലപ്രാവശ്യം നിന്റെ ആത്മാവിനെ പരിപുഷ്ടമാക്കേണ്ടതാണു്. ക്രൂശിതനായ ക്രിസ്തുനാഥന്റെ തൃപ്പാദങ്ങളെ മാനസ്സികമായി സമീപിച്ചു് അനന്തനന്മയായ അദ്ദേഹത്തെ

ആരാധിക്കുകയും അവിടുത്തെ പ്രഭാവത്തെ പ്രകീർത്തിക്കുകയും നിന്റെ നിത്യരക്ഷയുടെ കാര്യം ഉണർത്തിച്ചു് അദ്ദേഹത്തിന്റെ സഹായം അഭ്യർത്ഥിക്കുകയും ചെയ്യുക. ആത്മാവിനെ അങ്ങേക്കു സമർപ്പിച്ച സൗഭാഗ്യനികേതനമായ അങ്ങിലേയ്ക്കു നിന്റെ ആന്തരികചക്ഷുസ്സുകളെ തിരിച്ചാലും! ഒരു ശിശു അതിന്റെ പിഞ്ചുകൈകൾ സപിതാവിനു നീട്ടിക്കൊടുക്കുന്നതുപോലെ നിന്റെ കൈകൾ ദൈവതുക്കരങ്ങളിൽ ഏല്പിക്കുക; അവിടുന്നതന്നെ നിന്നെ നിയന്ത്രിക്കട്ടെ. ഒരു സുരഭിലകുസുമംപോലെ അങ്ങയെ നിന്റെ മാറിലണച്ചു് ആശ്ലേഷിക്കുക. നിന്റെ ഹൃദയനാഥനും ആദർശവും അവിടുന്നുതന്നെ ആയിരിക്കട്ടെ. അങ്ങയോടുള്ള ഹൃദയംഗമമായ സ്നേഹത്തിനായി നിന്റെ ആത്മശക്തികളെ ഉണർത്തുക. ഇതുതന്നെയാണു ദൈവസ്നേഹം ഉജ്ജ്വലിപ്പിക്കുന്നതിനു പ്രോഖാ എന്നു ഭക്തയും വി. അഗസ്തീനോസ് ഉപദേശിച്ച മാർഗ്ഗം. ഇപ്രകാരം ആന്തരികമായി ദൈവത്തോടു യോജിച്ചിരിക്കുന്ന ഒരാത്മാവു് അവിടുത്തെ പരിപൂർണ്ണതയിൽ ഭാഗഭാക്കാകാതിരിക്കയില്ല. നമുക്കു നിഷ്പ്രയാസം സാധിക്കാവുന്ന ഒന്നാണു് ഈ ആന്തരികസംയോജ്യത; നമ്മുടെ സകല ജോലികളിലും അതു് അഭ്യസിക്കുകയും ചെയ്യാം. അവയ്ക്കു് അതുയാതൊരുവിധവും പ്രതിബന്ധമാവുകയില്ല; പ്രത്യുത, വളരെ സഹായകമായിരിക്കും. വിവശനായ ഒരു പാന്ഥൻ, മാർഗ്ഗമദ്ധ്യേ വിശ്രമാർത്ഥം സല്പ്പം താമസിക്കുന്നതുകൊണ്ടു യാത്രയ്ക്കു പ്രതിബന്ധമുണ്ടാകുന്നില്ല; മാത്രമല്ല, പൂർവ്വോപരി ഉന്മേഷത്തോടേ യാത്ര തുടരുന്നതിനു് അയാൾ ശക്തനായിത്തീരുന്നു.—അതേ, അതിശീഘ്രം പുരോഗമനം ചെയ്യുന്നതിനുവേണ്ടി മാത്രമാണു് അവൻ താമസിച്ചതു്

ഫലപ്രദമായ ദൈവസ്നേഹപ്രകരണങ്ങൾ പലതുമുണ്ടു്. എന്നാൽ, അവയൊന്നും പ്രത്യേകം തിരഞ്ഞെടുക്കേണ്ടയാവശ്യമില്ല. ഹൃദയവികാരങ്ങൾക്കു് അനുസരണമായി അവ താ

നേ വന്നുകൊള്ളും; അവ ഉച്ചരിച്ചാൽമാത്രം മതി. പ്രത്യേകവിധം ഹൃദയത്തെ സംതൃപ്തിപ്പെടുത്തുന്നതിനു പര്യാപ്തമായ ചില സൂക്തങ്ങൾ ഉണ്ടെന്നുള്ളതു വാസ്തവംതന്നെ. ദിവ്യരക്ഷകന്റെ വിവിധസംജ്ഞകൾ, ചില സങ്കീർത്തനഭാഗങ്ങൾ, പാട്ടുകളുടെ പാട്ടിലേ സ്നേഹോദ്യോതകമായ ഏതാനും വാക്യങ്ങൾ ഇത്യാദി അതിനുദാഹരണങ്ങളാണ്. ഭക്തിപൂർവം ജപിക്കുന്നപക്ഷം ദൈവസ്നേഹം ഉദ്ദീപിപ്പിക്കുന്നതിനു വിശുദ്ധഗീതങ്ങൾക്കു ശക്തിയുണ്ട്.

പ്രണയികൾ തങ്ങളുടെ സ്നേഹഭാജനത്തെക്കുറിച്ചു സദാ ചിന്തിക്കുന്നു; തന്മൂലം, അവരുടെ ഹൃദയം പ്രേമസംപൂർണ്ണവുമാണ്. പ്രണയപാത്രത്തിന്റെ ഗുണഗണങ്ങൾ വർണ്ണിക്കുന്നതിൽ അവർ സദാ ഉൽസുകരത്രേ. വിരഹവേളയിൽ പ്രണയസന്ദേശങ്ങൾ അയയ്ക്കുന്നതിൽ അവർ ബദ്ധശ്രദ്ധരുമാണ്. കാണുന്നിടത്തെല്ലാം പ്രേമഭാജനത്തിന്റെ നാമം ഉല്ലേഖനം ചെയ്യുന്നതിൽ എത്രമാത്രം ആനന്ദം അവർ പ്രദർശിപ്പിക്കുന്നു! ദൈവത്തെ യഥാർത്ഥമായി സ്നേഹിക്കുന്നവരും, ഇപ്രകാരം, അങ്ങയെ സദാ സ്മരിക്കുകയും അവിടുത്തെ സാന്നിദ്ധ്യം ആഗ്രഹിക്കുകയും അങ്ങേ അനുഗ്രഹങ്ങൾ പ്രകീർത്തിക്കുകയും ചെയ്യും. സകല ഹൃദയങ്ങളിലും ആ ദിവ്യനാമം ചിരപ്രതിഷ്ഠിതമായിരിക്കുന്നതിന് അവർ സദാ സന്നദ്ധരുമാണ്. സൃഷ്ടവസ്തുക്കളുടെ ദർശനംതന്നെ അവർക്കു സ്രഷ്ടാവിനെ സ്നേഹിക്കുന്നതിനു പ്രേരകമായിത്തീരുന്നു. ദൈവമാതാവിനെ വിളിച്ചുറിയിക്കാത്ത ഒരൊറ്റ സൃഷ്ടിയെങ്കിലും അവരുടെ ദൃഷ്ടിയിൽപ്പെടുന്നില്ല. വനവാസിയായ വി. അന്തോനീസിന്റെ വാക്കുകളെ അടിസ്ഥാനമാക്കി വി. അഗുസ്തീനോസ് പ്രസ്താവിക്കുന്നതുപോലെ, നിശ്ശബ്ദവും എന്നാൽ സുഗ്രാഹ്യവുമായ ഭാഷയിൽ സകല ചരാചരങ്ങളും ദൈവത്തെ സ്നേഹിക്കുന്നതിനു പ്രബോധിപ്പിക്കുന്നതായി അവർ വിചാരിക്കുന്നു. തന്മൂലം നിരവധി ദൈവസ്നേഹപ്രകരണങ്ങൾക്കു നിദാനമായ പല വിശുദ്ധവിചാരങ്ങളും അവരിൽ ഉദ്ഭൂതമാകുന്നുണ്ട്.

സമുദ്രതീരത്തു സഞ്ചരിച്ചുകൊണ്ടിരിക്കയിൽ തനിക്കുണ്ടായ ചില ഉൽകൃഷ്ടചിന്തകളെപ്പറ്റി ഒരിക്കൽ വി. ഗ്രിഗരി നസിയാൻസൻ സ്വജനങ്ങളോട് പ്രസ്താവിക്കുന്നതിപ്രകാരമാണ്: 'മുത്തുച്ചിപ്പി, കക്ക, ഞണ്ട്, കടൽപ്പുല്ല് മുതലായവയെ തിരമാലകൾ അടിച്ചു കരയ്ക്കു കൊണ്ടുവരുന്നുണ്ട്. എന്നാൽ, അവയ്ക്കു പിന്നാലെ വരുന്ന തിരമാലകൾ അവയെ വീണ്ടും സമുദ്രത്തിലേക്കുതന്നെ കൊണ്ടുപോകുന്നു. തിരമാലകൾ എത്ര ശക്തിയായി അടിച്ചാലും തീരത്തുള്ള പാറക്കെട്ടുകൾ അചഞ്ചലമായിത്തന്നെ സ്ഥിതിചെയ്യുന്നു. ഇതുപോലെ, അല്പവിശ്വാസികൾ സുഖദുഃഖങ്ങളും സന്തോഷസന്താപങ്ങളുമാകുന്ന ഓളങ്ങളിൽ ഇളകിമറിയുന്നു; വിശ്വസ്തരായ ദൈവദാസന്മാരാകട്ടെ, ഇവയിലെല്ലാം സമചിത്തത അവലംബിക്കുന്നു.' പ്രസ്തുത ചിന്തയുടെ ഫലമായി, "കർത്താവേ, എന്നെ രക്ഷിക്കണമേ, എന്റെ ആത്മാവിൽ പ്പോലും ജലപ്രവേശമുണ്ടായിരിക്കുന്നു; നാഥാ, ഈ ജലപ്രളയത്തിൽനിന്ന് എന്നെ രക്ഷിക്കുക; ഞാൻ അഗാധസമുദ്രത്തിൽ നിപതിച്ചുപോയി. കൊടുങ്കാറ്റ് എന്നെ പരാജയപ്പെടുത്തുകയും ചെയ്തു" എന്ന രാജകീയ പ്രവാചകനോടുകൂടെ അഭ്യർഥം അപേക്ഷിക്കുന്നു. തന്റെ ശ്രുതയിൽനിന്നു നിഷ്കാസിതനായതുകൊണ്ടു ദുഃഖിച്ചിരുന്ന വി. ഗ്രിഗരിക്കു പ്രസ്തുത ചിന്ത വളരെ ആശ്വാസപ്രദമായിത്തീർന്നു.

റാസ്സായിലെ മെത്രാനായ വി. ഫ്രുംജെൻസിയൂസ് ഒരിക്കൽ റോമൻ പ്രഭുക്കന്മാരുടെ ഒരു യോഗത്തിൽ സംബന്ധിക്കയുണ്ടായി. യഥാസ്ഥാനം ആസനസ്ഥരായി, തോത്തുരാജാവായ തിയോഡറിക്കിന്റെ പ്രസംഗം ശ്രവിച്ചുകൊണ്ടിരുന്ന പ്രസ്തുത പ്രഭുക്കന്മാരുടെ പ്രതാപം കണ്ടപ്പോൾ "ഭൗമികറോമാ ഇത്ര മനോഹരമെങ്കിൽ സ്വർഗീയ ഓർശലേമിന്റെ സ്ഥിതി എന്തു?' പ്രാപഞ്ചികന്മാരുടെ പ്രഭവം ഇത്ര വലുതെങ്കിൽ സ്വർഗവാസികളുടെ മഹത്വം എത്ര ശ്രേഷ്ഠമായി

രിക്കണം" എന്നു് അദ്ദേഹം ഉച്ചൈസ്വരം ഉദ്ഘോഷിച്ചുവത്രേ.

ഇപ്രകാരമുള്ള ദിവ്യചിന്തകരും കാൻറർബറിയിലേ മെത്രാപ്പോലീത്തയായ വി. ആൻസലത്തിനു സാധാരണ ഉണ്ടായിക്കൊണ്ടിരുന്നു. അദ്ദേഹം ഒരിക്കൽ കുതിരപ്പുറത്തു യാത്രചെയ്യുമ്പോൾ നായാട്ടുപട്ടികളും ഓടിച്ചുകൊണ്ടുവന്ന ഒരു മുയൽ ആ കുതിരയുടെ കാലിനിടയിൽ കയറി രക്ഷനേടി. ഈ അഭയസ്ഥാനത്തു പ്രവേശിച്ചു് അതിനെ പിടിക്കുന്നതിനു ധൈര്യപ്പെടാതെ നായ്ക്കളും കുതിരയുടെ ചുറ്റും ഓടിനടന്നു കുരച്ചുകൊണ്ടിരുന്നു. ഇതൊരു ഫലിതമായി ആൻസലത്തിന്റെ സഹചാരികൾക്കു തോന്നിയെങ്കിലും അദ്ദേഹം ഇതു കണ്ടു ദുഃഖിക്കയാണു ചെയ്തതു്. "നിങ്ങൾ സന്തോഷിക്കുന്നു; ആ സാധുജന്തുവിനാകട്ടെ പ്രാണവേദന. നാരകീയ ശത്രുക്കൾ ആത്മാവിനെ അന്വേഷിച്ചു ചെയ്യുമ്പോൾ അവൾ യേ വിഹ്വലയായി അഭയസ്ഥാനം അന്വേഷിക്കുന്നതും ഇപ്രകാരമാണു്. എന്നാൽ, അവൾക്കു് അതു ലഭിക്കാതെ വരുമ്പോൾ പിശാചുക്കൾ ആഹ്ലാദഭരിതരായി അവളെ അധിക്ഷേപിക്കുന്നു" എന്നു പറഞ്ഞു കണ്ണുനീർ ചിന്തിക്കൊണ്ടാണു് അദ്ദേഹം യാത്ര തുടർന്നതു്.

വനവാസിയായ വിശുദ്ധ അന്തോനീസിനു മഹാനായ കോൺസ്തന്തീനോസ് ചക്രവർത്തി ഭക്ത്യാദരപുരസ്സരം ഒരു സന്ദേശമയച്ചതുകൊണ്ടു മറ്റു സന്ന്യാസികളും ആശ്ചര്യം പ്രകടിപ്പിക്കയുണ്ടായി. അദ്ദേഹം അപ്പോൾ പറഞ്ഞ മറുപടി ശ്രദ്ധേയമത്രേ: "രാജാധിരാജനായ ദൈവം മനുഷ്യർക്കു പ്രമാണങ്ങൾ എഴുതിക്കൊടുക്കുകയും തന്റെ ദിവ്യപുത്രൻവഴി അവരോടു് അഭിമുഖസംഭാഷണം നടത്തുകയും ചെയ്തതിലാണു നിങ്ങൾ ആശ്ചര്യപ്പെടേണ്ടതു്. ഒരു രാജാവു തന്റെ പ്രജകളിൽ ഒരുവനു് ഒരു കത്തയച്ചതിൽ അത്ഭുതത്തിനെന്തുകാര്യം?"

ഒരു പറവം കോലാടിന്റെ കൂട്ടത്തിലുണ്ടായിരുന്ന ഒരു ചെമ്മരിയാടിനെ കണ്ടപ്പോൾ അസീസ്സിയിലെ വി. ഫ്രാൻസിസ് തന്റെ സ്നേഹിതന്മാരോട് ഇപ്രകാരം പറയുകയുണ്ടായി: "ആ ചെമ്മരിയാടിനെ നോക്കുവിൻ; കോലാടുകളുടെ ഇടയിൽ അതെത്ര ശാന്തമായിരിക്കുന്നു! ഇതുപോലെ, അഹങ്കാരികളായ പ്രീശന്മാരുടെ മദ്ധ്യേ നമ്മുടെ ദിവ്യരക്ഷകൻ ശാന്തനും വിനീതനുമായിരുന്നു." മറെറാരിക്കൽ, ഒരു ചെറിയ ആട്ടിൻകുട്ടിയെ ഒരു കരടി കൊല്ലുന്നതു കണ്ടപ്പോൾ, "ഹേ! ആട്ടിൻകുട്ടീ, എന്റെ രക്ഷാനാഥന്റെ മരണത്തെക്കുറിച്ചുള്ള സ്മരണയാണു നീ എന്നിൽ ഉദ്ദീപ്തമാക്കുന്നതു്" എന്നു ഗദ്ഗദസ്വരത്തിൽ വിശുദ്ധൻ പറഞ്ഞു.

ഫ്രാൻസിസ് ബോർജിയാ, ഗാൻഡ്യായിലെ പ്രഭുവായിരുന്ന കാലത്തു നായാട്ടിനു പോകുമ്പോൾ, ഇമ്മാതിരി പരിശുദ്ധ വിചാരങ്ങൾ ധാരാളം ഉണ്ടായിട്ടുള്ളതായി പ്രസ്താവിക്കുന്നുണ്ടു്. "മറുപക്ഷികളെ പിടിക്കുന്നതിനായി പ്പോകുന്ന 'പ്രാപ്പിടിയൻ' തന്റെ യജമാനന്റെ ശബ്ദം കേൾക്കുന്ന മാത്രയിൽ തിരിയെ വരുന്നു; മനുഷ്യരാകട്ടെ, തങ്ങളുടെ സ്രഷ്ടാവായ ദൈവത്തിന്റെ സ്വരം അവഗണിച്ചു കടന്നുപോവുകയത്രേ ചെയ്യുന്നതു്" എന്നു് അദ്ദേഹം നായാട്ടുകഴിഞ്ഞു പിന്തിരിയുമ്പോൾ പറയുക പതിവായിരുന്നു.

മുള്ളുകളുടെ മദ്ധ്യേ വളരുന്ന റോസപ്പുഷ്പത്തിൽനിന്നു നമുക്കു പല പ്രായോഗികപാഠങ്ങളും പഠിക്കാനുണ്ടെന്നു വിശുദ്ധ ബേസിൽ അഭിപ്രായപ്പെടുന്നു. അതെപ്പററി അദ്ദേഹം പറയുന്നതിപ്രകാരമാണു്: "അല്ലയോ മനുഷ്യാ, ലോകത്തിൽ ഏറെറം ആനന്ദകരമായിത്തോന്നുന്നവപോലും ക്ലേശഭൂയിഷ്ഠങ്ങളാണു്. കളങ്കരഹിതമായി യാതൊന്നുമില്ല. സന്തോഷസന്താപങ്ങളും ദാമ്പത്യവൈധവ്യങ്ങളും ശുഭാശുഭങ്ങളും നന്ദനനിന്ദനങ്ങളും സുഖാസുഖങ്ങളും ഇഷ്ടാനിഷ്ടങ്ങളും എല്ലാം ഇടകലർന്നു് ഉണ്ടായിക്കൊണ്ടിരിക്കും. ഈ റോസപ്പുഷ്പം വളരെ മനോഹരമായ ഒന്നു തന്നെ. എന്നാൽ, ഏ

ന്നെ അതു സന്തപ്തനാക്കുന്നു. ദൈവശാപത്താൽ ഭൂമിയിൽ മുൾച്ചെടികളും വളരുന്നതിനു കാരണമായ പാപത്തെ—വിശിഷ്യാ, എന്റെ പാപത്തെ—ആണ് അതു് എന്നെ അനുസ്മരിപ്പിക്കുന്നതു്.

കാർമേഘമില്ലാതെ പ്രശാന്തസുന്ദരമായ നിശാവേളയിൽ സ്ഫടികസമാനമായ നദീജലത്തിൽ പ്രതിബിംബിക്കുന്ന താരഗണങ്ങളുടെ അവർണ്ണനീയ ശോഭകണ്ടു്, ദൈവസ്നേഹപാരവശ്യത്താൽ മതിമറന്ന ഒരു ഭക്തൻ, "സ്നേഹനാഥാ, അങ്ങേ വിശുദ്ധസ്ഥലത്തേക്കു ഞാൻ അനുദിനം കുമ്പോൾ ഈ നക്ഷത്രങ്ങളെല്ലാം എന്റെ പാദങ്ങൾക്കടിയിലാകും. ഈ ആകാശതോളങ്ങൾ ഭൂമിയിൽ പ്രതിബിംബിച്ചു കാണുന്നതുപോലെ, ദിവ്യസ്നേഹമാകുന്ന സ്വർഗ്ഗീയ സമുദ്രത്തിൽ സകല മനുഷ്യരും പ്രതിഫലിക്കുന്നു" എന്നു് ആലപിക്കയുണ്ടായി. നിശ്ചലം പ്രവഹിക്കുന്ന ഒരു നദിയെ നോക്കി വേറൊരു വിശുദ്ധൻ പ്രസ്താവിക്കുന്നതു ശ്രവിച്ചാലും: "എന്റെ ആത്മാവു് അതിന്റെ പരമാന്ത്യമായ ദിവ്യാബ്ധിയിൽ ചെന്നു ചേരുന്നതുവരെ ഒരിക്കലും വിശ്രമിക്കയില്ല."

പ്രാർത്ഥിക്കുന്നതിനായി ഒരു അരുവിയുടെ തീരത്തു മുട്ടുകുത്തിയ വി. ഫ്രാങ്ക്വിസാ, ദിവ്യചിന്തയിൽ ലയിച്ചു്, "ഈ അരുവിയുടെ ഒഴുക്കുപോലെ ശാന്തമായും മനോഹരമായും ദൈവപ്രസാദവരം പ്രവഹിക്കുന്നു" എന്നു പല പ്രാവശ്യം വിളിച്ചുപറഞ്ഞു. "തിരുസ്സന്നിധാനത്തിൽ ഞാൻ മാത്രം പുഷ്പങ്ങൾ പുറപ്പെടുവിക്കാത്തതെന്തുകൊണ്ടു്?" എന്നു പുഷ്പിച്ചുനില്ക്കുന്ന ചെടികളെ നോക്കി ഒരു വിശുദ്ധൻ ചോദിക്കുന്നു. പിടക്കോഴി അതിന്റെ കുഞ്ഞുങ്ങളെ ചിറകിനടിയിൽ സൂക്ഷിക്കുന്നതു കണ്ടു്, "കർത്താവേ, അങ്ങേ ചിറകുകളുടെ അടിയിൽ നിരന്തരം ഞങ്ങളെ സംരക്ഷിക്കേണമേ" എന്നു മറെറാരു വിശുദ്ധൻ പ്രാർത്ഥിക്കുന്നു. അദ്ദേഹംതന്നെ ഒരു സൂര്യകാന്തിപുഷ്പം കൈയിലെടുത്തു്, "എന്റെ ദൈവമേ, ഈ കുസുമം സൂര്യപ്രകാശത്തിനെന്നപോലെ എന്റെ

ആത്മാവു് അങ്ങേ പ്രസാദവരത്തിനു വിധേയമാകുന്നതു് എപ്പോഴായിരിക്കും?" എന്നും, മനോഹരമെങ്കിലും വാസനാരഹിതമായ ചെമ്പരത്തിപ്പൂവു കണ്ടപ്പോൾ, "ഹാ! കഷ്ടം! ഇതിനു തുല്യമാണു് എന്റെ വിചാരങ്ങൾ. അവ വളരെ മനോഹരംതന്നെ; എന്നാൽ, വാസനയില്ലാത്തതും ഉപയോഗശൂന്യവുമത്രേ" എന്നും പ്രസ്താവിക്കുന്നു.

പ്രിയ സുഹൃത്തേ, ഭൗമികജീവിതത്തിലേ വിവിധാനന്ദങ്ങൾ താളശുദ്ധിവ്യവസ്ഥകൾക്കായി നമുക്കും ഉപയോഗിക്കാം. സകല സൃഷ്ടവസ്തുക്കളേയും ദൈവമഹത്വത്തിനായി ഉപയോഗിച്ചുകൊണ്ടു തങ്ങളുടെ ബലഹീനതയിൽ ദൈവത്തെ സ്തുതിക്കുന്നവർക്കു സൗഭാഗ്യം; അവയെ പാപത്തിനായി ഉപയോഗിക്കുന്നവർക്കാകട്ടെ ദുരിതം. "എന്റെ ആത്മപുരോഗതിക്കു് ഉപയുക്തമാകുംവിധം സകലതും ഞാൻ രൂപാന്തരപ്പെടുത്തുന്നു" എന്നത്രേ വി. ഗ്രിഗരി നസിയാൻസൻ പ്രസ്താവിക്കുന്നതു്. വി. പാവുളായുടെ ശവകുടീരത്തിൽ വി. ജറോം എഴുതിവച്ച വാക്യങ്ങളും, ആ വിശുദ്ധയുടെ ധാരാളമുണ്ടായിരുന്ന ദിവ്യചിന്തകളുടേയും ദൈവസ്നേഹപ്രകരണങ്ങളുടേയും ഒരു സംക്ഷേപംമാത്രമായിരുന്നു. ക്രൈതജീവിതത്തിന്റെ അനുപേക്ഷണീയമായ അടിസ്ഥാനമാണു്, ആത്മീയമായ ഏകാന്തവും ദൈവസ്നേഹപ്രകരണങ്ങളും. പ്രാർത്ഥന, ധ്യാനം മുതലായ മറ്റു ക്രൈതകൃത്യങ്ങളുടെ അഭാവത്താൽ ഉണ്ടാകാവുന്ന ന്യൂനത പരിഹരിക്കുന്നതിനു് ഇവയ്ക്കു സാധിക്കും. എന്നാൽ, ഇവയുടെ കുറവു തീർക്കുക മറ്റൊന്നിനും ശക്യമല്ല. ധ്യാനപരമായ ഏകാന്തജീവിതം ഉത്തമമായിനയിക്കുന്നതിനോ പ്രവൃത്തിപരമായ പരസ്യജീവിതം അപകടരഹിതമാക്കുന്നതിനോ മറ്റൊന്നുംതന്നെ പര്യാപ്തമല്ല. തടാകവത്തിൽ വിശ്രമം അലസവും, അജ്ഞാനം ഉൽപ്രമവുമായിത്തീരുന്നു. അതിനാൽ, ഇത്ര ശ്രേഷ്ഠമായ ഈ സുകൃതാഭ്യസനത്തിൽ നാം സ്ഥിരനിഷ്ഠരായിരിക്കേണ്ടയോ?

പതിനാലാം അധ്യായം

ദിവ്യപൂജയും അതിൽ സംബന്ധിക്കേണ്ടവിധവും

ദിവ്യകർമ്മങ്ങളുടെ മദ്ധ്യമകൂടമായി പരിലസിക്കുന്ന വിശുദ്ധ കർബാന, പരിപാവനവും മഹനീയവുമായ ഒരു ബലിമാത്രമല്ല, ഒരു കൃതാശുക്രുടെയാണ്. ഇതു ക്രിസ്തീയമതത്തിന്റെ ജീവനാഡിയും മകുതിയുടെ ഹൃദയവും ധർമ്മനിഷ്ഠയുടെ ആത്മാവും ദൈവത്തിന്റെ നിസ്തുല സ്നേഹത്തെ പ്രത്യക്ഷമാക്കുന്ന ചിന്താതീതമായ ഒരു അത്ഭുതവുമാകുന്നു. തട്ടാരാ, തന്നെത്തന്നെ നമുക്കു നല്കിക്കൊണ്ടു ദൈവം തന്റെ അനുഗ്രഹങ്ങളും വരങ്ങളും ധാരാളമായി നമ്മുടെമേൽ വർഷിക്കുന്നു.

ഈ ദിവ്യബലിയോടു യോജിപ്പിച്ചുകൊണ്ടുള്ള പ്രാർത്ഥനയുടെ ശക്തി അവാച്യമാണ്. "കുന്തുരുക്കം, നറുമ്പശ മുതലായ സുഗന്ധവസ്തുക്കളിൽനിന്നു വമിക്കുന്ന പരിമളധൂമം പോലെ ആകത്തക്കവണ്ണം, ആദ്ധ്യാത്മികസൗരഭ്യത്താൽ അവളെ സന്തുഷ്ടയാക്കുന്ന ഹൃദയനാഥന്റെ മാറ്റിൽ ചാരിക്കിടന്നാൽ" എന്നപോലെ പ്രസ്തുത പ്രാർത്ഥനവഴിയായി ആത്മാവിൽ ധാരാളം സ്വർഗ്ഗീയാനുഗ്രഹങ്ങൾ ലഭിക്കുന്നു. സൗകര്യമുണ്ടെങ്കിൽ ദിവസത്തോറും ദിവ്യപൂജയിൽ സംബന്ധിക്കുകയും, പട്ടക്കാരനോടു യോജിച്ച്, നിനക്കുവേണ്ടിയും തിരുസ്സഭയ്ക്കുവേണ്ടിയും ഈ പരിശുദ്ധബലി പരമപിതാവിനു സമർപ്പിക്കുകയും ചെയ്യുക. പാവനമായ ഈ സ്നേഹകൃത്യത്തെ ആരാധിക്കുന്നതിനു പരിശുദ്ധമായ മാലാഖാമാരുടെ മഹാസമൂഹങ്ങൾ സർവദാ ജാഗരൂകരായി നില്ക്കുന്നുവെന്നു വി. ക്രിസോസ്തോമോസ് പ്രസ്താവിക്കുന്നു. ഈ മാലാഖാമാരോടൊരുമിച്ച് ഒരേ നിയോഗത്തോടെ നാം ദിവ്യബലിയിൽ സംബന്ധിക്കുമ്പോൾ, അവരുടെ മഹത്വത്തിന്റെ ഓഹരി

നമുക്കും ലഭിക്കുമെന്നാശിക്കാവുന്നതാണ്. നിത്യപിതാവിനെ സംതൃപ്തനാക്കി അവിടുത്തെ കരുണയും അനുഗ്രഹവും സ്വാധീനമാക്കുന്നതിനു സ്വർഗ്ഗവാസികളും ഭൂവാസികളും ഈ ദിവ്യബലിയിൽ യേശുനാഥനോടു യോജിച്ചു പ്രവർത്തിക്കുന്നു. ഇതു ശക്തിമത്തും ശ്രേഷ്ഠവുമായ ഒരു കൃത്യത്തിൽ സംബന്ധിക്കുന്നതുതന്നെ എത്ര വലിയ അനുഗ്രഹം.

പ്രതികൂലസാഹചര്യങ്ങൾനിമിത്തം, യഥാർത്ഥവും ശാരീരികവുമായവിധം ഈ മഹാബലിയിൽ സന്നിഹിതരാകുന്നതിനു സാധിക്കാതെ വന്നാൽ അരുപിക്കുടുത്തവിധമെങ്കിലും അതിൽ സംബന്ധിക്കേണ്ടതാണ്. തത്സമയം, യഥാർത്ഥമായി നീ അവിടെ സന്നിഹിതനായാലെന്നപോലെ തിരുസ്സഭയുടെ നിയോഗത്തോടു ചേർന്ന് ഈ ദിവ്യപൂജ ദൈവത്തിനു സമർപ്പിക്കുക.

യഥായോഗ്യം ദിവ്യപൂജയിൽ സംബന്ധിക്കുന്നതിനു താഴക്കാണുന്ന നിയമങ്ങൾ അനുസരിക്കണം.

1) പുരോഹിതൻ പൂജാർപ്പണത്തിനായി ബലിപീഠത്തെ സമീപിക്കുമ്പോൾ നീയും നിന്റെ അയോഗ്യതയെ ഏറ്റുപറഞ്ഞുകൊണ്ടും തെറ്റുകുറ്റങ്ങൾക്കു മാപ്പപേക്ഷിച്ചുകൊണ്ടും നിന്നെ ദൈവത്തിനു സമർപ്പിച്ചുകൊണ്ടും വേണ്ടവിധം തയ്യാറാവുക.

2) ദിവ്യബലിയുടെ ആരംഭംമുതൽ സുവിശേഷംവരെ, ദിവ്യരക്ഷകന്റെ ജനനം, ജീവിതം ഇവയെപ്പറ്റി പൊതുവായി ധ്യാനിക്കുക.

3) സുവിശേഷംമുതൽ 'വിശ്വസിക്കുന്നേൻ' അവസാനിക്കുന്നതുവരെ, യേശുനാഥന്റെ ദിവ്യോപദേശങ്ങളെ ധ്യാനിക്കുകയും വിശുദ്ധ കത്തോലിക്കാസ്സഭയുടെ വിശ്വാസത്തിലും ഐക്യത്തിലും ജീവിക്കയും മരിക്കയും ചെയ്യണമെന്നുള്ള നിന്റെ ദൃഢനിശ്ചയത്തെ നവീകരിക്കുകയും ചെയ്യുക.

4) 'വിശ്വാസപ്രമാണം'മുതൽ 'ആകാശങ്ങളിലിരിക്കു

ന്ന' നമസ്കാരംവരെ, നിന്റെ ഹൃദയനേതൃങ്ങളെ ദിവ്യര
ക്ഷകന്റെ മരണത്തിന്റേയും കഷ്ടാനുഭവത്തിന്റേയും മ
ഹാരഹസ്യങ്ങളിലേയ്ക്കു തിരിക്കുക. എന്തുകൊണ്ടെന്നാൽ, ഇ
വയാണ് ഈ പരിശുദ്ധബലിയുടെ കാതലായ ഭാഗം. അന
ന്തരം ഈ ബലി, ദൈവമഹത്വത്തിനും നിന്റെ ആവശ്യ
ങ്ങൾക്കുമായി, വൈദികനോടും മറ്റു ജനങ്ങളോടും ചേർന്നു
പിതാവായ സർവ്വേശ്വരനു കാഴ്ചവയ്ക്കുക.

5) 'ആകാശങ്ങളിലിരിക്കുന്ന' എന്ന ജപംമുതൽ വൈ
ദികൻ വിശുദ്ധ കുർബാന ഉരുക്കൊണ്ടു കഴിയുന്നതുവരെ,
അനന്തസ്നേഹത്തിൽ ദിവ്യരക്ഷകനുമായി സംയോജിക്കുന്ന
തിനു തീവ്രമായി ആഗ്രഹിച്ചുകൊണ്ടു നിന്റെ ഹൃദയംഗമ
മായ പ്രാർത്ഥനകളും ദൈവത്തിനു സമർപ്പിക്കുക.

6) അവസാനമായി, രക്ഷകന്റെ മനുഷ്യാവതാരം, ജീ
വിതം, കഷ്ടാനുഭവം, മരണം, ഈ ദിവ്യബലിയിൽ അവി
ടുന്നു പ്രത്യക്ഷമാക്കുന്ന സ്നേഹാധിക്യം ഇവയെക്കുറിച്ച് ആ
ഴ്മേഹത്തിനു കൃതജ്ഞത പ്രദർശിപ്പിക്കുക. ഈ ബലി വഴി
നിന്നേയും നിന്റെ ബന്ധുമിത്രാദികളേയും സഭയെ പൊതു
വിലും കൃപയോടുകൂടെ കടാക്ഷിക്കുവാൻ വിനയപൂരസ്സരം
അഭ്യർത്ഥിക്കുക. പിന്നീട്, പുരോഹിതൻവഴിയായി ദിവ്യ
രക്ഷകൻ നിനക്കു നല്കുന്ന ദൈവികാശീർവാദം സ്നേഹ
ത്തോടും എളിമയോടുംകൂടെ സ്വീകരിക്കയും ചെയ്യുക.

ദിവ്യപൂജയുടെ സമയത്തു ധ്യാനം നടത്തുന്നതിനാഗ്ര
ഹിക്കുന്നെങ്കിൽ പ്രസ്തുത പ്രാർത്ഥനകൾക്കുപകരം അതു
നിർവഹിക്കുന്നതിനു വിരോധമില്ല. ആരാധ്യമായ ഈ ബലി
ദൈവത്തിനു കാഴ്ചവയ്ക്കുവാനുള്ള നിയോഗം നിന്റെ പ്രാർത്ഥ
നയിലും ധ്യാനത്തിലും ഉണ്ടായിരിക്കണമെന്നേ ഉള്ളൂ. എന്തു
കൊണ്ടെന്നാൽ, ഭക്തിയോടുകൂടിയ ധ്യാനത്തിൽ മേൽപ്പറ
ഞ്ഞ സംഗതികളെല്ലാം പ്രത്യക്ഷമായും പരോക്ഷമായും അ
ന്തർഭവിച്ചിട്ടുണ്ട്.

പതിനഞ്ചാം അധ്യായം


ദൈവാലയത്തിലേ മറ്റു ദിവ്യകർമ്മങ്ങൾ

ഞായറാഴ്ചകളിലും മറ്റു കടമുള്ള ദിവസങ്ങളിലും ദിവ്യപൂജയിൽ മാത്രമല്ല, എല്ലാ ദിവ്യകർമ്മങ്ങളിലും നാം പങ്കുകൊള്ളണം. ദൈവത്തിനു വിശേഷവിധിയായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ഈ ദിവസങ്ങളിൽ വിവിധങ്ങളായ ശുശ്രൂഷകൾകൊണ്ടു പ്രത്യേകവിധം അങ്ങയെ മഹത്വപ്പെടുത്തുന്നതു സമുചിതമാകുന്നു. തന്റെ മാനസാന്തരത്തിന്റെ ആരംഭദശയിൽ ദൈവാലയത്തിലേ സ്തോത്രഗാനം കേട്ടപ്പോൾ വി. അഗുസ്തീനോസിന്റെ ഹൃദയം തകരുകയും നയനങ്ങളിൽനിന്നു പശ്ചാത്താപാശ്രുക്കൾ പ്രവഹിക്കയും ചെയ്തുകയുണ്ടായി. പരസ്യാരാധനയിൽ സംബന്ധിക്കുമ്പോൾ ഇതുപോലുള്ള അനുഭവങ്ങൾ നിനക്കും സിദ്ധിക്കും. തിരുസ്സഭയുടെ പൊതുപ്രാർത്ഥന, വ്യക്തിപരമായതിനെക്കാൾ കൂടുതൽ ഫലപ്രദമത്രേ. തന്റെ നാമത്തിൽ ഒന്നിലധികംപേർ ഒരുമിച്ചുകൂടുന്നിടത്തു താൻ സന്നിഹിതനാകുമെന്നു ദിവ്യനാഥൻ വാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ.

ഇടവകയിലേ ഭക്തസഖ്യങ്ങൾ വളരെ പ്രയോജനകരങ്ങളാകയാൽ അവയിൽ ചേരുന്നതു് അഭിലഷണീയംതന്നേ. സൽകൃത്യങ്ങൾക്കും സന്മാതൃകകൾക്കും കൂടുതൽ പ്രോത്സാഹനം നല്കുന്ന നിയമസംഹിതകളോടുകൂടിയ സഖ്യങ്ങളാണെങ്കിൽ അവ ഏറ്റം ഗുണപ്രദങ്ങളത്രേ. താട്ടശനിയമങ്ങളുടെ കൃത്യമായ അനുസരണം ദൈവത്തിനു കൂടുതൽ പ്രീതിജനകമാണ്. പ്രസ്തുത സഖ്യനിബന്ധനകൾ അനുസരിക്കുന്നതിനു തിരുസ്സഭ നിർബന്ധിക്കുന്നില്ലെങ്കിലും അവയെ അഭിനന്ദിക്കയും, ദണ്ഡവിമോചനങ്ങൾ തുടങ്ങി ചില പ്രത്യേകാനുകൂല്യങ്ങൾ നല്കിക്കൊണ്ടു തദംഗങ്ങളെ

പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്; മാത്രമല്ല, മറ്റുള്ളവരുടെ സൽകൃത്യങ്ങളിൽ സഹകരിക്കുന്നതു് ഒരു വലിയ സ്നേഹപ്രവൃത്തിയുമാണു്. ഒരാൾ തനിച്ചു ചെയ്യുന്ന പുണ്യപ്രവൃത്തികളെപ്പറ്റി അയാൾക്കു കൂടുതൽ കൃതാർത്ഥതയും ഭക്തിയും തോന്നിയേക്കാമെങ്കിലും ദൈവമഹത്വത്തിനു കൂടുതൽ പ്രയോജകീഭവിക്കുന്നതു പലർകൂടി ചെയ്യുന്ന സൽപ്രവൃത്തിയാകുന്നു.

പരസ്യമായ പ്രാർത്ഥനകളേയും സദ്പ്രവൃത്തികളേയും സംബന്ധിച്ചും ഞാൻ ഇതുതന്നെ പറയുന്നു. സന്മാതൃകമൂലം അയല്ക്കാർക്കുണ്ടാകാവുന്ന പ്രയോജനവും ദൈവമഹത്വവും പൊതുനന്മയും മുൻനിറുത്തിവേണം ഇവയെല്ലാം പ്രവർത്തിക്കുവാൻ.



പതിനാറാം അധ്യായം

വിശുദ്ധാത്മാക്കളുടെ മാദ്ധ്യസ്ഥ്യം

ദൈവം പലപ്പോഴും ദിവ്യപ്രേരണകൾ നമുക്കു നല്കുന്നതു തന്റെ ദൂതന്മാർവഴിയാകയാൽ നമ്മുടെ ഉൽകൃഷ്ടാഗ്രഹങ്ങൾ അങ്ങേയ്ക്കു സമർപ്പിക്കേണ്ടതും അതേ മാർഗ്ഗത്തിലൂടെയായിരിക്കണം. പറുദീസായിൽ പരിശുദ്ധ മാലാഖാമാരോടുകൂടെ വസിക്കുന്ന വിശുദ്ധാത്മാക്കളും നമുക്കു ദിവ്യപ്രേരണകൾ നല്കുകയും നമ്മുടെ പ്രാർത്ഥനകൾ ദൈവസന്നിധിയിൽ സമർപ്പിക്കുകയും ചെയ്യുന്നുണ്ട്. അതിനാൽ ഈ വാനാരൂപികളോടും അനുഗ്രഹീതാത്മാക്കളോടും നാം അന്തരികമായി സംയോജിക്കേണ്ടതത്രേ. കുയിലിന്റെ കുഞ്ഞുങ്ങൾ തള്ളപ്പക്ഷിയിൽനിന്നു പാടാൻ പഠിക്കുന്നു. അതുപോലെ, നമുക്കും യഥായോഗ്യം പ്രാർത്ഥിക്കുന്നതിനും ദൈവത്തെ ഉപരി മഹത്വപ്പെടുത്തുന്നതിനും ഈ പരിശുദ്ധ

രിൽനിന്നു പഠിക്കാം. "ദൈവദൂതന്മാരുടെ മുൻപാകെ നിന ക്കു ഞാൻ സ്തോത്രം പാടും" എന്നാണു ദാവീദുദീർഘദർശി പറഞ്ഞിട്ടുള്ളതു്. പരിശുദ്ധ മാതൃഭാഷയായ കന്യ കാമറിയത്തെ ബഹുമാനിക്കുകയും വണങ്ങുകയും സ്നേഹി ക്കുകയും ചെയ്യുക. അവർ നമ്മുടെ രക്ഷകന്റെ മാതാവാ യിരിക്കുന്നതിനാൽ നമ്മുടേയും അമ്മയാണു്. പുത്രനിൽശേ ഷമായ സ്നേഹത്തോടും വിശ്വാസത്തോടുംകൂടെ അവളെ അഭ യംപ്രാപിക്കുക. ശിശുസഹജമായ നിഷ്കളങ്കതയോടേ ഈ സ്നേഹമാതാവിന്റെ സഹായം അഭ്യർത്ഥിക്കുകയും അവ ളിൽ പ്രശോഭിക്കുന്ന പുണ്യങ്ങൾ അഭ്യസിക്കുകയും ചെ യ്യുക.

അന്തരികനേത്രങ്ങളാൽ പരിശുദ്ധ മാലാഖാമാരെ ദർ ശിച്ചുകൊണ്ടു് അവരുടെ സഖ്യം സമ്പാദിക്കുകയും നിന്റേയും നിന്റെ സഹചാരികളുടേയും വിശിഷ്യ, നീ അധിവസിക്കു ന്ന ഭവനത്തേയും കാവൽമാലാഖാമാരോടു ഭക്തി പ്രദർശി പ്പിക്കുകയും വേണം. പലപ്പോഴും അവരുടെ സഹായം അഭ്യർ ത്ഥിക്കുകയും അവരെ വണങ്ങുകയും ലൗകികാലൗകികങ്ങ ളായ നിന്റെ എല്ലാ വ്യാപാരങ്ങളിലും അവരുടെ അനുകൂ ല്യം ആവശ്യപ്പെടുകയും ചെയ്യുക.

ഈശോസഭയിലേ പ്രഥമപുരോഹിതനും പ്രസംഗച തുരനും ദൈവശാസ്ത്രവിശാരദനും, പ്രസ്തുത സഭാസ്ഥാപക നായ വി. ഇഗ്നേഷ്യസിന്റെ സഹപ്രവർത്തകനുമായ 'പീ റർ ലെഫവർ' എന്ന മഹാത്മാവു് ഓരോ ഇടവകയിലും പ്രവേശിക്കുമ്പോൾ അതിന്റെ കാവൽമാലാഖയെ വണ ങ്ങുക പതിവായിരുന്നു. തന്നിമിത്തം, മതവിദ്വേഷികൾ ധാരാളമായി വസിച്ചിരുന്ന സ്ഥലങ്ങളിൽ യാത്ര ചെയ്തിരു ന്നപ്പോൾപ്പോലും അവരുടെ ഉപദ്രവങ്ങളിൽനിന്നു രക്ഷപ്പെ ടുന്നതിനും അവരിൽ പലരേയും മാനസാന്തരപ്പെടുത്തുന്നതി നും പ്രസ്തുത മാലാഖയുടെ സഹായം അദ്ദേഹത്തിനു ലഭി

ച്ചിട്ടുണ്ട്. ദൈവസ്തുതിക്കായി പല മഹാകൃത്യങ്ങളും ചെയ്തശേഷം ജർമ്മനിയിൽനിന്നു തിരിച്ചുവരികയിൽ സപ്തശൈലത്തുവച്ച് അദ്ദേഹംതന്നെ പ്രസ്താവിച്ചതു കേട്ട ഒരാളിൽനിന്നാണു ഞാൻ ഇതറിഞ്ഞതു്.

അവരുടെ ജീവിതരീതി അനുകരണീയവും ആകർഷകവുമായിത്തോന്നുകയും അവരുടെ മാദ്ധ്യസ്ഥ്യം നിന്റെ സവിശേഷമായ വിശ്വാസത്തിനു പാത്രീഭവിക്കയും ചെയ്യുന്നുവോ, ആ വിശുദ്ധനെ നിന്റെ പ്രത്യേകമദ്ധ്യസ്ഥനായി തിരഞ്ഞെടുക്കുക.

നിന്റെ നാമഹേതുകനായ വിശുദ്ധനെ മനോമോദീസായിൽവച്ചുതന്നെ നിനക്കു മദ്ധ്യസ്ഥനായി ലഭിച്ചിട്ടുണ്ടല്ലോ.

പതിനേഴാം അധ്യായം

ദൈവവചനം ശ്രവിക്കയും പഠിക്കയും ചെയ്യേണ്ട വിധം

ദിവ്യഗ്രന്ഥങ്ങളും വായിക്കയോ ദൈവവചനം (സുവിശേഷപ്രസംഗങ്ങളും) ശ്രവിക്കയോ ചെയ്യുമ്പോൾ അന്യചിന്തകൾക്ക് ഇടംകൊടുക്കാതെ നീ ശ്രദ്ധാലുവായിരിക്കേണ്ടതാണ്. അതു പരസ്യമായി പ്രസംഗിക്കപ്പെടുമ്പോൾ സാദരം ശ്രവിക്കയും അതെപ്പറ്റി അവധാനപൂർവ്വം ചിന്തിക്കയും ചെയ്യുക; അതു ഫലസന്ദായകമായിത്തീരുന്നതിനു നീ പരിശ്രമിക്കുക. അമൂല്യങ്ങളായ ആ വചനങ്ങൾ നിരുപയോഗമായിപ്പോകുവാൻ അനുവദിക്കരുതു്. സപുത്രനെസ്സംബന്ധിച്ച എല്ലാ വാക്കുകളും ഹൃദയത്തിൽ സംഗ്രഹിച്ച വിശുദ്ധകന്യകയെ അനുകരിച്ച് അനർഘമായ ഒരു സുഗന്ധതൈലംപോലെ അതിനെ നിന്റെ ഹൃദയത്തിൽ സ്വീകരിക്കുക. നാം ദൈവവചനം കേൾക്കുകയും

സ്വീകരിക്കുകയും ചെയ്യുന്നില്ലെങ്കിൽ ദൈവം നമ്മുടെ അഭ്യർത്ഥനകൾ കേൾക്കുകയും സ്വീകരിക്കുകയും ചെയ്യുന്നതല്ല. കേതിജനകമായ ചില പുസ്തകങ്ങൾ സദാ നിൻെറ പക്കൽ ഉണ്ടായിരിക്കേണ്ടതാണ്. സുരക്ഷിതമായ മാർഗ്ഗം കാണിച്ചുതന്ന് അതിലൂടെ സഞ്ചരിക്കുന്നതിനു നമ്മെ ധൈര്യപ്പെടുത്തുന്നതിനായി സ്വർഗ്ഗസ്ഥരായ പുണ്യാത്മാക്കൾ നമുക്കയയ്ക്കുന്ന സന്ദേശങ്ങളാണ് ഈ പുസ്തകങ്ങൾ എന്നു കരുതി എല്ലാ ദിവസവും അവയിൽനിന്നു കുറെഭാഗം വായിക്കുക. പുണ്യാത്മാക്കളുടെ ജീവചരിത്രത്തിൽ ക്രിസ്തീയജീവിതത്തിൻെറ യഥാർത്ഥരൂപം ഒരു കണ്ണാടിയിലെന്നപോലെ പ്രതിബിംബിച്ചുകാണാം. അതിനെ ശരിയായി മനസ്സിലാക്കിയാൽ അവരുടെ ജീവിതരീതി അനുകരിക്കുന്നതിനു നമുക്കു സാധിക്കുന്നതാണ്. അവരെ പൂർണ്ണമായി അനുകരിക്കുക എല്ലാവർക്കും അത്ര എളുപ്പമല്ലായിരിക്കാം. പക്ഷേ, ചില സംഗതികളിലെങ്കിലും അവരെ അനുകരിക്കുക ഉല്ലാഘമല്ല. ആത്മീയമായ ഏകാഗ്രതയിൽ വി. പൗലോസിനേയും സമചനസ്സാലെയുള്ള ദാരിദ്ര്യാനുഷ്ഠാനത്തിൽ വി. ഫ്രാൻസീസിനേയും അനുകരിക്കുവാൻ നമുക്കു സാധിക്കും. ഇപ്രകാരം, ഏതു വിശുദ്ധൻെറ ജീവിതം പരിശോധിച്ചാലും നമുക്ക് അനുകരണയോഗ്യമായി എന്തെങ്കിലും കാണാതിരിക്കുകയില്ല. വി. അമ്മത്രേസ്യാ, ഈശോസഭയിലേ പ്രഥമവിശുദ്ധന്മാർ, മിലാനിലേ മെത്രാപ്പോലീത്തായായ വി. ചാൾൽസ് ബൊറോമിയോ, ലൂയീസ്, വി. ഫ്രാൻസിസ് അസ്സീസി മുതലായ കുറെപ്പേരുടെ ജീവചരിത്രം മറ്റുള്ളവരുടേതിനെക്കാൾ നമ്മുടെ ജീവിതനിയന്ത്രണത്തിനു പര്യാപ്തമാകുന്നു. എജീപ്തിലേ വി. മറിയം, വി. സൈമൺ സ്റ്റിലൈറ്റ്സ്, സീയന്നായിലേ വി. കത്രീനാ, വി. ആൻജെലോ, ജിനോവായിലേ വി. കാതറൈൻ എന്നു തുടങ്ങിയ പുണ്യാത്മാക്കളുടെ ജീവിതം അനുകരണയോഗ്യമെന്നതിനെക്കാൾ

അത്ഭുതാവഹമാണ്. എങ്കിലും ഏതാദൃശജീവചരിത്രങ്ങളും നിഷ്കളങ്കമായ ദൈവസ്നേഹം സമാർജ്ജിക്കുന്നതിനു നമ്മെ പ്രേരിപ്പിക്കാതിരിക്കയില്ല.

പതിനെട്ടാം അധ്യായം

ദിവ്യപ്രേരണകളെ എങ്ങനെ സ്വീകരിക്കണം?

സ്വർഗ്ഗീയസ്നേഹത്തിനും പരിശുദ്ധമായ ആഗ്രഹങ്ങൾക്കും നമ്മെ ഉത്തേജിപ്പിക്കയും ആകർഷിക്കയും ചെയ്യുന്നതിന്, തന്റെ പൈതൃകവാത്സല്യത്താലും ശ്രേഷ്ഠയാലും നമ്മുടെ ഹൃദയത്തെ നിയന്ത്രിച്ചുകൊണ്ടു ദൈവം നമ്മിലുളവാക്കുന്ന സദ്വാഭിലാഷങ്ങളും അന്തഃകരണശാസനങ്ങളും അനുതാപചിന്തകളും വിഭാവനകളും മാനസികപ്രകാശനങ്ങളും ആകുന്നു ദിവ്യപ്രേരണകൾ എന്ന പദംകൊണ്ടു ഞാൻ വിവക്ഷിക്കുന്നതു്. ചുരുക്കത്തിൽ, നമ്മുടെ പരമാന്ത്യം പ്രാപിക്കുന്നതിനു് ഉപയോഗപ്രദമായവയെല്ലാം ഇതിൽ ഉൾപ്പെടുന്നുണ്ടു്. "തന്റെ പ്രേമഭാജനത്തിന്റെ ശയനമുറിയെ സമീപിച്ചുകൊണ്ടു വാതിലിൽ മുട്ടിവിളിച്ചു് അവളെ നിദ്രയിൽനിന്നു് ഉണർത്തുകയും ഹൃദയംഗമമായ മധുരഭാഷണങ്ങളാൽ സന്തോഷിപ്പിക്കയും, അവളെ കാണാത്തപക്ഷം അന്വേഷിച്ചു കണ്ടുപിടിച്ചു തേനും പാലും പഴങ്ങളും അവർക്കു പ്രദാനം ചെയ്യുകയും, കണ്ണുപീയൂഷമായ ശബ്ദവിശേഷത്താൽ അവളുടെ ശ്രോത്രപുടങ്ങളെ നിറയ്ക്കുകയും ചെയ്യുന്ന പ്രിയതമന്റെ സ്വരം"മാകുന്നു അവ.

വിവാഹത്തിനു തിരഞ്ഞെടുക്കപ്പെട്ടുന്ന കന്യക ആദ്യം വിവാഹാലോചന ശ്രദ്ധിക്കുകയും പിന്നീടു് അതെപ്പറ്റി ഗാഢമായി ചിന്തിക്കുകയും അവസാനം നിർദ്ദിഷ്ടവരനെ

സ്വീകരിക്കുന്നതിന് സമ്മതിക്കുകയും ചെയ്യുന്നു. ഇതു പോലെതന്നെ, നാം വഴിയായി എന്തെങ്കിലും സൽകൃത്യം ചെയ്യുന്നതിനു ദൈവം തിരുമനസ്സാകുമ്പോൾ അവിടത്തെ സൽപ്രേരണകളാൽ നമ്മെ ഉണർത്തിക്കൊണ്ടതേ അവിടന്ന് അതാരംഭിക്കുന്നതു്. പിന്നീട് ആ ഉപദേശം നാം സ്വീകരിക്കുകയും, ഒടുവിൽ അതിനു വശംവദരാവുകയും ചെയ്യുന്നു.

പാപത്തിലേക്കുള്ള അധോഗതിക്കു പ്രലോഭനം, സന്തോഷം, സമ്മതം എന്നു മൂന്നു പടവികളുള്ളതുപോലെ സുകൃതത്തിലേക്കുള്ള ഉയർച്ചയ്ക്കും മൂന്നു പടവികളാണുള്ളതു്. പ്രലോഭനത്തിനെതിരായുള്ള ദിവ്യപ്രേരണയും തത്സന്തോഷവും തത്സമ്മതവുമാണ് അവ.

ദിവ്യപ്രേരണകൾ ആജീവനാന്തം നിലനിന്നാൽത്തന്നെയും അവയോടു സഹകരിക്കുന്നില്ലെങ്കിൽ അതുകൊണ്ടു നമുക്കു യാതൊരു ഫലവും ലഭിക്കയില്ല. മാത്രമല്ല, ഇസ്രായേൽജനങ്ങളെപ്പോലെ ദൈവത്തിന്റെ അതൃപ്തിക്കു നാം പാത്രീഭവിക്കയും ചെയ്യും. മാനസാന്തരത്തിനായി നാല്പതു വർഷം മുഴുവൻ ദൈവം അവരെ നിർബന്ധിച്ചിട്ടും അവർ അങ്ങയെ ശ്രവിച്ചില്ല. തന്നിമിത്തം, 'വാങ്ങാനം ചെയ്യപ്പെട്ട സ്ഥലത്തു് അവർ പ്രവേശിക്കുന്നതല്ല' എന്നു ദൈവം അവരെ ശപിക്കയുണ്ടായി. ഒരാൾ ദീർഘകാലമായി സ്നേഹിച്ചുവരുന്ന ഒരു സ്ത്രീ അവസാനം അയാളുടെ സ്നേഹപ്രകടനങ്ങളെ അവഗണിക്കുന്നെങ്കിൽ അതു് ഒരു വലിയ കൃതഘ്നതയായി അയാൾ കരുതുകയില്ലയോ?

ദൈവത്തിന്റെ പ്രേരണകളിൽ നാം സന്തോഷിക്കുന്നതു് അങ്ങയെ മഹത്വപ്പെടുത്തുന്നതിലേയ്ക്കുള്ള ഒരുയർന്പടിയാണ്. എന്തുകൊണ്ടെന്നാൽ, ഇതുപോലെയുള്ള ഒരു സന്തോഷം പൂർണ്ണസമ്മതത്തിനു തുല്യമല്ലെങ്കിലും അതിലേയ്ക്കുള്ള പ്രതിപത്തിയെ അതു സൂചിപ്പിക്കുന്നുണ്ട്. തന്നിമിത്തം

ദൈവപ്രീതിക്കു നാം പാത്രീഭൂതരാകുന്നു. ബാഹ്യമായ സൽപ്രേരണയെന്നു പറയാവുന്ന ദൈവവചനം കേൾക്കുന്നതിൽ സന്തോഷിക്കുന്നതു് ഒരു ശുഭലക്ഷണമത്രേ. അതുപോലെതന്നെ, ആന്തരികമായ ദിവ്യപ്രേരണകളിൽ ആനന്ദചിത്തരായിരിക്കുന്നതും ദൈവതിരുസന്നിധിയിൽ സ്വീകാര്യവും അവിടുത്തേയ്ക്കു പ്രസാദകരവുമാകുന്നു. ഇങ്ങനെയുള്ള സന്തോഷത്തെക്കുറിച്ചു വി. ലിഖിതത്തിലേ ദിവ്യവധു പ്രസ്താവിക്കുന്നതു്, "എന്റെ സ്നേഹഭാജനം സംസാരിച്ചപ്പോൾ എന്റെ ആത്മാവു് അർത്ഥമായിത്തീർന്നു" എന്നാണു്. തന്റെ സ്നേഹം വിലമതിക്കപ്പെടുകയും പ്രതിസമ്മാനിക്കപ്പെടുകയും ചെയ്യുന്നു എന്നു കാണുമ്പോൾ ഐഹികനായ ഒരു കാമുകൻ സന്തുഷ്ടനാവുക ലോകസാധാരണമാണല്ലോ.

ദിവ്യപ്രേരണയിലുള്ള സന്തോഷംകൊണ്ടുമാത്രം കാര്യമായില്ല; സമ്മതത്തിലാണു് അതിന്റെ പരിപൂർണ്ണത അടങ്ങിയിരിക്കുന്നതു്. എന്തുകൊണ്ടെന്നാൽ, സൽപ്രേരണകളെ സ്വീകരിക്കുകയും അവയിൽ സന്തോഷിക്കുകയും ചെയ്തശേഷം അവയ്ക്കു സമ്മതിക്കാത്തപക്ഷം, നാം കൃതഘ്നരായി ദൈവത്തെ ഉപേക്ഷിക്കുകയും അവിടുത്തെ അനന്തനന്മയെ അവഗണിക്കുകയുമത്രേ ചെയ്യുന്നതു്. ഇതുതന്നെയാണു വിശ്വാസലിഖിതത്തിലേ വധുവിനു സംഭവിച്ചതും. തന്റെ പ്രിയതമന്റെ ശബ്ദം ഹൃദയത്തിൽ പ്രതിധ്വനിച്ചിട്ടും വ്യർത്ഥങ്ങളായ ഒഴിവുകഴിവുകൾ പറഞ്ഞു് അവൾ പ്രവേശം അനുവദിക്കാഞ്ഞതിനാൽ അദ്ദേഹം അതുപേക്ഷിച്ചു മടങ്ങിപ്പോയി. ഒരു തരുണി തന്റെ കാമുകനെ ആനുകൂല്യം പ്രദർശിപ്പിച്ചു സ്വീകരിച്ചശേഷം അയാളെ തിരസ്കരിക്കുന്നെങ്കിൽ, ആരംഭത്തിൽത്തന്നെ പരിത്യക്തനാകുന്നതിനെക്കാൾ കൂടുതലായി അയാൾ ഭഗ്നാശനാകുന്നില്ലയോ? അതിനാൽ, ദൈവാനുഗ്രഹത്താൽ നിനക്കു ലഭിക്കുന്ന ദിവ്യപ്രേരണകൾക്കു സ്വാഗതമരുളുക. നിന്റെ ഹൃദയവല്ലഭനാകുവാനിരിക്കുന്ന ക്രിസ്തു

90451

നാഥന്റെ സന്ദേശവാഹകരായി അവയെ സ്വീകരിച്ചാലും. അവയെ ശ്രദ്ധാപൂർവ്വം ശ്രവിച്ചുകൊണ്ട് നിനക്ക് അനുഭവവേദ്യമാകുന്ന സ്നേഹവികാരത്തെ പരിപോഷിപ്പിക്കുകയും ഉൽകൃഷ്ടജ്ഞാനഗ്രഹണത്തെ വർദ്ധിപ്പിക്കുകയും ചെയ്യുക. സുദൃഢവും പരിപൂർണ്ണവും സ്നേഹമസൃണവുമായ ഒരു സമ്മതം ആ ദിവ്യദൗത്യത്തിന് നല്കുക. അപ്പോൾ അജയ്യനായ ദൈവം നിന്റെ സ്നേഹത്തിന് വിധേയനായിത്തീരും. എന്നാൽ, അതിപ്രധാനമോ അസാധാരണമോ ആയ താളശദിവ്യപ്രേരണകൾക്ക് സമ്മതം നല്കുന്നതിന് മുൻപായി ആത്മഗുരുവിന്റെ അഭിപ്രായം ചോദിക്കേണ്ടതാണ്. അതു ശരിയോ തെറ്റോ എന്ന് അദ്ദേഹംതന്നെ വിധിക്കട്ടെ. എന്തുകൊണ്ടെന്നാൽ, സൽപ്രേരണകളെ ആശ്ലേഷിക്കാൻ സദാ സന്നദ്ധരായിരിക്കുന്ന ആത്മാക്കളെ വഞ്ചിക്കുവാൻ ശത്രു എല്ലായ്പ്പോഴും തരം നോക്കിക്കൊണ്ടാണിരിക്കുന്നത്. എന്നാൽ, വിനയപൂർവ്വം ആത്മഗുരുവിനെ അനുസരിക്കുന്നിടത്തോളംകാലം ശത്രുവിന്റെ വഞ്ചന ഭയപ്പെടേണ്ടതില്ല.

ദിവ്യപ്രേരണകൾക്ക് സമ്മതം നല്കിയശേഷം അവയെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതാണ് സുകൃതത്തിന്റെ മകുടസ്ഥാനം. എന്തുകൊണ്ടെന്നാൽ, സമ്മതത്തിനുശേഷവും അവയെ പ്രായോഗികമാക്കാത്തവർ ഫലം പുറപ്പെടുവിക്കാത്ത മുന്തിരിച്ചെടികൾക്ക് തുല്യരത്രേ. പ്രാതഃപ്രാർത്ഥനകളും ഏകാന്തധ്യാനവും ഭക്തിപൂർവ്വം നിർവ്വഹിക്കുന്നപക്ഷം അവ, ഈ ദിവ്യപ്രേരണകളെ സ്വീകരിച്ചു പ്രായോഗികമാക്കുന്നതിന് വളരെ സഹായകമായിരിക്കും. പൊതുവായി മാത്രമല്ല, പ്രത്യേകമായുള്ള സൽപ്രവൃത്തികളിലേക്കും അവ നമ്മെ ആനയിക്കുന്നതാണ്.

DHARMARAM COLLEGE LIBRARY
BANGALORE - 29

പത്തൊൻപതാം അധ്യായം

പാപസങ്കീർത്തനം

നമ്മുടെ ആത്മാവു പാപക്കറ പുരണ്ടു വിരൂപമായിത്തീരുമ്പോൾ അതിനെ കഴുകി ശോഭയുള്ളതാക്കുന്നതിനു കരുണാനിധിയായ നമ്മുടെ രക്ഷാനാഥൻ തന്റെ സഭയിൽ പാപസങ്കീർത്തനമെന്ന വി. ക്രമം സ്ഥാപിച്ചിട്ടുണ്ട്. ഇതു സുനിശ്ചിതവും സുകരവുമായ ഒരു പരിഹാരമാർഗ്ഗം ഉണ്ടായിരിക്കെ, നമ്മുടെ ഹൃദയം അല്പനേരത്തേയ്ക്കെങ്കിലും പാപത്താൽ മലിനമാകുന്നതിനനുവദിക്കുകയോ? ആകസ്മികമായിട്ടെങ്കിലും പുള്ളിപ്പുലിയുടെ സാമീപ്യം ഉണ്ടായാൽ, അതിൽനിന്നു സംക്രമിച്ച ദുർഗ്ഗന്ധംമൂലം ആൺസിംഹത്തിന്റെ വിദ്വേഷത്തിനു പാത്രമാകാതിരിക്കുന്നതിന്, പെൺസിംഹം ആ ദുർഗ്ഗന്ധം കഴുകിക്കളയുവാൻ ബദ്ധപ്പെടുന്നു. ഇതുപോലെ, പാപത്താൽ മലീമസമായിരിക്കുന്ന ആത്മാവും, താൻ ദൈവത്തിന്റെ അനുഷ്ഠിക്കേ ഹേതുഭൂതയാണെന്നു കരുതി പാപത്തെ വെറുക്കുകയും അതിൽനിന്നു വിമുക്തയാകുന്നതിനു ബദ്ധപ്പെടുകയും വേണം. കുമ്പസാരമെന്ന ഈ പ്രത്യൗഷധം സ്വാധീനതയിലുള്ളപ്പോൾ നാം എന്തിന് ആത്മീയമായ മൃത്യുവിനിരയാകുന്നു? ചാവുദോഷം ഇല്ലെങ്കിൽത്തന്നെയും ആഴ്ചയിലൊരിക്കൽ ഭക്തിയോടും വിനയത്തോടുംകൂടെ പാപസങ്കീർത്തനം ചെയ്യണം. തന്മൂലം പാവദോഷത്തിൽനിന്നുള്ള വിമോചനം മാത്രമല്ല, ഭാവിയിൽ അവയിലുൾപ്പെടാതിരിക്കുന്നതിനുള്ള ശക്തിയും അവയുടെ നികൃഷ്ടത ഗ്രഹിക്കുന്നതിനുള്ള ആത്മപ്രകാശവും പാപം നിമിത്തം നഷ്ടപ്പെട്ട ഗുണങ്ങളും വീണ്ടും ലഭിക്കുന്നതിനുള്ള വരപ്രസാദവും നമുക്കുണ്ടാകുന്നു. ക്രമാതെ, എളിമ, അനുസരണം, നിഷ്കാപട്യം, സ്നേഹം മുതലായ നിരവധി സദ്ഗുണങ്ങൾ പരിശീലി

ക്കുന്നതിനുള്ള സന്ദർഭങ്ങളും ഇതിൽനിന്നു സിദ്ധിക്കാവുന്നതാണ്.

കുമ്പസാരിക്കുന്ന പാപങ്ങൾ എത്രതന്നെ നിസ്സാരങ്ങളായിരുന്നാലും അവയോടു യഥാർത്ഥമായ അവജ്ഞതയും അവ വീണ്ടും ചെയ്കയില്ലെന്നുള്ള ദൃഢനിശ്ചയവും ഉണ്ടായിരിക്കണം. പാവദോഷങ്ങളെ ഉന്മൂലനം ചെയ്യണമെന്നുള്ള ഉദ്ദേശ്യമില്ലാതെ പതിവനുസരിച്ചുമാത്രം അവയെ കുമ്പസാരത്തിൽ വെളിപ്പെടുത്തുന്നതുകൊണ്ടു യാതൊരു ഫലവുമില്ല. ജീവിതകാലംമുഴുവൻ നാം അവയ്ക്ക് ഇരയായിരിക്കുമെന്നു മാത്രമല്ല, നിരവധി ആത്മീയാനുഗ്രഹങ്ങൾ നമുക്കു നഷ്ടീഭവിക്കയും ചെയ്യും. അന്യർക്ക് ഉപദ്രവകരമല്ലാത്ത ഒരു കള്ളം അവിചാരിതമായിപ്പറഞ്ഞു; അസത്യമായി സംസാരിച്ചു; കളിയിൽ അമിതമായ താൽപര്യം പ്രദർശിപ്പിച്ചു ഇങ്ങനെയെല്ലാം കുമ്പസാരത്തിൽ പറഞ്ഞതുകൊണ്ടുമാത്രമായില്ല; ഇവയെക്കുറിച്ചു യഥാർത്ഥമായ മനസ്താപവും ശരിയായ പരിഹാരം ചെയ്യുകൊള്ളാമെന്നുള്ള ദൃഢനിശ്ചയവും ഉണ്ടായിരിക്കണം. ചാവുദോഷങ്ങളായാലും പാവദോഷങ്ങളായാലും അവയിൽനിന്നു വിമുക്തരാകണമെന്നുള്ള ഉദ്ദേശ്യംകൂടാതെ കുമ്പസാരിക്കുമ്പോൾ, പ്രസ്തുത ക്രമത്തെ ദുരുപയോഗിക്കുകയാകുന്നു നാം ചെയ്യുന്നത്.

ഞാൻ ദൈവത്തെ വേണ്ടപോലെ സ്നേഹിച്ചില്ല; തീക്ഷ്ണതാപൂർവ്വം പ്രാർത്ഥിച്ചില്ല; എന്റെ സഹോദരനെ യഥാവിധി സ്നേഹിച്ചില്ല; വിശുദ്ധ ക്രമത്തെ യോഗ്യതാപൂർവം സ്വീകരിച്ചില്ല ഇത്യാദി അവ്യക്തവും അവ്യവസ്ഥിതവുമായ പാപോച്ചാരണംകൊണ്ടുമാത്രം നീ സംതൃപ്തി അടയരുത്. വിശുദ്ധന്മാർക്കുപോലും അങ്ങനെയുള്ള കുറവുകൾ ഉണ്ടായിരിക്കാവുന്നതാണ്. തന്നിമിത്തം നിന്റെ മനസ്സാക്ഷിയെ ശരിയായി മനസ്സിലാക്കുവാൻ വൈമുഖ്യം സാധിക്കുന്നില്ല. താഴ്മശൂന്യതയുടെ കാരണമെന്തെന്നു പരിശോ

യിച്ചു തീർച്ചപ്പെട്ടതിയശേഷം അവയെ നിഷ്കളങ്കമായും വിശദമായും ഏറ്റുപറയുക. ഉദാഹരണമായി, നീ നിന്റെ സഹോദരനെ സ്നേഹിച്ചില്ലെന്നു പറയുന്നതു് ഒരുപക്ഷേ, അനന്യശരണനായ ഒരു സാധുവിനെ അവന്റെ ആവശ്യനേരത്തു നീ സഹായിക്കാതിരുന്നതിനെക്കുറിച്ചായിരിക്കാം. അങ്ങനെയെങ്കിൽ, അയാളെ നീ സഹായിക്കാതിരുന്നതെന്തുകാരണത്താൽ—ഉപേക്ഷയാലോ ഹൃദയകാഠിന്യത്താലോ അശ്രദ്ധയാലോ—എന്നു വിശദമായിപ്പറയണം. കൂടാതെ, നിന്റെ ക്ഷേത്രകൃത്യങ്ങളിൽ നീ വളരെ അലസനായിരുന്നു എന്നു പൊതുവായിപ്പറഞ്ഞാൽ പോരാ; ഏകാഗ്രമായ പ്രാർത്ഥനയ്ക്കു യോജിച്ച സമയവും സ്ഥലവും മറ്റു സാഹചര്യങ്ങളും അനേഷിക്കുന്നതിനു നീ ഉപേക്ഷ വിചാരിക്കുകയോ മനഃപൂർവം വിവിധചിന്തകളിൽ നിന്റെ മനസ്സിനെ വ്യാപരിപ്പിക്കയോ ചെയ്തിട്ടുണ്ടെങ്കിൽ അവയോരോന്നും അതിന്റെ യഥാർത്ഥരൂപത്തിലും നിറത്തിലും വെളിപ്പെടുത്തുക.

പാവദോഷങ്ങളെ കുമ്പസാരിക്കുമ്പോൾ ആ പാപങ്ങൾ ചെയ്യുന്നതിനു നിന്നെ പ്രേരിപ്പിച്ച സാഹചര്യങ്ങളും വിശദമാക്കണം. നീ ഒരു കള്ളം പറഞ്ഞതായി കുമ്പസാരത്തിൽ വെളിപ്പെടുത്തുന്നുവെന്നിരിക്കട്ടെ. നിരപരാധിയും പ്രശംസാർഹനുമായി കാണപ്പെടണമെന്നുള്ള ദുരഭിമാനത്തിലായിരിക്കാം ഒരുപക്ഷേ നീ ആ കള്ളം പറഞ്ഞതു്. ഇങ്ങനെയുള്ള സാഹചര്യങ്ങളും കുമ്പസാരത്തിൽ വെളിപ്പെടുത്തേണ്ടതാണു്. ക്ഷണികമായി നമ്മുടെ മനസ്സിൽക്കൂടി കടന്നുപോകുന്ന ഒരു പാപവിചാരത്തിനും രണ്ടുമൂന്നു ദിവസത്തേക്കു മനസ്സിൽ നിലനില്ക്കുന്ന അതേ പാപവിചാരത്തിനും തമ്മിൽ വളരെ വ്യത്യാസമുള്ളതിനാൽ അതിൽ നീ മനഃപൂർവ്വം വരുത്തിയ കാലതാമസത്തെയും കുമ്പസാരത്തിൽ പറയണം. ഇപ്രകാരം, പാപവും അതിന്റെ കാരണവും അതിൽ സ്ഥിതി ചെയ്തിട്ടുള്ള സമയവും വെളിപ്പെടുത്തുന്നതിൽ നീ ശ്രദ്ധാലു

വായിരിക്കേണ്ടതത്രേ. പാപദോഷങ്ങളെസ്സംബന്ധിച്ച് ഇത്ര വലിയ നിഷ്കർഷ പ്രദർശിപ്പിക്കുന്നതിനു നാം നിർബന്ധിതരല്ലെങ്കിലും ആത്മവിശുദ്ധിയും പുണ്യാഭിവൃദ്ധിയും ആഗ്രഹിക്കുന്നവരേവരും ഈവിധം ചെയ്യേണ്ടതാണ്.

നിന്റെ കുറ്റത്തിന്റെ സ്വഭാവം നിർണ്ണയിക്കുന്നതിനു സഹായമായിത്തീരുന്ന ചുറ്റുപാടുകളും സൂക്ഷ്മം വെളിപ്പെടുത്തുന്നതിൽ നീ ജാഗരൂകനായിരിക്കണം. നീ കോപിക്കുകയോ മറേറാ ചെയ്തിട്ടുണ്ടെങ്കിൽ അതിനു നിന്നെ പ്രേരിപ്പിച്ചിതെന്തെന്നു പറയുക. നിനക്കിഷ്ടമില്ലാത്ത ഒരാൾ പറഞ്ഞ നിസ്സാരസംഗതി നീ തെറ്റിദ്ധരിക്കുകയും അവനോടു നിനക്കു ദ്വേഷം തോന്നുകയും ചെയ്തെന്നിരിക്കട്ടെ. ഒരു സ്നേഹിതൻ ഇതിലും വിദ്വേഷജനകമായ വല്ലതും പറഞ്ഞിരുന്നെങ്കിൽത്തന്നെയും നീ കോപിക്കുമായിരുന്നുവോ? ഇല്ലെങ്കിൽ, ആദ്യം പറഞ്ഞ ആളിനോടു നിനക്കു തോന്നിയ കോപത്തിനു കാരണം അവന്റെ വാക്കുകളല്ല; പ്രത്യുത, അവനോടുള്ള വിദ്വേഷമാണെന്നു സ്പഷ്ടമാകുന്നില്ലയോ? ഇങ്ങനെ യുക്തിയുക്തമായി പാപഹേതുക്കൾ ആരാഞ്ഞറിയേണ്ടതാണ്. സംഗതികളുടെ വിശദീകരണത്തിനു പറഞ്ഞവതന്നെ വീണ്ടും പറയുന്നതിനാവശ്യപ്പെട്ടാൽ അപ്രകാരം ചെയ്യുന്നതിനും മടിക്കരുതു്. ഇതുപോലെയുള്ള ഒരു നല്ലകുമ്പസാരം നിന്റെ യഥാർത്ഥകുറ്റങ്ങളെ മാത്രമല്ല, നിന്നിലുള്ള ദുഷിച്ച ചിന്തകളേയും തിന്മയിലേക്കു സ്വാഭാവികമായുള്ള ചായ്വിലുകളേയുംകൂടെ ശരിയായി വെളിവാക്കുന്നതിനാൽ ആത്മിയവൈദ്യനു നിന്റെ രോഗസ്ഥിതി പൂർണ്ണമായി മനസ്സിലാക്കി തദനുയോജ്യമായ ചികിത്സാമാർഗ്ഗം നിർദ്ദേശിക്കുന്നതിനു സാധിക്കുന്നു. മറുള്ളവരുടെ പേരു കുമ്പസാരത്തിൽ പറയാതിരിക്കാൻ സൂക്ഷിക്കേണ്ടതത്രേ.

നിന്നിൽ പ്രത്യേകമായും സാധാരണമായും മികച്ചുനില്ക്കുന്ന കുറ്റങ്ങളെപ്പറ്റി നീ കൂടുതൽ ശ്രദ്ധാലുവായിരിക്കുക

യും അവയെ കീഴടക്കുന്നതിനു ജാഗരൂകനായിരിക്കുകയും ചേയ്യേണ്ടതാണു്. മൂന്നാം ഭാഗത്തിലേ 6, 27, 28, 29, 35, 36 ഈ അദ്ധ്യായങ്ങളും നാലാം ഭാഗത്തിലേ ഏഴാം അദ്ധ്യായവും നിനക്കു മാർഗ്ഗനിർദ്ദേശം നല്കുന്നവയാകയാൽ അവ വായിച്ചു മനസ്സിലാക്കുന്നതു ഗുണപ്രദമായിരിക്കും. കാരണം ക്രൂടാതെ കുമ്പസാരക്കാരനെ മാറരുതു്. പതിവായി ക്രൂപ്പടി വസങ്ങൾക്കുള്ളിൽ നിന്റെ എല്ലാ കുറവുകളും സ്പഷ്ടമായും നിഷ്കപടമായും കുമ്പസാരിക്കുന്നതിൽ നിഷ്കർഷയുണ്ടായിരിക്കണം. ക്രൂടാതെ, അമിതമായ ദുഃഖം, നിരുന്മേഷം, അനാശാസ്യകാര്യങ്ങളിലുള്ള അഭിനിവേശം ഇത്യാദി പ്രലോഭനങ്ങളുണ്ടായിട്ടുണ്ടെങ്കിൽ, അവയ്ക്കു നീ വിധേയനായിട്ടില്ലെന്നിരുന്നാലും, മാസത്തിലൊരിക്കലോ രണ്ടുമാസത്തിലൊരിക്കലോ അവയെ കുമ്പസാരത്തിൽ വെളിപ്പെടുത്തുന്നതും അഭിലഷണീയമത്രേ.

ഇരുപതാം അധ്യായം

ക്രൂടെക്രൂടെയുള്ള ദിവ്യകാരുണ്യസ്വീകരണം

പോന്തസിലേ രാജാവായ മിത്രിദത്തസ്, റോമാക്കാരുടെ ക്രൂരാധിപത്യത്തിൽനിന്നു രക്ഷപ്പെടുന്നതിനു് ആത്മഹത്യയല്ലാതെ മറുമാർഗ്ഗമില്ലെന്നു കരുതി വിഷം സേവിച്ചു. പക്ഷേ, അദ്ദേഹത്തിനു് ഇതുമൂലം ജീവഹാനി നേരിട്ടില്ല. അദ്ദേഹം കണ്ടുപിടിച്ച 'മിത്രിദെത്തു്' എന്ന വിശിഷ്ടമായ ഔഷധം സേവിച്ചു തന്റെ ശരീരം വളരെ ബലപ്പെടുത്തിയിരുന്നതത്രെ ഇതിന്റെ കാരണമെന്നു പറയപ്പെടുന്നു. നമ്മുടെ ദിവ്യനാഥൻ പരിശുദ്ധ ക്രൂദാശയാകുന്ന ദിവ്യകാരുണ്യം സ്ഥാപിച്ചിരിക്കുന്നതു്, തദ്വാരാ താൻ പ്രദാനം ചെയ്യുന്ന തന്റെ മാംസരക്തങ്ങളാകുന്ന ക്ഷീണപേയങ്ങൾ സ്വീകരി

ച്ചു് എല്ലാവരും നിത്യായുസ്സു പ്രാപിക്കുന്നതിനായിട്ടത്രേ. തന്മൂലം, കേ്തിയോടുകൂടെ പലപ്പോഴും ഈ ദിവ്യഭോജനത്തിൽ ഭാഗഭാക്കാകുന്നവൻ, ദുർവികാരങ്ങളാകുന്ന വിഷസർപ്പങ്ങളുടെ ദംശനമേറ്റാലും അതിൽനിന്നു് ഉപദ്രവമുണ്ടാവുക അത്ര എളുപ്പമല്ല. എന്തുകൊണ്ടെന്നാൽ, ഈ ദിവ്യഭോജനം ആത്മാവിനെ പോഷിപ്പിക്കുകയും അതിന്റെ ആരോഗ്യം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ആയുസ്സിന്റെ അപ്പത്താൽ പരിപോഷിപ്പിക്കപ്പെടുന്ന യാതൊരുവനും ജഡികസന്തോഷങ്ങൾ അനുഭവിച്ചുകൊണ്ടു ജീവിക്കാൻ സാധിക്കയില്ല. പുദീസായിലേ ജീവദായകങ്ങളായ ഫലങ്ങൾ ഭക്ഷിച്ചവർ മരണത്തിനു വിധേയരല്ലായിരുന്നു. ഇതുപോലെ, ജീവന്റെ ഈ ദിവ്യകുദാശയിൽനിന്നു ഭക്ഷിക്കുന്ന ഒരുവനും ആത്മീയമൃത്യു സംഭവിക്കയില്ല.

വളരെ മൃദുലവും പെട്ടെന്നു ചീത്തയാകുന്നതുമായ ചില പഴങ്ങൾ പഞ്ചസാരയിലോ തേനിലോ ഇട്ടു ദീർഘനാളത്തേക്കു കേടുകൂടാതെ സൂക്ഷിക്കാം. ഇങ്ങനെയെങ്കിൽ ദിവ്യരക്ഷകന്റെ അനശ്വരമായ മാംസരക്തങ്ങളുടെ മധുര്യത്തിൽ നിമഗ്നമായിരിക്കുന്ന നമ്മുടെ ഹൃദയം എത്ര ദുർബ്ബലവും ക്ഷയോന്മുഖവുമായിരുന്നാൽത്തന്നെയും പാപമാലിന്യത്തിൽനിന്നു സംരക്ഷിക്കപ്പെടുന്നതിൽ അത്ഭുതത്തിനെന്തവകാശം?

അല്ലയോ കേ്താത്മാവേ, അവസാന ദിവസത്തിൽ ശിക്ഷാവിധിക്കർഹരാകുന്ന ക്രിസ്ത്യാനികൾക്ക്, തങ്ങളുടെ ആത്മീയ മരണത്തെക്കുറിച്ചു ന്യായവിധി ചെയ്യുന്ന ദിവ്യന്യായാധിപനോടു് എന്തു സമാധാനം പറയുവാൻ കഴിയും? ദിവ്യരക്ഷകന്റെ ശരീരം ഭക്ഷിച്ചുകൊണ്ടു ആത്മജീവനും ആരോഗ്യവും സംരക്ഷിക്കുവാൻ അവർക്കു സാധിക്കുമായിരുന്നു. "നിർഭാഗ്യരേ, ജീവന്റെ അപ്പം നിങ്ങൾക്കു സുലഭമായിരുന്നിട്ടും നിങ്ങൾ മൃതിയടഞ്ഞതെന്തുകൊണ്ടു?" എന്നു് അവിടുന്നു് അവരോടു ചോദിക്കും.

അന്നദിനം ദിവ്യകാരുണ്യം ഉൾക്കൊള്ളുന്നതിനു ഞാൻ നിന്നെ പ്രേരിപ്പിക്കുകയോ തടയുകയോ ചെയ്യുന്നില്ല. നിന്റെ ഹൃദയം പാപത്തിൽനിന്നും തൽപ്രതിപത്തിയിൽനിന്നും വിമുക്തമാണെങ്കിൽ ഞായറാഴ്ചതോറുമെങ്കിലും നീ വി. കുർബാന ഉൾക്കൊള്ളണമെന്നതു എന്റെ ആഗ്രഹം. ഇതിൽ വി. ആഗ്നസ്തീനോസിനെയാണു ഞാൻ അനുകരിക്കുന്നതു്. അദ്ദേഹം അന്നദിനദിവ്യകാരുണ്യസ്വീകരണം നിരോധിക്കുകയോ ആജ്ഞാപിക്കുകയോ ചെയ്തിരുന്നില്ല. ഇതു വിശിഷ്ടവും പ്രധാനവുമായ ഒരു വിഷയത്തെപ്പറ്റി പൊതുവായ നിയമമുണ്ടാക്കുക മിക്കവാറും അസാധ്യമാകയാൽ അതു് ഓരോരുത്തരുടേയും ആത്മനിയന്താവിന്റെ ഹിതത്തിനു വിട്ടുകൊടുക്കേണ്ടതാണു്. ഭക്തിയും തീക്ഷ്ണതയുമുള്ള ചിലരിൽ അന്നദിനം ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനാവശ്യമായ ആത്മശുദ്ധത കാണാറുള്ളതുകൊണ്ടു് അവരെ അതിന്നായി പ്രോത്സാഹിപ്പിക്കയോ അതിൽനിന്നു വിരമിപ്പിക്കുകയോ ചെയ്യാതിരിക്കുന്നതായിരിക്കും ഉത്തമം. എന്നാൽ, അതു് ഓരോരുത്തരുടേയും വ്യക്തിപരമായ ആവശ്യമനുസരിച്ചു തീരുമാനിക്കേണ്ടതാണു്. യാതൊരു വ്യവസ്ഥയും കൂടാതെ, അന്നദിനമുള്ള ദിവ്യകാരുണ്യസ്വീകരണത്തിനു മറ്റുള്ളവരെ പ്രേരിപ്പിക്കുന്നതും, ആത്മഗുരുവിന്റെ ഉപദേശമനുസരിച്ചു് അപ്രകാരം ചെയ്യുന്നവരെ കുറ്റപ്പെടുത്തുന്നതും ഒരുപോലെ ബുദ്ധിഹീനമാണു്

സീയെന്നായിലെ വി. കത്രിനാ പതിവായി ദിവ്യകാരുണ്യം സ്വീകരിച്ചിരുന്നു. എന്നാൽ, വി. ആഗ്നസ്തീനോസിന്റെ അഭിപ്രായത്തെ അസ്പഷ്ടമാക്കി ചിലർ അവളെ കുറ്റപ്പെടുത്തുകയുണ്ടായി. അപ്പോൾ, "കൊള്ളാം, വി. ആഗ്നസ്തീനോസ് അതിനെ നിരോധിച്ചിട്ടില്ല. നിങ്ങളും അതിനെ നിരോധിക്കാതിരുന്നാൽമതി. അതുകൊണ്ടു ഞാൻ സന്തുഷ്ടയായിക്കൊള്ളാം" എന്നു് അവൾ മറുപടി പറഞ്ഞു.

എല്ലാ ഞായറാഴ്ചകളിലും വി. കുർബാന സ്വീകരിക്കുന്നതിനു വി. അഗുസ്തീനോസ് ശക്തിയുക്തം നമ്മെ പ്രോത്സാഹിപ്പിക്കുകയും ഉപദേശിക്കുകയും ചെയ്യുന്നുണ്ട്. ഈ നിയമം തന്നെ നീയും സ്വീകരിക്കുക. ചാവുദോഷത്തിലേക്കു ചാടുവിലും പാവദോഷത്തിനു സമ്മതവുമില്ലെങ്കിൽ വി. അഗുസ്തീനോസ് നിർദ്ദേശിക്കുന്ന ഹൃദയശുദ്ധത നിനക്കുണ്ടെന്നു് അനുമിക്കാം. നീ പാപത്തിനു് അനുജ്ഞ നല്കുന്നില്ലെന്നു മാത്രമല്ല, യാതൊരു പാപത്തോടും ഒരു ബന്ധവും നിനക്കില്ലാതെയുമിരിക്കുന്നെങ്കിൽ പലപ്പോഴും വി. കുർബാന ഉൾക്കൊള്ളാവുന്നതാണു്. എന്നാൽ, ഇതു് ആത്മഗുരുവിന്റെ സമ്മതത്തോടുകൂടിയായിരിക്കട്ടെ. യാതൊരു കുറവും പ്രസ്തുത കൃത്യത്തിനു നിന്നെ പ്രതിരോധിക്കുന്നില്ലെങ്കിൽത്തന്നെയും സഹവാസികളിൽനിന്നു ന്യായമായ ചില പ്രതിബന്ധങ്ങൾ നിനക്കുണ്ടായേക്കാം. അപ്പോൾ വിവേകിയായ ഒരുപദേഷ്ടാവു്, പതിവായി ദിവ്യഭോജനം സ്വീകരിക്കുവാൻ നിന്നെ അനുവദിക്കുന്നതല്ല. നീ ഒരാളെ ആശ്രയിച്ചു ജീവിക്കുന്നുവെന്നു വിചാരിക്കുക. അയാൾ അജ്ഞനും ദുശ്ശാഠ്യക്കാരനുമാണെന്നിരിക്കട്ടെ. തന്നിമിത്തം, നിന്റെ അനുദിനദിവ്യകാരുണ്യസ്വീകരണം അയാൾക്കു് അനിഷ്ടകരമായിത്തീരുന്നു. ഇത്തരുണത്തിൽ അയാളുടെ നീരസത്തിൽനിന്നു രക്ഷ പ്രാപിക്കാൻ ഇതരമാർഗ്ഗങ്ങളില്ലെങ്കിൽ, നീ രണ്ടാഴ്ചയിലൊരിക്കൽമാത്രം ദിവ്യകാരുണ്യം സ്വീകരിച്ചാൽമതി. ഒരു പൊതുനിയമം ശ്രുപവൽക്കരിക്കുക. ദുസ്സാധമായ ഇക്കാര്യത്തിൽ ഓരോരുത്തരുടേയും ആത്മഗുരുവിന്റെ ഉപദേശത്തിനു് അതു വിട്ടുകൊടുക്കുകയേ നിവൃത്തിയുള്ളൂ. പുണ്യജീവിതത്തിൽ യഥാർത്ഥമായ അഭിവൃദ്ധിയുള്ളവരെല്ലാം മാസത്തിലൊരിക്കലെങ്കിലും ഈ ദിവ്യവിരുന്നിൽ സംബന്ധിക്കേണ്ടതാണു്.

ഇതരകൃത്യങ്ങൾക്കു വിഘ്നംവരാതെ നാം സൂക്ഷിക്കുന്നെങ്കിൽ, മാതാവോ പിതാവോ, ഭാര്യയോ ഭർത്താവോ ദി

വ്യക്തികളുടെ സ്വീകരണത്തിൽനിന്നു നമ്മെ തടയുകയില്ല. അവരോടു നാം കൂടുതൽ സൗമ്യതയും ദയയും പ്രദർശിപ്പിക്കും; അവർക്കു സഹായസഹകരണങ്ങൾ ചെയ്യുന്നതിനു നാം സന്നദ്ധരുമായിരിക്കും; തന്മൂലം തങ്ങൾക്കുപദ്രവകരമല്ലാത്ത ഇക്കാര്യത്തെ തടയുന്നതിന് അവർ തുനിയുകയില്ല. എന്നാൽ, സ്വാർത്ഥതൽപരരും ദുശ്ശാഠ്യക്കാരുമായ ചിലർ അതിനുദ്യമിച്ചെന്നു വരാം. തദവസരത്തിൽ അവരെ അനുസരിക്കുന്നതിനായിരിക്കും ആത്മഹിതം ഉപദേശിക്കുന്നതു്.

ഇത്തരുണത്തിൽ വിവാഹിതരോടും രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ. കടംകൊടുത്ത പണം സാബത്തുദിവസങ്ങളിൽ തിരിയെ വാങ്ങുന്നതിനു ദൈവം ഇസ്രായേൽക്കാരെ അനുവദിച്ചിരുന്നില്ല. എന്നാൽ, ഉടമസ്ഥൻ ആവശ്യപ്പെട്ടപക്ഷം കടം വാങ്ങിയ പണം തിരിയെക്കൊടുക്കുന്നതിനു നിരോധിച്ചിരുന്നുമില്ല. വിവാഹിതരുടെ പരസ്പരധർമ്മാനുഷ്ഠാനത്തിലും ഈ നിയമംതന്നെ മാർഗ്ഗദർശകമായിരിക്കട്ടെ. വിശുദ്ധ കുർബാന ഉൾക്കൊള്ളുന്നതിനുള്ള ദിവസം ഈ വകകാര്യങ്ങൾ ആവശ്യപ്പെട്ടുന്നതു തീരെ അനുചിതമാണെങ്കിലും, ഒരാൾ ആവശ്യപ്പെട്ടാൽ മറെറയാൾ അതിനു സമ്മതിക്കുന്നതു സ്തുത്യർഹമായിരിക്കും. അതു ദിവ്യകാരുണ്യസ്വീകരണത്തിനു് ഒരു പ്രതിബന്ധമായിരിക്കുകയില്ല. ആദിമക്രിസ്ത്യാനികൾ വിവാഹിതരും സന്താനസമ്പന്നരും ആയിരുന്നുവെങ്കിലും, അനുദിനം ദിവ്യകാരുണ്യം ഉൾക്കൊണ്ടിരുന്നു. ക്രൂശിക്കപ്പെടുന്നുള്ള ദിവ്യകാരുണ്യസ്വീകരണം ഒരു പിതാവിൻെറയോ മാതാവിൻെറയോ ഭർത്താവിൻെറയോ ഭാര്യയുടെയോ ജീവിതവൃത്തിക്കു വിഘ്നമല്ലെന്നു് ഇതിൽനിന്നു് അനുമിക്കാം. ഇവയിലെല്ലാം ഓരോരുത്തനും വിവേകപൂർവം പ്രവർത്തിച്ചാൽമതി. തുടർച്ചയായ ഛർദ്ദിയല്ലാതെ മറെറാതൊരു ശാരീരികാസ്വാസ്ഥ്യവും വിശുദ്ധ കുർബാന ഉൾക്കൊള്ളുന്നതിനു തടസ്സമായിരിക്കയില്ല.

ആഴ്ചതോറും ദിവ്യഭോജനത്തിനണയുന്നവർ ചാവുദോഷത്തിൽനിന്നും പാവദോഷത്തിലേക്കുള്ള ചാച്ചിലിൽനിന്നും വിമുക്തരായിരിക്കണമെന്നുമാത്രമല്ല, ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനുള്ള നിഷ്കളങ്കവും യഥാർത്ഥവുമായ ആഗ്രഹം ഉള്ളവരായിരിക്കയും വേണം. ദിവസേന ഈ ദിവ്യവിരുന്നിൽ സംബന്ധിക്കുന്നവരാകട്ടെ, തങ്ങളുടെ ദുർവാസനകളെക്കുടെയും കീഴടക്കേണ്ടിയിരിക്കുന്നു. എന്നാൽ, തന്റെ ആത്മഗുരുവിന്റെ ഉപദേശമനുസരിച്ചല്ലാതെ അനുദിന ദിവ്യകാരുണ്യസ്വീകരണത്തിന് ആരും തുനിയരുതു്.

ഇരുപത്തൊന്നാം അധ്യായം

ദിവ്യകാരുണ്യം ഉരുക്കൊള്ളേണ്ടവിധം

വിശുദ്ധാഗ്രഹങ്ങൾ നിന്നിൽ ഉളവാക്കിയും ദൈവസ്നേഹപ്രകരണങ്ങൾ ചെയ്തും തലേദിവസം വൈകുന്നേരം മുതൽ വിശുദ്ധ കുർബാന സ്വീകരിക്കുന്നതിന് ഒരുങ്ങേണ്ടതാണു്. രാവിലെ ഉണരുന്നതിനായി നേരത്തേതന്നെ നിശ്ചയാരംഭിക്കുക. രാത്രിയിൽ ഉണരുന്ന സന്ദർഭങ്ങളിൽ സുകൃതജപങ്ങളാകുന്ന ദിവ്യകുസുമങ്ങളാൽ നിന്റെ ആത്മാവിനെ അലങ്കരിക്കുകയും തട്ടിപാരാ, ദിവ്യമണവാളനെ യഥായോഗ്യം സ്വീകരിക്കുന്നതിനു നീ അതിനെ തയ്യാറാക്കുകയുംചെയ്യുക. നിനക്ക് അർഹതയുള്ളപക്ഷം നിരവധി അനുഗ്രഹങ്ങൾ പ്രദാനം ചെയ്യുന്നതിനു സന്നദ്ധനായി അദ്ദേഹം ഇതാ ഉണർന്നിരിക്കുന്നു. അല്പസമയത്തിനുശേഷം കൈവരാൻപോകുന്ന മഹാഭാഗ്യത്തെ ഓർത്തു സന്തോഷിച്ചുകൊണ്ടായിരിക്കണം പ്രഭാതത്തിൽ നീ ഉണരുക. പാപോച്ചാരണത്തിനുശേഷം, പൂർണ്ണവിശ്വാസത്തോടും അഗാധമായ എ

ളിമയോടുംകൂടെ, നിത്യജീവനെ പ്രദാനംചെയ്യുന്ന ഈ ദിവ്യ ഭോജനത്തിനണയുക. "കർത്താവേ, അവിടുന്ന് എന്റെ പക്കൽ വരുവാൻ ഞാൻ യോഗ്യനല്ല" എന്ന വാക്കുകൾ ഉച്ചരിച്ചുകൊണ്ട് അധരങ്ങൾ ചലിപ്പിക്കാതെ, ശിരസ്സുയർത്തി വൈദികനു കാണത്തക്കവണ്ണം മിതമായി വായ് തുറന്ന്, നാവ് അല്പം നീട്ടി, നിന്റെ വിശ്വാസത്തിനും പ്രത്യാശയ്ക്കും സ്നേഹത്തിനും വിഷയമായ ആ ദിവ്യനാഥനെ ഭക്തിപൂർവ്വം സ്വീകരിച്ചാലും.

തേനീച്ച, ആകാശത്തിലേ ഹിമകണങ്ങളേയും ഭൂമിയിലേ പുഷ്പങ്ങളിലുള്ള മധുരബിന്ദുക്കളേയും ശേഖരിച്ചു മധുവായി രൂപാന്തരപ്പെടുത്തി അതിന്റെ കൂട്ടിൽ സൂക്ഷിക്കുന്നതുപോലെ, ഹിമകണങ്ങൾക്കു സമം ആകാശത്തിൽനിന്ന് ഇറങ്ങിവന്ന സാക്ഷാൽ ദൈവപുത്രനും ഭൂമിയിലേ കുസുമത്തിനുതുല്യം മനുഷ്യകുലമാകുന്ന മണ്ണിൽ വളർന്ന കന്യകാസുതനുമായ ലോകരക്ഷകനെ, നിന്റെ ആത്മശരീരങ്ങൾക്കു മാധുര്യമേറിയ ആഹാരസാധനമായിത്തീരുന്നതിനു വേണ്ടി, വൈദികൻ നിന്നിൽ നിക്ഷേപിക്കുന്നു. ഈ പരമരഹസ്യത്തെക്കുറിച്ചു ഗാഢമായി ചിന്തിച്ചുകൊണ്ട് ആ ദിവ്യാതിഥിക്ക് ഉചിതമായ ഭക്തിബഹുമാനാദരങ്ങളെ സാദരം സമർപ്പിക്കുക. നിന്റെ ഹൃദയാന്തർഭാഗം തുറന്നു കാണിച്ചുകൊണ്ട് അതിന്റെ അഭിലാഷങ്ങൾ അങ്ങയെ ഗ്രഹിപ്പിക്കുകയും അത്യധികം ആനന്ദപ്രദമായ അവിടുത്തെ സാന്നിദ്ധ്യം സസന്തോഷം അനുസ്മരിക്കുകയും ചെയ്യുക. ഹൃദയംഗമമായ സ്വാഗതമരുളി അങ്ങയെ സ്വീകരിച്ചാലും! അങ്ങേക്കു നിന്നിൽ എഴുന്നള്ളിയിരിക്കുന്നുവെന്നു നിന്റെ പ്രവൃത്തികളുടെ പരിശുദ്ധി പ്രത്യക്ഷമാക്കട്ടെ.

എന്നാൽ, വി. കുർബാനയിൽ യഥാർത്ഥമായി അങ്ങയെ സ്വീകരിക്കാൻ സാധിക്കാത്തപ്പോൾ, ദിവ്യരക്ഷകന്റെ ജീവദായകമായ ശരീരത്തോട് തീവ്രമായ ആഗ്രഹ


ത്താൽ നിന്നെത്തന്നെ യോജിപ്പിച്ചുകൊണ്ട് അരുപിക്കുട്ടത്തവിധം അദ്ദേഹത്തെ സ്വീകരിക്കുക.

ദൈവസ്നേഹാഭിവൃദ്ധി, അതിലുള്ള സ്ഥിരത, ദിവ്യാശ്വാസം മുതലായ ഉദ്ദേശ്യങ്ങളും മുൻനിറുത്തിയായിരിക്കണം ഈ ദിവ്യഭോജനം നീ സ്വീകരിക്കേണ്ടതു്. സ്നേഹത്തിനമാത്രം നല്കാൻ സാധിക്കുന്നതിനെ, സ്നേഹത്തെപ്രതിമാത്രം സ്വീകരിക്കുക. ഈ വിശുദ്ധ ക്രമാശയിലേപ്പോലെ ഇതു മറ്റുലവും ഹൃദയസ്പർശകവുമായവിധം ക്രിസ്തുനാഥന്റെ സ്നേഹം മറെറാന്നിലും പ്രത്യക്ഷമാകുന്നില്ല. ഈ ക്രമാശയിൽ ദൈവം തന്നെത്തന്നെ എളിമപ്പെടുത്തി അപ്പത്തിന്റെ രൂപം സ്വീകരിച്ചുകൊണ്ടു നമ്മുടെ ഭക്ഷണമായിത്തീരുകയും, വിശ്വാസികളുടെ ആത്മശരീരങ്ങളോടു ഐക്യമായവിധം അവിടുന്നു യോജിക്കുകയും ചെയ്യുന്നു.

'അടുക്കലടുക്കൽ ദിവ്യകാരുണ്യം സ്വീകരിക്കുന്നതെന്തിനു്' എന്നു് ആരെങ്കിലും ചോദിക്കുന്നെങ്കിൽ, അപൂർണ്ണതകളിൽനിന്നു വിമുക്തരാകുന്നതിനും ദുരവസ്ഥയിൽനിന്നു രക്ഷപ്രാപിക്കുന്നതിനും സന്താപങ്ങളിൽ ആശ്വാസം കണ്ടെത്തുന്നതിനും ദുർബലതയിൽ ശക്തി ലഭിക്കുന്നതിനും സർവ്വോപരി ദൈവസ്നേഹത്തിൽ അഭിവൃദ്ധിപ്പെടുന്നതിനുമാണെന്നു മറുപടി പറയുക. പരിപൂർണ്ണർ മാത്രമല്ല, അപൂർണ്ണരും പലപ്പോഴും വി. കുർബാന ഉൾക്കൊള്ളേണ്ടതാണു്. പൂർണ്ണത പ്രാപിച്ചവർ പരിപൂർണ്ണതയുടെ ഉറവയായ ദിവ്യകാരുണ്യത്തെ സമീപിക്കുന്നതിനു യോഗ്യരായിരുന്നിട്ടും അങ്ങനെ ചെയ്യാതിരുന്നാൽ അതൊരു വലിയ അപരാധമായിരിക്കും. അപൂർണ്ണരോ, എന്നാൽ, പരിപൂർണ്ണത പ്രാപിക്കേണ്ടതിനു് അപ്രകാരം ചെയ്യേണ്ടിയിരിക്കുന്നു. ബലവാൻ ബലഹീനനാകാതിരിക്കുന്നതിനും ബലഹീനൻ ശക്തി പ്രാപിക്കുന്നതിനും രോഗി രോഗവിമുക്തനാകുന്നതിനും, അരോഗൻ രോഗബാധിതനാകാതിരിക്കുന്നതിനും ഈ ദിവ്യൗഷധം ഉപയോഗിക്കേണ്ടതത്രേ. അതിനാൽ, അപൂർണ്ണരും ദുർ

ബലരും രോഗികളുമായ നാം, പരിപൂർണ്ണനും ശക്തനും വൈദ്യനുമായിരിക്കുന്നവനെ പലപ്പോഴും സമീപിക്കേണ്ടതല്ലയോ? ലൗകികവ്യാപാരങ്ങളിൽ അധികം ഇടപെടാത്തവർ പലപ്രാവശ്യം ഈ ദിവ്യഭോജനത്തിനണയണം. അവക്കാണല്ലോ അതിനു കൂടുതൽ സൗകര്യം. ബഹുവിധമായ ലോകവ്യാപാരങ്ങളിൽ വ്യാപൃതരായിരിക്കുന്നവരും അപ്രകാരം ചെയ്യേണ്ടതത്രേ. എന്തുകൊണ്ടെന്നാൽ, അവർക്ക് അതിനു കൂടുതൽ ആവശ്യമുണ്ട്. വിഷമമേറിയ ജോലി ദീർഘസമയം ചെയ്യുന്നവർക്കാണല്ലോ കൂടുതൽ പോഷകസാധനങ്ങൾ ആവശ്യം. പലപ്പോഴും ദിവ്യകാരുണ്യം ഉൾക്കൊള്ളുന്നതുകൊണ്ട് അതിനെ യഥായോഗ്യം സ്വീകരിക്കുന്നതിനു നാം അഭ്യസിക്കുന്നമുണ്ട്. നാം പലപ്പോഴും പരിശീലിക്കാത്ത കൃത്യങ്ങൾ ശരിയായവിധം നിർവ്വഹിക്കുക പ്രയാസമത്രേ. കൂടെക്കൂടെ ഈ ദിവ്യവിരുന്നിൽ ഭാഗഭാക്കാവുക. എന്നാൽ, അതു നിന്റെ ആത്മഗുരുവിന്റെ നിർദ്ദേശമനുസരിച്ചായിരിക്കട്ടെ.

മഞ്ഞുനിറഞ്ഞ പർവ്വതപ്രദേശങ്ങളിൽ മഞ്ഞുമാത്രം ഭക്ഷിച്ചു ജീവിക്കുന്ന മുയലുകൾ വെള്ളനിറമുള്ളവയായിത്തീരുന്നതുപോലെ ഈ ദിവ്യക്ഷേത്രത്തിൽ വിളങ്ങുന്ന സുതേതപം, നന്മ, പരിശുദ്ധി എന്നിവയെ സദാ ആരാധിക്കുകയും ഭക്ഷിക്കുകയും ചെയ്യുന്നതിൽനിന്നു നാമും സുതേതരും സത്തുക്കളും നിർമ്മലരും ആയിത്തീരുന്നതാണ്.



മൂന്നാംഭാഗം

സുകൃതാഭ്യസനത്തിനുള്ള ചില നിയമങ്ങൾ

ഒന്നാം അധ്യായം

പരിശീലിക്കേണ്ട സുകൃതങ്ങളുടെ തിരഞ്ഞെടുപ്പ്

റാണിത്തേനീച്ച അതിന്റെ കൊച്ചുപ്രജകളാൽ പരിസേവിതയായിമാത്രമേ തേൻ ശേഖരിക്കുന്നതിനു പുഷ്പങ്ങളിലേക്കു പോകുന്നുള്ളൂ. അതുപോലെ, പുണ്യത്തിന്റെ മകുടമായ ഉപവിയും ഇതരപുണ്യങ്ങളുടെ അകമ്പടിയോടുകൂടിമാത്രമാണു മനുഷ്യഹൃദയങ്ങളിൽ പ്രവേശിക്കുന്നത്. ഒരു സേനാധിപൻ തന്റെ സൈനികന്മാരെ എന്നവണ്ണം ഉപവി മറ്റു പുണ്യങ്ങളെ പരിശീലിപ്പിക്കയും പ്രവൃത്യുന്മുഖമാക്കുകയും ചെയ്യുന്നു. പക്ഷേ, അവയെ പരിശീലിപ്പിക്കുന്നതു് ഒരേ സമയത്തല്ല; ഒരേവിധമല്ല; എല്ലാ അവസരങ്ങളിലുമല്ല. എന്തുകൊണ്ടെന്നാൽ, നദീതീരത്തു നട്ടുവളർത്തുന്ന വൃക്ഷം തക്കകാലത്തു ഫലം പുറപ്പെടുവിക്കുന്നതുപോലെ, നീതിമാൻ ഉപവിയാകുന്ന ജലത്താൽ തന്റെ ആത്മാവിനെ പരിപുഷ്ടമാക്കുമ്പോൾ അതു വിവിധ സുകൃതങ്ങളെ യഥാകാലം ഉത്ഭൂതമാക്കുന്നു. സംഗീതം പ്രകൃത്യാ എത്ര അസ്വാഭ്യമായിരുന്നാലും അകൃത്രാവസരത്തിൽ അതു് അസ്ഥാനത്താണല്ലോ. ഇപ്രകാരം, ചില പ്രത്യേകപുണ്യങ്ങളെ പരിശീലിപ്പിക്കു

ന്നതിനുദ്യമിക്കുന്നവർ എല്ലായ്പോഴും അവയെ പ്രായോഗികമാക്കാൻ ഖലപ്പെടുന്നതു വലിയ തെറ്റുതന്നെ. 'ഒന്നുകിൽ സദാ സന്തോഷിക്കണം' 'അല്ലെങ്കിൽ സദാ സന്തപിക്കണം' എന്നു ശഠിച്ചിരുന്ന ചില പ്രാചീന തത്ത്വചിന്തകന്മാർക്കു തുല്യരാണ് ഇവർ. തങ്ങളെപ്പോലെ ഒരേ പുണ്യംതന്നെ എപ്പോഴും അനുഷ്ഠിക്കാത്തവരെ ഇവർ കുറ്റപ്പെടുത്തുന്നതു കഷ്ടതരമത്രേ. സന്തോഷിക്കുന്നവരോടുകൂടെ നാം സന്തോഷിക്കയും സന്തപിക്കുന്നവരോടുകൂടെ സന്തപിക്കയും ചെയ്യണമെന്നാണു വി. അപ്പസ്തോലൻ പഠിപ്പിക്കുന്നതു്. എന്തുകൊണ്ടെന്നാൽ, ഉപവി സഹനമുള്ളതും ദയയുള്ളതും ഔദാര്യമുള്ളതും വിവേകമുള്ളതും ദാക്ഷിണ്യമുള്ളതുമാകുന്നു.

എന്നാൽ, എല്ലാവരും അവശ്യം പരിശീലിക്കേണ്ട ചില സുകൃതങ്ങളുണ്ടു്. അവ പ്രത്യേകമായി അഭ്യസിക്കണമെന്നുമാത്രമല്ല, അവയുടെ ചൈതന്യം മറ്റു പുണ്യങ്ങളിൽ വ്യാപിപ്പിക്കേണ്ടതുമാണു്. ധീരകൃത്യങ്ങൾ ചെയ്യുന്നതിനോ മഹാമനസ്കത പ്രകാശിപ്പിക്കുന്നതിനോ, മഹാകാര്യങ്ങൾ സാധിക്കുന്നതിനോ ഉള്ള അവസരം നമുക്കു വളരെ ദുർലഭമാണു്. പക്ഷേ, നമ്മുടെ അനുദിനജീവിതത്തിലേ എല്ലാ പ്രവൃത്തികളും ശാന്തത, മിതത്വം, വിനയം, പവിത്രത മുതലായ സദ്ഗുണങ്ങളാൽ വിഭൂഷിതമായിരിക്കേണ്ടതാണു്. നമുക്കു ഹിതമായ മറ്റു പുണ്യങ്ങളുണ്ടായിരുന്നാലും ഇവയത്രേ നമ്മുടെ ജീവിതത്തിനു് അത്യന്താപേക്ഷിതം. തേൻ, ഉപ്പിനെക്കാൾ രുചികരമായിരുന്നാലും ഉപ്പിന്റെ ഉപയോഗമാണു സാവ്വത്രികവും നമുക്കു് അവശ്യമായിട്ടുള്ളതും. അതുപോലെ അനുദിനജീവിതത്തിനു് അനുപേക്ഷണീയമായ ഈ സദ്ഗുണങ്ങൾ നമ്മിൽ സദാ പ്രകാശിക്കേണ്ടതല്ലയോ?

നമ്മുടെ ഇഷ്ടത്തിനും വാസനയ്ക്കും അനുസരണമായ സുകൃതങ്ങൾക്കുണ്ടെന്നതിനെക്കാൾ കർത്തവ്യബോധം നമ്മെ നിർ

ബന്ധിക്കുന്ന പുണ്യങ്ങൾക്കാണു നാം കൂടുതൽ പ്രാധാന്യം നല്കേണ്ടതു്. ആത്മീയമാധുര്യം അനുഭവിക്കുന്നതിനായി വി. പാവുളാ കഠിനമായ ശാരീരികമർദ്ദനങ്ങളിലും ഇന്ദ്രിയനിഗ്രഹങ്ങളിലും തൽപരത പ്രദർശിപ്പിച്ചു. അപ്പോൾ, വി. ജെറോം ആ ധന്യയെ കുറ്റപ്പെടുത്തുകയുണ്ടായി. അവളുടെ മെത്രാന്റെ ഉപദേശങ്ങൾക്കു വിരുദ്ധമായി പ്രവർത്തിച്ചതിനാൽ ആ വിശുദ്ധയുടെ ദേഹബന്ധനങ്ങൾ ആദരണീയമായിരുന്നില്ല. സുവിശേഷം പ്രസംഗിക്കുന്നതിനും ക്രമീകരിക്കുന്നതിനുമായി നിയുക്തരായ അപ്പസ്തോലന്മാർ, തങ്ങളുടെ ഈ കടമകൾ നിറവേറ്റുന്നതിനു പകരം, പ്രകൃത്യാ എത്ര ശ്ലാഘ്യമായിരുന്നാൽത്തന്നെയും, സാധുസംരക്ഷണാദി സൽകൃത്യങ്ങൾക്കായി സമയം വിനിയോഗിക്കുന്നതു വലിയ അപരാധമായി പരിഗണിച്ചിരുന്നു. ഏതൊരു ജീവിതാവസ്ഥയിലുള്ളവർക്കും പ്രത്യേകമായ ചില പുണ്യങ്ങൾ അഭ്യസിക്കേണ്ടതുണ്ടു്. ഒരു വൈദികാധ്യക്ഷനിൽ പ്രശോഭിക്കേണ്ട ഗുണങ്ങൾ ഒരു രാജാവിനേറതിൽനിന്നു വിഭിന്നമാണു്. ഒരു വിധവയിലോ ബ്രഹ്മചാരിണിയോടുകൂടെ ജീവിക്കുന്ന മറ്റൊരു സ്ത്രീയിലോ, ഒരു യോദ്ധാവിന്റെ ഗുണങ്ങൾ പ്രതീക്ഷിക്കുന്നതു് ഉചിതമോ? എല്ലാവരും എല്ലാ പുണ്യങ്ങളും അഭ്യസിക്കേണ്ടതാണു്. എങ്കിലും, തങ്ങൾ വ്യാപരിക്കുന്ന ജീവിതപഥത്തിനു് അനുസരണമായ സുകൃതങ്ങളാണു് ഓരോരുത്തരും പ്രത്യേകം പരിശീലിക്കേണ്ടതു്.

നമ്മുടെ ജീവിതവൃത്തിയിൽ പ്രത്യേകവിധം അന്തർഭൂതമാകാത്ത സുകൃതങ്ങളിൽവച്ചു ശ്രേഷ്ഠതമങ്ങളെയല്ല ശ്രേഷ്ഠതമങ്ങളെയാണു നാം പരിശീലിക്കേണ്ടതു്. ധൂമകേതുക്കൾ സാധാരണമായി നക്ഷത്രങ്ങളെക്കാൾ വലിപ്പമുള്ളവയും ആകർഷകങ്ങളുമായി കാണപ്പെടുന്നു. പക്ഷേ, വലിപ്പത്തിലും പ്രകാശത്തിലും നക്ഷത്രത്തോടു് അവയെ തുലനം ചെയ്യാൻ പോലും പാടുള്ളതല്ല. ഭൂമിയോടു് അടുത്തു സ്ഥിതിചെയ്യുന്ന

തുകൊണ്ട് അവ ഇങ്ങനെ നമുക്കു പ്രത്യക്ഷമാകുന്നുവെന്നേ ഉള്ളൂ. ഇപ്രകാരം, ചില സദ്ഗുണങ്ങളും ബാഹ്യപ്രകടനത്താൽ ബഹുജനശ്രദ്ധയെ ആകർഷിക്കുന്നതുകൊണ്ടു സാധാരണക്കാർ അവയെ കൂടുതൽ ഇഷ്ടപ്പെടുന്നു. ഇക്കാരണത്താലാണു പലരും കേവലം ഭൗതികമായ ഭിക്ഷാദാനംകൊണ്ടു മാത്രം സംതൃപ്തരാകുന്നത്. സാക്ഷാത്തായ വിനയം, സൗമ്യത മുതലായ മാനസികനിഗ്രഹങ്ങളെക്കാൾ കൂടുതൽ ശാരീരികപീഡനങ്ങളെ ഇഷ്ടപ്പെട്ടുകൊണ്ടു ധാരാളംപേർ ഉപവസിക്കയും, രോമവസ്ത്രധാരികളായും നഗ്നപാദരായും മർദ്ദനങ്ങൾ അനുഭവിക്കയും ചെയ്യുന്നു. സ്നേഹാത്മാവേ, ലോകരാൽ പ്രശംസിക്കപ്പെടുന്നതോ ലോകഭിഷ്ടിക്കു വിഷയീഭവിക്കുന്നതോ ലോകസമക്ഷം പ്രകാശിക്കുന്നതോ ആയ സുകൃതങ്ങളെ അനേഷിക്കാതെ അത്യൽകൃഷ്ടങ്ങളും അത്യുത്തമങ്ങളും സത്യതമങ്ങളുമായവയെ സ്വീകരിച്ചാലും.

ഏതെങ്കിലും ഒരു സുകൃതം പ്രത്യേകം തിരഞ്ഞെടുത്തു പരിശീലിക്കുന്നതു വളരെ പ്രയോജനകരമാണ്. മറ്റു പുണ്യങ്ങളെ പാടേ പരിത്യജിക്കുന്നതിനല്ല; പ്രത്യുത, മനുഷ്യമനസ്സിനെ ക്രമപ്പെടുത്തി പ്രവൃത്തിനിരതമാക്കുവാനാണ് ഇങ്ങനെ ചെയ്യുന്നതു്. സുന്ദരിയായ ഒരു കന്യക, രാജകീയവസ്ത്രങ്ങളും അണിഞ്ഞു്, ഒലിവുവൃക്ഷത്തിന്റെ ഇലകൊണ്ടുള്ള ഒരു മുടിയും ചൂടി, സൂര്യനെ വെല്ലുന്ന പ്രഭയോടേ ഒരിക്കൽ അല്സ്കസാന്ത്രിയായിലേ മെത്രാനായ വി. യോഹന്നാന്റെ പക്കൽവന്നു് ഇപ്രകാരം പറഞ്ഞു: "ഞാൻ രാജാവിന്റെ വത്സലകുമാരിയാണ്; നിങ്ങളും, ആത്മമിത്രമായി എന്നെ സ്വീകരിക്കുന്നപക്ഷം ഞാൻ നിങ്ങളെ രാജസന്നിധിയിലേക്കു കൊണ്ടുപോകാം." താൻ ദരിദ്രരോടു ദയാലുവായിരിക്കുന്നതിനു ദൈവം നല്കിയ ഒരു ദർശനമത്രേ ഇതെന്നു് അദ്ദേഹം ഗ്രഹിക്കയും, തന്മൂലം, "ധർമ്മദാതാവു്" എന്ന അപരനാമം സിദ്ധിക്കുകയുണ്ടായി. അത്യധികമായി ദരിദ്രരോടു

കാര്യത്തിൽ ഔത്സുക്യം പ്രദർശിപ്പിക്കുകയും ചെയ്തു. ഏതെങ്കിലും ഒരു പ്രത്യേക പുണ്യം അഭ്യസിച്ചുകൊണ്ടു സവിശേഷമായി ഈശ്വരസേവനം ചെയ്യുവാൻ അലക്സാന്ത്രിയായിലേ എവുളോജിയസ് അഗ്രഹിച്ചിരുന്നു. ഏകാന്തജീവിതം കൈവരിക്കുന്നതിനോ ഒരുവനെ സദാ അനുസരിച്ചുകൊള്ളാമെന്നു വാഗ്ദാനം ചെയ്തുകൊണ്ടു തന്നെത്തന്നെ അയാൾക്കു വിധേയനാക്കുന്നതിനോ ശരീരദൗർബല്യം അദ്ദേഹത്തെ അനുവദിച്ചില്ല. അതിനാൽ, ഇന്ദ്രിയനിഗ്രഹവും പരസ്നേഹവും പരിശീലിക്കുന്നതിനായി അദ്ദേഹം ഒരു കുഷ്ഠരോഗിയെ സത്രഗൃഹത്തിൽ താമസിപ്പിച്ചു് അയാൾക്കു ശുശ്രൂഷ ചെയ്തിരുന്നു; പോരാ, ആ ദുർഭഗനെ തന്റെ ഗുരുവും നാഥനുമായി സ്വീകരിക്കയും ചെയ്തു. തങ്ങളുടെ സഹവാസം അവസാനിപ്പിക്കണമെന്ന ഒരു പ്രലോഭനം ഒരിക്കൽ അവരിരുവരേയും ശക്തിമത്തായി പീഡിപ്പിച്ചു. ഈ വസ്തുത മഹാനായ വി. അന്തോനിയെ അവർ അറിയിച്ചപ്പോൾ അദ്ദേഹം ഇപ്രകാരം മറുപടി നല്കി: "പ്രിയ മക്കളേ, ഇത്രയുംനാൾ ഒരുമിച്ചു ജീവിച്ചശേഷം വാല്സല്യം പ്രാപിച്ചിരിക്കുന്ന നിങ്ങൾ ഇപ്പോൾ വേർപിരിയുന്നതിനഭ്യമിക്കരുതു്. എന്തുകൊണ്ടെന്നാൽ, നിങ്ങളുടെ മരണവേളയിൽ ദൈവദൂതൻ നിങ്ങളെ ഇരുവരേയും ഒരുമിച്ചു കാണാത്തപക്ഷം, സ്വർഗ്ഗീയകിരീടം നിങ്ങൾക്കു നഷ്ടപ്പെട്ടേക്കും."

പ്രതിഫലത്തിനുവേണ്ടിയോ എന്നു തോന്നുമാറു് വി. ലൂയീസ് രാജാവു് അത്തരശാലകൾ സന്ദർശിച്ചു രോഗികളെ ശുശ്രൂഷിച്ചിരുന്നു. വി. ഫ്രാൻസിസ് അസ്സീസിയാകട്ടെ ദാരിദ്ര്യത്തോടുള്ള അനന്യസാധാരണമായ സ്നേഹത്താൽ നിഃസ്വതയെ തന്റെ പ്രിയതമയായി സ്വീകരിച്ചു. വി. ഡോമിനിക്കു സുവിശേഷം പ്രസംഗിക്കുന്നതിലും, മഹാനായ വി. ഗ്രിഗോരിയോസ് പൂർവ്വപിതാവായ അബ്രാഹത്തെ അനുകരിച്ചു തീർത്ഥകരെ സൽകരിക്കുന്നതിലും ഉത്സുകരായിരുന്നു.

പ്രതാപവാനായ ദൈവത്തെ ഒരു തീർത്ഥകന്റെ വേഷത്തിൽ സചീകരിക്കുന്നതിനുള്ള മഹാഭാഗ്യം അബ്രാഹത്തിനു സിദ്ധിച്ചുവല്ലോ. നിസ്സഹായരായി മരിക്കുന്നവരുടെ ശവസംസ്കാരം നിർവഹിക്കുന്നതിൽ തോബിയാസ് വളരെ ഉത്സുകനായിരുന്നു. വി. എലിസബത്തു് രാജകീയാഡംബരങ്ങളേയും സ്ഥാനബഹുമാനാദികളേയും പരിത്യജിച്ചു് ആത്മസംതൃപ്തി നേടിയിരുന്നു. ജനോവായിലേ വി. കത്രീനാ ഭർത്തൃവിയോഗാനന്തരം ആതുരശുശ്രൂഷയ്ക്കായി സ്വയം സമർപ്പിച്ചു. കുലീനയായ ഒരു യുവതി ഒരിക്കൽ വി. അത്തനാസീസിന്റെ പക്കൽ ചെന്നു്, സഹനശീലം വളർത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ഉപദേശിച്ചു കൊടുക്കണമെന്നു് ആവശ്യപ്പെടുകയുണ്ടായി. അപ്പോൾ, കോപിഷ്ടയും മരിയേയുമായ ഒരു വിധവയുടെകൂടെ വസിക്കുന്നതിനാണു് അദ്ദേഹം അവളോടു് ഉപദേശിച്ചതു്. വിശുദ്ധന്റെ നിർദ്ദേശമനുസരിച്ചു് അവൾ പ്രവർത്തിച്ചു. ആ ദുഷ്ടസ്ത്രീക്കു കീഴ്പ്പെട്ടു്, അവളുടെ ക്രൂരമർദ്ദനങ്ങൾ അനുഭവിക്കുകമൂലം ശാന്തത, വിനയം, സഹനശീലം മുതലായ സദ്ഗുണങ്ങൾ അഭ്യസിക്കുന്നതിനു വി. കത്രീനായ്ക്കു് അവസരം ലഭിച്ചുവെന്നു കാസിയൻ പ്രസ്താവിക്കുന്നു.

ദൈവദാസന്മാരിൽ ചിലർ ദീനശുശ്രൂഷയ്ക്കും സാധുസംരക്ഷണത്തിനുമായി അക്ഷീണം യത്നിക്കുന്നു. ക്രിസ്തുനാഥന്റെ മഹനീയതത്ത്വങ്ങളെ മനുഷ്യരുടെ ഇടയിൽ വിതരണം ചെയ്യുന്നതിനും സന്മാർഗ്ഗത്തിൽനിന്നു വ്യതിചലിച്ചുവരെ സൽപഥത്തിലേയ്ക്കു് ആനയിക്കുന്നതിനുമാണു് മറുചിലരുടെ ശ്രമം. അപരൻ ദൈവാലയനിർമ്മാണത്തിനും സമാധാനപരിപാലനത്തിനുമായി തന്നെത്തന്നെ സമർപ്പിക്കുന്നു. ചിത്രത്തയ്യൽക്കാർ പലവർണ്ണത്തിലുള്ള കസവുനൂലുകൊണ്ടു പലതരം പട്ടുതുണികളിൽ നാനാപ്രകാരത്തിലുള്ള ചിത്രവേലകൾ ചെയ്യാറുണ്ടു്. ഇതുപോലെ ഈ ഭക്തോത്തമാക്കൾ, വിവിധസുകൃതങ്ങളാൽ നിർമ്മിക്കപ്പെടുന്ന തങ്ങളുടെ ആത്മീ

യവസ്ത്രത്തെ മോടിപിടിപ്പിക്കുന്നു. എല്ലാ പ്രവൃത്തികളും ആ ഗ്രഹങ്ങളും തങ്ങൾ പ്രധാനമായി തിരഞ്ഞെടുത്തിരിക്കുന്ന സുകൃതത്തിന്റെ അഭ്യസനത്തോട് അവർ യോജിപ്പിക്കുന്നു. ഇങ്ങനെ അവർ തങ്ങളുടെ ആത്മാക്കളെ അലങ്കരിച്ചു വിചിത്രവർണ്ണങ്ങളിൽ പ്രത്യക്ഷമാക്കുകയും ചെയ്യുന്നു.

നമ്മിൽ ഏതെങ്കിലും ദുർഗ്ഗുണമുണ്ടെങ്കിൽ അതിനു വിപരീതമായ പുണ്യം അഭ്യസിക്കുകയും മറ്റെല്ലാ സുകൃതങ്ങളും പ്രസ്തുത പുണ്യത്തോട് യോജിപ്പിക്കുകയും ചെയ്യണം. അപ്പോൾ ശത്രുവിനെ കീഴ്പ്പെടുത്തി പുണ്യത്തിൽ അഭിവൃദ്ധി പ്രാപിക്കാൻ സാധിക്കും. നീ കോപിഷ്ഠനും അഹങ്കാരിയും ആയിരിക്കാം; അങ്ങനെയെങ്കിൽ, ശാന്തതയും വിനയവും നിരന്തരമായി അഭ്യസിക്കുക. മാത്രമല്ല, സ്ഥൈര്യം, മിതത്വം മുതലായ സദ്ഗുണങ്ങളും പ്രാർത്ഥനകളും ക്ലേശങ്ങളുടെ സഹീകരണങ്ങളും നിന്നെ വിഷമിപ്പിക്കുന്ന പ്രലോഭനങ്ങളിൽനിന്നു വിമോചനം ലഭിക്കുന്നതിനുള്ള ഉപകരണങ്ങളാക്കിത്തീർക്കുകയും ചെയ്യേണ്ടതാണ്. കാട്ടുപന്നി അതിന്റെ തേറ്റയെ മറ്റു പല്ലുകളുടെ സഹായത്താൽ ഉരസി മൂർച്ചപ്പെടുത്തുമ്പോൾ ആ പല്ലുകളും മൂർച്ചയുള്ളതായിത്തീരുന്നു. ഇപ്രകാരം, ഒരു സുകൃതം സവിശേഷമായി പരിശീലിച്ചു സഹായം പരിപൂർണ്ണനാകുവാൻ ശ്രമിക്കുന്ന ഒരു ഭക്തൻ മറ്റു പുണ്യങ്ങളേയും അഭ്യസിക്കുന്നതാണ്. മാത്രമല്ല, അവനിലുള്ള എല്ലാ പുണ്യങ്ങളും പരസ്പരം പരിപോഷിപ്പിക്കുകയും ചെയ്യുന്നു. ധന്യനായ യോബ് തന്റെ വിവിധപ്രലോഭനങ്ങളിൽ സവിശേഷമായി ക്ഷമ അഭ്യസിച്ചു. തന്മൂലം, അദ്ദേഹം എല്ലാ പുണ്യങ്ങളിലും പരിപൂർണ്ണനാകുകയും ചെയ്തു. ഒരേ ഒരു സുകൃതം മിതമായും സ്ഥിരമായും അഭ്യസിച്ചാൽ അതുകൊണ്ടുമാത്രം നമുക്കു പരിപൂർണ്ണരാകുവാൻ സാധിക്കുമെന്നു വി. ഗ്രിഗരിനസിയാൻസൻ പ്രസ്താവിക്കുന്നു. ഈ വാസ്തവം തെളിയിക്കുവാൻവേണ്ടി റാഫേബ് എന്ന മഹാന്റെ ചരിത്രമാണ് അ

ദ്ദേഹം ഉല്ലാരിക്കുന്നതു്. അതിഥിസൽക്കാരത്തിൽ അനന്യ സാധാരണമായ താൽപര്യം പ്രദർശിപ്പിച്ചിരുന്ന ഒരാളായി രുന്നു റാഹേബു്. ഈ സൽപ്രവൃത്തിവഴിയായി അദ്ദേഹത്തിനു് അനശ്വരമായ മഹത്വം ലഭിക്കയും ചെയ്തു. നിഷ്കളങ്കമായ ജാഗരൂകതയോടും ഉപവിയോടുംകൂടെ പരിശീലിച്ചാൽ മാത്രമേ സുകൃതങ്ങളും നമ്മിൽ ശ്രേയസ്കരമാവുകയുള്ളു.

രണ്ടാം അധ്യായം

സുകൃതങ്ങളുടെ തിരഞ്ഞെടുപ്പു് (തുടർച്ച)

കേതജീവിതം ആരംഭിക്കുകമാത്രം ചെയ്തിട്ടുള്ളവർ പരിപൂർണ്ണതയുടെ നിയമങ്ങൾക്കു വിരുദ്ധമായി ചില തെറ്റുകൾ ചെയ്യുവാനിടയുണ്ടെന്നു വി. ആഗുസ്തീനോസ് പ്രസ്താവിക്കുന്നു. എന്നാൽ, അനന്തരജീവിതത്തിൽ പരിശുദ്ധി പ്രാപിക്കുന്നതിനു് ഈ തെറ്റുകൾ സഹായകമായിരിക്കും. അതിനും പുറമെ, ഭാവിശ്രേയസ്സിന്റെ പ്രത്യക്ഷലക്ഷണമായി ഇവയെ വിചാരിക്കാവുന്നതുമാണു്. പാപമാർഗ്ഗത്തെ ഉപേക്ഷിക്കുവാൻ ശ്രമിക്കുന്നവർക്കു ഹീനവും ഭാസ്യപരവുമായ ഒരുതരം ഭയം ഉണ്ടാകാറുണ്ടു്. അടിസ്ഥാനരഹിതമായ സന്ദേഹങ്ങൾക്കു ഹേതുവായ ഈ ഭയം ഇത്തരക്കാരിൽ അനന്തരകാലത്തുണ്ടാകാവുന്ന ഹൃദയനൈർമ്മല്യത്തിന്റെ ലക്ഷണമാകയാൽ അതിനെ അപലപിക്കേണ്ടതില്ല. എന്നാൽ, ഈ ഭയവും സംശയങ്ങളും വിശുദ്ധിയിൽ പുരോഗതി പ്രാപിച്ചിട്ടുള്ളവരിൽ കാണുന്നതു് ഒരിക്കലും ആദരണീയമല്ലതന്നെ. അവരുടെ ഹൃദയം നിർമ്മലസ്നേഹത്താൽ നിറഞ്ഞിരിക്കേണ്ടതാണു്. ഈ സ്നേഹം അധമമായ ഭയത്തേയും തൽഫലമായി ഉണ്ടാകാവുന്ന ആശങ്കകളേയും വിദൂരമാക്കാതിരിക്കയില്ല.

തന്റെ നിയന്ത്രണത്തിൻകീഴണ്ടായിരുന്നവരോട് വിശുദ്ധ ബർണാർഡ് അരംഭത്തിൽ വളരെ കർക്കശമായി വർത്തിച്ചിരുന്നു. ശരീരത്തെ സംതൃജിച്ച് അത് മാവോടുകൂടെ മാത്രം തന്നെ സമീപിക്കണമെന്നാണ് അദ്ദേഹം അവരോട് ആവശ്യപ്പെട്ടത്. പാപോച്ചാരണവേളയിൽ അതിനിസ്സാരമായ നിയമലംഘനത്തെക്കുറിച്ചുപോലും കഠിനമായി ശാസിച്ച് അവരെ പുണ്യപൂർണ്ണരാക്കുവാൻ അദ്ദേഹം അക്ഷീണയത്നം ചെയ്തു. എങ്കിലും, പുണ്യത്തിൽ അഭിവൃദ്ധിപ്പെടുന്നതിനു പകരം ഭയനീയമാംവിധം അവർ അധോഗതി പ്രാപിക്കയാണുണ്ടായത്. ക്രൂരതയും, ഇത്ര വിഷമകരമായ ഈ മാർഗ്ഗത്തിലൂടെയുള്ള പ്രയാണം അവരെ ഭീരുക്കളും ഭഗ്നാശരുമാക്കിത്തീർത്തു. തികഞ്ഞ ദൈവസ്നേഹത്തിന്റെ തിളങ്ങുന്ന തീക്ഷ്ണതയാണ് ഈ മഹാസിദ്ധനെ പ്രസ്തുതനയം സ്വീകരിക്കുവാൻ പ്രേരിപ്പിച്ചത്. തീക്ഷ്ണത തീർച്ചയായും ഒരു മഹാപുണ്യംതന്നെ. എങ്കിലും, പ്രകൃതത്തിൽ അത് അസംഗതമായിരുന്നു. അതിനാൽ, ഒരു ദിവ്യദർശനംവഴി ഈ വസ്തുതയെ ദൈവം അദ്ദേഹത്തിനു് അറിയിച്ചുകൊടുക്കുകയും, ശാന്തവും സൗമ്യവുമായ ഒരരൂപി അദ്ദേഹത്തിൽ ഉളവാക്കുകയും ചെയ്തു. അനന്തരം തന്റെ പൂർവ്വവ്യാപാരത്തെക്കുറിച്ചു പശ്ചാത്തപിച്ച്, അസാധാരണമായ സഹിഷ്ണുതയോടും അനുകരണീയമായ കാരുണ്യത്തോടുംകൂടെ അദ്ദേഹം മറുള്ളവരോടു വർത്തിക്കുവാൻ തുടങ്ങി. ഒടുവിൽ അദ്ദേഹം വിശുദ്ധലോസിനെപ്പോലെ, എല്ലാം നേടുന്നതിനായി എല്ലാവർക്കും എല്ലാമായി ഭവിക്കുകയും ചെയ്തു. വി. പാവുളാ അതിരുകടന്ന ആശാനിഗ്രഹത്താലും മറ്റും ശരീരത്തെ അമിതമായി മർദ്ദിച്ചിരുന്നു. തന്റെ മെത്രാന്റെ ഉപദേശങ്ങൾക്കു വിപരീതമായി തപശ്ചര്യകൾ തുടർന്നുകൊണ്ടുപോകണമെന്നു ശഠിക്കുന്നതിനും അവർ മടിച്ചിരുന്നില്ല. തന്റെ ജീവനെ ഛായാനികരമാകത്തക്കവിധം അത്ര ക്ലേശലോലയായിരുന്നു, ഇഷ്ടജനങ്ങൾ

ളുടെ നിര്യാണത്തിൽ അവർ പ്രദർശിപ്പിച്ച വിലാപം. പാവുള്ളയുടെ ആത്മീയപിതാവായ വി. ജെറോം അവളുടെ സ്വഭാവത്തെ മേലുദ്ധരിച്ചവിധം വിവരിച്ചശേഷം തുടർന്നു പറയുന്നു:— "ഈ മഹതിയുടെ പ്രവൃത്തികളെ സ്തുതിക്കേണ്ടതിനു പകരം ഞാൻ അവയെ നിന്ദിക്കയാണെന്നു വല്ലവരും പറഞ്ഞേക്കാം. എന്നാൽ, അവളുടെ ജീവിതത്തെ യഥാർത്ഥരൂപത്തിൽ ചിത്രിക്കയാണെന്നും, ഗുണവും ദോഷവുമടങ്ങിയ ഒരു ജീവചരിത്രം മാത്രമാണു ഞാൻ രചിക്കുന്നതെന്നുമുള്ളതിനു്, ഞാൻ സ്നേഹിക്കയും സേവിക്കാനാഗ്രഹിക്കയും ചെയ്യുന്നവനും എന്റേയും അവളുടേയും നാഥനുമായ യേശുതന്നെ സാക്ഷ്യം വഹിക്കട്ടെ. ഒരു യഥാർത്ഥക്രൈസ്തവൻ, മറ്റൊരാളുടെ ചരിത്രം ലേഖനം ചെയ്യേണ്ടതെപ്രകാരമോ അപ്രകാരംതന്നെയാണു ഞാനും ചെയ്യുന്നതു്. അതേ, അവളുടെ ചരിത്രം നിഷ്പക്ഷമായി ഞാനെഴുതുകയാണു്; അവളെ പ്രശംസിക്കയല്ല ചെയ്യുന്നതു്. ഇതിനും ആ സ്നേഹനാഥൻ തന്നെ സാക്ഷി." വി. പാവുള്ളായുടെ തെറ്റുകൾ മറ്റുള്ളവരിൽ നന്മകളായേക്കാമെന്നും അദ്ദേഹം പ്രസ്താവിക്കുന്നുണ്ടു്. അതായതു്, ആ വിശുദ്ധയോളംതന്നെ പരിശുദ്ധി പ്രാപിച്ചിട്ടില്ലാത്തവരിൽ അവളുടെ അപൂർണ്ണതകൾ സുകൃതങ്ങളായി വിളങ്ങുന്നതാണു്. പുണ്യപൂർണ്ണത പ്രാപിച്ചിട്ടുള്ളവരിൽ കാണുന്ന പല ന്യൂനതകളും അത്രയുംതന്നെ സദ്ഗുണസമ്പന്നരല്ലാത്തവരിൽ പുണ്യങ്ങളായിട്ടാണല്ലോ നാം പരിഗണിക്കുന്നതു്. രോഗത്തിൽനിന്നു ക്രമേണ വിമുക്തനാകുന്ന ഒരുവന്റെ പാദങ്ങൾ വീങ്ങിവീർക്കുന്നെങ്കിൽ അതു് ഒരു ശുഭലക്ഷണമാണു്. പക്ഷേ, അരോഗിയിലാണു് ഇതു സംഭവിക്കുന്നെങ്കിൽ അതു് അശുഭകാരണമത്രേ. എന്തുകൊണ്ടെന്നാൽ, ആദ്യത്തേതു രോഗിയുടെ ശരീരത്തിലുള്ള ദുർനീരു പുറത്തുകളയാനുള്ള സംരംഭമാണു്. ദേഹത്തിൽ അധികമുള്ള ജീവധാതുക്കളെ മുഴുവൻ വേണ്ടവിധം വിനിയോഗിക്കുന്നതിനു ശക്തിയില്ല എന്നതത്രേ രണ്ടാമത്തേതു പ്രത്യക്ഷമാക്കുന്നതു്.

പ്രിയ സുഹൃത്തേ, സുകൃതസമ്പന്നന്മാരിൽ കുറെയെല്ലാം കുറവുകളും കുറവുകളും കണ്ടേക്കാമെങ്കിലും അവരെ നാം ബഹുമാനിക്കേണ്ടതാണ്. വിശുദ്ധന്മാരെന്ന നാമകരണം ചെയ്യപ്പെട്ടവരിലും നിസ്സാരന്യൂനതകൾ ഉണ്ടായിരുന്നുവല്ലോ. നാമാകട്ടെ, സകല ന്യൂനതകളേയും പരിഹരിക്കയും എല്ലാസുകൃതങ്ങളേയും ജാഗരൂകതയോടെ അഭ്യസിക്കയും ചെയ്യണം. നമ്മുടെ പരിമിതമായ വിവേകത്തിൽ ആശ്രയിക്കാതെ വിശുദ്ധഗ്രന്ഥത്തിലേ ബുദ്ധിമാന്റെ ഉപദേശമനുസരിച്ചു ദൈവത്താൽ നിയുക്തരായ നമ്മുടെ മേലധികാരികളുടെ കല്പനകൾക്കും ഉപദേശങ്ങൾക്കും വിധേയരായി വേണം ഇക്കാര്യത്തിൽ വർത്തിക്കുവാൻ. മനുഷ്യരിൽ കാണുന്ന സ്വഭാവവിശേഷങ്ങളെ പുണ്യമായി ചിലർ പരിഗണിക്കാറുണ്ട്. കേവിപാരവശ്യം, സ്വഭാവവ്യത്യാസം, പരമാനന്ദാനുഭൂതികൾ മുതലായ ഗുണവിശേഷങ്ങൾ ഒരുപക്ഷേ, വെറും മാനസികങ്ങളായ ധ്യാനങ്ങളിലേക്കു നമ്മെ ഉയർത്തുകയും സർവ്വോൽകൃഷ്ടമായ ഒരു ജീവിതാവസ്ഥയിലേക്ക് ആനയിക്കയും ചെയ്തേക്കാം. എന്നിരുന്നാലും, അവയൊന്നും പുണ്യങ്ങളല്ല; പ്രത്യുത, സുകൃതങ്ങളുടെ പ്രതിസമ്മാനമോ പുരിസായിലേ വരുവാനിരിക്കുന്നതും പരിപൂർണ്ണവുമായ പരമാനന്ദത്തിന്റെ ഒരു അച്ചാരമോ മാത്രമാണ്. മനുഷ്യരിൽ സ്വഭക്തിയാഭിലാഷത്തെ ഉദ്ദീപിപ്പിക്കുന്നതിനാണ ദൈവം ഈ വിധമുള്ള പൂർവ്വാസ്വാദനങ്ങളെ പ്രദാനംചെയ്യുന്നത്. ഭൂർലഭമായ ഈ അനുഗ്രഹങ്ങളെ ആശിച്ചു് അവയ്ക്കുവേണ്ടി പ്രയത്നിക്കാതിരിക്കയാണുത്തമം. എന്തുകൊണ്ടെന്നാൽ, നമ്മുടെ അഭിലാഷത്തിന്റെ ഏകവിഷയമാകേണ്ട ദൈവത്തെ യഥാർത്ഥമായി സ്നേഹിക്കുന്നതിനും സേവിക്കുന്നതിനും മേൽപ്രസ്താവിച്ച സ്വഭാവവിശേഷങ്ങൾ ഒന്നും അവശ്യമില്ല. കൂടാതെയും, ഈ ഭാവഭേദങ്ങൾ പ്രവൃത്തിപരമെന്നതിനെക്കാൾ വികാരപരമാകയാൽ ദാതാവായ ദൈവത്തിൽനിന്നു് അവ

യെ സന്തോഷപൂർവ്വം സ്വീകരിക്കാമെന്നല്ലാതെ, പരിശ്രമത്താൽ സമ്പാദിക്കുവാൻ നമുക്കു സാധിക്കുന്നതല്ല. സന്മാർഗ്ഗികളും ദൈവകേതരുമായിത്തീരുന്നതിനാണല്ലോ നാം സതീക്ഷ്ണം പ്രയത്നിക്കേണ്ടതു്. മേലുദ്ധരിച്ച സദ്ഗുണങ്ങളെ നല്കുവാൻ ദൈവം തിരുമനസ്സാകുന്നെങ്കിൽ അവയെ അപ്പോൾ യഥായോഗ്യം നമുക്കു സ്വീകരിക്കാം. എന്നാൽ, ഇപ്പോഴാകട്ടെ, അനുദിനം നാം അഭ്യസിക്കണമെന്നു ദിവ്യനാഥൻ ആജ്ഞാപിക്കുന്ന സഹനശീലം, ക്ഷമ, ശാന്തത, ആത്മനിഗ്രഹം, വിനയം, ചാരിത്രശുദ്ധി, ദാരിദ്ര്യസ്നേഹം, ആദരഭാവം, അദ്ധ്വാനശീലം മുതലായ ആകർഷകങ്ങളല്ലാത്ത സദ്ഗുണങ്ങളെ കേതിപൂർവ്വം അഭ്യസിക്കുകയത്രേ വേണ്ടതു്. സ്വർഗ്ഗീയമായ അനുഗ്രഹം പരിപൂർണ്ണരായ ആത്മാക്കൾം അനുഭവിച്ചുകൊള്ളട്ടെ. താളശ്രമഫലപ്രദം ലഭിക്കത്തക്കവണ്ണം ദൈവത്തെ നാം സ്നേഹിക്കയോ സേവിക്കയോ ചെയ്തിട്ടില്ലല്ലോ. താഴ്ന്നപടിയിൽ അങ്ങയെ ശുശ്രൂഷിക്കുന്നതിനുമാത്രമേ നമുക്കു ഭാഗധേയം സിദ്ധിക്കുന്നുള്ളുവെങ്കിൽ അതുകൊണ്ടു തൃപ്തിപ്പെടുകയും അധികമായി സന്തോഷിക്കയും ചെയ്യേണ്ടതാണു്. നാം അർഹരെന്നു കണ്ടാൽ ദൈവം നമ്മെ അവിടെനിന്നു് ഉന്നതങ്ങളിലേക്കു് ഉയർത്താതിരിക്കയില്ല.

കേതാത്മാവേ, പ്രതാപവാനായ ഈ രാജാവു്, തന്റെ ദാസന്മാർ വഹിക്കുന്ന ഉദ്യോഗങ്ങളുടെ മാഹാത്മ്യത്തെയല്ല; പ്രത്യുത, അവരുടെ ഉദ്യോഗനിർവ്വഹണത്തിൽ പ്രദർശിപ്പിക്കുന്ന എളിമയുടേയും സ്നേഹത്തിന്റെയും പരിണാമത്തെയാണു കൂടുതൽ പരിഗണിക്കുന്നതു്. പിതാവിന്റെ കഴുതകളെ അന്വേഷിച്ചുപോയപ്പോൾ സാവൂൾ ഇസ്രായേലിന്റെ രാജ്യം കണ്ടെത്തി. അബ്രാഹത്തിന്റെ ഒട്ടകങ്ങൾക്കു വെള്ളം കൊടുത്തതുനിമിത്തം റബേക്കാ അയാളുടെ പുത്രന്റെ പ്രേമഭാജനമായിത്തീർന്നു. ജസ്സിന്റെ കൊയ്ത്തുകാരുടെ പിറകെ ന

ടന്ന കാലായ പെരുക്കുകയും അദ്ദേഹത്തിന്റെ പാദങ്ങളിൽ നമസ്കരിക്കുകയും ചെയ്തപ്പോഴാണ് രൂത്തിനെ അദ്ദേഹം പത്നിയായി സ്വീകരിച്ചത്.

അഹംഭാവം വ്യാമോഹങ്ങൾക്കും വഞ്ചനകൾക്കും അപരാധങ്ങൾക്കും മനുഷ്യനെ വിധേയനാക്കുന്നു. അതിനാൽ, വാനാരൂപികളെപ്പോലെ പരിശുദ്ധരെന്ന് അഭിമാനിക്കുന്നവർ പ്രായേണ സാമാന്യാവസ്ഥയിലുള്ള സൽസ്വഭാവികരംപോലുമായിരിക്കയില്ല. ഹൃദയത്തിലും പ്രവൃത്തിയിലുമെന്നതിനെക്കാൾ വാക്കുകളിലും ഭാവങ്ങളിലുമാണ് ഇവരുടെ പരിശുദ്ധിയും ശ്രേഷ്ഠതയും സ്ഥിതിചെയ്യുന്നത്. എങ്കിലും, ഇവരെ സാഹസമായി വിധിക്കയോ അധിക്ഷേപിക്കയോ ചെയ്യുകടാ. ദൈവം അന്യരിൽ വർഷിക്കുന്ന അനുഗ്രഹങ്ങളെപ്രതി നാം അദ്ദേഹത്തോട് നന്ദിപറയുകയും നമ്മുടെ വിനീതമായ പ്രവൃത്തിമാർഗ്ഗത്തെതന്നെ അചഞ്ചലമായി തുടരുകയും ചെയ്യേണ്ടതാണ്. നമ്മുടെ ഉദ്യോഗം എത്രതന്നെ താഴ്ന്നതായിരുന്നാലും അതു വിശിഷ്ടവും സുരക്ഷിതവും നമ്മുടെ നിസ്സാരതയ്ക്കു നികൃഷ്ടതയ്ക്കും യോജിച്ചതുമാണെന്നു ഗ്രഹിക്കുക. ഇതിൽ വിശ്വസ്തതയോടെ നിലനില്ക്കുന്നുവെങ്കിൽ യഥാർത്ഥമായ മഹത്വത്തിലേക്കു ദൈവം നമ്മെ ആനയിക്കാതിരിക്കയില്ല.

മൂന്നാം അധ്യായം

ക്ഷമ

"ദൈവതിരുമനസ്സു നിവൃത്തിച്ചുകൊണ്ട് അവിടത്തെ വാങ്മാനം സ്വീകരിക്കാൻ സഹനശീലം നിനക്കാവശ്യകമാണ്" എന്നു വി. അപ്പസ്തോലൻ പ്രസ്താവിക്കുന്നു. നിങ്ങൾ സ

ഥനശീലമുള്ളവരാകണമെങ്കിൽ ക്ഷമയാൽ നിങ്ങളുടെ ആത്മാക്കളെ സ്വാധീനമാക്കണമെന്ന് ഈശോ ഓരോരുത്തരേയും ഉപദേശിക്കുന്നുണ്ട്. ആത്മസംയമനമാണ് ഒരുവന്റെ ഏറ്റവും വലിയ ആനന്ദം. സഹനശക്തിയുടെ പരിപൂർണ്ണതയനുസരിച്ച് ആത്മാവു നമുക്കു വിധേയമാകുന്നതാണ്. ക്ലേശങ്ങളും സഹിച്ചുകൊണ്ടല്ലയോ മിശിഹാ നമ്മെ വീണ്ടുരക്ഷിച്ചതു? അതിനാൽ പ്രതിബന്ധങ്ങളും ക്ലേശങ്ങളും ഉപദ്രവങ്ങളും നേരിടുമ്പോൾ അവയെ ശാന്തമായി സഹിക്കുന്നെങ്കിൽ നമ്മുടെ സ്വർഗ്ഗലബ്ധിയെ അവ സുനിശ്ചിതമാക്കാതിരിക്കയില്ല.

ചില പ്രത്യേകക്ലേശങ്ങളിൽമാത്രം നാം സഹനം പ്രദർശിപ്പിച്ചാൽ പോരാ; ദൈവം നമുക്കു യാതൃയാക്കുന്ന സകല പരീക്ഷകളേയും ശാന്തമായി സ്വീകരിക്കുകതന്നെ വേണം. പ്രശംസാർഹങ്ങളായ ക്ലേശങ്ങൾ സഹിക്കുവാൻ പലരും സന്മനസ്സായേക്കാം ഉദാഹരണമായി, ഷോരയുദ്ധത്തിൽ മുറിവേല്ക്കുയോ മതത്തെക്കുറിച്ച് ആക്ഷേപങ്ങൾ സഹിക്കയോ വിജയംനേടിയ വ്യവഹാരത്തിൽ നിർദ്ധനനാവുകയോ ചെയ്യുന്നതു പലർക്കും സന്തോഷകരമാണ്. അവയിൽനിന്നുള്ള ക്ലേശങ്ങളെ വകവയ്ക്കാതെ അവമൂലം സിദ്ധിക്കാവുന്ന അഭിമാനത്തെ അവർ അഭിലഷിക്കുന്നു. എന്നാൽ, സഹനശീലമുള്ള യഥാർത്ഥ ദൈവദാസൻ നിന്ദനങ്ങളും നിന്ദനങ്ങളും ഈഷ്ടുഭേദമെന്യേ സസന്തോഷം സ്വീകരിക്കുന്നു. ദുർജ്ജനങ്ങളാൽ അവഹേളിക്കപ്പെടുകയോ പരിത്യജിക്കപ്പെടുകയോ ചെയ്യുമ്പോൾ നീ ഒരുപക്ഷേ, അവലാതിപ്പെടാതിരുന്നേക്കാം. എന്നാൽ, സജ്ജനങ്ങളോ ബന്ധുമിത്രങ്ങളോ പരുഷമായി പെരുമാറുമ്പോഴാണു നിന്റെ ക്ഷമയുടെ മാറ്ററിയേണ്ടതു. പ്രസംഗവേദിയിൽവച്ചു ഒരു സന്ന്യാസിയാൽ അവമാനിക്കപ്പെട്ടപ്പോൾ വി. ചാൾസ് ബൊറോമ്യോ പ്രദർശിപ്പിച്ച ശാന്തത വിസ്മയാവഹമായിരുന്നു. മറ്റു പലരിൽനി

ന്നമുണ്ടായ ഉപദ്രവങ്ങൾ അദ്ദേഹം സഹിച്ചിരുന്നുവെങ്കിലും പ്രസ്തുത സന്ദർഭത്തിൽ പ്രകടിപ്പിച്ച പ്രശാന്തതയാണു കൂടുതൽ പ്രശംസാർഹമായി എനിക്കു തോന്നുന്നതു്. എന്തുകൊണ്ടെന്നാൽ, തേനീച്ച കുത്തുന്നതു്, കൊതുകു കുത്തുന്നതിനെക്കാൾ വേദന ഉളവാക്കുന്നതുപോലെ, സജ്ജനങ്ങളിൽനിന്നുള്ള ഉപദ്രവം ദുർജ്ജനങ്ങളിൽനിന്നുള്ളതിനെക്കാൾ ദുഃഖം ഉളവാക്കുന്നു. ഉദ്ദേശശുദ്ധിയോടേ അണെങ്കിൽത്തന്നെയും അഭിപ്രായവ്യത്യാസമുണ്ടാകുമ്പോൾ രണ്ടു സ്നേഹിതന്മാർ തമ്മിൽ ബദ്ധവൈരികളായിത്തീരുന്നതു വളരെ ശോചനീയംതന്നെ. അസാധാരണങ്ങളും ദുസ്സഹങ്ങളുമായ ക്ലേശങ്ങളിൽമാത്രമല്ല, അവയോടനുബന്ധിച്ചുണ്ടാകുന്ന അപ്രധാനങ്ങളും അകാരണങ്ങളുമായ അസൗകര്യങ്ങളിലും ക്ഷമയുണ്ടായിരിക്കണം. ക്ലേശരഹിതമായ വിഷമങ്ങൾ സഹിക്കുവാൻ പലർക്കും താല്പര്യമുണ്ടു്. ഞാൻ സസന്തോഷം നില്ക്കനായിക്കൊള്ളാം; പക്ഷേ, എന്റെ സന്താനങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനും സ്നേഹിതന്മാരെ സഹായിക്കുന്നതിനും മാന്യമായി ജീവിക്കുന്നതിനും അതു് എനിക്കു പ്രതിബന്ധമായി ഭവിക്കരുതു് എന്നു ചിലർ പറയുന്നു. നിന്റെ അപ്രാപ്തിനിമിത്തമല്ലയോ സമ്പത്തു മുഴുവൻ നശിച്ചതു് എന്നു പറഞ്ഞു ലോകം എന്നെ അപവദിക്കയില്ലെങ്കിൽ ഭരിതനാകുന്നതിനു് എനിക്കു വിസമ്മതമില്ല എന്നാണു മറ്റു ചിലരുടെ യുക്തി. വേറെ ചിലരാകട്ടെ, അവമാനങ്ങൾ സഹിക്കുവാൻ സന്നദ്ധരാണു്; ലോകം അവയെ വിശ്വസിക്കരുതെന്നുമാത്രമേ അവക്കാഗ്രഹമുള്ളു. വന്നുകൂടുന്ന ക്ലേശങ്ങളിൽ ചിലതുമാത്രം സഹിക്കുവാൻ സന്മനസ്സുള്ളവരാണു മറ്റൊരുകൂട്ടർ. തങ്ങൾക്കുണ്ടാകുന്ന രോഗപീഡകൾക്കു് ഇവർ സ്വാഗതമരുളുന്നു. പക്ഷേ, രോഗംമൂലം മറ്റുള്ളവർക്കു വിഷമതകൾ നേരിട്ടുന്നതും ചികിത്സയ്ക്കു പണമില്ലാത്തതുമാണത്രേ അവരെ അസംതൃപ്തരാക്കുന്നതു്. സഹോദരാ, രോഗപീഡകൾ ക്ഷമയോടേ സഹിക്കണമെന്നു മാത്രം

മല്ല, ഏതു വിഷമസാഹചര്യങ്ങളിൽ നമ്മെ രോഗം ബാധിക്കണമെന്നു ദൈവം തിരുമനസ്സാകുന്നുവോ അപ്രകാരമെല്ലാം അവയെ സ്വീകരിക്കണമെന്നത്രേ ഞാൻ പറയുന്നതു്. ഇതുപോലെതന്നെയാണു് എല്ലാ ക്ലേശങ്ങളും നാം അനുഭവിക്കേണ്ടതു്.

എന്തെങ്കിലും അനർത്ഥം സംഭവിക്കുമ്പോൾ സാധാരണമായ പ്രതിവിധി പ്രയോഗിക്കുകയും അനന്തരഫലം ക്ഷമയോടേ പ്രതീക്ഷിക്കുകയും ചെയ്യുന്നില്ലെങ്കിൽ അതു ദൈവപ്രതാപത്തിന്റെ സാഹസമായ ഒരു പരീക്ഷണമായിരിക്കും. ദൈവാഭീഷ്ടത്തിനു യോജിച്ച ഫലസിദ്ധിയാണല്ലോ പരിപൂർണ്ണമായ പരിത്യാഗത്തോടേ നാം പ്രത്യാശിക്കേണ്ടതു്. നീ പ്രയോഗിക്കുന്ന പ്രതിവിധികളും നിന്റെ വിഷമതകളെ നിവാരണം ചെയ്യുന്നുവെങ്കിൽ ദൈവത്തിനു വിനയപൂർവ്വം കൃതജ്ഞത പ്രകാശിപ്പിക്കുക. നേരേമറിച്ചു്, അവ വിഫലമാവുകയാണു ചെയ്യുന്നതെങ്കിൽ ദൈവത്തിന്റെ മഹനീയമായ തിരുവുള്ളത്തിനു പ്രശാന്തമായി കീഴ്പ്പഴങ്ങിയാലും!

നീ ചെയ്ത ഏതെങ്കിലും കുറ്റത്തെക്കുറിച്ചു ന്യായപൂർവ്വം ശാസിക്കപ്പെടുമ്പോൾ അതിനെ സമാധാനത്തോടേ സ്വീകരിക്കുക. എന്നാൽ, അന്യായമായി നീ അപവദിക്കപ്പെടുന്നുവെങ്കിൽ, സത്യസേവനത്തിനും സന്മാതൃകയ്ക്കുംവേണ്ടി ആ കുറ്റത്തെ ശാന്തമായി നിഷേധിച്ചു്, നിന്റെ നിരപരാധത്വം വെളിപ്പെടുത്തുക. വീണ്ടും നീ അവഹേളിക്കപ്പെടുന്ന പക്ഷം, നിർദ്ദോഷത്വത്തെ സ്ഥാപിക്കുന്നതിൽ ശ്രദ്ധ പിടിക്കരുതു്; സത്യം വെളിപ്പെടുത്തുകമാത്രമല്ല, വിനയം പരിപാലിക്കേണ്ടതും നിന്റെ കർത്തവ്യമാണു്. ഇങ്ങനെ ചെയ്യുന്നതായാൽ, നിന്റെ ആത്മാഭിമാനത്തെ സംരക്ഷിക്കുന്നതിൽ നീ വേണ്ടത്ര പ്രവർത്തിച്ചുവെന്നും ശാന്തത, വിനയം എന്ന പുണ്യങ്ങൾക്കു വിരുദ്ധമായി പെരുമാറിയില്ലെന്നും ഉള്ള ചാരിതാർത്ഥ്യം നിനക്കുണ്ടാവുമത്രേ. വി. ഗ്രിഗോരി

യോസിന്റെ താളശനിർദ്ദേശങ്ങളെ ഞാനും പരിപൂർണ്ണമായി അനുകൂലിക്കുന്നു.

നീ ഉപദ്രവിക്കപ്പെടുമ്പോൾ കഴിയുന്നിടത്തോളം കുറച്ചുമാത്രമേ ആവലാതിപ്പെടാവൂ. നീ അനുഭവിക്കുന്ന ദ്രോഹങ്ങൾ ഉള്ളതിൽക്കൂടുതലായി മറ്റുള്ളവരോട് പറഞ്ഞുകേൾപ്പിക്കുന്നതിന് ആത്മസ്നേഹം നിന്നെ പ്രേരിപ്പിച്ചെന്നുവരാം. ഇതുമൂലം പലപ്പോഴും നീ തെറ്റിലുൾപ്പെടുകയും ചെയ്യും. പെട്ടെന്നു കോപിക്കുകയും സംഗതികളുടെ ദോഷഭാഗം മാത്രം ദർശിക്കുകയും സൂക്ഷ്മചിന്തനംകൂടാതെ അന്യരിൽ കുറ്റം ആരോപിക്കുകയും ചെയ്യുന്നവരോട് നീ ആവലാതിപ്പെടുന്നത് ഒട്ടും അഭിലഷണീയമല്ല. വിഷമതകളിൽനിന്നു വിമുക്തനാകുന്നതിനോ ഹൃദയാശ്വാസം ലഭിക്കുന്നതിനോവേണ്ടി, നിന്റെ സങ്കടം അന്യരെ അറിയിക്കുന്നതിനാഗ്രഹിക്കുന്നുവെങ്കിൽ ആത്മശാന്തസ്വഭാവികളോടും ഭക്തരോടും ആയിരിക്കട്ടെ. അല്ലാത്തപക്ഷം, ഹൃദയസമാധാനത്തിനു പകരം ഹൃദയവ്യാകുലമായിരിക്കും നിനക്കു കൈവരുന്നത്. പാടത്തിൽ തറഞ്ഞുകയറിയ മുള്ള് വലിച്ചെടുക്കുന്നതിനുപകരം അതിനെ ആഴമായി അടിച്ചുകയറ്റുകയായിരിക്കും അവർ ചെയ്യുക.

മറ്റുചിലരാകട്ടെ, രോഗബാധിതരോ നിന്ദിതരോ പീഡിതരോ ആകുമ്പോൾ അസാധാരണമായ സഹനം പ്രദർശിപ്പിക്കാറുണ്ട്. അവയെക്കുറിച്ച് അവർ ആവലാതിപ്പെടുന്നുമില്ല. പക്ഷേ, അവർ ഭീരുക്കളും ഔദാര്യമില്ലാത്തവരുമെന്നു ലോകം വിധിച്ചേക്കും എന്ന ഭയംനിമിത്തമാണ് അവർ ഇപ്രകാരം വർത്തിക്കുന്നത്. മറ്റുള്ളവർ തങ്ങളോട് സഹതപിക്കുന്നതിനും സർവ്വോപരി, തങ്ങളുടെ ധീരതയും സഹനശക്തിയും അവർ പ്രശംസിക്കുന്നതിനുംവേണ്ടി ഈ ഡ്രഗർ പല തന്ത്രങ്ങളും പ്രയോഗിക്കുകയും ചെയ്യുന്നുണ്ട്. സഹനശക്തിയുള്ളവരെങ്കിലും ഉദ്ദേശശുദ്ധിയില്ലാത്തവരാണല്ലോ ഇവർ.

യഥാർത്ഥത്തിൽ, ഇവരുടെ നയം അഹംഭാവത്തിന്റേയും അഭിമാനകാംക്ഷയുടേയും പരിഷ്കരിച്ച രൂപംമാത്രമാണ്. ഇങ്ങനെയുള്ളവർക്കും മഹത്പദം സിദ്ധിച്ചേക്കാം; പക്ഷേ, അതു ദൈവത്തിൽനിന്നായിരിക്കയില്ല എന്നു വി. അപ്പസ്തോലൻ പ്രസ്താവിക്കുന്നു. വാസ്തവമായ സഹനമുള്ളവൻ പിറുപിറുക്കുന്നില്ല; മറുള്ളവരുടെ അനുകമ്പയെ പ്രതീക്ഷിക്കുന്നുമില്ല. ആവലാതിയോ അതിശയോക്തിയോ ആകുലഭാവമോ കൂടാതെ പരമാർത്ഥമായും നിഷ്കപടമായും മാത്രമേ തന്റെ ക്ലേശങ്ങളെപ്പറ്റി അവൻ അന്യരോടു സംസാരിക്കുന്നുള്ളൂ. മറുള്ളവർ തന്നോടു പ്രദർശിപ്പിക്കുന്ന സഹതാപം സകാരണമെങ്കിൽ, വിനയത്തോടേ അതിനെ സ്വീകരിക്കുന്നു; അകാരണമെങ്കിൽ, സഹതാപാർഹമായ സങ്കടം താൻ സഹിക്കുന്നില്ലെന്നു മറുപടിപറഞ്ഞു സത്യവും വിനയവും അവൻ പാലിക്കയും ചെയ്യുന്നു.

"പ്രസവാനന്തരം ഒരു സ്ത്രീ തന്റെ പ്രസവവേദന ഓർക്കുന്നേ ഇല്ല. എന്തുകൊണ്ടെന്നാൽ, തനിക്ക് ഒരു പുരുഷൻ ജാതനായിരിക്കുന്നുവെന്ന വിചാരം അവളെ അതിയായി ആഹ്ലാദിപ്പിക്കുന്നു" എന്നു യേശുനാഥൻ അരുൾചെയ്തിട്ടുണ്ട്. സുകൃതങ്ങൾ അഭ്യസിക്കുമ്പോൾ ഉളവാകുന്ന ക്ലേശങ്ങളിൽ യേശുനാഥന്റെ ദിവ്യവാങ്മാനങ്ങൾതന്നെ നിനക്ക് ആശ്വാസം പ്രദാനംചെയ്യട്ടെ! എന്തുകൊണ്ടെന്നാൽ, ശിശുവായ യേശു നിന്റെ ഹൃദയത്തിൽ ഉണ്ടായിട്ടുണ്ട്. ആ ശിശു രൂപീകൃതനായി ഭൂജാതനാകുന്നതുവരെ വിവിധവിക്ഷമതകൾ അനുഭവിക്കയല്ലാതെ ഗത്യന്തരമില്ല. എന്നാൽ, ആ ക്ലേശങ്ങളെല്ലാം ഒരിക്കൽ അപ്രത്യക്ഷമാകുമ്പോൾ യേശുനാഥനെ സംജാതനാക്കിയെന്ന അനശ്വരമായ സൗഭാഗ്യം നിനക്കുണ്ടാകുമെന്നോർത്തു നിന്റെ വിഷമാവസ്ഥയിൽ ധൈര്യമവലംബിക്കുക. യേശുനാഥന്റെ ഭൗമികജീവിതത്തെ അനുകരിച്ചുകൊണ്ടുള്ള നിഷ്കളങ്കമായ വ്യാ


പാരത്താൽ ഹൃദയത്തിലും പ്രവൃത്തികളിലും അദ്ദേഹത്തെ പരിപൂർണ്ണമായി നീ ശ്രുപവൽകരിക്കുമ്പോൾ, നിന്നെ സംബന്ധിച്ചിടത്തോളം ആ ദിവ്യശിശു സംജാതനായി എന്നു പറയാവുന്നതാണ്.

നീ രോഗാതുരനാകുമ്പോൾ, നിന്റെ വേദനകളും ക്ലേശങ്ങളുമെല്ലാം യേശുവിന്റെ തൃപ്പാദത്തിൽ സമർപ്പിക്കുക; ആ സ്നേഹനാഥൻ നിനക്കുവേണ്ടി സഹിച്ച അവർണ്ണനീയമായ സങ്കടങ്ങളോട് അവയെ സംയോജിപ്പിക്കുന്നതിന് അദ്ദേഹത്തോട് കേണപേക്ഷിക്കുക. നിന്നോടുള്ള സ്നേഹത്തെപ്രതിയല്ലയോ ആ ദിവ്യനാഥൻ കൈയ്യുനീരു കുടിച്ചത്? അദ്ദേഹത്തോടുള്ള സ്നേഹത്തെപ്രതി വൈദ്യന്റെ നിർദ്ദേശമനുസരിച്ചുള്ള ആഹാരങ്ങളും ഔഷധങ്ങളും നീ സ്വീകരിക്കുക. രോഗവിമുക്തനാകുവാൻ നീ അഗ്രഹിക്കുന്നത് അദ്ദേഹത്തെ സേവനംചെയ്യുന്നതിനായിരിക്കട്ടെ. ഈ രോഗശയ്യയിൽത്തന്നെ കിടന്നു മരിക്കുവാനാണു ദൈവം തിരുമനസ്സാകുന്നതെങ്കിൽ, അനശ്വരമായ സൗഭാഗ്യം കൈവന്നിരിക്കുന്നതിനും അദ്ദേഹത്തെ പ്രകീർത്തിക്കുന്നതിനുമായി തയ്യാറായിക്കൊള്ളുക. തേനീച്ച തേൻ ശേഖരിക്കുകയിൽ അരുചികരമായ ആഹാരംകൊണ്ടാണു ഉപജീവിക്കുന്നത്. ഇതുപോലെ, മനോഹരങ്ങളായ സുകൃതകുസുമങ്ങളെ സമീപിക്കുകയും മഹത്തരമായ പുണ്യപുഷ്പതേൻ ശേഖരിക്കുകയും ചെയ്യണമെങ്കിൽ ജീവിതത്തിന്റെ തിക്തകഫലങ്ങളും അനുഭവിക്കുകയും അരുചികരമായ അപ്പം ഭക്ഷിക്കുകയും ചെയ്യേണ്ടതാണ്. "ഒടതള"ത്തിന്റെ ചവർപ്പുള്ള ചെറുപുഷ്പങ്ങളിൽനിന്നു ശേഖരിക്കുന്ന തേൻ വിശിഷ്ടതരമാണ്. അപ്രകാരം, നിന്ദ്യവും നികൃഷ്ടവുമായ സാഹചര്യങ്ങളിൽ അഭ്യസിക്കുന്ന സുകൃതങ്ങൾ കൂടുതൽ ശ്രേഷ്ഠമായിരിക്കും.

യേശുനാഥൻ നഗ്നനും നിന്ദ്യനും പരിത്യക്തനും വിവശനുമായിട്ടത്രേ ക്രൂശിക്കപ്പെട്ടത്. ഏതെല്ലാംതരത്തിലുള്ള ക്ലേ

ങ്ങൾ നീ അനുഭവിച്ചാലും അവയൊന്നും വലിപ്പത്തിലോ എണ്ണത്തിലോ ഗുണത്തിലോ കഞ്ഞാവിന്റെ കഷ്ടതകളോടു തുലനം ചെയ്‌വാൻപോലും അർഹങ്ങളായിരിക്കയില്ല. ആ ദിവ്യനാഥൻ നിനക്കുവേണ്ടി സഹിച്ച സങ്കടങ്ങൾപോലെ യാതൊന്നും ഒരിക്കലും സഹിക്കുവാൻ നിനക്കു സാധിക്കുന്നതല്ലെന്നുള്ള പരമാർത്ഥം നീ സദാ സ്മരിക്കേണ്ടതാണ്.

അതിനാൽ, അനേകം വേദസാക്ഷികൾ അനുഭവിച്ച അവർണ്ണനീയപീഡകളെ സ്മരിച്ചും ഇപ്പോൾ പലരും നിന്നെക്കാൾ കൂടുതൽ ക്ലേശങ്ങൾ സഹിക്കുന്നുണ്ടെന്നു ഗ്രഹിച്ചും ഇപ്രകാരം നീ സമാധാനപ്പെട്ടാലും! "ഹാ! ഞാൻ സഹിക്കുന്ന കഷ്ടതകൾ സാക്ഷാൽ അശ്വാസങ്ങൾതന്നെ; സംശയമില്ല. യാതൊരു സാന്ത്വനമോ ഉപശാന്തിയോ സഹായമോ കൂടാതെ നിരന്തരമായ ദുർഭാഗ്യത്തിൽ ജീവിക്കുന്നവരുടെ പീഡകളോടു തുലനം ചെയ്യുമ്പോൾ ഞാൻ അനുദിനം അനുഭവിക്കുന്ന ദുരിതങ്ങൾ റോസപ്പുഷ്പങ്ങൾക്കു സമം മനോജ്ഞങ്ങളല്ലേ?"



നാലാം അധ്യായം

ബാഹ്യമായ വിനയം

"ഒഴിഞ്ഞ കുറെ ഭരണികളിൽ എണ്ണ നിറയ്ക്കുക" എന്ന് എലിസേവൂസ് ദീർഘദർശി ഒരിക്കൽ ഒരു സാധു വിധവയോടു പറയുകയുണ്ടായി. വ്യർത്ഥാഭിമാനങ്ങളിൽനിന്നു സ്വതന്ത്രമായിരുന്നെങ്കിലേ മനുഷ്യഹൃദയങ്ങളിൽ പ്രസാദവരം ധാരാളമായി പ്രവേശിക്കയുള്ളൂ. മാംസം ഭക്ഷിച്ചു ജീവിക്കുന്ന മറ്റു പക്ഷികളെ സ്വതസ്സിദ്ധമായ ഭയങ്കരനോട്ടങ്ങ

ളും പരുഷശബ്ദങ്ങളുംകൊണ്ടു കൈസ്സൽ എന്ന പക്ഷി ഭയപ്പെട്ടോടി ഓടിക്കുന്നു. തന്മൂലം, മാടപ്രാവ് ഈ പക്ഷിയിൽ അഭയം തേടുകയും അതിന്റെ പരിസരങ്ങളിൽ സുരക്ഷിതമായി ചേക്കിരിക്കയും ചെയ്യാറുണ്ട്. ഇതുപോലെ, എളിമ എന്ന പുണ്യം നാരകീയശക്തികളെ നിഷ്കാസനം ചെയ്യുപ്രസാദവരത്തേയും പരിശുദ്ധാത്മാവിയുടെ ദാനങ്ങളേയും നമ്മിൽ സൂക്ഷിക്കുന്നു. ഇതുതന്നെയായിരുന്നു, സകല പുണ്യാത്മാക്കളും തങ്ങളുടെ രാജാവായ യേശുനാഥനും അമ്മേ ഹത്തിന്റെ മാതാവും ഈ സദ്ഗുണത്തെ സവ്പ്രധാനമായി പരിഗണിച്ചതിന്റെ കാരണം.

നമ്മിൽ ഇല്ലാത്തതോ, ഉണ്ടെങ്കിലും നമ്മുടേതല്ലാത്തതോ, നമ്മുടേതാണെങ്കിലും അതിൽ അഭിമാനിക്കുവാൻ നമുക്ക് അർഹതയില്ലാത്തതോ ആയ കാര്യങ്ങളെ സ്വന്തമെന്നു നടിക്കുന്നതിനാണു വ്യർത്ഥാഭിമാനമെന്നു പറയുന്നതു്. കഴിവു നേതൃപമോ ഉത്തമന്മാരുടെ ആനുകൂല്യമോ ബഹുജനങ്ങളുടെ അനുഭാവമോ ഒന്നും നമ്മുടേതല്ല. നമ്മുടെ മുൻഗാമികളിൽ നിന്നോ പൊതുജനാഭിപ്രായത്തിൽനിന്നോ നമുക്കു ലഭിച്ചിട്ടുള്ളവയാണ് അവ. മനോമോഹനമായ ഒരു കുതിരയുടെ പുറത്തു സവാരിചെയ്യുകയോ തലപ്പാവിൽ ഒട്ടകപ്പക്ഷിയുടെ ഒരു തൂവൽ പതിക്കുകയോ വിലയേറിയ പട്ടുവസ്ത്രം ധരിക്കുകയോ ചെയ്യുന്നതുകൊണ്ടു ചിലർ അഹങ്കരിക്കാറുണ്ട്. ഹാ! എത്ര വലിയ മൂഢത്വം! മേൽപ്രസ്താവിച്ചവയിൽ അഭിമാനിക്കേണ്ടതു് ആ കുതിരയും തൂവലിന്റെ ഉടമസ്ഥയായ പക്ഷിയും വസ്ത്രം വിശേഷരീതിയിൽ തുന്നിയെടുത്ത തയ്യല്ക്കാരനുമല്ലയോ? നമ്മുടെ അഭിമാനം ഒരു കുതിരയുടെ മനോഹരതയിലോ ഒരു തൂവലിന്റെ ഭംഗിയിലോ ഒരു വസ്ത്രത്തിന്റെ വിശേഷതയിലോ അടിസ്ഥാനമാക്കുന്നതു് എത്ര വലിയ വിഡ്ഢിത്തമാണ്. വിശേഷതരമായി കുത്തിച്ചിട്ടുള്ള മീശയോ സുഗന്ധതൈലം പുരട്ടി മിനുക്കിയ ചുരുളൻമുടിയോ സദാ ചലിച്ചുകൊണ്ടിരിക്കുന്ന കുറുനിരയോ മൂടുലമനോഹരമായ

കൈത്താങ്ങുകളോ സംഗീതനാടകാദികളിലുള്ള വൈദഗ്ദ്ധ്യമോ ആണു മറെറാരുവനെ അഹംഭാവിയാക്കുന്നതു്. കഷ്ടം! അവൻെറ വിലയും യശസ്സും നിസ്സാരവിഷയങ്ങളിലാണു് അടങ്ങിയിരിക്കുന്നതെന്നു വിചാരിക്കുന്നതു മഹാ മൗഢ്യംതന്നെ. കുറെ ശാസ്ത്രജ്ഞാനം സമ്പാദിച്ചിട്ടുള്ളവരാണെങ്കിൽ, അവരെ എല്ലാവരും അഭിനന്ദിക്കണമത്രേ. ഈ ഭോഷന്മാരുടെ നാട്യം കണ്ടാൽ ലോകം മുഴുവൻ അവരെ നമസ്കരിച്ചു ശിഷ്യപ്പെടണമോ എന്നു തോന്നിപ്പോകും. ഇവരാകുന്നു വിദ്യാഡംഭികരും എന്നു പേരിനു സാക്ഷാൽ അർഹർ. തങ്ങളുടെ ആകാരസൗകുമാര്യം കാണികൾ കണ്ടു വിസ്മയിക്കുന്നുവെന്നു വ്യാമോഹിച്ചു മറു ചിലർ മയിൽക്കോഴിക്കു തുല്യം ആടിക്കുഴയുന്നു. ഇവയെല്ലാം മൂഢതപംതന്നെ. ഇവയിൽനിന്നു സിദ്ധിക്കുന്ന മാഹാത്മ്യം തികച്ചും വ്യർത്ഥവുമാണു്.

ഒരു മനുഷ്യൻെറ സാക്ഷാൽ വൈശിഷ്ട്യത്തെ പരിമളതൈലം എന്നപോലെ പരീക്ഷിക്കാവുന്നതാണു്. രണ്ടു മൂന്നു തുള്ളി സുഗന്ധ ദ്രവ്യം വെള്ളത്തിൽ വീഴ്ത്തുമ്പോൾ ക്രമേണ താഴ്ന്നു് ആ വെള്ളത്തിനടിയിൽ ചെന്നു കിടക്കുന്നപക്ഷം പ്രസ്തുത തൈലം ഏറവും ശ്രേഷ്ഠമായതെന്നു് അനുമിക്കാം. ഇതുപോലെ, ഒരുവൻ വാസ്തവത്തിൽ ബുദ്ധിമാനും വിജ്ഞനും മഹാമനസ്കനും ആണോ എന്നറിയുന്നതിനു്, അയാൾ താഴ്മയുള്ളവനും അധികൃതന്മാരുടെ ആജ്ഞകൾക്കു് കീഴ്വഴങ്ങുന്നവനും ആണോ എന്നു പരിശോധിച്ചാൽ മതി. ഈ ഗുണങ്ങൾ ഒരുവനിൽ കാണുന്നുവെങ്കിൽ അയാൾ ശ്രേഷ്ഠനാണെന്നു് അനായാസേന അനുമിക്കാവുന്നതാണു്. നേരേമറിച്ചു്, അയാളുടെ സദ്ഗുണങ്ങൾ വിനയത്തിൽ അടിയുറച്ചതല്ലെങ്കിൽ—അഹങ്കാരത്തിൻമീതെ പതഞ്ഞുകിടക്കുന്നുവെങ്കിൽ—അയാൾ അന്തസ്സാരവിഹീനനെന്നു നിഷ്പ്രയാസം ഗ്രഹിക്കാം. ഇടിനാദവും കൊട്ടങ്കാറും

നിമിത്തം ഉത്ഭൂതമാകുന്ന ഭംഗിയേറിയ കല്ലുകൾ രത്നതുല്യം പ്രകാശിക്കുമെങ്കിലും അവ സാക്ഷാൽ രത്നങ്ങളായിരിക്കയില്ല. അപ്രകാരം പ്രശംസയുടേയും പ്രദർശനത്തിന്റേയും തീക്ഷ്ണമായ അഗ്രഹത്തോടേ നിർവഹിക്കുന്ന പ്രവൃത്തികൾ സുകൃതങ്ങളെന്നു തോന്നിയാലും സുകൃതത്തിന്റെ യഥാർത്ഥമായ ഗുണവിശേഷങ്ങൾ അവയിലുണ്ടായിരിക്കയില്ല.


പാദമർദ്ദനമേല്ക്കുന്തോറും പൂവോപരി പരിപുഷ്ടമായി വളരുന്ന കുങ്കുമച്ചെടികൾക്കു സദൃശമാണു ബഹുമാനങ്ങളും ഉന്നതസ്ഥാനങ്ങളും. തന്റെ സ്ഥാനബഹുമാനങ്ങളെ പ്രശംസിക്കുന്ന ഒരുവൻ അവയെ കളങ്കപ്പെടുത്തുകയും നശിപ്പിക്കുകയുമാകുന്നു ചെയ്യുന്നതു്. ഒരുവൻ തന്റെ രൂപലാവണ്യത്തെ അമിതമായി വിലമതിക്കുന്നെങ്കിൽ അതു വെറും നിരർത്ഥകമായിപ്പരിണമിക്കുന്നു. തന്റെ സൗന്ദര്യത്തെ മറ്റുള്ളവർ അഭിനന്ദിക്കണമെങ്കിൽ അയാൾ അതിനെ അവഗണിക്കേണ്ടതാണു്. ശാസ്ത്രജ്ഞാനം അഹങ്കാരത്താൽ മലിനപ്പെടുമ്പോൾ അതു തികച്ചും നിന്ദ്യമായിത്തീരുമല്ലോ.

നമ്മുടെ ഉന്നതസ്ഥാനത്തിലും പ്രാമാണ്യത്തിലും അവകാശങ്ങളിലും അതിയായ ഔൽസുക്യം പ്രദർശിപ്പിക്കുന്നവെങ്കിൽ അവ, അന്യരുടെ വിവാഹത്തിനും വിമർശനത്തിനും പ്രതിക്രിയകൾക്കും പരീക്ഷണത്തിനും പാത്രമായിഭവിക്കുന്നു. മാത്രമല്ല, നാം അവയെ അധമവും അവജ്ഞാവിഷയവുമാക്കുകയാണു ചെയ്യുന്നതു്. എന്തുകൊണ്ടെന്നാൽ, അന്യർ മനസാ പ്രദർശിപ്പിക്കേണ്ട ബഹുമാനത്തെ നാം അനപേക്ഷിച്ചു് അവരിൽനിന്നാവശ്യപ്പെടുമ്പോൾ ബഹുമാനത്തിനു പകരം പരിഹാസത്തിനല്ലയോ നാം പാത്രീഭവിക്കുന്നതു്? മയിൽക്കോഴി അതിനെത്തന്നെ അഭിനന്ദിക്കുന്നതിനായി അതിന്റെ വിചിത്രമായ പീലികൾ നിരത്തിപ്പിടിക്കുമ്പോൾ അധോഭാഗം നഗ്നമാകുന്നതു് അതു കാണുന്നില്ല. ശാഖാഗ്രങ്ങളിൽ സ

മുല്ലസിക്കുന്ന കമനീയകുസുമങ്ങളും കരസ്പർശത്താൽ വാടി ത്തളർന്നുപോകുന്നു. മാൻഡ്രെക്ക് എന്ന ചെടിയിൽനി ന്നു നിഗ്മിക്കുന്നതും വീഷം കലർന്നതുമായ വായു വിട്ടുരത്തു വച്ചു കുറച്ചുനേരംമാത്രം ശ്വസിക്കുന്നവർക്ക് ഒരു സുഗന്ധ മായിട്ടാണ് അനുഭവപ്പെടുക. എന്നാൽ, അടുത്തുവന്നു ദീർ ഘസമയം പ്രസ്തുത ഗന്ധം ആസ്വദിക്കുന്നുവെങ്കിൽ, ബുദ്ധി മാന്ദ്യവും വിവശതയുമാണ് അനന്തരഫലം. ഇപ്രകാരം, ഉൽകണ്ഠയൊന്നുംകൂടാതെ ദൂരത്തുനിന്നു ഭൗതികബഹുമാന ങ്ങളെ ദർശിക്കുന്നവർക്ക് അവ ആനന്ദം ഉളവാക്കിയേക്കാം; പക്ഷേ, അടുത്തുചെന്ന് അവയെ ആശ്ലേഷിക്കയും അവയിൽ സന്തോഷിക്കയും ചെയ്യുന്നവർക്ക് അവ അപകടകരവും ഉ പദ്രവകരവുമായിത്തീരുന്നു.

സുകൃതസമ്പാദനത്തിനുള്ള ആഗ്രഹവും പ്രയത്നങ്ങളും നമ്മെ സുശീലരാക്കുന്നു. എന്നാൽ, ലോകബഹുമാനങ്ങളെ അതിയായി സ്നേഹിക്കയും അവയ്ക്കായി അക്ഷീണം പരിശ്ര മിക്കയും ചെയ്യുമ്പോഴാണു നാം നിന്ദ്യരായിത്തീരുന്നത്. നി സ്സാരങ്ങളായ ഈ ബഹുമാനങ്ങളേയും പദവികളേയും അന്വേ ഷിച്ചു മഹാത്മാക്കൾ ബദ്ധപ്പെടുകയില്ല. ഉൽകൃഷ്ടങ്ങളായ ആദർശങ്ങളാണ് അവരെ നയിക്കുന്നത്. വിശിഷ്ടരതന ങ്ങളും ലഭിക്കുന്നതിനു പ്രയത്നിക്കുന്നവർ മുത്തുച്ചിപ്പികളും കൊണ്ടു തൃപ്തരാകുന്നില്ലല്ലോ. അപ്രകാരം, യഥാർത്ഥമായ പു ണ്യം സമ്പാദിക്കുന്നതിന് ഉദ്യുക്തരായവർ ലോകബഹുമാ നം ലഭിക്കുന്നതുകൊണ്ടു തൃപ്തരാകുമോ? അവരവർക്കർഹമായ സ്ഥാനമാനങ്ങളും സ്വീകരിക്കരുതെന്നല്ല എന്റെ വിവക്ഷ. നിഷ്പക്ഷമായും ശാന്തമായും അവയെ സ്വീകരിക്കുന്നുവെ ങ്കിൽ വിനയത്തിനു വിനാശം ഭവിക്കാതെ പുണ്യജീവിത ത്തിൽ നിലനില്പുന്നതിന് എല്ലാവർക്കും സാധിക്കും. "പെറു" എന്ന സ്ഥലത്തുനിന്നു വരുന്ന കപ്പൽ, സ്വർണ്ണം, വെള്ളി മുതലായ വിലപിടിച്ച സാധനങ്ങൾക്കു പുറമെ, വ

ലിയ വിലയില്ലാത്തതും നിഷ്പ്രയാസം ലഭിക്കുന്നതുമായ തത്ത, കുരങ്ങ് മുതലായ വിശേഷജീവികളേയും കൊണ്ടുവരാറുണ്ട്. അതുപോലെ, സുകൃതസമ്പാദനവേളയിൽ തങ്ങൾക്കു ലഭിക്കാവുന്ന സ്ഥാനമാനങ്ങളേയും സ്വീകരിക്കുന്നതിൽ അബദ്ധമില്ല. എന്നാൽ, അവയ്ക്കുവേണ്ടി ദുർവ്യവഹാരങ്ങളിലും മറ്റു ദുർഘടങ്ങളിലും ഉൾപ്പെടുകയോ അത്യാശയോടെ അവയെ പിന്തുടരുകയോ ചെയ്യരുതെന്നേ ഉള്ളൂ. സമുദായത്തിന്റെ പൊതുനന്മയെ സ്പർശിക്കുന്ന സ്ഥാനങ്ങളെയോ അതിപ്രധാനങ്ങളും അസാധാരണങ്ങളുമായ അപൂർവ്വാവസരങ്ങളെയോ അല്ല ഞാൻ ഇവിടെ ഉദ്ദേശിക്കുന്നതു്. ഏതദവസരങ്ങളിൽ വിവേകത്തോടും ഉപവിയോടും നയത്തോടുംകൂടെ അവനവന്നർഹമായ സ്ഥാനബഹുമാനങ്ങൾ സംരക്ഷിക്കേണ്ടതാണു്.



അഞ്ചാം അധ്യായം

ആഭ്യന്തരമായ എളിമ

നമ്മുടെ അന്തർവ്യാപാരങ്ങളെ കൂടുതൽ വിവേകത്തോടെ നിർവ്വഹിക്കുന്നതിന് ഉപയുക്തമായ ഉപദേശങ്ങൾ ഞാൻ നല്കിക്കഴിഞ്ഞു. അടുത്തതായി, വിനയസോപാനത്തിന്റെ ഉന്നതപദവിയിലെത്തുന്നതിന പര്യാപ്തമായ ചില മാർഗ്ഗങ്ങൾ നിർദ്ദേശിക്കാം. ദൈവം നല്കുന്ന പ്രത്യേകാനുകൂല്യങ്ങളെ പലരും സ്മരിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ, ഈ സ്മരണ ആത്മവഞ്ചനയേയും വ്യർത്ഥാഭിമാനത്തേയും ഉദ്ദീപിപ്പിക്കുമെന്നാണ് അവരുടെ വിചാരം. പക്ഷേ, ഇതു് അബദ്ധമായ ഒരു ധാരണയത്രേ. തത്വശാസ്ത്രവിശാരദനായ വി. തോമസ് അകച്ചിനാസ് പ്രസ്താവിക്കുന്നതുപോലെ, ദൈ

വാനഗ്രഹങ്ങളെക്കുറിച്ചുള്ള ധ്യാനമാണ് ദൈവസ്നേഹത്തിൽ അഭിവൃദ്ധിപ്പെടുന്നതിനുള്ള വിശിഷ്ടതമമായ മാർഗ്ഗം. പ്രസ്തുത ദാനങ്ങളെ എത്രമാത്രം നാം അഭരിക്കുന്നോ അത്രമാത്രം അങ്ങയെ നാം സ്നേഹിക്കുന്നു. മനുഷ്യഗണത്തിനു പൊതുവായി ലഭിച്ചിട്ടുള്ള ദാനങ്ങളെക്കാൾ വ്യക്തിപരമായി ലഭിച്ചിട്ടുള്ള ദാനങ്ങൾ ഗാഢതരമായി നമ്മുടെ ഹൃദയത്തെ സ്പർശിക്കുന്നതാണല്ലോ. തന്നിമിത്തം, അവയെ സവിശേഷമായ ശ്രദ്ധയോടെ വിചിന്തനം ചെയ്യുന്നതു വളരെ ഫലപ്രദമായിരിക്കും. ദൈവത്തിൽനിന്നു ലഭിക്കുന്ന അനുഗ്രഹബാഹുല്യത്തെപ്പോലെയോ തന്റെ നീതിപീഠത്തിങ്കൽ പ്രത്യക്ഷമാകുന്ന നമ്മുടെ പാപകാഠിന്യത്തെപ്പോലെയോ നമ്മെ എളിമപ്പെടുത്തുന്നതായി മറെറാന്നുമില്ല. അതിനാൽ, കരുണാനിധിയായ സർവ്വേശ്വരൻ നമുക്കു ചെയ്തിരിക്കുന്ന അനവധി നന്മകളേയും അവിടുത്തേക്കു പ്രതികൂലമായി നാം പ്രവർത്തിച്ചിട്ടുള്ള നീചകൃത്യങ്ങളേയും നന്നായി വിചിന്തനം ചെയ്യാം. നമ്മിലുള്ള യാതൊരു സദ്ഗുണവും നമ്മുടേതല്ലെന്നുള്ള ബോധം നിലനിറുത്തുന്നിടത്തോളംകാലം, നമ്മിൽ പ്രശോഭിക്കുന്ന ദൈവദാനങ്ങൾ നമ്മെ അഹങ്കാരികളാക്കുകയില്ല. ഒരു രാജാവിന്റെ സുരഭിലവും വിശിഷ്ടവുമായ സുഗന്ധദ്രവ്യഭാരം വഹിക്കുന്നതുകൊണ്ടു കോവർകഴുത, വികൃതരൂപവും ദുർഗ്ഗന്ധവുമുള്ള ജന്തുവല്ലെന്നു വരുന്നുണ്ടോ? "ദൈവത്തിൽനിന്നു ലഭിക്കാത്തതായി നിനക്കെന്താണുള്ളതു്? അവ നല്കപ്പെട്ടതെങ്കിൽ, പിന്നെയെന്തിനാണു് അവ നിന്റെ സ്വന്തമെന്നു നീ നടിക്കുന്നതു്?" എന്നു വി. അപ്പൊസ്തോലൻ ചോദിക്കുന്നു. അതിനാൽ, നമുക്കു ലഭിച്ചിരിക്കുന്ന അനുഗ്രഹങ്ങളെക്കുറിച്ചുള്ള സജീവബോധം നമ്മിൽ കൃതജ്ഞതയെ ഉദ്ദീപിപ്പിച്ചു നമ്മെ വിനയപ്പെടുത്താതിരിക്കയില്ല. എന്നാൽ, ദൈവദാനങ്ങളെ അനുസ്മരിക്കുമ്പോൾ വല്ല വ്യർത്ഥാഭിമാനവും തലപൊക്കുന്നുവെങ്കിൽ നമ്മുടെ കൃതഘ്നതയുടേയും ദുർബ്ബല്യത്തിന്റേയും സൂചനയാണു് അതിനു് ഏറ്റവും

പറഞ്ഞ പ്രതിവിധി. ദൈവസഹായംകൂടാതെ യാതൊന്നും നമുക്കു സാധ്യമല്ലെന്നുള്ള യാഥാർത്ഥ്യം, നാം ചെയ്തിട്ടുള്ള തൊന്നും സ്വശക്തികൊണ്ടുമാത്രമല്ലെന്നുള്ള സത്യത്തെ തെളിയിക്കുന്നതാണ്. അങ്ങേ സഹായത്തോടുകൂടെ നാം ചെയ്തിട്ടുള്ള സുകൃതങ്ങളെക്കുറിച്ചു നമുക്കു സന്തോഷിക്കാം; അതേ സമയംതന്നെ ദിവ്യനാഥനെ ആരാധിക്കുകയും ചെയ്യാം. "ദൈവം എന്നിൽ അത്ഭുതം പ്രവർത്തിച്ചു" എന്നു തന്നെക്കുറിച്ചു പരിശുദ്ധ കന്യകാമറിയം പറയത്തക്കവണ്ണം ദൈവം അവളെ അത്യധികം മഹത്വപ്പെടുത്തി. പക്ഷേ, നിർമ്മലയും മനോഹരയുമായ ആ ഭാഗ്യവതി ആ സന്ദർഭത്തിലും പൂർവ്വോപരി വിനയത്തോടെ ദൈവത്തെ സ്തുതിക്കുകയത്രേ ചെയ്തത്. അവൾ പറയുന്നു: "എന്റെ ആത്മാവു ദൈവത്തെ മഹത്വപ്പെടുത്തുന്നു. എന്തുകൊണ്ടെന്നാൽ, അവിടുന്ന് എന്നിൽ മഹാ കാര്യങ്ങൾ നിർവഹിച്ചു".

നാം വെറും ശൂന്യരും കഷ്ടതകളുടെ മൂർത്തീഭാവവും ലോകത്തിൽ പരിത്യജിക്കപ്പെടേണ്ടവരുമാണെന്നു നമ്മെക്കുറിച്ചു തന്നെ പ്രസ്താവിക്കാറുണ്ട്. എന്നാൽ, നമ്മുടെ പ്രസ്താവത്തെ മറുള്ളവർ വിശ്വസിക്കുകയോ "നിർഭാഗ്യ"രെന്നു നമ്മെ വിളിക്കുകയോ ചെയ്യുന്നതു നമുക്ക് അത്യപ്രീതികരമത്രേ. ലോകദൃഷ്ടിയിൽനിന്ന് ഓടി മറയുന്നതിനു നാം ശ്രമിക്കുന്നു. പക്ഷേ, ലോകം നമ്മെ അന്വേഷിച്ചു കണ്ടുപിടിക്കുന്നതിനു നാം പ്രയോഗിക്കുന്ന ഉപായമല്ലയോ ഇതു്? ജനതാമദ്ധ്യേ അതിനിസ്തുലമായ സ്ഥാനവും ഭക്ഷണശാലയിൽ ഒടുവിലത്തെ ഇരിപ്പിടവും നാം സ്വീകരിക്കാറുണ്ട്. എന്നാൽ, ഒന്നാമത്തെ സ്ഥാനം കരസ്ഥമാക്കുന്നതിനുള്ള വിദ്യമാത്രമാണ് അവ. യഥാർത്ഥമായ വിനയമുള്ളവർ വിനയഭാവം നടിക്കുകയോ വിനയവാക്കുകൾ ഉപയോഗിക്കുകയോ ചെയ്യുന്നില്ല; പ്രത്യുത, മറ്റു പുണ്യങ്ങളേയും സുപ്രധാനമായി എളിമയേയും മറയ്ക്കുന്നതിനായിരിക്കും അവരുടെ ശ്രമം. വ്യാജം പറയുകയോ, അന്യരെ അസഹ്യപ്പെടുത്തുകയോ

വഞ്ചിക്കുകയോ ചെയ്യുക അനുവദനീയമായിരുന്നെങ്കിൽ വിനയത്തെ ഗോപനം ചെയ്യുന്നതിനുവേണ്ടി അവർ അപ്രകാരം ചെയ്യുമായിരുന്നു.

കേ! താത്മാവേ, നിന്റെ സംഭോഷണത്തിൽ വളരെ കുറച്ചുമാത്രമേ വിനയാനുചിതങ്ങളായ വാക്കുകൾ ഉപയോഗിക്കാവൂ. നിന്റെ സംസാരം ഹൃദയപൂർവ്വകമായ വികാരങ്ങൾക്കനുരൂപമായിരിക്കട്ടെ. യഥാർത്ഥമായ എളിമയെ ഹൃദയത്തിൽ ഉദ്ദീപിപ്പിക്കാതെ ഒരിക്കലും വിനയം നടിക്കരുതു്. മനസാ നിസ്സാരസ്ഥാനങ്ങൾ ഇച്ഛിക്കാതെ അവയെ ആഗ്രഹിക്കുന്നതായി നടിക്കുകമാത്രം ചെയ്യുന്നതു വിഹിതമല്ല. അപവാദരഹിതമായ ഒരു സാവ്വത്രികനിയമമായി ഇതിനെ സ്വീകരിച്ചാലും. ചിലപ്പോൾ മറ്റുള്ളവർക്കു്, അവർ അർഹിക്കാത്ത ബഹുമാനം അനുവദിച്ചുകൊടുക്കുവാൻ ഉപചാരമര്യാദകളാൽ നാം നിർബന്ധിതരായേക്കാം. ഇപ്രകാരം ചെയ്യുന്നതു വഞ്ചനയോ വ്യാജമായ വിനയപ്രകടനമോ അല്ല. എന്തുകൊണ്ടെന്നാൽ, അന്യർക്കു് ഈവിധം സ്ഥാനമാനങ്ങൾ സമ്മതിച്ചുകൊടുക്കുന്നതു് അവർക്കു ലഭിക്കാവുന്ന ശ്രേഷ്ഠസ്ഥാനത്തിന്റെ പ്രാരംഭംമാത്രമാണു്. പ്രസ്തുത ബഹുമാനത്തെ പരിപൂർണ്ണമായി പ്രദാനം ചെയ്യുവാൻ പരിതഃസ്ഥിതികളും അനുകൂലങ്ങളല്ലാത്തതുനിമിത്തം സാധിക്കുന്നിടത്തോളം അതിനെ അവർക്കു നല്കി സംതൃപ്തി അടയുന്നതു് അഭിലഷണീയമത്രേ. ബഹുമാനാദരങ്ങളെ സൂചിപ്പിക്കുന്ന ചില പദപ്രയോഗങ്ങളെപ്പറ്റിയും ഇതുതന്നെയാണു് എനിക്കു പറയുവാനുള്ളതു്. പ്രശംസാവചനങ്ങളും അവയാൽ നിർദ്ദേശിക്കപ്പെടുന്ന യഥാർത്ഥസ്ഥിതിയോടു് ഒരുപക്ഷേ യോജിക്കാതെ വന്നേക്കാം. എങ്കിലും, ഒരുവനെ ബഹുമാനിക്കണമെന്ന ഉദ്ദേശത്തോടേയാണു പ്രസ്തുത വാക്കുകൾ നാം പ്രയോഗിക്കുന്നതെങ്കിൽ അതു് ആശാസ്യംതന്നെ. അതിശയോക്തിപരമായിരുന്നാലും, സമുദായത്തിന്റെ ആചാരമര്യാദകൾക്കായി

അവയെ ഉപയോഗിക്കുന്നതിൽ വലിയ അസാംഗത്യമില്ല. എന്നാൽ, ആന്തരികനൈർമ്മല്യം നമ്മിൽ എല്ലായ്പോഴും നിലനിറുത്തേണ്ടതിനായി, പ്രസ്തുത പദങ്ങൾ അയാളിൽ അനാവശ്യമായിത്തീരുന്നതിനു ഹൃദയപൂർവ്വം ആഗ്രഹിക്കുകയെങ്കിലും ചെയ്യേണ്ടതാണ്.

ദുർഭഗനെന്നും നിസ്സാരനെന്നും സ്വയം അഭിസംബോധനം ചെയ്യുന്നതിനെക്കാൾ മറുള്ളവർ തന്നെക്കുറിച്ച് അപ്രകാരം അഭിപ്രായപ്പെടുവാൻ ഒരു യഥാർത്ഥ വിനീതൻ ആഗ്രഹിക്കുന്നു. തന്നോടു് അന്യർ നീചമായിപ്പെരുമാറുകയും തന്നെ അപഹസിക്കുകയും ചെയ്യുമ്പോൾ അതിൽ അവൻ അതൃപ്തനാകുന്നില്ല. ഇതിനും പുറമെ, അവയ്ക്കു താൻ അർഹനാണെന്നു സമ്മതിച്ചുപറയുകയും സർവ്വാത്മനാ അവയ്ക്കു സ്വാഗതമരുളുകയും ചെയ്യുന്നു.

'ആദ്ധ്യാത്മികധ്യാനം സുകൃതസോപാനത്തിന്റെ അഗ്രത്തിൽ എത്തിയവർക്കുള്ളതത്രേ; ഞങ്ങൾ അതിനു കേവലം അയോഗ്യരാണു്' എന്നു ചിലർ ജല്പിക്കുന്നു. 'നിർമ്മലരാണെന്നു ഞങ്ങൾക്കു ബോധമില്ലാത്തതിനാലാണു ക്രൂടെക്കൂടെ വിഭോജനം സ്വീകരിക്കുവാൻ ഞങ്ങൾ ധൈര്യപ്പെടാത്തതു്' എന്നാണു വേറെ ചിലരുടെ ന്യായം. 'കൃതകൃത്യങ്ങൾക്ക് ഒരുമ്പെട്ടുന്നതായാൽ ഞങ്ങളുടെ ദൗർബല്യവും കഷ്ടതകളും അവയെ കളങ്കപ്പെടുത്തുമെന്നു ഞങ്ങൾ ഭയപ്പെടുന്നു' എന്നു മറുചിലർ യുക്തിവാദം ചെയ്യുന്നു. തങ്ങളുടെ പ്രത്യേക ഗുണങ്ങൾ ഈശ്വരസേവനത്തിനും സഹോദരാരാധനത്തിനും വേണ്ടി വിനിയോഗിക്കാത്തവരാണു മറ്റൊരുകൂട്ടർ. അഹങ്കാരികളായേക്കുമെന്ന ആശങ്കമൂലമത്രേ ഇപ്രകാരം ഇവർ മേലുദ്ധരിച്ച സുകൃതാഭ്യസനത്തിൽ വൈമുഖ്യം പ്രദർശിപ്പിക്കുന്നതു്. ഈ ഒഴിവുകഴിവുകളെല്ലാം കപടവിനയത്തിന്റെ ലക്ഷണങ്ങളല്ലയോ? മാത്രമല്ല, ഇതു പരിശീലനരീതിയിലുള്ള ഒരുതരം ദൈവദൂഷണംതന്നെയാണു്. അതിനാൽ, ഇതു കൂടാ

കരമാകാതെ തരമില്ലല്ലോ. കപടവിനയത്തിന്റെ പലവിധത്തിലുള്ള സ്വാർത്ഥസ്നേഹവും ദുരഭിമാനവും തോപനംചെയ്യുന്നതിനുള്ള ഒരു തിരശ്ശീലയുമാകുന്നു ഈ പ്രകടനങ്ങൾ. "നിന്റെ നാഥനായ ദൈവത്തിന്റെ ഒരടയാളം സ്വർഗ്ഗത്തിന്റെ അത്യുന്നതത്തോടോ നരകത്തിന്റെ അത്യഗാധത്തോടോ ആവശ്യപ്പെട്ടുക" എന്ന് ഏലിസേവൂസ് ദീർഘദർശി ദുർഭഗനായ ആക്കാസ് രാജാവിനോട് ഒരിക്കൽ ഉപദേശിക്കുകയുണ്ടായി. "അതു ചോദിച്ചു ഞാൻ ദൈവത്തെ പരീക്ഷിക്കുകയില്ല" എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രത്യുത്തരം.

അഹോ! ദുഷ്ടമനുഷ്യൻ! ദൈവത്തോട് അത്യധികമായ ബഹുമാനം നടിച്ചുകൊണ്ട്, അവിടുന്ന് അവന്റെമേൽ ചൊരിഞ്ഞ നിരവധി അനുഗ്രഹങ്ങളെ വിനയപ്രകടനമാവേന നിരസിക്കുകയാകുന്നു ചെയ്യുന്നത്. ആ കരുണാമൂർത്തിയുടെ കൃപകളെ നിരസിക്കുന്നത് അഹങ്കാരപൂർവ്വകമായ ഒരു മഹാപാതകമാണെന്നും, അവയെ കൃതജ്ഞതയോടേ ഏറ്റു പറയുകയും അദ്ദേഹത്തിന്റെ തിരുവുള്ളത്തിനനുസൃതമായി വ്യാപരിക്കുകയും ചെയ്യുന്നതിലാണ് സാക്ഷാത്തായ വിനയം അന്തർഭവിച്ചിരിക്കുന്നതെന്നും അവൻ നിർഭാഗ്യൻ ഗ്രഹിക്കുന്നില്ല. ദൈവത്തിന്റെ ദിവ്യോപദേശങ്ങളെ കഴിയുംവണ്ണം അനുസരിച്ചും അനുഗമിച്ചും നമ്മെത്തന്നെ അങ്ങയോട് സംയോജിപ്പിക്കുകയും, തല്പരരാ, പരിപൂർണ്ണരാവുകയും ചെയ്യണമെന്നാണ് അവിടുത്തെ അഭീഷ്ടം. ആത്മവിശ്വാസത്തോടേ എന്തെങ്കിലും പ്രവർത്തിക്കുന്നതിന് അഹങ്കാരിക്കു സാധിക്കുന്നതല്ല. താൻ എല്ലാറ്റിനും അശക്തനെന്നു സമ്മതിക്കുന്ന വിനീതനാകട്ടെ, സധൈര്യം സകലതും കായ്ക്ഷമമായി നിർവ്വഹിക്കുകയത്രെ ചെയ്യുന്നത്. നമ്മുടെ ബലഹീനതയിൽ തന്റെ അനന്തശക്തി പ്രത്യക്ഷമാക്കുകയും നമ്മുടെ കഷ്ടതകളിൽ തന്റെ അനുഗ്രഹങ്ങളെ വർഷിക്കുകയും ചെയ്യുന്നു

ദൈവത്തെ ശരണംഗമിക്കുന്നവർ എന്തിനു് അധൈര്യപ്പെടുന്നു? അതിനാൽ, നമ്മുടെ അഭിവൃദ്ധിക്കു ഉതകുന്നവയെന്നു് അത്മീയോപദേഷ്ടാക്കൾ വിധിക്കുന്ന സകലതും വിനയത്തോടും കേ്തിയോടുംകൂടി കയ്യേറ്റു പ്രവത്തിക്കേണ്ടതാണു്. പാമരൻ പണ്ഡിതഭാവം നടിക്കുന്നതിനെക്കാൾ നികൃഷ്ടതരമായി മറെറാന്നുമില്ല. അറിയാവുന്നവയെക്കുറിച്ചു് അത്മപ്രശംസ ചെയ്യുകയാകട്ടെ, അവയിൽ അജ്ഞത പ്രദർശിപ്പിക്കുകയാകട്ടെ ഞാൻ ചെയ്യുകയില്ല. അന്യരുടെ സന്മാത്രകയ്യോ സമാശ്വാസത്തിനോ അവശ്യകമെങ്കിൽ, പരസ്നേഹത്തെപ്രതി സൗമ്യമായും ശാന്തമായും സന്മാർഗ്ഗോപദേശം നല്കേണ്ടതാണു്. എന്തുകൊണ്ടെന്നാൽ, നമ്മുടെ സദ്ഗുണങ്ങളെ എളിമ ഗോപനംചെയ്യുന്നുണ്ടെങ്കിലും, ഉപവി അവശ്യപ്പെട്ടപ്പോൾ അവയെ അതു പ്രകാശിപ്പിക്കയും പൂർവ്വോപരി പരിപൂർണ്ണമാക്കുകയും ചെയ്യുന്നു. ടൈലസ് എന്ന ടീപീപിൽ വളരുന്ന ഒരുതരം വൃക്ഷത്തോടു സമമാണു് എളിമ. ഈ വൃക്ഷത്തിന്റെ വിടിന്ന പുഷ്പങ്ങൾ രാത്രിയാകുമ്പോൾ ക്രമ്പി ഇലകളുടെ ഇടയിൽ മറയുന്നു. ഉദയസൂര്യന്റെ ഇളംകതിരുകളേല്ക്കുമ്പോൾ അവ വീണ്ടും വികസിച്ചു പ്രകാശിക്കയും ചെയ്യുന്നു. പ്രസ്തുത പുഷ്പങ്ങൾ നിശാവേളയിൽ നിദ്ര ചെയ്യുന്നുവെന്നാണു തദ്ദേശവാസികൾ പറയാറുള്ളതു്. ഇതുപോലെ, മനുഷ്യന്റെ പുണ്യങ്ങളേയും പൂർണ്ണതകളേയും ഒരു യവനികയുള്ളിൽ എളിമ മറച്ചുപിടിക്കുകയും ഉപവി ആവശ്യപ്പെട്ടപ്പോൾമാത്രം അവയെ പ്രത്യക്ഷമാക്കുകയും ചെയ്യുന്നു. ഉപവി ഭൗതികമോ വെറും ധാർമ്മികമോ അല്ല; പ്രത്യുത, സ്വർഗ്ഗീയവും ദിവ്യവുമാണു്. ഇതു മറെറല്ലാപുണ്യങ്ങളുടേയും മകുടമായി പരിലസിക്കുകയും അവയെ നിയന്ത്രിക്കുകയും ചെയ്യുന്നു. അതിനാൽ, ഉപവിക്രൂടാതെയുള്ള വിനയം സർവ്വഥാ പരിത്യാജ്യംതന്നെ.

വിവേകിയെന്നോ മൂഢനെന്നോ ഞാൻ നടിക്കയില്ല.

കാരണം, ബുദ്ധിമാനെന്നു ഭാവിക്കുവാൻ എളിമ എന്നെ അനുവദിക്കുന്നില്ല. ഭോഷനായി വേഷംകെട്ടുവാൻ സത്യവും ആത്മാഭിമാനവും എന്നെ നിരോധിക്കുകയും ചെയ്യുന്നു. ലോകദൃഷ്ട്യാ നിന്ദ്യരായിക്കാണപ്പെടുവാൻവേണ്ടി ദൈവദാസന്മാരിൽ പ്രമുഖരായ ചിലർ നികൃഷ്ടവേഷം അണിഞ്ഞിരുന്നു. അവരെ പ്രശംസിക്കുകതന്നെവേണം; പക്ഷേ, നാം അവരെ അനുകരിക്കേണ്ടതില്ല. ഇങ്ങനെ ചെയ്യുന്നതിന് അവരെ പ്രേരിപ്പിച്ച കാരണങ്ങൾ ഉർലഭങ്ങളും അനന്യസാധാരണങ്ങളുമാകയാൽ കേവലം സാധാരണന്മാരായ നമുക്ക് ഏതാട്ടശപ്രവൃത്തികൾ മാതൃകയായി സ്വീകരിക്കത്തക്കതല്ല. ദാവീദുരാജാവു വാശാനത്തിന്റെ പെട്ടകത്തിനു മുൻപിൽ ലോകർക്കു വികൃതമായിത്തോന്നത്തക്കവണ്ണം ചാടിനൃത്തനം ചെയ്തപ്പോൾ, തന്നെ ഒരു വിഡ്ഢിയായി മനുഷ്യർ പരിഗണിക്കണമെന്ന് അദ്ദേഹം ആശിച്ചിരുന്നില്ല. തന്റെ ഹൃദയത്തിൽ തിങ്ങിവിങ്ങിക്കൊണ്ടിരുന്ന അപ്രതിരോധ്യമായ ആഹ്ലാദത്തിന്റെ ഒരു ബഹിർഗമനം മാത്രമായിരുന്നു അതു്. ഈ മൂഢപ്രകടനങ്ങളെപ്പറ്റി തന്റെ പ്രിയതമ ശാസിച്ചപ്പോൾ അസന്തുഷ്ടിപ്പെടാതെ തന്റെ സന്തോഷാതിരേകങ്ങളെ തുടരുകയും ഏതു നിന്ദനവും ദൈവത്തെപ്രതി സഹിക്കുന്നതിനു താൻ സന്നദ്ധനാണെന്നു സന്തോഷത്തോടേ വിളിച്ചുപറയുകയുമത്രേ അദ്ദേഹം ചെയ്തതു്. ഇപ്രകാരം പരമാർത്ഥവും അന്തരികവുമായ കേ തിയിൽ നിന്നുദ്ഗമിക്കുന്ന പ്രവൃത്തികൾമൂലം ആരെങ്കിലും നിന്നെ പരിത്യജിക്കുകയോ, നിന്ദ്യനും ഭോഷനുമായിപ്പരിഗണിക്കുകയോ ചെയ്യുമ്പോൾ ബഹുമാനാർഹങ്ങളായ ഈ പരിഹാസ്യാവസ്ഥകളിൽ സമചിത്തനായിരിപ്പാൻ എളിമ നിന്നെ ശക്തനാക്കട്ടെ.



ആറാം അധ്യായം

നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന നിന്ദനങ്ങളെ സ്നേഹിക്കുന്നതിന് എളിമ നമ്മെ പ്രേരിപ്പിക്കുന്നു

പ്രിയ സുഹൃത്തേ, വിനയാഭ്യാസത്തിൽ ഒരു പടിക്കൂടി മുന്നോട്ടു നിന്നെ നയിക്കുന്നതിനാണ് എന്റെ ഇനിയത്തെ ശ്രമം; നിനക്കുണ്ടാകുന്ന അനാദരങ്ങളെ സവ്വാ സന്തോഷം സ്വീകരിക്കുക. ലത്തീൻഭാഷയിൽ അപകർഷം എന്ന പദത്തിന് എളിമയെന്നും, എളിമയ്ക്ക് അപകർഷമെന്നുമാണ് അർത്ഥം നിർദ്ദേശിച്ചിരിക്കുന്നത്. തന്റെ കൃതജ്ഞതാസ്തോത്രത്തിൽ "ദൈവം എന്റെ എളിമയെ പരിഗണിച്ചു. തന്മൂലം, എല്ലാത്തലമുറകളും എന്നെ ഭാഗ്യവതിയെന്നു വിളിക്കും" എന്നു പരിശുദ്ധ കന്യകാമറിയം പ്രവചിക്കുകയുണ്ടായി. ഇവിടെ എളിമ എന്ന പദപ്രയോഗംകൊണ്ടു നിർജ്ഞനത്വവും അവഗണനവുമാണ് ആ നിർമ്മലനാഥ ഉദ്ദേശിക്കുന്നതെന്നു നിഷ്പ്രയാസം മനസ്സിലാക്കാം. അതേ, പ്രസാദവരംകൊണ്ടു സംപൂരിതയാക്കി അനുഗ്രഹങ്ങൾകൊണ്ടു അലങ്കരിക്കുവാൻവേണ്ടി ദൈവം ആ നാഥയുടെ അപകർഷത്തെ കരുണാപുരസ്സരം പരിഗണിച്ചുവെന്നാണ് പ്രസ്തുതവാക്യം പ്രത്യോതിപ്പിക്കുന്നത്. എന്നിരുന്നാലും, എളിമയും അപകർഷവും തമ്മിൽ വ്യത്യാസം ഉണ്ട്. നാം അറിയാതെ നമ്മിൽ സ്ഥിതിചെയ്യുന്ന നികൃഷ്ടതയും നിസ്സാരതയും അപകർഷമാണ്. എന്നാൽ, നമ്മുടെ അധമത്വത്തെപ്പറ്റിയുള്ള യഥാർത്ഥജ്ഞാനവും അതിനു നാം അർഹരെന്ന ആത്മസമ്മതവുമാണ് എളിമയുടെ പ്രധാനഭാഗം. അപകർഷം നമ്മിലുണ്ടെന്ന് ഏറ്റുപറഞ്ഞു അതിനെ സന്തോഷത്തോടെ ആശ്ലേഷിക്കുമ്പോഴാണ് എളിമ പൂർണ്ണമായി പ്രകാശിക്കു

ന്നതു്. ഇപ്രകാരം പ്രവർത്തിക്കുന്നതു ഭീരുത്വമോ ദൗർബല്യമോ നിമിത്തം ആയിരിക്കരുതു്; പ്രത്യുത, ദൈവത്തെ കൂടുതൽ പ്രസാദിപ്പിക്കുന്നതിനും സഹോദരന്മാരെ ആദരിക്കുന്നതിനും വേണ്ടിയായിരിക്കട്ടെ.

എളിമ അഭ്യസിക്കേണ്ട രീതി കുറെക്കൂടി വിശദമാക്കാം. മനുഷ്യന്റെ വിഷമതകളിൽ ചിലതു് അധമങ്ങളും മറ്റു ചിലതു ബഹുമാനാർഹങ്ങളുമാണു്. അഭിമാനകരമായ കഷ്ടതകളും സഹിക്കുവാൻ ധാരാളംപേർ സന്നദ്ധരാകുന്നുണ്ടു്. എന്നാൽ, ഹീനമായ അവശതകൾക്കു വിധേയരാകുവാൻ സന്മനസ്സുള്ളവർ വളരെ ചുരുക്കംതന്നെ. കീറവസ്ത്രം ധരിച്ചും വിശപ്പുകൊണ്ടു വലഞ്ഞുംവരുന്ന ഒരു സന്യാസിയെ കാണുമ്പോൾ നാം സഹതപിക്കുകയും അദ്ദേഹത്തെ ബഹുമാനിക്കുകയും ചെയ്യുന്നു. അഴുക്കില്ലാതെ നടുംതിരിയുന്ന സാധുവായ ഒരു തൊഴിൽക്കാരനെയാണ് കാണുന്നതെങ്കിൽ ലോകസാമാന്യം അയാളെ അവഗണിച്ചു പരിഹസിച്ചെന്നു വരാം. ഒരു സന്യാസി സഭാശ്രേഷ്ഠനിൽനിന്നോ, ഒരു പുത്രൻ പിതാവിൽനിന്നോ ഏല്ക്കുന്ന ശാസനകൾ ശാന്തമായി സഹിക്കുമ്പോൾ അതു് ആത്മസംയമനമെന്നും അനുസരണമെന്നും സാധുത്വമെന്നും മനുഷ്യർ ഉദ്ഘോഷിക്കും. പക്ഷേ, അന്യരുടെ ശാസനകൾ നിശ്ശബ്ദമായി സഹിക്കുമ്പോൾ, അതു ദൈവസ്ഥാപനത്തെപ്രതി ആണെങ്കിലും, ഭീരുത്വമെന്നാണു സാധാരണമായി ലോകം വിധിക്കുന്നതു്. നികൃഷ്ടമായ സഹനമായും മനുഷ്യർ ഇതിനെ പരിഗണിക്കുന്നു. മറെറാരുദാഹരണം പറയാം. ഒരുവന് കൈത്തണ്ടിന്മേൽ ഒരു വ്രണമുണ്ടായെന്നിരിക്കട്ടെ; അപരനു മുഖത്തും. ആദ്യത്തെ ആൾക്ക് അതിന്റെ വേദനമാത്രമേ സഹിക്കേണ്ടതുള്ളൂ. രണ്ടാമനാകട്ടെ, വേദനയ്ക്കു പുറമേ മനുഷ്യരുടെ ആക്ഷേപവും വെറുപ്പും സഹിക്കേണ്ടതുണ്ടു്. നമ്മുടെ വിഷമതകൾ ശാന്തമായി അനുഭവിക്കണമെന്നു മാത്രമല്ല, അവയോടനുബന്ധ

മായ അവമാനങ്ങളും സന്തോഷപൂർവ്വം ആശ്ലേഷിക്കണമെന്നാണ് ഇത്തരണത്തിൽ എനിക്കുപദേശിക്കുവാനുള്ളത്. ചില പുണ്യങ്ങളെ മനുഷ്യർ അഭിനന്ദിക്കുകയും മറ്റുള്ളവയെ നിന്ദിക്കുകയും ചെയ്യുന്നു. പ്രാപഞ്ചികന്മാർ അവമതിക്കുന്ന പുണ്യങ്ങളാണു സഹനം, ശാന്തത, നിഷ്കളങ്കത, വിനയം മുതലായവ. വിവേകം, ബുദ്ധികർമ്മം, ഔദാര്യം മുതലായ സദ്ഗുണങ്ങളെ അവർ ആദരിക്കുകയും ചെയ്യുന്നു. ഇതുപോലെ, ഒരു സുകൃതത്തിൻറെതന്നെ വിവിധഫലങ്ങളിൽ ചിലതിനെ ലോകം സ്തുതിക്കുകയും മറ്റുചിലതിനെ അവഗണിക്കുകയും ചെയ്യാറുണ്ട്. ഉദാഹരണമായി, ദാനംചെയ്യുന്നതും ശത്രുക്കളോടു ക്ഷമിക്കുന്നതും പരസ്നേഹംനിമിത്തമാണെങ്കിലും ആദ്യത്തേതിനെ ബഹുജനം അഭിനന്ദിക്കുകയും രണ്ടാമത്തേതിനെ അവഹേളിക്കുകയും ചെയ്യുന്നു. അമിതസന്തോഷങ്ങളിലും അനാശാസ്യവിനോദങ്ങളിലും സഹകരിക്കാത്തയുവാവിനെ അയാളുടെ ചില സ്നേഹിതന്മാർ അപഹാസങ്ങളും വിമർശനങ്ങളുംകൊണ്ടു വിഷമിപ്പിച്ചേക്കാം. അയാളുടെ മിതത്വത്തെ കാപട്യമെന്നോ, മതഭ്രാന്തെന്നോ അവർ വ്യാഖ്യാനിക്കും. എന്നാൽ ഏതാട്ടശപരിഹാസങ്ങളെ സസന്തോഷം സ്വീകരിക്കുമ്പോഴാണു നികൃഷ്ടാവസ്ഥയെ നാം സ്നേഹിക്കുന്നുവെന്നു പറയുന്നതു്. അനന്യശരണരും ഭയങ്കരരോഗത്താൽ പീഡിതരുമായ ദുർഭഗരുടെ ശുശ്രൂഷയ്ക്കു നീ നിയുക്തനായി എന്നിരിക്കട്ടെ. ലോകം ഇതിനെ അധമവും നികൃഷ്ടവുമായിപ്പരിത്യജിക്കുന്നു. എന്നിരുന്നാലും, ഈ പ്രവൃത്തി സാമോദം നീ നിർവ്വഹിക്കേണ്ടതാണ്. എന്നാൽ, സമ്പന്നനും സർവ്വസമ്മതനുമായ ഒരു രോഗിയുടെ പക്കലേക്കാണു നിന്നെ അയയ്ക്കുന്നതെങ്കിൽ ഇതു് അഭ്യുന്നതികരമായ ഒരു അപകർഷം മാത്രമേ ആയിരിക്കുകയുള്ളൂ. ഇതിനേയും നീ സ്വീകരിക്കുകതന്നെ ചെയ്യണം. നീ ഒരു രാജപാതയിൽക്കൂടെ നടക്കുമ്പോൾ കാലുതെറ്റി വീണെന്നിരിക്കട്ടെ. അപ്പോൾ മുറിവേല്പിക്കുന്നതിനു പുറ

മെ നീ കാണികളുടെ പരിഹാസപാത്രവുമായിത്തീരുന്നു. ഇ ങ്ങനെയുള്ള ദുർഘടസന്ധികളേയും സന്തോഷത്തോടേ തരണം ചെയ്യണം. മറുവിധത്തിൽ ക്ലേശകരമല്ലെങ്കിലും പരുഷ്ടി യിൽ ഹീനമായ ചില അവസ്ഥകളുണ്ട്. എളിമയ്ക്കുവേണ്ടി അ വയെ മനഃപൂർവ്വം സ്വീകരിച്ചു കഴിപ്പെടണമെന്നില്ല. എങ്കി ലും നമ്മിലുളവായിക്കഴിഞ്ഞാൽ ആവലാതിക്കൂടാതെ അവയെ സഹിക്കുകയാണുത്തമം. വിവേകവും മര്യാദയും അനുസരിച്ചു പരിത്യജിക്കേണ്ട ചില മൂഢപ്രവൃത്തികളാലോ വ്യർത്ഥസം ഭാഷണങ്ങളാലോ ഉപചാരലംഘനങ്ങളാലോ നമുക്കുണ്ടാകു ന്ന അവമാനങ്ങൾ വിനയാഭ്യാസത്തിനായി സമചിത്തതയോ ടേ സഹിക്കണമെന്നാണു ഞാൻ വിവക്ഷിക്കുന്നതു്. പ്രിയ സുഹൃത്തേ, എന്റെ പ്രസ്താവത്തെ ഒന്നുകൂടി വിശദമാക്കാൻ ഞാൻ ശ്രമിക്കാം. വേണ്ടത്ര ആത്മസംയമനം ഇല്ലാത്തതി നാൽ നീ ദുസ്സഹമായ ചില അസഭ്യവാക്കുകൾ ഉച്ചരിച്ചുവെ ന്നിരിക്കട്ടെ. അപ്പോൾ, സജീവമായ അനുതാപത്തോടേ അ തിനു പരിഹാരം ചെയ്യണം. പക്ഷേ, പ്രസ്തുതസംഭാഷണ ത്തിന്റെ അവശ്യഫലമായ അവമാനത്തെ സ്വീകരിക്കുവാൻ നീ വൈമുഖ്യം പ്രദർശിപ്പിക്കരുതു്. ഒരുപക്ഷേ, കുറ്റത്തേ യും അതിൽനിന്നുളവാകുന്ന അപകർഷത്തേയും മാനഭംഗ ത്തേയും വേർതിരിക്കുവാൻ സാധിച്ചാൽത്തന്നെയും തെറ്റി നെ പരിഹരിച്ചു് അപകർഷാവമാനങ്ങളെ കൈവരിക്കേ ത്തു നിന്റെ കർത്തവ്യം.

ദുരവസ്ഥയിൽനിന്നുണ്ടാകാവുന്ന അപകർഷത്തെ നാം സ്നേ ഹിക്കണമെങ്കിലും അതു ഭോഷഫലങ്ങൾ ഉളവാക്കുന്നെങ്കിൽ ന്യായമായ പ്രതിവിധി പ്രയോഗിച്ചു് അതിനെ പരിഹരി ക്കേണ്ടതാണു്. നിന്റെ മുഖത്തു് ഒരു വിരൂപവ്രണമുണ്ടായെ ങ്കിൽ അതിനെ സുഖമാക്കാൻ ശ്രമിക്കുക. എന്നാൽ, പ്രസ്തു തവ്രണത്താൽ ഉളവാകുന്ന ആക്ഷേപം നിവാരണം ചെയ്യ ണം എന്നതായിരിക്കരുതു നിന്റെ ഉദ്ദേശ്യം. അന്യർക്കുപ്ര

വകരമല്ലാത്ത എന്തെങ്കിലും തെറ്റു ഞാൻ ചെയ്താൽ അതിനു ക്ഷമാപണം ചെയ്യുകയില്ല. എന്തുകൊണ്ടെന്നാൽ, അതു തെറ്റാണെങ്കിലും അതിന്റെ ദോഷഫലം വെറും താൽകാലികം മാത്രമാണ്. മാത്രമല്ല, അതിന്റെ ആക്ഷേപത്തിൽ നിന്നു വിമുക്തനാകുവാൻ ഞാൻ ശ്രമിക്കുന്നുമില്ല. അന്യർക്ക് ഉപദ്രവവും ഉത്പ്പും വരത്തക്കവണ്ണം അശ്രദ്ധകൊണ്ടോ വിഡ്ഢിത്തംകൊണ്ടോ വല്ലതും പ്രവർത്തിച്ചുപോയെങ്കിൽ, അതിന്റെ ദുഷ്ഫലം ദീർഘനാൾ നിലനില്ക്കുന്നതാകയാൽ തൽക്ഷണം ക്ഷമായാചനം ചെയ്യാൻ പരസ്നേഹം നമ്മെ നിർബന്ധിക്കുന്നു. നമ്മുടെ അപകീർത്തി മറ്റുള്ളവർക്ക് ഉപദ്രവകരമെങ്കിൽ, സൽകീർത്തി സമ്പാദിക്കുന്നതിനും ഉപദ്രവിയാൽത്തന്നെ നാം കടപ്പെട്ടവരാണ്. ഈ അപകീർത്തി അന്യരിൽനിന്നു ഗോപനം ചെയ്യാൻ നിർബന്ധിതരായാലും അതിന്റെ സ്മരണയെ നമ്മിൽ നിലനിറുത്തുകയും അതിന്റെ ഗുണപാഠം സ്വീകരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

ഭക്താത്മാവേ, ഏറ്റം ആദരണീയമായ അപകർഷങ്ങൾ ഏവയെന്നറിവാൻ നിനക്കാഗ്രഹമില്ലയോ? അകസ്മികമായോ നമ്മുടെ ജീവിതാവസ്ഥയോട് അനുബന്ധമായോ സംഭവിക്കുന്ന നിന്ദനങ്ങളാണ് ഏറ്റം ആദരണീയമായവ. ദൈവം കൂടുതൽ ഇഷ്ടപ്പെടുകയും നമ്മുടെ ആത്മീയാഭിവൃദ്ധിയെ അത്യധികം സഹായിക്കുകയും ചെയ്യുന്നതും ഇവതന്നെ. എന്തുകൊണ്ടെന്നാൽ, നാം ഇവയെ അന്വേഷിക്കുന്നില്ല; പ്രത്യുത, ദൈവം നല്കുമ്പോൾ സ്വീകരിക്കുകമാത്രമേ ചെയ്യുന്നുള്ളൂ. ദൈവം നമുക്കായി തിരഞ്ഞെടുക്കുന്നവ, നമ്മുടെ സാമർത്ഥ്യത്താൽ കണ്ടുപിടിക്കുന്നവയെക്കാൾ സമുചിതങ്ങളായിരിക്കുമല്ലോ. നാംതന്നെ കഷ്ടതകൾ തിരഞ്ഞെടുക്കുന്നതിനു നിർബന്ധിതരാകുന്നെങ്കിൽ നമ്മുടെ സ്വാഭാവികപ്രതിപത്തിക്കു വിരുദ്ധമായവയെ സ്വീകരിക്കുന്നതാണുത്തമം. എന്നാൽ, ഇവ നമ്മുടെ ജീവിതാവസ്ഥയ്ക്കു യോജിച്ചതാ

യിരിക്കണം. അല്ലെങ്കിൽ, ഈ അപകർഷങ്ങൾ പുണ്യത്തെ ശിഥിലമാക്കുകയോ സുകൃതാഭ്യാസത്തിനു വിഘാതമായി ഭവിക്കുകയോ ചെയ്തേക്കും. "പാപികളോടുകൂടെ രമ്യഹർമ്യങ്ങളിൽ ആനന്ദിക്കുന്നതിനെക്കാൾ, പരിത്യക്തനും നിർദ്ധനനുമായി ദൈവവനത്തിൽ വസിക്കുവാനാണ് എന്റെ ആഗ്രഹം" എന്ന് രാജകീയസങ്കീർത്തകനോടുകൂടെ ഉദ്ഘോഷിക്കാൻ ആർ നമുക്കു ശക്തി നല്കും? മനുഷ്യരുടെ പരിഹാസപാത്രമായി, അവരാൽ പരിത്യക്തനായി, അവർക്കുവേണ്ടി ജീവിച്ച് ആത്മാർപ്പണംചെയ്ത ആ ദിവ്യപുരുഷനെ മാത്രമേ പ്രസ്തുത ശക്തി പ്രദാനം ചെയ്യാൻ സാധിക്കയുള്ളൂ. സ്നേഹാത്മാവേ, പല കാര്യങ്ങളെക്കുറിച്ചും ഞാൻ നിന്നോടു സംസാരിച്ചു. താത്പര്യകമായി ചിന്തിക്കുമ്പോൾ അവ പരുഷമായിത്തോന്നിയേക്കാം. പക്ഷേ, അവയെ പ്രായോഗികമാക്കുമ്പോൾ മധുവിനെക്കാൾ മധുരതരമായി അവ നിനക്കു് അനുഭവപ്പെടാതിരിക്കയില്ല.

ഏഴാം അധ്യായം

വിനയാഭ്യാസത്തോടൊരുമിച്ചു് എങ്ങനെ സൽകീർത്തിയും സംരക്ഷിക്കണം?

അസാധാരണവും അതിവിശിഷ്ടവുമായ പുണ്യത്തെയല്ലാതെ സാധാരണമായ സുകൃതത്തെ മനുഷ്യർ പ്രായേണ ശ്ലാഘിക്കയോ ബഹുമാനിക്കയോ മഹത്പപ്പെടുത്തുകയോ ചെയ്യുന്നില്ല. ആരുടെ ഗുണവിശേഷങ്ങളെ പ്രകീർത്തിക്കുന്നതിനു നാം ഉദ്ദേശിക്കുന്നുവോ അയാളെ മറ്റുള്ളവരും ആദരിക്കുന്നതിനു നുമിക്കുകയാണു പ്രശംസയാൽ നാം സാധിക്കുന്ന

തു്. മറ്റുള്ളവരെ ബഹുമാനിക്കുമ്പോൾ അവരോടു നമുക്കുള്ള മതിപ്പു പ്രത്യക്ഷമാകുന്നു. മഹത്വമാകട്ടെ, പ്രശംസയിൽനിന്നും ബഹുമാനത്തിൽനിന്നും ബഹിർഗമിക്കുന്ന സൽകീർത്തിയുടെ തേജസ്സുതന്നെ. ഈ ബഹുമതികളും പ്രശംസകളും വിശിഷ്ടരത്നങ്ങളോടു തുലനം ചെയ്യാവുന്നതാണു്. ഇവയുടെ ഐക്യത്തിൽനിന്നുളവാകുന്ന പ്രഭാവം രത്നം പതിച്ച ആഭരണംപോലെ പ്രശോഭിക്കുന്നു.

നമ്മുടെ ശ്രേഷ്ഠതയെക്കുറിച്ചുള്ള മതിപ്പും, മറ്റുള്ളവരെക്കാൾ ഉൽകൃഷ്ടതരമായിക്കരുതപ്പെടണമെന്ന നമ്മുടെ ആഗ്രഹവും എളിമയ്ക്കു യോജിച്ചതല്ല. ശ്രേഷ്ഠതയുടെ ഫലങ്ങളായ സ്തുതിയും ബഹുമാനവും മഹത്വവും ലഭിക്കണമെന്ന ആശ വിനയത്തിനു വിരുദ്ധംതന്നെ. എന്നിരുന്നാലും, സൽകീർത്തി നമ്മിൽ നിലനിറുത്തിക്കൊണ്ടുപോകുന്നതു് അഭിലഷണീയമാണെന്നു വിശുദ്ധഗ്രന്ഥംതന്നെ ഉപദേശിക്കുന്നുണ്ടു്. എന്തുകൊണ്ടെന്നാൽ, ഒരുവന്റെ ജീവിതനൈർമ്മല്യംകൊണ്ടുള്ള ബഹുമാനത്തെ മാത്രമേ സൽകീർത്തി സൂചിപ്പിക്കുന്നുള്ളു. ഇതിൽനിന്നു് ഒരുവൻ അന്യനെക്കാൾ ഉൽകൃഷ്ടനായിരിക്കണമെന്നില്ല. തന്മൂലം, പ്രസ്തുത ബഹുമാനം സ്പീകരിക്കയോ അതിന്റെ കീർത്തി ആഗ്രഹിക്കയോ ചെയ്യുന്നതു് എളിമയ്ക്കു് അനുചിതമല്ല. പരസ്നേഹം ആവശ്യപ്പെടാത്തപ്പോൾ ഒരു നല്ല പേരിനെ നിരാകരിക്കുന്നതിനു വിനയം നമ്മെ പ്രേരിപ്പിക്കുമെന്നതു പരമാർത്ഥംതന്നെ. സൽകീർത്തി മനുഷ്യസമുദായത്തിന്റെ സുസ്ഥിതിക്കു് ആവശ്യകമായ ഒരാണിക്കല്ലാണു്. അതിന്റെ അഭാവം നമ്മെ ഉപയോഗശൂന്യരും പൊതുനന്മയ്ക്കു വിഘ്നം വരുത്തുന്നവരുമാക്കിത്തീർത്തേക്കാം. അതിനാൽ, സൽകീർത്തിയെ നിലനിറുത്തുന്നതിനു പരസ്നേഹം നമ്മെ നിർബന്ധിക്കുന്നു. എളിമ അതിനെ അനുവദിക്കയും ചെയ്യുന്നുണ്ടു്. ഒരു വൃക്ഷത്തിന്റെ വളർച്ചയ്ക്കും പിഞ്ചുകുഞ്ഞുങ്ങളുടെ പരിരക്ഷണത്തിനും അവ അനുപേക്ഷ

ണീയമാണ്. മാത്രമല്ല, നിഷിദ്ധമായി വളരുന്ന ഇലകളും വൃക്ഷത്തിന് ഒരലങ്കാരവുമാകുന്നു. ഇതുപോലെ, സൽകീർത്തി സ്വതവേ വലിയ വിലയില്ലാത്തതെങ്കിലും അതു പുണ്യങ്ങൾക്കു പൊതുവായും പരിപക്വമാകാത്ത സുകൃതങ്ങൾക്കു പ്രത്യേകിച്ചും, അഭയം നല്കി, ജീവിതത്തിന് ഒരലങ്കാരമായി ശോഭിക്കയും സ്വയം വിശിഷ്ടതരമായിത്തീരുകയും ചെയ്യുന്നു. ഇതിനും പുറമെ, മറുള്ളവരാൽ മതിക്കപ്പെടത്തക്കവിധം നാം ഗുണവാന്മാരായിത്തീരുന്നതിനുവേണ്ടി നമ്മിലുള്ള വിവിധചൈതന്യങ്ങളെ സൽകീർത്തി ശാന്തമായും ശക്തിമത്തായും ഉത്തേജിപ്പിക്കുകയും ചെയ്യുന്നതാണ്. അതിനാൽ, നമ്മുടെ പരമാന്ത്യമായ ദൈവത്തിനു പ്രിയംകരങ്ങളായ സദ്ഗുണങ്ങളെല്ലാം നമ്മിൽ പരിരക്ഷിക്കാം. പഴങ്ങൾ ഉപയോഗശൂന്യമാകാതിരിപ്പാൻവേണ്ടി പഞ്ചസാരച്ചേർത്തു നല്ല ഭരണികളിലാക്കി സൂക്ഷിക്കാറുണ്ടല്ലോ. അതുപോലെ, സുകൃതസംരക്ഷണത്തിനു ദൈവസ്നേഹമാണു സർവ്വപ്രധാനമായിട്ടുള്ളതെങ്കിലും സൽകീർത്തിയും ഫലപ്രദമായ ഒരുപകരണംതന്നെ.

സൽകീർത്തിയെ പാലിക്കുന്നതിനുവേണ്ടി അത്യൽകൃഷ്ട പ്രദർശിപ്പിക്കുന്നതു് അനാശാസ്യമാണ്. നിസ്സാരരോഗങ്ങളിൽപ്പോലും ചിലർ ചിന്താകുലരായി ഔഷധങ്ങളും മറ്റും ഉപയോഗിച്ചു് ആരോഗ്യസംരക്ഷണത്തിനു പ്രയത്നിക്കുയിൽ, കൂടുതൽ രോഗങ്ങൾക്കധീനരായി ഭവിക്കുന്നു. ഇപ്രകാരംതന്നെയാണു സൽകീർത്തിയെ പാലിക്കുന്നതിന് ആവശ്യത്തിലധികം നിഷ്കർഷ പ്രദർശിപ്പിക്കുന്നവരുടേയും അനുഭവം. ഇങ്ങനെയുള്ളവരുടെ സൽകീർത്തി അനായാസേന നഷ്ടീഭവിക്കുകയത്രേ ചെയ്യുന്നതു്. ഇവർ അസ്വസ്ഥചിത്തരും മർക്കടമുഷ്ടികളും കലഹപ്രിയരും ആയിത്തീരുകയും തല്പരാരാ ദുഷ്ടന്മാരുടെ അസൂയയെ ഉത്തേജിപ്പിക്കയും ചെയ്യുന്നതാണ്. ഇപ്രകാരമുള്ള നാശഫലങ്ങൾ ഉളവാകുന്നതി

നാൽ സൽകീർത്തിക്കായുള്ള അമിതശ്രദ്ധ്കാംക്ഷി സർവ്വത്ര പരിവർജ്ജ്യംതന്നെ.

സാധാരണമായി, അപവാദങ്ങളേയും ഉപവേങ്ങളേയും അവഗണിക്കയെന്നതാണ് അവയ്ക്ക് ഉത്തമമായ പ്രതിവിധി. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ നമ്മുടെ വിരോധഭാവങ്ങളും പ്രതികാരങ്ങളും വിനാശഹേതുക്കളായിരിക്കയേ ഉള്ളൂ. അപവാദങ്ങളിൽനിന്നു വിമുക്തനാകുന്നതിനുള്ള ഉൽക്കണ്ഠയോടുകൂടിയ നമ്മുടെ ശ്രമം അതേ അപവാദങ്ങൾക്കു നാം വാസ്തവത്തിൽ അർഹരാണെന്നു വിളിച്ചുപറയുകയല്ലയോ ചെയ്യുന്നത്? ചീങ്കണ്ണി സാധാരണ ഉപദ്രവിക്കുന്നതു് അതിനെ ഭയപ്പെടുന്നവരെയാണ്. ഇപ്രകാരം, ദുഷ്പ്രവാദങ്ങളിൽ അധികം പ്രതിപത്തിയുള്ളവർക്കാണ് അവമൂലം കൂടുതൽ ഉപദ്രവം നേരിടുന്നതു്. കീർത്തിനാശത്തിൽ പ്രകടിപ്പിക്കുന്ന അത്യധികമായ ഭയവിഹ്വലത ഒരുവന്റെ ജീവിതനൈർമ്മല്യത്തിന്റെ അഭാവത്തെ സൂചിപ്പിക്കുന്നു. ജീവിതനൈർമ്മല്യമാകുന്ന നിർദ്ദോഷമായ ജീവിതത്തിന്റേയും തൽഫലമായ സൽകീർത്തിയുടേയും സർവ്വപ്രധാനമായ അടിസ്ഥാനം. നദിയുടെ മുകരയിലെത്തുന്നതിനു് ഉറപ്പുള്ള പാലമുണ്ടെങ്കിൽ, സാധാരണമായ വെള്ളപ്പൊക്കമുണ്ടാകുമ്പോഴും പട്ടണവാസികൾ ഭയപ്പെടുന്നില്ല. പാലം ദുർബലമായ പല കൃഷ്ണങ്ങൾകൊണ്ടാണു പണി ചെയ്തിട്ടുള്ളതെങ്കിൽ, സാമാന്യമായ ജലപ്രവാഹംപോലും അതിനെ ഇളക്കിക്കൊണ്ടുപോയേക്കുമെന്ന ഭയം ജനങ്ങളെ അസ്വസ്ഥചിത്തരാക്കുന്നു. ഇതുപോലെ, ക്രിസ്തീയപുണ്യങ്ങളിൽ ദൃഢമായി അടിയുറച്ചിട്ടുള്ളവർ ദുഷ്ടന്മാരുടെ അപവാദംകൊണ്ടു ലേശവും കുലുങ്ങുകയില്ല. എന്നാൽ, സുകൃതാഭ്യാസം ആരംഭിക്കുകമാത്രം ചെയ്തിട്ടുള്ളവർ ദുഷ്പ്രവാദത്താൽ അനായാസേന അസ്വസ്ഥരായി നിത്യം ആകുലരാകുന്നു. ദുഷ്ടന്മാരിൽനിന്നു ബഹുമാനത്തെ ആഗ്രഹിക്കുന്നവർ ഈ ആഗ്രഹത്താൽ തങ്ങളുടെ

അഭിമാനത്തെ നശിപ്പിക്കുകയത്രേ ചെയ്യുന്നതു്.


സുകൃതം എവിടെയുണ്ടെന്നു് അറിയുവാനുള്ള ഉത്തമ ലക്ഷണമാകുന്നു സൽകീർത്തി. അതിനാൽ, പുണ്യത്തിനാണു കൂടുതൽ പ്രാധാന്യം നല്കേണ്ടതെന്നു സ്പഷ്ടമാണല്ലോ. ദുഷ്കൃത്യങ്ങൾ ചെയ്യുമ്പോൾ കപടസന്ന്യാസിയെന്നോ പരോപദ്രവത്തിൽ ക്ഷമ പ്രദർശിപ്പിക്കുമ്പോൾ ഭീരുവെന്നോ ആരെങ്കിലും നിന്നെ അധിക്ഷേപിക്കുന്നുവെങ്കിൽ, അതു ലേശവും ഗണ്യമാക്കേണ്ടതില്ല. എന്തുകൊണ്ടെന്നാൽ, ദോഷന്മാരുടെ മൂഢപ്രസ്താവങ്ങളാണു് അവ. ഈ ദുർഭാഷണത്താൽ ഒരുപക്ഷേ നിന്റെ നല്ല പേരു നശിച്ചേക്കുമെങ്കിലും സന്മാർഗ്ഗത്തിൽനിന്നു നീ ഒരിക്കലും വ്യതിചലിക്കരുതു്. മനോഹരങ്ങളായ പഴങ്ങളെക്കാൾ കൂടുതലായി ഇലകളെ നീ ഇഷ്ടപ്പെടുമെന്നോ? നിത്യസൗഭാഗ്യത്തെ അവഗണിച്ചു വ്യർത്ഥവും ക്ഷണഭംഗുരവുമായ യശ്ശസ്സിനെമാത്രം ലാക്കാക്കി പ്രവർത്തിക്കുന്നതു മൗഢ്യമല്ലയോ?

സൽകീർത്തി പാലിക്കുന്നതു വിഹിതമെങ്കിലും അതിന്റെ ആരാധകന്മാരായി ഭവിക്കുന്നതു വലിയ അബദ്ധമാണു്. സജ്ജനങ്ങളെ നീ ഒരിക്കലും സങ്കടപ്പെടുത്തരുതു്. ദുഷ്ടരെ സന്തോഷിപ്പിക്കുവാൻ യത്നിക്കുന്നതും വിഹിതമല്ല. പുരുഷന്മാർക്കു പൊടിമീശയും സ്ത്രീകൾക്കു തഴച്ച തലമുടിയും ഒരലങ്കാരമാണു്. ചുവടേ പിഴുതുകളയുന്നപക്ഷം ഇവ വീണ്ടും ഉണ്ടാകയില്ല. എന്നാൽ, മുറിച്ചുകളയുകമാത്രം ചെയ്താൽ അവ പൂർവ്വാധികം ശക്തിയോടേ തഴച്ചുവളരുന്നതുമാണു്. ദാവീദുദീർഘദർശി പ്രസ്താവിക്കുന്നതുപോലെ നിന്റെ സൽകീർത്തിയെ ദുഷ്ടരുടെ അപവാദമാകുന്ന ആയുധംകൊണ്ടു മുറിച്ചുകളയുമ്പോൾ നീ ഒട്ടുംനിരാശപ്പെടേണ്ടാ. അതു പൂർവ്വാധികം പരിപുഷ്ടമായി വളരുകതന്നെ ചെയ്യും. ദുഷ്കൃത്യങ്ങൾനിമിത്തമാണു സൽകീർത്തി നഷ്ടപ്പെട്ടുന്നതെങ്കിൽ അതു പാടേ നശിച്ചുപോകാതിരിക്കയില്ല. കാരണം, യശ്ശസ്സി

ന്റെ അടിസ്ഥാനം സൗശീല്യാദിസദ്ഗുണങ്ങൾ ആണെന്നതുതന്നെ. ഇവ നമ്മിൽ വികസിക്കുന്നതനുസരിച്ചു സൽകീർത്തിയും തഴച്ചുവളർന്നുകൊണ്ടിരിക്കും.

വ്യർത്ഥമായ സംഭാഷണങ്ങളും പ്രയോജനരഹിതമായ പ്രയത്നങ്ങളും, നിരർത്ഥകമായ സ്നേഹബന്ധങ്ങളും യജ്ഞസ്സിനെ മലിനപ്പെടുത്തുന്നു. തന്നിമിത്തം, ഇവയെല്ലാം പരിത്യാജ്യങ്ങളത്രേ. താളശമായ നിസ്സാരസംഗതികളെക്കാൾ കാമ്യതരമാണല്ലോ യഥാർത്ഥമായ യജ്ഞസ്സ്. വിവേകപൂർവ്വം ഭക്തിമാർഗ്ഗം തെരഞ്ഞെടുക്കുകയും സുസ്ഥിരമായി അതിൽ വ്യാപരിക്കുകയും ചെയ്യുന്നവരെ ചിലർ അവഹേളിക്കാറുണ്ട്. ചന്ദ്രനെക്കണ്ടു കുരയ്ക്കുന്ന പട്ടികളെപ്പോലെമാത്രം ഇവരെ ഗണിച്ചാൽ മതി. ഇവർ ചിലപ്പോൾ നമ്മുടെ സൽകീർത്തിക്കു ഭംഗം വരുത്തിയേക്കാം. എങ്കിലും, മുറിച്ചു കളഞ്ഞ തലമുടിപോലെ അതു പൂർവ്വോപരി തഴച്ചുവളരുന്നതാണ്. യഥാകാലം മുറിക്കപ്പെട്ട മുന്തിരിച്ചെടി കൂടുതൽ ശക്തിയോടെ വളരുന്നു. നിന്റെ സൽകീർത്തിക്കു ഭംഗമുണ്ടാകുമ്പോൾ, അവാച്യമായ അവമാനങ്ങൾ സഹിച്ചു കുരിശുമരണം കൈവരിച്ച യേശുനാഥന്റെ പക്കലേയ്ക്കു നീ തിരിഞ്ഞാലും! നിന്റെ സൽകീർത്തിയെ അദ്ദേഹം പാലിക്കാതിരിക്കയില്ല. അതു നഷ്ടപ്പെടുവാൻ ഒരുപക്ഷേ അനുവദിച്ചാൽത്തന്നെയും ലാഭത്തോടുകൂടി തിരിച്ചു തരുന്നതിനോ പാവനമായ വിനയത്തിൽ നമ്മെ സ്ഥിരപ്പെടുത്തുന്നതിനോ ആയിരിക്കും അദ്ദേഹം അപ്രകാരം ചെയ്യുന്നതു്. പരിശുദ്ധമായ ഈ എളിമയുടെ ഏറ്റവും താഴ്ന്ന പടിപോലും സകല ലോകബഹുമാനങ്ങളേയും അതിശയിക്കുന്നതാണ്. ആരെങ്കിലും അന്യായമായി നിന്നെ കുറ്റപ്പെടുത്തുന്നുവെന്നിരിക്കട്ടെ; അപ്പോൾ, ശാന്തമായി നീ സത്യം വെളിപ്പെടുത്തുക. എന്നാൽ, അവർ അതു തുടരുകയാണെങ്കിൽ കൂടുതൽ വിനയത്തോടെ നിന്റെ അഭിമാനത്തെ ദൈവതൃക്കരങ്ങളിൽ സമർപ്പിക്കുക. സൽകീ

ത്തിയെ സംരക്ഷിക്കുവാൻ ഏറ്റവും ഫലപ്രദമായ മാർഗ്ഗം ഇതാണു്. "അങ്ങേയ്ക്കുവേണ്ടി അവമാനങ്ങളും ഞാൻ സഹിച്ചു; ലജ്ജയാകുന്ന മൂടുപടംകൊണ്ടു് എന്റെ മുഖത്തെ മറയ്ക്കുകയും ചെയ്തു" എന്നു ദാവീദിനോടുകൂടി സങ്കീർത്തനം ചെയ്വാൻ വേണ്ടി വി. അപ്പസ്തോലന്റെ ഉപദേശത്തെ നമുക്കു സ്വീകരിക്കാം. അദ്ദേഹം പറയുന്നു: "സൽകീർത്തിയിലും അതുപോലെതന്നെ ദുഷ്കീർത്തിയിലും ദൈവത്തെ സ്നേഹിക്കണം." ഭയങ്കരങ്ങളും അതിനിന്ദ്യങ്ങളുമായ പാതകങ്ങളും ഒരുവനിൽ ആരോപിക്കപ്പെടുമ്പോൾ നിർദ്ദോഷിയെന്നു ന്യായമായി തെളിയിക്കാൻ സാധിക്കുമെങ്കിൽ അങ്ങനെ ചെയ്യാവുന്നതാണു്; നിശ്ശബ്ദമായി അതിനെ സഹിക്കണമെന്നില്ല. ക്രൂരതയെയും, മറുള്ളവർക്കു സന്മാർഗ്ഗികനഷ്ടം വരുത്തുന്നതിനും അവരുടെ സ്നേഹാദരങ്ങളും സ്വീകരിക്കുന്നതിനും കടപ്പെട്ടവർ തങ്ങളിൽ ആരോപിക്കപ്പെട്ടുന്ന തെറ്റായ കുറ്റങ്ങളെ നിഷേധിക്കേണ്ടതാണു്. ശാന്തമായിവേണം ഇതിനു പ്രതിവിധികൾ കണ്ടുപിടിക്കുവാൻ എന്നാണു വേദശാസ്ത്രജ്ഞന്മാരുടെ ഐകകണ്ഠ്യേനയുള്ള ഉപദേശം.



എട്ടാം അധ്യായം

ശാന്തതയും കോപത്തിന്റെ പ്രതിവിധികളും

ഒലിവെണ്ണയും ബാം എന്ന സുഗന്ധതൈലവും ചേർത്തുണ്ടാക്കുന്നതാണു സ്നേഹ്യലേപനത്തിനും പ്രതിഷ്ഠാകർമ്മങ്ങൾക്കുമായി അപ്പസ്തോലികകാലംമുതല്ക്കേ തിരുസ്സഭയിൽ ഉപയോഗിച്ചുവരുന്ന വിശുദ്ധതൈലം. ഇതു പല സംഗതികളേയും സൂചിപ്പിക്കുന്നുണ്ടു്. എങ്കിലും, അവയിൽ സർവ്വപ്രധാനമായതു ദിവ്യരക്ഷകനിൽ പ്രശോഭിച്ചിരുന്ന വിശിഷ്ട

വും വിശുദ്ധവുമായ രണ്ടു ഗുണങ്ങളാണ്. തന്നെ സവിശേഷം അനുഗമിക്കുന്നതിനും സേവിക്കുന്നതിനുംവേണ്ടി അനാഥൻ നമുക്കു നിർദ്ദേശിച്ചുതന്നിട്ടുള്ളതും ഈ പുണ്യങ്ങൾതന്നെ "എന്നിൽനിന്നു പഠിക്കുവിൻ; എന്തുകൊണ്ടെന്നാൽ, ഞാൻ ശാന്തനും വിനീതഹൃദയനുമാണ്" എന്നതത്രേ അവിടുന്ന് അരുൾചെയ്യുന്നതു്. എളിമ ദൈവസന്നിധിയിൽ നമ്മെ പരിപൂർണ്ണരാക്കുന്നു; ശാന്തത മനുഷ്യഷ്ടഷ്ടിയിലും. മറ്റു രോഗങ്ങളിൽ ഒഴിക്കുമ്പോൾ അടിയിലേയ്ക്കു താഴുന്ന ബാം എന്ന തൈലം എളിമയേയും, മുകളിൽ പതഞ്ഞുകിടക്കുന്ന ഒലിവെണ്ണ സൗമ്യതയേയും അനുകരിക്കുന്നു സൂചിപ്പിക്കുന്നതു്. എല്ലാപുണ്യങ്ങളേയും അതിശയിക്കുന്ന ഒന്നാണു സൗമ്യത. ഈ പുണ്യം ഉപവിയുടെ മകുടമായി പ്രശോഭിക്കുന്നു. സഹനത്തിനു പുറമെ സൗമ്യതയുണ്ടാകുമ്പോഴാണ് ഉപവി അതിന്റെ പൂർണ്ണാവസ്ഥയെ പ്രാപിക്കുന്നതെന്നു വിശുദ്ധ ഫ്രെർണ്ണാർഡ് പ്രസ്താവിക്കുന്നു. എളിമയും സൗമ്യതയുമാകുന്ന സുഗന്ധദ്രവ്യങ്ങൾ നിറച്ചിരിക്കുന്ന ഒരു മനോഹരപാത്രമായിരിക്കണം നമ്മുടെ ഹൃദയം. ചിലർ തങ്ങളുടെ ആന്തരികജീവിതത്തെ ഒരിക്കലും പരിശോധിക്കുന്നില്ല; അതിനെ അവർ പരിഗണിക്കുന്നുമില്ല. തങ്ങളുടെ വാക്കുകളും നോട്ടങ്ങളും ശാന്തമാണോ എന്നുമാത്രമേ അവർ സൂക്ഷിക്കുന്നുള്ളു. ബാഹ്യമാത്രമായ എളിമയിലും സൗമ്യതയിലും അവർ സംതൃപ്തരാവുകയും ചെയ്യുന്നു. ഇതു ഉഷ്ടാരുപിയുടെ ഒരു തന്ത്രംതന്നെ. വാസ്തവത്തിൽ അവർ വിനീതഹൃദയരോ ശാന്തസ്വഭാവികളോ അല്ല. കാപട്യത്താൽ മലിനീകൃതമല്ലാത്ത യാതൊരു സുകൃതവും അവരിൽ ഉണ്ടായിരിക്കയില്ല. അന്യരിൽനിന്നുള്ള അനിഷ്ടസംസാരമോ നിസ്സാരമായ ഉപദേശമോ അവരെ അതിമാത്രം ക്ഷോഭിപ്പിക്കുന്നു. അപ്പോഴാണ് അവരുടെ യഥാർത്ഥസ്വഭാവം നഗ്നമായി പ്രത്യക്ഷമാകുന്നതു്. അണലിപ്പാമ്പിന്റെ വിഷം ശരീരത്തിൽ വീഴുമുണ്ടാകുമല്ലോ. "വിശുദ്ധ പൗലോസിന്റെ ദാനം" എന്ന പേരിൽ അറിയ

പ്പെടുന്ന ഒരു തരം ഔഷധമുണ്ടല്ലോ. ഇതു നിർമ്മലമായതെങ്കിൽ പ്രസ്തുത വിഷത്തെ ഛനിക്കുമെന്നാണു പറയപ്പെടുന്നതു്. ഇതുപോലെ, അന്യരുടെ ദുഷ്പ്രവൃത്തികൾമൂലം നമ്മിലുണ്ടാകുന്ന ക്ഷോഭത്തെയും കുത്തിക്കാളുന്ന കോപാഗ്നിയേയും ശമിപ്പിക്കുന്നതു നിർമ്മലമായ എളിമയും ശാന്തതയുമാണു്. അപവാദമാകുന്ന് വിഷത്താൽ ഉപദ്രവിക്കപ്പെടുമ്പോൾ നാം കുപിതരാകുന്നെങ്കിൽ നമ്മുടെ സൗമ്യതയും എളിമയും, കപടവും കൃത്രിമവുമാണെന്നനുമിക്കാം.

വിശുദ്ധനും വിജ്ഞനുമായ പൗലൊസപ്പൊസ്തലൻ തന്റെ സഹോദരന്മാരെ എജീപ്തിൽനിന്നു പിതാവിന്റെ പക്കലേയ്ക്കു പറഞ്ഞയച്ചപ്പോൾ "നിങ്ങൾ മാർഗ്ഗമദ്ധ്യേ പരസ്പരം കലഹിക്കരുതു്" എന്നായിരുന്നു അവർക്കു നല്കിയ ഏക നിർദ്ദേശം. ക്ഷേത്രാത്മാവേ, ഇതുതന്നെയാണു് എനിക്കും നിന്നോടുപദേശിക്കുവാനുള്ളതു്. ദുഃഖസംപൂർണ്ണമായ ലോകജീവിതം, അസന്നവും സൗഭാഗ്യകരവുമായ സാക്ഷാൽ ജീവിതത്തിലേക്കുള്ള ഒരു മാർഗ്ഗംമാത്രമാണു്. പ്രസ്തുത പന്ഥാവിലൂടെയുള്ള സഞ്ചാരത്തിൽ നിന്റെ സഹോദരന്മാരോടു നിർമ്മമയോദയായി ഒരിക്കലും പ്രവർത്തിക്കരുതു്; പ്രത്യുത, സൗമ്യമായും സൗഹാർദ്ദമായും അവരൊന്നിച്ചു പുരോഗമനം ചെയ്താലും! നീ ഒരിക്കലും കോപിഷ്ടനാകരുതു്. ഇത്ര നാശകരമായ ഈ വികാരക്ഷോഭത്തിനു നിന്റെ ഹൃദയകവാടം തുറന്നുകൊടുക്കരുതെന്നു വളരെ നിഷ്കർഷത്തോടുകൂടി ഞാൻ നിന്നോടുപദേശിക്കുന്നു. "കോപം ദൈവത്തിന്റെ അനുഗ്രഹവർഷത്തെ തടയുന്നു" എന്നു വി. യാക്കോബു് പ്രസ്പഷ്ടം പ്രസ്താവിക്കുന്നുണ്ടു്. നമ്മുടെ രേണീയരുടെ ദുർഗ്ഗുണങ്ങളേയും തിന്മകളേയും ധീരതയോടും സ്ഥിരോത്സാഹത്തോടുംകൂടെ അമർത്തുകയും നിരോധിക്കയും ചെയ്യേണ്ടതാണു്. പക്ഷേ, ശാന്തമായും സൗമ്യമായും വേണം അതു നിർവഹിക്കുവാൻ. ഒരു കുഞ്ഞാടിന്റെ ദർശനംപോലെ, മരിച്ചുപായുന്ന ആനയെ അത്രപെട്ടെന്നു ശാന്തമാക്കുന്നതോ, രോമംപോലെ വെ

ടിയുണ്ടയുടെ ശക്തിയെ അത്രവേഗം നശിപ്പിക്കുന്നതോ അ
യി മറെറാന്നുമില്ല. സകാരണമെങ്കിലും, കോപത്തോടുകൂടി
യ ഒരു ശാസനയെക്കാൾ, ശാന്തവും വിവേകപൂർവകവുമായ
ഒരുപദേശമാകുന്ന ഫലപ്രദം. ബുദ്ധിമാൻ കാര്യകാ
രണങ്ങളെ വിവേചിച്ചറിയുന്നു. എന്നാൽ, ദുശ്ശാസനം വി
വേകത്തെ വികാരങ്ങൾക്കധീനമാക്കുകയത്രേ ചെയ്യുന്നത്.
വിവേകം വികാരക്ഷോഭത്താൽ അസ്വസ്ഥമാകുമ്പോൾ അ
തു നിന്ദ്യമായിത്തീരുന്നു. അപ്പോഴാകുന്ന വിവേകത്തിന്റെ
അഭിലഷണീയമായ ഭരണം അധഃപതിച്ചുപോകുന്നതു്. സ
മാധാനപ്രിയരായ അനുചരന്മാരോടുകൂടെ ഒരു രാജാവു ത
ന്റെ പ്രജകളെ സന്ദർശിക്കുമ്പോൾ, അതു് അവർക്കു ബഹു
മാനകരവും ആശ്വാസപ്രദവുമായിരിക്കുമല്ലോ. പ്രജകളുടെ
നന്മയ്ക്കുവേണ്ടിയാണെങ്കിൽത്തന്നെയും, ഒരു സൈന്യസമൂഹ
ത്തോടുകൂടിയാണു പ്രസ്തുത സന്ദർശനം നടത്തുന്നതെങ്കിൽ
അതു് എല്ലായ്പ്പോഴും അവർക്കുപദ്രവകരവും ആശങ്കാജനക
വുമായിരിക്കുകയേ ഉള്ളു. എന്തുകൊണ്ടെന്നാൽ, നിയമങ്ങൾ
എത്ര കർശനമായിരുന്നാലും സൈന്യം അവയെ ലംഘിച്ചു
ജനങ്ങളെ ഉപദ്രവിക്കാതിരിക്കുകയില്ല. ശാന്തതയോടും വി
വേകത്തോടുംകൂടെ കുറക്കാരെ ശാസിക്കുകയും ശിക്ഷിക്കുക
യും ചെയ്യുന്നതു് എല്ലാവരും ഇഷ്ടപ്പെടുന്നു. കോപത്തോടു
കൂടെയാണു് അപരാധികളെ ശിക്ഷിക്കുന്നതെങ്കിൽ സ്നേഹ
ത്തെക്കാൾ ഭയത്തെയാണു അതുളവാക്കുന്നതു്. മാത്ര
മല്ല, ശിക്ഷിക്കുന്നവർ ശിക്ഷയേല്ക്കുന്നവരുടെ വിദ്വേഷ
ത്തിനു പാത്രമാവുകയും ചെയ്യും. കോപാദിവികാരങ്ങളെ
ക്രൂരയോജ്ഞാക്കളെന്നത്രേ വി. അഗുസ്തീനോസ് വിളിച്ചിരു
ന്നതു്. "ഏററം നിസ്സാരമായ കോപംപോലും നമ്മിൽ ഉള
വാക്കരുതു്," എന്നാണു് ഈ വിശുദ്ധന്റെ ഉപദേശം. ഒരി
ക്കൽ അതിനു ഹൃദയത്തിൽ പ്രവേശനം നല്കിയാൽ, പിന്നീ
ടു് അതിനെ നിഷ്കാസനം ചെയ്യുക വളരെ വിഷമംതന്നെ.
വിശിഷ്യ, ഒരു ചെറിയ നാമ്പായിമാത്രം നമ്മിൽ പ്രവേശി

ക്കുന്ന കോപം അടുത്ത നിമിഷം ഒരു വലിയ തടിയായിത്തീരുന്നതാണ്. എന്തെങ്കിലും കാരണവശാൽ എപ്പോഴെങ്കിലും നാം കോപിക്കുന്നതിനിടയായാൽ, സൂര്യാസ്തമനത്തിനു മുൻപ് ആ കോപം നമ്മുടെ ഹൃദയത്തിൽനിന്നു ബഹിഷ്കരിക്കേണ്ടതാണ് എന്നു വി. അപ്പസ്തോലന്റെ ഉപദേശത്തിനു വിപരീതമായി, കോപം ഒരു രാത്രിയെങ്കിലും നമ്മിൽ കുടികൊള്ളുന്നപക്ഷം അതു് ഉഗ്രമായ വിദ്വേഷമായിപ്പകരാതിരിക്കയില്ല. ഇതിൽനിന്നു വിമുക്തരാകുവാൻ നാം അശക്തരായി ഭവിക്കയുംചെയ്യും. എന്തുകൊണ്ടെന്നാൽ, തന്റെ ക്രോധം ആദരണീയമല്ലെന്നു കോപിഷ്ടൻ ഒരിക്കലും ധരിക്കയില്ല. അതിനെ ന്യായവൽക്കരിക്കുന്നതിനുവേണ്ടി അനേകം കാപട്യങ്ങൾ പ്രയോഗിക്കുന്നതിനുപോലും അവൻ സന്നദ്ധനത്രേ. കോപാദിവികാരങ്ങളെ വിവേകപൂർവ്വം നിയന്ത്രണം ചെയ്വാൻ ചിലർ യത്നിക്കുന്നുണ്ട്. ഈ ദുർവികാരങ്ങളെ ക്രമപ്പെടുത്തുവാൻ ശ്രമിക്കുന്നതിനെക്കാൾ നല്ലതു് അവയെ പാടേ പരിത്യജിക്കുകതന്നെയല്ലയോ? ആരെങ്കിലും തന്റെ ദുർബലതനിമിത്തം കുപിതനാകുമ്പോൾ, തന്നിൽനിന്നു കോപത്തെ ഉടൻ ഉച്ചാടനംചെയ്യാതെ അതുമായി മൈത്രിക്കൊരുമ്പെടുന്നതും മഹാ മൗഢ്യമാണ്. തലയിട്ടുവാൻ സാധിക്കുന്ന പ്രാരത്തിൽ പാമ്പു് അതിന്റെ ഉടൽ മുഴുവൻ ഇഴച്ചു കയറുന്നതിനുസമം, പ്രഥമപ്രവേശനം മാത്രം ലഭിക്കുന്ന കോപം അതിന്റെ വിവിധഭോഗങ്ങളോടുകൂടെ മനുഷ്യനിൽ പ്രവേശിച്ചു വാസമുറപ്പിക്കുന്നു.

എങ്ങനെയാണു കോപത്തെ നിഷ്കാസനം ചെയ്യുക എന്ന ചോദ്യത്തിനു് ഇവിടെ അവകാശമുണ്ട്. പ്രിയ സുഹൃത്തേ, പ്രസ്തുത വികാരവിക്ഷോഭം നിന്നിലുണ്ടാകുന്ന ക്ഷണംതന്നെ, പരിഭ്രമമോ ദ്രുതഗതിയോ കൂടാതെ, നിന്നിലുള്ള ചൈതന്യവിശേഷങ്ങളെയെല്ലാം ഗൗരവപൂർവ്വവും ശാന്തമായും സംയോജിപ്പിക്കുക. പ്രഭുസഭകളിലും രാജ്യകാര്യാലോചനായോഗങ്ങളിലും നിശ്ശബ്ദത പാലിക്കുന്നതിനുള്ള

ഭാരപാലകന്മാരുടെ ശ്രമംതന്നെ കൂടുതൽ ബഹളത്തിനു കാരണമാകുന്നു. അതുപോലെ, നമ്മുടെ ഉഗ്രകോപത്തെ ശമിപ്പിക്കുവാൻവേണ്ടി കോപത്തോടെയാണു ശ്രമിക്കുന്നതെങ്കിൽ അതു ഹൃദയക്ഷോഭം വർദ്ധിപ്പിക്കുകയേ ഉള്ളൂ. ഹൃദയം അതിന്റെ സമനിലയിൽനിന്ന് ഒരിക്കൽ വ്യതിചലിച്ചാൽ, പിന്നീട് അതിനെ നിയന്ത്രിക്കുക അത്ര സുസാധ്യമല്ല.

അതിനാൽ, കോപമുണ്ടാകുമ്പോൾ ശാന്തമായ ആത്മനിയന്ത്രണം ചെയ്യുശേഷം വി. ആഗ്സ്തീനോസിന്റെ ഉപദേശത്തെ അനുഗമിക്കുക. അദ്ദേഹം യുവാവായ അവുക്സീലിയസ് മെത്രാനോട് ഇപ്രകാരം പറയുന്നു:— "ഒരു പുരുഷനെ യോജിച്ചവിധം അവിടുന്നു പ്രവർത്തിക്കുക; 'കോപാവേശമാൽ എന്റെ ആത്മാവു ക്ലേശിക്കുന്നു' എന്നു പറഞ്ഞ ദാവീദിന്റെ വിഷമത അങ്ങേയ്ക്ക് അനുഭവപ്പെടുമ്പോൾ, അങ്ങേ കരങ്ങൾ ആകാശത്തിലേക്കുയർത്തി, 'ഓ! ശാന്തഹൃദയനായ ഈശോയേ, എന്നോട് കരുണ കാണിക്കണമേ' എന്നു പേക്ഷിച്ചുകൊണ്ട് അദ്ദേഹത്തിൽ അഭയം തേടുക." ക്രോധാദി വികാരങ്ങൾനിമിത്തം നാം വിഷമിക്കുന്നെങ്കിൽ, ഉഗ്രമായ കൊടുങ്കാറ്റിലകപ്പെട്ട പരിഭ്രാന്തചിത്തരായ അപ്പസ്തോലന്മാരെ നമുക്കനുകരിക്കാം. അവർ ചെയ്തതുപോലെ നമ്മളും ആ കരുണാമൂർത്തിയിൽ ആശ്രയിക്കുന്നുവെങ്കിൽ നമ്മിലുള്ള ക്ഷോഭങ്ങളും ശമിക്കുന്നതിന് ആ നാഥൻ ആജ്ഞാപിക്കാതിരിക്കുകയില്ല. അത്യധികമായ ആത്മസമാധാനം അപ്പോൾ നമുക്കു കൈവരുകയും ചെയ്യും. എന്നാൽ, ഒരു കാര്യം പ്രത്യേകം ശ്രദ്ധേയമത്രേ. കോപത്തിൽനിന്നു വിമോചനം ലഭിക്കുന്നതിനു പ്രശാന്തമായും സൗമ്യമായും ആകുന്നതിനു നാം പ്രാർത്ഥിക്കേണ്ടതു്. ഈ ദുർഗുണത്തെ സംഹരിക്കുവാൻ പ്രയോഗിക്കുന്ന സകല പ്രതിവിധികളിലും ഈ നയംതന്നെ നാം അനുഷ്ഠിക്കണം. കോപാന്ധതയിൽ എന്തെങ്കിലും ദുഷ്കൃത്യം ചെയ്യുവെങ്കിൽ ഉത്തരക്ഷണത്തിൽ അതിനു പരി

ഹാരംചെയ്യ്, പ്രതിയോഗിയോട് ഐക്യപ്പെടുക; കള്ളം പറഞ്ഞുപോയെങ്കിൽ ഉടൻതന്നെ അതിനെ സമ്മതിച്ചു പറയുന്നതാണല്ലോ അതിന് ഏറ്റം പറ്റിയ പ്രതിവിധി. ഇതുപോലെ, നാം കോപിഷ്ഠരായി വല്ലതും പ്രവർത്തിച്ചാൽ കഴിയുന്നതും വേഗം അതിനു പരിഹാരം ചെയ്യുകയും അനന്തരകൃത്യങ്ങളും അതിശാന്തമായി നിർവ്വഹിക്കുകയുമാകുന്നു കോപത്തിന്റെ അത്യുത്തമമായ പ്രത്യൗഷധം. പുതിയ പുതിയ മുറിവുകളാണല്ലോ വേഗം സുഖപ്പെടുന്നതു്. നാം സമാധാനചിത്തരായിരിക്കുമ്പോൾ അതിനിസ്സാരങ്ങളും അതുപോലെ ഗൗരവാവഹങ്ങളുമായ കായ്യങ്ങളിൽ സൗമ്യമായി സംസാരിച്ചും ശാന്തമായി പ്രവർത്തിച്ചും പരിശീലിക്കേണ്ടതാണ്. വി. ഗ്രന്ഥത്തിൽ വർണ്ണിച്ചിരിക്കുന്ന ദിവ്യവധുവിന്റെ അധരങ്ങളിലും വക്ഷസ്ഥലത്തും മധു നിറഞ്ഞിരുന്നു. പ്രസ്തുത സ്ഥലങ്ങളിൽ തേൻ മാത്രമല്ല പാലും ഉണ്ടായിരുന്നുവത്രേ. ഇപ്രകാരം സംസാരത്തിൽ തേൻമൊഴികൾ ഉള്ളതുകൊണ്ടുമാത്രം നാം സംതൃപ്തരായിക്കൂടാ. നമ്മുടെ ഹൃദയവും സൗമ്യതയാകുന്ന തേൻ നിറഞ്ഞതായിരിക്കണം. അന്യനോടുള്ള അചാരോപചാരമാകുന്ന മധുകൊണ്ടുമാത്രം നാം തൃപ്തിപ്പെടരുതു്; ഉപവിയാകുന്ന പാൽ സജ്ജനങ്ങൾക്കായി നമ്മിൽനിന്നു സദാ ഒഴുകിക്കൊണ്ടിരിക്കണം. മറുള്ളവരുടെയിടയിൽ മാലാഖാമാരെപ്പോലെയും എന്നാൽ, സഹവാസത്തിൽ പൈശാചികമായും വർത്തിക്കുന്നവരോടു നാം തുല്യരാകരുതല്ലോ.

———o———

ഒമ്പതാം അധ്യായം

നമ്മോടുതന്നെ പ്രദർശിപ്പിക്കേണ്ട പ്രശാന്തത

നമ്മുടെ ന്യൂനതകളിൽ അസ്വസ്ഥചിത്തരാകാതിരിക്കുന്നതാകുന്നു നമ്മോടുതന്നെ ശാന്തമായി വർത്തിക്കുന്നതിനു നമ്മെ ശക്തരാക്കുന്ന പ്രധാനമാർഗ്ഗം. തെറ്റുചെയ്യുപോയാൽ

അനുതപിക്കുന്നതിനു വിവേകം നമ്മെ അനുശാസിക്കുന്നുണ്ട്. എന്നാൽ, അനിയന്ത്രിതമായ കോപത്തോടും നിസ്സീമമായ അസന്തുഷ്ടിയോടും കർക്കശമായ ഉദ്ഗ്രാഥത്തോടുംകൂടെ അപ്പോഠം വത്തിക്കുന്നതു് ഒട്ടും ആശാസ്യമല്ല. ചിലർ, ദ്വേഷിക്കപ്പെട്ടതിനാൽ ദ്വേഷിക്കയും ഉപദ്രവിക്കപ്പെട്ടതിനാൽ ഉപദ്രവിക്കുകയും അസ്വസ്ഥരാക്കപ്പെട്ടതിനാൽ അസ്വസ്ഥരാവുകയും ചെയ്യുന്നു. രണ്ടാമത്തേ കോപവികാരം ആദ്യത്തേതിനെ ഇല്ലാതാക്കുകയും ഇങ്ങനെ കോപത്തിൽനിന്നു പരിപൂർണ്ണമായി തങ്ങൾ വിമുക്തരാവുകയും ചെയ്യുമെന്നാണു് അവരുടെ അനുമാനം. വാസ്തവത്തിൽ ഇതു നവമായ വിഷമതകളിലേക്കു വഴിതെളിക്കുകയത്രേ ചെയ്യുന്നതു്. സ്വാർത്ഥസ്നേഹമാണു നീരസത്തിനേറയും കോപത്തിനേറയും ഉത്ഭവസ്ഥാനം. അഹങ്കാരത്തേയും ഇവ ഉദ്ദീപിപ്പിക്കുന്നു. നാം കേവലം അപൂർണ്ണരെന്നു കാണുമ്പോഴാണു സ്വാർത്ഥസ്നേഹം അസന്തുഷ്ടമായിത്തീരുന്നതു്. നമ്മുടെ ദുഷ്ടതകളിൽ നാം അതൃപ്തി പ്രദർശിപ്പിക്കണം. പക്ഷേ, വികാരക്ഷോഭത്തെ നമ്മിൽ ഉളവാക്കുന്നതുകൊണ്ടു് എന്തു പ്രയോജനം? തിടുക്കത്തോടും ധാർഷ്ട്യത്തോടുംകൂടെ എന്നതിനെക്കാൾ സമചിത്തതയോടും അലോചനയോടുംകൂടെ നല്കുന്ന ശിക്ഷയത്രേ കൂടുതൽ ഗുണകരമെന്നു ഞാൻ പ്രസ്താവിച്ചിട്ടുണ്ടല്ലോ. കുപിതനായ ഒരു വിധികർത്താവു കൊടുക്കുന്ന ശിക്ഷ, കുറഞ്ഞതെയല്ല പിന്നെയോ അയാളുടെ വികാരക്ഷോഭത്തെയാണു പലപ്പോഴും അശ്രയിച്ചിരിക്കുന്നതു്. ഇതുപോലെ, ഉഗ്രവും പരുഷവുമായതിനെക്കാൾ, സമാധാനപരവും ദൃഢവുമായ അനുതാപമാകുന്നു കൂടുതൽ ഫലപ്രദമായി നമ്മുടെ തെറ്റുകളെ തിരുത്തുന്നതു്. കാരണം, ഉഗ്രമായ മനസ്താപം നമ്മുടെ വികാരക്ഷോഭത്തേയും അനുതാപം നമ്മുടെ കുറങ്ങളുടെ ഉച്ചനീചത്വ

ത്തെയുമാണ മാനഭംഗമാക്കുന്നത് എന്നതുതന്നെ. ഉദാഹരണമായി, ചാരിത്രശുദ്ധിയെ സവിശേഷം അന്വേഷിക്കുന്ന ഒരാൾ അതിനു വിരുദ്ധമായ നിസ്സാരകാര്യങ്ങളിൽപ്പോലും തന്റെ ആത്മാവിനെ അതികഠിനമായി ശാസിക്കുന്നു. പക്ഷേ, അന്യനെ അവമാനിക്കുന്നതിൽ അയാൾക്കു തെല്ലും ശങ്കയില്ല. മാത്രമല്ല, അതിൽ അവൻ സന്തോഷം പ്രദർശിപ്പിക്കുകൂടി ചെയ്യുന്നു. പരദൂഷണം യഥാർത്ഥമായി വെറുക്കുന്ന ഒരുവനാകട്ടെ, അന്യനെപ്പറ്റി പിറുപിറുക്കുകപോലും ചെയ്യുമ്പോൾ ഉഗ്രവ്യഥയ്ക്കധീനനാകുന്നു. എന്നാൽ, ശുദ്ധതയ്ക്കു വിരുദ്ധമായി എത്ര വലിയ പാപം ചെയ്യുന്നതിനും അവനു യാതൊരു സങ്കോചവുമില്ല. ഇപ്രകാരമുള്ള സ്വഭാവവ്യത്യാസം എല്ലാവരിലും കണ്ടുവരാറുള്ള ഒന്നാണ്. വിവേകത്തിനു പകരം വികാരങ്ങൾകൊണ്ട് അന്തഃകരണത്തെ നയിക്കുന്നതിന്റെ ഫലങ്ങളാണ് ഇവയെല്ലാം.

ക്ഷോത്മാവേ, സന്താനങ്ങളുടെ മനസ്സിനെ യഥാർത്ഥത്തിൽ ഇളക്കുന്നതിനു പര്യാപ്തമായ ഒന്നാത്രേ പിതാവിന്റെ ശാന്തവും വാത്സല്യപൂർവകവുമായ ശാസനം. നിർദ്ദയവും പരുഷവുമായ ഒരു ശാസനമാകട്ടെ, വിപരീതഫലമായിരിക്കും ഉളവാക്കുന്നത്. ഇതുപോലെ, നാം ഏതെങ്കിലും തെറ്റിലകപ്പെട്ടുമ്പോൾ ശാന്തമായി നമ്മെത്തന്നെ കുറ്റപ്പെടുത്തുന്നതു എത്ര ആശാസ്യം. ക്രൂദ്ധനായി അന്തരംഗത്തെ ശാസിക്കുന്നതിനു പകരം മനസ്സാക്ഷിയോടു സഹതപിക്കുകയും അതിനെ പ്രോത്സാഹിപ്പിക്കുകയുമാണ ചെയ്യേണ്ടതു. അപ്പോൾ നമ്മുടെ ഹൃദയത്തിൽനിന്നു നിഗ്ഗമിക്കുന്ന അനുതാപം അഗാധവും ആത്മാർത്ഥവുമായിത്തീരാതിരിക്കുകയില്ല. ക്രൂദ്ധനെയും, അതു ഹൃദയത്തിൽ ദൃഢമായി വേരുറപ്പിക്കുകയും ചെയ്യും. ഉദാഹരണമായി, നിഗളത്തിനു വശഗനാകുകയില്ലെന്നു ദൃഢപ്രതിജ്ഞ ചെയ്തിട്ടും, അതിനുള്ള പ്രലോഭനത്തിൽ ഉൾപ്പെട്ടുപോകുകിൽ താഴെ വരുന്ന വിധമല്ലയോ നാം ആത്മശാ

സനം ചെയ്യാറുള്ളത്? "ദുർഭഗയും ഭയങ്കരയുമായ ആത്മാവേ, മായാമോഹത്തിനു കീഴ്പ്പെട്ടുകയില്ല എന്ന ദൃഢനിശ്ചയത്തിനു ശേഷവും, നീ ഇത്ര വേഗം അതിനാൽ വഞ്ചിതയായല്ലോ. ഹാ! ലജ്ജ നിന്നെ നിർജ്ജീവയാക്കട്ടെ! ദൈവദ്രോഹിയായ ദുഷ്ടേ, അഹങ്കാരംനിറഞ്ഞ നിന്റെ നയനങ്ങളെ സത്യത്തിലേക്കയയ്ക്കുന്നതിനു് ഇനിയും നീ തുനിയുമോ? നീ അന്ധയും വിശ്വാസവഞ്ചകയും വിപ്ലവകാരിണിയും തന്നെ; സംശയമില്ല." ഇങ്ങനെയുള്ള ശാസനം വിഹിതമല്ല. "എന്റെ പാവപ്പെട്ട ആത്മാവേ, ദയനീയമാംവിധം നീ വീണ്ടും അധഃപതിച്ചുപോയല്ലോ. 'മേലിൽ ഈ പാപത്തിൽ വീഴുകയില്ലെ'ന്നു് എത്രപ്രാവശ്യം നീ പ്രതിജ്ഞചെയ്തിട്ടുണ്ടു്. എന്നിരുന്നാലും, നീ നിരാശപ്പെടേണ്ട; ഈ നികൃഷ്ടാവസ്ഥയിൽനിന്നു് ഉടൻ എഴുന്നേല്ക്കുകതന്നെ. ഇനി ഒരിക്കലും ഇതിൽ വീഴുകയില്ലെന്നു് അവസാനമായി ഒരു നിശ്ചയംകൂടെ ചെയ്യുകൊള്ളുക. ദയാമൂർത്തിയായ ദൈവത്തിൽ ആശ്രയിച്ചു് അത്ഭുതയോടെ സഹായമപേക്ഷിച്ചാലും! സുസ്ഥിരമായി നിലനില്ക്കുന്നതിനു് അവിടുന്നു നിന്നെ സഹായിക്കാതിരിക്കയില്ല. എളിമയുടെ അഭ്യാസം വീണ്ടും ആരംഭിക്കുക. നിരാശ നിന്നെ വഞ്ചിക്കാതിരിക്കട്ടെ! ഈ നിമിഷംമുതൽ പ്രത്യേകവിധം ശ്രദ്ധാലുവായിരിക്കുക. ദൈവം നിന്നെ സഹായിക്കുകയും നിന്റെ ജീവിതത്തെ നിയന്ത്രിക്കുകയും ചെയ്യും." ഈ ദുരമായ ഒരു സൗമ്യശാസനം നിന്റെ പ്രതിജ്ഞയെ പാലിക്കുന്നതിനു കൂടുതൽ ഉപകരിക്കുന്നതാണു്. നിന്റെ ആത്മഗുരുവിന്റെ ഉപദേശങ്ങളും മറ്റു പ്രതിവിധികളും പ്രയോഗിച്ചുകൊണ്ടു പ്രസ്തുത തിന്മയെ നിന്നിൽനിന്നു നിഷ്കാസനം ചെയ്യാൻ ശ്രമിക്കുകയും വേണം.

ശാന്തമായ ശാസനം നിന്റെ ഹൃദയത്തെ സ്പർശിക്കുന്നില്ലെന്നു കണ്ടാൽ, അതിനെ അഗാധമായ അനുതാപത്തിലേയ്ക്കാനയിക്കുന്നതിനു പര്യാപ്തമായ കോപത്തോടേ പരുഷ

വും ഉഗ്രവുമായ ഒരു ശാസനാരീതി നീ സ്വീകരിക്കുന്നതു നല്ലതാണു്. ശാസനത്തിനുശേഷം കോപാദി വിഷമതകളെ അവസാനിപ്പിക്കുകയും ദൈവകാരുണ്യമധുവിന്റെ മാധുര്യത്തെ ശാന്തമായി ആസ്വദിക്കുകയും ചെയ്യണം. അനന്തരം, അനുപമമായ ആകുലതയിൽ ആണ്ടിരുന്ന തന്റെ ആത്മാവിനെ സഹതാപമസൃണമായ ആശ്വാസ്യവചനങ്ങളാൽ ആശ്വസിപ്പിച്ച ആ അനുതാപിയെ അനുകരിച്ചുകൊണ്ടു നീയും ഇപ്രകാരം കീർത്തിക്കുക: "ഓ! എന്റെ ആത്മാവേ, നീ എന്തിനു വിലപിക്കുന്നു? എന്തിനു് എന്നെ അസ്വസ്ഥനാക്കുന്നു? ദൈവത്തിൽ ആശ്വസിച്ചാലും! എന്റെ രക്ഷകനായ ദൈവത്തെ ഇനിയും ഞാൻ സ്തുതിക്കും."

അനന്തരം, അധ:പതിച്ച നിന്റെ ഹൃദയത്തെ പ്രശാന്തമായി ഉദ്ധരിക്കണം. നിന്റെ ദുർബ്ബല്യത്തെ സമ്മതിച്ചുകൊണ്ടു ദൈവസന്നിധിയിൽ ഏറ്റവും വിനീതനാവുക. നിന്റെ അധ:പതനത്തിൽ ഒട്ടും ആശ്ചര്യപ്പെടേണ്ടതില്ല. എന്തുകൊണ്ടെന്നാൽ, ദുർബ്ബല്യം ബലഹീനവും, അശക്തി ശക്തിരഹിതവും ആണെന്നു ഗ്രഹിക്കുമ്പോൾ അതു് ഒരുവനെ വിസ്മയരഹിതനാക്കുകയില്ലല്ലോ. എന്നിരുന്നാലും, ദൈവദൃഷ്ടിയിൽ നിന്നെ കുറക്കാരനാക്കുന്ന പാപത്തെ സർവ്വാത്മനാ പരിത്യജിക്കണം. ഒടുവിൽ, ദൈവത്തിന്റെ അനുഗ്രഹങ്ങളിൽ നിഷ്കളങ്കമായ വിശ്വാസത്തോടേ, ഉപേക്ഷിച്ച പുണ്യപഥത്തിലേയ്ക്കു ധൈര്യസമേതം വീണ്ടും പ്രവേശിക്കുക.

പത്താം അധ്യായം

ഉൽകണ്ഠയോ ആകുലതയോ ക്ലേശമോ കൂടാതെ നമ്മുടെ കർത്തവ്യങ്ങൾ ശ്രദ്ധാപൂർവ്വം നിർവ്വഹിക്കണം

ഉൽകണ്ഠയിൽനിന്നും ആകുലതയിൽനിന്നും വിടുതൽ

മാകുന്ന നമ്മുടെ വ്യാപാരങ്ങളിൽ അവശ്യം ഉണ്ടായിരിക്കേണ്ട ശ്രദ്ധയും ഉത്സാഹവും. മനുഷ്യരക്ഷയുടെ കാര്യത്തിൽ ജാഗരൂകതയുള്ളവരത്രേ ദൈവദൂതന്മാർ. അവർ മനുഷ്യർക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ, തങ്ങളുടെ പ്രാർത്ഥനാവിഷയത്തെക്കുറിച്ച് അവക്ക് ഉൽകണ്ഠയോ ഉൽകടമായ അഭിനിവേശമോ ഉണ്ടാകുന്നില്ല. എന്തുകൊണ്ടെന്നാൽ, ജാഗരൂകത പരസ്നേഹത്തിന്റെ ഒരംശമാണ്. ഉൽകണ്ഠാപൂർവ്വകമായ മനഃസ്ഥിതിയാകട്ടെ, മാലാഖാമാരുടെ സൗഭാഗ്യത്തിനു വിഘാതം വരുത്തുന്നു. ജാഗരൂകത പ്രശാന്തതയും മനഃസമാധാനത്തിനും വിരുദ്ധമല്ലെങ്കിലും അതു് അമിതമാകുമ്പോൾ ഉൽകണ്ഠയും മനഃക്ഷോഭവും ഉളവാകുന്നതാണ്.

നിന്റെ വിവിധകർത്തവ്യങ്ങളെ, അവയ്ക്കു യോജിച്ച സൂക്ഷ്മത്തോടും ശ്രദ്ധ്കാന്തിയോടുംകൂടെ വേണം നിർവ്വഹിക്കുവാൻ. അവയെ നിനക്കായി നിശ്ചയിച്ചുതന്ന ദൈവത്തിന്റെ അഭീഷ്ടവും ഇതുതന്നെയാകുന്നു. പക്ഷേ, നിന്റെ കടമകൾ നിറവേറുമ്പോൾ അമിതശ്രദ്ധ്കാന്തിയോ മനഃക്ഷോഭമോ പ്രദർശിപ്പിക്കരുതു്. ഇവ മിക്കപ്പോഴും വിവേകത്തിനു വിരുദ്ധമാണ് എന്നതുതന്നെ കാരണം. നിന്റെ കർത്തവ്യങ്ങൾ വേണ്ടവിധം ചെയ്തീർക്കുന്നതിനു് അവ പ്രതിബന്ധമായിത്തീരാനും ഇടയുണ്ട്. ഈശോ ഒരിക്കൽ മർത്തായെ കുറ്റപ്പെടുത്തി ഇപ്രകാരം അരുൾചെയ്തു: "മർത്താ, മർത്താ, നീ വിവിധകൃത്യങ്ങളിൽ ഉൽകണ്ഠാപൂർവം വ്യാപൃതയായിരിക്കുന്നു." അതിയായ ശ്രദ്ധയോടും അമിതമായ ജാഗരൂകതയോടുംകൂടെ ജോലിചെയ്യുകനിമിത്തം അവർ സമാധാനരഹിതയായിത്തീർന്നു. തൽഫലമായി ആ കരുണാനിധിയുടെ ശാസനത്തിനു് അവർ പാത്രവുമായി. സമുദ്രമിയിൽക്കൂടെ ശാന്തമായി ഒഴുകിക്കൊണ്ടിരിക്കുന്ന നദികളാണല്ലോ കപ്പുവടക്കാർക്കും മറ്റും കൂടുതൽ സഞ്ചാരസൗകര്യം നല്കുന്നതു്. കരകവിഞ്ഞു കുത്തിപ്പായുന്ന നദീജലമാകട്ടെ, തീരപ്രദേശങ്ങളി

ലേ വൃക്ഷലതാദികളെയെല്ലാം വേരോടേ പിഴുതുകളയുകമാത്രമേ ചെയ്യുന്നുള്ളൂ. മിതമായിപ്പെയ്യുന്ന മഴ, മണ്ണിനു ഗുണം ചെയ്യുന്നു. വലിയ വർഷം, ധാന്യങ്ങളും വളരുന്ന വയലുകളേയും മനോഹരങ്ങളായ പുൽത്തകിടികളേയും വിനാശമാക്കുകയത്രേ ചെയ്യുന്നതു്. ഇതുപോലെ, വളരെ ത്വരിതമായി അത്യുൽകണ്ഠയോടേ ചെയ്യുന്ന പ്രവൃത്തികളും ഭംഗിയായോ തൃപ്തികരമായോ നിവ്വഹിക്കുവാൻ സാധിക്കുന്നതല്ല. "അതിവേഗം നടക്കുന്നവർ കാലുതെറ്റി നിലംപതിക്കും" എന്നല്ലയോ ബുദ്ധിമാനായ ശ്ലോമോൻ പ്രസ്താവിക്കുന്നതു്. നാം നന്നായിച്ചെയ്യുന്ന കാര്യങ്ങളും ആവശ്യമുള്ള വേഗതയോടേ തന്നെയാണു നിവ്വഹിക്കപ്പെടുന്നതു്. അൺതേനീച്ചകളും വലിയ ശബ്ദത്തോടേ മുരളുകയും അതിശീഘ്രം പറന്നു സഞ്ചരിക്കയും ചെയ്യുന്നു. എന്നാൽ, അവ തേൻ ശേഖരിക്കുന്നില്ല. ഇപ്രകാരം ജാഗരൂകതയുടെ ക്ഷോഭം ഉളവാക്കുകയും ഉൽകണ്ഠയുടെ സ്വരം കേൾപ്പിക്കുകയും ചെയ്യുന്നവക്കു കാര്യക്ഷമമായി എന്തെങ്കിലും പ്രവർത്തിക്കുന്നതിനോ പ്രവർത്തിക്കുന്നവരെന്നു ഭംഗിയായി നിവ്വഹിക്കുന്നതിനോ സാധിക്കയില്ല.

കടന്നലിന്റെ ശക്തിയല്ല പ്രത്യുത അവയുടെ ബാഹുല്യമാകുന്നു നമ്മെ വിഷമിപ്പിക്കുന്നതു്. അതുപോലെ, എണ്ണത്തിൽ വളരെ കുറച്ചുമാത്രമുള്ള ഗൗരവാവഹങ്ങളായ കാര്യങ്ങളെക്കാൾ അസംഖ്യങ്ങളായ നിസ്സാര സംഗതികളും നമ്മെ അസ്വസ്ഥരാക്കുന്നു. അതുകൊണ്ടു്, നിന്റെ കർത്തവ്യങ്ങളും, അവ എത്രതന്നെ ലഘുവായിരുന്നാലും, പ്രശാന്തതയോടും നിഷ്കർഷത്തോടുംകൂടെ ചെയ്തീർക്കുക. തക്കസമയത്തു ചെയ്തീർക്കാതെ അവസാനം എല്ലാംകൂടെ മിശ്രമായും ക്രമരഹിതമായും ചെയ്യുന്നതിനുദ്യമിക്കുകമൂലം ജോലിയുടെ ദുർവ്വഹമായ ഭാരത്താൽ നീ പെട്ടെന്നു ശക്തി ക്ഷയിച്ചു തളർന്നുപോവുകയല്ലയോ ചെയ്യുന്നതു്? യാതൊന്നും ഫ

ലപ്രദമായി നിർവ്വഹിക്കാൻ പ്രാപ്തനാകാതെ നിരാശാഗർത്തത്തിൽ നീ നിപതിക്കുകയും ചെയ്യും.

അതിനാൽ, ദൈവത്തിന്റെ അനന്തശക്തിയെ ശരണംഗമിച്ചുകൊണ്ട് എല്ലാക്കാര്യങ്ങളും ആരംഭിക്കുക. സർവ്വശക്തന്റെ സഹായാനുഗ്രഹങ്ങളുംകൂടാതെ യാതൊന്നും വിജയിക്കുന്നതല്ല. എന്നിരുന്നാലും, ആ മഹാശക്തിയോടു സഹകരിച്ചുകൊണ്ട്, പ്രാപ്തിക്കനുസൃതമായി നീ പ്രയത്നിക്കേണ്ടതാണ്. ഇങ്ങനെ ദൈവപരിപാലനത്തിൽ അചഞ്ചലവിശ്വാസത്തോടേ നിന്റെ കടമകൾ നിർവഹിക്കുന്നപക്ഷം, നിനക്കു സംഭവിക്കുന്നവ നിന്ദ്യമായി ലോകദൃഷ്ടിക്കു പ്രത്യക്ഷമായാലും അവ വാസ്തവത്തിൽ ശ്രേയസ്കരങ്ങളായിട്ടേ പരിണമിക്കൂ.

തന്റെ പിഞ്ചുകരങ്ങളിൽ ഒന്നുകൊണ്ടു സപിതാവിന്റെ കൈയിന്മേൽ പിടിച്ചും മറേറതുകൊണ്ടു വഴിയരികിലുള്ള കായ്കനികൾ ശേഖരിച്ചും സോല്ലാസം നടക്കുന്ന ചെറുപൈതലിനെ നീ അനുകരിച്ചാലും! പ്രപഞ്ചത്തിലേ നല്ല സാധനങ്ങളെ ശേഖരിക്കുകയും അവയെ വേണ്ടവിധം വിനിയോഗിക്കുകയും ചെയ്യുന്നതിനായി നിന്റെ ഒരു കൈ ഉപയോഗിക്കുന്നതിൽ വിരോധമില്ല. എന്നാൽ, മറേറക്കൈകൊണ്ടു സപ്രസ്ഥനായ പിതാവിന്റെ ദിവ്യകരത്തെ മുറുകെപ്പിടിച്ചുശേഷം, നിന്റെ ലീലകൾ അദ്ദേഹത്തിന്റെ പിതൃഹൃദയത്തിന് ആനന്ദപ്രദങ്ങളോ എന്നറിയുന്നതിന് സ്നേഹമസൃണമായ ആ തിരുമുഖത്തേയ്ക്ക് അപ്പഴപ്പോൾ തിരിഞ്ഞുനോക്കിക്കൊണ്ടു വേണം നിന്റെ ജീവിതയാത്രയെ നിർവഹിക്കുവാൻ. നേരേമറിച്ച്, രണ്ടു കരങ്ങളും ഉപയോഗിക്കുന്നപക്ഷം കൂടുതൽ വസ്തുക്കൾ സമ്പാദിക്കുവാൻ കഴിയുമെന്നു വ്യാമോഹിച്ച്, ദൈവത്തിൽനിന്നു നിന്റെ കൈ പിൻവലിക്കുന്നതു മൗഢ്യമായിരിക്കും. എന്തുകൊണ്ടെന്നാൽ, ആ വത്സലപിതാവു നിന്നെ സ്നേഹത്തോടേ പിടിച്ചുകൊണ്ടു

നടക്കുന്നില്ലെങ്കിൽ ഉരുണ്ടുവീഴാനല്ലാതെ ഒരടിപോലും മു
ന്നോട്ടുവയ്ക്കുന്നതിനു നിനക്കു സാധിക്കുന്നതല്ല. പ്രിയ സുഹൃ
ത്തേ, ചിന്താദിശക്തികൾ അധികം അവശ്യമില്ലാത്ത അ
പ്രധാനകാര്യങ്ങളിൽ നീ നിരതനായിരിക്കുമ്പോൾ ആ ജോ
ലികളെക്കുറിച്ചുചിന്തിക്കുന്നതിനെക്കാൾ ദൈവത്തെക്കുറിച്ചു നീ
ധ്യാനിക്കണം എന്നതാണു മേൽപ്രസ്താവിച്ചതിൽനിന്നു
ഞാൻ വിവക്ഷിക്കുന്നതു്. യഥായോഗ്യം നിർവഹിക്കു
വാൻ നിന്റെ പരിപൂർണ്ണശ്രദ്ധ അനപേക്ഷണീയമായ
വൻകാര്യങ്ങളിൽ നീ വ്യാപൃതനായിരിക്കുമ്പോൾ നിന്റെ
നയനങ്ങളെ ദൈവസന്നിധിയിലേയ്ക്കു പലപ്പോഴും ഉയർത്ത
ണം. സ്വദേശത്തേയ്ക്കു മടങ്ങുന്ന കപ്പൽക്കാർ തങ്ങളുടെ കു
ണ്ണകളെ മിക്കപ്പോഴും തിരിക്കുന്നതു സമുദ്രത്തിലേ തിരമാല
കളിലേയ്ക്കല്ല, പ്രത്യുത, ആകാശവീഥിയിലേയ്ക്കാണു്. ദൈവം
സദാ നിന്നോടുകൂടെയും നിന്നിലും നിനക്കുവേണ്ടിയും വർ
ത്തിക്കട്ടെ; അപ്പോൾ നിന്റെ പ്രയത്നങ്ങളെല്ലാം ആശ്വാസ
ദായകങ്ങളും ഫലപ്രദങ്ങളുമാകാതിരിക്കയില്ല.



പതിനൊന്നാം അധ്യായം

അനുസരണം

ഉപവി നമ്മെ പരിപൂർണ്ണരാക്കുന്നു. പരിപൂർണ്ണാവസ്ഥ
യിലെത്തുന്നതിനുള്ള മൂന്നു മാർഗ്ഗങ്ങളാണു് അനുസരണം, ചാ
രിത്രശുദ്ധി, ദാരിദ്ര്യം എന്നിവ. അനുസരണം നമ്മുടെ ഹൃദയ
ത്തേയും, ശുദ്ധത നമ്മുടെ ശരീരത്തേയും, ദാരിദ്ര്യം നമ്മുടെ
ഭൗതികസമ്പാദ്യങ്ങളേയും ദൈവസ്നേഹത്തിനും ദൈവസേ
വനത്തിനുമായി സമർപ്പണം ചെയ്യുന്നു. വിനയമാകുന്ന അ
ടിസ്ഥാനത്തിൽ പണികഴിച്ചിരിക്കുന്ന ആധ്യാത്മികമായ
കുരിശിന്റെ മൂന്നു ശാഖകളാകുന്നു മേൽപ്രസ്താവിച്ച പുണ്യ

ങ്ങളും മുന്നും. ഇവയുടെ അഭ്യാസത്തിനായി, തിരുസ്സഭയുടെ ക്രമപ്രകാരമുള്ള പ്രത്യേക വ്രതത്താൽ അവയെ സ്വീകരിക്കുന്നതിനെപ്പറ്റിയോ, സാധാരണപ്രതിജ്ഞമാത്രം ചെയ്ത് അവയെ പരിശീലിക്കുന്നതിനെക്കുറിച്ചോ ഒന്നുംതന്നെ പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ, ആദ്യത്തേതു സന്ന്യാസസഭയെമാത്രം സംബന്ധിക്കുന്നതാണ്. വ്രതങ്ങളും ദൈവാനുഗ്രഹവും യോഗ്യതയും ധാരാളമായി കൈവരുത്തുകയും, തല്പാരാ സുകൃതാഭ്യാസം സുകരമാക്കുകയും മഹത്വപ്പെട്ടുത്തുകയും ചെയ്യുന്നു. എങ്കിലും, ഈ പുണ്യങ്ങളും അഭ്യസിച്ചു പരിപൂർണ്ണരാകുന്നതിനു വ്രതംചെയ്ത് അവയെ അനുഷ്ഠിക്കണമെന്നില്ല. കാരണം, ഉദ്വാപ്രതിജ്ഞ ചെയ്ത് അഭ്യസിക്കുന്ന പുണ്യങ്ങളും ഒരുവനെ പരിപൂർണ്ണാവസ്ഥയിൽ എത്തിക്കുമെങ്കിലും അവൻ പരിപൂർണ്ണനാകുന്നതിനു പ്രസ്തുത പുണ്യങ്ങളെ വ്രതംകൂടാതെ അനുഷ്ഠിച്ചാലും വേണ്ടുവോളം മതിയാവുന്നതാണ് എന്നതുതന്നെ. 'പൂർണ്ണമായ അവസ്ഥ'യും 'പൂർണ്ണത'യും തമ്മിൽ വിപുലമായ ഒരന്തരമുണ്ട്. സകല വൈദികാഭ്യുക്ഷന്മാരും സന്ന്യാസിനീസന്ന്യാസിമാരും പരിപൂർണ്ണാവസ്ഥയിലുള്ളവരാണ്. എന്നാൽ, അവരെല്ലാവരും പരിപൂർണ്ണരല്ലെന്നതു സുവിദിതമാണല്ലോ. അതിനാൽ, മേൽപ്രസ്താവിച്ച സുകൃതങ്ങളെ നമ്മുടെ ജീവിതാവസ്ഥയ്ക്കനുരൂപമായി യഥായോഗ്യം പരിശീലിക്കുന്നതിനു പരിശ്രമിക്കാം. പരിപൂർണ്ണാവസ്ഥയിൽ അവ നമ്മെ എത്തിച്ചില്ലെങ്കിലും അവയുടെ പരിശീലനംവഴി പരിപൂർണ്ണരാകുവാൻ നമുക്കു കഴിയും; മാത്രമല്ല, ഏതു ജീവിതം നയിക്കുന്നവരും ഈ പുണ്യങ്ങളെ അഭ്യസിക്കുന്നതിനു കടപ്പെട്ടവരുമാകുന്നു. അവയെ പരിശീലിക്കേണ്ട മാർഗ്ഗങ്ങളും വിവിധങ്ങളാണെന്നേ ഉള്ളൂ.

നിർബന്ധമായി അനുസരിക്കേണ്ടതും, സ്വമനസാ തിരഞ്ഞെടുക്കുന്നതും ഇങ്ങനെ രണ്ടുവിധമാകുന്നു അനുസരണം.

സമാധികൃതന്മാരേയും അവരാൽ നിയുക്തരായ മറ്റധികാരികളേയും വിനയപൂർവ്വം അനുസരിക്കുവാനാണ് ഇവയിൽ ആദ്യത്തേതിനാൽ നാം അനുശാസിക്കപ്പെട്ടുന്നത്. ഇപ്രകാരം, ലൗകികാധികാരികളായ രാജാക്കന്മാരേയും അവരുടെ സഹായികളായ ഉദ്യോഗസ്ഥന്മാരേയും ഗാർഹികാധികാരികളായ മാതാപിതാക്കന്മാരേയും യജമാനന്മാരേയും അനുസരിക്കുന്നതിനു നമ്മെ നിർബന്ധിക്കുന്നതും ആദ്യത്തേത അനുസരണമാണ്. അവരവരുടെ സ്ഥാനത്തിനനുസൃതമായി ഭരിക്കുന്നതിനും ആജ്ഞാപിക്കുന്നതിനുമുള്ള അധികാരം ഇവർക്കില്ലാവുക്കും നല്കുന്നതു ദൈവമാകുന്നു. ഇക്കാരണത്താൽ, അധികൃതന്മാരെ അനുസരിക്കുന്നതിനുള്ള കടമയിൽനിന്ന് ആരേയും വിമുക്തനാക്കാവുന്നതല്ല. അതിനാൽ, അവരെ യഥാകാലം അനുസരിക്കേണ്ടതു് അനുപേക്ഷണീയവുമാണ്. ഇതുതന്നെയാകുന്നു "ആവശ്യകമായ അനുസരണം." പൂർണ്ണത പ്രാപിക്കുന്നതിനു നീ അഗ്രഹിക്കുന്നുവെങ്കിൽ, ഉപവിക്കും വിവേകത്തിനും വിരുദ്ധമാകാതെ, അധികാരികളുടെ അഭിലാഷങ്ങളേയും ദേവങ്ങളെത്തന്നെയും അനുവർത്തിക്കേണ്ടതാണ്. എന്തെങ്കിലും ഭക്ഷിക്കുന്നതിനോ കുറെനേരം ഉല്ലസിക്കുന്നതിനോ സന്തോഷകരമായ മറ്റേതെങ്കിലും കാര്യത്തിൽ ഏർപ്പെടുന്നതിനോ ഉപദേശിക്കുമ്പോൾ, അവരെ നാം അനുസരിക്കേണ്ടിയിരിക്കുന്നു. അവരുടെ ഈ ഉള്ളുനിർദ്ദേശങ്ങളും അനുസരിക്കുന്നതുകൊണ്ടു വലിയ പ്രയോജനമില്ലെന്നു നിനക്കു തോന്നിയേക്കാം. എന്നാൽ, അവയെ നിരസിക്കുന്നതു കുറകുമത്രേ. ഏതെങ്കിലും വസ്ത്രം ധരിക്കുക, ഒരു പ്രത്യേകവഴിയിൽക്കൂടെ യാത്രചെയ്യുക, പാട്ടു പാടുക, നിശ്ശബ്ദമായിരിക്കുക ഇത്യാദി നിഷ്പക്ഷമായ കാര്യങ്ങളിലും അധികൃതന്മാരെ അനുസരിക്കുന്നതു് അഭിലഷണീയംതന്നെ. ഉത്സാഹവും അനുഭവകരവുമായ സംഗതിയിൽ വിധേയത്വം പ്രദർശിപ്പിക്കുന്നതു പൂർണ്ണമായ അനുസരണമാണ്. പ്രത്യുത്തരമോ

അസംതൃപ്തിയോ താമസമോ കൂടാതെ പ്രശാന്തതയോടും ആഹ്ലാദത്തോടുംകൂടെവേണം മരണകർത്താക്കളെ അനുസരിക്കുവാൻ. കുരിശുമരണംവരെയും അനുസരണം പ്രദർശിപ്പിച്ച ആ ദിവ്യനാഥനോടുള്ള സ്നേഹമായിരിക്കണം നമ്മുടെ അനുസരണത്തിന്റെ അടിസ്ഥാനവും ഉദ്ദേശ്യവും. "അനുസരണത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്നതിനെക്കാൾ ജീവത്യാഗം ചെയ്യുന്നതിനു യേശുനാഥൻ സന്നദ്ധനായി" എന്നാക്കുന്നു വി. ബർണാർഡു് പറയുന്നതു്.

അധികാരികളെ അനുസരിക്കുന്നതിനുള്ള തീക്ഷ്ണം ലഭിക്കുവാൻവേണ്ടി മത്സരഭാവമോ, ദുശ്ശാഠ്യമോ കൂടാതെ, സമന്മാരുടെ അഭിപ്രായങ്ങളെ സഹിഷ്ണുതയോടെ സ്വീകരിക്കുന്നതു് അഭിലഷണീയമത്രേ. നമ്മെക്കാൾ താഴ്ന്നവരുടെ അഭിമതങ്ങളെ ഗൗനിക്കാതിരിക്കുന്നതും യുക്തമല്ല. അനാവശ്യകമായ അധികാരപ്രമത്തത പരിത്യജിക്കുതന്നെ വേണം. ദൈവത്താൽ നിയുക്തരായ നിന്റെ അധികൃതന്മാരെ അനുസരിക്കുന്നതിനു വിസമ്മതിക്കുകയും ദുശ്ശാഠ്യം പ്രദർശിപ്പിക്കുകയും ചെയ്യുന്നീ, "ഞാൻ ഒരു സന്യാസസഭാംഗമായിരുന്നുവെങ്കിൽ സഭാശ്രേഷ്ഠനു നിഷ്പ്രയാസം വിധേയനാകുമായിരുന്നു" എന്നു വിചാരിച്ചേക്കാം. പക്ഷേ, ഇതു തികച്ചും നിരർത്ഥകമല്ലയോ?

പരപ്രേരണകൂടാതെ സ്വമേധയാ നമ്മെത്തന്നെ അന്യർക്കു വിധേയരാക്കുന്നതാണു് ഐച്ഛികമായ അനുസരണമെന്നു പറയുന്നതു്. മാതാപിതാക്കന്മാരെ തിരഞ്ഞെടുക്കുവാൻ ഒരുത്തർക്കും സാധിക്കുന്നതല്ലല്ലോ. ഭരണാധിപന്മാരെയോ സമ്രാജ്ഞിയെയോ രാഷ്ട്രതന്ത്രജ്ഞനെയോ യഥേഷ്ടം തിരഞ്ഞെടുക്കുവാനും സാധാരണ നമുക്കു സ്വാതന്ത്ര്യമില്ല. എന്നാൽ, കുടുംബസാരക്കാരനെയും ആത്മഗുരുവിനെയും നാംതന്നെയാകുന്നു തിരഞ്ഞെടുക്കുന്നതു്. തിരഞ്ഞെടുത്തശേഷം, അദ്ദേഹത്തെ അനുസരിച്ചുകൊള്ളാമെന്നുള്ള ദൃഢപ്രതിജ്ഞ

യോ വ്രതമോ ക്ലേശമോ കൂടാതെ അദ്ദേഹത്തിന്റെ അജ്ഞകൾക്കു വിധേയമാകുന്നുവെങ്കിൽ ഇതു സ്വതന്ത്രമായിട്ടെയ്യുന്നതുകൊണ്ടു് ഈതിനെ 'സ്വമനസ്സാലെയുള്ള അനുസരണ'മെന്നു പറയുന്നു. ഉദാഹരണമായി വി. വലിയത്രേസ്യാ തന്റെ സഭാശ്രേഷ്ഠനെ അനുസരിച്ചുകൊള്ളാമെന്നു ദൃഢപ്രതിജ്ഞ ചെയ്തതിനുപുറമേ, ഗ്രാസിയൻ എന്ന വന്ദ്യവൈദികനു വിധേയയായി വർത്തിച്ചുകൊള്ളാമെന്നു സാധാരണമായ ഒരു നിശ്ചയവും ചെയ്തിരുന്നു.

അധികൃതന്മാരുടെ അധികാരമനുസരിച്ചാകുന്നു അവരെ നാം അനുസരിക്കേണ്ടതു്.

രാജ്യാധികാരികളെ രാഷ്ട്രീയകാര്യങ്ങളിലും, ആദ്ധ്യാത്മികപിതാക്കന്മാരേയും ഭർത്താവിനേയും യജമാനനേയും ഗാർഹികവ്യാപാരങ്ങളിലും, ആത്മഗുരുവിനെ ആത്മാവിന്റെ നിയന്ത്രണത്തിലുമാണു പ്രത്യേകം അനുസരിക്കേണ്ടതു്.

ആത്മഗുരുവിന്റെ നിർദ്ദേശമനുസരിച്ചു നിന്റെ ക്രൈകൃത്യങ്ങളെ നിയന്ത്രിക്കുക. അപ്പോൾ, അനുഗ്രഹങ്ങളും നന്മകളും നിനക്കു ധാരാളമായി ലഭിക്കും. എന്തുകൊണ്ടെന്നാൽ, പ്രസ്തുത ക്രൈകൃത്യങ്ങൾ സുകൃതങ്ങളാകയാൽ പ്രകൃത്യാ അവയ്ക്കു യോഗ്യതകളുണ്ടു്. ഇതിനുംപുറമേ, അജ്ഞാനുസരണം നിർവ്വഹിക്കപ്പെടുന്നതുകൊണ്ടു് അവമൂലം അനുസരണത്തിന്റെ അനുഗ്രഹങ്ങളും ലഭിക്കുന്നതാണു്. അനുസരണമുള്ളവർ അനുഗൃഹീതരാകുന്നു; എന്തുകൊണ്ടെന്നാൽ, യഥാർത്ഥപഥത്തിൽനിന്നു വ്യതിചലിക്കുവാൻ ദൈവം അവരെ അനുവദിക്കുകയില്ല.

പന്ത്രണ്ടാം അധ്യായം

ചാരിത്രത്തിന്റെ ആവശ്യം

പുണ്യപൂവാടിയിലേ സുരഭിലപുഷ്പമാകുന്നു ശ്രുദ്ധത. ഇതു മനുഷ്യരെ മാലാഖാമാരോട്ടു സദൃശരാക്കുന്നു. നിർമ്മലമല്ലാത്ത യാതൊന്നും മനോഹരമല്ലല്ലോ. ചാരിത്രം മനുഷ്യരുടെ നിർമ്മലതയാണ്. അതിനെ മാന്യതയെന്നും അതുള്ളവരെ മാന്യരെന്നും അഭിവാദ്യം ചെയ്യാറുണ്ട്. ഇതിനു വിരുദ്ധമായതിനെയാണ് അശുദ്ധത. അത് മശരീരങ്ങളുടെ ഒരുപോലെയുള്ള ശുഭമനോഹരതയിലാണു ചാരിത്രത്തിന്റെ ശ്രേഷ്ഠത അടങ്ങിയിരിക്കുന്നത്.

നിയമാനുസൃതമായ വൈവാഹികജീവിതത്തിലല്ലാതെ ജഡികസന്തോഷങ്ങളെ അനുഭവിക്കുവാൻ ആർക്കും അനുവാദമില്ല. പ്രസ്തുത സന്തോഷത്തിന്റെ മാലിന്യത്തെ വിവാഹത്തിന്റെ പരിശുദ്ധി പരിഹരിക്കുന്നുണ്ട്. വിവാഹിതർക്കുന്നെയും ശാരീരികസന്തോഷങ്ങളനുഭവിക്കുന്നതു് എല്ലായ്പോഴും ശുദ്ധനിയോഗത്തോടുകൂടെ ആയിരിക്കണം. പാപകരമായ വിഷയാസക്തി എല്ലാവരും വർജ്ജിക്കേണ്ടതത്രേ.

ആകാശത്തുനിന്നു നിപതിക്കുന്ന ജലകണങ്ങളല്ലാതെ മറ്റു യാതൊന്നും സ്വീകരിക്കാത്ത മുത്തുച്ചിപ്പിയോടു ചാരിത്രത്തെ ഉപമിക്കാവുന്നതാണ്. എന്തുകൊണ്ടെന്നാൽ, ദൈവസ്ഥാപിതമായ വിവാഹത്തിലേ വിഷയസുഖങ്ങൾമാത്രമേ മനുഷ്യഹൃദയത്തിനു സ്വീകരിക്കാൻപാടുള്ളൂ. അശുദ്ധമായ ഒരു വിചാരംപോലും വച്ചുകൊണ്ടിരിക്കുന്നതു നിഷിദ്ധമാണ്. പ്രിയ സുഹൃത്തേ, എല്ലാത്തരത്തിലുമുള്ള വിഷയാഗ്രഹങ്ങളെ അവിവാഹിതരും, ദാമ്പത്യനിയമങ്ങളാൽ നിരോധിക്കപ്പെട്ടവയെ വിവാഹിതരും, ഉപേക്ഷിക്കുന്നതിലാണു ചാ

രിത്രത്തിന്റെ ആദ്യപടവി സ്ഥിതിചെയ്യുന്നതു്. വിവാഹിതർക്ക് അനുവദനീയമെങ്കിലും നിരുപയോഗവും അമിതവുമായ സന്തോഷങ്ങളെ വർജ്ജിക്കുന്നതത്രേ ചാരിത്രത്തിന്റെ രണ്ടാമത്തെ പടവി. അനുവദനീയമായ സന്തോഷങ്ങളിൽ നിന്റെ മനസ്സിനെ നിലനിറുത്തുകയോ വിവാഹത്തിന്റെ പരിശുദ്ധമായ ആദർശത്തിൽ അടങ്ങിയിരിക്കുന്ന സുഖസന്തോഷങ്ങളിൽത്തന്നെയും ഹൃദയത്തെ പ്രതിഷ്ഠിക്കുകയോ ചെയ്യാത്തതാകുന്നു ചാരിത്രത്തിന്റെ മൂന്നാമത്തെ പടവി.

എല്ലാവരിലും അവശ്യം ഉണ്ടായിരിക്കേണ്ട ഒരു പുണ്യമാണല്ലോ പരിശുദ്ധത. വൈധവ്യം പ്രാപിച്ചവർക്കു ധീരമായ ചാരിത്രമാകുന്നു അവശ്യം. എന്തുകൊണ്ടെന്നാൽ, ഇപ്പോൾ ഉണ്ടാകാവുന്ന അശുദ്ധവിചാരങ്ങളെ മാത്രമല്ല കഴിഞ്ഞ ദാമ്പത്യജീവിതത്തിലെ ഭോഗസുഖങ്ങളെപ്പറ്റിയുള്ള സ്മരണപോലും അവർ വർജ്ജിക്കേണ്ടതാണ്. പ്രസ്തുത വിചാരം അവരെ അശുദ്ധപ്രലോഭനങ്ങളിലേയ്ക്കു് അനായാസേന ആനയിച്ചേക്കും. യൗവനത്തിൽ തനിക്ക് അനുഭവസിദ്ധമായിരുന്ന ഭൗതീയാസക്തികളെ സധൈര്യം സംത്യജിച്ചു്, അനന്തരജീവിതത്തിൽ അതിവിസ്മയനീയമായി ചാരിത്രത്തെ സംരക്ഷിച്ച അലീപ്പിയസിനെ വി. ആഗുസ്തീനോസ് വളരെയധികം അഭിനന്ദിച്ചതിന്റെ കാരണം ഇതുതന്നെയല്ലയോ?

യാതൊരു കേടുംകൂടാതെ കനികളെ വയ്ക്കോലിലോ മണലിലോ സുരക്ഷിതമായി സൂക്ഷിക്കാവുന്നതത്രേ. പക്ഷേ, അല്പം ചതവോ മറ്റോ പറ്റി കേടുവന്ന പഴങ്ങൾ പഞ്ചസാരയിലോ തേനിലോ സൂക്ഷിച്ചില്ലെങ്കിൽ അവ ദുഷിച്ചു്, ഉപയോഗശൂന്യമായിത്തീരും. ഇപ്രകാരം, യാതൊരുവിധേനയും മലിനമാകാത്ത ചാരിത്രവും നിർമ്മലമായി പല പ്രകാരത്തിൽ സൂക്ഷിക്കാവുന്നതാണ്. എന്നാൽ, ഒരിക്കൽ അതിനു കളങ്കം ഭവിച്ചാൽപ്പിന്നെ പരിപൂർണ്ണമായ കേ തിയുടെ

അഭ്യാസമാകുന്ന മധുരദ്രവ്യങ്ങൾകൊണ്ടല്ലാതെ അതിനെ പരിരക്ഷിക്കുവാൻ സാധിക്കുന്നതല്ല. ആത് മാവിനെ ശുദ്ധതയിൽ സൂക്ഷിക്കുന്നതിനുവേണ്ട പഞ്ചസാരയും തേനുമാകുന്ന ഭക്തിയും സുകൃതങ്ങളുമെന്ന് ഒരിക്കൽക്കൂടെ പ്രസ്താവിച്ചു കൊള്ളട്ടെ.

കന്യാത്വം പാലിക്കുന്നവർക്കു വിനീതവും മൃദുലവുമായ ചാരിത്രമാണ് അവശ്യം. കൗതുകാവഹങ്ങളായ ജിജ്ഞാസകളെയെല്ലാം അവരുടെ ഹൃദയത്തിൽനിന്നു നിഷ്കാസനം ചെയ്യണ്ടിയിരിക്കുന്നു. ഇതിനുംപുറമേ, അശുദ്ധവിചാരങ്ങളും അനാശാസ്യമായ ആനന്ദങ്ങളും അവർ പാടെ പരിവർജ്ജിക്കയും ചെയ്യണം. ഇങ്ങനെയുള്ള സന്തോഷങ്ങളെ ആഗ്രഹിക്കുന്നതു് ഇവക്കുമാത്രമല്ല ആക്കും വിഹിതമല്ല. അവ പന്നികളുടേയും കഴുതകളുടേയും ആസ്വാദ്യവിഷയമാകുന്നു. അതിനാൽ, നിർമ്മലമായ ചാരിത്രം ജഡികഭോഗങ്ങളെക്കാൾ വൈശിഷ്ട്യമുള്ളതാകുന്നു എന്ന യാഥാർത്ഥ്യത്തെപ്പറ്റി ഒരു നിമിഷത്തേയ്ക്കെങ്കിലും സംശയിക്കാൻ നിർമ്മലാത്മാക്കൾ സന്നദ്ധരാകാതിരിക്കട്ടെ! കന്യാത്വമാകുന്ന ശുദ്ധവസ്തുത്താൽ വിഭൂഷിതരായ ആത്മാക്കൾക്കു ജഡികസന്തോഷങ്ങളെ ഉള്ളത്തിൽക്കൂടുതൽ ആനന്ദകരമായി പ്രദർശിപ്പിച്ചുകൊണ്ട്, അവയെ ഒന്നനുഭവിച്ചറിയുന്നതിനുള്ള ആഗ്രഹത്താൽ ഉഷ്ണാതുപി അവരെ ശക്തിമത്തായി പരീക്ഷിക്കുന്നുവെന്നു വി. ഈറാനീമ്മോസ് പ്രസ്താവിക്കുന്നു.


അഗ്നിജ്വാല കാണുന്ന ശലഭങ്ങൾ അതിനു ചുറ്റും കൗതുകത്തോടേ കുറേനേരം പറന്നുനടക്കുന്നു. പക്ഷേ, ആ തീജ്വാല പ്രഭാപൂർണ്ണമെന്നതുപോലെ രുചികരവുമാണോ എന്നറിയുന്നതിനുള്ള ശ്രമം ആ സാധുജീവികൾക്കു ജീവനാശം വരുത്തുകയത്രേ ചെയ്യുന്നതു്. ഇതുപോലെ, വിഷയാസക്തരായ യുവതീയുവാക്കന്മാരും അനേകം അശുദ്ധവിചാരങ്ങൾക്കുശേഷം ദയനീയമായവിധം മോഹാഗ്നിയിൽ നിപതിക്കുക

യും ആത്മനാശം വരുത്തിക്കൂട്ടുകയും ചെയ്യുന്നു. ബുദ്ധിയില്ലാത്ത ജന്തുക്കളെക്കാൾ നികൃഷ്ടരത്രേ ഈ വിഷയഭോഗികൾ. കത്തിക്കാളുന്ന അഗ്നി മനോഹരമായിരിക്കുന്നതുപോലെ ആസ്വാദ്യവുമായിരിക്കുമെന്നു വിചാരിക്കുവാൻ മൻപ്രസ്താവിച്ച ശലഭങ്ങൾക്കു വേണ്ടുവോളം ന്യായങ്ങളുമുണ്ട്. എന്നാൽ, തങ്ങൾ ആഗ്രഹിക്കുന്നതു് അശുദ്ധമെന്നും അപായകരമെന്നും അറിഞ്ഞുകൊണ്ടല്ലയോ മൂഢരായ യുവാക്കൾ അതിൽ നിപതിക്കുന്നതു്?

വിവാഹിതർക്കും ചാരിത്ര്യം അനപേക്ഷണീയമാണു്. പക്ഷേ, ഈ വസ്തുത ഭൂരിപക്ഷംപേരും ഗ്രഹിക്കുന്നില്ല. ജുഡികസന്തോഷങ്ങളെ പൂർണ്ണമായി വർജ്ജിക്കുന്നതിലല്ല; പ്രത്യുത, ഇവയിൽ ആത്മസംയമനം അനുഷ്ഠിക്കുന്നതിലാകുന്നു അവരുടെ ചാരിത്ര്യം സ്ഥിതിചെയ്യുന്നതു്. "നീ കോപിക്കരുതു്" എന്ന ശാസനയെക്കാൾ "നിന്റെ കോപം പാപകരമാകരുതു്" എന്ന പ്രമാണം കൂടുതൽ വിഷമകരമത്രേ. അതേ, കോപത്തെ നിയന്ത്രിക്കുന്നതിനെക്കാൾ കോപിക്കാതിരിക്കുന്നതാണു് എളുപ്പം. ഇതുപോലെ, ജുഡികസന്തോഷങ്ങളെ പാടേ ഉപേക്ഷിക്കുവാൻ ഒരുവനു് നിഷ്പ്രയാസം സാധിച്ചേക്കാം; എന്നാൽ, ശരിയായി നിയന്ത്രിച്ചുകൊണ്ടു് അവയെ മിതമായിമാത്രം അനുഭവിക്കുക കൂടുതൽ വിഷമകരംതന്നെ. മോഹാഗ്നിയുടെ ഉഗ്രത കുറയ്ക്കുവാൻ വിവാഹത്തിന്റെ പരിശുദ്ധസ്വാതന്ത്ര്യത്തിനു ശക്തിയുണ്ടു്. എങ്കിലും, വിവാഹിതർ ദൗർബല്യംനിമിത്തം പലപ്പോഴും ക്രമംവിട്ടു്, നിഷിദ്ധസന്തോഷങ്ങളിൽ നിമഗ്നരാകുന്നു. ദാമ്പത്യധർമ്മത്തെ ഇപ്രകാരം ദുഷ്പ്രയോഗിക്കുന്നതു് എത്ര ശോചനീയം! ചില ധനാഢ്യന്മാർ അമിതമായ ദ്രവ്യാശനിമിത്തം അതിനീചമായ മോഷണം നടത്താറുണ്ടു്. ഇതുപോലെ, വിവാഹിതരിൽ പലരും തങ്ങളുടെ ന്യായമായ ഉദ്ദേശസിദ്ധിക്കുശേഷം നിന്ദ്യമായ വിഷയാസക്തിനിമിത്തം പാ

പകരമായ കൃത്യങ്ങളും പ്രവർത്തിക്കുന്നു. ഒരിടത്തും സ്ഥിരമായി നില്ക്കാതെ അങ്ങുമിങ്ങും ചുറ്റിസ്സഞ്ചരിച്ച്, ഉള്ളതിനെയെല്ലാം ചുട്ടു ദഹിപ്പിക്കുന്ന അഗ്നിക്കു തുല്യമാകുന്നു ഇവരുടെ വിഷയലമ്പടത്വം. ശക്തിമത്തായ ഔഷധങ്ങൾ ഉപയോഗിക്കുന്നതു രോഗികൾക്കു പലപ്പോഴും ആപൽകരമാണു്. എന്തുകൊണ്ടെന്നാൽ, ശരിയായിപ്പാകപ്പെട്ടുത്താതെയോ ക്രമത്തിലധികമായോ സേവിച്ചുപോയാൽ അതു വലിയ നാശത്തെ ഉളവാക്കും. വിവാഹത്തെ സ്ഥാപിക്കുകയും അതിനെ പരിശുദ്ധക്രമാശയായി ഉയർത്തുകയും ചെയ്തിട്ടുള്ളതു് അശുദ്ധമോഹങ്ങൾക്കു് ഒരു പ്രതിവിധിയായിട്ടുതന്നെയാണു്. അതേ, ഇതു് ഉത്തമമായ ഒരു പ്രതിവിധിതന്നെ. എന്നാൽ, വിവേകപൂർവ്വം ഉപയോഗിച്ചില്ലെങ്കിൽ അതു നാശകരമായിത്തീർന്നേക്കാം. ദീർഘകാലം നീണ്ടുനില്ക്കുന്ന സുഖക്കേടുകൾ മാത്രമല്ല, അകസ്മികമായ ചില സംഭവങ്ങളും ഭാര്യാഭർതൃവിയോഗത്തിനു കാരണമായിത്തീരാറുണ്ടു്. അതിനാൽ, വിവാഹിതർക്കു രണ്ടുവിധത്തിലുള്ള ചാരിത്രമാണു് ആവശ്യം. അദ്യമായി, വേർപാടിന്റെ അവസരങ്ങളിൽ ജഡികസന്തോഷങ്ങളെ പൂർണ്ണമായി അവർ വർജ്ജിക്കേണ്ടതുതന്നെ. ഒരുമിച്ചു വസിക്കുമ്പോഴാകട്ടെ, വളരെ മിതമായിമാത്രമേ അവയെ അനുഭവിക്കാവൂ; ഇതിലാകുന്നു രണ്ടാമത്തെ ചാരിത്രം അടങ്ങിയിരിക്കുന്നതു്. പരിപാവനമായ വിവാഹത്തെ ദുഷ്പ്രയോഗിച്ച ദുർഭഗരായ അനേകം ആത്മാക്കൾ അവാച്യമായ നരകപീഡയനുഭവിക്കുന്നതായി സീയന്നായിലേവി. കർത്താവു് ഒരിക്കൽ ഒരു ദർശനമുണ്ടായി. പാപത്തിന്റെ ഘോരതയല്ല ഇവരുടെ നാശത്തിനു കാരണം. കൊലപാതകം, ദൈവദൂഷണം മുതലായവ ക്രൂരതൽ കഠോരങ്ങളല്ലയോ? വിശ്വാസകർത്തന്മാർ ദയനീയമായി അധ:പതിക്കുകയും തങ്ങളുടെ കുറവുകൾ ഗണ്യമാക്കാതെ അവയിൽ ദീർഘകാലം മുഴുകിക്കിടക്കുകയും ചെയ്യുന്നതാകുന്നു അവരുടെ നാശഹേതുവെന്നു് ആ വിശുദ്ധതന്നെ അഭിപ്രായപ്പെടുന്നു.

ഏതുതരത്തിലുള്ള ജീവിതം അവലംബിച്ചിരിക്കുന്നവർക്കും ചാരിത്രം അനുപേക്ഷണീയമാണെന്നു ഞാൻ അനുഭവപ്രസ്താവിച്ചുവല്ലോ. "എല്ലാവരും സമാധാനമുള്ളവരും പരിശുദ്ധരുമായിരിക്കട്ടെ; പരിശുദ്ധിക്കുടാതെ ആരും ദൈവത്തെ ദർശിക്കയില്ല" എന്നത്രേ വി. പൗലോസ് പറയുന്നതു്. 'പരിശുദ്ധി' എന്ന പദത്തിൽ ചാരിത്രമാകുന്ന അർത്ഥം വിവക്ഷിക്കുന്നതെന്നു വി. ഈറാനീമ്മോസും വി. ക്രിസോസ്തോമോസും എഴുതിയിരിക്കുന്നു. അതേ, ശുദ്ധത ഇല്ലാതെ ദൈവത്തെ ദർശിക്കുക ആർക്കും സാദ്ധ്യമല്ലതന്നെ; ഹൃദയശുദ്ധിയുള്ളവരല്ലാതെ അവിടുത്തെ ദിവ്യകൂടാരത്തിൽ വസിക്കുകയുമില്ല. ദിവ്യരക്ഷകൻതന്നെ പ്രസ്താവിക്കുന്നതു ശ്രവിച്ചാലും: "അവിടെനിന്നു നായ്ക്കളും അശുദ്ധപാപികളും ബഹിഷ്കരിക്കപ്പെട്ടും." "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാരാകുന്നു; അവർ ദൈവത്തെ ദർശിക്കും"



പതിമൂന്നാം അധ്യായം

ചാരിത്രം പാലിക്കുന്നതിനു സഹായകമായ ചില നിർദ്ദേശങ്ങൾ

അശുദ്ധിയുടെ വശീകരണത്തിനു വഴിപ്പെടാതിരിപ്പാൻ നാം വളരെ ശ്രദ്ധയുള്ളവരായിരിക്കണം. അശുദ്ധി നമ്മെ സമീപിക്കുന്നതിനുപോലും അനുവദിച്ചുകൂടാ. എന്തുകൊണ്ടെന്നാൽ, നാം അറിയാതെതന്നെ ഈ നീക്യഷ്ടത നമ്മെ ആക്രമിക്കുന്നതാണു്. അതിന്റെ ആക്രമണം ആരംഭത്തിൽ അത്ര സാരമുള്ളതായിത്തോന്നുകയില്ല; എങ്കിലും, ക്രമേണ അതു നമ്മെ നിർഭാഗ്യത്തിലേയ്ക്കു് ആനയിക്കുകയത്രേ

ചെയ്യുന്നതു്. അശുദ്ധപാപത്തിലേയ്ക്കുള്ള നമ്മുടെ അധഃപതനമാകുന്നു ഇതിന്റെ അവസാനഫലം. ഭക്തരാത്മാവേ, ഈ നാശകൂപത്തിൽ വീണതിന്റെശേഷം എഴുന്നേല്ക്കുവാൻ ശ്രമിക്കുന്നതിനെക്കാൾ മുമ്പിപൂർവ്വകമായിട്ടുള്ളതു് അതിൽ വീഴാതെ സൂക്ഷിക്കുകയല്ലയോ?

മനുഷ്യശരീരങ്ങളെ കണ്ണാടിച്ചില്ലുകളോടുപമിക്കാം. ഈ ചില്ലുകൾ ഒരുമിച്ചു കെട്ടുന്നപക്ഷം തമ്മിൽ ക്രുട്ടിമുട്ടി പൊട്ടിപ്പോകുവാനിടയുണ്ടു്. യഥാകാലം പാകമായ നല്ല പുതിയ പഴങ്ങൾതന്നെയും അന്യോന്യം സമ്മർട്ടിച്ചാൽ വേഗം മോശമായിപ്പോകുമല്ലോ. ഒരു സ്ഫടികപാത്രത്തിലുള്ള ശുദ്ധജലം ജന്തുക്കൾ സ്പർശിക്കുമ്പോൾ മലിനമായിത്തീരുന്നു. സ്നേഹസൂചകമായോ വിനോദത്തിനുവേണ്ടിയാണെങ്കിൽത്തന്നെയുമോ, നിന്റെ ദേഹത്തു തൊടുന്നതിനു് ആരേയും ഒരിക്കലും അനുവദിക്കരുതു്. അതിനിസ്സാരമായ ഈ പ്രവൃത്തികൊണ്ടു ചാരിത്രം നഷ്ടപ്പെടുന്നില്ലായിരിക്കാം; എന്നിരുന്നാലും, ചാരിത്രകുസുമത്തിനു സംഭവിക്കുന്ന ചെറിയ വാട്ടം തട്ടാതിരിക്കയില്ല. ശരീരത്തെ വിനയരഹിതമായി സ്പർശിക്കുവാൻ അനുവദിക്കുന്നതായാൽ, അതു ചാരിത്രത്തെ നിശ്ശേഷം നശിപ്പിക്കുകതന്നെ ചെയ്യും.

ഈ പുണ്യത്തിന്റെ ഉത്ഭവം ഹൃദയത്തെയാണു് ആശ്രയിച്ചിരിക്കുന്നതു്. എങ്കിലും, സാധനപരമായ അതിന്റെ ഉപകരണം ശരീരംതന്നെ. തന്മൂലം, ബാഹ്യേന്ദ്രിയങ്ങളും ആന്തരികവികാരങ്ങളും വഴി ഈ പുണ്യത്തിന്റെ നൈർമ്മല്യം നഷ്ടീഭവിക്കുന്നു. അതിനാൽ, അശുദ്ധമായ വീക്ഷണത്തിലും ശ്രവണത്തിലും സംഭാഷണത്തിലും സ്പർശനത്തിലും ഘ്രാണത്തിലും ഹൃദയം സന്തോഷിക്കുന്നുവെങ്കിൽ അതു ശുദ്ധതയ്ക്കു വിനാശകരമാണു്. "ദുർവൃത്തിയുടെ നാമംപോലും നിങ്ങളുടെയിടയിൽ ഉച്ചരിക്കപ്പെടാതിരിക്കട്ടെ" എന്നു വി. അപ്പസ്തോലൻ ശക്തിയായി ഉപദേശിക്കുന്നതു നീ സദാ സ്മരിച്ചുകൊൾകുക.

തേനീച്ചകൾ ഉണ്ടാക്കിയ സാധനങ്ങളെ സ്പർശിക്കുകയില്ല. മാത്രമല്ല, അവയിൽനിന്നു വമിക്കുന്ന ദുർഗ്ഗന്ധത്തെ അവ അതിയായി വെറുക്കുകയും ആ സ്ഥലത്തുനിന്ന് അകന്നു പോവുകയും ചെയ്യുന്നു. ചീച്ചിലുണ്ടാകാതിരിക്കുന്നതിനു നുറുംപശ വർഷിക്കുന്ന കരങ്ങളോടും, വാക്കുകളുടെ വിനയത്തെ സൂചിപ്പിക്കുന്നതിനു ചുവപ്പു ചായംകൊണ്ടു രക്തവർണ്ണമാക്കിയ അധരങ്ങളോടും, നിഷ്കളങ്കതയെ പ്രകാശിപ്പിക്കുന്നതിനു മാടപ്രാവിന്റേതുപോലുള്ള നയനങ്ങളോടും, വിശുദ്ധിയെ സൂചിപ്പിക്കുന്നതിനു സ്വർണ്ണാഭരണങ്ങളാൽ അലംകൃതങ്ങളായ ശ്രവണേന്ദ്രിയങ്ങളോടും ലിബാനിലേ നിർമ്മലമായ ദേവദാരുവൃക്ഷങ്ങളുടെ ഗുണമുള്ള നാസികയോടുംകൂടിയാകുന്നു വിശുദ്ധഗ്രന്ഥത്തിലേ ദിവ്യ വധുവിനെ വർണ്ണിച്ചിരിക്കുന്നതു്. ഇതുപോലെ, ഒരു ഭക്തൻ, തന്റെ കൈകളും കണ്ണുകളും ചെവികളും ഹൃദയവും എന്നുവേണ്ടാ ശരീരം മുഴുവനും ശുദ്ധമായി സൂക്ഷിക്കേണ്ടതാണു്.

ഈ യാഥാർത്ഥ്യത്തെ കുറെക്കൂടി സ്പഷ്ടമാക്കുവാൻവേണ്ടി വി. ബെയ്സിൽ തന്നെപ്പറ്റി പറഞ്ഞിരിക്കുന്നതെന്നു ജോൺ കാസിയൻ പ്രസ്താവിക്കുന്ന ഒരു വാക്യത്തെ ഇവിടെ ഉദ്ധരിക്കാം. "ഞാൻ സ്ത്രീകളോടു സഹവസിച്ചിട്ടില്ല; എങ്കിലും, എനിക്കു കന്യാത്വമില്ല." ഒരു മനുഷ്യനിൽ പലതരം ദുരാശകളും ദുരാചാരങ്ങളും ഉണ്ടാകുന്നതുനിമിത്തം ചാരിത്ര്യത്തിനു പലവിധത്തിലുള്ള ഹാനി സംഭവിക്കുന്നു. ഇതിന്റെ ഗുരുലഘുത്വമനുസരിച്ചു ചിലതു ചാരിത്ര്യത്തെ ദുർബലമാക്കുകയും, മറ്റു ചിലതു് അതിനെ മുറിവേല്പിക്കുകയും, വേറെ ചിലതു് അതിനെ നിശ്ശേഷം നശിപ്പിക്കുകയും ചെയ്യുന്നു. ജഡികവും അവിവേകപൂർവ്വകവുമായ ചില മമതകളുണ്ടു്. ഇവ ശുദ്ധതയെ നശിപ്പിക്കുന്നില്ലായിരിക്കാം; എങ്കിലും, അതിനെ ബലഹീനമാക്കുകയും മാലിന്യപ്പെടുത്തുകയും ചെയ്യാതിരിക്കുകയില്ല. വിവേകശൂന്യവും പാപകരവും

എന്നു മാത്രമല്ല, അശ്ലീലവും ഐന്ദ്രികവുമായ ചില പ്രീതികളും വികാരങ്ങളും പലരിലും കണ്ടേക്കാം. ഇവ കുറഞ്ഞപക്ഷം, ചാരിത്രത്തെ ഗ്രസിച്ചുകയും നാശഗർത്തത്തിൽ നിപതിപ്പിക്കയും ചെയ്യുന്നതാണ്. "കുറഞ്ഞപക്ഷം ഗ്രസിച്ചുന്നു" എന്നു പറഞ്ഞിരിക്കുന്നതു്, നിരർത്ഥകസന്തോഷങ്ങളുടെ അന്തിമഫലങ്ങളായ അശ്ലീലിയുടെ വിവിധ ചേഷ്ടകൾ ശരീരത്തിൽ ഉളവാകുമ്പോൾ ചാരിത്രം നിശ്ശേഷം നശിക്കുന്നതുകൊണ്ടുതന്നെ. അപ്പോൾ, വ്യഭിചാരത്താലും നിഷിദ്ധമായ ബന്ധുസംഗത്താലും ശ്ലീലതയ്ക്കു ഭംഗം വരിക്കുന്നു എന്നതിനെക്കാൾ നിന്റെ നൈർമ്മല്യത്തിനു നികൃഷ്ടവും ഭയനീയവുമായ നഷ്ടം വന്നു ഭവിക്കുന്നതാണ്. എന്തുകൊണ്ടെന്നാൽ, വ്യഭിചാരം മുതലായ ദുഷ്കൃത്യങ്ങൾ പാപങ്ങൾമാത്രമേ ആകുന്നുള്ളൂ. മേൽപ്രസ്താവിച്ച മുന്മോഹാദി വികാരങ്ങളാകട്ടെ, തെർത്തുല്യൻ അഭിപ്രായപ്പെട്ടതുപോലെ, ദുഷ്ടതയുടേയും പാപത്തിന്റേയും ഭയങ്കര സന്താനങ്ങളാകുന്നു. വി. ബൈയ്സിൽ, "ഞാൻ ഒരു നിർമ്മല പുരുഷനല്ല" എന്നു പറഞ്ഞു തന്നെത്താൻ കുറപ്പെടുത്തിയതിൽനിന്നു്, ഇതുപോലുള്ള വിഷയലമ്പടതയത്രെയാണു് അദ്ദേഹം വിവക്ഷിച്ചതെന്നു്, ഈ സംഗതി രേഖപ്പെടുത്തിയിരിക്കുന്ന കാസിയൻ വിശ്വസിക്കുകയോ ഞാൻ വിചാരിക്കുകയോ ചെയ്യുന്നില്ല. അനാശാസ്യങ്ങളായ സന്തോഷവികാരങ്ങളെക്കുറിച്ചുത്രേ അദ്ദേഹം വിലപിച്ചതു്. ഈ ദുർവ്വികാരങ്ങൾ അദ്ദേഹത്തിന്റെ ശരീരത്തെ മലിനമാക്കിയില്ലെങ്കിലും ഹൃദയശ്ലീലതയ്ക്കു ഹാനി വരുത്തിയിരിക്കണം. ചാരിത്രം ഈ വിധത്തിൽത്തന്നെയും നഷ്ടപ്പെടുന്നതു പുണ്യാത്മാക്കൾക്കു് എത്ര സങ്കടകരം!

അശ്ലീലന്മാരുമായി നീ ഒരിക്കലും സഹവാസം ചെയ്യരുതു്. ഇത്തരക്കാർ മിക്കവാറും ലജ്ജാഹീനരായ ദുർവ്വിനീതന്മാർ കൂടെയായിരിക്കും. അങ്ങനെയെങ്കിൽ, അവരോടുള്ള

സംസർഗ്ഗം പ്രത്യേകിച്ചും പരിവർജ്ജ്യംതന്നെ. സുമധുരമായ ഖദാംവൃക്ഷത്തെ കലമാൻ നക്കുമ്പോൾ അതു കട്ടം കയ്പുള്ളതായിത്തീരുന്നുവത്രേ. അതുപോലെ, സംസർഗ്ഗദൂഷിതരും ദുഷ്ടന്മാരിലീമസരുമായ ഇവരുടെ അധരങ്ങളിൽനിന്നു പുറപ്പെടുന്ന അസഭ്യവചനങ്ങൾ ശ്രോതാക്കളുടെ ശുദ്ധതയെ അല്പമെങ്കിലും കളങ്കമാക്കാതിരിക്കയില്ല. പോരെങ്കിൽ, അവരുടെ വീക്ഷണങ്ങളും ശ്വാസോച്ഛ്വാസങ്ങളും അശുദ്ധതയാകുന്ന വിഷം നിറഞ്ഞതുമാണ്.

ചാരിത്രമാകുന്ന നിർമ്മലവസ്ത്രം ധരിച്ചിട്ടുള്ളവരോടുകൂടിയായിരിക്കട്ടെ നിന്റെ സംസർഗ്ഗം. ഇതിനുംപുറമെ, ദിവ്യഗ്രന്ഥം പാരായണംചെയ്യുന്നതും ദൈവവചനങ്ങളെക്കുറിച്ചു ധ്യാനിക്കുന്നതും അഭിലഷണീയമത്രേ. എന്തുകൊണ്ടെന്നാൽ, ദൈവവചനം പരിശുദ്ധമാകുന്നു. അതിൽ സന്തോഷിക്കുന്നവരെ പരിശുദ്ധമാക്കാൻ അതിനു ശക്തിയുമുണ്ട്. ഇക്കാരണത്താലാകുന്നു ദാവീദുരാജാവു്, വിഷയാസക്തിയുടെ ഉഗ്രതയെ പ്രശാന്തമാക്കുന്ന പുഷ്പരാഗക്കല്ലിനോടു ദൈവവചനത്തെ ഉപമിച്ചിരിക്കുന്നതു്. ക്രൂശിതനായ യേശുവിനോടു്, ധ്യാനംവഴി മാനസികമായും, ദിവ്യഭോജനത്താൽ യഥാർത്ഥമായും നാം സഹവാസം ചെയ്യുന്നു. 'ആഗനസ് കാസ്തസ്' എന്ന വിശേഷസസ്യംകൊണ്ടു നിർമ്മിതമായ മെത്തയിന്മേൽ ശയിക്കുന്ന സകലരും നിർമ്മലരും ചാരിത്രശുദ്ധിയുള്ളവരുമായിത്തീരുമത്രേ. ഇതുപോലെ, നിന്റെ ഹൃദയം കറയറ്റ കുഞ്ഞാടായ യേശുവിന്റെ പാവനാങ്കത്തിൽ ശയിക്കട്ടെ! അപ്പോൾ, നിന്റെ ഹൃദയം എല്ലാപ്രകാരം അശുദ്ധിയിൽനിന്നും വിമുക്തമായി അതീവ കാന്തിയോടേ പ്രകാശിക്കുകതന്നെ ചെയ്യും.



പതിനാലാം അധ്യായം

സമ്പൽസമൃദ്ധിയിൽ അനുഭവിക്കേണ്ട മാനസിക ദാരിദ്ര്യം

മാനസികമായി ദാരിദ്ര്യം അനുഭവിക്കുന്നവർ അനുഗൃഹീതരാകുന്നു. എന്തുകൊണ്ടെന്നാൽ, സ്വർഗ്ഗരാജ്യം ഇവരുടേതത്രേ. അതിനാൽ, ദൈവാശയിൽ ആണ്ടുകിടക്കുന്നവർ ശപിക്കപ്പെട്ടവർതന്നെ. നാരകീയ പീഡകൾ ഇവർ അനുഭവിക്കണം. ഹൃദയത്തെ ധനത്തിൽമാത്രം നിക്ഷേപിക്കുന്നവരാകുന്നു അരുപിയിൽ ധനികന്മാർ. മാനസികദാരിദ്ര്യം അനുഷ്ഠിക്കുന്നവരാകട്ടെ, ധനാസക്തിക്കു ഹൃദയത്തിൽ പ്രവേശനം അനുവദിക്കാതെ, അതിൽനിന്നു സ്വന്തധനത്തെക്കുറിച്ചുള്ള സ്മരണപോലും നിഷ്കാസനം ചെയ്യുന്നു. മീൻ കൊത്തിപ്പക്ഷി ഗോളാകൃതിയിൽ കൂട്ടുണ്ടാക്കി അതിന്റെ ഉപരിഭാഗത്തുമാത്രം ഒരു ദ്വാരം നിർമ്മിക്കുന്നു. ഈ കൂട്ടു തിരമാലകളിൽപ്പെട്ട് അലഞ്ഞുലയുമ്പോൾ ലേശംപോലും ജലം പ്രവേശിക്കാത്തവണ്ണം അതു സുദൃഢമായും സൂക്ഷിരങ്ങൾ കൂടാതെയുമാണു നിർമ്മിക്കപ്പെട്ടുന്നതു്. കൂടാതെ, തിരമാലകൾക്കിടയിൽ അതിന്റെ ഏകദ്വാരം ആകാശത്തെ ലക്ഷ്യമാക്കിക്കൊണ്ടു സമുദ്രോജനെപ്പോലെ, അതു പതച്ചു കിടക്കുകയും ചെയ്യുന്നു. ഇതുപോലെ, നിന്റെ ഹൃദയവും സ്വർഗ്ഗത്തെ ലക്ഷ്യമാക്കി മാത്രമേ തുറക്കാവൂ. ലോകവസ്തുക്കൾക്കും പ്രാപഞ്ചികസമ്പത്തുകൾക്കും അതിൽ പ്രവേശം നല്കിക്കൂടാ. നിനക്കു ധനമുണ്ടെങ്കിൽ അതിനോടുള്ള പ്രതിപത്തിയിൽനിന്നു ഹൃദയം സ്വതന്ത്രമായിരിക്കട്ടെ. ഔതികവസ്തുക്കൾ നിന്നെ ഭരിക്കുകയല്ല, അവയെ നീ ഭരിക്കുകയത്രേ വേണ്ടതു്. ധനം നിനക്കു കീഴ്പ്പെടണമെങ്കിൽ അതിനെ നീ അവ

ജ്ഞാപൂർവ്വം വീക്ഷിക്കേണ്ടിയിരിക്കുന്നു. ലോകവസ്തുക്കളെ കൈകാര്യം ചെയ്യുമ്പോൾ അവയ്ക്കടിമപ്പെടാതെ അവയുടെ അധിപനായി സന്മാർഗ്ഗനിഷ്ഠയോടേ നീ വർത്തിക്കുക.

വിഷം കൈവശംവച്ചുകൊണ്ടിരിക്കുന്നതു് ഒന്നു്; അതു് ഉപയോഗിക്കുന്നതു വേറൊന്നു്. ആവശ്യമുള്ളപ്പോൾ ഉപയോഗിക്കുന്നതിനായി ഭിഷഗ്വരന്മാർ വിഷം സൂക്ഷിക്കാറുണ്ടു്. അതു് അവർക്കു യാതൊരുപദ്രവവും ചെയ്യുന്നുമില്ല. എന്തുകൊണ്ടെന്നാൽ, വിഷം അവരിലല്ല; പിന്നെയോ, വൈദ്യശാലകളിലത്രേ സൂക്ഷിക്കപ്പെട്ടിരിക്കുന്നതു്. ഇതുപോലെ, ധനത്തിന്റെ വിഷമേല്ക്കാതെ, ധനം കൈവശം വച്ചുകൊണ്ടിരിക്കുവാൻ സാധിക്കുന്നതാണു്. നിന്റെ സഞ്ചിയിലോ പെട്ടിയിലോ പണം സൂക്ഷിക്കുന്നതു കൊള്ളാം. എന്നാൽ, അതിനെ നിന്റെ ഹൃദയത്തിൽ പ്രവേശിപ്പിക്കരുതു്. ഇങ്ങനെ ചെയ്യുന്നതായാൽ, നീ ധനികനാണെങ്കിലും, ആത്മീയദാരിദ്ര്യം നിന്നിൽ വിളങ്ങുകതന്നെ ചെയ്യും. ഈ വിധം യഥാർത്ഥത്തിൽ സമ്പന്നനും, അതേസമയം അരൂപിയിൽ ദരിദ്രനും ആയിരിക്കുക എത്ര മഹത്തരമായ സൗഭാഗ്യം! എന്തുകൊണ്ടെന്നാൽ, ദ്രവ്യവും അതിൽ നിന്നുളവാകുന്ന ആനുകൂല്യങ്ങളും ഈലോകത്തിലേ ജീവിതത്തെ ശ്രേയസ്കരമാക്കുന്നതിനായി നിനക്കുപയോഗിക്കാം. മാത്രമല്ല, നിർജ്ഞാനതയുടെ മാഹാത്മ്യം അനന്തരജീവിതത്തിൽ നിനക്കു ലഭിക്കുകയും ചെയ്യും.

താൻ അത്യാഗ്രഹിയാണെന്നു് ആരും സമ്മതിച്ചു പറയുകയില്ലല്ലോ. അതെ, നികൃഷ്ടമായ ഈ മനഃസ്ഥിതിയെ എല്ലാവരും നിഷേധിക്കതന്നെ ചെയ്യും. "ഞങ്ങളുടെ സന്താനങ്ങളെ തീറ്റിപ്പോറ്റേണ്ടയോ? കുറച്ചെങ്കിലും പണം സമ്പാദിച്ചു ലോകത്തിൽ ഒരു നിലയുറപ്പിക്കേണ്ടതല്ലേ ബുദ്ധിപൂർവ്വകം?" എന്നും മറ്റും യുക്തിവാദംചെയ്തു തങ്ങളുടെ അനാശാസ്യമായ ധനതൃഷ്ണയെ സാധുകരിക്കാൻ ധനാസക്തന്മാർ ശ്രമിക്കുന്നു. അവർക്കു് അവശ്യത്തിലധികം ധനം ഒരിക്കലും ഉണ്ടായിരിക്കയില്ല. കൂടുതൽ കൂടുതലായി സമ്പാദിക്ക

ന്നതിനു മതിയായ കാരണങ്ങളും അവർ കണ്ടുപിടിച്ചുകൊള്ളും. ഒന്നാംതരം ലുബ്ധന്മാർപോലും തങ്ങൾ അമിതമായ ധനാശയുള്ളവരെന്നു സമ്മതിക്കുകയോ അപ്രകാരമുള്ളവരെന്നു മറുള്ളവർ പറഞ്ഞാൽ അതു വിശ്വസിക്കുകയോ ചെയ്യുകയില്ല. ജ്വരം ബാധിച്ചിരിക്കുന്ന ഒരു രോഗിക്കു പനി വർദ്ധിക്കുന്തോറും ചൂട് ക്രമേണ കുറയുന്നതായിട്ടാണല്ലോ അയാൾക്കനുഭവപ്പെടുക. ആകാശത്തിൽനിന്ന് അഗ്നി ഇറങ്ങി ഒരു മുപ്പട്ടർപ്പിന്മേൽ ജ്വലിക്കുന്നതു മൂശനിവ്യ ദർശിച്ചു. എന്നാൽ, ആ ചെടി അഗ്നിക്കിരയാകാതെ പൂർവ്വസ്ഥിതിയിൽത്തന്നെ പച്ചയായി സ്ഥിതി ചെയ്തിരുന്നു. ഇതുപോലെ ധനതൃഷ്ണയാകുന്ന അഗ്നി ലുബ്ധന്മാരെ വിഴുങ്ങുകയും അവരിൽ കത്തിയെരിയുകയും ചെയ്യുന്നു. എങ്കിലും, അവരെ കരിച്ചുകളയുന്നില്ല. അതിമോഹത്തിന്റെ ചൂട് അവരെ അസഹ്യപ്പെടുത്തുമ്പോൾ അതു ഹിതകരവും ശീതളവുമായിട്ടത്രേ അവർക്കനുഭവപ്പെടുന്നതു്. തങ്ങളുടെ ധനതൃഷ്ണ പ്രകൃത്യനുസരണവും അവകാശയോഗ്യവുമാണെന്നു വിചാരിച്ചു് അവർ സമാശ്വസിക്കുകയും ചെയ്യുന്നു.

നിനക്കില്ലാത്തവയെ അത്യധികം ഉൽകണ്ഠയോടേ ആഗ്രഹിച്ചു് അന്വേഷിക്കുന്നെങ്കിൽ, അനീതിപരമായി നീയതൊന്നും ഇഹിക്കുന്നില്ല എന്നുള്ള നിന്റെ ജല്പനം നിരർത്ഥകമല്ലയോ? അപ്പോൾ, നീ ധനാശയിൽനിന്നു വിമുക്തനാണെന്നു പറഞ്ഞുകൂടാ. വെള്ളം കുടിക്കുന്നതിന് ആർക്കെങ്കിലും അതിതീഷ്ണമായ ആഗ്രഹമുണ്ടാകുന്നുവെങ്കിൽ അതു പനിയുടെ ഒരു ലക്ഷണമാണല്ലോ.

അന്യവസ്തുവിനെ ആഗ്രഹിക്കുവാൻ നിനക്ക് എന്തവകാശമാണുള്ളതു്? അന്യനു നഷ്ടം വരുത്തിയിട്ടു നിനക്ക് ആദായമുണ്ടാക്കുവാനുള്ള ആഗ്രഹം അന്യായമല്ലയോ? ന്യായമായി അന്യന്റെ കൈവശമുള്ള ഒരു വസ്തുവിന് അയാൾക്കു

തന്നെയാണല്ലോ അവകാശം. അയാളുടെ സൗകര്യവും അവകാശവും ഭംഗപ്പെടുത്തുന്നതിനു നീ എന്തിനു ശ്രമിക്കുന്നു? ഒരുപക്ഷേ, നിന്റെ അഭിലാഷം അന്യായമല്ലായിരിക്കാം. എങ്കിലും, അതു് ഉപവിക്കു് വിരുദ്ധമാകാതിരിക്കുകയില്ല. എന്തുകൊണ്ടെന്നാൽ, ന്യായപൂർവ്വം നാം സൂക്ഷിക്കുന്ന ഒരു വസ്തു നീതിയോടുകൂടിത്തന്നെയും അപരൻ ആശിക്കുന്നതു നമുക്കു ഹിതമല്ലല്ലോ. നബോത്തിന്റെ മുന്തിരിത്തോട്ടം സ്വായത്തമാക്കുവാൻ ആഗ്രഹിച്ച അക്കാബിന്റെ പാപം ഇപ്രകാരമുള്ളതായിരുന്നു. അക്കാബ് ദീർഘകാലം പ്രസ്തുത അഭിലാഷത്തിൽ നിമഗ്നനായിരുന്നതുകൊണ്ടു് അയാൾ മൈവത്തെ അസന്തുഷ്ടിപ്പെടുത്തുകയത്രേ ചെയ്തതു്.

ഉടമസ്ഥൻ സമ്മതിക്കുന്നതിനു മുൻപു്, അയാളുടെ വസ്തു സ്വാധീനമാക്കാനുള്ള ശ്രമം നിഷിദ്ധമാണു്. അയാളുടെ അനുവാദത്തിനുശേഷം നിന്റെ അഭിലാഷം നീതിയുക്തമെന്നു മാത്രമല്ല, പരസ്നേഹപരവുമായിരിക്കും. ന്യായമായും ഉപവിയോടുകൂടിയുമുള്ള ധനസമ്പാദനം നിഷിദ്ധമാണെന്നല്ല ഞാൻ പറയുന്നതു്; പ്രത്യുത, വസ്തുക്കൾകളാൽ അതിയായി നീ ആകർഷിക്കപ്പെട്ടു്, അവയിൽ നിമഗ്നനാവുകയോ അവയെക്കുറിച്ചുള്ള വിചാരം നിന്റെ ഹൃദയത്തെ അസ്വസ്ഥമാക്കുകയോ, അവ നഷ്ടപ്പെട്ടേക്കുമോ എന്ന ഭയം നിന്നെ അകുലപ്പെടുത്തുകയോ ചെയ്യുന്നവെങ്കിൽ ധനതൃഷ്ണയാകുന്ന ജ്വരം നിന്നെ ബാധിച്ചിട്ടുണ്ടെന്നു നീ ഗ്രഹിക്കണമെന്നേ ഞാൻ ആഗ്രഹിക്കുന്നുള്ളൂ. മേൽപ്രസ്താവിച്ചപോലെ, അസാധാരണമായ ആസക്തിയോടും ആശയോടുംകൂടെയാണല്ലോ പനിയുള്ളവർ ജലപാനം ചെയ്യുന്നതു്. നമുക്കു പ്രീതികരമല്ലാത്ത യാതൊന്നിലും അത്യാനന്ദം അനുഭവിക്കുവാൻ സാധിക്കുന്നതല്ലതന്നെ.

വസ്തുനാശം ഭവിക്കുമ്പോൾ നീ അതിയായി ക്ഷോഭിക്കുന്നുവെങ്കിൽ, നിനക്കു് അതിനോടു് അമിതമായ മമത ഉണ്ടായി

രുന്നുവെന്ന് അനുമിക്കാവുന്നതാണ്. എന്തുകൊണ്ടെന്നാൽ, ഒരു സാധനം നഷ്ടപ്പെട്ടുമ്പോഴാണ്| അതിനോട്ട നമുക്കുള്ള സ്നേഹം കൂടുതലായി പ്രത്യക്ഷമാകുന്നത്.

സംക്ഷിപ്തമായിപ്പറയുന്നപക്ഷം, പരധനം കൈവശമാക്കണമെന്ന് ആശിക്കുകയോ സ്വന്ത ധനത്തിൽ ഹൃദയം നിക്ഷേപിക്കുകയോ കാലവിശേഷത്താൽ സംഭവിക്കുന്ന ധനനാശത്തിൽ അമിതമായി അസ്വസ്ഥനാവുകയോ ചെയ്യരുത്. ഈ ഉപദേശമനുസരിച്ചു ജീവിക്കുന്നതായാൽ, നീ യഥാർത്ഥത്തിൽ ധനികനായിരുന്നാൽത്തന്നെയും, മാനസികമായി ദരിദ്രനായിരിക്കും. അരുപിയിൽ ദാരിദ്ര്യം അനുഭവിക്കുന്നതുകൊണ്ട്, നീ അനുഗ്രഹീതനും സ്വർഗ്ഗരാജ്യത്തിന് അവകാശിയുമാകുന്നുവെന്നു നിനക്കു സമാശ്വസിക്കുകയും ചെയ്യാം.



പതിനഞ്ചാം അധ്യായം

സമ്പന്നൻ യഥാർത്ഥ ദാരിദ്ര്യം പരിശീലിക്കേണ്ടതു് എങ്ങനെ?

ഫാരസിയസ് എന്നാ ചിത്രകാരൻ പരസ്പരവിരുദ്ധങ്ങളായ സ്വഭാവവിശേഷങ്ങളോടുകൂടെ ഏതൻസ് നിവാസികളെ ചിത്രിച്ചിട്ടുണ്ട്. കോപിഷ്ടരും, ആർദ്രചിത്തരും, അഹങ്കാരികളും, വിനീതരുമായി വിവിധസ്വഭാവമുള്ളവരെ ഒരേകചിത്രംകൊണ്ടു് അദ്ദേഹം പ്രദർശിപ്പിക്കുന്നു. ഇപ്രകാരം, ധനത്തോടുള്ള പ്രീതിയും അപ്രീതിയും പ്രാപഞ്ചികകാര്യങ്ങളിലുള്ള ശ്രദ്ധാകാന്തിയും അവയോടുള്ള അത്യധികമായ വിദ്വേഷവും ഏകകാലത്തു നിനക്കുണ്ടായിരിക്കേണ്ടതാണ്.

നിന്റെ ധനം ധാർമ്മികകാര്യങ്ങൾക്കായി വേണ്ടപോ

ലെ വിനിയോഗിക്കുക. ഈ സംഗതിയിൽ ലൗകായതിക രെക്കാൾ ശ്രദ്ധ നിനക്കുണ്ടായിരിക്കേണ്ടതല്ലയോ? രാജാ വിന്റെ ഉദ്യാനപാലകൻ സ്വന്തം തോട്ടത്തിൽ എന്ന തിനെക്കാൾ ശ്രദ്ധയോടേ രാജാവിന്റെ ആരാമത്തിൽ മ നോഹരങ്ങളായ പൂച്ചെടികളും മറ്റും വിചിത്രരീതിയിൽ നട്ടുപിടിപ്പിക്കുന്നു. രാജാവിനെ യോഗ്യമായവിധം സേവി ച്ചു പ്രസാദിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നതുകൊണ്ടാണ് അയാൾ ഇപ്രകാരം ചെയ്യുന്നത്. നമുക്കധീനമായ സ മ്പത്തു നമ്മുടേതല്ല; സൂക്ഷിക്കുകയും വേണ്ടവിധം വർദ്ധി പ്പിക്കുകയും ചെയ്യുന്നതിനായി ദൈവം നമുക്കു തന്ന തത്രേ അതു്. അതുപയോഗിച്ചു ഫലസമൃദ്ധമാക്കണമെന്നു ദൈവം നമ്മോടാവശ്യപ്പെടുന്നു. തന്മൂലം, വേണ്ടത്ര ശ്രദ്ധ യോടേ ഈ വസ്തുക്കൾ കൈകാര്യം ചെയ്യുന്നതു് അഭിലഷ ണീയമായ ഒരു ദൈവസേവനമായിരിക്കും. നമ്മുടെ ഈ ഔൽസുക്യവും മറ്റും പ്രാപഞ്ചികന്മാരുടേതിനെക്കാൾ മഹ ത്തരവും യഥാർത്ഥവുമായിരിക്കണം. എന്തുകൊണ്ടെന്നാൽ, അവരുടെ പ്രയത്നങ്ങളുടെ അടിസ്ഥാനം സ്വാർത്ഥസ്നേഹമാ ണു്; നമ്മുടെ പ്രവൃത്തികളുടേതാകട്ടെ, ദൈവസ്നേഹവുമത്രേ. അസ്വാസ്ഥ്യം, ക്ഷോഭം മുതലായവയെ ഉളവാക്കുന്ന ഒന്നാ കുന്നു സ്വാർത്ഥസ്നേഹം. ഏതൽകാരണത്താൽത്തന്നെ, അ തിനായുള്ള നമ്മുടെ പ്രയത്നങ്ങൾ അസ്വസ്ഥങ്ങളും ആശങ്കാ ജനകങ്ങളും ആയിരിക്കും. ദൈവസ്നേഹമോ എന്നാൽ, പ്രശാ ന്തവും സമാധാനപരവുമാണു്. ലൗകികവസ്തുക്കൾക്കായുള്ള അദ്ധ്വാനം ദൈവസ്നേഹത്താൽ പ്രേരിതമായതെങ്കിൽ, ശാ ന്തവും സൗമ്യവുമാകാനേ തരമുള്ളൂ. അതിനാൽ, ധനം വേണ്ട വിധം നമുക്കു സൂക്ഷിക്കാം. നമ്മുടെ ജീവിതാവസ്ഥയ്ക്കനുരൂ പമായ ധനാഗമമാർഗ്ഗങ്ങൾ സ്വീകരിക്കയും ചെയ്യാം. എന്തു കൊണ്ടെന്നാൽ, ഈദൃശകാര്യങ്ങളിൽ പരിശുദ്ധമായ ഉദ്ദേ ശ്യം നമുക്കുണ്ടായിരിക്കണമെന്നേ ദൈവം ആവശ്യപ്പെടുന്നു

ള്ള. ദൈവസ്നേഹത്തെപ്രതി എന്ന ഭാവത്തിൽ സഹോദരന്റെ ഉത്തിനായി ധനം സമ്പാദിക്കാതിരിപ്പാൻ നീ പ്രത്യേകം സൂക്ഷിക്കണം. സഹസ്നേഹം ചിലപ്പോൾ ദൈവസ്നേഹത്തിന്റെ രൂപത്തിൽ അതിസമർത്ഥമായി പ്രത്യക്ഷപ്പെട്ട നിന്നെ വഞ്ചിച്ചേക്കും. ഈ വിപത്തിലുൾപ്പെടാതിരിക്കുന്നതിനും, ക്രൈവസ്തുക്കളിലുള്ള ശ്രദ്ധയും സൂക്ഷ്മവും അത്യാഗ്രഹമായി പകരാതിരിക്കുന്നതിനുംവേണ്ടി മുന്നദ്ധ്യായത്തിൽ നിർദ്ദേശിച്ചിരിക്കുന്ന കാര്യങ്ങളെ നീ നന്നായി പഠിക്കുക. ഇതിനു പുറമേ, നിന്റെ സമ്പൽസമൃദ്ധിയിൽ അനുഷ്ഠിക്കാവുന്ന യഥാർത്ഥദാരിദ്ര്യം പ്രായോഗികമാക്കുന്നതിനു പരിശീലിക്കുന്നതും ഉത്തമമായിരിക്കും.

നിന്റെ ധനത്തിന്റെ ഒരു ഭാഗം ഭിക്ഷുക്കൾക്കായി സസന്തോഷം നീ വിനിയോഗിക്കുക. എത്രയധികം ദാനം ചെയ്യുന്നുവോ അത്ര അധികം നീ സമ്പന്നനാവുകയത്രേ ചെയ്യുന്നത്. ഇപ്രകാരം, ദാനംചെയ്യുന്ന ധനം ഈലോകത്തിലും അനന്തരജീവിതത്തിലും ദൈവം നിനക്കു പലിശയോടുകൂടെ തിരിയെത്തരാതിരിക്കയില്ല. അതിനാൽ, ദാനംചെയ്യുന്നതുപോലെ ശ്രേയസ്കരമായ മറ്റു പ്രവൃത്തികൾ ഒന്നുംതന്നെയില്ല. ധർമ്മം ചെയ്യുകമൂലം ഇഹത്തിൽ നീ ദരിദ്രനായെങ്കിൽ അതു് എത്ര വിശിഷ്ടം! എത്ര അഭിലഷണീയം!!

ദാരിദ്ര്യത്തെയും ദരിദ്രരേയും നീ സ്നേഹിക്കണം. ഏതു വസ്തുക്കളെ നാം സ്നേഹിക്കുന്നുവോ അവയോടു നാം സദൃശരായിത്തീരുന്നുവെന്നു വി. ലിഖിതം പ്രഘോഷിക്കുന്നു. ദാരിദ്ര്യത്തോടുള്ള സ്നേഹം നമ്മെ യഥാർത്ഥത്തിൽ ദരിദ്രരാക്കാതിരിക്കുകയില്ല. സ്നേഹം സ്നേഹിതന്മാരെ സമന്മാരാക്കുന്നു. "ഏതു ദുർബ്ബലനോടുകൂടിയാണു ഞാനും ദുർബ്ബലനാകാത്തതു?" എന്നല്ലയോ വി. അപ്പസ്തോലൻ ചോദിക്കുന്നതു? ഇപ്രകാരംതന്നെ, ഏതു ദരിദ്രനോടുകൂടിയാണു ഞാനും ദരിദ്രനാകാത്തതു് എന്നും അദ്ദേഹം പറഞ്ഞിട്ടുണ്ടു

യിരിക്കണം. സ്നേഹം, ആ പ്രേഷിതവര്യനെ താൻ സ്നേഹിക്കുന്നവരോടു തുല്യനാക്കി. നിർജ്ജനരെ നീ വാസ്തവത്തിൽ സ്നേഹിക്കുന്നുണ്ടെങ്കിൽ അവരോടുകൂടെ നീയും നിഷ്കനനായിത്തീരും. പലപ്പോഴും അവരുടെ പക്കൽ പോവുകയും അവർ നിന്നെറ ചുറും സഞ്ചരിക്കുന്നതിൽ സന്തോഷിക്കുകയും ചെയ്യുന്നതു് അവരോടുള്ള നിന്നെറ സ്നേഹത്തിന്നെറ ഉത്തമലക്ഷണംതന്നെ. അവരെ സന്ദർശിച്ചു സൗഹാർദ്ദപൂർവ്വം അവരോടു സംസാരിക്കുകയും പള്ളികളിലും പട്ടണങ്ങളിലും എന്നുവേണ്ടാ, എല്ലാ സ്ഥലത്തും അവരോടു് ഇടപെടുകയും ചെയ്യുക. സുഹൃത്തുക്കളോടെന്നപോലെ വിനയത്തോടും സ്നേഹത്തോടുംകൂടെ അവരോടു പെരുമാറുകയും അതേസമയംതന്നെ നിന്നെറ സുഭിക്ഷതയിൽനിന്നു ലോഭംകൂടാതെ അവർക്കു ദാനംചെയ്യുകയും വേണം.

സാധുക്കൾക്കു തുല്യം നിഷ്കനനാകുന്നതുകൊണ്ടുമാത്രം നീ സംതൃപ്തനാകരുതു്; അവരെക്കാൾ നിന്നെത്തന്നെ നീ ദരിദ്രനാക്കണം. ഒരു ഭൃത്യൻ യജമാനനെക്കാൾ ദരിദ്രനല്ലയോ? അതിനാൽ, സാധുപരിചരണംകൂടെയും നീ കയ്യേറുകൊള്ളുക. സ്വന്തം കൈകൊണ്ടുതന്നെ രോഗശയ്യയിൽ അവരെ നീ ശുശ്രൂഷിച്ചാലും! നിന്നെറ പണംകൊണ്ടു് ആഹാരസാധനങ്ങളും വാങ്ങി നീ തന്നെ പാകപ്പെടുത്തി അവർക്കു നല്കണം. ഇതുപോലെയുള്ള മറുതോസ്യ വേലകളും ചെയ്യുന്നതും അഭിലഷണീയമാണു്. ഹാ! ഈ സേവനം രാജപദവിയെക്കാൾ എത്ര ശ്രേഷ്ഠതരം!

ഇതഃപര്യന്തം ഭൂമുഖത്തു് ഉണ്ടായിട്ടുള്ള പ്രമുഖന്മാരായ രാജാക്കന്മാരിൽ ഒരുവനായ വി. ലൂയീസ് പരസ്നേഹത്തിൽ പ്രദർശിപ്പിച്ചിരുന്ന ജാഗ്രുകത എത്ര അവർണ്ണനീയം! മഹാനായ ഈ രാജാവിന്നെറ മഹാമനസ്കത എല്ലാ വശങ്ങളിലും പ്രശോഭിച്ചിരുന്നു. തന്നെറ പ്രത്യേകപരിര

ക്ഷണത്തിൽ ആയിരുന്ന അഗതികൾക്ക് അദ്ദേഹംതന്നെയാണു ക്ഷേണം വിളമ്പിക്കൊടുത്തിരുന്നതു്. അവരുടെ ഉച്ഛിഷ്ടം ഭക്ഷിക്കുന്നതിൽ അദ്ദേഹത്തിനുണ്ടായിരുന്ന സന്തോഷവും സംതൃപ്തിയും വിസ്മയാവഹംതന്നെ. താൻ രോഗാലയങ്ങൾ സന്ദർശിക്കുമ്പോൾ കുഷ്ഠം, കവിൾവാർപ്പു് മുതലായി അതിഭയങ്കരങ്ങളായ രോഗങ്ങൾ പിടിപെട്ടിരുന്നവരെയാണു് അദ്ദേഹം ശുശ്രൂഷിച്ചിരുന്നതു്. നമ്രശിരസ്സനായി മുട്ടുകുത്തിനിന്നു രോഗികളെ ശുശ്രൂഷിച്ചുകൊണ്ടിരുന്നപ്പോൾ, ലോകരക്ഷകനായ യേശുവിനെത്തന്നെ അദ്ദേഹം അവരിൽ ദർശിച്ചു. പുത്രവത്സലയായ ഒരു മാതാവിനു തന്റെ പ്രിയശിശുവിനോടുള്ള മൂലമായ സ്നേഹംതന്നെയാണു പ്രസൂതാവസരങ്ങളിൽ അദ്ദേഹത്തിന്റെ ഹൃദയാന്തർഭാഗത്തു കൂടികൊണ്ടിരുന്നതു്.

ഹംഗറിയിലെ രാജ്ഞിയായ വി. എലിസബത്തും അതീവസന്തോഷത്തോടെ ദരിദ്രരോടു സഹവാസം ചെയ്തിരുന്നു. വെറും ഒരു കൃഷീവലകന്യകയുടെ വേഷംധരിച്ചുകൊണ്ടു് "ഞാൻ ഒരു നിഷ്കനയായിരുന്നുവെങ്കിൽ ഇപ്രകാരം വസ്ത്രധാരണം ചെയ്യുമായിരുന്നു" എന്നു് അവർ സഖിമാരോടു പറയുക പതിവായിരുന്നു. കണ്ടാലും! വി. മൂയീസും വി. എലിസബത്തും അവരുടെ സമ്പൽസമൃദ്ധിയിൽ ദരിദ്രരും മാനസികദാരിദ്ര്യത്തിൽ സമൃദ്ധരും ആയിരുന്നില്ലയോ? ആത്മീയദാരിദ്ര്യം അനുഭവിക്കുന്നവർ സാക്ഷാൽ ഭാഗ്യവാന്മാർതന്നെ; സ്വർഗ്ഗരാജ്യം അവരുടേതാണു്. "ഞാൻ വിശപ്പുകൊണ്ടു വലഞ്ഞപ്പോൾ നിങ്ങൾ എനിക്കു ഭക്ഷണം തന്നു; നഗ്നനായിരിക്കയിൽ നിങ്ങൾ എനിക്കു വസ്ത്രം നല്കി. അതിനാൽ, അനുഗൃഹീതരേ, വരുവിൻ; ലോകാരംഭംമുതൽ നിങ്ങൾക്കായി തയ്യാറാക്കിയിരിക്കുന്ന രാജ്യത്തെ നിങ്ങൾ കരസ്ഥമാക്കിയാലും!" എന്ന വാക്യങ്ങൾ അവസാനവിധിദിവസം ദരിദ്രരോടേയും രാജാക്കന്മാരോടേയും രാജൻ അരുൾചെയ്യുന്നതു മേൽപ്പറഞ്ഞവരോടായിരിക്കും.

കുറെയെല്ലാം വിഷമങ്ങളും അസൗകര്യങ്ങളും അനുഭവിക്കാത്തതായി ആരാണുള്ളത്? മാന്യനായ ഒരു അതിഥിയെ ഔചിത്യപൂർവം സൽകരിക്കുന്നതിനു ചിലപ്പോൾ നിനക്കു സാധിച്ചില്ലെന്നു വന്നേക്കാം. ആവശ്യമുള്ള വസ്ത്രാഭരണങ്ങളും നിനക്കു ലഭിച്ചില്ലെന്നും വരാം. ഭദ്രമായി സൂക്ഷിച്ചിരിക്കുന്ന ഭക്ഷണസാധനങ്ങളും മുഴുവനും ചിലപ്പോൾ ഉപയോഗശൂന്യമായിത്തീരാവുന്നതുമാണ്. അകസ്മികമായ ഒരു യാത്രയിൽ പതിവുപോലെയുള്ള സുഖസൗകര്യാദികളും ഒന്നുംതന്നെ കിട്ടിയില്ലെന്നും വന്നേക്കാം. നീ എത്രതന്നെ ധനികനായാലും ഈവക വിഷമതകളും കുറവുകളും നിനക്കുണ്ടാകാതിരിക്കയില്ല. അവയെ സമചിത്തതയോടെ സഹിക്കുകയാണു വേണ്ടതു്.

നിസ്സാരമായ വിഷമങ്ങളേയും സ്വല്പം സഹാനുഭൂതിയുമുള്ളി സഹിക്കുകയും ക്ഷമാപൂർവം അവയെ സഹിക്കുകയും ചെയ്യണം. അഗ്നിബാധ, അതിവർഷം, മോഷണം, വ്യവഹാരം ഇവമൂലമോ, മറേറതെങ്കിലും കാരണത്താലോ അവിചാരിതമായി ധനനാശമുണ്ടാകുമ്പോൾ ശാന്തമായി അവയെ സഹിച്ചുകൊണ്ടു ദാരിദ്ര്യം പരിശീലിക്കുക. ഇസഹാക്കിന്റെ അനുഗ്രഹാശിസ്സുകൾ അപേക്ഷിക്കുന്നതിനു് അദ്ദേഹത്തെ സമീപിച്ച ഏസാവിന്റെയും യാക്കോബിന്റെയും കൈകളും രോമങ്ങളുംകൊണ്ടു മൂടപ്പെട്ടിരുന്നല്ലോ. എന്നാൽ, യാക്കോബിന്റേതു കൃത്രിമമായിരുന്നതിനാൽ അയാൾക്കു യാതൊരു പഴവും നേരിടാതെ അതിനെ മാററിക്കളയാമായിരുന്നു. ഏസാവിന്റേതാകട്ടെ, പ്രകൃത്യാ ഉള്ളതായിരുന്നതുനിമിത്തം വേദനകൂടാതെ അവയെ പറിച്ചുകളയുക സാധ്യമായിരുന്നില്ല. ഇതുപോലെതന്നെയാകുന്നു ധനികന്മാരുടെ സ്ഥിതിയും. പ്രാപഞ്ചികവസ്തുക്കൾ മനുഷ്യഹൃദയത്തിൽ ദൃഢമായി വേരുറച്ചിട്ടുള്ളപ്പോൾ, കാലവിശേഷത്താലോ അന്യായപ്രവൃത്തികൾമൂലമോ അവയിൽ ഒരംശമെങ്കിലും നഷ്ടപ്പെട്ടാൽ

അസഹനീയമായ ക്ഷോഭത്തിനും ദുർവഹമായ വ്യസനത്തിനും അതു കാരണമാകുന്നു. സ്വാർത്ഥലാഭത്തിനുതകുന്നതുകൊണ്ടല്ല, പ്രത്യുത, ദൈവദത്തമായിരിക്കുന്നതുകൊണ്ടുമാത്രമാണു ഭൗതികവസ്തുക്കളിൽ നാം ശ്രദ്ധാലുക്കളായിരിക്കേണ്ടതു്. അങ്ങനെയെങ്കിൽ, അവയുടെ നാശം നമ്മുടെ സമാധാനത്തെയോ സന്തോഷത്തെയോ നഷ്ടമാക്കുകയില്ല. ഇപ്രകാരംതന്നെയാണു മനുഷ്യരുടേയും മൃഗങ്ങളുടേയും വേഷഭൂഷണങ്ങൾ തമ്മിലുള്ള അന്തരവും. മൃഗങ്ങളുടെ പ്രകൃതിദത്തമായ വസ്ത്രം അവരുടെ ശരീരത്തിൽനിന്നു് അവിഭാജ്യമായി സ്ഥിതിചെയ്യുന്നു. മനുഷ്യനേറെതാകട്ടെ, ഹിതാനുസരണം ധരിക്കുകയും അഴിച്ചുമാറുകയും ചെയ്യത്തക്കവണ്ണം ദേഹത്തിൽ അണിയുകമാത്രമേ ചെയ്യുന്നുള്ളു.



പതിനാറാം അധ്യായം

യഥാർത്ഥമായ ദാരിദ്ര്യത്തിൽ ആത്മീയധനം സമ്പാദിക്കേണ്ടതെങ്ങനെ?

ആവശ്യങ്ങൾക്കുവേണ്ട പണമില്ലാതെ ദാരിദ്ര്യമനുഭവിക്കുമ്പോൾ മാനസികമായും നീ നിർജ്ജനനായിരിക്കട്ടെ. ഈ നിലനിൽപതയിൽ നീ ചെയ്യുന്ന പ്രവൃത്തികളും സഹിക്കുന്ന പീഡകളുംമൂലം നിനക്കു പുണ്യം സമ്പാദിക്കാവുന്നതാണു്. ദാരിദ്ര്യമാകുന്ന അമൂല്യരത്നത്തെ അതിനർഹമായവിധം വിലമതിക്കുവാൻ നീ പഠിക്കുക. അതിന്റെ ശോഭ ലോകത്തിൽ സ്പഷ്ടമായി പ്രകാശിക്കുന്നില്ല. വാസ്തവത്തിൽ അതു് അതിമാത്രം മനോഹരംതന്നെ.

നീ ദരിദ്രനെങ്കിൽ അതുകൊണ്ടു നിരാശപ്പെടേണ്ടാ. ഈ

ക്കാര്യത്തിൽ നിന്റെ അനുകരണത്തിന്നായി അനേകം മ
ഹാത്മാക്കളുണ്ട്. നമ്മുടെ സ്നേഹനാഥനും അവിടുത്തേ പരി
ശുദ്ധമാതാവും അപ്പസ്തോലന്മാരും മറ്റനേകം പുണ്യാത്മാ
ക്കളും നിർജ്ജനരല്ലായിരുന്നുവോ? തങ്ങൾക്കു നിഷ്പ്രയാസം
ഉപയോഗിക്കാമായിരുന്ന സമ്പത്തിനെ ഇവരിൽ ചിലർ പ
രിത്യജിക്കുകകൂടെ ചെയ്തിട്ടുണ്ട്. ഹാ! പരിശുദ്ധമായ നിർജ്ജ
നതയെ സ്വീകരിച്ചാശ്ലേഷിക്കുന്നതിനുവേണ്ടി ആശ്രമങ്ങ
ളിലും സാധുമന്ദിരങ്ങളിലും സസന്തോഷം പ്രവേശിച്ചിട്ടുള്ള
വർ എത്ര! വി. അലേക്സിസ്, വി. പാവുളാ, വി. പൗളീനോ
സ്, വി. അഞ്ചലാ എന്നു തുടങ്ങിയവർ ദാരിദ്ര്യത്തെ മന
സാ ആരാഞ്ഞാലിംഗനം ചെയ്തവരാണ്. ദരിദ്രനായ നിന
ക്കാകട്ടെ, ഇത്രപോലുള്ള ബലപ്പാടൊന്നും കൂടാതെതന്നെ
ദാരിദ്ര്യം കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. നിർജ്ജനനായി
ജനിച്ചു, നിർജ്ജനനായി ജീവിച്ചു, നിർജ്ജനനായിത്തന്നെ
ജീവത്യാഗംചെയ്ത നമ്മുടെ സ്നേഹനാഥന്റെ സ്നേഹഭാജനമാ
യ ദാരിദ്ര്യത്തെ നീയും സന്തോഷപൂർവ്വം ആശ്ലേഷിക്കുക. അ
തെ, ദാരിദ്ര്യംതന്നെയായിരുന്ന ആജീവനാന്തം തന്റെ ഉപ
മാതാവായി അദ്ദേഹം സ്വീകരിച്ചിരുന്നതും. നിന്റെ നില്പ്
നതയ്ക്ക് അഭിലഷണീയമായ രണ്ടു ഗുണങ്ങളുണ്ട്. ഇവവഴി,
ദാരിദ്ര്യത്തിന്റെ യോഗ്യതയെ പരിപൂർണ്ണമായി നിനക്കു
സ്വീകരിക്കുവാൻ കഴിയുന്നതാണ്. ദരിദ്രനായിരിക്കണമെ
ന്നതു നിന്റെ സ്വതന്ത്രാഭിലാഷമല്ല; പ്രത്യുത, നിന്റെ സ
ഹകരണംകൂടാതെയുള്ള ദൈവോദ്ദിഷ്ടമാണ്. ഇതത്രേ നി
ന്റെ ദാരിദ്ര്യത്തിന്റെ പ്രഥമമായ ഗുണം. ദൈവഭക്തമായ
തിനെ, അദ്ദേഹത്തിന്റെ തിരുമനസ്സിനോടുള്ള സ്നേഹത്തെ
പ്രതി സന്തോഷത്തോടേ സ്വീകരിക്കുന്നുവെങ്കിൽ അതു
ദൈവത്തിനു വളരെ ആനന്ദമുളവാക്കുന്നതാണ്. സ്വാർത്ഥ
പരമായ ഉദ്ദേശ്യങ്ങളും കുറയുന്തോറും നിന്റെ പ്രവൃത്തി
ദൈവത്തെ കൂടുതൽ കൂടുതൽ സംതൃപ്തിപ്പെടുത്തുകതന്നെ

ചെയ്യും. ദൈവഹിതത്തോടുള്ള നിഷ്കളങ്കവും പരിപൂർണ്ണവുമായ വിധേയത്വം നമ്മുടെ ക്ലേശങ്ങളെ പരിശുദ്ധവും യോഗ്യതാർഹവും ആക്കിത്തീർക്കുന്നു.

നിന്റെ ദാരിദ്ര്യം യഥാർത്ഥമാണെന്നുള്ളതാണ് അതിന്റെ രണ്ടാമത്തെ ഗുണം. ദാരിദ്ര്യംനിമിത്തം സ്തുതിയും ബഹുമാനവും പ്രശംസയും ആനന്ദവും ലഭിക്കുമ്പോൾ അതു സമ്പൽസമൃദ്ധിക്കു തുല്യമായിത്തീരുകയത്രേ ചെയ്യുന്നതു്. കുറഞ്ഞപക്ഷം, അതു യഥാർത്ഥ ദാരിദ്ര്യമായിരിക്കയില്ല. എന്നാൽ, ദാരിദ്ര്യംമൂലം നിന്ദനങ്ങളും ശകാരങ്ങളും അനുഭവിച്ചു പരിതപിക്കുകയായിത്തീരുമ്പോഴാകുന്നു വാസ്തവത്തിൽ നാം ദരിദ്രരായി ഭവിക്കുന്നതു്. ഈ വിധം യഥാർത്ഥമാണു സന്യാസികളുടെ ദാരിദ്ര്യം. സാധാരണമായി തങ്ങളുടെ സമ്മതംകൂടാതെതന്നെയാകുന്നു ദാരിദ്ര്യപീഡ അനുഭവിക്കുന്നതു്. തൽഫലമായി, ലോകം അവരെ അവഗണിക്കുന്നു. ഇക്കാരണത്താൽത്തന്നെ ഇക്കൂട്ടരുടെ ദാരിദ്ര്യം സ്വീകരിച്ചു പരിത്യജിച്ചു് ആശ്രമങ്ങളിൽ വസിക്കുന്ന സന്യാസികളുടേതിനെക്കാൾ കൂടുതൽ യഥാർത്ഥവും ശ്രേഷ്ഠവുമല്ല. അടർശുദ്ധിയുടേയും ഭദ്രവ്രതത്തിന്റേയും മാഹാത്മ്യത്താൽ പ്രസ്തുത സന്യാസികളുടെ ദാരിദ്ര്യം വളരെ യോഗ്യതയുള്ളതാണു്. അതിനാൽ, നിർജ്ജനതയെക്കുറിച്ചു നീ അശേഷം ദുഃഖിക്കരുതു്. ഹിതമല്ലാത്തതിനെപ്പറ്റിയാണല്ലോ നാം സാധാരണമായി അവലാതിപ്പെടുക. ദാരിദ്ര്യം നിന്നെ അസന്തുഷ്ടനാക്കുന്നുവെങ്കിൽ നീ അരൂപിയിൽ ദരിദ്രനല്ല; നേരേമറിച്ചു്, നിന്റെ ഹൃദയം ധനമോഹത്തിന്നധീനമായിരിക്കും.

നിർജ്ജനതനിമിത്തം നിന്റെ അവശ്യങ്ങളൊന്നും നടക്കുന്നില്ലെന്നു വിചാരിച്ചു നീ അസ്വസ്ഥനാകരുതു്. അസംഭാവ്യങ്ങളൊന്നും അനുഭവിക്കാതെ ദരിദ്രനായിരിക്കണമെന്നു അഭിലാഷം അതിമോഹമായിരിക്കും. എന്തുകൊണ്ടെന്നാൽ,

ദാരിദ്ര്യത്തിന്റെ യോഗ്യതയും ധനം മൂലമുള്ള സുഖസൗകര്യാദികളും നീ ഒരുപോലെ ഇച്ഛിക്കുന്നു. നിർലജ്ജനാകുന്നതിനെന്നപോലെ പരസ്നേഹത്തെപ്രതി ഭിക്ഷാടനം ചെയ്യുന്നതിനും നീ ഒരിക്കലും ലജ്ജിക്കരുതു്. അന്യരുടെ ദാനങ്ങളും സവിനയം സ്വീകരിക്കുകയും അവരുടെ നിരസനങ്ങളും ശാന്തമായി സഹിക്കുകയും ചെയ്യണം. പരിശുദ്ധ മറിയം സ്വശിശുവിനെ വഹിച്ചുകൊണ്ടു മെസ്രേനിലേയ്ക്കു ചെയ്ത ക്ലേശപൂർണ്ണമായ യാത്രയും അവർ സഹിച്ച പീഡകളും അവമാനങ്ങളും സങ്കടങ്ങളും ദാരിദ്ര്യവും നീ അവധാനപൂർവ്വം വിചിന്തനം ചെയ്യുക. പ്രിയ സുഹൃത്തേ, മേൽപ്രസ്താവിച്ച വിധം ജീവിക്കുന്നുവെങ്കിൽ നിർജ്ഞനതയിൽ നിനക്കു ധനവാനായിത്തീരാവുന്നതാണു്.



പതിനേഴാം അധ്യായം

അശ്ലീലവും അനൗചിത്യകവുമായ മൈത്രി

സ്നേഹമാണു ഹൃദയത്തിന്റെ വികാരങ്ങളിൽ ഏറ്റവും പ്രധാനമായിട്ടുള്ളതു്. അതുതന്നെയാണു് ഹൃദയത്തിന്റെ പ്രചോദനങ്ങളിൽവച്ചു ശ്രേഷ്ഠമായിട്ടുള്ളതും. മറ്റെല്ലാറ്റിനേയും സ്നേഹം ആകർഷിക്കുകയും, സ്നേഹവിഷയത്തോടു നമ്മെ തുല്യരാക്കുകയും ചെയ്യുന്നു. അതിനാൽ ദുഷ്ടമായ യാതൊന്നിനേയും ഒരിക്കലും സ്നേഹിക്കരുതു്. എന്തുകൊണ്ടെന്നാൽ, നീയും ദുഷിച്ചുപോയേക്കും. മിത്രത്വം ഏറ്റവും അപൽക്കരമായ സ്നേഹമാണു്. എന്തുകൊണ്ടെന്നാൽ, മറ്റു മമതകളും പരസ്പരസംസർഗ്ഗം കൂടാതെ നിലനിന്നുവെന്നുവരാം. എന്നാൽ, മൈത്രി തീർത്തും പരസ്പരസംസർഗ്ഗത്തിൽ അധിഷ്ഠിതമായിരിക്കയാൽ, തന്റെ മിത്രത്തിന്റെ ഗുണദോഷങ്ങളിൽ

ഭാഗഭോക്താകാതെ നിഷ്പക്ഷമായിരിപ്പാൻ ഒരുവനും സാധ്യമല്ല. മിത്രത്വം അപകടകരമാണെന്നു ഞാൻ പറഞ്ഞതിന്റെ കാരണവും ഇതുതന്നെ.

എല്ലാസ്നേഹവും മൈത്രിയല്ല. നീ ഒരുവനെ സ്നേഹിക്കുന്നുണ്ടെങ്കിലും, അയാൾ നിന്നോടു പ്രതിസ്നേഹം പ്രദർശിപ്പിക്കുന്നില്ലെങ്കിൽ, ഇതിന്റെ കാരണം നിങ്ങൾതമ്മിൽ മൈത്രീബന്ധം ഇല്ല എന്നതുതന്നെ. തന്മൂലം അന്യോന്യം സ്നേഹമില്ലെങ്കിൽ അവിടെ മൈത്രിയുമില്ലായിരിക്കും. സ്നേഹം പരസ്പരമുണ്ടായിരിക്കണമെന്നു മാത്രമല്ല, അതു സ്നേഹിതന്മാർ അറിയുകയും വേണം. പ്രസ്തുത അറിവിന്റെ അഭാവത്തിലും സ്നേഹം മാത്രമല്ലാതെ മൈത്രീബന്ധം സ്ഥിതിചെയ്യുന്നില്ല. ഇതിനും പുറമേ അവർ തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനമെന്നോണം ചില സംസർഗ്ഗങ്ങളും പരസ്പരം ഉണ്ടായിരിക്കണം. ഈ സംസർഗ്ഗങ്ങളുടെ വൈവിധ്യമനുസരിച്ച് മിത്രബന്ധങ്ങളും വ്യത്യസ്തങ്ങളായിത്തീരുന്നു. സ്നേഹിതന്മാർക്കു പരസ്പരം ലഭിക്കുന്ന ഗുണാഗുണങ്ങളുടെ ക്രൂടതൽകുറവനുസരിച്ച് ഈ വ്യത്യാസം പരിപൂർണ്ണമാകുകയും ചെയ്യുന്നു. സ്നേഹിതരിൽനിന്നു ലഭിക്കുന്ന ഗുണങ്ങളും വ്യർത്ഥങ്ങളും കൃത്രിമങ്ങളുമാണെങ്കിൽ ആ സ്നേഹബന്ധവും സംശയംവിനാ വ്യർത്ഥവും കപടവുമാകാനേ തരമുള്ളൂ. നേരമറിച്ച്, അവ യഥാർത്ഥവും പരിശുദ്ധവുമാണെങ്കിൽ, പ്രസ്തുതബന്ധവും അങ്ങനെയുള്ളതായിരിക്കും. മറുവിധത്തിൽ പറയുന്നപക്ഷം, പരസ്പരം ലഭിക്കുന്ന ഗുണങ്ങളുടെ ശ്രേഷ്ഠതയെ ആശ്രയിച്ചിരിക്കുന്നതു്. വിശിഷ്ട പുഷ്പങ്ങളിൽനിന്നു ശേഖരിക്കുന്ന മധു മറ്റുള്ളതിനെക്കാൾ വിശിഷ്ടതരമായിരിക്കും. അതുപോലെ, വിശിഷ്ടഗുണങ്ങളുടെ പരസ്പരലബ്ധിയിൽ അധിഷ്ഠിതമായ മൈത്രിയാണു് ഏറ്റവും പരിശുദ്ധം. പോന്തസ് രാജ്യത്തിൽ ഹെരാക്ലിയാ എന്ന സ്ഥലത്തു വളരുന്ന ഒരുവക വിഷസസ്യത്തിൽനിന്നു ശേഖരിക്കുന്ന തേൻ കുടിക്ക

ന്നവർക്ക ബുദ്ധിമാന്ദ്യം സംഭവിക്കുമത്രേ. അതുപോലെ, കപടവും അശുദ്ധവുമായ ആദർശത്തിൽനിന്നു രൂപവൽകൃതമായ സ്നേഹബന്ധം നീചവും വിഷപൂർണ്ണവുമായിരിക്കും.

ജഡികസന്തോഷങ്ങളുടെ പരസ്പരാനുഭൂതി, സ്നേഹിതന്മാർക്കുണ്ടാകാവുന്ന മൂന്നീയമായ ഒരഭിലാഷമാകുന്നു. ഈ സന്തോഷത്തെ അനുഭവിക്കുകയാണു മൈത്രിയുടെ ഉദ്ദേശ്യമെങ്കിൽ, 'മനുഷ്യസാധാരണമായ സ്നേഹബന്ധം' എന്നു പേരിടുന്നപോലും അതിനർഹതയില്ല. ജന്തുക്കളിൽക്കാണുന്ന ഒരു കൂട്ടുകെട്ടുപോലെയേ അതിനെ ഗണിക്കേണ്ടതുള്ളൂ. ഇതിൽക്കൂടുതലായ യാതൊരുദ്ദേശ്യവും വിവാഹത്തിലില്ലായിരുന്നുവെങ്കിൽ അതിനെ സ്നേഹബന്ധമെന്നു വിളിക്കുവാൻ പാടുള്ളതല്ലായിരുന്നു. വിവാഹത്തിലാകട്ടെ പ്രയത്നവും പ്രണയവും ദൃഢമായ വിശ്വാസവും സംഗതമായി സംഘടിതമായിരിക്കുന്നു. ഈ ഗുണങ്ങളാകുന്നു വിവാഹത്തെ യഥാർത്ഥവും പവിത്രവുമാക്കിത്തീർക്കുന്നതു്. അതിനാൽ, ഇന്ദ്രിയങ്ങളുടെ സന്തോഷസംതൃപ്തികളെ മാത്രം ആസ്പദമാക്കിയുള്ള സ്നേഹം നീചവും നികൃഷ്ടവുമാണു്. അതു്, 'വിശുദ്ധമായ സ്നേഹബന്ധം' എന്നു പേരുപോലും അർഹിക്കുന്നില്ല. ഉപരിപ്ലവവും വ്യർത്ഥവുമായ ഗുണങ്ങളിൽനിന്നുളവാകുന്ന സ്നേഹവും ഇന്ദ്രിയാനുഭൂതിയെ ആണു് ആശ്രയിച്ചിരിക്കുന്നതു്. 'ഇന്ദ്രിയാനുഭൂതി'യെന്നു പറയുന്നതുകൊണ്ടു ഞാൻ വിവക്ഷിക്കുന്നതു്, സൗന്ദര്യദർശനം, മധുരമായ ശബ്ദശ്രവണം മുതലായി അന്യബന്ധമില്ലാതെ ബാഹ്യേന്ദ്രിയങ്ങളോടു സർവപ്രധാനമായി സംഘടിതമായ സന്തോഷങ്ങളെയാണു്. പുണ്യങ്ങളെന്നും പൂർണ്ണതകളെന്നും ഗുർബലമനസ്കരായ മൂഢർ വിളിക്കുന്ന ചില സ്വഭാവവിശേഷങ്ങളും നിരർത്ഥകവൈശിഷ്ട്യങ്ങളും മിഥ്യാവൈദഗ്ദ്ധ്യങ്ങളുമാണു് 'വ്യർത്ഥവും ഉപരിപ്ലവവുമായ ഗുണങ്ങൾ' എന്നതുകൊണ്ടു ഞാൻ അർത്ഥമാക്കുന്നതു്. ഒരാൾ സരസമായി സംസാരിക്കുകയും നയനാനന്ദ

കരമായി വസ്ത്രധാരണം ചെയ്യുകയും കമനീയമായി നടനം ചെയ്യുകയും ചെയ്യുമ്പോൾ അയാൾ ഗുണവാനും സുകൃതിയുമാണെന്ന് എത്ര യുവതീയുവാക്കന്മാരാണ് നിഷ്പ്രയാസം വിധിപ്രസ്താവിക്കുന്നത്. കോമാളികളെ പരിപൂർണ്ണരായി ഗണിക്കുന്നതു വെറും വിഡ്ഢികളാണല്ലോ. ഇവയെല്ലാം ഐന്ദ്രികമായതുകൊണ്ട് ഇവയിൽനിന്നുളവാകുന്ന സ്നേഹബന്ധവും ജഡികവും വ്യർത്ഥവും അനർത്ഥകവുമായിരിക്കും. 'കോമാളിത്തര'മെന്ന പേരിനു മാത്രമേ ഇതിന് അവകാശമുള്ളൂ. യുവതീയുവാക്കന്മാരുടെ രൂപലാവണ്യത്തെയും വേഷഭൂഷണങ്ങളേയും വ്യർത്ഥസംതോഷണങ്ങളേയും അടിസ്ഥാനമാക്കിയുള്ള സ്നേഹബന്ധങ്ങൾ ഇത്തരത്തിലുള്ളതാണ്. പരിപക്വമായ വിവേകമോ യഥാർത്ഥമായ പുണ്യമോ ഇവക്കില്ലതന്നെ. പ്രസ്തുത സ്നേഹബന്ധം സൂര്യപ്രകാശത്തിൽ മഞ്ഞുകട്ടപോലെ അപ്രത്യക്ഷമാകുന്നു.

പതിനെട്ടാം അധ്യായം

പ്രേമലീലാഭാസങ്ങൾ

പാവനമായ വിവാഹോദ്ദേശ്യം കൂടാതെ സ്ത്രീപുരുഷന്മാരിൽ സ്ഥിതിചെയ്യുന്ന അനാശാസ്യസ്നേഹബന്ധത്തെയാണ് പ്രേമലീലാഭാസങ്ങൾകൊണ്ടു ഞാൻ വിവക്ഷിക്കുന്നത്. തികച്ചും അപൂർണ്ണവും വ്യർത്ഥവുമാണ് ഇതു്. കൂടാതെ, യഥാർത്ഥമൈത്രിയുടെ അപൂർണ്ണതയോ നിഴലോമാത്രം ഈ കൂട്ടുകെട്ടുകൾ ആയിരിക്കകൊണ്ടു് ഇവയെ പ്രേമമെന്നോ, മൈത്രിയെന്നോ വിളിക്കുവാൻ പാടുള്ളതല്ല. എന്നാൽ മുൻപ്രസ്താവിച്ചവിധം വ്യർത്ഥസംസാരത്തിലും ബാഹ്യപ്രകടനത്തിലും മാത്രം അടിസ്ഥാനമുറപ്പിച്ചുരിക്കുന്ന ഈ ലീലാവിലാസങ്ങൾ അനേകം യുവഹൃദയങ്ങളെ വശീകരിച്ചു് അവ

യെ നിഷ്ഫലവും മൂഢവുമായ പ്രേമത്താൽ പരസ്പരം ബന്ധിക്കുന്നുവെന്നതു് എത്ര ശോചനീയം! അപൽക്കരമായ ഈ സ്നേഹങ്ങൾ സാധാരണ നികൃഷ്ടമായ വിഷയാസക്തികളിൽ ചെന്നു് അവസാനിക്കുന്നതാണു്. എന്നാൽ, സ്നേഹബന്ധത്തിന്റെ ആരംഭത്തിൽ അവക്കു് ഈ ഉദ്ദേശ്യങ്ങൾ ഒന്നും ഉണ്ടായിരുന്നില്ലായിരിക്കാം. ഇങ്ങനെയുള്ള ഉദ്ദേശ്യത്തോടുകൂടിയ സ്നേഹത്തെ പ്രേമലീലാഭാസങ്ങൾ എന്നും പ്രത്യക്ഷമായ അശ്ലീലതയെന്നും, വിഷയലമ്പടതപമെന്നുമത്രേ നാമകരണം ചെയ്യേണ്ടതു്. ഈ ദോഷന്മാർ, ചാരിത്രത്തിനു വിരുദ്ധമായി ഏതെങ്കിലും പ്രവൃത്തിക്കുന്നതു വളരെക്കാലം കഴിഞ്ഞുമാത്രമായിരിക്കും. അതിനിടയ്ക്കു് അശ്ലീലപ്രവൃത്തികൾക്കുള്ള ആഗ്രഹങ്ങളും പ്രകടനങ്ങളും പ്രേമദ്യോതകങ്ങളായ വികാരങ്ങളും നെടുവീർപ്പുകളുംകൊണ്ടു് അവരുടെ ഹൃദയങ്ങളെ നിറയ്ക്കുന്നു. തദ്വാരാ, അവർ ദുർബ്ബലരായിത്തീരുകയും ചെയ്യുന്നു.

ഇന്ദ്രിയപരമായ ആകർഷണങ്ങൾക്കു വശംവദരായി സ്നേഹിച്ചും സ്നേഹിക്കപ്പെട്ടും സംതൃപ്തി നേടുന്ന ചിലരുണ്ടു്. ഈ ഉദ്ദേശത്തോടേ മാത്രം സ്നേഹബന്ധത്തെ പ്രബലമാക്കുന്നവരും ഒട്ടും ചുരുക്കമല്ല. സ്നേഹിതന്മാരെ തിരഞ്ഞെടുക്കുന്നതിൽ തങ്ങളുടെ വാസനയെയല്ലാതെ മറെറാന്നിനേയും ഇവർ അടിസ്ഥാനമാക്കുന്നില്ല. ആഭ്യന്തരജീവിതത്തെയോ നടപടികളെയോ പരിശോധിക്കാതെ മറുള്ളവരുടെ രൂപലാവണ്യത്താൽ മാത്രം ആകൃഷ്ടരായി ഇവർ അവരുമായി അനാശാസ്യസംസർഗ്ഗം ആരംഭിക്കുന്നു. ഇങ്ങനെ ഇവർ പിശാചങ്ങളുടെ കൈണിയിൽ അകപ്പെട്ടുകയും, അവിടെനിന്നു രക്ഷപ്പെടുവാൻ മാർഗ്ഗമില്ലാതെ വിഷമിക്കുകയും ചെയ്യുന്നതു് എത്ര ദയനീയം!

മറുള്ളവരാൽ ആകൃഷ്ടരായി സ്നേഹപാശത്താൽ തങ്ങളുടെ ഹൃദയങ്ങൾ ബന്ധിക്കപ്പെടുന്നതു് ഒരഭിമാനമായി മ

റു ചിലർ പരിഗണിക്കുന്നു. ഈ വ്യർത്ഥാഭിമാനത്തെ ലാക്കാക്കി സ്നേഹിതരെ സമ്പാദിക്കുന്നതിനുദ്യമിക്കുന്നവർ വിശാലവും ഉന്നതവും ദിശ്യവുമായ താവളങ്ങളിലാകുന്നു തങ്ങളുടെ വല വീശുന്നതു്. വേറെ ചിലരാകട്ടെ അശ്ലീല മോഹങ്ങൾക്കും ദുർവ്വാസനകൾക്കും അനായാസേന വിധേയരാകുന്നു. സ്നേഹിക്കുന്നതിനു് ഇവരുടെ ഹൃദയങ്ങൾ പ്രകൃത്യാ സന്നദ്ധങ്ങളാണു്. എന്നാൽ, തങ്ങളുടെ വിശിഷ്ടമായ സ്നേഹത്തെ സ്വാർത്ഥലാഭത്തിനായി ദുഷ്പ്രയോഗിക്കുകയത്രേ ഇവർ ചെയ്യുന്നതു്. ഈ സ്നേഹബന്ധം വ്യർത്ഥവും മൂഢവുമാണു്. അതു പാപത്തിലേയ്ക്കു ചാഞ്ഞിരിക്കുന്നു. അശ്ലീല പാപത്തിൽ അതു ചെന്നവസാനിക്കുന്നതുമാണു്. ഇതിനും പുറമേ, ദൈവസ്നേഹത്തിൽനിന്നും ഭാഗ്യാർത്ഥപ്രേമത്തിൽനിന്നും അതു ഹൃദയങ്ങളെ പിന്തിരിക്കുകയും ചെയ്യുന്നു. അതിനാൽ ഈ സ്നേഹബന്ധം പരിവർജ്ജ്യംതന്നെ. വിവേകപൂർവ്വകമായ അടിസ്ഥാനമില്ലാത്തതിനാലാകുന്ന പ്രസ്തുത സ്നേഹബന്ധത്തെ മൂഢമെന്നു നാം വിളിക്കുന്നതു്. യഥാർത്ഥ സംതൃപ്തിയോ ബഹുമാനമോ മറ്റു ലാഭമോ നല്കുവാൻ അശക്തമായതുകൊണ്ടു് അതു വ്യർത്ഥവുമാണു്. എന്തെന്നറിഞ്ഞുകൂടാത്ത ഏതോ ചിലതിനെ അത്യാശയോടേ അന്വേഷിക്കുന്നതിലുള്ള സംതൃപ്തിയല്ലാതെ മറ്റൊന്നും ഇതുകൊണ്ടു് അവക്കുണ്ടെന്നുവെപ്പെട്ടുന്നില്ല. അഭിമാനഭംഗവും സമയനഷ്ടവുമാണു് ഇതിന്റെ ഫലം. സ്നേഹിതരുടെ പ്രതിസ്നേഹത്തിൽനിന്നും തങ്ങളുടെ ദുരാഗ്രഹപൂർത്തിക്കുതന്നെ എന്തോ ചിലതു് അവർ പ്രതീക്ഷിക്കുന്നു. എന്നാൽ, അതെന്താണെന്നു പറയുവാൻ ഈ ദുർബലമനസ്കർ അശക്തരത്രേ. അവ്യവസ്ഥിതമായ ഈ ദുരാശകൾ ഒരിക്കലും അവസാനിക്കുന്നതല്ല. ഇതിനും പുറമേ, അസൂയയാലും ഉൽകണ്ഠയാലും പ്രേമാശകളാലും സദാ അവർ അസ്വസ്ഥരായിരിക്കും.

വിഷയാസക്തകളായ സ്ത്രീകളെപ്പറ്റി എഴുതുന്നതോ


ത്തു് ഇക്കായ്യത്തെക്കുറിച്ചു വി. ഗ്രിഗറി നസിയാൻസൻ സവിസ്തരം പ്രതിപാദിക്കുന്നുണ്ടു്. അതു പുരുഷന്മാർക്കും വളരെ ഉപകാരപ്രദമാണു്. അദ്ദേഹം പറയുന്നു: "നിന്റെ ഭർത്താവു നിന്റെ സൗന്ദര്യത്തിൽ സന്തുഷ്ടനാകുന്നുണ്ടു്. എന്നാൽ, നിന്റെ സൗന്ദര്യം പല പുരുഷന്മാരെ ആകർഷിക്കുന്നതിനായി നീ ഉപയോഗിക്കുന്നുവെങ്കിൽ, പല പക്ഷികളെ പിടിക്കുവാൻ വിരിക്കുന്ന വലയ്ക്കു സമം അതു് ആയിത്തീരുന്നതാണു്. ഹാ! അപ്പോൾ നിന്റെ രൂപലാവണ്യത്തിൽനിന്നുളവാകുന്ന ഫലം എത്ര നികൃഷ്ടം! നിന്റെ സൗകുമാര്യത്തിൽ കൂടുതൽ സന്തുഷ്ടി പ്രദർശിപ്പിക്കുന്നവരോടായിരിക്കും നിനക്കു പ്രതിപത്തി തോന്നുന്നതു്. അയാളുടെ സൗഹാർദ്ദവീക്ഷണങ്ങളെ ആഗ്രഹിച്ചുകൊണ്ടു സ്നേഹകടാക്ഷങ്ങളെ നീ അയയ്ക്കുന്നു. അവയെത്തുടർന്നു മന്ദസ്മിതങ്ങളും പ്രേമസൂചകമായ ചില വാക്കുകളും. വളരെ സങ്കോചത്തോടേമാത്രം അന്യോന്യം ഇടപെട്ടിരുന്ന നിങ്ങൾ സ്വതന്ത്രമായി സല്ലപിച്ചുതുടങ്ങും. ഇതോടേ നിങ്ങളുടെ മൈത്രിയും സുദൃഢമായി. ഹാ! പിന്നീടു സംഭവിക്കുന്നതെന്തെന്നു പറയുവാൻ ഞാനശക്തൻതന്നെ. ഈ വ്യർത്ഥാനുഭൂതിക്കിടയിൽ യുവതീയുവാക്കന്മാർ പ്രവർത്തിക്കുന്നതെല്ലാം അപകടകരമാണു്. കാന്തത്താൽ ആകർഷിക്കപ്പെട്ട ഇരുമ്പുകഷണം പല ഇരുമ്പുകഷണങ്ങളേയും അതിനോടു വലിച്ചടുപ്പിക്കുന്നു. ഇതുപോലെ, അശ്ലീലങ്ങളായ സ്നേഹപ്രകടനങ്ങളും പരസ്പരം സംഘടിതങ്ങളാകയാൽ അവ ഒന്നിനു പിറകെ ഒന്നായി വന്നുകൊണ്ടേയിരിക്കും."

മഹാനായ ഈ മെത്രാൻ എത്ര ബുദ്ധിപൂർവ്വമാണു സംസാരിക്കുന്നതെന്നു നോക്കുക. ഇനിയും എന്തുചെയ്യാനാകുന്നു നിന്റെ ഉദ്ദേശ്യം. നിന്റെ സ്നേഹത്തെ അന്യർക്കു ദാനം ചെയ്യുന്നതിനോ? സ്നേഹം നല്കാതെ സ്നേഹം ലഭിക്കുന്നതല്ലല്ലോ. എന്നാൽ, "വാളെടുക്കുന്നവൻ വാളാലേ" എന്ന അപ്പൂവാ

ക്യം നീ വിസ്മരിക്കരുതു്. അപ്രോക്സിസ് എന്ന സസ്യം സമീപത്തുള്ള അഗ്നിയെ ആകർഷിച്ചു വിഴുങ്ങുമത്രേ. ഇതിനു സദൃശമാകുന്ന നമ്മുടെ ഹൃദയം. നമ്മോടു സ്നേഹം പ്രദർശിപ്പിക്കുന്ന ഒരു ഹൃദയത്തെ ദർശിക്കുന്നപക്ഷം നമ്മുടെ ഹൃദയവും പ്രതിസ്നേഹത്താൽ ജ്വലിക്കുന്നതാണു്. "ഈ സ്നേഹം ഒന്നു രുചിച്ചുനോക്കുന്നതിനുമാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളൂ. അതിനപ്പുറം കടക്കുന്നതല്ല" എന്നും മാറും ചിലർ പറഞ്ഞേക്കാം. ഹാ! ഇവർ സ്വയം വഞ്ചിക്കപ്പെടുകയത്രേ ചെയ്യുന്നതു്. നാം ഉദ്ദേശിക്കുന്നതിൽ കൂടുതൽ ശക്തിയുള്ളതാണു് ഈ സ്നേഹം. 'പ്രേമാഗ്നിയുടെ ഒരു പൊരിമാത്രമേ ഞാൻ സ്വീകരിക്കയുള്ളൂ' എന്നും അവർ പ്രസ്താവിച്ചേക്കാം. എന്നാൽ, ആ പൊരി ഉത്തരക്ഷണത്തിൽ ഹൃദയം മുഴുവനും വ്യാപിച്ചു്, നിന്റെ ദുഷ്ടനിശ്ചയങ്ങളെ വെണ്ണീറാക്കുകയും നിന്റെ സൽകീർത്തിയെ പുകയായി രൂപാന്തരപ്പെടുത്തുകയും ചെയ്യും. ഇതു വളരെ വിസ്മയാവഹംതന്നെ. "ഒരു പാമ്പാട്ടിയുടെ സർപ്പം അയാളെത്തന്നേ കടിക്കുന്നുവെങ്കിൽ അതിൽ ആരാണു ദുഃഖിക്കുക" എന്നു ബുദ്ധിമാനായ ശ്ലോമോൻ ചോദിയ്ക്കുന്നു. ഹാ! മൂഢാ! അദ്ദേഹത്തെപ്പോലെ ഞാനും നിന്നോടു ചോദിക്കുന്നു: ഹിതാനുസരണം ഈ സ്നേഹത്തെ കൈകാര്യം ചെയ്യുവാൻ സാധിക്കുമെന്നു നീ വിചാരിക്കുന്നുവോ? നീ അതിനെ നിസ്സാരമായിക്കരുതിയേക്കാം. പക്ഷേ, അതു ഭയങ്കരവിഷം നിന്നിൽ കുത്തിക്കലർത്തുകതന്നെ ചെയ്യും. നിന്റെ ആത്മാഭിമാനത്തിലും ആത്മജീവനിലും വിഷം കലത്തിയ സർപ്പത്തെ വീണ്ടും മാറോടണയ്ക്കുന്ന നിന്നെ ലോകം അപഹസിക്കാതിരിക്കുമോ? നിന്റെ ആത്മാവിന്റെ അനർഘശക്തിയെ—ആ വിശിഷ്ടതത്തെ—വ്യർത്ഥങ്ങളായ ലീലാവിനോദങ്ങൾക്കുവേണ്ടി ഛിന്നഭിന്നമാക്കുന്നതു് എത്ര വലിയ മൗഢ്യം! യാതൊരു സങ്കോചവുംകൂടാതെ നിന്റെ ആത്മനിക്ഷേപത്തെ കുഴുമരത്തിൽ

ബലികഴിക്കുന്നതു് എത്ര ഭീമമായ അബദ്ധം! ദൈവം മനുഷ്യരിൽനിന്നു് ആത്മാവിനേയും ആത്മാവിൽനിന്നു ഹൃദയത്തേയും ഹൃദയത്തിൽനിന്നു സ്നേഹത്തേയും അത്രേ അവശ്യപ്പെട്ടുന്നതു്. ദൈവത്തെ വേണ്ടവിധം സ്നേഹിക്കുന്നതിനു പര്യാപ്തമായ ഒരു സ്നേഹം നമുക്കില്ല. എന്തുകൊണ്ടെന്നാൽ, നമ്മുടെ സ്നേഹം തുലോം പരിമിതമാണു്. എന്നാൽ, അവശ്യത്തിലധികമുണ്ടോ എന്നു തോന്നുമാറു്, തന്റെ അല്പമാത്രമായ സ്നേഹത്തെ വ്യർത്ഥവിനോദങ്ങൾക്കായി ദുർവ്യയം ചെയ്യുന്ന മനുഷ്യൻ എത്ര മൂഢൻ! മനുഷ്യനെ സൃഷ്ടിച്ചു രക്ഷിച്ചു പരിപാലിക്കുന്നതിന്റെ പ്രതിഫലമെന്നോണം അവനിൽനിന്നു ദൈവം പ്രതിസ്നേഹം ന്യായപൂർവ്വം അവശ്യപ്പെട്ടുന്നുണ്ടു്. ഉപയോഗശൂന്യമായ ഈ വിനോദങ്ങളുടെ കണക്കുകൾ ദൈവം ചോദിക്കാതിരിക്കുകയില്ല. നാം സംസാരിക്കുന്ന നിസ്സാരവാക്കുകൾപോലും ദിവ്യന്യായാസനത്തിങ്കൽ പരിശോധിക്കപ്പെട്ടുമെങ്കിൽ അബദ്ധസമൂഹവും നാശകരവുമായ നമ്മുടെ സ്നേഹബന്ധങ്ങളുടെ സ്ഥിതി എന്തു്? 'വാൽനട്ട്' വൃക്ഷം വയലുകൾക്കു അതിന്റെ സമീപത്തു വളരുന്ന ചെടികൾക്കും വളരെ ഉപദ്രവം ഉളവാക്കുന്നുണ്ടു്. എന്തുകൊണ്ടെന്നാൽ, അതിന്റെ ശാഖോപശാഖകളെ പരിരക്ഷിക്കുന്നതിനുവേണ്ടി പ്രസ്തുത വൃക്ഷം വളമെല്ലാം വലിച്ചെടുക്കുന്നു. തന്നിമിത്തം അടുത്തുനില്ക്കുന്ന ചെടികൾക്കു വളരെ കുറച്ചുമാത്രമേ വളം ലഭിക്കുന്നുള്ളു. ക്രമേണ, അതിന്റെ ഇടതിങ്ങിയ ഇലകൾ മറ്റു ചെടികൾക്കു ചോലയുണ്ടാക്കുകയും ചെയ്യുന്നു. പാന്ഥർ അതിന്റെ ഫലങ്ങളാൽ ആകൃഷ്ടരായി അവയെ ശേഖരിക്കുന്നതിനുള്ള ശ്രമത്തിൽ ചുറ്റുമുള്ള ചെടികളെ ചവുട്ടി നശിപ്പിക്കുകയും ചെയ്യും. ഇതുപോലെ, നിഷ്ഫലമായ സ്നേഹബന്ധവും ആത്മാവിനു് അനേകം നാശഫലങ്ങളെ വരുത്തുന്നുണ്ടു്. പ്രസ്തുത സ്നേഹം ആത്മാവിൽ ശ്രുഢമൂലമായി അതിന്റെ ശക്തികളെ വിനിയോഗിക്കുന്നതു

മൂലം സൽപ്രവൃത്തികൾ ചെയ്യുവാൻ ആത്മാവ് അശക്തമായി ഭവിക്കുന്നു. മാത്രമോ, അലസസംഭാഷണങ്ങളും വ്യർത്ഥമായ ആനന്ദങ്ങളുംമൂലം ആത്മാവിന്റെ പ്രശാന്തതയെ ഇതു നശിപ്പിക്കുകയും ചെയ്യുന്നു. പ്രലോഭനങ്ങളും വ്യഗ്രതകളും ആശങ്കകളും, തൽഫലമായ നിരവധി നാശഫലങ്ങളും ഉളവാക്കി, ആത്മാവിനെ അതു സദാ പീഡിപ്പിക്കുന്നതാകുന്നു കൂടുതൽ ഭയനീയം. ചുരുക്കത്തിൽ ദൈവസ്നേഹത്തേയും ദൈവഭയത്തേയും അതു നമ്മിൽനിന്നു നിഷ്കാസനം ചെയ്യുമനസ്സിനെ ദുർബ്ബലമാക്കുകയും സൽകീർത്തിക്കു ഭംഗം വരുത്തുകയും ചെയ്യുന്നു. അതു നീതിന്യായാലയങ്ങളിലേ പരിഹാസവിഷയവും, ഹൃദയത്തിലേ ഭയങ്കരമായ സാംക്രമികവ്യാധിയുമായിത്തീരുകയും ചെയ്യും.



പത്തൊമ്പതാം അധ്യായം

യഥാർത്ഥമൈത്രി

ഉപവിയെപ്രതി എല്ലാവരേയും നീ സ്നേഹിക്കുക. എന്നാൽ, നിന്നോടുകൂടെ സുകൃതാഭ്യാസം ചെയ്യുന്നവരെ മാത്രമേ മിത്രമായി സ്വീകരിക്കാവൂ. സ്നേഹിതന്മാർ പരസ്പരം പ്രകാശിപ്പിക്കുന്ന പുണ്യങ്ങളുടെ ശ്രേഷ്ഠതയനുസരിച്ച് അവരുടെ മൈത്രിയും ഉൽകൃഷ്ടമായിരിക്കും. ശാസ്ത്രജ്ഞാനത്തിനുവേണ്ടി ഒരുവനെ മിത്രമായി സ്വീകരിക്കാം. വിവേകം, നീതി തുടങ്ങിയ സുകൃതങ്ങളും അഭ്യസിക്കുകയാകുന്ന മൈത്രീബന്ധത്തിന്റെ ഉദ്ദേശ്യമെങ്കിൽ അതു കൂടുതൽ അഭിലഷണീയംതന്നെ. എന്നാൽ, ഉപവിയും ദൈവത്തിയും മറ്റു ക്രിസ്തീയപുണ്യതകളും അടിസ്ഥാനമാക്കിയുള്ള മൈത്രിയാണ്

ഏറ്റവും വിശിഷ്ടം. എന്തുകൊണ്ടെന്നാൽ, അതു ദൈവത്തിൽ നിന്നാണ് ഉദ്ഭവിക്കുന്നു; ദൈവികമായ ഉദ്ദേശ്യം അതിനുണ്ട്; ദൈവമാകുന്നു അതിനെ പരിപാലിക്കുന്നതു്; ദൈവത്തിൽ അതു് അവസാനിക്കയും ചെയ്യും. മഹാപ്രതാപവാന്മാരായി നാം സ്വർഗ്ഗത്തിൽ പ്രവേശിക്കുമ്പോൾ, നമ്മുടെ ദിവ്യകൃത്യങ്ങളിൽ ഒന്നു പരസ്പരസ്നേഹമായിരിക്കും. മഹനീയമായ ഈ പ്രവൃത്തി ഇഹത്തിൽവച്ചുതന്നെ ആരംഭിക്കുന്നുവെങ്കിൽ അതു് എത്ര അഭിലഷണീയം!

ഉപവിയാൽ പ്രേരിപ്പിക്കപ്പെടുന്ന വെറും പരസ്നേഹത്തെയല്ല ഞാനിവിടെ ഉദ്ദേശിക്കുന്നതു്. എന്തുകൊണ്ടെന്നാൽ, സ്നേഹം എല്ലാവർക്കും വേണ്ടതാണു്. രണ്ടോ അതിലധികമോപേർ ഒന്നിച്ചു ഭക്തകൃത്യങ്ങളിലും അവരുടെ ദിവ്യാഭിലാഷങ്ങളിലും ഭാഗഭാക്കുകളായി, ആത്മാവിൽ അവർ ഒന്നായിത്തീരുന്ന ആത്മീയമൈത്രിയാകുന്നു ഞാൻ ഇവിടെ വിവക്ഷിക്കുന്നതു്. "മനുഷ്യർ പരസ്പരം ഏകോപിച്ചു വസിക്കുന്നതു് എത്രയോ കാമ്യവും വിശിഷ്ടവും ആണെന്നു നോക്കുക" എന്നു് ഈശ്വരസ്നേഹമുള്ളവർക്കു നിഷ്പ്രയാസം കീർത്തിക്കുവാൻ സാധിക്കുന്നതാണു്. ഭക്തിയാകുന്ന സുഗന്ധദ്രവ്യം തിളച്ചുയർന്നു് ഒരു ഹൃദയത്തിൽനിന്നു മറ്റൊരു ഹൃദയത്തിലേയ്ക്കു കവിഞ്ഞൊഴുകുന്നതു കാണുമ്പോൾ "ഇതാ ഇവിടെ ദൈവം തന്റെ അനുഗ്രഹങ്ങളും ദാനങ്ങളും ധാരാളമായി ചൊരിയുന്നു" എന്നു നാം തന്നെ വിളിച്ചുപറയാതിരിക്കയില്ല. ഇതിനോടു തുലനംചെയ്യുമ്പോൾ മറ്റു സ്നേഹമെല്ലാം വെറും നിഴൽമാത്രമാണു്. എന്തുകൊണ്ടെന്നാൽ, പരിശുദ്ധമായ ഈ മൈത്രി പവിഴമാലയാണെങ്കിൽ, മറ്റുള്ളതു കണ്ണാടിച്ചില്ലുകൾകൊണ്ടുള്ള ഒരു തുടൽമാത്രമായിരിക്കും. മറ്റുതരത്തിലുള്ള യാതൊരു സ്നേഹബന്ധവും നിന്നിൽ ഉണ്ടാകാതിരിക്കട്ടെ. നീ സ്വതന്ത്രമായി തിരഞ്ഞെടുക്കുന്ന സ്നേഹബന്ധത്തെക്കുറിച്ചത്രേ ഞാൻ പറയുന്നതു്. പ്രകൃതി

യും കർത്തവ്യവും നിന്നോടാവശ്യപ്പെടുന്ന സ്നേഹം—നിന്റെ മാതാപിതാക്കന്മാരോടും ബന്ധുക്കളോടും ഉപകാരികളോടും അയൽക്കാരോടും നിനക്കുണ്ടായിരിക്കേണ്ട സ്നേഹം—ഒരിക്കലും പരിത്യജിക്കത്തക്കതല്ലല്ലോ.

"പ്രത്യേക പ്രതിപത്തിയോ സ്നേഹബന്ധമോ ഒരുത്തരോടും ഇല്ലാതിരിക്കുകയാണ് ഉത്തമം" എന്നു പറയുന്ന ചിലരുണ്ട്. ഈ പ്രത്യേകസ്നേഹം ഹൃദയത്തെ ഇളക്കുകയും അസൂയയെ ഉളവാക്കുകയും ചെയ്യുന്നു എന്നതാണ് അവർ നല്കുന്ന കാരണം. ഈ അഭിപ്രായം അത്ര ശരിയല്ല. പ്രത്യേക കൂട്ടുകെട്ടുകളും വിശേഷസ്നേഹവും സന്ന്യാസജീവിതത്തിനു പ്രതിബന്ധമാണെന്നു പുണ്യാത്മക്കളുടെ വല്ല പുസ്തകങ്ങളിലും അവർ വായിച്ചിട്ടുണ്ടായിരിക്കാം. കൂട്ടുംബജീവിതം നയിക്കുന്നവർക്കു മേലുദ്ധരിച്ച പ്രത്യേകസ്നേഹം ഉപദ്രവകരമെന്ന് ഇതിൽനിന്ന് അവർ അനുമാനിക്കുന്നു. എന്നാൽ, അതുവലിയ അബദ്ധംതന്നെ. ഇതിന്റെ കാരണം നമുക്കു ശരിയായി പരിശോധിക്കാം. വിവേകപൂർവകമായ വ്യവസ്ഥകളും നിഷ്കർഷമായ നിയമങ്ങളുമുള്ള ഒരാശ്രമത്തിലേ എല്ലാ സന്ന്യാസികളുടേയും പൊതുവായ ആദർശം യഥാർത്ഥമായ ഭക്തജീവിതമാണ്. വ്യക്തിപരമായ വിശേഷസ്നേഹം അവിടെ പക്ഷപാതിത്വം ഉളവാക്കിയേക്കാം. ഇക്കാരണത്താലത്രേ സന്ന്യാസമന്ദിരങ്ങളിൽ ഈ പ്രത്യേകസ്നേഹം നിരോധിക്കപ്പെട്ടിരിക്കുന്നതു്. സാധാരണന്മാരാകട്ടെ, പരിശുദ്ധമായ സ്നേഹത്തോടുകൂടെ പ്രലോഭനങ്ങളിൽ പരസ്പരം സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തുകൊണ്ട് പുണ്യവഴിയിൽ പുരോഗമനം ചെയ്യേണ്ടവരാണ്. മൈതാനത്തിൽക്കൂടെ സഞ്ചരിക്കുന്നവർക്കു പരസ്പരസഹായം ആവശ്യമില്ല. തുക്കായ ദുർഘടമാർഗ്ഗത്തിൽക്കൂടെ യാത്രചെയ്യുന്നവർക്കാകട്ടെ, പരസഹായം അത്യാവശ്യമാണ്. ഇതുപോലെ, സന്ന്യാസസഭാംഗങ്ങൾക്കു പ്രത്യേകസ്നേഹം ആവശ്യമില്ല.

എന്നാൽ, കുടുംബജീവിതക്കാർക്ക് അവരുടെ ആപൽകരമായ യാത്രയിൽ ഇതു് ആശ്വാസദായകവും ഉപകാരപ്രദവുമായിരിക്കും. എല്ലാ മനുഷ്യരുടേയും പ്രൈതന്യം ഒരേവിധമല്ലല്ലോ. ഒരുത്തന്റെ ആശയങ്ങളും ആദർശങ്ങളും അല്ലായിരിക്കാം മറെറാരുത്തന്റേതു്. അതിനാൽ, പരസ്പരം ഇവയെ ഗ്രഹിക്കുന്നതിനു് അനുയുക്തമായ സ്നേഹം സമ്പാദിക്കേണ്ടതു മനുഷ്യർക്കാവശ്യംതന്നെ. ചിലപ്പോൾ ഇവരുടെയിടയിൽ പക്ഷപാതിത്വം ഉണ്ടായേക്കാം. എങ്കിലും, അതു് ഉപദ്വേകരമായിരിക്കയില്ല. മാത്രമല്ല, അതു പരിശുദ്ധവുമായിരിക്കും. ചെമ്മരിയാടും കോലാടും തമ്മിലും, അലസന്മാരായ ആൺതേനീച്ചകളും പരിശ്രമശാലിനികളായ റാണിയീച്ചകളും തമ്മിലുമുള്ള വ്യത്യാസംപോലെ സജ്ജനങ്ങളും ദുർജ്ജനങ്ങളും തമ്മിൽ ഒരന്തരം ഉളവാകുമെന്നല്ലാതെ മറു വിരോധങ്ങളൊന്നും പ്രസ്തുത പ്രത്യേകസ്നേഹം നിമിത്തം ഉണ്ടാകുന്നില്ല. വി. യോഹന്നാൻ, ലാസറസ്, മത്താ, മശലോനാ മറിയം എന്നിവരോടു ദിവ്യനാഥൻ പ്രത്യേകസ്നേഹം പ്രദർശിപ്പിച്ചിരുന്നുവെന്നു വി. ലിഖിതത്തിൽ നാം വായിക്കുന്നു. വി. തിമോത്തിയും വി. തെക്ലായും വി. പൗലോസിന്റെ സവിശേഷമായ സ്നേഹബന്ധത്തിനു പാത്രീഭൂതരായി. വി. മക്കോസിനേയും വി. പെത്രോനില്ലായേയും വി. പത്രോസ് അത്യധികം സ്നേഹിച്ചിരുന്നുവല്ലോ. വി. ജെയ്സിലിനോടുണ്ടായിരുന്ന ഉഡുമായ സ്നേഹത്തെക്കുറിച്ചു നസിയാൻസിലേ വി. ഗ്രിഗോരിയോസ് പലപ്രാവശ്യം പ്രസ്താവിച്ചിട്ടുള്ളതും ഇത്തരുണത്തിൽ ശ്രദ്ധേയമത്രേ. അദ്ദേഹം പറയുന്നതായതു്: "ഞങ്ങൾക്കു രണ്ടു ശരീരമുണ്ടെങ്കിലും ആത്മാവു് ഒന്നേ ഉള്ളൂ എന്നു് എനിക്കു തോന്നിയിരുന്നു. 'സകലവും സകലതിലും ഉണ്ടെ'ന്നുള്ള പ്രസ്താവത്തെ നാം വിശ്വസിക്കുന്നതു്. എങ്കിലും ഞങ്ങളെ സംബന്ധിച്ചിടത്തോളം ഞാൻ അദ്ദേഹത്തിലും അദ്ദേഹം എന്നിലും പൂർണ്ണമായി സ്ഥിതിചെയ്തിരുന്നു. ഞങ്ങൾ ഇരുവരുടേയും ആദർശം ഒന്നുതന്നെയായിരുന്നു! ജീവിതചര്യയെ

പരമാന്ത്യപ്രാപ്തിക്ക് അനുയോഗ്യമാക്കിക്കൊണ്ട്, പുണ്യം സമ്പാദിക്കുകയെന്നതായിരുന്ന ഞങ്ങളുടെ ഏകോദ്ദേശ്യം. ഇങ്ങനെ, മരണത്തിനു മുൻപുതന്നെ നശ്വരമായ ഈ പ്രാപഞ്ചികബന്ധത്തിൽനിന്നു ഞങ്ങൾ സ്വതന്ത്രരായി". വി. മോനിക്കായിൽ പ്രശോഭിച്ചിരുന്ന അസാധാരണമായ പുണ്യംനിമിത്തം വി. അംബ്രോസിന് അ ധന്യയോട് അസൂമാന്യമായ സ്നേഹം ഉണ്ടായിരുന്നുവെന്നു വി. അഗസ്തീനോസ് പ്രസ്താവിക്കുന്നു. അ പുണ്യവതിയാകട്ടെ, അദ്ദേഹത്തെ ഒരു ദൈവദൂതനെയെന്നപോലെ ബഹുമാനിക്കയും ചെയ്തിരുന്നു.

എന്തിനധികം! ഇത്ര സ്പഷ്ടമായ ഒരു കാര്യത്തെപ്പറ്റി ഇനിയും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. വി. ജെറോം, വി. അഗസ്തീനോസ്, വി. ഗ്രിഗോരിയോസ്, വി. ബെർനാർദ് എന്നിവർക്കും ചിലരോടെല്ലാം സവിശേഷമായ സ്നേഹബന്ധമുണ്ടായിരുന്നു. അവരുടെ സുകൃതങ്ങൾക്കാകട്ടെ, യാതൊരു കോട്ടവും തട്ടിയിരുന്നുമില്ല. വി. പൗലോസ് പുറജാതികളെ 'സ്വാഭാവികസ്നേഹംപോലുമില്ലാത്തവർ' എന്നു പറഞ്ഞു് ഒരിക്കൽ കുറപ്പെടുത്തുകയുണ്ടായി. അവർക്കു മൈത്രീബന്ധമില്ലെന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ വിവക്ഷ. എല്ലാ തത്വശാസ്ത്രവിദഗ്ദ്ധന്മാരേയുംപോലെ തന്നെ അവരുടെ മകുടമായ വി. തോമ്മസ് അക്വിനാസും ഈ മൈത്രിയെ ഒരു സുകൃതമായിട്ടാണു പരിഗണിച്ചിരുന്നതു്. വിശേഷസ്നേഹത്തെക്കുറിച്ചും അദ്ദേഹം പ്രതിപാദിക്കുന്നുണ്ടു്. സവിശേഷമായ സ്നേഹത്താൽ പലരെ സ്നേഹിക്കുവാൻ ഒരുവനു സാധ്യമല്ലെന്നാണു് അദ്ദേഹത്തിന്റെ അഭിപ്രായം.

ഇങ്ങനെ എല്ലാ സ്നേഹത്തേയും പാടേ പരിവർജ്ജിക്കുന്നതല്ല, പ്രത്യുത, മലിനവും അശുദ്ധവുമായ സ്നേഹത്തെ സ്വീകരിക്കാതിരിക്കുന്നതത്രേ വിശിഷ്ടവും അനുപേക്ഷണീയവുമായിട്ടുള്ളതു്.

ഇരുപതാം അധ്യായം

യഥാർത്ഥമൈത്രിയും കപടമൈത്രിയും തമ്മിലുള്ള വ്യത്യാസം

അതിപ്രധാനമായ ഈ ഉപദേശത്തെ ശ്രദ്ധാപൂർവ്വം നീ ശ്രവിച്ചാലും. 'ഫെരാക്ലിയാ'യിലേ 'അക്കനൈറ്റ്' പുഷ്പങ്ങളിൽനിന്നും ശേഖരിക്കുന്ന തേൻ വിഷമുള്ളതെങ്കിലും അതിനു നല്ല തേനിനോടു വളരെ സാമ്യമുണ്ടത്രേ. ഇക്കാരണത്താൽ ഒന്നു മറ്റൊന്നിനു പകരം ഉപയോഗിക്കുന്നതിനു വളരെ എളുപ്പമുണ്ട്. രണ്ടുംകൂടെ ഒരുമിച്ചു് ഉപയോഗിച്ചുവെന്നും വരാം. വിഷമുള്ള മധുവിന്റെ ഉപദ്രവത്തെ പരിഹരിക്കുന്നതിനു നല്ല തേനിനു സാധ്യവുമല്ല. ഇപ്രകാരം, സ്ത്രീപുരുഷഭേദമെന്യേ മറ്റുള്ളവരോടു സംസർഗ്ഗം ചെയ്യുമ്പോൾ നികൃഷ്ടമായ പ്രേമത്താൽ വഞ്ചിക്കപ്പെടാതിരിക്കുന്നതിനുവേണ്ടി വളരെ സൂക്ഷ്മത്തോടേ നാം വ്യാപരിക്കേണ്ടതാണ്. ദുഷ്ടാശയരുപികൾ സ്നേഹിതരെ പലപ്പോഴും വഞ്ചിക്കാറുണ്ട്. പാവനമായ ഉദ്ദേശ്യത്തോടേ ആരംഭിക്കുന്ന സ്നേഹം ശ്രദ്ധക്കുറവുനിമിത്തം ജഡികമായിത്തീരുന്നു. നിർമ്മലമായ ആദ്ധ്യാത്മികസ്നേഹത്തിൽപ്പോലും ഈ അപായം പറ്റാവുന്നതാണ്. പക്ഷേ, അതു് അത്രയധികമായിപ്പരിണമിക്കുക അത്ര എളുപ്പമല്ല. എന്തുകൊണ്ടെന്നാൽ, സാത്താൻ വരുത്തുന്ന മാലിന്യങ്ങളും ഈ ആദ്ധ്യാത്മികസ്നേഹത്തിന്റെ നൈർമ്മല്യത്തിൽ പെട്ടെന്നു പ്രത്യക്ഷീഭവിക്കുന്നു. എത്ര സാമർത്ഥ്യത്തോടും വക്രതയോടുംകൂടെയാണു പ്രസ്തുത സ്നേഹത്തെ അത്രയധികമാക്കുവാൻ അവൻ ശ്രമിക്കുന്നതു്!

നല്ല തേൻ 'ഫെരാക്ലിയാ'യിലേ പുഷ്പങ്ങളിൽനിന്നു ശേഖരിക്കുന്ന തേനിൽനിന്നു തിരിച്ചറിയാം. ഇതുപോലെ, ഉൽകൃഷ്ടമായ സ്നേഹബന്ധം കേവലം ഭൗമികമായ മമത

യിൽനിന്നു വേർതിരിച്ചറിയുവാൻ സാധിക്കും. 'ഹെരാക്ലിയാ'യിലെ വിഷമധുവിനു നല്ല തേനിനുള്ളതിനെക്കാൾ കൂടുതൽ മാധുര്യമുണ്ടല്ലോ. ഇതുപോലെ, തേൻമൊഴികളും പ്രേമസൂചകമായ സ്തുതികളും സൗന്ദര്യകീർത്തനങ്ങളുംകൊണ്ടു നിറഞ്ഞതാകുന്ന ജഡികമായ സ്നേഹം, പരിശുദ്ധ മൈത്രിയാകട്ടെ, നിഷ്കപടമായി നിർമ്മലഭാഷയിൽ സംസാരിക്കുകയും ദൈവാനുഗ്രഹങ്ങളെമാത്രം സ്തുതിക്കുകയും ചെയ്യുന്നു. വിഷമുള്ള തേൻ ഉപയോഗിക്കുന്നവർക്കു ബുദ്ധിമാന്ദ്യം ഉണ്ടാകും. അപ്രകാരം, അശുദ്ധമായ മമതകളും മനസ്സിന്റെ ശക്തിയെ ക്ഷയിപ്പിക്കും. ഹൃദയനൈർമ്മല്യവും കേതിയും ദുർബലമാകുന്നതാണ് ഈ സ്നേഹത്തിന്റെ അനന്തരഫലം. അനാശാസ്യമായ എതൃയോ പ്രവൃത്തികളാണ് ഈ പ്രണയോന്മത്തന്മാർ ചെയ്യുകൂട്ടുന്നതു! ക്രമരഹിതമായ നോട്ടങ്ങൾക്കും വിഷയാസക്തിയെ ഉദ്ദീപിപ്പിക്കുന്ന ആശ്ലേഷങ്ങൾക്കും അനാശാസ്യമായ നെടുവീർപ്പുകൾക്കും പ്രതിസ്നേഹം ലഭിക്കാത്തതുകൊണ്ടുള്ള അവലാതികൾക്കും എന്നുവേണ്ടാ നമ്മുടെ പരിശുദ്ധിയെ നിശ്ശേഷം നശിപ്പിക്കുന്ന സകല നീചകൃത്യങ്ങൾക്കുമായി സ്നേഹിതരെ ഈ അശുദ്ധ സ്നേഹം പ്രേരിപ്പിക്കുകയും ചെയ്യുന്നു. പാവനമായ ചാരിത്രത്തെ കളങ്കപ്പെടുത്തുന്ന വിനാശചിഹ്നങ്ങൾതന്നെയാണല്ലോ ഇവയെല്ലാം. വിനയാനുചിതങ്ങളായ കടാക്ഷങ്ങളും, പാവനമായ പരിചരണങ്ങളും, സ്പർശ്യലബ്ധിക്കുള്ള അഭിലാഷങ്ങളും, ദൈവത്തെ സ്നേഹിക്കാത്തതുകൊണ്ടുള്ള അവലാതികളുംമാത്രമേ പരിശുദ്ധമൈത്രിയിൽനിന്നുളവാകുന്നുള്ളൂ. ഇവ പരിശുദ്ധിയുടെ പ്രമാദരഹിതമായ ലക്ഷണങ്ങളാണ്. 'ഹെരാക്ലിയാ'യിലേ മധു മനുഷ്യന്റെ ദർശനശക്തിയെ ദുർബലമാക്കുന്നു. നിഷ്ഫലമായ പ്രേമവും വിവേചനാശക്തിക്കു മാന്ദ്യം വരുത്തുന്നതാണ്. തങ്ങൾ പ്രവർത്തിക്കുന്ന അപരാധങ്ങൾ സുകൃതങ്ങൾതന്നെയെന്നത്രേ അവരുടെ ധാരണ. തങ്ങൾ നിരപ

രാധികളാണെന്നു സ്ഥാപിക്കുന്നതിനുള്ള ശ്രമവും വക്രസം സാരങ്ങളും മറവും ന്യായമാണെന്ന് അവർ വിശ്വസിക്കുന്നു. ഇങ്ങനെ, അന്ധരായിത്തീരുന്ന ഇവർ പ്രകൃത്യാതന്നെ പ്രകാശത്തെ വെറുക്കുകയും അന്ധകാരത്തെ ഇഷ്ടപ്പെടുകയും ചെയ്യുമല്ലോ. പരിശുദ്ധമായ മൈത്രിയുടെ വ്യാപാരങ്ങളാകട്ടെ, പ്രസ്പഷ്ടവും പ്രത്യക്ഷവുമാണ്. അതു സ്വയം മറയ്ക്കുന്നില്ല; സജ്ജനസമക്ഷം പ്രത്യക്ഷമാകുന്നതിനു മടിക്കുന്നുമില്ല. 'ഷേരാക്ലിയാ'യിലേ മധു പാനം ചെയ്യുമ്പോൾ അരോചകമായ ഒരു സ്വാദ് അനുഭവപ്പെടുന്നു. ഇതുപോലെ ജഡികസന്തോഷങ്ങൾക്കുള്ള ആഗ്രഹങ്ങളും അപേക്ഷകളും വിഫലമാകുമ്പോൾ സ്നേഹിതരുടെ നിഷ്കിഞ്ചനപ്രേമം അവരിൽ കോപവും അസൂയയും ഉളവാക്കുന്നു. സൗകര്യം ലഭിക്കുമ്പോഴെല്ലാം പരസ്പരം കുറമാരോപിക്കുന്നതിൽ അവർ സംതൃപ്തരാകയും ചെയ്യുന്നു. കടുത്ത നിരാശയും ചിത്തഭേദവുമായിരിക്കും സാധാരണമായി ഈ സ്നേഹത്തിന്റെ അന്ത്യഫലങ്ങൾ. യഥാർത്ഥസ്നേഹം നിർമ്മലവും നിസ്വാർത്ഥവുമാകയാൽ ഈദൃശ വിപത്തുകളൊന്നും അതിനു സംഭവിക്കുന്നില്ല. അതു സ്വച്ഛവും നിഷ്കപടവും വിനീതവും ശാന്തവുമായിരിക്കും. അതിനു വല്ല മാറ്റവും ഉണ്ടായാൽത്തന്നെയും അതു് ആത്മാക്കളുടെ ശ്രേഷ്ഠമായ ഐക്യത്തിനുവേണ്ടിയായിരിക്കും. സ്വാർത്ഥീയസ്നേഹത്തിന്റെ സജീവമായ പ്രതിരൂപംമാത്രമാകുന്നു ഈ സ്നേഹം. ആൺമയിൽ അതിന്റെ മനോഹരമായ പീലികൾ വിടർത്തി നൃത്തംചെയ്യുമ്പോൾ ഒരു വിശേഷസ്വരം പുറപ്പെടുവിക്കാറുണ്ട്. അപ്പോഴാണു മയിൽപ്പേടകളുടെ വിഷയാസക്തി ഉജ്ജ്വലിക്കുന്നതെന്നു വി. ഗ്രിഗരി നസിയാൻസൻ പ്രസ്താവിക്കുന്നു. ഇപ്രകാരം, കമനീയമായി വസ്ത്രധാരണം ചെയ്തിട്ടുള്ള ഒരു യുവാവ്, മുഖസ്തുതികൾ കലർത്തിച്ചൊണ്ട്, വിവാഹോദ്ദേശംകൂടാതെ, ഒരു യുവതിയെ സമീപിച്ച് അവളുടെ ചെവിയിൽ എന്തെങ്കിലും മന്ത്രിക്കുന്നുവെങ്കിൽ അതു

അശ്ലീലപ്രവൃത്തിയിൽക്കൂടെ ഒരു ക്ഷണമാണെന്നാണല്ലോ അനുമാനിക്കേണ്ടതു്. ഗുണവതിയായ ഒരു സ്ത്രീ ഇവന്റെ വശീകരവാക്കുകൾ ശ്രദ്ധിക്കുകയില്ല. നേരേമറിച്ചു് ആ ദുഷ്ടനോടു് അവർ അനുഭാവമാണു പ്രദർശിപ്പിക്കുന്നതെങ്കിൽ അതു് അവളുടെ ചാരിത്രത്തിന്റെ വിനാശഹേതുതന്നെ.

അനാശാസ്യമായ വീക്ഷണങ്ങളിലും പ്രേമചേഷ്ടകളിലും ലീനമനസ്കരായി, മാതാപിതാക്കന്മാരോ ഭാര്യാഭർത്താക്കന്മാരോ ആത്മ്യാത്മികോപദേഷ്ടാവോ കേൾക്കുവാൻ ഇച്ഛിക്കാത്ത വാക്കുകൾ സംസാരിക്കുന്ന യുവതീയുവാക്കന്മാർ, തങ്ങളുടെ അന്തഃകരണശാസനകൾക്കും ആത്മാഭിമാനത്തിനും അനുയോജ്യമായവിധമല്ല പ്രവർത്തിക്കുന്നതു് എന്നുള്ളതിനു് അവരുടെ ആശങ്കാകരമായതന്നെ ഉത്തമസാക്ഷ്യം നല്കുന്നു. സഭ്യതീയകീർത്തനങ്ങളാൽ തന്നെ അഭിവാദ്യം ചെയ്ത ദൈവദൂതനെ മനുഷ്യരൂപത്തിൽ കണ്ട ക്ഷണം നിത്യകന്യാത്വം സ്വീകരിച്ചിരുന്ന പരിശുദ്ധമറിയം പരിഭ്രമിക്കയുണ്ടായി. മർത്ത്യരൂപമവലംബിച്ച മാലാഖയെപ്പോലും ചാരിത്രം ഭയപ്പെട്ടുവല്ലോ. അങ്ങനെയെങ്കിൽ സഭ്യതീയവേഷം ധരിച്ചിട്ടുണ്ടെങ്കിലും ക്രമത്തിലധികമായ മുഖസ്തുതികൾ പറയുന്ന ഒരു മനുഷ്യനെ ശ്രുത എന്തുകൊണ്ടു ഭയപ്പെടുന്നില്ല?



ഇരുപത്തൊന്നാം അധ്യായം

അശ്ലീലമൈത്രിക്കുള്ള ചില പ്രതിവിധികൾ

വ്യർത്ഥമായ സ്നേഹപ്രകടനത്തിനും നിഷിദ്ധമായ മൈത്രീബന്ധത്തിനും ഉള്ള പ്രതിവിധികൾ എന്തെല്ലാം? അശ്ലീലമായ ഏതെങ്കിലും പ്രതിപത്തി ഉണ്ടാകുമ്പോൾ ഭയത്തോ

ട്ടും അവജ്ഞയോടുംകൂടെ അതിൽനിന്നു് ഉടൻ പിന്തിരിഞ്ഞു്, ക്രൂശിതനായ യേശുവിൽ അഭയംതേടുകയാകുന്നു ഏറ്റവും പറ്റിയ പ്രതിവിധി. അശ്ലീലസ്നേഹമാകുന്ന സർപ്പം നിന്റെ ഹൃദയത്തിൽ പ്രവേശിക്കാതിരിക്കുന്നതിനു ദിവ്യനാഥന്റെ മുൾമുടിയാൽ അതിനെ ദൃഢമായി വലയം ചെയ്യുക. ശത്രുവുമായി നീ യാതൊരുടമ്പടിയും ചെയ്യരുതു്. "അവനെ ഞാൻ കേൾക്കുന്നുവെങ്കിലും അനുസരിക്കുകയില്ല; അവന്റെ സംസാരത്തിനു് എന്റെ ചെവി തുറന്നുകൊടുത്താലും എന്റെ ഹൃദയത്തെ ഞാൻ ഒരിക്കലും തുറന്നുകൊടുക്കുകയില്ല" എന്നും മറുമുള്ള നിന്റെ വീരവാദങ്ങൾ അത്യന്യായമായിരിക്കും. ഇക്കാര്യത്തിൽ വളരെ നിഷ്കർഷാപൂർവ്വം നീ വർത്തിക്കേണ്ടതാണു്. ഹൃദയവും ചെവിയും തമ്മിൽ അതിഭദ്രമായ ഒരു ബന്ധമുണ്ടു്. പർവ്വതത്തിന്റെ ചെരിവിൽക്കൂടെ ശക്തിയായി ഒഴുകിവരുന്ന ജലപ്രവാഹത്തെ തടയുവാൻ ആർക്കാണു സാധിക്കുക? ഇതുപോലെ, കണ്ണുപുടങ്ങളിൽ പാഞ്ഞുകയറുന്ന വാർത്തകൾ ഉള്ളിൽ പ്രവേശിക്കാതെ നിരോധിക്കുന്നതും ദുഷ്കരംതന്നെ.

കോലാഹലകരം ചെവികളിൽക്കൂടെയാകുന്ന ശ്വാസോച്ഛ്വാസം ചെയ്യുന്നതെന്നു് 'അൽമെയോ' എന്ന മഹാൻ സിദ്ധാന്തിച്ചപ്പോൾ, അരിസ്റ്റോട്ടൽ അതു നിഷേധിക്കുകയുണ്ടായി. ഈ അഭിപ്രായത്തെ നന്നായി പരിശോധിച്ചു് ഒരു വിധി പ്രസ്താവിക്കുവാൻ ഞാൻ ഒരുങ്ങുന്നില്ല. എങ്കിലും, ഹൃദയം അന്യരുടെ ചിന്തകൾ ചെവികൾവഴി അറിയുകയും അതിനെ വായിൽക്കൂടെ ശ്വസിക്കുകയും ചെയ്യുന്നുവെന്നതിനെപ്പറ്റി എനിക്കു സംശയമില്ല. അതിനാൽ, അശ്ലീലവചനങ്ങൾ ഉള്ളിൽ പ്രവേശിക്കാതിരിപ്പാൻ ചെവികളെ നാം ശ്രദ്ധയോടെ സൂക്ഷിക്കണം. അല്ലാത്തപക്ഷം, താമസംവിനാ നമ്മുടെ ഹൃദയം മലിനമായിത്തീരാനിടയുണ്ടു്. നീചമായ സംഭാഷണത്തെയും സചീകായ്മല്ലാത്ത നിർദ്ദേശങ്ങളേയും

നീ ഒരിക്കലും ശ്രദ്ധിക്കരുത്. ഇവയിൽനിന്നൊഴിയുവാൻ നിർമ്മമ്യാദയായും അപരിഷ്കൃതമായും പെരുമാറേണ്ടിവന്നാൽത്തന്നെയും അതിൽ വലിയ അബദ്ധമില്ല. നിന്റെ ആത്മാവിനെ ദൈവത്തിനു സമർപ്പിച്ചിട്ടുണ്ടെന്നും അതിന്റെ സ്നേഹത്തെ അവിടുത്തേയ്ക്കായി ബലികഴിച്ചിരിക്കുന്നുവെന്നും നീ സദാ സ്മരിക്കണം. നിന്റെ പ്രതിജ്ഞകളെ ദൃഢമാക്കുകയും നിന്റെ സ്നേഹത്തെ വീണ്ടും ദൈവത്തിനു സമർപ്പിക്കുകയും ചെയ്യുക. കലമാൻ അതിന്റെ നിഗ്രഹമായ രക്ഷാസ്ഥലത്തു് എന്നപോലെ നിന്റെ പ്രതിജ്ഞകളിലും ശുദ്ധനിയോഗങ്ങളിലും അഭയംപ്രാപിച്ചുകൊണ്ടു ദൈവാനുഗ്രഹം അപേക്ഷിക്കുക. അപ്പോൾ, ദൈവം നിന്നെ സഹായിക്കാതിരിക്കുകയില്ല. ഇതിനുംപുറമേ, നിന്റെ സ്നേഹം മുഴുവനും തന്റേതായിരിക്കുന്നതിനുവേണ്ടി, അതു് അന്യാധീനപ്പെടാതെ അവിടുന്നുതന്നെ കാത്തുസൂക്ഷിച്ചുകൊള്ളും.

അനാശാസ്യമായ സ്നേഹപാശത്താൽ നേരത്തെതന്നെ നീ ബദ്ധനായിപ്പോയെങ്കിൽ, അതിൽനിന്നു വിമുക്തനാവുക വളരെ വിഷമമാണു്. അപ്പോൾ ദൈവത്തിന്റെ അനുഗ്രഹം ഹൃദയംഗമമായി അപേക്ഷിച്ചു് അവിടുത്തേ മഹനീയ സന്നിധിയിൽ നിന്റെ ദുർബലതയും നികൃഷ്ടമായ മനഃസ്ഥിതിയും ഏറ്റുപറയുകയാണു ചെയ്യേണ്ടതു്. അനന്തരം, നിന്റെ വഷളത്തങ്ങളെ യഥാർത്ഥമായി വെറുത്തുകൊണ്ടു സ്നേഹിതനുമായിപ്പോയ വാശോനങ്ങളെ ധൈര്യപൂർവ്വം നിരസിക്കുകയും, അശുദ്ധ സ്നേഹത്തിലേയ്ക്കുള്ള നിന്റെ വാസനയെ സർവ്വാത്മനാ അമർത്തുകയും ചെയ്യുക. ഇതു അപൽകരമായ മാർഗ്ഗത്തിലൂടെ ഇനിയൊരിക്കലും സഞ്ചരിക്കയില്ലെന്നു് ഒരു ദൃഢപ്രതിജ്ഞയും ചെയ്യുക. നിന്റെ സ്നേഹത്തിൽനിന്നു കഴിയുന്നതു അകന്നിരിക്കുന്നതും ഉത്തമംതന്നെ. സപ്പുദംശനമേറ്റ ഒരാൾ ആ സർപ്പത്തിൽനിന്നുതന്നെ വിഷബാധയുണ്ടായിട്ടുള്ളവരുടെ അടുക്കൽ അയിരിക്കുന്നിടത്തോളംകാലം സു

ചംപ്രാപിക്കയില്ലെന്നു പറയപ്പെടുന്നു. ഇതുപോലെ, പ്രേമ സർപ്പത്തിന്റെ വിഷമേറ്റ രണ്ടു സ്നേഹിതന്മാരുടെ പരസ്പര സാന്നിദ്ധ്യം അവരുടെ സ്നേഹത്തെ വളിപ്പിക്കുകയല്ലാതെ ശമിപ്പിക്കുന്നതല്ല. പ്രേമത്തിൽനിന്നുളവാകുന്ന താപത്തെയും അസ്വസ്ഥതയേയും ശാന്തമാക്കുന്നതിന് ഏറ്റവും പറ്റിയ പ്രത്യൗഷധമാണു വിട്ടുരയാതു. 'പശ്ചാത്താപത്തെക്കുറിച്ചു' ള്ള തന്റെ ഗ്രന്ഥത്തിൽ, വി. അംബ്രോസീസ് പ്രസ്താവിക്കുന്നു യുവാവു് ഒരു ദീർഘയാത്രയ്ക്കുശേഷം അയാളുടെ അശുദ്ധ സ്നേഹബന്ധത്തിൽനിന്നു വിമുക്തനായി എന്നു പറഞ്ഞിരിക്കുന്നു. ഒരിക്കൽ പ്രസ്തുത യുവാവിനെക്കണ്ടപ്പോൾ അയാളുടെ സ്നേഹിത ഇപ്രകാരം പറഞ്ഞു: "അങ്ങു് എന്നെ അറിയുകയില്ലേ? ഞാൻ ഇപ്പോഴും പൂർവ്വസ്ഥിതിയിൽത്തന്നെയാണല്ലോ സ്ഥിതിചെയ്യുന്നതു്." അപ്പോൾ, "കൊള്ളാം; എന്നാൽ, നിന്റെ സ്നേഹിതനായിരുന്ന ആ യുവാവിനെയല്ല നീ ഇപ്പോൾ ഇവിടെ കാണുന്നതു്" എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. കണ്ടാലും! അദ്ദേഹത്തിൽ സംഭവിച്ച മാറ്റം! തന്റെ കാമുകിയിൽനിന്നു വളരെനാളത്തേയ്ക്കു് അകന്നിരുന്നു എന്നതുതന്നെ അയാളിലുണ്ടായ മാറ്റത്തിന്റെ കാരണം. തന്റെ സ്നേഹിതന്റെ നിയ്യാണത്തിലുണ്ടായ ദുസ്സഹമായ ദുഃഖത്താൽ പീഡിപ്പിക്കപ്പെട്ട വിശുദ്ധ അഗസ്തീനോസ്, കുറെ ആശ്വാസം ലഭിക്കുന്നതിനായി അയാളുടെ മരണസ്ഥലമായ ടഗാസ്റ്റായിൽനിന്നു കാത്തേജിലേയ്ക്കു മാറിത്താമസിക്കുകയുണ്ടായി എന്നു് അദ്ദേഹംതന്നെ പ്രസ്താവിച്ചിരിക്കുന്നു.

എന്നാൽ, പാപത്തിന്റെ സാഹചര്യങ്ങളിൽനിന്നു പിന്മാറുവാൻ നിവൃത്തിമില്ലാത്തവർ എന്താണു ചെയ്യേണ്ടതെന്നു നീ ചോദിച്ചേക്കാം. ഈ സ്ഥിതിയിലുള്ളവർ തങ്ങളുടെ പരിചയഭാവങ്ങളും രഹസ്യസംഭാഷണങ്ങളും അനാശാസ്യ വീക്ഷണങ്ങളും മന്ദസ്മിതങ്ങളും എന്നുവേണ്ടാ ദുർവി

കാരത്തെ ഉദ്ദീപിപ്പിക്കുന്ന എല്ലാ ചേഷ്ടകളും പാടേ പരിത്യജിക്കണം. സ്നേഹിതനോട് വല്ലതും സംസാരിക്കുന്നതിനിടയായാൽ അതു തന്റെ ഉദ്ദേശനിശ്ചയം അയാളെ അറിയിക്കുന്നതിനു മാത്രമായിരിക്കട്ടെ. അങ്ങനെയുള്ള അവസരങ്ങളിൽ നിന്റെ മുഖത്തു ഗൗരവവും ധീരതയും പ്രകാശിക്കേണ്ടതാണ്. സ്നേഹപാശത്താൽ ബദ്ധരായ സകലരോടും ഇതുതന്നെ ഞാൻ ആവർത്തിച്ചുപറയുന്നു: "ആപൽകരമായി ചുറ്റിയിരിക്കുന്ന ഈ ചരട് സാവധാനം അഴിക്കുന്നതിനു നിങ്ങൾ കാത്തിരിക്കാതെ ഉടൻതന്നെ ഛേദിച്ചുകളഞ്ഞാലും! ആ ചരട് പിന്നീട് ഉപയോഗപ്രദമാകാത്തവണ്ണം അതിനെ കഷ്ണം കഷ്ണമായി മുറിച്ചു ദൂരെ എറിഞ്ഞുകളയുക. ദൈവസ്നേഹത്തിനു വിരുദ്ധമായ യാതൊരു സ്നേഹത്തിനും നിന്റെ ഹൃദയത്തിൽ സ്ഥലമനുവദിച്ചുകൂടാ."

"ഹീനമായ ഈ സ്നേഹശൃംഖലയെ പൊട്ടിച്ചുകളഞ്ഞാലും അതിന്റെ ചില കണ്ണികളെങ്കിലും ശേഷിക്കാതിരിക്കുമോ? പ്രസ്തുത സ്നേഹത്തിൽനിന്നുളവായ പ്രേമവികാരങ്ങളും ആഗ്രഹങ്ങളുമാകുന്ന പാട്ടകളും അടയാളങ്ങളും എന്നിൽ പതിഞ്ഞുകിടക്കുന്നതാണ്" എന്നും മറും നീ പറഞ്ഞേക്കാം. എന്നാൽ, ഇതു യഥാർത്ഥമല്ല. ഈ തിന്മയോട് അതിനർഹമായ വിദ്വേഷം നീ പ്രദർശിപ്പിച്ചിട്ടുണ്ടെങ്കിൽ, നീ പറയുന്നവിധമുള്ള പാട്ടകളും അടയാളങ്ങളും പിന്നീട് ഉണ്ടായിരിക്കുന്നതല്ല. നേരേമറിച്ച്, ഈ നികൃഷ്ടപ്രേമത്തോടും അതിന്റെ സാഹചര്യങ്ങളോടുമുള്ള വെറുപ്പുമാത്രമേ നിന്നിൽ ശേഷിക്കയുള്ളൂ. പരിത്യക്തയായ നിന്റെ പ്രേമഭാജനത്തോട് ഉപവിയെപ്രതിയുള്ള സ്നേഹമല്ലാതെ മറു സ്നേഹവികാരങ്ങളും നിന്നിൽ ഉളവാകുന്നതല്ല. എന്നാൽ, പശ്ചാത്താപത്തിന്റെ അഭാവത്താൽ വല്ല അനാശാസ്യപ്രതിപത്തിയും നിന്നിൽ ശേഷിക്കുന്നുവെങ്കിൽ ഞാൻ അന്യത്ര നിർദ്ദേശിച്ചിട്ടുള്ള ഏകാന്തതയിലേയ്ക്കു നിന്റെ ആത്മാവിനെ ആനയിച്ചാലും. അശുദ്ധാഗ്രഹത്തെ പരിത്യജിച്ചു പ്രസ്തുത

സ്നേഹവികാരത്തെ നിന്റെ പൂർണ്ണശക്തിയോടേ നിരോധിക്കുകയും ഏകാന്തതയിൽത്തന്നെ നിന്റെ ആത്മാവിനെ വ്യാപരിപ്പിക്കുകയും ചെയ്യുക. ഇതുപോലുള്ള അവസരങ്ങളിൽ മിക്കപ്പോഴും സകൃത്തജപങ്ങളും ചൊല്ലുകയും വിശ്രമവേളയിൽ വി. ഗ്രന്ഥം വായിക്കുകയും ചെയ്യുന്നതു വളരെ ഉപകാരപ്രദമാണു്. പലപ്പോഴും പാപസങ്കീർത്തനംചെയ്തു് ആത്മാവിനെ ശുദ്ധമാക്കി വിശുദ്ധഭോജനത്താൽ അതിനെ പരിപുഷ്ടമാക്കണം. ആത്മഗുരുവിനോടോ വിവേകിയും വിശ്വസ്തനുമായ മറ്റാരോടെങ്കിലുമോ നിന്റെ വിഷമതകളും പ്രലോഭനങ്ങളും നിഷ്കപടമായി വിനയപൂർവ്വം അറിയിക്കുന്നതും നല്ലതുതന്നെ. ഇങ്ങനെ, നിഷ്കർഷയോടും സ്ഥിരതയോടുംകൂടെ നിന്റെ ജീവിതത്തെ നിയന്ത്രിക്കുന്നുവെങ്കിൽ കരുണാനിധിയായ ദൈവം നിന്റെ ദുരിതത്തിൽനിന്നു നിന്നെ രക്ഷിക്കാതിരിക്കയില്ല.

"സ്നേഹബന്ധത്തെ ഈവിധം നിർദ്ദയമായി ഛേദിക്കുന്നതു വലിയ ഒരു നന്ദികേടല്ലയോ?" എന്നു നീ ചോദിച്ചേക്കാം. എന്നാൽ, ദൈവത്തെ പ്രസാദിപ്പിക്കുന്ന ഈ നന്ദിഹീനതയെ നീ സന്തോഷത്തോടേ പ്രകാശിപ്പിച്ചുകൊൾക. വാസ്തവത്തിൽ ഇതു നന്ദികേടല്ല. നന്ദികേടായിക്കരുതുന്ന ഈ പ്രവൃത്തിവഴിയായി ഒരു വലിയ നന്മതന്നെയാകുന്നു നീ ചെയ്യുന്നതു്. എന്തുകൊണ്ടെന്നാൽ, അനാശാസ്യമായ സ്നേഹബന്ധത്തിന്റെ അപകടം സ്നേഹിതന്മാർ രണ്ടുപേർക്കും ഒരുപോലെ ഉളവാകുന്നതാണു്. ഏറെത്താമസിയാതെ നിന്റെ സ്നേഹിതനും നിന്നോടുകൂടി ഇപ്രകാരം ദൈവത്തിനു കൃതജ്ഞതാസ്തോത്രം പാടാതിരിക്കുകയില്ല. "ഓ! നാഥാ, എന്നെ ബന്ധിച്ചിരുന്ന ഐശ്വര്യാഭിലാഷശൃംഖലയെ അഴിച്ചുതന്നു ഛേദിച്ചിരിക്കുന്നു; അതിനാൽ, സ്തുതിയുടെ ബലിയെ അങ്ങേയ്ക്കു ഞാൻ സമർപ്പിക്കയും അങ്ങേ മഹനീയ നാമത്തെ വിളിച്ചു പ്രാർത്ഥിക്കുകയും ചെയ്യും."

ഇരുപത്തിരണ്ടാം അധ്യായം

മൈത്രിയെക്കുറിച്ചു കൂടുതലായുള്ള നിർദ്ദേശങ്ങൾ

ഈ വിഷയത്തെക്കുറിച്ച് അതിപ്രധാനമായ മറെറാരു പദേശം നല്കുവാനുണ്ട്. സ്നേഹിതന്മാർ തമ്മിൽ സൈ്വരസല്ലാപങ്ങളും സ്വതന്ത്രസംസർഗ്ഗങ്ങളും ഉണ്ടെങ്കിൽ മാത്രമേ സ്നേഹബന്ധം വളരുകയും നിലനില്ക്കുകയും ചെയ്യുകയുള്ളൂ. അപ്പോൾ, നീചമായ സ്നേഹപ്രകടനങ്ങളും ജഡികസന്തോഷങ്ങളും അവിചാരിതമായി ഉണ്ടാകുന്നതാണ്. ഇവയെല്ലാം പാപകരമായ മറു സംസർഗ്ഗങ്ങളിലേയ്ക്കു വഴിതെളിക്കാതിരിക്കുകയില്ല. നിന്റെ സ്നേഹിതനെ അമിതമായി ബഹുമാനിക്കുകയും പ്രശംസിക്കുകയും ചെയ്യുമ്പോഴാകുന്നു മൻപ്രസ്താവിച്ച നിഷ്ഫലസംസർഗ്ഗത്തിൽ നീ ഉൾപ്പെട്ടുന്നതു്. എന്തുകൊണ്ടെന്നാൽ, നിന്റെ ഹൃദയം സ്നേഹിതനെ മുഴുവനായി തുറന്നുകാണിക്കുകയും അയാളുടെ അഭിപ്രായങ്ങളും ആശയങ്ങളും ഗുണദോഷവിവേചനംകൂടാതെ സ്വീകരിക്കുകയുമത്രേ ചെയ്യുന്നതു്. 'ഫെരാക്ലിയാ'യിലേതെന്നീച്ചകൾക്കു തേൻ ശേഖരിക്കുന്നതിനുമാത്രമേ ഉദ്ദേശമുള്ളൂ. എന്നാൽ, തേൻ ശേഖരിക്കുന്നതോടുകൂടി അവ അറിയാതെതന്നെ വിഷവും വലിച്ചെടുക്കുന്നു.

അതിനാൽ, ഇങ്ങനെയുള്ള അപത്തുകൾ സംഭവിക്കാതിരിപ്പാനായി ആത്മാക്കളുടെ സംരക്ഷകനായ ദിവ്യനാഥൻ നല്കുകയും, തന്റെ വിശ്വസ്തദാസന്മാർ അനുവർത്തിക്കുകയും ചെയ്ത ദിവ്യപ്രബോധനങ്ങളെ നമുക്കു പ്രായോഗികമാക്കാം. അവിടുന്ന് അരുൾചെയ്യുന്നതു കേട്ടാലും: "നിങ്ങൾ സമർത്ഥരായ വ്യാപാരികളായിരിക്കുവിൻ; നല്ല നാണയം വാങ്ങുകയോ, തനിസ്വർണ്ണത്തിനുപകരം കൂട്ടുചേർത്തതു വാങ്ങുകയോ ചെയ്യരുതു്." അതിനാൽ വിവേക

പൂവ്വം നമുക്കു പ്രവർത്തിക്കാം. നികൃഷ്ടമായവയിൽനിന്നു വിശിഷ്ടമായവയെ നമുക്കു വേർതിരിക്കാം. നീ നിരാശപ്പെടേണ്ടാ. തെറ്റു ചെയ്യാത്തവർ അധികം ഉണ്ടായിരിക്കയില്ലല്ലോ. അപൂർണ്ണതകളും ഉള്ളവരേയും നാം സ്നേഹിക്കണം. എന്നാൽ, ഒരുത്തനെ സ്നേഹിക്കുന്നതുകൊണ്ടു് അയാളുടെ തെറ്റുകളേയും സ്നേഹിക്കണമെന്നുണ്ടോ? അയാളുടെ ന്യൂനതകളെ സ്നേഹിക്കുകയോ അവയെ അനുകരിക്കുകയോ ചെയ്യരുതു്. മിത്രങ്ങൾക്കു പരസ്പരം സദ്ഗുണം ലഭിക്കുകയെന്നതാകുന്നു സ്നേഹബന്ധത്തിന്റെ സർവ്വപ്രധാനമായ ഉദ്ദേശ്യം; അല്ലാതെ, ദുർഗ്ഗുണങ്ങളെ കൈമാറുകയല്ല. ടാഗ്രസ് നദിയിൽനിന്നു മണൽ വാരിയെടുക്കുന്നവർ അവയിലുള്ള സ്വർണ്ണശകലങ്ങൾ വേർതിരിച്ചെടുത്തശേഷം ചരൽ ദൂരത്തെറിഞ്ഞുകളയുന്നതുപോലെ, നമ്മുടെ സ്നേഹിതനിലുള്ള ദുർഗ്ഗുണങ്ങളാകുന്ന മണൽത്തരികളെ നാം പരിത്യജിച്ചു്, സൽഗുണങ്ങളാകുന്ന സ്വർണ്ണശകലങ്ങളെ ശേഖരിക്കണം. വി. ബെയ്സിലിനെ സ്നേഹിച്ചിരുന്നവർ അദ്ദേഹത്തിന്റെ ശാരീരികമായ അപൂർണ്ണതകളെക്കൂടെയും അനുകരിച്ചിരുന്നുവെന്നു വി. ഗ്രിഗറി നസിയാൻസൻ എഴുതിയിരിക്കുന്നു. അദ്ദേഹത്തിന്റെ മന്ദസംസാരം, വിഷാദഭാവം മുതലായവ തങ്ങളിലും ഉളവാക്കുവാൻ അവർ യത്നിച്ചിരുന്നു. അദ്ദേഹത്തിന്റെ മീശ കത്രിക്കുന്ന രീതിപോലും അവർ അനുകരിച്ചിരുന്നു. ഭാര്യാഭർത്താക്കന്മാരും സന്താനങ്ങളും ബന്ധുമിത്രാദികളും തങ്ങൾക്കുള്ള ബഹുമാനമോ അനുകരണഭ്രമമോ നിമിത്തം ഭർത്താക്കന്മാരിലോ ഭാര്യമാരിലോ മാതാപിതാക്കന്മാരിലോ മിത്രങ്ങളിലോ കാണുന്ന പലതരം സ്വഭാവവിശേഷങ്ങളും പ്രത്യേകതകളും സസന്തോഷം സ്വീകരിക്കുകയും ചെയ്യാറുണ്ടു്. എന്നാൽ, ഇതു് ആശാസ്യമല്ല. എന്തുകൊണ്ടെന്നാൽ, വ്യക്തിപരമായ കുറവുകളും കുറവുകളും ഓരോരുത്തർക്കും ധാരാളമുള്ളതുനിമിത്തം, സ്നേഹഫലമായി അന്യരുടെ ന്യൂനതകളും നമ്മിൽ ഉളവാകാ

നിടയുണ്ട്. ന്യൂനതകളെ പരിഹരിക്കണമെന്നതായിരുക്കണം ഈ സ്നേഹബന്ധത്തിന്റെ ഉദ്ദേശ്യം. സ്നേഹിതരുടെ അപൂർണ്ണതകളെ ക്ഷമാപൂർവ്വം സഹിക്കേണ്ടതാണെങ്കിലും അവയെ അനുകരിക്കുകയോ അവയിൽ അവർക്കു പ്രോത്സാഹനം നല്കുകയോ ചെയ്യുന്നതു വിഹിതമല്ലതന്നെ.

അപൂർണ്ണതകളെക്കുറിച്ചാകുന്നു ഞാൻ ഇത്രയും പ്രസ്താവിച്ചതു്. ഇനി പാപത്തെപ്പറ്റി സ്വല്പം പറയാം. നിന്റെ സ്നേഹിതരുടെ പാപകരമായ പ്രവൃത്തികളെ അടിനടിക്കുകയോ അവയ്ക്കു് അവസരം നല്കുകയോ അവ അവരിൽ നിലനില്ക്കാൻ അനുവദിക്കുകയോ ചെയ്യരുതു്. തന്റെ സ്നേഹിതൻ പാപച്ചേറ്റിൽ വീഴുമ്പോൾ അയാളെ അവിടെനിന്നു പൊക്കിയെടുക്കുന്നതിൽ ഉദാസീനത പ്രദർശിപ്പിക്കുന്ന മൈത്രി—ശാസനമാകുന്ന പ്രതൃൗഷധം പ്രയോഗിച്ചു സ്നേഹിതന്റെ ആത്മരോഗത്തെ നിവാരണം ചെയ്യുന്നതിനു സന്നദ്ധമാകാത്ത മൈത്രി—അലസവും ദുർബലവും ഉപയോഗശൂന്യവുമത്രേ; സംശയമില്ല. പാപമുള്ളിടത്തു യഥാർത്ഥവും സജീവവുമായ സ്നേഹം ഉണ്ടായിരിക്കയില്ല. 'സലമാണ്ടർ' എന്ന ജന്തു തീയിൽ വീണാൽ ആ തീ കെട്ടുപോവുകയേ ഉള്ളു. ഇപ്രകാരംതന്നെ പാപസ്പർശമേല്ക്കുന്ന സ്നേഹം പാപത്തെ നശിപ്പിക്കയില്ല; പ്രത്യുത, ആ പാപം സ്നേഹത്തെ ഇല്ലാതാക്കുകയാണു ചെയ്യുന്നതു്.

പെട്ടെന്നുണ്ടായ ഒരു പാപം മിത്രത്തിന്റെ ഒരൊറ്റ സ്നേഹശാസനത്താൽ വിദൂരമാക്കാവുന്നതാണു്. എന്നാൽ, അതു് ഒരുവനിൽ ദൃഢമായി നിലനില്ക്കുന്നുവെങ്കിൽ, യഥാർത്ഥമായ സ്നേഹബന്ധം നശിക്കാതിരിക്കയില്ല. എന്തുകൊണ്ടെന്നാൽ, പുണ്യമുള്ളിടത്തുമാത്രമേ, യഥാർത്ഥസ്നേഹം സ്ഥിതിചെയ്യുകയുള്ളു. സ്നേഹിതൻ നമുക്കു പാപകാരണമാവുകയോ പാപത്തിലേക്കു നമ്മെ ആകർഷിക്കുകയോ ചെയ്യുന്നുവെങ്കിൽ അയാളും നമ്മുടെ ശത്രുതന്നെ. നമുക്കു് ആത്മ

നാശം വരുത്തുന്നവൻ നമ്മുടെ സ്നേഹത്തിന് അർഹനാകുമോ? ഒരു പാപിയോടു മൈത്രീബന്ധം പാലിക്കുന്നതിനുള്ള അഗ്രഹം അശുദ്ധമായ സ്നേഹത്തിന്റെ അവിതർക്കിതമായ ലക്ഷണമാണ്. സ്നേഹിതൻ ദുഷ്ടനെങ്കിൽ, സ്നേഹവും നികൃഷ്ടമായിരിക്കും. എന്തുകൊണ്ടെന്നാൽ സാക്ഷാത്തായ സുകൃതത്തിൽ അടിയുറച്ചിട്ടില്ലാത്ത സ്നേഹത്തിന്റെ അടിസ്ഥാനം നിസ്സാരനന്മകളും ഐതികമായ ആകർഷണങ്ങളുംമാത്രമേ ആയിരിക്കും.

ഐതികലാഭത്തിനുവേണ്ടി കച്ചവടക്കാർ വ്യാപാരസംഘടനകൾ രൂപവൽകരിക്കാറുണ്ട്. എന്നാൽ, ഇതു യഥാർത്ഥമൈത്രിയല്ല. എന്തുകൊണ്ടെന്നാൽ, പാവനമായ പരസ്നേഹമല്ല; പ്രത്യുത, ലാഭപ്രേയാക്കുന്ന പ്രസ്തുത സംഘടനയുടെ ഉദ്ദേശ്യം. അവസാനമായി, ഞാൻ നല്കുന്ന ഈ രണ്ടു നിർദ്ദേശങ്ങളെ ജീവിതത്തിന്റെ അനുപേക്ഷണീയമായ രണ്ടു സ്തംഭങ്ങളായി നീ സ്വീകരിച്ചാലും. അവയിൽ ഒന്നു വി. ഗ്രന്ഥത്തിലേ ബുദ്ധിമാന്റെ പ്രസ്താവമാണ്: "ദൈവഭയം ഉള്ളവൻ ഉത്തമസ്നേഹിതനെ ലഭിക്കുന്നു." രണ്ടാമത്തത് "ലൗകികസ്നേഹം ദൈവസ്നേഹത്തിന്റെ ശത്രുവാണ്" എന്ന വി. യാക്കോബിന്റെ ദിവ്യപ്രബോധനംതന്നെ.

ഇരുപത്തിമൂന്നാം അധ്യായം

ബാഹ്യമായ ഇന്ദ്രിയനിഗ്രഹം

ഒരു ബദാംകുരുവിന്റെ പരിപ്പിൽ ഏതെങ്കിലും ഒരക്ഷരം വളരെ സൂക്ഷിച്ചു കൊത്തുകയും അനന്തരം അതിന്റെ തൊണ്ടിൽവച്ചു ഭദ്രമായി പൊതിഞ്ഞുകെട്ടുകയും ചെയ്തശേഷം അതു കുഴിച്ചിടുക. അതു മുളച്ചുവളർന്നു വൃക്ഷമായശേ

ശം അതിലുണ്ടാകുന്ന എല്ലാകനികളിലും മുൻപു കൊത്തിയിരുന്ന അക്ഷരം ഉണ്ടായിരിക്കുമെന്നു പറയപ്പെട്ടുന്നു. പാപമാർഗ്ഗത്തിൽനിന്ന് ഒരാളെ സൽപഥത്തിലേയ്ക്കു് ആനയിക്കുന്നതിനു് ഉദ്യമിക്കുമ്പോൾ അയാളുടെ ഭാവപ്രകടനങ്ങൾ, വസ്ത്രധാരണരീതി മുതലായ ബാഹ്യകാര്യങ്ങളെയല്ല ആദ്യമായി നാം പരിഷ്കരിക്കേണ്ടതു്. അയാളെ ആന്തരികമായി നവീകരിക്കുന്നതിനായിരിക്കണം നമ്മുടെ പ്രഥമ പരിശ്രമം. "നിന്റെ മുഴുഹൃദയത്തോടേ നീ എന്നിലേയ്ക്കു പന്തിരിയുക" "മകനേ, നിന്റെ ഹൃദയത്തെ എനിക്കു സമർപ്പിക്കുക" ഇപ്രകാരമാകുന്നു അനന്തജ്ഞാനി നമ്മോടാവശ്യപ്പെട്ടുന്നതു്. പ്രവൃത്തികളുടെ ഉത്ഭവസ്ഥാനം ഹൃദയമായതുകൊണ്ടു് അവ ഹൃദയത്തോടു സാദൃശ്യമുള്ളതായിരിക്കും. "നിന്റെ ഹൃദയവും കരങ്ങളും എന്നാൽ മുദ്രിതങ്ങളാകാട്ടെ" എന്നു് ആത്മാക്കളെ ക്ഷണിക്കുന്ന ദിവ്യനാഥൻ നമ്മോടുപദേശിക്കുന്നു. അതേ, ആ സ്നേഹസ്വരൂപനെ ഹൃദയത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ളവർ തങ്ങളുടെ എല്ലാ പ്രവൃത്തികളിലും അദ്ദേഹത്തെ പ്രത്യക്ഷമാക്കാതിരിക്കയില്ല.

അതിനാൽ, "ദിവ്യനാഥൻ വാഴട്ടെ" എന്ന മുദ്രാവാക്യത്തെ നിന്റെ ഹൃദയത്തിൽ ആഴമായി ആലേഖനം ചെയ്യുക. ഇങ്ങനെ ചെയ്യുന്നുവെങ്കിൽ, മുൻപ്രസ്താവിച്ച ബദാംകുരുവിൽനിന്നു മുളച്ചുവളർന്ന വൃക്ഷത്തിന്റെ എല്ലാ കനികളിലും മൂലഫലത്തിൽ കൊത്തിയിരുന്ന അക്ഷരം ഉണ്ടായിരിക്കുന്നതുപോലെ, നമ്മുടെ ഹൃദയത്തിൽനിന്നുദ്ഭൂതമാകുന്ന പ്രവൃത്തികളും ഈ മഹനീയാക്ഷരങ്ങളാൽ മുദ്രിതങ്ങളാകുന്നതാണു്. എന്തുകൊണ്ടെന്നാൽ, നിന്റെ ഹൃദയത്തിൽ എന്നപോലെ നയനങ്ങളിലും കരങ്ങളിലും അധരങ്ങളിലും എന്നുവേണ്ട, തലമുടിയിൽത്തന്നെയും യേശുനാഥൻ വാഴും. അപ്പോൾ "ഞാൻ ജീവിക്കുന്നു എങ്കിലും ഞാനല്ല, ക്രിസ്തുവാകുന്നു എന്നിൽ ജീവിക്കുന്നതു്" എന്നു വി. പൗലോസിനോടുകൂ

ടെ നിനക്കും പറയാൻ സാധിക്കും. ഒരുവന്റെ ഹൃദയത്തെ അധീനമാക്കുമ്പോൾ അയാളുടെമേൽ പരിപൂർണ്ണമായി നാം വിജയം നേടുന്നു. തന്നിമിത്തം ഹൃദയത്തെയാണ് ആദ്യമായി ശുദ്ധീകരിക്കേണ്ടതു്. അതിനുശേഷം ബാഹ്യവ്യാപാരങ്ങളെ എങ്ങനെ നവീകരിക്കണമെന്ന് അവനെ അഭ്യസിപ്പിക്കുക. അയാളിൽ പരിശുദ്ധമായ ഭക്തിയോടൊപ്പം വിജ്ഞാനവും വിവേകവും പരിലസിക്കും. ഇതിനുള്ള മാർഗ്ഗത്തെക്കുറിച്ച് ഇതിനുപരി ഞാൻ ക്രമമായി പ്രസ്താവിക്കാം

നിന്റെ ശരീരസ്ഥിതി അനുവദിക്കുന്നുവെങ്കിൽ തിരുസ്സഭയാൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള ദിവസങ്ങൾക്കുപുറമേ, വേറേ ചില ദിവസങ്ങളിലും ഉപവസിക്കുന്നതു് ഉത്തമമായിരിക്കും. ആത്മാവിനെ വിശിഷ്ടകാര്യങ്ങളിലേക്കയയ്ക്കുക, ശരീരത്തെ ആത്മാവിനു വിധേയമാക്കുക, സ്വർഗ്ഗത്തിൽ കൂടുതൽ മഹത്വം കൈവരുത്തുക, ഇവയാകുന്നു ഉപവാസത്തിന്റെ സാധാരണ ഫലങ്ങൾ. ക്രൂരതയെയും, ഭോഗേച്ഛയെ നിയന്ത്രിക്കുന്നതിനും ജഡത്തെയും ജഡമോഹത്തെയും സനാതനമായ ആദ്ധ്യാത്മികനിയമങ്ങൾക്കു വിധേയമാക്കുന്നതിനും ഉപവാസത്തിനു ശക്തിയുണ്ടു്. നാം അധികം ഉപവസിക്കുന്നില്ലെങ്കിലും ശരിയായി ഉപവസിക്കേണ്ടതു് എങ്ങനെയെന്നറിയാമെങ്കിൽ പ്രസ്തുത ജ്ഞാനംതന്നെ നമ്മുടെ ശത്രുവിനെ ഭയവിഹ്വലനാക്കുന്നതാണ്. പുരാതനക്രിസ്ത്യാനികൾ ബുധൻ, വെള്ളി ഈ ദിവസങ്ങളിൽ ഉപവസിച്ചിരുന്നു. ആത്മഗുരുവിന്റെ നിർദ്ദേശവും നിന്റെ ഭക്തിയുടെ തീക്ഷ്ണതയുമനുസരിച്ച്, ഇവയിൽ ഏതെങ്കിലും ദിവസം ഉപവസിക്കുന്നതു് അഭിലഷണീയംതന്നെ.

സുകൃതിനിയും കുലീനയുമായ ലേത്തായ്ക്ക് വി. ഈറാനീമോസ് ഒരിക്കൽ നല്കിയ ഉപദേശംതന്നെ ഞാനും നിനക്കു തരുന്നു. "അമിതമായ ഉപവാസം ഞാൻ വെറുക്കുന്നു.

പ്രായപൂർത്തിവരാത്തവർ അപ്രകാരം ചെയ്യുന്നതു് ഉപദ്രവകരമാണു്. ദുഷ്ഫലമായ ഭോജനത്താൽ വിഷമിക്കുമ്പോൾ കഴുതക്കുട്ടികൾ നേഴ്സിയേ നടക്കുകയില്ല; ചുമട്ടു താഴെക്കളയുന്നതിനും വല്ല സ്ഥലത്തേക്കും ഓടിപ്പോകുന്നതിനും ശ്രമിച്ചുകൊണ്ടിരിക്കും. ഇങ്ങനെ നാം അതിരുകവിഞ്ഞ ഉപവാസത്താൽ ക്ഷീണിക്കുകയും ദുർബലരാവുകയും ചെയ്യുമ്പോൾ, ഭക്തിമാർഗ്ഗത്തെ ഉപേക്ഷിച്ചു് സുഖലോലുപന്മാരായി ഭവിക്കാനിടയുണ്ടു്. എനിക്കതന്നെ ഇതു് അനുഭവസിദ്ധമാണു്. ശരീരം ക്രമാതീതമായി പരിപുഷ്ടമാവുകയോ അത്യധികം ശോഷിക്കുകയോ ചെയ്യുമ്പോൾ അതിശീഘ്രം ഓട്ടന്തുള്ളുവാൻ കഴിയുമാൻ ശക്തനല്ല. ഇപ്രകാരം നമ്മുടെ ശരീരം സുഖഭോഗങ്ങളിൽ നിമഗ്നമാകുകയോ അമിതമായ ഉപവാസത്താൽ അധികം ക്ഷീണിക്കുകയോ ചെയ്യുമ്പോൾ, പ്രലോഭനങ്ങൾക്കു് എളുപ്പത്തിൽ വശംവദമാകുന്നു. എന്തുകൊണ്ടെന്നാൽ, ഒന്നു് അമിതസുഖത്താൽ ശരീരത്തെ ധാർഷ്ട്യമുള്ളതാക്കുന്നു. മറുതാകട്ടെ, അതിരുകവിഞ്ഞവിധം ശക്തി ക്ഷയിച്ചു ശരീരത്തെ നൈരാശ്യഗർത്തത്തിൽ നിപതിപ്പിക്കയത്രെ ചെയ്യുന്നതു്. ക്രമരഹിതമായിത്തടിച്ച ശരീരത്തെ വഹിക്കുവാൻ നാം അപ്രാപ്തരായിഭവിക്കുന്നതുപോലെ വളരെ ശുഷ്കിച്ച ശരീരം നമ്മുടെ ഭാരം വഹിക്കുവാൻ അശക്തമായിത്തീരുന്നു. അതിനാൽ, രോമവസ്ത്രം ധരിക്കുക, ഉപവസിക്കുക മുതലായ തപശ്ചര്യകളിൽ മിതത്വം പാലിക്കേണ്ടതാണു്. ഇക്കാര്യത്തിൽ അവിവേകമായി പ്രവർത്തിക്കുന്ന എത്ര പേരാണു തങ്ങളുടെ യൗവനത്തിന്റെ സുവർണ്ണാശയെ പരസ്സ്നേഹപ്രവൃത്തികൾക്കായി വിനിയോഗിക്കുന്നതിനു് അശക്തരായി ഭവിക്കുന്നതു്. ഇതെത്ര ദയനീയം! ഇതുതന്നെയായിരുന്നു വി. ഖർണ്ണദീനോസിനു സംഭവിച്ചതു്. തന്റെ യൗവനത്തിൽ അനുഷ്ഠിച്ച അനിയന്ത്രിതമായ ഇന്ദ്രിയനിഗ്രഹത്തെക്കുറിച്ചു പിൽക്കാലത്തു് അദ്ദേഹം പശ്ചാത്തപിക്കുകയുണ്ടായി. ചെ

ദുഷ്പത്തിൽ ശരീരത്തെ നിസ്സീമമായി പീഡിപ്പിക്കുന്നവർ വാർദ്ധക്യത്തിൽ അതിനു് അമിതമായ സുഖഭോഗങ്ങൾ നല്കുവാൻ നിർബന്ധിതരാകാതിരിക്കുകയില്ല. ഓരോരുത്തനും അവനവന്റെ ഉദ്യോഗങ്ങൾ, അധ്വാനങ്ങൾ ഇവയ്ക്കനുസൃതമായി വിവേകപൂർവ്വം ശരീരത്തെ മർദ്ദിക്കുന്നുവെങ്കിൽ അതു് എത്ര ഫലപ്രദമാകുമായിരുന്നു!

ശരീരത്തെ അമർത്തുന്നതിനും അതിനെ ആത്മാവിനു വിധേയമാക്കുന്നതിനും ഉപവാസത്തെപ്പോലെ പ്രയത്നവും ഉപകരിക്കുന്നതാണു്. ദൈവമതതത്വവും നിന്റെ ശ്രേയസ്സും ലാക്കാക്കിയുള്ള പ്രയത്നം ഉപവാസത്തെക്കാൾ ശ്രേഷ്ഠമാണെന്നത്രേ എന്റെ അഭിപ്രായം. ദൈവശുശ്രൂഷയ്ക്കും സഹോദരസേവനത്തിനുംവേണ്ടി പ്രയത്നിക്കുന്നവരെ തിരുസ്സഭ ഉപവാസത്തിൽനിന്നു വിമുക്തരാക്കുന്നതിന്റെ കാരണം ഇതുതന്നെ.

ഉപവസിക്കുന്ന കാര്യം ചിലർക്കു വിഷമമായിത്തോന്നുന്നു. രോഗികളെ ശുശ്രൂഷിക്കുന്നതോ ബന്ധനസ്ഥരെ സന്ദർശിക്കുന്നതോ അങ്ങനെ മറ്റു ചിലർക്കു വിഷമകരം. വേറെ ചിലക്കാകട്ടെ പ്രാർത്ഥിക്കുന്നതും സുവിശേഷം പ്രസംഗിക്കുന്നതും പാപോച്ചാരണം ശ്രവിക്കുന്നതും ഹിതമല്ല. പക്ഷേ, ഈ പ്രവൃത്തികളും ഉപവാസത്തെക്കാൾ മഹത്തരങ്ങളാണു്. എന്തുകൊണ്ടെന്നാൽ, ഉപവാസത്തെപ്പോലെ ശരീരത്തെ അമർത്തുന്നതിനുപുറമേ, മറനേകം വിശിഷ്ടഫലങ്ങളും ഇവ ഉളവാക്കുന്നുണ്ടു്. തന്മൂലം, തപശ്ചര്യകളാൽ ശരീരത്തെ ദുർബലമാക്കുന്നതിനെക്കാൾ അഭിലഷണീയം അതിന്റെ ശക്തിയെ വർദ്ധിപ്പിച്ചു സംരക്ഷിക്കുകയാണു്. എന്തുകൊണ്ടെന്നാൽ, ശരീരശക്തി ഉണ്ടെങ്കിലേ മേല്പറഞ്ഞിച്ച ഉൽകൃഷ്ടകൃത്യങ്ങൾ നിവ്വഹിക്കുവാൻനമുക്കു സാധിക്കുകയുള്ളു. ശരീരശക്തിയെ ഇഷ്ടംപോലെ കുറയ്ക്കാൻ കഴിയും. എന്നാൽ,

ആവശ്യമുള്ളപ്പോൾ അതിനെ വർദ്ധിപ്പിക്കുക ഉസ്സാധമത്രേ.

തന്റെ ശിഷ്യഗണത്തിനു നമ്മുടെ രക്ഷാനാഥൻ നല്കിയ ദിവ്യപ്രബോധനങ്ങളെ ശ്രവിച്ചാലും. അദ്ദേഹം ഇപ്രകാരം അരുളിച്ചെയ്യുന്നു: "നിനക്കായി വിളമ്പിവച്ചിരിക്കുന്ന ഭക്ഷണപദാർത്ഥം എന്തുതന്നെയായാലും അതുപയോഗിച്ചുകൊൾക." അതിനാൽ, ഭക്ഷണസാധനങ്ങളിൽവച്ച് ഏറ്റവും അരുചികരമായതുമാത്രം തിരഞ്ഞെടുത്തു ഭക്ഷിക്കണമെന്നല്ല, പ്രത്യുത, ഇഷ്ടമുള്ളതോ ഇല്ലാത്തതോ ആയ എല്ലാ സാധനങ്ങളും വിളമ്പിത്തരുന്ന ക്രമമനുസരിച്ചു ഭക്ഷിക്കണമെന്നാണ് അവിടുന്നു തന്റെ ദിവ്യോപദേശംവഴി പഠിപ്പിക്കുന്നത്. ഇതിലത്രേ യഥാർത്ഥമായ പുണ്യം അടങ്ങിയിരിക്കുന്നതും. ഹിതമല്ലാത്ത സാധനങ്ങൾമാത്രം ഉപയോഗിക്കുകയാകുന്ന കൃത്രിമ പരിത്യാഗവും വിക്ഷമകരവുമെന്നു സാധാരണക്കാർ വിചാരിച്ചേക്കാം. വാസ്തവം അതല്ല. എന്തുകൊണ്ടെന്നാൽ, ഒന്നും പ്രത്യേകം തിരഞ്ഞെടുക്കാതെ വിളമ്പിത്തരുന്ന എല്ലാ സാധനങ്ങളും ക്രമാനുസരണം ഭക്ഷിക്കുമ്പോൾ നമ്മുടെ അസ്വാദ്യതയെ മാത്രമല്ല സ്വാതന്ത്ര്യത്തെയും പരിത്യജിക്കുന്നു. എല്ലാത്തരത്തിലുള്ള ഭക്ഷണപദാർത്ഥങ്ങളേയും ഒരുപോലെ അനുവദിക്കുകയും എല്ലാ സാഹചര്യങ്ങൾക്കും അനുസൃതമായി നമ്മുടെ അഭിരുചിയെ നിയന്ത്രിക്കുകയും ചെയ്യുന്നതു വെറും സാധാരണമായ ഒരു ആശാനിഗ്രഹം മാത്രമല്ല, ഇവയിൽ കാപട്യമുണ്ടായിരിക്കുകയോ ഇവ മറ്റുള്ളവർക്ക് അസൗകര്യങ്ങൾ വരുത്തുകയോ ചെയ്യുകയില്ലെന്നുള്ള വൈശിഷ്ട്യവും ഇവയ്ക്കുണ്ട്. അതിനാൽ, ഇവ ഉപചാരത്തിനു വിരുദ്ധവുമല്ല. ഒന്നു കൃത്രിമമായി ഭക്ഷിക്കുന്നതിനു മറ്റൊന്നു ഭക്ഷിക്കാതിരിക്കുക, എല്ലാത്തിൽനിന്നും അല്പാല്പം മാത്രം ഭക്ഷിക്കുക, ഒന്നുംതന്നെ ശരിയായി പാകപ്പെട്ടിട്ടിയതല്ലെന്നോ അസ്വദനീയമായി ഒന്നുമില്ലെന്നോ പറയുകമുതലായവ അരുചികരമായ പദാർത്ഥങ്ങൾ ഭക്ഷിക്കുന്നതി

നമ്മെ ആസക്തിയെയത്രേ പ്രത്യക്ഷമാക്കുന്നതു്. ഒരിക്കൽ, വളരെ സ്വാദുള്ള ഒരു വിശേഷപാനീയം വിശുദ്ധ ബർണ്ണർദിനോസിനു നല്കിയപ്പോൾ തന്റെ ഹിതമനുസരിച്ചു വെള്ളമോ രുചികുറഞ്ഞ വീഞ്ഞോ തിരഞ്ഞെടുക്കാതെ അതു തന്നെ അദ്ദേഹം കുടിച്ചു. അദ്ദേഹത്തിന്റെ ഈ പ്രവൃത്തിയെ ഞാൻ വളരെ പ്രശംസിക്കുന്നു. കിരാതനുവെള്ളം തന്നെ അദ്ദേഹം സന്തോഷപൂർവ്വം കുടിച്ചിരുന്നുവെങ്കിൽപോലും അതു് ഇതുയ്യു് അഭിനന്ദനീയമാവുകയില്ലായിരുന്നു. എന്നു കുടിക്കണമെന്ന ഉൽകണ്ഠ അദ്ദേഹത്തിനില്ലായിരുന്നുവെന്നു് ഈ പ്രവൃത്തി സ്പഷ്ടമായി തെളിയിക്കുന്നതുതന്നെ ഇതിനു കാരണം. ആസ്വാദ്യമോ അരോചകമോ ആയ എല്ലാത്തരം ഭക്ഷണപാനീയങ്ങളും നിഷ്പക്ഷമായി ഉപയോഗിക്കുമ്പോൾ "നിനക്കായി തയ്യാറാക്കിവച്ചിരിക്കുന്നവയെ ഭക്ഷിക്കുക" എന്ന നിയമം പരിപൂർണ്ണമായി നീ പാലിക്കുന്നുവെന്നു പറയാവുന്നതാണു്.

എന്നാൽ, ആരോഗ്യത്തിനു ഹാനികരമായതോ, ജഡികമോഹങ്ങളെ ഉദ്ദീപിപ്പിക്കുന്നതോ, അതികേമമായി പാകപ്പെടുത്തിയിട്ടുള്ളതോ ആയ ഭക്ഷണസാധനത്തെ ഞാൻ ഇവിടെ വിവക്ഷിക്കുന്നില്ല. ദൈവമഹത്വത്തിന്റെ വർദ്ധനവിനായി നാം വല്ല പ്രത്യേക ജോലിയും ചെയ്യുമ്പോൾ ആവശ്യമുള്ള ശക്തിയും ഉന്മേഷവും ലഭിക്കുന്നതിനു് ഉപയുക്തമായ ഭക്ഷ്യപദാർത്ഥങ്ങളേയും ഞാൻ ഇവിടെ ഉദ്ദേശിക്കുന്നില്ല. ചിലർ ഒന്നോ രണ്ടോ ദിവസത്തേയ്ക്കു് ഉഗ്രമായി ഉപവസിക്കുകയും അതികഠിനമായി ശരീരത്തെ മർദ്ദിക്കുകയും ചെയ്തശേഷം ദീർഘകാലത്തേയ്ക്കു് അവയെക്കുറിച്ചു സ്മരിക്കുന്നേയില്ല. ക്രമമനുസരിച്ചും മിതമായും തപശ്ചര്യ്യകൾ അനുഷ്ഠിക്കുകയാണു് അഭിലഷണീയം. മിതമായ ദേഹമർദ്ദനം ഭക്തി തീക്ഷ്ണതയെ ഉദ്ദീപിപ്പിക്കുന്നു. ഇന്ദ്രിയനിഗ്രഹം അഭ്യസിക്കുന്നതിനു വളരെ ഉപയുക്തമാകുന്നു രോമവസ്ത്രം ധരിക്കുക.

എന്നാൽ, വിവാഹിതർക്കും ഗൃർവഹമായ പ്രയത്നഭാരം കയ്യേറ്റിരിക്കുന്നവർക്കും ഇതു സാധാരണമായി അനുചിതം തന്നെ. എങ്കിലും, വിവേകിയായ ആത്മീയോപദേഷ്ടാവിന്റെ നിർദ്ദേശമനുസരിച്ചു നോമ്പുകാലത്തിലേ ചില പ്രത്യേകദിവസങ്ങളിൽ ഉപവസിക്കുക, രോമവസ്ത്രം ധരിക്കുക മുതലായ തപശ്ചര്യകൾ മിതമായി അനുഷ്ഠിക്കുന്നതു് ഉപയോഗപ്രദമായിരിക്കും.

നിന്റെ വിവിധകൃത്യങ്ങൾ ശരിയായി നിർവഹിക്കുന്നതിനു വിഘ്നമാകാതിരിക്കത്തക്കവണ്ണം രാത്രിയിൽ ആവശ്യമുള്ളിടത്തോളം ഉറങ്ങേണ്ടതാണു്. പ്രാതമാകുന്നു ദിവസത്തിലേ ഏറ്റവും വിശിഷ്ടമായ സമയം. ദിവ്യഗ്രന്ഥവും യുക്തിയും ഇതുതന്നെയാകുന്നു പഠിപ്പിക്കുന്നതും. ദിവ്യരക്ഷകനെ ഉദയസൂര്യനെന്നും, ദിവ്യനാഥയെ ഉഷഃകാലനക്ഷത്രമെന്നും നാം അടിസംബോധന ചെയ്യാറുണ്ടല്ലോ. പ്രാതത്തിൽ ഉണരുന്നതിനായി നേരത്തേ നിദ്രയാരംഭിക്കുന്നതു് ഒരു സുകൃതമായിത്തന്നെ ഞാൻ കരുതുന്നു. പ്രാതം ഏറ്റവും സൗകര്യപ്രദവും സന്തുഷ്ടിജനകവും വ്യുത്പാദനകവുമാണെന്നു ഞാൻ പറഞ്ഞുവല്ലോ. പ്രാതത്തിൽ ഉണർന്നു ദൈവത്തെ സ്തുതിക്കുന്നതിനായി പക്ഷികൾപോലും നമ്മെ ക്ഷണിക്കുന്നു. അതിനാൽ, നേരത്തേ ഉണരുന്നതു സുകൃതപരിശീലനത്തിനു് അനുയുക്തമാണു്; ആരോഗ്യസംരക്ഷകവുമാണു്.

ഒരിക്കൽ, ബാലാം തന്റെ കഴുതപ്പുറത്തു കയറി ബാലാക്കു രാജാവിന്റെ പക്കലേയ്ക്കു പോവുകയായിരുന്നു. എന്നാൽ, നികൃഷ്ടമായ ഉദ്ദേശ്യത്തോടേ യാത്രചെയ്തിരുന്നതിനാൽ അയാളെ വധിക്കുന്നതിനു് ഒരു മാലാഖാ അവിടെ ആഗതനായി. ഈ ദൈവദൂതൻ, ബാലാമിനു് അഗോചരനായിരുന്നു. ഖഡ്ഗവുമായി വഴിമദ്ധ്യേ നില്ക്കുന്ന ദൈവദൂതനെ കണ്ട കഴുത ഭയംനിമിത്തം, നേർവഴിയേ മുൻപോട്ടു നടക്കാതെ ശാഠ്യംകൊണ്ടെന്നപോലെ ശരിയായ വഴിവിട്ടു് അങ്ങോ

ട്ടുമിങ്ങോട്ടും പോയിരുന്നു. ബാലാം അതിനെ ക്രൂരമായി പ്രഹരിച്ചു ശരിയായ വഴിയിൽക്കൊണ്ടുവരുമ്പോൾ വീണ്ടും അതു ഭയന്നോടുകയായി. ഇങ്ങനെ മൂന്നുപ്രാവശ്യം സംഭവിച്ചു. നിർഭയം പ്രഹരമേറ്റ ആ കഴുത മൂന്നാം പ്രാവശ്യം നിലംപതിക്കുകയും അത്ഭുതകരമായി ഈവിധം വിളിച്ചു പറയുകയും ചെയ്തു: "എന്തിനു് എന്നെ ഇപ്രകാരം പ്രഹരിക്കുന്നു. ഞാൻ ചെയ്ത കുറ്റമെന്തു്?" അപ്പോഴാണു ബാലാമിന്റെ നയനങ്ങൾ തുറക്കപ്പെട്ടതു്. വാളുംപിടിച്ചുകൊണ്ടു തന്റെ മുൻപിൽനില്ക്കുന്ന ദൈവദൂതനെ അയാൾ ദർശിച്ചു. "ഈ കഴുതയെ എന്തിനു നീ മർദ്ദിക്കുന്നു? ഇതു് വഴിമാറിത്തന്നില്ലായിരുന്നുവെങ്കിൽ ഞാൻ നിന്നെ വധിക്കുകയും ഈ സാധുമൃഗം രക്ഷപ്പെടുകയും ചെയ്യുമായിരുന്നു" എന്നു് അയാളോടു് ആ മാലാഖാ പറഞ്ഞു. അപ്പോൾ, "പ്രഭോ, അങ്ങു് എനിക്കെതിരായി നില്ക്കുന്നതറിയാതെ ഞാൻ തെറ്റു ചെയ്തുപോയി" എന്നായിരുന്നു ബാലാമിന്റെ ഉത്തരം. ഇവിടെ ബാലാമല്ലയോ കുറ്റക്കാരൻ? പക്ഷേ, ശിക്ഷയേറ്റതു കഴുതയും. ഇതുപോലെയാണു നമുക്കും സംഭവിക്കാറുള്ളതു്. ഉദാഹരണമായി, സ്വഭർത്താവോ പുത്രനോ രോഗബാധിതനാകുമ്പോൾ ഉപവസിക്കുന്നതിനും രോമവസ്ത്രം ധരിക്കുന്നതിനും മറ്റും ഗുണവതിയായ ഒരു സ്ത്രീ സന്നദ്ധയാകുന്നു. (ഒരുവസരത്തിൽ ദാവീദുരാജാവും ഇങ്ങനെ പ്രവർത്തിക്കുകയുണ്ടായി.) കഷ്ടം! ശരീരമാകുന്ന കഴുതയെ അവർ പീഡിപ്പിക്കുന്നു. എന്നാൽ, ന്യൂനതകളെ പരിഹരിക്കുവാൻ ശരീരത്തിനു സാദ്ധ്യമല്ല. ദൈവത്തിന്റെ വാൾ ഉയർത്തിയിരിക്കുന്നതിന്റെ കാരണവും അവളുടെ ശരീരമല്ല. ഭർത്താവിനെ ദൈവമായി ആരാധിക്കുകയും പുത്രന്റെ തെറ്റുകൾ തിരുത്താതെ അഹങ്കാരത്തിനും അതിമോഹത്തിനും അവനെ സ്വതന്ത്രനായി വിടുകയും ചെയ്തതു് അവളുടെ ശരീരമല്ല; ഹൃദയമാണു്. അതിനാൽ, അവളുടെ ഹൃദയത്തിന്റെ അപരാധത്തെയത്രേ പരിഹരി

ക്കേണ്ടതു്. മിക്കപ്പോഴും ഒരുവൻ അശ്ലീലപാപത്തിൽ നിപതിക്കുന്നുവെന്നിരിക്കട്ടെ. അപ്പോൾ, രക്ഷാകരമായ ഭയം നിമിത്തം അവന്റെ അന്തഃകരണം അവനെ ശാസിക്കാതിരിക്കയില്ല. ഉത്തരക്ഷണത്തിൽ അവൻ ഇങ്ങനെ വിലപിക്കയും ചെയ്യും: "ഹാ! ദുഷ്ടശരീരമേ, ദ്രോഹിയായ ദേഹമേ, നീ എന്നെ വഞ്ചിച്ചുവല്ലോ." അനന്തരം, രോമവസ്ത്രം ധരിച്ചും കഠിനമായി ദേഹമർദ്ദനംചെയ്തും ഉഗ്രമായി ഉപവസിച്ചും അയാൾ തന്റെ ശരീരത്തെ ക്ലേശിപ്പിക്കുകയും ചെയ്തേക്കാം. ഓ! അനുകമ്പാർഹയായ ആത്മാവേ, ശരീരത്തിനു സംസാരിക്കുവാൻ കഴിയുമായിരുന്നെങ്കിൽ, ബാലാമിന്റെ കഴുതയെപ്പോലെ അതു് ഇപ്രകാരം വിളിച്ചുപറയുമായിരുന്നു: "ഓ! ദുഷ്ടാ, നീ എന്തിനു് എന്നെ ഈവിധം പ്രഹരിക്കുന്നു? ആത്മാവേ, നിന്റെ നേരെ അല്ലയോ ദൈവം പ്രതികാരത്തിനായി വാൾ ഉയർത്തിയിരിക്കുന്നതു്? നീ തന്നെയല്ലയോ കുറ്റംചെയ്തതു്? ദുഷ്ടസംഘത്തിലേയ്ക്കു് എന്തിനു നീ എന്നെ അനയിക്കുന്നു? എന്റെ നയനങ്ങളേയും കരങ്ങളേയും അധരങ്ങളേയും എന്തിനാണു് അശ്ലീലപ്രവൃത്തികൾക്കായി നീ ഉപയോഗിക്കുന്നതു്? അശ്ലീല വിചാരത്താൽ നീ എന്തിനു് എന്നെ അസ്വസ്ഥമാക്കുന്നു? നിന്റെ ചിന്താവിഷയം പരിശുദ്ധമായിരിക്കട്ടെ. അപ്പോൾ നീചമായ വികാരങ്ങളും എന്നിൽ ഉണ്ടാവുകയില്ല. വിനീതരോടും ചാരിത്രമുള്ളവരോടും നീ സഹവസിക്കുക. അപ്പോൾ അശ്ലീല പ്രലോഭനങ്ങൾക്കു ഞാൻ വശംവദമാവുകയില്ല. കഷ്ടം അഗ്നിയിലേയ്ക്കു നീ എന്നെ വലിച്ചെറിയുന്നു; പക്ഷേ, ഞാൻ അവിടെക്കിടന്നു കുത്തിയെരിയണമെന്നു നീ ആഗ്രഹിക്കുന്നില്ല. എന്റെ നയനങ്ങളിൽ നീ ധൂമം പ്രവേശിപ്പിക്കുന്നു; എന്നാൽ, അതു പുകഞ്ഞുപോകുന്നതു നിനക്കു സങ്കടകരവുമാണ്." ഈവിധം പ്രവർത്തിക്കുമ്പോൾ നിന്നോടു് ഇപ്രകാരമാണു ദൈവം ആജ്ഞാപിക്കുന്നതു്. "യാതൊരു ഭയവും കാ

ണിക്കാതെ നിന്റെ ഹൃദയത്തെ അമർത്തുക; അതിനെ പ്രഹരിക്കുക; പിളർക്കുക; അതു ഛിന്നഭിന്നമാകട്ടെ. എന്തുകൊണ്ടെന്നാൽ, നിന്റെ ഹൃദയത്തിന്റെനേർക്കാണ് എന്റെ കോപം ഉജ്ജ്വലിക്കുന്നതു്."

ശരീരം മുഴുവൻ കഴുകുന്നതിനുപുറമെ, ഔഷധങ്ങളും ഉപയോഗിച്ചു രക്തശുദ്ധി വരുത്തുകകൂടെ ചെയ്താൽ മാത്രമേ തപഃശ്രോഗം പൂർണ്ണമായി സുഖമാവുകയുള്ളൂ. ഇതുപോലെ പാപപരിഹാരത്തിനായി ശരീരത്തെ മർദ്ദിക്കുന്നതു് ആശാസ്യമെങ്കിലും സർവ്വപ്രധാനമായി ചെയ്യേണ്ടതു ഹൃദയത്തെ നവീകരിച്ചു നിയന്ത്രിക്കുകയും അതിന്റെ അഭിലാഷങ്ങളെ നിർമ്മലമാക്കുകയുമാണു്. ആത്മീയഗുരുവിന്റെ നിർദ്ദേശമനുസരിച്ചുമാത്രമേ ഉപവാസം, ശാരീരികബന്ധനം മുതലായ തപശ്ചര്യകളെ അനുഷ്ഠിക്കാവൂ.

ഇരുപത്തിനാലാം അധ്യായം

സഹവാസവും ഏകാന്തവും

കുടുംബജീവിതക്കാർ മിത്രസഹവാസത്തെ ക്രമാതീതമായി ആരായുന്നതും അതിനെ പാടേ പരിത്യജിക്കുന്നതും ഒരുപോലെ ആക്ഷേപാർഹമാണു്. ലൗകികജീവിതം അനുഷ്ഠിക്കുന്ന ഇവരോടാണു് ഇതേക്കുറിച്ചു ഞാനിവിടെ കുറഞ്ഞൊന്നു പറയുവാൻ മോഹിക്കുന്നതു്.

മറ്റുള്ളവരോടുള്ള സംസർഗ്ഗം പരിത്യജിക്കുമ്പോൾ അവരെ നാം ദ്വേഷിക്കുകയും വെറുക്കുകയും ചെയ്യുന്നുവെന്നതു് ലോകം മനസ്സിലാക്കുന്നതു്. അങ്ങനെതന്നെയാണു മനസ്സിലാക്കേണ്ടതും. അമിതമായ മിത്രസംസർഗ്ഗം അലസതയുടെ ലക്ഷണമാണു്. നമ്മെപ്പോലെതന്നെ അയല്പക്കാരനേയും നാം

സ്നേഹിക്കണമല്ലോ. എന്നാൽ, ഇവരിൽനിന്ന് എല്ലായ്പ്പോഴും ദൂരെ മാറിപ്പോകുന്നതു് ഇവരെ സ്നേഹിക്കുന്നതിന്റെ ലക്ഷണമോ? അതിനാൽ, അയല്ക്കാരോടുള്ള സ്നേഹത്തെപ്രതി ചിലപ്പോഴെല്ലാം നീ അവരോടു സംസർഗ്ഗം ചെയ്യുകയും മിത്രസമ്മേളനങ്ങളിൽ ഭാഗഭാക്കാവുകയും ചെയ്യേണ്ടതാണു്. ഇങ്ങനെ തന്നെ നമ്മേയും നാം സ്നേഹിക്കേണ്ടതാകകൊണ്ടു നമ്മോടുതന്നെ ചില സന്ദർഭങ്ങളിൽ സംസർഗ്ഗം ചെയ്യണം. മറുവാക്കുകളിൽപ്പറഞ്ഞാൽ, ചിലപ്പോൾ നാം ഏകാന്തവാസം ചെയ്യേണ്ടിയിരിക്കുന്നു. "അത്യുന്നതമായി നിന്നെപ്പറ്റി നീ ചിന്തിക്കുക; അതിനുശേഷം അന്യരെക്കുറിച്ചും" എന്നതു് വി. ബെർണ്ണാർദീനോസ് ഉദ്ബോധിപ്പിക്കുന്നതു്; സ്നേഹിതന്മാരെ സൽകരിക്കുന്നതും അവരുടെ സൽക്കാരങ്ങൾ സ്വീകരിക്കുന്നതും അഭിലഷണീയംതന്നെ. എന്നാൽ, ചിലയവസരങ്ങളിൽ നിന്റെ ആത്മീയശക്തികളെ വിവിധ വ്യാപാരങ്ങളിൽനിന്നു വിമുക്തമാക്കി അവയെ ഏകാന്തതയിൽ വസിപ്പിച്ചുകൊണ്ടു നിന്റെ ഹൃദയത്തോടു നീ സൈ്വരസംഭാഷണം ചെയ്യണം. സുഹൃത്തുക്കളുടെ സമ്മേളനങ്ങളിൽ സംബന്ധിക്കേണ്ട അവശ്യമുള്ളപ്പോൾ, ദൈവസ്തുതിക്കായി അവരുടെ പക്കൽ പോവുകയും അവരെ വിശാലഹൃദയത്തോടും നിഷ്കപടമായ ഉദ്ദേശ്യത്തോടുംകൂടി സന്ദർശിക്കുകയും ചെയ്യുക.

അശുദ്ധമായ ഉദ്ദേശത്തോടുകൂടിയ സംഭാഷണവും സംസർഗ്ഗവും നികൃഷ്ടമത്രേ. ഇതുപോലെതന്നെയാകുന്നു ദുഷ്ടന്മാരോടുള്ള ക്രൂരകൈകളും. തേനീച്ച കടന്നലിന്റെ അടുക്കൽനിന്നു ദൂരെ പറന്നുപോകുന്നതുപോലെ ദുർജ്ജനങ്ങളിൽനിന്നു നാം അകന്നുമാറേണ്ടതാണു്. പേപ്പട്ടി കടിച്ച മനുഷ്യന്റെ വിയർപ്പുതുള്ളികളും നിശ്വാസങ്ങളും തുപ്പൽതന്നെയും മറുള്ളവർക്ക് — വിശേഷവിധിയായി ശിശുക്കൾക്കും ദുർബലർക്കും — ഉപദ്രവം ചെയ്യുന്നു. ഇതുപോലെ, അത്യധിക

മായ ഉപദേശമോ ആപത്തോ കൂടാതെ ദുഷ്ടരെ സന്ദർശിക്കുക സുസാധമല്ല. ഭക്തിയുടെ ആരംഭദശയിൽമാത്രം എത്തിയിട്ടുള്ളവർക്ക പ്രസ്തുത സന്ദർശനം നിസ്സംശയം ആപൽകരമായിരിക്കും. അയാസകരമായ ജോലിചെയ്യണ്ടായ ക്ഷീണം തീർക്കുകയാണ് വിനോദസംതോഷണങ്ങളുടെ ഉദ്ദേശ്യം. വിശ്രമാവസരങ്ങൾ ഇതിനായി ഉപയോഗിക്കുന്നതും അഭിലഷണീയംതന്നെ. എന്നാൽ, ഇതിൽ അമിതമായ ആസക്തി പ്രദർശിപ്പിക്കുക അനുവദനീയമല്ല. ഒരു മിത്രത്തെ ബഹുമാനിക്കുന്നതിനും അഭിനന്ദിക്കുന്നതിനും മറ്റുമായി സ്നേഹിതന്മാർ സമ്മേളിക്കുക, അവർ പരസ്പരം സന്ദർശിക്കുക മുതലായവയെ ഉപചാരമര്യാദകൾതന്നെ ആവശ്യപ്പെടുന്നുണ്ട്. എന്നാൽ, ഇക്കാര്യത്തിൽ ക്രമരഹിതമായ പ്രതിപത്തിയോ വിപ്രതിപത്തിയോ ഒരിക്കലും ആദരണീയമല്ല.ഇതിൽ അതിപ്രതിപത്തി പ്രദർശിപ്പിക്കുന്നവരെ മനഃശക്തിയില്ലാത്തവരെന്നും, വിപ്രതിപത്തി കാണിക്കുന്നവരെ മര്യാദയില്ലാത്തവരെന്നും വിളിച്ചു ലോകം അവഹേളിക്കും. തന്മൂലം, പ്രസ്തുത സന്ദർഭങ്ങളിൽ മിതത്വം പാലിച്ചുകൊണ്ടു നമ്മുടെ കടമകൾ നിർവഹിക്കുകയാണുത്തമം.

ഇനി ഭക്തരായ സജ്ജനങ്ങളോടുള്ള സംതോഷണത്തെയും സംസർഗ്ഗത്തെയും കുറിച്ചും സ്വല്പം പ്രസ്താവിക്കാം. ഇവരുമായി ഇടപെടുകയും സംസാരിക്കുകയും ചെയ്യുന്നതു വളരെ ഉപകാരപ്രദമാണ്. ഒലിവുവൃക്ഷങ്ങളുടെയിടയിൽ വളരുന്ന മുന്തിരിച്ചെടികളിലേ ഫലങ്ങൾക്ക് ഒലിവെണ്ണയുടെ സ്വാദുണ്ടായിരിക്കും. ഇതുപോലെ, സജ്ജനസംസർഗ്ഗം ചെയ്യുമ്പോൾ അവരുടെ വിശിഷ്ടഗുണങ്ങൾ നമ്മിലും ഉളവാകുന്നതാണ്. ആൺ തേനീച്ചകൾ തേൻ ശേഖരിക്കുന്നില്ല. അവർ അലസന്മാരത്രേ. എങ്കിലും മറ്റുള്ളവരുടെ നിർബന്ധം മൂലം അവ ചില ജോലികൾ ചെയ്യുന്നുണ്ട്. അപ്രകാരം ഭക്തന്മാരുടെ സഹായവും അവരുടെ ഉത്തമമാതൃകയും നമ്മു


ടെ പുണ്യസമ്പാദനത്തെ സുകരമാക്കുന്നു. നിഷ്കാപട്യം, വിനയം, സൗമ്യത മുതലായ ഗുണവിശേഷങ്ങളാൽ നമ്മുടെ സംഭാഷണം അലംകൃതമായിരിക്കട്ടെ. അനിയന്ത്രിതമായ നാട്യഭാവങ്ങൾകൊണ്ടും അംഗവിക്ഷേപങ്ങൾകൊണ്ടും ശ്രോതാക്കളെ ഒരിക്കലും അസഹ്യപ്പെടുത്തരുതു്. നടക്കുമ്പോൾ കാലടികൾ എണ്ണുക, സംസാരിക്കുന്നതിനിടയ്ക്കു് അലക്ഷ്യമായി മൂളിപ്പാട്ടു പാടുക മുതലായവ തീരെ നിർമ്മര്യാദം തന്നെ ഇവ നമ്മുടെ സ്നേഹിതരോടുള്ള അനാദരത്തെയാണു സൂചിപ്പിക്കുന്നതു്. സംസാരത്തിലുള്ള ക്രമാതീതമായ ചേഷ്ടകളും കൃത്രിമമായ ഭാവഭേദങ്ങളും നിമിത്തമാണു വേറെ ചിലർ തങ്ങളുടെ സ്നേഹിതന്മാരെ മുഷിപ്പിക്കുകയും നീരസപ്പെടുത്തുകയും ചെയ്യുന്നതു്. ഇവരുടെ വാക്കുകൾ എല്ലായ്പോഴും ധിക്കാരസംപൂർണ്ണമായിരിക്കും. സംസാരിക്കുമ്പോൾ മിതമായ പ്രസന്നഭാവം പ്രദർശിപ്പിക്കുന്നതു് അഭിലഷണീയമാകുന്നു. വി. റോമോൾസ്, വി. അന്തോനീസ് എന്നു തുടങ്ങിയ പുണ്യാത്മാക്കൾ ഇക്കാര്യത്തിൽ ഉത്തമമാതൃക നല്കുന്നുണ്ടു്. ഉഗ്രമായ തപോവൃത്തികൾ അനുഷ്ഠിച്ചിരുന്ന സന്ദർഭങ്ങളിൽപ്പോലും ഇവർ പ്രശാന്തരും പ്രസന്നവദനരുമായിരുന്നു. ഇതിനും പുറമെ, സ്നേഹമസൃണവും ഉപചാരപരവുമായിരുന്ന ഇവരുടെ സംസാരം. "അഹ്ളാദിക്കുന്നവരോടുകൂടെ നിങ്ങളും അഹ്ളാദിക്കുവിൻ" എന്നല്ലയോ വി. അപ്പസ്തോലൻ നമ്മെ പഠിപ്പിക്കുന്നതും? "നിങ്ങൾ ദൈവത്തിൽമാത്രം സർവ്വദാ ആനന്ദിക്കുക. നിങ്ങളുടെ വിനയം സകലരും അറിയട്ടെ" എന്നും അദ്ദേഹം ഉദ്ബോധിപ്പിക്കുന്നു. പക്ഷേ, നമ്മുടെ സന്തോഷവിഷയം ന്യായാനുസൃതവും സമുചിതവുമാണെങ്കിൽ മാത്രമേ നമുക്കു ദൈവത്തിൽ സന്തോഷിക്കുവാൻ സാധിക്കുകയുള്ളു. കുറേകരമല്ലെങ്കിലും അഭിലഷണീയമല്ലാത്ത ചില വിഷയങ്ങളിൽ നാം ചിലപ്പോൾ സന്തോഷിക്കാറുള്ളതു നിമിത്തമാണു് ഇപ്രകാരം പ്രസ്താവിക്കുന്നതി

ന ഞാൻ നിർബ്ബന്ധിതനായതു്. നിന്റെ മിതത്വവും വിനയവും മറുള്ളവർക്ക സന്മാർഗ്ഗകയെ പ്രദാനം ചെയ്യേണ്ടതിനായി സർവ്വഥാ കുറകരമായ അപമര്യാദകളിൽനിന്നു നീ പിന്മാറുക. കാലിൽത്തട്ടി സ്നേഹിതനെ വീഴിക്കുക, അയാളുടെ മുഖം വിരൂപമാക്കുക മുതലായ പ്രവൃത്തികൾ വിനോദകരമെങ്കിലും നിർമ്മര്യാദങ്ങൾതന്നെ.

അതിപ്രധാനമായ വ്യാപാരങ്ങളിൽ ഏർപ്പെട്ടിരിക്കുമ്പോൾപ്പോലും അനുഷ്ഠിക്കാവുന്ന മാനസികമായ ഏകാന്തതയെ മാത്രമല്ല, സ്ഥലപരവും ശാരീരികവുമായ ഏകാന്തതയേയും നീ ചിലപ്പോഴെല്ലാം അനുഷ്ഠിക്കേണ്ടതാണ്. എജീപ്പിലേ വി. മറിയം, വി. അന്തോനീസ് എന്നു തുടങ്ങിയ വിശുദ്ധർ വിജനപ്രദേശത്താണു സന്യസിച്ചിരുന്നതു്. നീയും ഇങ്ങനെ ചെയ്യണമെന്നു ഞാൻ പറയുന്നില്ല. എന്നാൽ, നിന്റെ മുറിയിലോ തോട്ടത്തിലോ ഇതുപോലുള്ള മറുസ്ഥലങ്ങളിലോ കുറച്ചു സമയമെങ്കിലും പ്രതിദിനം ഏകാന്തമായി ദൈവത്തെക്കുറിച്ചു ധ്യാനിക്കുന്നതു വളരെ ഫലപ്രദമാണ്. ആത്മീയശക്തികളെ ഏകാഗ്രമാക്കിയുള്ള ജ്ഞാനവായനകളും സച്ചിന്തകളും പരിശുദ്ധ ധ്യാനങ്ങളും ആത്മാവിനു സാക്ഷാത്തായ വിനോദം നല്കി അതിനെ ആനന്ദിപ്പിക്കുന്നതത്രേ. സായംകാലത്തിലേ വിശ്രമവേളയിൽ താൻ സമുദ്രതീരത്തു പോയി ഏകാന്തതയിൽ സമയം വ്യയംചെയ്തിരുന്നുവെന്നതാണു വി. ഗ്രിഗരി നസിയാൻസൻ തന്നെക്കുറിച്ചു പ്രസ്താവിക്കുന്നതു്. കായികവും മാനസികവുമായ തന്റെ ക്ലേശങ്ങളെ കുറെയെങ്കിലും ശമിപ്പിക്കുന്നതിനാണ് അദ്ദേഹം ഉല്ലാസസമയത്തെ ഇപ്രകാരം വിനിയോഗിച്ചതു്. അന്യത്ര പ്രസ്താവിച്ചിട്ടുള്ളതുപോലെ, ഭക്തിയെ ഉജ്ജീവിപ്പിക്കുന്ന കായങ്ങളായിരുന്ന ഈയവസരങ്ങളിലേ അദ്ദേഹത്തിന്റെ ചിന്താവിഷയം.

എല്ലാസമയത്തും ആക്കം പ്രവേശനം അനുവദിച്ചിരുന്ന

ഉദാരമനസ്കനായ വി. അംബ്രോസീസിന്റെ മുറിയിൽ ഒരിക്കൽ വി. അഗുസ്തീനോസ് പ്രവേശിക്കയുണ്ടായി. അപ്പോൾ ആ സിദ്ധൻ പുസ്തകപാരായണത്തിൽ മുഴുകിയിരിക്കുകയായിരുന്നു. അദ്ദേഹത്തെ ഉപദ്രവിക്കുന്നതിനുള്ള ഔത്സുക്യം നിമിത്തം ഒരക്ഷരംപോലും ശബ്ദിക്കാതെ വി. അഗുസ്തീനോസ് അവിടെനിന്നു മടങ്ങിപ്പോവുകയാണുണ്ടായതു്. കൃത്യബഹുലതയാൽ ക്ഷീണശരീരനായ ഈ സഭാപിതാവിനു് ക്ഷീണം തീർക്കുന്നതിനും, നവചൈതന്യം കൈവരുത്തുന്നതിനുമായി മാത്രം ശേഷിച്ചിരുന്ന ആ അല്പസമയംകൂടെ മറ്റുകൃത്യങ്ങൾക്കായി വിനിയോഗിപ്പിക്കുന്നതു വിഹിതമല്ലല്ലോ എന്നു വിചാരിച്ചാണു താൻ അവിടെനിന്നു തിരിയെപ്പോയതെന്നു വി. അഗുസ്തീനോസുതന്നെ പ്രസ്താവിച്ചിരിക്കുന്നു. പരസ്നേഹപ്രവൃത്തികളും ചെയ്യുകയും സുവിശേഷം പ്രസംഗിക്കുകയും ചെയ്തശേഷം വിജയികളായി തിരിച്ചുവന്ന അപ്പസ്തോലന്മാരോടു "നിങ്ങൾ അടുത്തുകാണുന്ന വിജനസ്ഥലത്തേയ്ക്കു പിൻവാങ്ങി അല്പം വിശ്രമിക്കുവിൻ" എന്നാണല്ലോ ദിവ്യനാഥൻ അരുൾചെയ്തതു്.



ഇരുപത്തഞ്ചാം അധ്യായം

വസ്ത്രധാരണത്തിലുണ്ടായിരിക്കേണ്ട ഔചിത്യം

"ഉചിതവസ്ത്രങ്ങളാൽ ഭക്തസ്ത്രീകൾ മിതമായും വിനയമായും ശരീരം മറയ്ക്കണ"മെന്നതേ വി. അപ്പസ്തോലന്റെ അഭിലാഷം. അദ്ദേഹം പുരുഷന്മാരെ ഇതിൽനിന്നു് ഒഴിവാക്കിയിട്ടില്ല. വസ്ത്രത്തിന്റെ ഔചിത്യം നിർണ്ണയിക്കേണ്ടതു് അതിന്റെ ആകൃതി, തരം, ശുചിത്വം ഇവ അടിസ്ഥാനമാ

ക്കിയാണ്. വസ്ത്രം എപ്പോഴും നിർമ്മലമായിരിക്കുന്നതിനു പ്രത്യേകം ശ്രദ്ധിക്കണം. ബാഹ്യശുദ്ധി ആന്തരികപവിത്രതയെ കുറെയെങ്കിലും പ്രത്യക്ഷമാക്കാതിരിക്കുകയില്ല. ഭക്തിയിൽ മറ്റുള്ളവർക്കു മാതൃക നല്കേണ്ട ദൈവാലയശുശ്രൂഷികർ ശരീരശുദ്ധിയുള്ളവരായിരിക്കണമെന്നു ദൈവം പ്രത്യേകം ആവശ്യപ്പെട്ടിട്ടുണ്ട്.

പ്രായം, ജീവിതാവസ്ഥ, സംസർഗ്ഗം മുതലായ വിവിധങ്ങളായ പരിതഃസ്ഥിതികളെ ആസ്പദമാക്കിയാണ് വസ്ത്രത്തിന്റെ തരവും ഗുണവും നിശ്ചയിക്കേണ്ടതു്. സാധാരണമായി, പതിവിൽക്കവിഞ്ഞ മോടിയോടേ വിശേഷദിവസങ്ങളിൽ നാം വസ്ത്രം ധരിക്കാറുണ്ടല്ലോ. ആഘോഷങ്ങളുടെ കൂടുതൽ കുറവനുസരിച്ചു നാം വേഷഭൂഷാദികൾ കൂട്ടുകയും കുറയ്ക്കുകയും ചെയ്യുന്നു. അലങ്കാരവിശേഷങ്ങൾ തപസ്സിന്റെ കാലങ്ങളിൽ ഉപയോഗിക്കാറില്ല. വിവാഹാഘോഷങ്ങളിൽ ധരിക്കുന്നതിനു്, കല്യാണവസ്ത്രം ഉണ്ടു്. വിലാപസൂചകങ്ങളായ വസ്ത്രങ്ങൾ ധരിച്ചാണല്ലോ നാം ശവസംസ്കാരത്തിൽ ഭാഗഭാക്കുകളാകുന്നതു്. രാജസന്നിധിയിൽ ഹാജരാകുമ്പോൾ വിശേഷതരമായ വസ്ത്രങ്ങളാൽ നാം അലംകൃതരാകുന്നു. എന്നാൽ, സ്വഗൃഹങ്ങളിൽ നമ്മുടെ വേഷം വെറും സാധാരണവുമാണ്. സ്വഭർത്താവിനോടുകൂടെ വസിക്കുന്ന യുവതി വിശേഷവസ്ത്രങ്ങളാൽ വിഭൂഷിതയായിരിക്കുന്നതിൽ അനൗചിത്യമില്ല. അവളുടെ ഭർത്താവു് അതാഗ്രഹിക്കുകയും ചെയ്യുന്നു. എന്നാൽ, ഭർത്താവിൽനിന്നു വിദൂരസ്ഥയായ ഒരു സ്ത്രീ ഇപ്രകാരം പ്രവർത്തിക്കുന്നുവെങ്കിൽ, "നീ ആരെ തൃപ്തിപ്പെടുത്തുവാനാണ് ഇതു ചെയ്യുന്നതു്" എന്നു ലോകം അവളോടു ചോദിക്കാതിരിക്കയില്ല. വസ്ത്രധാരണത്തിൽ അവിവാഹിതരായ യുവതികൾക്കു കുറെയെല്ലാം സ്വാതന്ത്ര്യം അനുവദനീയമാണ്. പരിശുദ്ധമായ വിവാഹത്താൽ ഉത്തമനായ ഒരു യുവാവിനെ ഭർത്താവായി ലഭിക്കുവാൻ ഓരോ യു

വതിക്കും അവകാശമുണ്ട്. തന്മൂലം, ഈ ഉദ്ദേശ്യത്തോടേ അവർ ആകർഷകമാംവിധം വസ്ത്രധാരണം ചെയ്യുന്നതു നിഷിദ്ധമല്ല. പുനർവിവാഹത്തിന് അഗ്രഹിക്കുന്ന വിധവകളും വേഷഭൂഷാദികളാൽ അലംകൃതരാകുന്നതു കുറ്റകരമെന്നു പറഞ്ഞുകൂടാ. എന്നാൽ, അവരുടെ ഹൃദയലാഘവത്തെ അതു സൂചിപ്പിക്കാതിരിക്കട്ടെ. എന്തുകൊണ്ടെന്നാൽ, 'കുടുംബഭാരവും വൈധവ്യത്തിന്റെ വിവിധവ്യഥകളും സഹിക്കുന്ന ഇവർ പക്വചിത്തകളും നിയന്ത്രിതചിത്തകളുമായിരിക്കും' എന്നതത്രേ ലോകം ഇവരെപ്പറ്റി വിചാരിക്കുന്നതു്. ശാരീരികമായി മാത്രമല്ല, മാനസികമായും വൈധവ്യം അനുഭവിക്കുന്നവർക്ക് എളിമയും ഭക്തിയും വിനയവുമല്ലാതെ മറ്റാരേണങ്ങളൊന്നും അനുയോജ്യമല്ല. യുവാക്കന്മാരുടെ പ്രേമകടാക്ഷങ്ങൾ ലഭിക്കുന്നതിനും അവർക്ക തങ്ങളുടെ പ്രേമം പ്രദാനം ചെയ്യുന്നതിനും അഗ്രഹിക്കുന്നവർ യഥാർത്ഥവൈധവ്യം ഉള്ളവരല്ല. ഈദൃശമായ അഗ്രഹങ്ങൾ അവർക്കില്ലെങ്കിൽ അവയുടെ ഉപകരണങ്ങളുമായി അവർ സഞ്ചരിക്കുന്നതു് അനാശാസ്യമല്ലേ? പാന്ഥന്മാരെ സ്വീകരിച്ചു സൽക്കരിക്കാൻ സന്നദ്ധരല്ലാത്തവർ ചൂണ്ടിപ്പലക പടിവാതിൽക്കൽനിന്നു മാറ്റിക്കളയേണ്ടതാണു്. സുമുഖരായി കാണപ്പെടുവാൻ സാഹസപ്പെടുന്ന വൃദ്ധന്മാർ വാസ്തവത്തിൽ പരിഹാസാർഹർതന്നെ. എന്നാൽ, ഇങ്ങനെയുള്ള അഗ്രഹം യുവതീയുവാക്കന്മാരിൽ അനാദരണീയമല്ല.

നിന്റെ വസ്ത്രങ്ങളും ശരീരവും സദ്വൃത്താ ശുചിയായി സൂക്ഷിക്കുക. അവയെ അവഗണിക്കുന്നതു വിഹിതമല്ല. അനുചിതവും അശുദ്ധവുമായ വസ്ത്രങ്ങൾ ധരിക്കുന്നതു് ഒരുതരത്തിൽ സഹവാസികളോടുള്ള അനാദരത്തെയാണു പ്രത്യക്ഷമാക്കുന്നതു്. എന്നാൽ, വസ്ത്രധാരണത്തിലുള്ള ആഡംബരപ്രിയം, പ്രത്യേകത മുതലായവ പരിവർജ്ജ്യംതന്നെ. ആഡംബരങ്ങളെ കഴിവുള്ളിടത്തോളം ഉപേക്ഷിക്കുകയും, വിനയ

ത്തേയും മിതത്വത്തേയും സർവ്വഥാ പാലിക്കുകയും ചെയ്യുക. ഈ ഗുണങ്ങളാകുന്നു സൗന്ദര്യത്തിന്റെ വിശിഷ്ടലക്ഷണങ്ങൾ. സൗന്ദര്യമില്ലാത്തവരുടെ ഉത്തമമായ ആശ്വാസവും ഇവതന്നെ. 'സ്റ്റൈട്ട'കളും മുടിച്ചുരുട്ടികളുംകൊണ്ടു തലമുടി മെടയുകയും പിന്നുകയും ചെയ്യുന്നതു വിഹിതമല്ലെന്നു സ്ത്രീകളോടു പ്രത്യേകവിധം വി. പത്രോസ് ഉപദേശിക്കുന്നുണ്ട്. യുവതികളുടെ നിരർത്ഥകങ്ങളായ വേഷാഡംബരങ്ങളിൽ സന്തോഷിക്കുന്ന അന്തസ്സാരവിഹീനരായ പുരുഷന്മാർ തികച്ചും നിന്ദ്യരത്രേ. മേൽപ്പറഞ്ഞ യുവതികളും ചാരിത്രത്തിൽ വളരെ ദുർബലകളുംതന്നെ ആയിരിക്കുമെന്നു അനുമാനിക്കുന്നതിൽ വലിയ അബദ്ധമുണ്ടായിരിക്കയില്ല. അവർ ചാരിത്രമുള്ളവരാണെങ്കിൽത്തന്നെയും ഈ പുണ്യത്തിനു വിരുദ്ധമാണു് അവരുടെ പ്രവൃത്തികളും. അനാശാസ്യമായ യാതൊരുദ്ദേശവും തങ്ങൾക്കില്ലെന്നു് അവർ വാദിച്ചേക്കാം. എന്നാൽ, അവരുടെ ഉദ്ദേശ്യശുദ്ധിയെ ദുഷ്പ്രരൂപികളും പരിഗണിക്കുന്നില്ലെന്ന കഥ അവർ മനസ്സിലാക്കിയിരുന്നെങ്കിൽ! തങ്ങളുടെ സ്നേഹിതരോടുകൂടെയായിരിക്കുമ്പോൾ ക്രൈസ്തവരായ സ്ത്രീപുരുഷന്മാർ കമനീയമായി വസ്ത്രധാരണം ചെയ്യുകൊള്ളട്ടെ. പക്ഷേ, ഡംഭോ നാട്യമോ അവരിൽ അശേഷം പ്രത്യക്ഷമാകരുതു്. പ്രസന്നത, വിനയം, ഔചിത്യം, ശ്രേഷ്ഠത മുതലായ ഗുണങ്ങളുംകൊണ്ടാണു് അവർ അലംകൃതരാകേണ്ടതെന്നു വി. ഗ്രന്ഥം ഉപദേശിക്കുന്നു. എല്ലാവരും അവരവരുടെ ജീവിതാവസ്ഥയ്ക്കു യോജിച്ചവിധം വസ്ത്രധാരണം ചെയ്യണമെന്നാണു വി. ലൂയീസിന്റെ അഭിമതം. ഈ സിദ്ധാന്തത്തെ ഉപദേശം നീ സ്വീകരിക്കുക. അപ്പോൾ വസ്ത്രധാരണത്തിൽ അഡംബരമേയെന്നു വിവേകികളായ സജ്ജനങ്ങളും നിന്നെ കുറ്റപ്പെടുത്തുകയില്ല. ജീവിതാവസ്ഥയ്ക്കു യോജിച്ച വസ്ത്രാഭരണങ്ങളും ധരിക്കുന്നില്ലെന്നുള്ള അവഹേളനയിൽനിന്നു നീ വിമുക്തനാകുന്നതുമാണു്. എന്നാൽ, യുവജ

നങ്ങൾക്കു സമുചിതമായ വസ്ത്രധാരണംകൊണ്ടു സംതൃപ്തരാകുന്നില്ലെങ്കിൽ വിവേകികളുടെ വിധിക്കനുയോജ്യമായി നാം വർത്തിക്കേണ്ടതത്രേ.

ഇരുപത്താറാം അധ്യായം

സംഭാഷണം; വിശിഷ്യ, ദൈവികകാര്യങ്ങളെക്കുറിച്ചുള്ള സംഭാഷണം


വിദഗ്ദ്ധനായ വൈദ്യൻ ഒരുവന്റെ നാവു പരിശോധിച്ചു് അയാളുടെ ശരീരസ്ഥിതി മനസ്സിലാക്കാറുണ്ടു്. ഇപ്രകാരം, ഒരാളുടെ സംസാരത്തിൽനിന്നു് അയാളുടെ ആത്മസ്ഥിതി മനസ്സിലാക്കാവുന്നതാണു്. "നിന്റെ വാക്കുകളാൽ നീ നീതീകരിക്കപ്പെടുകയും നിന്റെ വാക്കുകളാൽത്തന്നെ നീ ശിക്ഷയ്ക്കു പാത്രമാവുകയും ചെയ്യും" എന്നു ദിവ്യനാഥൻ അരുളിച്ചെയ്യുന്നു. വേദനയുള്ളിടത്തേയ്ക്കു നാമറിയാതെതന്നെ കരം തിരിയുന്നതുപോലെതന്നെ സ്നേഹവിഷയത്തിലേയ്ക്കു നമ്മുടെ നാവു് അനായാസേന തിരിയുന്നു.

അതിനാൽ ദൈവത്തെ നീ സ്നേഹിക്കുന്നുവെങ്കിൽ, സ്നേഹിതന്മാരോടും അയല്ക്കാരോടും സഹകുടുംബാംഗങ്ങളോടുമുള്ള സംഭാഷണത്തിൽ പലപ്പോഴും ദൈവത്തെ നിന്റെ സംസാരവിഷയമാക്കണം. "നീതിമാന്മാരുടെ അധരങ്ങൾ വിവേകത്തെ ധ്യാനിക്കുകയും അവരുടെ നാവുകൾ വിധിയെ സംസാരിക്കുകയും ചെയ്യും" എന്നു രാജകീയസങ്കീർത്തകൻ പ്രസ്താവിക്കുന്നു. തേനീച്ച അതിന്റെ മൂലമായ അധരങ്ങൾ കൊണ്ടു തേനല്ലാതെ മറ്റു യാതൊന്നും സ്പർശിക്കുകയില്ല.

ഇതുപോലെ, ദൈവത്താൽ അല്ലാതെ മറ്റു യാതൊന്നിനാലും നിന്റെ നാവു മധുരിക്കപ്പെടരുതു്. അവിടുത്തേ അതിമഹനീയനാമത്തെക്കുറിച്ചു നിന്റെ അധരങ്ങളിൽക്കൂടി പ്രവഹിക്കുന്ന പ്രശംസാകീർത്തനത്തിൽ മാത്രം നിന്റെ നാവു പരമാനന്ദം അനുഭവിക്കട്ടെ! അസ്സീസിയിലേ വി. ഫ്രാൻസീസിനു് ഈ ആനന്ദം സദാ ലഭിച്ചിരുന്നു. ദൈവത്തിന്റെ പരിശുദ്ധനാമം ഉച്ചരിക്കുമ്പോൾ അധരങ്ങളിൽ മധുനിറഞ്ഞിരുന്നതായി അദ്ദേഹത്തിനു് അനുഭവപ്പെട്ടുവത്രേ.

ആരെക്കുറിച്ചാകുന്നു സംസാരിക്കുന്നതെന്നു നന്നായി ചിന്തിച്ചുകൊണ്ടുവേണം ദൈവത്തെപ്പറ്റി സംസാരിക്കുവാൻ. ഭക്ത്യാദരപുരസ്സരം അവിടുത്തേ തിരുനാമം ഉച്ചരിക്കുക. ഇതിനുംപുറമേ, കൃത്രിമമായ നാട്യഭാവങ്ങൾ നീ നിശ്ശേഷം പരിവർജ്ജിക്കുകയും വേണം. അസാധാരണമായ ഭാഷാശൈലികളും മറ്റും പ്രയോഗിച്ചു നിന്റെ പ്രസംഗചാതുരിയെ പ്രത്യക്ഷമാക്കുന്നതിനല്ല യത്നിക്കേണ്ടതു്; പ്രത്യുത, വിശുദ്ധഗീതത്തിൽ വർണ്ണിച്ചിരിക്കുന്ന ദിവ്യവധുവിനെപ്പോലെ ശാന്തതയോടും വിനയത്തോടും ഉപവിയോടുംകൂടെ കേതിയാകുന്ന വിശിഷ്ടമധുവിനെ ശ്രോതാക്കളുടെ കർണ്ണപുടങ്ങളിൽ തുള്ളിതുള്ളിയായി പൊഴിക്കുന്നതിനത്രേ നീ ശ്രമിക്കേണ്ടതു്. നീ വർഷിക്കുന്ന തേൻതുള്ളികൾ അവരുടെ ഹൃദയങ്ങളിൽ അഗാധമായി നിപതിക്കുന്നതിനു കരുണാനിധിയായ ദൈവത്തോടു ഉള്ളുഴിഞ്ഞു പ്രാർത്ഥിക്കുകയും ചെയ്യുക. പ്രസംഗരുപത്തിലല്ല ദൈവത്തെപ്പറ്റിയുള്ള ജ്ഞാനം മറുള്ളവർക്കു പ്രദാനം ചെയ്യേണ്ടതു്; പിന്നെയോ, ഒരു ദിവ്യനിവേശംപോലെ ശാന്തമായും സൗമ്യമായും ഈ സ്വർഗ്ഗീയകൃത്യം നിർവ്വഹിക്കേണ്ടിയിരിക്കുന്നു. ശരിയായ ശ്രദ്ധയും ബഹുമാനവുംകൂടാതെ, ദൈവത്തെക്കുറിച്ചോ ഭക്തിയെക്കുറിച്ചോ വിചാരശൂന്യമായും നിസ്സാരമായും നീ സംസാരിക്കരുതു്. ഭക്തന്മാരെന്നു നടിക്കുന്നവരിൽ കാണാറുള്ള മിഥ്യാഭിമാനം നിന്നി

ലുണ്ടാകാതിരിക്കുന്നതിനായി ഈ ഉപദേശത്തെ ഹൃദയപൂ
വ്വം നീ സ്വീകരിച്ചാലും! സംസാരത്തിൽ കേവലവാക്കുകളും
തേൻമൊഴികളും പ്രയോഗിക്കുന്നുണ്ടെങ്കിലും തങ്ങൾ പറയു
ന്നതെന്താണെന്ന് ഇല്ലൂട്ടർ ചിന്തിക്കുന്നേ ഇല്ല. എന്നാൽ,
ഏതാളുശസംസാരത്താൽ തങ്ങൾ സാക്ഷാൽ കേവന്മാരായി
ത്തീരുന്നുവെന്നുള്ള അവരുടെ മിഥ്യാബോധമാകുന്നു വിലപ
നീയമായിട്ടുള്ളതു്.



ഇരുപത്തേഴാം അധ്യായം

നമ്മുടെ സംസാരത്തിൽ വേണ്ട വിനയവും അന്യരോട്ട പ്രദർശിപ്പിക്കേണ്ട ആദരവും

"തന്റെ സംസാരത്താൽ മറവുള്ളവരെ സങ്കടപ്പെടുത്താ
ത്ത മനുഷ്യൻ പരിപൂർണ്ണനാണു്. ഒരു കടിഞ്ഞാൺകൊണ്ടു ത
ന്റെ ശരീരത്തെ സ്വാധീനമാക്കി നിയന്ത്രിക്കുവാൻ അയാൾ
പ്രാപ്തനാകുകയും ചെയ്യും" എന്നു വി. യാക്കോബു പ്രസ്താവി
ക്കുന്നു. അനുചിതമായ ഒരൊറ്റ വാക്കുപോലും നിന്റെ അധ
രങ്ങളിൽനിന്നു പുറപ്പെടാതിരിക്കട്ടെ. എന്തുകൊണ്ടെന്നാൽ,
നികൃഷ്ടമായ ഉദ്ദേശ്യം നിനക്കില്ലെങ്കിൽത്തന്നെയും, നിന്റെ
താളുവാക്കുകൾ ശ്രോതാക്കളെ അസ്വസ്ഥരാക്കുന്നതാണു്.
ഒരു തുണിക്കഷണത്തിൽ വീഴുന്ന എണ്ണത്തുള്ളിക്കു സമം ദുർ
ബലഹൃദയത്തിൽ നിപതിക്കുന്ന അശ്ലീലവചനം വിനാവി
ളംബം ഹൃദയം മുഴുവൻ വ്യാപിക്കുന്നു. ചിലപ്പോൾ പ്രസ്തുത
വചനം ഈ ദുർബലഹൃദയത്തിൽ രൂഢമൂലമാവുകയും ചെ
യ്തേക്കും. തൽഫലമായി, അശ്ലീലമായ അനേകം വിചാരങ്ങ
ളും പ്രലോഭനങ്ങളുംകൊണ്ടു് അതു ഹൃദയത്തെ നിറയ്ക്കുകയും

ചെയ്യും. ശാരീരികവിഷം അധരങ്ങളിൽക്കൂടെയെന്നതുപോലെ, മാനസികവിഷം കണ്ണുങ്ങളിൽക്കൂടെ ഉള്ളിൽ പ്രവേശിക്കുന്നു. അതിനാൽ, അസഭ്യവാക്കുകളും ഉച്ചരിക്കുന്ന നാവു് ഒരു ഘാതകനു തുല്യമാണു്. പുണ്യമാകുന്ന പ്രത്യൗഷധത്താൽ സുരക്ഷിതമായിരിക്കുന്ന ചില ഹൃദയങ്ങളുണ്ടു്. അവയിൽ ദുഷ്ടവചനമാകുന്ന വിഷം വിഫലമാവുകയേ ഉള്ളു. എന്നിരുന്നാലും, ഹൃദയനാശത്തിനു് അതു വേണ്ടുവോളം അവസരം നല്കാതിരിക്കുകയില്ല. തന്നിമിത്തം, അശ്ലീലവാക്കുകളും ഉച്ചരിക്കുമ്പോൾ മോശമായ ഉദ്ദേശ്യമൊന്നും തനിക്കില്ലെന്നു പറയുന്നവന്റെ യുക്തിവാദം അസ്ഥാനത്താണു്. മാത്രമല്ല, "ഹൃദയപൂർണ്ണതയിൽനിന്നു് അധരങ്ങൾ സംസാരിക്കുന്നു" എന്നു ഹൃദയങ്ങളെ സൂക്ഷ്മനിരീക്ഷണം ചെയ്യുന്ന ദിവ്യനാഥൻ അരുളിച്ചെയ്തിട്ടുമുണ്ടു്. അനാശാസ്യമായ ഉദ്ദേശ്യമില്ലെങ്കിൽത്തന്നെയും അരുടെയെങ്കിലും ഹൃദയത്തെ നിഗ്രഹമായി പിളർക്കുന്നതിനു സാത്താൻ നിന്റെ അസഭ്യവചനത്തെ ഒരു ഉപകരണമായി ഉപയോഗിക്കാതിരിക്കയില്ല. 'അഞ്ചെലിക്കാ' എന്ന ഒരുതരം സസ്യം ഭക്ഷിക്കുന്നവരുടെ ശരീരം സുഗന്ധമുള്ളതായിത്തീരുമത്രേ. ഇതുപോലെ, സദ്ഗുണപുണ്യങ്ങളായ വിനയവും ചാരിത്രവും ഉള്ളവരുടെ സംസാരം വിനീതവും പരിശുദ്ധവുമായിരിക്കാനേ തരമുള്ളു. "അനുചിതവും അശ്ലീലവുമായ കാര്യങ്ങളുടെ നാമംപോലും നിങ്ങളുടെയിടയിൽ ഉച്ചരിക്കരുതു്" എന്നു വി. അപ്പസ്തോലൻ അനുശാസിക്കുന്നു. 'ശ്രേഷ്ഠമായ ഉപചാരമര്യാദകളെ മലിനമാക്കുന്നതായി നികൃഷ്ടസംസാരംപോലെ മറ്റൊന്നില്ല' എന്നാണു് അദ്ദേഹം പ്രസ്താവിക്കുന്നതു്.

വ്യവഹാരത്തിലും ഗ്രന്ഥാർത്ഥത്തിലും പ്രയോഗിക്കുന്ന അസഭ്യവാക്കുകളും ക്രൂരതൽ വിനാശകരങ്ങളാണു്. എന്തുകൊണ്ടെന്നാൽ, അസ്ത്രം ശരീരത്തെ എന്നപോലെ, വചനങ്ങളും ഹൃദയത്തെ പിളർക്കുന്നു. താളശപടങ്ങളും ഉപയോഗി

ക്കുന്നുവെങ്കിൽ ലോകം തങ്ങളെ ബഹുമാനിക്കുമെന്നു വിചാരിക്കുന്ന ദോഷന്മാർ, സുഹൃൽസമ്മേളനത്തിന്റെ ഉദ്ദേശ്യം എന്താണെന്നുപോലും ഗ്രഹിക്കുന്നില്ല. തേനീച്ചകൾ സംഘം ചേരുന്നതു മധു ശേഖരിക്കുന്നതിനാണല്ലോ. ഇതുപോലെ, ആനന്ദപ്രദമായ വിശിഷ്ടസംഭാഷണത്തിനായിരിക്കട്ടെ സുഹൃത്തുക്കൾ ഒരുമിച്ചുചേരുന്നതു്. ചീഞ്ഞഴുകുന്ന സാധനത്തെ തിന്നൊടുക്കുവാൻ പറന്നുകൂടുന്ന ഈച്ചകളെ അനുകരിക്കുന്നതു മൂഢത്വമല്ലയോ? ആരെങ്കിലും അസത്യംവാക്കുകൾ പറയുമ്പോൾ അയാളിൽനിന്നു മുഖംതിരിച്ചുകൊണ്ടോ, ഉചിതമായ മറേറതെങ്കിലും ഉപായം പ്രയോഗിച്ചുകൊണ്ടോ, നിന്റെ നീരസത്തെ പ്രത്യക്ഷമാക്കുക.

ഏറ്റവും നികൃഷ്ടമായ ദുർഗ്ഗുണങ്ങളിൽ ഒന്നാണു പരനിന്ദനം. ദൈവം ഇതു് അത്യധികം വെറുക്കുന്നതുനിമിത്തം ഈ ദുഷ്ടതയ്ക്കു് അർഹമായ ശിക്ഷ അവിടുന്നു നല്കിയിട്ടുണ്ടു്. അയല്ക്കാരനെ അവഹേളിക്കുകയും വിദ്വേഷിക്കുകയും ചെയ്യുന്നതുപോലെ ഉപവിക്കും ഭക്തിക്കും വിരുദ്ധമായി മറെറാന്നില്ല. കാരണം, പരിഹാസപാത്രങ്ങളോടു നിനക്കു് അവജ്ഞയുണ്ടാകാതിരിക്കുക സുസാധമല്ലെന്നതുതന്നെ.

ഒരുവൻ തന്റെ അയല്ക്കാരനോടു വാഗ്ദ്രൂപേണ ചെയ്യുന്ന വലിയ ഉപദ്രവങ്ങളിൽ ഒന്നാണു് അവഹേളനം എന്നുതന്നെ ശാസ്ത്രജ്ഞന്മാരുടെ ഐകകണ്ഠ്യേനയുള്ള പ്രസ്താവം. എന്തുകൊണ്ടെന്നാൽ, അയല്ക്കാരനെ മറെറതെങ്കിലുംവിധം നാം ഉപദ്രവിക്കുമ്പോൾ അയാളോടു നമുക്കുള്ള ബഹുമാനം നിശ്ശേഷം നശിക്കുന്നില്ല. എന്നാൽ, അയാളെ പരിഹസിക്കുമ്പോൾ നിന്ദയോടും അവജ്ഞയോടുംകൂടിയതുതന്നെ അയാളോടു നാം വർത്തിക്കുന്നതു്.

ആനന്ദത്തോടും വിനയത്തോടുംകൂടിയ ഫലിതോക്തികൾ ഉപയോഗിക്കുന്നതു് ഒട്ടും അനാശാസ്യമല്ല. അല്ല, ഇതൊരു പുണ്യംതന്നെയാണു്. വിശ്രമവേളയിൽ മാനുഷിക

പൂണ്ണതകളിൽനിന്നു നമുക്കു ലഭിക്കാവുന്ന നിഷ്കളങ്കമായ ഒരു വിനോദം മാത്രമാണിതു്. അകൈതവവും പരസ്നേഹപരവുമായ ഉല്ലാസംമാത്രമേ ഇതിൽനിന്നു നാം പ്രതീക്ഷിക്കുന്നുള്ളൂ. എന്നാൽ, നിർമ്മലമായ ഈ വിനോദം നികൃഷ്ടമായ പരിഹാസമായിപ്പരിണമിക്കാതിരിപ്പാൻ സവിശേഷമായി ശ്രദ്ധിക്കണം. എന്തുകൊണ്ടെന്നാൽ, അയല്പക്കാരനോടുള്ള അവജ്ഞമൂലമാണു പരിഹാസത്തിൽനിന്നു് അഹ്ളാദമുണ്ടാകുന്നതു്. ഫലിതോക്തികളാകട്ടെ, നിരുപദ്രവകരമായ സ്വാതന്ത്ര്യത്തിൽനിന്നും ഹൃദയംഗമമായ വിശ്വസ്തതയിൽനിന്നും നമുക്കു വിനോദം പ്രദാനം ചെയ്യുന്നു. ഒരിക്കൽ, കുറേ സന്യാസികൾ ഉച്ചഭക്ഷണത്തിനുശേഷം വി. ലൂയീസുരാജാവിനോടു ഗൗരവാവഹങ്ങളായ ചില കാര്യങ്ങളെക്കുറിച്ചു സംസാരിക്കാനാരംഭിച്ചു. അപ്പോൾ, അവരെത്തടഞ്ഞുകൊണ്ടു് അദ്ദേഹം ഇപ്രകാരം പറഞ്ഞു: "യുക്തിവാദം ചെയ്യുന്നതിനുള്ള സമയമല്ല ഇതു്; അതിനാൽ, ഓരോരുത്തനും അവനവനോന്നുന്ന ഫലിതങ്ങൾ പറയുക. ഇങ്ങനെ, നമുക്കു് ഉല്ലസിക്കയും ചെയ്യാം." രാജകീയാനുകൂല്യങ്ങൾ സിദ്ധിക്കുന്നതിനുതന്റെ ചുറ്റുംകൂടിയിരുന്ന പ്രഭുക്കന്മാരെ ഉദ്ദേശിച്ചാണു ലൂയീസ് ഇപ്രകാരം പറഞ്ഞതു്. സംക്ഷിപ്തമായിപ്പറയുന്നപക്ഷം, നിത്യാനന്ദത്തെ പ്രദാനം ചെയ്യുന്ന ദിവ്യവിശ്രമം ലഭിക്കുന്നതിനുവേണ്ടി നമ്മുടെ ഇപ്പോഴത്തെ വിശ്രമാവസരങ്ങളെ നിർമ്മലവിനോദങ്ങൾക്കായി നമുക്കു വിനിയോഗിക്കാം.



ഇരുപത്തെട്ടാം അധ്യായം

സാഹസികമായ വിധികർം

"നീ അന്യരെ വിധിക്കരുതു്; എന്നാൽ, നീയും വിധിക്കപ്പെടുകയില്ല" എന്നതത്രേ നിത്യവിധികത്താവു് ഉപദേശിക്കുന്നതു്. വി. അപ്പസ്തോലനെ ശ്രവിച്ചാലും. "കാലത്തിനു മുൻപു വിധി പ്രസ്താവിക്കരുതു്. ദിവ്യനാഥൻ അന്ധകാരത്തിൽ മറഞ്ഞുകിടക്കുന്നവയെ പ്രകാശത്തിലേയ്ക്കു കൊണ്ടുവരികയും ഹൃദയത്തിന്റെ നിരൂപണകളെ വെളിപ്പെടുത്തുകയും ചെയ്യും." അന്യായവിധി ദൈവത്തെ എത്രമാത്രം അസന്തുഷ്ടിപ്പെടുത്തുന്നു! മനുഷ്യരുടെ വിധികർം എല്ലായ്പോഴും സാഹസികമായിരിക്കുകയേ ഉള്ളു. എന്തുകൊണ്ടെന്നാൽ, അവർ പരസ്പരം വിധികത്താക്കളല്ല. തന്മൂലം അവർ വിധിക്കുമ്പോൾ, അനന്തവിധികത്താവിന്റെ ദിവ്യമായ ഉദ്യോഗം അപഹരിക്കുകയത്രേ ചെയ്യുന്നതു്. പാപത്തിന്റെ ഗുഷ്ടത പ്രധാനമായി മനസ്സിന്റെ ഉദ്ദേശ്യത്തേയും നിശ്ചയത്തേയും ആശ്രയിച്ചിരിക്കുന്നു. പാപിയുടെ അന്തർഗതങ്ങളാകട്ടെ, അന്ധകാരത്തിലേ വസ്തുക്കൾപോലെ മനുഷ്യദൃഷ്ടിക്കു് അവ്യക്തങ്ങളുമാണു്. അതിനാൽ, നാം ചെയ്യുന്ന വിധികർം സാഹസികവും അനീതിപരവുമായിരിക്കാനേ തരമുള്ളു. മാത്രമല്ല, താളശവിധികർം ധാർഷ്ട്യപൂർവകവുമായിരിക്കും. അയല്ക്കാരനെ വിധിക്കാതെ തന്നെത്തന്നെ വിധിക്കുന്നതിനു് ഓരോരുത്തക്കും വേണ്ടുവോളം കായ്ക്കുടർം ഉണ്ടല്ലോ. നിത്യവിധിക്കു നാം പാത്രീഭവിക്കാതിരിക്കുന്നതിനുവേണ്ടി അന്യരെ വിധിക്കരുതെന്നു മാത്രമല്ല, നമ്മെ നാം വിധിക്കുകയും വേണം. മറുള്ളവരെ വിധിക്കരുതെന്നു യേശുനാഥൻ നമ്മോടു കല്പിക്കുന്നുമുണ്ടു്. എന്നാൽ, "നമ്മെത്തന്നെ നാം വി

ധിക്കുന്നുവെങ്കിൽ ദൈവം നമ്മെ വിധിക്കയില്ല" എന്നു വി. അപ്പസ്തോലന്റെ പ്രബോധനം ആത്മവിധിയുടെ അവശ്യം അല്ലയോ വിളിച്ചുപറയുന്നതു്. നമ്മുടെ പ്രവൃത്തികളാകട്ടെ, ഏതാട്ടശ പ്രബോധനങ്ങൾക്കു വിരുദ്ധമാണു്. അയല്ക്കാരനെ അന്യായമായി വിധിച്ചുകൊണ്ടു ദൈവകല്പനയെ ലംഘിക്കുകയും ആത്മവിധിയിൽ വൈമുഖ്യം പ്രദർശിപ്പിച്ചുകൊണ്ടു ദിവ്യാജ്ഞയെ അവഗണിക്കുകയുമാകുന്നു നാം ചെയ്യുന്നതു്.

സാഹസികവിധിക്കു നല്കേണ്ട പ്രത്യുഷധം ഈ നിഷ്ടതയുടെ മൗലികഹേതുവിനു് അനുസൃതമായിരിക്കണം. പ്രകൃത്യാ രൂക്ഷവും നിർദ്ദയവും പരുഷവുമായ സ്വഭാവമുള്ള ചിലരുണ്ടു്. ഇവർ, തങ്ങളുടെ എല്ലാ വ്യാപാരങ്ങളിലും പരുഷമായും കർക്കശമായും വർത്തിക്കയും ചെയ്യുന്നു. ആമൂസ് ദീർഘദർശി പറയുന്നതുപോലെ, ഇവർ തങ്ങളുടെ സഹോദരരെ നിർദ്ദയമായി മാത്രം എല്ലായ്പോഴും വിധിച്ചുകൊണ്ടു്, വിധി അരോചകവും നീതിയുടെ ഫലം മക്കിപ്പുപോലെ അനാസ്വാദ്യവുമാക്കിത്തീർക്കുന്നു. ഇവരുടെ പ്രവൃത്തി പാപമല്ല; എങ്കിലും സാഹസവിധിക്കും അന്യായസംസാരത്തിനും ഇവരെ പ്രേരിപ്പിക്കുന്നതു നിമിത്തം ഈ ന്യൂനത അപൽക്കരംതന്നെ. തന്മൂലം, വിദഗ്ധനായ ഒരു ആത്മീയവൈദ്യന്റെ ചികിത്സ ഇവക്കു് അത്യാവശ്യമാണു്. ഇവരുടെ രോഗം സ്വാഭാവികമായതിനാൽ അതിൽനിന്നു വിമോചനം ലഭിക്കുക അത്ര സുകരമല്ല.

വേറെ ചിലർ പരുഷസ്വഭാവംനിമിത്തമല്ല, പ്രത്യുത, അഹങ്കാരത്താലാണു് അന്യരെ അന്യായമായി വിധിക്കുന്നതു് അന്യരുടെ അഭിമാനം ക്ഷയിപ്പിക്കുന്നതോതനുസരിച്ചു തങ്ങളുടെ അഭിമാനം വർദ്ധിക്കുന്നുവെന്നു് ഈ ദുർഭഗർ വിചാരിക്കുന്നു. എത്ര അഹങ്കാരപൂർവകവും ധിക്കാരപൂർണ്ണവുമായ മനഃസ്ഥിതി! ആത്മപ്രശംസ ചെയ്യുകൊണ്ടു സ്വയംകൃതമായ

ഉന്നതപദത്തിൽ ഇവർ തങ്ങളെത്തന്നെ പ്രതിഷ്ഠിക്കുന്നു. ഈ ഉച്ചസ്ഥാനത്തിരുന്നുകൊണ്ട് ഇവർ മറുള്ളവരെ അവജ്ഞാപൂർവ്വം വീക്ഷിക്കുകയും അവരെ നിന്ദ്യരും അധമരുമായി പരിഗണിക്കുകയും ചെയ്യുന്നു. "അന്യരെപ്പോലെയല്ല ഞാൻ" എന്നു ജല്പിച്ചതു് ഒരു മൂഢനായ ഫരിസേയക്കാരൻ ആയിരുന്നുവല്ലോ.

മറുചിലർക്കാകട്ടെ, ഇങ്ങനെയുള്ള പ്രത്യക്ഷമായ അഹങ്കാരമല്ല ഉള്ളതു്. അന്യരുടെ ദുർഗ്ഗുണങ്ങളെപ്പറ്റി ചിന്തിക്കുന്നതാണ് ഇവരുടെ സംതൃപ്തി. അന്യരിൽക്കാണുന്ന ദുർഗ്ഗുണങ്ങൾക്കു വിപരീതമായ സദ്ഗുണങ്ങൾ തങ്ങളിൽ പരിലസിക്കുന്നുണ്ടെന്നും ഈ ഗുണങ്ങൾ കണ്ടുകൊണ്ടു വിസ്മയഭരിതരായി മറുള്ളവർ തങ്ങളെ അഭിനന്ദിക്കുന്നുണ്ടെന്നുമുള്ള വ്യാമോഹങ്ങളാണ് ഇവരുടെ സന്തോഷസംതൃപ്തികളുടെ നിദാനം. ഇക്കൂട്ടരുടെ അളശ്യവും നിഗ്രഹവുമായ ഈ സംതൃപ്തികരം കണ്ടുപിടിക്കുന്നതിനു സൂക്ഷ്മദൃഷ്ടിക്കുമാത്രമേ സാധിക്കുകയുള്ളൂ. പക്ഷേ, ഈ സന്തോഷത്തിന്റെ അനുഭവസ്ഥന്മാർ തന്നെയും ഈ വസ്തുത ഗ്രഹിക്കുന്നില്ല.

തങ്ങൾക്കുള്ളതോ അഥവാ അതിനോടു സാദൃശ്യമുള്ളതോ ആയ ദുർഗ്ഗുണം മറുള്ളവരിലുമുണ്ടെന്നാണ് ഇനിയും ചിലരുടെ സാമാന്യസിദ്ധാന്തം. തങ്ങളുടെ അനാശാസ്യവ്യാപാരങ്ങളെ ന്യായവൽകരിക്കുന്നതിനോ, അന്തഃകരണശാസനത്തെ അവഗണിക്കുന്നതിനോ ആണ് ഇവർ ഇങ്ങനെ ചെയ്യുന്നതു്. കുറക്കാരുടെ സംഖ്യ വർദ്ധിക്കുംതോറും കുറ്റത്തിന്റെ കാഠിന്യം കുറയുന്നുവെന്ന് ഈ ഭോഷന്മാർ വിചാരിക്കുന്നു. മറുള്ളവരുടെ സ്വഭാവവിശേഷത്തേയും ധാർമ്മികവ്യാപാരങ്ങളേയും വിമർശിക്കുന്നതിലും അവയെ യഥേഷ്ടം വ്യാഖ്യാനിക്കുന്നതിലും നിന്നുളവാകുന്ന ആനന്ദത്തെപ്രതിയാണ് വേറൊരു കൂട്ടർ തങ്ങളുടെ അയല്ക്കാരെ അവിവേകമായി വിധിക്കുന്നതു്. അനന്യസാധാരണമായ തങ്ങളുടെ ബുദ്ധികുർമ്മത

നിമിത്തം ഇപ്രകാരമുള്ള വിധികളം പ്രസ്താവിക്കുന്നതിനു തങ്ങളം പ്രാപ്തരാണെന്നത്രേ അവരുടെ നാട്യം. ഇവരുടെ അന്യായവിധി യഥാർത്ഥമായി വരുന്നപക്ഷം, താളശവിധി പ്രസ്താവിക്കുന്നതിനുള്ള അഗ്രഹം അവരിൽ ക്രമാതീതമായി വർദ്ധിക്കുമെന്നു പറയേണ്ടതില്ലല്ലോ. ഈ ദുർഗ്ഗുണത്തിൽനിന്നു് അവരെ വിമുക്തരാക്കുക വിഷമകരംതന്നെ.

തങ്ങളംക്കിഷ്ടമുള്ളവർ ശിഷ്ടന്മാരെന്നും മറുള്ളവർ ദുഷ്ടന്മാരെന്നുമാണു പോറെ ചിലരുടെ സാമാന്യവിധി. വെറും ഒരു തോന്നലല്ലാതെ തങ്ങളുടെ സഹോദരന്മാരുടെ യഥാർത്ഥ ഗുണങ്ങളെല്ല ഇവരുടെ വിധിയുടെ ആധാരം. തങ്ങളുടെ സ്നേഹവിഷയത്തെത്തന്നെയും തിന്മയായി വിധിക്കുന്നതിനു് അതിനോടുള്ള അമിതസ്നേഹം അവരെ ചിലപ്പോൾ പ്രേരിപ്പിക്കാറുണ്ടു്. ഇതു് അതിവിസ്മയാവഹംതന്നെ. മലിനവും, അപൂർണ്ണവും, ചഞ്ചലവും ക്രമരഹിതവുമായ സ്നേഹത്തിൽനിന്നാണു് ഈ ഭയങ്കരഫലം ഉൽഭൂതമാകുന്നതു്. ഇതു് അസൂയയല്ലാതെ മറെറാന്നുമല്ല. അന്യരുടെ നേരെ ഒന്നു നോക്കുകയോ, പുഞ്ചിരി തൂകുകയോ ചെയ്യുന്നുവെങ്കിൽ, ഉടൻ തങ്ങളുടെ സ്നേഹഭാജനത്തിൽ അവിശ്വസ്തത എന്ന അപരാധം ആരോപിച്ചു് അയാളെ നിർദ്ദയം പരിത്യജിച്ചുകളയുന്നവർ ചുരുക്കമല്ല. ഇതിനുംപുറമേ, ഭയവും അത്യാഗ്രഹവും, നമ്മുടെ മാനസികദുർബ്ബലതകളും അന്യരെപ്പററിയുള്ള സംശയത്തെയും അവിവേകമായ വിധികളേയും ഉളവാക്കുന്നതാണു്.

ഏതാളശവിധികളംക്കുള്ള പ്രതിവിധിയെന്തു്? 'എത്തിയോപ്യാ'രാജ്യത്തുള്ള 'ഒഫിയൂസാ' എന്ന സസ്യം ഇടിച്ചുപിഴിഞ്ഞെടുക്കുന്ന നീരു കുടിക്കുന്നവർ സർപ്പത്തേയും മറുഭയങ്കരവസ്തുക്കളേയും സവ്വത്ര ദർശിക്കുന്നതായി വിചാരിക്കുന്നുവത്രേ. ഇതുപോലെ, അഹങ്കാരം, അസൂയ, അതിമോഹം മുതലായ ദുർഗ്ഗുണങ്ങളിൽ നിമഗ്നരായവർ തങ്ങളുടെ ദൃഷ്ടി

യിൽപ്പെടുന്നവയെല്ലാം നികൃഷ്ടവും നിന്ദ്യവുമാണെന്നു ജല്പിക്കുന്നു. 'ഒഫിയൂസാ' സസ്യത്തിന്റെ നീരു കുടിക്കുന്നവർക്കു് ഈ അന്ധപ്പനയിൽ നിന്നൊടുക്കുന്ന മദ്യമാകുന്നു പ്രത്യൗഷധമായി നല്കേണ്ടതു്. മേല്പറഞ്ഞിരിച്ച ഭക്ഷണങ്ങളാകുന്ന വിഷം പാനംചെയ്തിട്ടുള്ളവർ തങ്ങളുടെ സുഖപ്രാപ്തിക്കായി പരസ്നേഹമാകുന്ന പ്രത്യൗഷധം ഉപയോഗിക്കട്ടെ. അന്യായവിധി നല്കുന്നതിനു പ്രേരിപ്പിക്കുന്ന ഭക്ഷണങ്ങളിൽനിന്നു് ഇതു് അവരെ വിമുക്തരാക്കും. തിന്മയെ വീക്ഷിക്കുന്നതിനു പോലും ഭയപ്പെടുന്ന ഉപവി ഈ തിന്മയെ ഒരിക്കലും അനേഷിക്കുകയില്ല. എതിരേവരുന്ന തിന്മയിൽനിന്നു് ഉപവി ഉടൻ മുഖം തിരിച്ചുകളയുന്നു. തിന്മ സമീപിച്ചിരിക്കുന്നുവെന്നറിയുന്ന ക്ഷണത്തിൽ ഉപവി കണ്ണുകളടച്ചുകളയുന്നു. സമീപിച്ചതു തിന്മയല്ലായിരുന്നുവെന്നും, പ്രത്യുത, തിന്മയുടെ വെറും നിഴലോ, മായയോ മാത്രമായിരുന്നുവെന്നും ഉപവി വിശ്വസിക്കുന്നു. അതു തിന്മയാണെന്ന യാഥാർത്ഥ്യം സമ്മതിക്കാതെ ഗത്യന്തരമില്ലെങ്കിൽ, അപ്പോൾ ഉപവി അതിൽനിന്നു ഝടുതിയിൽ പിന്തിരിയുകയും അതിന്റെ ഛായക്കുടെ വിസ്മരിക്കാൻ ശ്രമിക്കയും ചെയ്യാതിരിക്കയില്ല. അതിനാൽ, എല്ലാത്തിന്മകളുടേയും അത്യുത്തമമായ പ്രതിവിധിയാണു് ഉപവി. സാഹസികവിധിക്കാകട്ടെ, ഇതു സവിശേഷമായ പ്രത്യൗഷധവുമാണു്. മഞ്ഞപ്പിത്തമുള്ളവർക്കു കാണുന്നതെല്ലാം മഞ്ഞയായിട്ടാണല്ലോ തോന്നുക. 'സെലൻഡയിൽ' എന്ന ഒരുതരം മഞ്ഞപ്പുഷ്പം കാലിൽ വച്ചുകെട്ടുന്നുവെങ്കിൽ മഞ്ഞപ്പിത്തം വേഗം സുഖപ്പെടുമത്രേ. ആത്മാവിന്റെ ഒരുതരം മഞ്ഞപ്പിത്തമാണു് അന്യായവിധി. ഈ ആത്മീയരോഗമുള്ളവർക്കു സകലതും തിന്മയായിട്ടേ പ്രത്യക്ഷമാകൂ. പ്രസ്തുത രോഗത്തിൽനിന്നു സുഖം പ്രാപിക്കണമെങ്കിൽ ബോധമാകുന്ന നയനങ്ങളിൽ മാത്രമല്ല, ആത്മാവിന്റെ അവയവങ്ങളാകുന്ന പാദത്തിലും തക്ക ഔഷധം പ്രയോഗിക്ക

ണം. നിന്റെ ആഗ്രഹങ്ങൾ ക്രമവൽകൃതവും സൗമ്യവുമാണെങ്കിൽ നീ പ്രസ്താവിക്കുന്ന വിധികളിലും ഈ ഗുണങ്ങൾ പ്രകാശിക്കുന്നതാണ്. നിന്റെ ആഗ്രഹങ്ങളും ആശകളും പരസ്നേഹപരമാണെങ്കിൽ നീ ചെയ്യുന്ന വിധികളും അപ്രകാരമുള്ളതായിരിക്കും. ഈ വാസ്തവത്തെ തെളിയിക്കുന്ന ചില ഉദാഹരണങ്ങൾ നല്കാം.

'റബേക്കാ' തന്റെ സഹോദരിയാണെന്നതു ഇസഹാക്ക് 'അബിമെലെക്കി'നെ ധരിപ്പിച്ചതു്. ഇസഹാക്ക് അവളെ തലോടുകയും ലാളിക്കുകയും അവളുമായി വിനോദിക്കുകയും ചെയ്യുന്നതു കണ്ടപ്പോൾ അവൾ അദ്ദേഹത്തിന്റെ ഭാര്യയാണെന്ന് 'അബിമെലെക്ക്' തീരുമാനിച്ചു. അബിമെലെക്ക് ഒരു കുബുദ്ധിയായിരുന്നെങ്കിൽ, റബേക്കാ ഒരു വേശ്യയെന്നോ, വ്യഭിചാരത്തിനായിമാത്രം ഇസഹാക്കിനോടു സമ്പർക്കം ചെയ്യുന്ന അയാളുടെ സഹോദരിയെന്നോ അയാൾ വിധിക്കുമായിരുന്നു. എന്നാൽ, ഇസഹാക്കിന്റേയും റബേക്കായുടേയും പെരുമാറ്റത്തെക്കുറിച്ചു് ഏറ്റവും ഉദാരമായ ഒരു വിധിയാണ് അദ്ദേഹം നല്കിയതു്. നീയും അബിമെലെക്കിനെ അനുകരിക്കുക. നിന്റെ അയല്ക്കാരെക്കുറിച്ചു കഴിയുന്നിടത്തോളം അനുകൂലമായ വിധിമാത്രമേ പ്രസ്താവിക്കാവൂ. ഒരു പ്രവൃത്തിക്കു് അനേകം വശങ്ങളുണ്ടെങ്കിൽ അവയിൽ ഏറ്റവും വിശിഷ്ടമായതേ തിരഞ്ഞെടുക്കാവൂ.

പരിശുദ്ധ കന്യകാമറിയം ഗർഭംധരിച്ചിരിക്കുന്നുവെന്ന വസ്തുത വി. യൗസേപ്പു് വിശദമായി ഗ്രഹിച്ചു. അവൾ പവിത്രയും, നിത്യനിർമ്മലയുമാണെന്നു് അദ്ദേഹത്തിനറിയാമായിരുന്നതുനിമിത്തം നിയമവിരുദ്ധമായ വിധമായിരിക്കുമോ അവൾ ഗർഭിണിയായതെന്നു സംശയിക്കുകപോലും വി. യൗസേപ്പിനു സാധ്യമായിരുന്നില്ല. തന്മൂലം, പ്രസ്തുത സംഗതിയുടെ ന്യായവിധി ദൈവത്തിൽ സമർപ്പിച്ചുകൊണ്ടു്, രഹസ്യമായി അവളെ ഉപേക്ഷിക്കുന്നതിനു് അദ്ദേഹം തീരുമാനിച്ചു.

കന്യകയായ തന്റെ പ്രിയതമയെക്കുറിച്ച് അന്യഥാ ചിന്തിക്കുന്നതിനു വേണ്ടുവോളം തെളിവുകൾ ഉണ്ടായിരുന്നുവെങ്കിലും അവളെക്കുറിച്ചു യാതൊരു വിധിയും പ്രസ്താവിക്കുന്നതിന് അദ്ദേഹം തുനിഞ്ഞില്ല. ഇതിന്റെ കാരണമെന്ത്? "അദ്ദേഹം നീതിമാനായിരുന്നു" എന്നാണു പരിശുദ്ധാത്മാവു പിന്നീടു പറയുന്നതു. ഒരു സ്ത്രീയുടെ പ്രവൃത്തിയോ പ്രവൃത്തിയുടെ ഉദ്ദേശ്യമോ അപരാധരഹിതമെന്നു തെളിയിക്കുവാൻ യാതൊരു ന്യായവും കാണുന്നില്ലെങ്കിൽ നീതിമാനായ ഒരാൾ അക്കാര്യത്തെക്കുറിച്ചു യാതൊരു വിധിയും പ്രസ്താവിക്കുന്നതല്ല; പ്രസ്തുത വിഷയത്തെ ദൈവതുലാസ്സുകളിൽ എടുപ്പിച്ചുകൊണ്ടു അയാൾ അതിനെ വിശുദ്ധീകരിക്കുന്നതിനു ശ്രമിക്കുകയേ ഉള്ളൂ. തന്നെ കുരിശിൽ തൂക്കിയവർ നിരപരാധികളെന്നു പ്രസ്താവിക്കുവാൻ ദിവ്യരക്ഷകനു നിവൃത്തിമില്ലാതിരുന്നതിനാൽ അവരുടെ അജ്ഞതയെ ആസ്പദമാക്കി അവരുടെ പാപകാഠിന്യത്തെ ലഘൂകരിപ്പെടുത്തുകയല്ലേ ചെയ്തതു്. എന്തെങ്കിലും ഒരു പാപം ക്ഷന്തവ്യമെന്നു വിധിക്കാൻ നിനക്കു് ഒരു വിധവും സാധ്യമല്ലെങ്കിൽ അജ്ഞതയോ ദൗർബല്യമോ ആയിരിക്കാം പാപഹേതുവെന്നു കരുതി പാപിയോടു് അനുകമ്പ പ്രദർശിപ്പിക്കുക.

ഇങ്ങനെയെങ്കിൽ, അയൽക്കാരനെ ഒരിക്കലും വിധിക്കുവാൻ പാടില്ലെന്നോ? ഇല്ല, ഒരിക്കലും പാടില്ല. അധർമ്മം പ്രവർത്തിക്കുന്നവരെ വിധിക്കേണ്ടതു ദൈവമാണു്. നമ്മോടു സംസാരിക്കുന്നതിനായി ദൈവം ന്യായാധിപന്മാരുടെ ശബ്ദത്തെ ഉപയോഗിക്കുന്നുവെന്നതു യഥാർത്ഥംതന്നെ. അവർ അവിടത്തെ വ്യാഖ്യാതാക്കളാകുന്നു. അങ്ങേ ദിവ്യാഭിഷിക്തരാകയാൽ അങ്ങിൽനിന്നു ഗ്രഹിച്ചതല്ലാതെ അന്യഥാ പ്രസ്താവിക്കുക അവർക്കു് അനുവദനീയമല്ല. എന്നാൽ, അവർ തങ്ങളുടെ അഭീഷ്ടമനുസരിച്ചു വിധി പ്രസ്താവിക്കുന്നുവെങ്കിൽ ആ വിധി അവരുടേതുമാത്രമായിരിക്കും. തന്നിമി

ത്തം, അവരും ദൈവത്തിന്റെ ന്യായവിധിക്കു പാത്രമായി ഭവിക്കുകതന്നെ ചെയ്യും. എന്തുകൊണ്ടെന്നാൽ, മനുഷ്യൻ മനുഷ്യനെന്ന നിലയിൽ മറ്റുള്ളവരെ വിധിക്കുന്നതു നിഷിദ്ധമാണ്. എന്തെങ്കിലും ഒന്നിനെ ദർശിക്കുകയോ അതിനെക്കുറിച്ചു പഠിക്കുകയോ ചെയ്യുന്നതുകൊണ്ടു് അതിനെ നാം വിധിക്കുന്നുവെന്നു പറഞ്ഞുകൂടാ. വി. ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നതുപോലെ, യാഥാർത്ഥ്യം ഗ്രഹിക്കുന്നതിനു വിഷമമുണ്ടാകുകയും തന്നിമിത്തം അതിനെ സ്ഥാപിക്കേണ്ട അവശ്യം നേരിടുകയും ചെയ്യുമ്പോഴാണല്ലോ നാം സാധാരണ വിധി പ്രസ്താവിക്കുന്നതു്. "വിശ്വസിക്കാത്തവൻ പണ്ടേതന്നെ ശിക്ഷയ്ക്കു വിധിക്കപ്പെട്ടിരിക്കുന്നു" എന്നു വി. ലിഖിതം പ്രസ്താവിക്കുന്നു. എന്തുകൊണ്ടെന്നാൽ, അവന്റെ നിത്യനാശത്തെപ്പറ്റി യാതൊന്നും സംശയിക്കേണ്ടതില്ല. അയല്ക്കാരനെ സംശയിക്കുന്നതു് എല്ലായ്പോഴും പാപമല്ല. കാരണം, വിധിക്കരുതെന്നല്ലാതെ സംശയിക്കരുതെന്നു നാം ആജ്ഞാപിക്കപ്പെട്ടിട്ടില്ല. എന്നിരുന്നാലും, തെളിവുകളും യുക്തിയും അനുവദിക്കുന്നിടത്തോളംമാത്രമേ അന്യനെക്കുറിച്ചു സംശയിക്കാവൂ. അല്ലാത്തപക്ഷം, നമ്മുടെ സംശയം പാപകരമായിത്തീരും.

കിണറ്റുകരയിൽവച്ചു യാക്കോബു റാഹേലിനെ ചുംബിക്കുന്നതോ, വിദേശിയായ ഏലിയാസറിന്റെ പക്കൽ നിന്നു റബേക്കാ ആഭരണങ്ങളും മറ്റും സ്വീകരിക്കുന്നതോ, ഒരു ദോഷൈകദൃക്കിന്റെ ദൃഷ്ടിയിൽപ്പെട്ടിരുന്നുവെങ്കിൽ, ചാരിത്രത്തിന്റെ പരിരക്ഷകർതന്നെയായ ഈ യുവതികളെപ്പറ്റി അയാൾ അന്യഥാ വിചാരിക്കുമായിരുന്നു. പക്ഷേ, ഇയാളുടെ വിചാരം സാഹസികവും യുക്തിരഹിതവുമായിരിക്കുമെന്നതും വിശദമാണല്ലോ. ഗുണമോ ദോഷമോ അല്ലാത്ത ഒരു പ്രവൃത്തിയിൽനിന്നു തിന്മയായ അനുമാനം സ്വീകരിക്കുന്നതു് അവിവേകമാണെ

ന്നുള്ളതത്രേ ഇതിന്റെ കാരണം. എങ്കിലും, വിവിധങ്ങളായ പരിതഃസ്ഥിതികളും നിന്റെ അനുമാനത്തെ അനുകൂലിക്കുന്നുവെങ്കിൽ ആ അനുമാനം ആശാസ്യമായേക്കാം. ഒരൊറ്റ പ്രവൃത്തിയെമാത്രം കാരണമാക്കി ഒരുവനിൽ പ്രസ്തുത പ്രവൃത്തിയുടെ തഴക്കം ആരോപിക്കുന്നതും അന്യായവിധിതന്നെയാണ്. ഇതിനെപ്പറ്റി അടുത്ത അദ്ധ്യായത്തിൽ പ്രസ്താവിച്ചുകൊള്ളാം. തങ്ങളുടെ അന്തഃകരണത്തെ ശ്രദ്ധയോടെ പരിശോധിക്കുന്നവർ സാധാരണ സാഹസികവിധി ചെയ്യാറില്ല. കാർമേഘമോ മഞ്ഞോ ഉള്ളപ്പോൾ തേനീച്ചകൾ പുറത്തിറങ്ങി സഞ്ചരിക്കയില്ലല്ലോ. ആ അവസരങ്ങളിൽ, കൂട്ടിൽത്തന്നെയിരുന്നു തേനും മറ്റും ശരിപ്പെടുത്തുകയത്രേ അവ ചെയ്യുന്നതു്. ഇതുപോലെ തന്റെ സഹോദരന്റെ പ്രവൃത്തിയിലുള്ള അസ്പഷ്ടമായ കാര്യങ്ങളെ അന്വേഷിച്ചു കണ്ടുപിടിക്കുന്നതിനു് ഒരു കേമൻ ശ്രമിക്കുന്നില്ല. ഇതിനുപകരം, സ്വഹൃദയത്തിലേയ്ക്കു തിരിഞ്ഞു തന്റെ കുറവുകളെ പരിഹരിക്കുന്നതിനായി താൻ ചെയ്തിട്ടുള്ള പ്രതിജ്ഞകളെ പരിശോധിച്ചു് അവയെ ക്രമപ്പെടുത്തുകയാണു് അയാൾ ചെയ്യുന്നതു്.

മറുള്ളവരുടെ ജീവിതത്തെ വിമർശനംചെയ്തു് ആനന്ദമനുഭവിക്കുക എന്നതു് അലസന്മാരുടെ പ്രത്യേകലക്ഷണമാണു്. എന്നാൽ, ആത്മീയോപദേഷ്ടാക്കൾ, കുടുംബനേതാക്കന്മാർ, ന്യായാധിപന്മാർ തുടങ്ങിയ അധികൃതന്മാരെ ഞാൻ ഇവിടെ വിവക്ഷിക്കുന്നില്ല. തങ്ങളുടെ അധികാരസീമയിൽപ്പെട്ടവരുടെ ജീവിതത്തെ പരിശോധിച്ചു നിയന്ത്രിക്കേണ്ടതു് അവരുടെ കർത്തവ്യംതന്നെ. പക്ഷേ, ആർദ്രതയോടും പരസ്നേഹത്തോടുംകൂടെ തങ്ങളുടെ കടമകളെ അവർ നിർവ്വഹിക്കണം. ഇവരും, തങ്ങളെത്തന്നെ പരിശോധിക്കുകയും വിധിക്കുകയും ചെയ്യുന്നതിൽ അനാസ്ഥ പ്രദർശിപ്പിക്കരുതു്.

ഇരുപത്തൊമ്പതാം അധ്യായം

പരദൂഷണം

മനഃക്ഷോഭം, അയല്ക്കാരോടുള്ള അവജ്ഞ, അഹങ്കാരം, സ്വാർത്ഥതൽപരത മുതലായ അനേകം തിന്മകളെ ഉളവാക്കുന്ന ഒന്നാണ സാഹസികവിധി. എന്നാൽ, ഇതിന്റെ ദോഷങ്ങളിൽ ഏറ്റവും പ്രധാനമായതു്, സമൂഹത്തിലേ ഒരു മഹാമാരിയായ പരദൂഷണമാണു്. ഏശയ്യാ ദീർഘദർശിയുടെ അധരങ്ങളെ ഒരു മാലാഖാ നിർമ്മലമാക്കിയതുപോലെ, ഇവരുടെ ദുഷ്ടതയെ വിദൂരമാക്കി, പാപമാലിന്യത്തെ മായിച്ചുകളയുവാൻവേണ്ടി ഇവരുടെ അധരങ്ങളെ ശുദ്ധമാക്കുന്നതിനു ദൈവത്തിന്റെ ബലിപീഠത്തിൽ ഉജ്ജ്വലിച്ചുകൊണ്ടിരിക്കുന്ന ഒരു തീക്കട്ട എനിക്കു ലഭിച്ചിരുന്നുവെങ്കിൽ! ഏഷണിയിൽനിന്നു ലോകത്തെ വിമുക്തമാക്കുന്നവൻ അതിനെ അനേകം പാപങ്ങളിൽനിന്നു സ്വതന്ത്രമാക്കുകയത്രേ ചെയ്യുന്നതു്.

അന്യരുടെ സൽകീർത്തിക്കു ഭംഗംവരുത്തുന്നവൻ പാപം ചെയ്യുന്നു. അതിനാൽ, പാപത്തിന്റെ കാഠിന്യമനുസരിച്ചു് അപകീർത്തിക്കു പരിഹാരം ചെയ്യുന്നതിനു് അയാൾ കടപ്പെട്ടവനാണു്. കാരണം, അന്യന്റെ ധനത്തോടുകൂടെ സ്വർഗ്ഗത്തിൽ പ്രവേശിക്കുക സാധ്യമല്ല എന്നതുതന്നെ. പ്രാപഞ്ചികധനത്തിൽവച്ചു് ഏറ്റവും ശ്രേഷ്ഠം സൽകീർത്തിയാണു്. ഒരുവിധത്തിൽപ്പറഞ്ഞാൽ ദുഷ്പ്രവാദം ഒരു പാതകമാകുന്നു. ഒരുവനു മൂന്നുതരത്തിലുള്ള ജീവനുണ്ടു്. പ്രസാദവരത്തിൽ സ്ഥിതിചെയ്യുന്ന ആത്മീയജീവനാണു് ആദ്യത്തേതു്. രണ്ടാമത്തേതു ശാരീരികജീവൻ. ഇതു് ആത്മീയജീവനെ ആശ്രയിച്ചിരിക്കുന്നു. മൂന്നാമത്തേതാകട്ടെ, സൽകീർത്തിയിൽ അധിഷ്ഠിതമായ സാമൂഹ്യികജീവൻതന്നെ. അ

ഭ്യംപറഞ്ഞ ജീവനെ പാപവും, രണ്ടാമത്തേതിനെ മരണവും മൂന്നാമത്തേതിനെ ദുഷ്പ്രവാദവും ഹനിക്കുന്നു. ഇക്കാരണത്താലാണ് ഇതു് ഒരു മഹാപാതകമാണെന്നു ഞാൻ അഭിപ്രായപ്പെട്ടതു്. ഒരു ദുഷ്പ്രവാദി തന്റെ നാവുകൊണ്ടു് ഒരേസമയത്തു മൂന്നവധം നടത്തുന്നുണ്ടു്. തന്റേയും തന്റെ ശ്രോതാവിന്റേയും ആത്മാവിനെ അയാൾ നശിപ്പിക്കുന്നു; ക്ലേശമെതെ അവമാനിക്കപ്പെട്ടവന്റെ സാമൂഹ്യജീവനേയും അയാൾ മൃതിപ്പെടുത്തുന്നു. എന്തുകൊണ്ടെന്നാൽ, വി. ഛർണ്ണാർദ്ദു പ്രസ്താവിക്കുന്നതുപോലെ, പരദൂഷണം ചെയ്യുന്നവനിലും അവനെ സസന്തോഷം ശ്രവിക്കുന്നവനിലും ദുഷ്ടാത്മാവു കൂടി വസിക്കുന്നുണ്ടു്. ഒരുവന്റെ നാവിലും അപരന്റെ കണ്ണുകളിലുമാണ് ഈ ശത്രുക്കൾ വാസമുറപ്പിച്ചിരിക്കുന്നതു്. "ക്രൂരസർപ്പത്തെപ്പോലെ ഇവർ തങ്ങളുടെ നാവിനെ മൂർച്ചയുള്ളതാക്കി" എന്നു ദാവീദു പ്രസ്താവിക്കുന്നതു് ഇവരെക്കുറിച്ചല്ലയോ? അരിസ്റ്റോട്ടൽ പറയുന്നതുപോലെ, പാമ്പിന്റെ നാവു് ഇരുമുനയുള്ളതാണു്. ദുഷ്പ്രവാദിയുടെ നാവും ഇങ്ങനെതന്നെ. അയാൾ ഒരേസമയത്തു ശ്രോതാവിന്റെ ഹൃദയത്തേയും സംസാരവിഷയമായ അയല്പക്കാരന്റെ സൽകീർത്തിയേയും വിഷപൂർണ്ണമാക്കുന്നു.

അതിനാൽ, പരോക്ഷമായിട്ടുപോലും ആരുടേയും യശ്ശസ്സിനു ഭംഗംവരുത്തിക്കൂടാ. മറ്റുള്ളവരുടെമേൽ അപരാധങ്ങളും പാപങ്ങളും അന്യായമായി ചുമത്താതിരിപ്പാൻ സൂക്ഷിക്കേണ്ടതുമാണു്. രഹസ്യപാപങ്ങളെ പരസ്യമാക്കുക, പരസ്യമായവയെ അതിവർണ്ണനംചെയ്യുക, സൽപ്രവൃത്തിയെ ദുർവ്യാഖ്യാനിക്കുക, അപരനിലുള്ള നന്മകളെ നിഷേധിക്കുക, നികൃഷ്ടമായ ഉദ്ദേശ്യത്തോടുകൂടി അന്യന്റെ നന്മകളെ ഗണ്യമാക്കാതിരിക്കുക, ഈ നന്മകളെ ലഘൂകരിക്കുക മുതലായ പ്രവൃത്തികളും സർവ്വഥാ പരിവർജ്ജ്യങ്ങളാണു്. എന്തുകൊണ്ടെന്നാൽ, താഡശപ്രവൃത്തികളുംമൂലം നാം ദൈവത്തെ

മോഹിക്കുകയാകുന്നു ചെയ്യുന്നതു്. സർവ്വോപരി, അന്യനിൽ അന്യായമായി കുറ്റം ആരോപിക്കുകയോ, അയാൾക്കു് ഉപദ്രവം വരുവാൻ സത്യത്തെ നിഷേധിക്കുകയോ ചെയ്യുന്നതും നിഷ്ഠിദ്ധംതന്നെ. ഏതാദൃശസന്ദർഭങ്ങളിൽ, നീ ഒരേസമയത്തു രണ്ടുപാപം ചെയ്യുന്നു; പരദ്രോഹവും അസത്യകഥനവും.

അയല്പക്കാരനോടുള്ള സ്നേഹവും ബഹുമാനവും നിമിത്തം എന്ന ഭാവേന ചെയ്യുന്ന പരദൂഷണമാണു് ഏറ്റവും ഭയങ്കരം. "ഞാൻ അയാളെ പരമാർത്ഥത്തിൽ സ്നേഹിക്കുന്നു. എല്ലാക്കാര്യത്തിലും അയാൾ ബഹുമാന്യൻതന്നെ. എങ്കിലും, സത്യം പറയാതെ തരമില്ലല്ലോ. അതിനികൃഷ്ടമായ ഈ കൃത്യം ചെയ്യുതിൽ അയാൾ തെറ്റിപ്പോയെന്നു സമ്മതിക്കുകതന്നെ വേണം." അല്ലെങ്കിൽ, "അവൾ വാസ്തവത്തിൽ വളരെ ഉൽകൃഷ്ടയാണു്. ഈ നീചകൃത്യം അവൾ ചെയ്തതിൽ ഞാൻ വിസ്മയിക്കുന്നു." എന്നിങ്ങനെയുള്ള മുഖവുരയോടുകൂടെയാണു് ഇവർ സംഭാഷണം ആരംഭിക്കുന്നതു്. കണ്ടാലും ഇവരുടെ തന്ത്രം! ഒരു വില്ലാളി അമ്പിനെ കഴിയുന്നിടത്തോളം തന്നിലേക്കു വലിച്ചുടപ്പിക്കുന്നു. അതു് അതിശക്തിയോടെ പാഞ്ഞു് ഉന്നത്തിൽക്കൊള്ളുന്നതിനാണു് അവൻ ഇങ്ങനെ ചെയ്യുന്നതു്. ഇപ്രകാരം, പരദൂഷണാസ്ത്രത്തെ പുറത്തുവിടാതെ തങ്ങളിൽത്തന്നെ സൂക്ഷിക്കുന്നതിനു ശ്രമിക്കുന്നതായി മുകളിൽപ്പറഞ്ഞ ദുഷ്പ്രവാദികളും നടിക്കുന്നു. എന്നാൽ, പ്രസ്തുത ശരത്തെ കൂടുതൽ ശക്തിയോടെ ശ്രോതാവിന്റെ കണ്ണുപുടങ്ങളിലേയ്ക്കയയ്ക്കുന്നതിനാണു് ഇവർ ഈവിധം പ്രവർത്തിക്കുന്നതു്.

ഫലിതോക്തികളുടെ വേഷം ധരിച്ചുകൊണ്ടുള്ള പരദൂഷണം വളരെ ക്രൂരംതന്നെ. 'ഫ്ലെംലോക്ക്' എന്ന ചെടിയുടെ വിഷം പ്രകൃത്യാ വളരെ ശക്തിയുള്ളതല്ല. ഇതിനെ നിഷ്പ്രയാസം പരിഹരിക്കുന്നതിനു സാധിക്കും. എന്നാൽ, ഈ വിഷം വീഞ്ഞിൽക്കലർത്തി ഉപയോഗിക്കുന്നപക്ഷം അ

തു വളരെ ശക്തിയുള്ളതായിത്തീരുന്നു. ഇതിനു പ്രതിവിധി യില്ലതാനും. ഇതുപോലെ, ഒരു ചെവിയിൽക്കൂടെ പ്രവേശി ച്ചു മറേറതിൽക്കൂടെ പുറത്തുപോകുന്ന അപവാദം ഫലിതോ ക്തികൾ കലർത്തി പ്രയോഗിക്കുന്നപക്ഷം, അതു് അപൽക രമാംവണ്ണം ശ്രോതാവിൽ സ്ഥിതിചെയ്യുന്നതാണ്. 'ആ സ്പ്' എന്ന സപ്പുത്തിൻറെതുപോലുള്ള വിഷം ഇവരുടെ നാവിൽ ഉണ്ടെന്നത്രേ ടാവീടുടീർഘടർശിയുടെ അഭിപ്രായം. ഈ പാമ്പു കടിക്കുന്നതു നാം അറിയുന്നില്ല. കടിച്ച സ്ഥല ത്തു സുഖകരമായ ഒരു ചൊറിച്ചിൽ ആദ്യമായി ഉണ്ടാകുന്നു. ഇതോടുകൂടെ ഹൃദയവും മറവു് ആന്തരികാവയവങ്ങളും വിക സിക്കുകയും തളരുകയും, വിഷം പെട്ടെന്നു സർവ്വത്ര വ്യാപിക്കു കയും ചെയ്യുന്നു. ഈ വിഷത്തിൽനിന്നു സുഖം പ്രാപിക്കുക അസാധ്യംതന്നെ.

ഒരു പ്രാവശ്യം മദ്യപിച്ചതുകൊണ്ടോ വ്യഭിചാരം ചെ യ്തതുകൊണ്ടോ ഒരാൾ മദ്യപാനിയെന്നോ വ്യഭിചാരിയെ ന്നോ പറയാവുന്നതല്ല. എന്തുകൊണ്ടെന്നാൽ, ഒരു പ്രവൃത്തി കൊണ്ടുമാത്രം ഒരാളുടെ സ്വഭാവത്തെ നിർണ്ണയിക്കുവാൻ പ ടുള്ളതല്ല. ജോഷ്വായുടെ സഹായകമായി ഒരിക്കൽ സൂര്യൻ നിശ്ചലനായി. ടിവ്യരക്ഷകൻറെ മരണവേളയിൽ സൂര്യൻ ഇരുണ്ടുപോയി. എന്നാൽ, ഇതുകൊണ്ടു സൂര്യൻ നിശ്ചലനെ ന്നോ പ്രകാശരഹിതനെന്നോ ആരെങ്കിലും വാദിക്കുമോ? ഒരി ക്കൽമാത്രം മദ്യപാനംചെയ്ത നോഹയെ മദ്യപാനിയെന്നു് ആരും വിളിക്കുന്നില്ല. ലോത്തു് ഒരു പ്രാവശ്യം വ്യഭിചാരം ചെയ്തതുകൊണ്ടു് അയാൾ വ്യഭിചാരിയായിത്തീർന്നില്ല. ഒരി ക്കൽ വി. പത്രോസ് തൻറെ ശത്രുവിനെ മുറിവേൽപ്പിച്ചു; മറെറാരിക്കൽ അദ്ദേഹം ദൈവദൂഷണം പറഞ്ഞു. എന്നാൽ, അദ്ദേഹം ഒരു ഘാതകനോ ദൈവദൂഷകനോ ആയിരുന്നില്ല. സൽകൃത്യമോ ദുഷ്കൃത്യമോ പലപ്രാവശ്യം ചെയ്തു ഒരു തഴ ക്കമുണ്ടാകുമ്പോഴാണു ശിഷ്ടനെന്നോ ദുഷ്ടനെന്നോ ഉള്ള

പേരു് ഒരുവനു ലഭിക്കുന്നതു്. ഒരാൾ ഒരു പ്രാവശ്യം കോപിക്കുകയോ മോഷ്ടിക്കുകയോ ചെയ്യുവെങ്കിൽ അയാളെ കോപിഷ്ടനെന്നും മോഷ്ടാവെന്നും വിളിക്കുന്നതു് ഒരനീതിയാണു്. ദീർഘകാലം ഒരാൾ ദുർവൃത്തനായിരുന്നുവെങ്കിൽത്തന്നെയും, ഇപ്പോൾ അയാളെ അങ്ങനെ വിളിക്കുന്ന പക്ഷം, അതു ചിലപ്പോൾ തെറ്റായേക്കാം. കുഷ്ഠരോഗിയായ സീമോൻ, മറിയം മഗ്ദലേനായെ 'പാപിനി'യെന്നു വിളിച്ചു. കുറെക്കാലം മുൻപു് അവൾ ഒരു പാപിനിതന്നെയായിരുന്നു. എന്നാൽ, ഇപ്പോഴത്തെ അയാളുടെ പ്രസ്താവം യഥാർത്ഥമായിരുന്നില്ല. എന്തുകൊണ്ടെന്നാൽ, അവൾ ഇപ്പോൾ ഏറ്റം വിശുദ്ധയായ ഒരു അനുതാപിനിയത്രേ. തന്മൂലം, ദിവ്യരക്ഷകൻതന്നെ അവൾക്കുവേണ്ടി വാദം ചെയ്യുകയുണ്ടായി. ദൈവാലയത്തിൽ പ്രാർത്ഥിപ്പാൻ പ്രവേശിച്ച ചുങ്കക്കാരൻ ഒരു സാമാന്യപാപിമാത്രമല്ല, വ്യഭിചാരിയും കവർച്ചക്കാരനും അനീതിമാനും അയ ഒരു മഹാദുഷ്ടനുമാണെന്നു ദാംഭികനായ ആ പരിസേയൻ വിചാരിച്ചിരിക്കണം. എന്നാൽ, യാഥാർത്ഥ്യം അങ്ങനെയായിരുന്നില്ല. കാരണം, ആ മാത്രയിൽത്തന്നെ ചുങ്കക്കാരൻ നീതീകരിക്കപ്പെട്ട എന്നതുതന്നെ. ഏകനിമിഷംകൊണ്ടു പാപപ്പൊറുതിയും അനുഗ്രഹവും ലഭിക്കത്തക്കവണ്ണം ദൈവകാരുണ്യം അത്ര വലുതായിരിക്കെ ഇന്നലത്തെ പാപി ഇന്നു് ഒരു വിശുദ്ധനല്ലെന്നു് എങ്ങനെ നാം പ്രസ്താവിക്കും? ഇന്നലത്തെ ദിവസം ഇന്നത്തേതിനേയും ഇന്നത്തെ ദിനം ഇന്നലത്തേതിനേയും വിധിച്ചുകൂടാ.

പരദൂഷണത്തെ അതിശ്രദ്ധയോടെ പരിത്യജിക്കുന്നതിനും പുറമേ, മറ്റുള്ളവരുടെ തിന്മയെ നന്മയായി സംസാരിക്കുകയും അനുകൂലിക്കുകയും ചെയ്യുന്ന ചിലരുണ്ടു്. പരദൂഷണംപോലെതന്നെ, അന്യരുടെ തിന്മയെ പ്രശംസിക്കുന്നതും നിഷിദ്ധമാണു്. പരദൂഷണംചെയ്യുന്ന ഒരുവൻ നിഷ്കപടനാ

ണെന്നു നീ ഒരിക്കലും പ്രസ്താവിക്കരുതു്. അനാശാസ്യമാംവിധം മോടിയായി നടക്കുന്നവരെ സദാചാരമുള്ളവരും ഉദാരമനസ്കരുമായി കരുതുന്നതു വിഹിതമല്ല. നാശകരമായ മമതയെ, നിർമ്മലവും നിരുപദ്രവകരവുമായ സ്വാതന്ത്ര്യമെന്നു വിചാരിക്കുവാൻ പാടില്ല. അനുസരണമില്ലായ്മയെ തീക്ഷ്ണതയെന്നും, അഹങ്കാരത്തെ നിഷ്കാപട്യമെന്നും നാമകരണംചെയ്യുകവിഡ്ഡിത്തമല്ലയോ? ചുരുക്കിപ്പറഞ്ഞാൽ, പരദൂഷണത്തെ പരിത്യജിക്കാൻവേണ്ടി, പാപത്തെ അനുകൂലിക്കുകയോ, പ്രശംസിക്കുകയോ, പ്രേരിപ്പിക്കുകയോ ചെയ്യരുതു്. തിന്മയെങ്കിൽ, അതു തിന്മയാണെന്നു സ്വതന്ത്രമായും നിഷ്കപടമായും പ്രസ്താവിക്കുക. അപരാധകരെ കുറ്റപ്പെടുത്തുന്നതിൽ സംശയിക്കയേ വേണ്ട. എന്തുകൊണ്ടെന്നാൽ, ഇങ്ങനെ ചെയ്യുമ്പോൾ നാം ദൈവത്തെ മഹത്വപ്പെടുത്തുകയാകുന്നു ചെയ്യുന്നതു്. ഇക്കാര്യത്തിൽ ചില നിബന്ധനകൾ പാലിക്കണമെന്നേ ഉള്ളൂ.

ആരുടെയെങ്കിലും കുറ്റത്തെ വിമർശിക്കുമ്പോൾ ശ്രോതാവിന്റേയോ അപരാധകന്റേയോ പ്രയോജനമായിരിക്കണം നിന്റെ പ്രധാനമായ ഉദ്ദേശ്യം. ഉദാഹരണമായി, ചില യുവതീയുവാക്കന്മാരുടെ അനാശാസ്യമായ മമതാപ്രകടനങ്ങളെക്കുറിച്ചോ, വിഷയാസക്തിയെ ഉദ്ദീപിപ്പിക്കുന്ന അവരുടെ സംഭാഷണത്തെക്കുറിച്ചോ നിഷ്കളങ്കരായ ബാലന്മാരുടെ അട്ടക്കൽവച്ചു നിന്നോട് ആരെങ്കിലും സംസാരിക്കുന്നുവെന്നിരിക്കട്ടെ. പ്രസ്തുത യുവതീയുവാക്കന്മാരുടെ പ്രവൃത്തികളും സംഭാഷണങ്ങളും അപലപ്യമാണെന്നുള്ളതിൽ സന്ദേഹമില്ല. അതിനാൽ, അവരുടെ പ്രവൃത്തികളെ ന്യായവൽകരിക്കുവാൻ ശ്രമിക്കാതെ അവരെ അപ്പോൾത്തന്നെ കുറ്റപ്പെടുത്തേണ്ടതാണു്. എന്തുകൊണ്ടെന്നാൽ, അവരെ കുറ്റപ്പെടുത്താതിരുന്നാൽ, അവ നിഷ്പ്രയോജനങ്ങളാണെന്നു് ആ ബാലന്മാർ ഗ്രഹിക്കാതിരിക്കുന്നതിനും തരപ്രകാരം, സൗകര്യം ല

ഭിക്ഷുക്കൾ ഈ അനാശാസ്യപ്രവൃത്തികളും അവർ ചെയ്യുന്നതിനും ഇടയുണ്ട്. തന്നിമിത്തം, ആ ബാലകരുടെ ഭാവിനന്മയ്ക്കു് അനുപേക്ഷണീയമാകുന്നു നിന്റെ ശാസനം. പക്ഷേ, മറ്റൊരവസരത്തിലായാൽ കുറക്കാർക്കു കുറച്ചുമാത്രമേ വിഷമം ഉളവാകയുള്ളു എന്നും, ശ്രോതാക്കൾക്കു കൂടുതൽ പ്രയോജനകരമായവിധം ശാസിക്കുവാൻ നിനക്കു സാധിക്കുന്നതാണെന്നും കാണുന്നുവെങ്കിൽ നിന്റെ കർത്തവ്യത്തെ അന്നത്തേയ്ക്കു മാറ്റുന്നതിൽ വിരോധമില്ല.

കുറവുകൾ ശാസിക്കുന്നതിനു കടമയോ അവകാശമോ ഉള്ളപ്പോൾമാത്രം നീ അങ്ങനെ ചെയ്താൽ മതി. ഉദാഹരണമായി, നിനക്കു പ്രാമാണ്യമുള്ള ഒരു സമൂഹത്തിൽവച്ചു തിന്മയെക്കുറിച്ചു നീ മൗനം ഭീക്ഷിക്കുന്നുവെങ്കിൽ അതിനെ നീ ആദരിക്കുന്നതായി മറ്റുള്ളവർ വിചാരിക്കാവുന്നതാണു്. എന്നാൽ, നിനക്കു ഗണനീയമായ സ്ഥാനമില്ലാത്തിടത്തു തെറ്റു തിരുത്തുവാൻ ഒരുമ്പെട്ടതും യുക്തമല്ല.


കുറവു് ആരോപിക്കുന്നതിൽ നീതി പാലിക്കുന്നതിനു നീ വളരെ നിഷ്കർഷമുള്ളവനായിരിക്കണം. സംഭവിച്ചതിൽക്കൂട്ടലായി യാതൊന്നും പ്രസ്താവിക്കരുതു്. ഉദാഹരണമായി, ഒരു യുവതിയും യുവാവും തമ്മിലുള്ള അപൽക്കരവും അവിവേകപൂർവ്വകവുമായ സ്വതന്ത്രസംസർഗ്ഗത്തെ നീ കുറപ്പെടുത്തുന്നുവെന്നിരിക്കട്ടെ. അതിനെ ഒരിക്കലും അതിവർണ്ണനം ചെയ്യരുതു്. ഒരു തലമുടിനാരോളംപോലും അന്തരം വിടാതെ നിന്റെ സംസാരം അതുകൾക്കു് അനുരൂപമായിരിക്കണം. വെറും ഒരു ഊഹം മാത്രമേ ഉള്ളുവെങ്കിൽ അക്കാര്യംമാത്രം പ്രസ്താവിക്കുക. അല്പം അവിവേകപൂർവ്വം അതെങ്കിലും പ്രവർത്തിച്ചുവെങ്കിൽ അതു മാത്രമായിരിക്കട്ടെ നിന്റെ പ്രസ്താവം. ഒരു ദോഷൈകദൃക്കിന്റെ വിമർശനത്തിനു പാത്രമായേക്കാവുന്ന പ്രവൃത്തികളെക്കുറിച്ചു് അന്യരെ ശാസിക്കണമെന്നില്ല. ശാസിക്കുന്നുവെങ്കിൽത്തന്നെയും അതു യഥാർത്ഥസംഭവത്തെക്കു

റിച്ചു മാത്രമായിരിക്കട്ടെ. മാംസപേശിയുടേയും ഞരമ്പുകളുടേയും ഇടയിൽ ശസ്ത്രക്രിയ നടത്തുന്നതിനുദ്യമിക്കുന്ന ഒരു ശിക്ഷാപരൻ തന്റെ കരുക്കളെ വളരെ സൂക്ഷ്മത്തോടെ ഉപയോഗിക്കേണ്ടതല്ലയൊ? ഇതുപോലെ, അന്യരെപ്പറ്റി സംസാരിക്കുമ്പോൾ നിന്റെ നാവിനെ വേണ്ടത്ര ശ്രദ്ധയോടെ നിയന്ത്രിക്കണം. അല്പമെങ്കിലും ക്ലേശകരമായ കുറ്റകൃത്യം ചെയ്യരുത്. സത്യംമാത്രം പ്രസ്താവിക്കുക. മാത്രമല്ല, അപരാധകനെ കുറ്റപ്പെടുത്തുമ്പോൾ കഴിയുന്നിടത്തോളം കരുണയോടെ വർത്തിക്കേണ്ടിയിരിക്കുന്നു.

കുപ്രസിദ്ധരായ പാപികളെക്കുറിച്ചു സ്വതന്ത്രമായി സംസാരിക്കാവുന്നതാണ്. എങ്കിലും, അനുകമ്പയും ഉപവിയും നിന്റെ സംസാരത്തിൽ സദാ പ്രകാശിക്കട്ടെ. അപ്പോൾ, ധിക്കാരമോ അഹങ്കാരമോ നിന്നിൽ ഉണ്ടാകാതെ സൂക്ഷിക്കുന്നതിനു നിനക്കു കഴിയും. അന്യന്റെ ദോഷത്തിൽ സന്തോഷിക്കുന്നതു് ഒരിക്കലും വിഹിതമല്ല. ഇതു് അധർമ്മവും നികൃഷ്ടവുമായ മനഃസ്ഥിതിയുടെ ഉത്തമലക്ഷണമാണ്. ദൈവത്തിന്റെയും തിരുസ്സഭയുടെയും ജന്മശത്രുക്കളായ മതവിദ്വേഷികളെയും പാഷണ്ഡികളേയും ഞാനിവിടെ വിവക്ഷിക്കുന്നില്ല. അജ്ഞാട്ടത്തിലേയ്ക്കു ചെന്നായ് വരുമ്പോൾ അക്കായ്ക്കു വിളിച്ചു പറയുന്നതിനു് ഉപവി നമ്മെ നിർബന്ധിക്കുന്നതുപോലെ, മേൽപ്രസ്താവിച്ചവരുടെ തെറ്റുകളെ പരസ്യമാക്കുക അവശ്യകമത്രേ. അതു് ഒരു പരസ്നേഹപ്രവൃത്തിയുമായിരിക്കും.

പൂർണ്ണസ്വാതന്ത്ര്യമുണ്ടെന്നു മാവേന ഹിതാനുസരണം രാജാവിനെ കുറ്റപ്പെടുത്തുകയും അദ്ദേഹത്തിന്റെ പ്രവൃത്തികളെ അവിവേകപൂർവ്വം വിമർശിച്ചുകൊണ്ടു് അദ്ദേഹത്തേയും രാഷ്ട്രം മുഴുവനേയും അവഹേളിക്കുകയും ചെയ്യുന്നതു് ഒട്ടും ആശാസ്യമല്ല. ദൈവത്തെ ഇതു് അതിമാത്രം അസന്തുഷ്ടനാക്കുന്നു. ഒരുവൻ അപരനെ കുറ്റപ്പെടുത്തുമ്പോൾ, പ്രസ്തുത

ദോഷാരോപണത്തിന്റെ അടിസ്ഥാനം സംശയഗ്രസ്തമാണ് എന്നെങ്കിലും പ്രസ്താവിക്കട്ടെ; അഥവാ, അപരാധകന്റെ ഉദ്ദേശ്യശുദ്ധിയെ വാദിക്കുക. ഇങ്ങനെ ചെയ്യാൻ നീതി നിന്നെ അനുവദിക്കുന്നില്ലെങ്കിൽ, കുറക്കാരനോട് അനുകമ്പ പ്രദർശിപ്പിച്ചുകൊണ്ടു വിഷയം മാറുകയാണുത്തമം. പരദൂഷണമാകുന്ന പാപത്തിൽ നിപതിക്കാത്തവർ ദൈവത്തിനു സവിശേഷമായവിധം കൃതജ്ഞത പ്രകാശിപ്പിക്കട്ടെ. ദൈവത്തിന്റെ വിശേഷമായ അനുഗ്രഹമല്ലയോ ഈ പാപഗർത്തത്തിൽ നിപതിക്കാതെ ഇവരെ സൂക്ഷിച്ചതു? പരദൂഷണം ചെയ്യുന്നവന്റെ അപരാധത്തെ അയാൾക്കു മനസ്സിലാക്കിക്കൊടുക്കുന്നതുതന്നെ ഒരു പരസ്നേഹപ്രവൃത്തിയാകുന്നു. അപകീർത്തിക്കു പാത്രീഭൂതനായവന്റെ ഗുണങ്ങളെ പ്രശംസിക്കുന്നതും ഉത്തമംതന്നെ.



മുപ്പതാം അധ്യായം

സംഭാഷണത്തെക്കുറിച്ചു കൂടുതൽ നിർദ്ദേശങ്ങൾ

നിന്റെ സംഭാഷണത്തിൽ നിഷ്കാപട്യം, ശാന്തത, പരമാർത്ഥത, വിശ്വസ്തത എന്നീ ഗുണങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. വഞ്ചനയും തന്ത്രവും കാപട്യവും നീ നിശ്ശേഷം പരിത്യജിക്കുക. സത്യം മുഴുവനും വെളിപ്പെടുത്തുന്നതു് എല്ലായ്പോഴും വിഹിതമല്ലെങ്കിലും അസത്യഭാഷണം സർവ്വഥാ നിഷിദ്ധം തന്നെ. കുറ്റത്തിൽനിന്നൊഴിയുന്നതിനോ വിനോദത്തിനായിട്ടോ മറ്റേതെങ്കിലും കാര്യത്തിനുവേണ്ടിയോ ആയാലും ഒരിക്കലും അസത്യം പറയരുതു്. ഇതിനുള്ള പ്രലോഭനമുണ്ടാകുമ്പോൾ ദൈവം സത്യസന്ധനാണെന്നു ചിന്ത നിന്നെ ധീരനാക്കട്ടെ. അവിചാരിതമായി വല്ലപ്പോഴും കളവു പറഞ്ഞുപോയെങ്കിൽ ഉടൻ അതു പരിഹരിക്കുക.

സംഭാഷണത്തിൽ എന്തെങ്കിലും ഉപായം പ്രയോഗിച്ചു സത്യത്തെ വിവേകപൂർവ്വം ഗോപനം ചെയ്യാവുന്നതാണ്. എന്നാൽ, ദൈവമഹത്വത്തിനും ദൈവസേവനത്തിനും ഇതു് അവശ്യമുണ്ടെങ്കിൽ മാത്രമേ ഇങ്ങനെ ചെയ്യാവൂ. മാത്രമല്ല, ഇങ്ങനെ ചെയ്യുന്നതു വൻകാര്യങ്ങളിലായിരിക്കയും വേണം. മറ്റുള്ള അവസരങ്ങളിൽ തന്ത്രം ഉപയോഗിക്കുന്നതു് ആപൽകരമത്രേ. കാരണം, വക്രതയുള്ള ആത്മാവിൽ പരിശുദ്ധാത്മാവു വസിക്കുന്നതല്ല എന്നതത്രേ. നിഷ്കാപട്യത്തോളം അഭിലഷണീയവും വിശിഷ്ടവുമായ തന്ത്രം മറ്റൊന്നുമില്ല. ലൗകികമായ തന്ത്രവും മാനുഷികമായ കൗശലവും ലോകത്തിനേറെതാണ്. ദൈവസന്താനങ്ങളുടെ സഞ്ചാരമാകട്ടെ, നേരേയുള്ള മാർഗ്ഗത്തിലൂടെയാകുന്നു. അവർ നിഷ്കളങ്കഹൃദയരായിരിക്കും. "നിഷ്കപടമായ വിശ്വസ്തതയോടെ അവർ വ്യാപരിക്കുന്നു" എന്നാണു ദിവ്യഗ്രന്ഥത്തിലേ ബുദ്ധിമാൻ പ്രസ്താവിക്കുന്നതു്. അസത്യകഥനം, വഞ്ചന, കാപട്യം മുതലായവ ദുർബലമായ മനഃസ്ഥിതിയെ സൂചിപ്പിക്കുന്നു.

"തനിക്കും തന്റെ സ്നേഹിതനുംകൂടെ ഒരാത്മാവുമാത്രമേ ഉള്ളൂ" എന്നു വി. അഗുസ്തീനോസ് പ്രസ്താവിക്കുന്നു. തന്റെ അദ്ധാത്മാവായ സ്നേഹിതനെക്കൂടാതെ ജീവിക്കുക അദ്ദേഹത്തിനു വളരെ വിഷമമായിരുന്നുവത്രേ. തൻനിമിത്തം, തന്റെ പ്രാണസ്നേഹിതന്റെ നിര്യാണാനന്തരം ജീവിതംതന്നെയും വി. അഗുസ്തീനോസിനു ക്ലേശകരമായിത്തോന്നിയിരുന്നു. എങ്കിലും, മരണം കൈവരിക്കുന്നതിനും തദ്വാരാ സ്നേഹിതനെ പൂർണ്ണമായി നിര്യാതനാക്കുന്നതിനും അക്കാരണത്താൽത്തന്നെ താൻ ധൈര്യപ്പെട്ടിരുന്നുവെന്നാണു് അദ്ദേഹം തുടർന്നു പറയുന്നതു്. എന്നാൽ, അനന്തരകാലത്തു്, തന്റെ ഈ വിചാരപരമ്പരകളും കൃത്രിമവും കാപട്യപൂർണ്ണവുമാണെന്നു് അദ്ദേഹത്തിനു തോന്നി. തൻമൂലം, മുഢപ്രസ്താവങ്ങളെന്നു പറഞ്ഞു് അദ്ദേഹംതന്നെ തന്റെ വേറൊരു ഗ്രന്ഥത്തിൽ,

അവയെ എതിർക്കുകയുണ്ടായി. കണ്ടാലും! സംതോഷണത്തിൽ കാപട്യത്തിന്റെ ലേശമെങ്കിലും ഉണ്ടാകാതിരിക്കുന്നതിന് എത്രമാത്രം ശ്രദ്ധയാണു വിശുദ്ധനും വിജ്ഞനുമായ ഈ ദേഹം പ്രദർശിപ്പിച്ചിരുന്നതു്. സംതോഷണത്തിലെ പരമാത്മത, നൈർമ്മല്യം, വിശ്വസ്തത മുതലായ ഗുണങ്ങൾ ക്രിസ്തീയജീവിതത്തിന്റെ അനർഘലക്ഷണങ്ങൾതന്നെ. "നാവു കൊണ്ടു പാപം ചെയ്യാതിരിക്കുന്നതിന് എന്റെ ജീവിതത്തെ ഞാൻ സൂക്ഷിക്കുന്നതാണു്. നാഥാ, എന്റെ മുൻപിൽ ഒരു കാവൽ ഏർപ്പെടുത്തുകയും എന്റെ അധരങ്ങൾക്കു് ഒരു കവാടം നിർമ്മിക്കുകയും ചെയ്യേണമേ" എന്നു ദാവീദിനോടുകൂടെ നീയും പ്രാർത്ഥിക്കുക.

"പാപമോ, വലിയ ഉപദ്രവമോ ഇല്ലാത്തപക്ഷം, ഒരുവന്റെ അഭിപ്രായത്തോടു പ്രതികൂലത പ്രദർശിപ്പിക്കരുതു്" എന്നു വി. ലൂയീസ് പ്രസ്താവിക്കുന്നു. കലഹങ്ങളും വാഗ്വാദങ്ങളും ഉണ്ടാകാതിരിക്കുന്നതിന് ഏറ്റവും ഉപയുക്തമായ ഒന്നാണു് ഈ ഉപദേശം. ആരുടെയെങ്കിലും അഭിപ്രായം ഖണ്ഡിച്ചു്, നമ്മുടെ അഭിപ്രായം സ്ഥാപിക്കേണ്ട ആവശ്യമുള്ളപ്പോൾ വളരെ വിവേകത്തോടും ചാതുര്യത്തോടും സൗമ്യതയോടുംകൂടെ വേണം അതു നിർവ്വഹിക്കുവാൻ. എതിരാളിക്കു ക്ഷോഭമോ അസഹ്യതയോ ഉളവാകാതിരിപ്പാൻ ശ്രദ്ധിക്കുക. ക്രൂരമായ പെരുമാറ്റത്താൽ നമുക്കെന്തു ഗുണമാണുള്ളതു്?

മിതഭാഷണത്തെ പണ്ഡിതന്മാർ വളരെയധികം പ്രശംസിക്കുന്നുണ്ടു്. എന്നാൽ, കുറച്ചു വാക്കുകൾമാത്രം ഉച്ചരിക്കുന്നതിലല്ല, അനാവശ്യമായി പദങ്ങൾ ഉപയോഗിക്കാതിരിക്കുന്നതിലത്രേ ഇതിന്റെ വൈശിഷ്ട്യം സ്ഥിതിചെയ്യുന്നതു്. എത്രമാത്രം സംഭാഷിച്ചുവെന്നതിലല്ല എങ്ങനെ സംഭാഷിച്ചുവെന്നതിലാകുന്നു പ്രഭാഷണത്തിന്റെ വിജയം അന്തർവഹിച്ചിരിക്കുന്നതു്. അതിനാൽ, അതിഭാഷണത്തിൽ ആസക്തി പ്രദർശിപ്പിക്കുന്നതും ആവശ്യമുള്ള സംസാരം

പോലും ഉപേക്ഷിക്കുന്നതും ഒരുപോലെ അനുചിതമാണ്. സൗഹാർദ്ദസംഭാഷണത്തിൽ പങ്കെടുക്കാതെ സദാ മൗനമവലംബിക്കുകയും പരുഷമായിപ്പെരുമാറുകയും ചെയ്യുന്നതും സ്നേഹിതരോടുള്ള അവിശ്വസ്തതയും അവജ്ഞയുമല്ലയോ സൂചിപ്പിക്കുന്നത്? മറുള്ളവർ സംസാരിക്കുന്നതിനു് അഗ്രഹിച്ചാൽപ്പോലും അവർക്കു സൗകര്യം നല്കാതെ സദാ ഓരോന്നു പറഞ്ഞുകൊണ്ടിരിക്കുന്നതു കിഞ്ചിജ്ഞതയുടേയും മനോലാഘവത്തിന്റേയും ലക്ഷണമാണ്.

മറുള്ളവരുടെ ക്ലേശത്തിലായിരിക്കുമ്പോഴോ, ഒരുമിച്ചു ഭക്ഷണം കഴിക്കുമ്പോഴോ ചിലർ തമ്മിലുള്ള രഹസ്യസംഭാഷണം തീരെ അനാശാസ്യമാണെന്നു വി. ലൂയീസ് പ്രസ്താവിക്കുന്നു. ഇങ്ങനെ ചെയ്യുന്നപക്ഷം, തങ്ങളെക്കുറിച്ചു് എന്തോ കുറ്റം പറയുകയാണെന്നു മറുള്ളവർ സംശയിക്കുവാൻ ഇടയുണ്ട്. "ഭക്ഷണശാലയിൽവച്ചു് ആർക്കെങ്കിലും വല്ല നേരംപോക്കും പറയുവാനുണ്ടെങ്കിൽ അതു പരസ്യമായി അയാൾ പ്രസ്താവിക്കട്ടെ; അപ്പോൾ എല്ലാവർക്കും അതു രസകരമായിരിക്കുമല്ലോ. എന്നാൽ, വലിയ വലിയ കാര്യങ്ങളെക്കുറിച്ചു ചർച്ചചെയ്യുന്നതിനുള്ള സ്ഥലം ഇതല്ലാത്തതുനിമിത്തം അവയെപ്പറ്റി മൗനം ദീക്ഷിക്കുകയാണുത്തമം" എന്നത്രേ ആ വിശുദ്ധൻ ഉപദേശിക്കുന്നതു്.

മുപ്പത്തൊന്നാം അധ്യായം

വിഹിതങ്ങളായ വിനോദങ്ങൾ

ചില അവസരങ്ങളിൽ നാം മനസ്സിനു് ഉല്ലാസവും ശരീരത്തിനു വിശ്രമവും നല്കണം. വി. യോഹന്നാൻ ഏവൻ ഗേലീസ്സാ ഒരു പക്ഷിയെ മടിയിൽവച്ചു തലോടുന്നതിൽ ആഹ്ലാദം പ്രദർശിപ്പിക്കുന്നതു് ഒരു നായാട്ടുകാരൻ കണ്ടതായി കാസിയൻ പ്രസ്താവിക്കുന്നു. ഇത്ര മഹാനായ ഒരാൾ ഇപ്രകാരം ബാലിശമായ ഒരു വിനോദത്തിൽ സമയം വ്യയം ചെയ്യുന്നതിനെക്കുറിച്ചു് ആ നായാട്ടുകാരൻ വിസ്മയിച്ചു. അപ്പോൾ, "നീ എന്തുകൊണ്ടു് എല്ലായ്പോഴും വില്ലു കുലച്ചുവയ്ക്കുന്നില്ല?" എന്നു വിശുദ്ധൻ ചോദിച്ചതിനു്, "വില്ലു് എല്ലായ്പോഴും വളച്ചുവച്ചിരുന്നാൽ അതിന്റെ ബലം കുറഞ്ഞുപോകും" എന്നായിരുന്നു അയാളുടെ മറുപടി. "അങ്ങനെയെങ്കിൽ, പൂർവ്വാധികം ഏകാഗ്രതയോടെ ധ്യാനിക്കുന്നതിനായി ചില വിനോദങ്ങൾമുഖേന എന്റെ മനസ്സിന്റെ പ്രവർത്തനങ്ങളെ ചിലപ്പോൾ നിറുത്തിവയ്ക്കുന്നതിൽ ആശ്ചര്യപ്പെട്ടുവാനില്ല" എന്നു വിശുദ്ധൻ പ്രതിവചിച്ചു. വിനോദങ്ങളിൽ ഏർപ്പെട്ടുവാൻ അന്യരെയോ നമ്മെത്തന്നെയോ അനുവദിക്കാതിരിക്കത്തക്കവണ്ണം അത്ര നിഷ്കർഷം പ്രദർശിപ്പിക്കുന്നതു് അഭിലഷണീയമല്ല. ആഹ്ലാദപ്രദമായ കളികൾ, സംഗീതം, ഉദ്യാനവിഹാരം മുതലായ വിനോദങ്ങൾ ഉപദ്രവകരങ്ങളല്ലെങ്കിലും, ഓരോന്നിനും യോജിച്ച സമയം, സ്ഥലം, പരിമാണം മുതലായവ വിവേകപൂർവം നിശ്ചയിക്കേണ്ടതത്രേ.

മാനസികമോ ശാരീരികമോ ആയ ഉന്മേഷത്തെയും സാമർത്ഥ്യത്തെയും പ്രകടിപ്പിക്കുന്നതിനു് ഉപകരിക്കുന്ന പന്തുകളി, ചതുരംഗം മുതലായ വിനോദങ്ങൾ പ്രകൃത്യാ

സ്തുത്യർഹങ്ങൾതന്നെ. എന്നാൽ, അവയ്ക്കായി വിനിയോഗിക്കുന്ന സമയമോ, നല്കുന്ന പ്രാധാന്യമോ ക്രമാതീതമാകാതിരിപ്പാൻ സൂക്ഷിക്കണം. എന്തുകൊണ്ടെന്നാൽ, ഇവയ്ക്കായി അധികം സമയം വിനിയോഗിക്കുന്നെങ്കിൽ, ഇവ ഉല്ലാസത്തിനു പകരം ഒരദ്ധ്വാനമായിത്തീരുന്നു. ഇങ്ങനെ ചെയ്യുന്നതുകൊണ്ടു നീ മനസ്സിനോ ശരീരത്തിനോ വിശ്രമം നല്കുകയല്ല, പ്രത്യുത, അവയുടെ ശക്തിക്ഷയിപ്പിച്ചു് അവയെ ബലഹീനങ്ങളാക്കുകയത്രേ ചെയ്യുന്നതു്. അഞ്ചോ ആറോ മണിക്കൂർനേരത്തേയ്ക്കു തുടർച്ചയായി ചതുരംഗം കളിച്ചു കഴിയുമ്പോൾ മനഃശക്തികൾ ക്ഷയിച്ചുവശാകുന്നു. അതിനാൽ, ഉന്മേഷപൂർവകമായ ഏതെങ്കിലും ഒരു കളിയിൽ അധികസമയം നാം വ്യാപൃതരായിക്കഴിയുമ്പോൾ, നമ്മുടെ ശരീരം ബലം പ്രാപിക്കുന്നതിനു പകരം ക്ഷീണിക്കുകയത്രേ ചെയ്യുന്നതു്. കളിയിലുള്ള രസം അധികമെങ്കിൽ അതു് അമിതമായ ആകാംക്ഷയെ ഉളവാക്കുന്നു. കളികളിൽ സാമർത്ഥ്യത്തിനോ കൗശലത്തിനോ വളരെ പ്രാധാന്യം നല്കേണ്ടതല്ല. അവയോടു ക്രമാതീതമായ പ്രതിപത്തി ഉണ്ടാകാതിരിപ്പാൻ സൂക്ഷിക്കണം. എന്തുകൊണ്ടെന്നാൽ, വിനോദങ്ങളെന്ന നിലയിൽ അവ എത്രതന്നെ അനുവദനീയങ്ങളായാലും നമ്മുടെ ഹൃദയത്തെ വശീകരിക്കുന്നതുനിമിത്തം ഉപദ്രവകരങ്ങളായിഭവിക്കുന്നു. വിനോദങ്ങളിൽ നിന്നുദ്ഭവിക്കുന്ന ആനന്ദം പ്രദർശിപ്പിക്കരുതെന്നു് എനിക്കുദ്ദേശ്യമില്ല. രസാവഹമല്ലാത്ത വിനോദം ഉല്ലാസദായകമായിരിക്കയില്ലല്ലോ. അവയിൽ നാം അമിതമായ ആസക്തിയും അഭിവാഞ്ഛയും പ്രദർശിപ്പിക്കുകയോ അവയിൽ നിമഗ്നരാവുകയോ ചെയ്യരുതു് എന്നതാണു് എന്റെ വിവക്ഷ.

കഴിഞ്ഞ നൂറ്റാണ്ടിൽ സംസ്കൃതത്തിൽ സൃഷ്ടിക്കപ്പെട്ട വൈവിധ്യമാർന്ന കലാരൂപങ്ങളെ പറ്റിയുള്ള ഈ പഠനത്തിൽ പറയുന്ന കാര്യങ്ങൾ ചുരുക്കത്തിൽ പറയുന്നതിനുവേണ്ടിയാണ് ഈ അദ്ധ്യായം ചേർത്തിരിക്കുന്നത്.

മുപ്പത്തിരണ്ടാം അധ്യായം

നിഷിദ്ധങ്ങളായ കളികൾ

ചീട്ടുകളി, ചൂതുകളി ഇത്യാദി വിനോദങ്ങളിലുള്ള വിജയം മിക്കവാറും യാദൃശ്ചികഭാഗ്യത്തെ ആശ്രയിച്ചാണിരിക്കുന്നത്. ഇവ, നാടകം, ആട്ടം മുതലായവയെപ്പോലെ അപൽക്കരങ്ങളാണെന്നു മാത്രമല്ല, സ്വാഭാവികമായിത്തന്നെ ദുഷ്ടവും ആക്ഷേപാർഹവുമാകുന്നു. ഇക്കാരണത്താലത്രേ സഭയും രാഷ്ട്രവും ഒരുപോലെ അവയെ നിഷേധിക്കുന്നത്. ഏതാദൃശവിനോദങ്ങൾകൊണ്ടുള്ള ഉപദേശം എന്താണെന്നു നിങ്ങൾ ചോദിക്കുമായിരിക്കും. യുക്തിയും യോഗ്യതയുമനുസരിച്ചല്ല, യാദൃച്ഛികമായാണ് ഇത്തരം കളികളിൽ പലപ്പോഴും വിജയമുണ്ടാവുക. തന്മൂലം, സാമർത്ഥ്യമോ പരിശ്രമശീലമോ ഇല്ലാത്തവർക്കുപോലും മിക്കപ്പോഴും ഇവയിൽ വിജയം സിദ്ധിക്കുന്നു. ഇതു യുക്തിക്കു വിപരീതമത്രേ. ഇവയൊക്കെ മുൻകൂട്ടി അറിയുകയും സമ്മതിക്കുകയും ചെയ്തുകൊണ്ടാണല്ലോ ഏതു കളിക്കാരനും ഇമ്മാതിരി കളികളിൽ ഏർപ്പെടുന്നത് എന്നു നിങ്ങൾ പറയുമായിരിക്കാം. ഇരുഭാഗക്കാർക്കും ഇതിനെക്കുറിച്ചു് അറിവുള്ളതുകൊണ്ടു്, വിജേതാവു് എതിർകക്ഷിയോടു യാതൊരു അനീതിയും പ്രവർത്തിക്കുന്നില്ല. എന്നാൽ, ഇതുകൊണ്ടു വസ്തുതാഭേദം വരുന്നതല്ലല്ലോ. നിങ്ങളുടെ ജ്ഞാനവും നിങ്ങളുടെ വിനോദവും ഒരുപോലെ മൗഢ്യങ്ങളത്രേ. കാരണം, പരിശ്രമഫലമായിമാത്രം ലഭിക്കേണ്ട വിജയം വെറും ഭാഗ്യത്തിനു സമ്മാനമായിബ്ഭവിക്കുന്നു. ഭാഗ്യം യാതൊരുവിധവും നമ്മെ ആശ്രയിച്ചുനില്ക്കാത്തതിനാൽ അതു സമ്മാനാർഹമല്ല.

മാത്രമല്ല, ഇത്തരം വിനോദങ്ങളെ ഉല്ലാസമെന്നു പറയുന്നുവെങ്കിലും വാസ്തവത്തിൽ അവ ഒരു തൊഴിലാണ്. നിര

ന്തരമായ ഭയത്തിനും ചാപല്യത്തിനും ഉൽകണ്ഠയ്ക്കും വിധേയമാക്കി മന:ശക്തികളെ ദീർഘസമയത്തേക്കു വ്യാപരിപ്പിക്കുന്നതു് ഒരു ജോലിയല്ലയോ? കളിയിൽമാത്രം ഉൽസുകനായിരിക്കുന്ന ഒരുത്തനേറെതിനെക്കാൾ ക്ലേശകരവും ഉൽകണ്ഠാജനകവും അഹ്ളാദരഹിതവുമായ ഒരു തൊഴിലുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. വിജയം ലഭിക്കുന്നവനു സ്വല്പം സന്തോഷമുണ്ടാകുന്നുവെന്നല്ലാതെ മറ്റാർക്കും ഇമ്മാതിരി കളികളിൽനിന്നു യാതൊരു പ്രയോജനവും ഉണ്ടാകുന്നതല്ല. ക്ഷുദ്രാശയമായ വിജയവും തൽഫലമായ സന്തോഷവും ന്യായരഹിതമത്രേ. ഇക്കാരണങ്ങളാൽ പ്രസ്തുതവിനോദങ്ങളും നിഷിദ്ധങ്ങളാകുന്നു.

വി ല്യൂയീസ് രാജാവു്, തന്റെ സഹോദരനായ ആഞ്ജുവിലേ പ്രഭുവും നീമേർസിലേ വാഠംട്ടറും തമ്മിൽ പന്തയം വച്ചു ചൂതുകളിക്കുന്നുവെന്നു കേട്ടപ്പോൾ, രോഗശയ്യയെ അവലംബിച്ചിരുന്നുവെങ്കിലും, കിടക്കയിൽനിന്നെഴുന്നേറ്റു വിറച്ചുവിറച്ചു് ഒരുപ്രകാരം അവരുടെ മുറിയിലെത്തി, കളിക്കോപ്പുകളും പണവും വലിച്ചെറിയുകയും അവരെ കഠിനമായി ശാസിക്കുകയും ചെയ്തു. വിശുദ്ധയും പതിവ്രതയുമായ സാറാ എന്ന സ്ത്രീരത്നം തന്റെ നിഷ്കളങ്കതയെപ്പറ്റി പ്രാർത്ഥനയിൽ ദൈവത്തോടു് ഇപ്രകാരം പറയുകയുണ്ടായി. "കർത്താവേ, ഞാൻ കളിക്കാരുടെ കൂട്ടത്തിൽ ഒരിക്കലും ചേർന്നിട്ടില്ലെന്നു് അങ്ങേയ്ക്കു് അറിയാമല്ലോ."

ഇന്നത്തെ യുവതലമുറയുടെ പൊതുരീതി ഹിന്ദി മാത്രമാണെങ്കിലും, ഇന്നത്തെ സാഹചര്യങ്ങളിൽ കുറെക്കൂടി വിവരിക്കേണ്ടതാണ്. ഇന്നത്തെ തലമുറയുടെ കുട്ടിയാർ കൂടെ തെറ്റുപോലെ ബാധകമല്ലെന്നു പറയണം.

മുപ്പത്തിമൂന്നാം അധ്യായം

അനുവദനീയങ്ങളെങ്കിലും ആപൽക്കരങ്ങളായ ചില വിനോദങ്ങൾ

നൃത്തം, ആട്ടം, നാടകം മുതലായവ പ്രകൃത്യാ നല്ലതോ ചീത്തയോ അല്ലെങ്കിലും, പരിതഃസ്ഥിതികൾ പാപഹേതുക്കളാകയാൽ, അവ അപകടകരങ്ങളാണ്. ഇവ രാത്രിസമയങ്ങളിൽ നടത്തപ്പെടുന്നതിനാൽ ആപത്തു വർദ്ധിക്കുകയത്രേ ചെയ്യുന്നതു്. ഇതിനുംപുറമേ ഇവയ്ക്കായി ദീർഘസമയം ഉണർന്നിരിക്കേണ്ട ആവശ്യമുള്ളതിനാൽ, അടുത്തദിവസത്തെ പ്രഭാതപ്രാർത്ഥനകൾക്കു തടസ്സം നേരിടുകയും ചെയ്യും. പകലിനെ രാത്രിയായും, പ്രകാശത്തെ അന്ധകാരമായും മാറ്റിക്കൊണ്ടു സൽപ്രവൃത്തികൾക്കു പകരം മിഥ്യാഭോഗങ്ങൾക്കു വശംവദമാകുന്നതു നിശ്ചയമായും ഒരു ദോഷത്തിനത്രെ. നാടകത്തിൽ സംബന്ധിക്കുന്നതിന്റെ പ്രധാനോദ്ദേശ്യം വ്യർത്ഥസന്തോഷമാകുന്നു. ഈ വ്യർത്ഥസന്തോഷത്തിനു ദുരാശകളെ ഉണർത്തി, ക്രൂരകരമായ പ്രേമത്തെ ഉൽപാദിപ്പിക്കുന്നതിനു് ഒരു പ്രത്യേകവാസനയുണ്ടു്. വൈദ്യന്മാർക്കു ക്ഷണിനെപ്പറ്റിയുള്ള അഭിപ്രായംതന്നെയാണു നാടകം, നൃത്തം മുതലായവയെക്കുറിച്ചു് എനിക്കും പറയുവാനുള്ളതു്. ഏറ്റവും നല്ല ക്ഷണപോലും ഹിതമായ ആഹാരമല്ല. ഇതുപോലെ, നാടകം, നൃത്തം തുടങ്ങിയ വിനോദങ്ങളിൽവച്ചു് ഏറ്റവും നല്ലതുതന്നെയും നിർഗ്ഗുണമാണു്. ക്ഷണം ഭക്ഷിക്കണമെങ്കിൽ അതിനെ ഭംഗിയായി പാകപ്പെടുത്തണം. നാടകങ്ങളിലും മറ്റും സംബന്ധിക്കുന്നതിനു നിർബ്ബന്ധരായാൽ, സൂക്ഷ്മത്തോടും ശ്രദ്ധയോടും സദുദ്ദേശ്യത്തോടുംകൂടെവേണം അങ്ങനെ ചെയ്യുവാൻ. അല്പമായും അപൂർവ്വമായും മാത്രമേ ക്ഷണം ഭക്ഷിക്കാവൂ. എന്തുകൊണ്ടെന്നാൽ, എത്രതന്നെ വിശേഷമായി പാകം

ചെയ്തതായിരുന്നാലും, ഇത് ഉപദ്രവകരമാണ്. ഇപ്രകാരം വളരെ ചുരുക്കമായി മാത്രമേ നൃത്തങ്ങളിലും മറ്റും സംബന്ധിക്കാവൂ. ഇവയിൽ ആസക്തി ജനിക്കാതിരിപ്പാൻ സൂക്ഷിക്കണം. കൃഷ്ണ സൂക്ഷിരങ്ങളോടുകൂടിയതും മാർദ്ദവമുള്ളതുമാകയാൽ അതിവേഗം സാംക്രമികവ്യാധികളെ സംഭരിക്കുന്നു. തന്നിമിത്തം, ഒരു സർപ്പം സമീപത്തു വരുന്നുവെങ്കിൽ കൃഷ്ണ് അതിന്റെ വിഷത്തെ ശേഖരിച്ചുവയ്ക്കുന്നു. അട്ടം, നൃത്തം മുതലായവ സാധാരണമായി അനാശാസ്യമായ സവൃത്തിനേയും അവയിലേക്ക് ആകർഷിക്കുന്നുണ്ട്. അവ അസൂയ, മത്സരം, മനോവ്യഥ, അവിവേകപൂർവ്വകമായ സ്നേഹം മുതലായ ദുർഗുണങ്ങളെ മനുഷ്യഹൃദയത്തിൽ പ്രവേശിപ്പിക്കുന്നു. ഇത്തരം വ്യർത്ഥോല്ലാസങ്ങൾ നമ്മുടെ ശക്തിയെ ക്ഷയിപ്പിക്കുകയും, നമ്മുടെ ഹൃദയത്തിൽനിന്നു ഭക്തിയേയും ഉപവിയേയും ഉന്മൂലനം ചെയ്ത് അനവധി ദുർവ്വാസനകളെ അതിൽ ഉൽപാദിപ്പിക്കുകയും ചെയ്യുന്നതിനാൽ, അവ മിക്കവാറും അപൽക്കരങ്ങളാണ്. അതിനാൽ, വളരെ ശ്രദ്ധയോടുകൂടെ വേണം അവയിൽ പങ്കെടുക്കുവാൻ.

കൃഷ്ണ ഭക്ഷിച്ചാൽ, അതിൽനിന്നു യാതൊരുപദ്രവവും ഉണ്ടാകാതിരിക്കുന്നതിനായി കുറെ നല്ല മഞ്ഞൾ ചേർത്തു പാകം ചെയ്യണമത്രേ. നൃത്തം മുതലായ വിനോദങ്ങളിൽ നിന്നുണ്ടാകുന്ന വ്യർത്ഥസന്തോഷം നമ്മിൽ അപൽക്കരങ്ങളായ ചില വികാരങ്ങൾ ഉളവാക്കിയേക്കാം. ഇവയ്ക്കൊരു പ്രതിവിധിയായി താഴെപ്പറയുന്നവിധമുള്ള ശ്രദ്ധയും ഭക്തിജനകവുമായ ചില ചിന്തകൾ നിന്നിൽ ഉളവാക്കണം.

1) നാടകത്തിന്റെ അവസരത്തിലോ നാടകം കണ്ടതിന്റെ ഫലമായി പിന്നീടോ ചെയ്ത പാപങ്ങൾനിമിത്തം എത്രയാത്മാക്കളാണ്, നീ നാടകം കണ്ടാനന്ദിച്ചുകൊണ്ടിരിക്കുന്ന ഈ സമയത്തുതന്നെ നരകാഗ്നിൽ വെന്തുരുകുന്നത് എന്നു ചിന്തിച്ചാലും.

2) നീ നാടകം കാണുന്നു; എന്നാൽ, ഈ സമയത്തുതന്നെ, വിശുദ്ധരും കേരളരുമായ ജനങ്ങൾ ദൈവസ്തോത്രങ്ങൾ ആലപിച്ചും ദൈവമഹത്വം പ്രകീർത്തിച്ചും ദൈവത്തെ സ്തുതിക്കുന്നു. നിന്നെക്കാൾ എത്ര മഹത്തരമായി അവർ സമയം വിനിയോഗിക്കുന്നുവെന്നു നോക്കുക.

3) നീ നൃത്തത്തിലും നാടകത്തിലും മറ്റും പങ്കുകൊണ്ടിരുന്നപ്പോൾ എത്രയെത്ര ആളുകളാണു മൃത്യുവിനു് ഇരയായിട്ടുള്ളതു്; എത്ര സ്ത്രീപുരുഷന്മാരാണു വിവിധരോഗങ്ങളാൽ പീഡിതരായി ആതുരശാലകളിലും തെരുവീഥികളിലും കിടന്നു് അനവധി ക്ലേശങ്ങൾ സഹിച്ചിട്ടുള്ളതു്? അവർക്കു യാതൊരു വിശ്രമവുമില്ലായിരുന്നു. നിനക്കു് അല്പം അനുകമ്പ അവരോടു തോന്നിയിരുന്നെങ്കിൽ! ഇവരെപ്പോലെ പീഡകൾ സഹിക്കേണ്ട ഒരു ദിവസം ഏറെത്താമസിയാതെ നിനക്കും വരും. നീ ചെയ്തതുപോലെ അപ്പോൾ നാടകം കണ്ടാനന്ദിക്കുന്നതിനു വേറെ ആളുകളുമുണ്ടാകും. ഇങ്ങനെയുള്ള വിചാരങ്ങൾ ഒരിക്കലെങ്കിലും നിന്നിൽ ഉളവായിട്ടുണ്ടോ?

4) നൃത്തങ്ങളിലും മറ്റും നീ പങ്കുകൊണ്ടിരുന്നപ്പോൾ നമ്മുടെ രക്ഷാനാഥനും, അവിടുത്തെ ദിവ്യമാതാവും, പരിശുദ്ധ മാലാഖമാരും, വിശുദ്ധന്മാരും നിന്നെ ഉറുനോക്കിക്കൊണ്ടിരുന്നു. നിന്റെ ഹൃദയം വ്യർത്ഥസന്തോഷങ്ങളിൽ നിമഗ്നമായിരുന്നതുകൊണ്ടു് അവർ നിന്റെമേൽ എത്രമാത്രം അനുകമ്പ പ്രദർശിപ്പിച്ചിരുന്നു! നിന്നെക്കുറിച്ചു് അവർ എത്രയധികം വിലപിച്ചിരിക്കണം!

5) നീ പ്രസ്തുതവിനോദങ്ങളിൽ വ്യാപൃതനായിരുന്നപ്പോൾ സമയം കടന്നുപോവുകയും മരണം നിന്നെ സമീപിക്കുകയും ചെയ്തിരുന്നു. നിന്നെ അധിക്ഷേപിച്ചുകൊണ്ടു് അതിന്റെ നൃത്തത്തിനായി മരണം ഇതാ നിന്നെ ക്ഷണിക്കുന്നു. നീ അതറിയുന്നില്ലയോ? അതെ, ഇതുമൊരു നാടകംതന്നെ. ഭൂതകാലങ്ങളിൽ ചെയ്തുകൂട്ടിയ പാപങ്ങളെപ്പറ്റിയുള്ള

പ്രലാപമാണ് ഈ നാടകത്തിലേ സംഗീതം. ഈ നാടകത്തിൽ അനേകം കാലടികൾ വയ്ക്കപ്പെട്ടന്നില്ല; ഒന്നുമാത്രം—ഭൂശ്യലോകത്തിൽനിന്ന് അദൃശ്യലോകത്തിലേക്ക കടക്കുന്ന ഒരേ ഒരു കാലടിമാത്രം.

ഇങ്ങനെയുള്ള ചിന്താശകലങ്ങളാണ നിനക്ക ഞാൻ നിർദ്ദേശിക്കുന്നത്. നീ ദൈവഭയത്തിൽ വർത്തിക്കുന്നതായാൽ ഉപരിചിന്തകൾ ദൈവംതന്നെ നിന്നിൽ ഉളവാക്കും.



മുപ്പത്തിനാലാം അധ്യായം

നാടകം, ആട്ടം മുതലായ വിനോദങ്ങൾ ഏപ്പോൾ അനുവദനീയങ്ങളാകും?

നാടകം, ആട്ടം മുതലായവ അനുവദനീയങ്ങളാകണമെങ്കിൽ, വിശ്രമത്തിനും ഉല്ലാസത്തിനുംവേണ്ടി മാത്രമായിരിക്കണം അവയിൽ സംബന്ധിക്കുന്നത്. അവയോടുള്ള പ്രതിപത്തിനിമിത്തം അവയിൽ ഏപ്പെട്ടുന്നതു നന്നല്ല. ചുരുക്കംചില അവസരങ്ങളിൽ ഇവയ്ക്കായി കുറെ സമയം വ്യയംചെയ്യുന്നതു് അനുവദനീയമാണ്. പതിവായി ഇവയിൽ പങ്കെടുത്താൽ അതൊരു തൊഴിലായിത്തീരും. എപ്പോഴാണ് ഇവ സ്വീകാര്യമെന്നു നിങ്ങൾ ചോദിച്ചേക്കാം. പ്രകൃത്യാ നിർഗുണങ്ങളായ വിനോദങ്ങൾക്കുള്ള അവസരങ്ങൾ ദുർല്ലഭങ്ങളല്ല. അസാധാരണമായ വിനോദങ്ങൾ കൂടുതൽ കുറെകരങ്ങളും ആപൽക്കരങ്ങളും ആകയാൽ അവയ്ക്കുള്ള അവസരങ്ങൾ തുലോം ദുർലഭങ്ങളത്രെ. എന്നാൽ, നിങ്ങൾ ഉൾപ്പെട്ടിരിക്കുന്ന സമസ്തിനോട് ഉപചാരംപ്രദർശിപ്പിക്കുകയും അതിനെ രസിപ്പിക്കുകയും ചെയ്യണമെന്ന വിവേകം നിങ്ങളെ ഉദ്ബോധിപ്പിക്കു

മ്പോൾ, ഞാൻ നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗങ്ങളനുസരിച്ച് അവയെ ഉപയോഗിക്കുന്നതിനു വിരോധമില്ല. എന്തുകൊണ്ടെന്നാൽ, ക്രിസ്തീയസ്നേഹത്തിന്റെ വകഭേദമായ ഉപചാരം ചില സന്ദർഭങ്ങളിൽ അപ്രധാനങ്ങളായ വസ്തുക്കളെ നല്ലതാക്കുകയും അപലക്ഷണങ്ങളായവയെ അനുവദനീയങ്ങളാക്കുകയും ചെയ്യുന്നു. നന്നല്ലാത്ത ചില സംഗതികളിലുള്ള ദൃഷ്യത്തെ ഇതു ഗണിക്കുകപോലും ചെയ്യുന്നുണ്ട്. ഇക്കാരണത്താൽ, പ്രകൃത്യാ കുറെ കുറകരങ്ങളായ ചില വിനോദങ്ങളിൽ, അന്യരോടു ഉപചാരം പ്രദർശിപ്പിക്കുന്നതിനായി സദുദ്ദേശ്യത്തോടെ ഏർപ്പെടുന്നതു കുറകരമല്ല. വി. ചാർൾസ് ബൊറോമിയോ സപിറ്റ്സർലൻഡ് നിവാസികളോടുകൂടെ ആയിരുന്നപ്പോൾ, താൻ അന്യഥാ നിർബന്ധം പിടിച്ചിരുന്ന ഏതാനും സംഗതികളിൽ ചില വിട്ടുവീഴ്ചകൾ ചെയ്തു. ഒരു കളിയിൽ സംബന്ധിക്കുന്നതിനു ഇഗ്നേഷ്യസ് ലയോള ഒരിക്കൽ ക്ഷണിക്കപ്പെടുകയുണ്ടായി. അദ്ദേഹം ഈ ക്ഷണം സന്തോഷപൂർവ്വം സ്വീകരിക്കയത്രേ ചെയ്തത്. ഫംഗറിയിലേ വി. എലിസബത്തു തന്റെ ഭക്തിക്കു ഭംഗംവരുത്താതെ നൃത്തം തുടങ്ങിയുള്ള വിനോദങ്ങളിൽ പങ്കെടുത്തിരുന്നു. റായിറി ഉൾക്കടലിനെ ചുറ്റിയിരുന്ന പാറക്കൂട്ടങ്ങൾ, തിരമാലകൾ അടിക്കുന്തോറും വളർച്ച പ്രാപിച്ചിരുന്നുവത്രേ. ഇതുപോലെ, ഈ വിശുദ്ധ, തന്റെ കുലീനതയ്ക്കു യോഗ്യമായ ആഘോഷപ്രകടനങ്ങളുടേയും വ്യർത്ഥസന്തോഷങ്ങളുടേയും മദ്ധ്യേ പുണ്യത്തിൽ അഭിവൃദ്ധി പ്രാപിച്ചിരുന്നു. കാറ്റടിക്കുമ്പോൾ അഗ്നികുണ്ഡം പൂർവ്വാധികം ശക്തിയോടുകൂടി ജ്വലിക്കുന്നു. മങ്ങിക്കത്തുന്ന ഒരു ദീപമാകട്ടെ, ഭീമായി സൂക്ഷിച്ചില്ലെങ്കിൽ, കാറ്റുണ്ടാകുമ്പോൾ അണഞ്ഞുപോകും.

മുപ്പത്തഞ്ചാം അധ്യായം

വലിയകാര്യങ്ങളിലെന്നപോലെ ചെറിയകാര്യങ്ങളിലും നാം വിശ്വസ്തരായിരിക്കണം.

തന്റെ പ്രേമഭാജനം അവളുടെ കണ്ണാടിയിലെ ഒരു രോമവും, ഒരു നേത്രവും മുഖേന തന്റെ ഹൃദയത്തെ ആനന്ദപൂർണ്ണമാക്കി എന്നു ദിവ്യവരൻ "പാട്ടുകളുടെ പാട്ടി"ൽ പറയുന്നു. നിർമ്മാണവൈചിത്ര്യത്തേയോ പ്രവർത്തനമാഹാത്മ്യത്തേയോ മാനദണ്ഡമായി സ്വീകരിച്ചാൽ, മനുഷ്യശരീരത്തിൽ കണ്ണിനെപ്പോലെ പ്രാധാന്യം അർഹിക്കുന്നതും, തലമുടിയെപ്പോലെ അപ്രധാനമായതുമായി മറ്റൊന്നുമില്ല. നമ്മുടെ ദിവ്യമണവാളൻ തന്റെ കൃപയുടെ വലിയ പ്രവൃത്തികളെ മാത്രമല്ല, ഏറ്റവും ചെറുതും നിസ്സാരവുമായവയെക്കൂടെ സ്വീകരിക്കുന്നു. വലിയ കാര്യങ്ങൾമുഖേന എന്നതുപോലെ ചെറിയകാര്യങ്ങൾ നിർവ്വഹിച്ചും അവിടുത്തേ പ്രേമം സമ്പാദിക്കുന്നതിനു നമുക്കു സാധിക്കുന്നതിനാൽ, വലുതും സാധാരണങ്ങളുമായ കാര്യങ്ങളിലെന്നപോലെ ചെറുതും നിസ്സാരങ്ങളുമായ സംഗതികളിലും സവിശേഷമായവിധം നാം ശ്രദ്ധാലുക്കളായിരിക്കണം.

മിശിഹായെപ്രതി കഠിനദുഃഖങ്ങളോ വേദനകളോ വേദസാക്ഷിത്വംതന്നെയോ കൈവരിക്കുന്നതിനു തയ്യാറായിരിക്കുക. നിന്റെ സ്നേഹഭാജനമായിരിക്കുന്ന സർവ്വവും, അതേ, പിതാവിനെയോ, മാതാവിനെയോ സഹോദരനെയോ സഹോദരിയെയോ, ഭാര്യയെയോ ഭർത്താവിനെയോ, പ്രിയസന്താനത്തെയോ നേത്രദ്വയത്തെയോ, സ്വജീവനെത്തന്നെയോ മിശിഹായുടെ ഹിതാനുസരണം അവിടുത്തേയ്ക്കു നല്കുന്നതിനു സദാ സന്നദ്ധനായിരിക്കുക. എന്നാൽ, ഇതുപോലുള്ള വലിയ ത്യാഗങ്ങൾ ദൈവം സാധാരണമായി നിന്നിൽനിന്നാവശ്യപ്പെടാത്തതിനാൽ, നിന്റെ തലമുടിയെങ്കിലും അ

വിടത്തേയ്ക്കു പ്രഭാനം ചെയ്യുക. ദിവസന്തോറും ഉണ്ടാകുന്ന നി സ്സാരവിഷമതകളും, അസൗകര്യങ്ങളും, നഷ്ടങ്ങളും മുതലായ വ ക്ഷമയോടെ സഹിക്കുക. എന്തുകൊണ്ടെന്നാൽ, ഏതാട്ട ശസന്ദർഭങ്ങളെ നല്ലതും ദൈവസ്നേഹപരവുമായ ഉദ്ദേശ്യ ങ്ങൾക്കായി വിനിയോഗിക്കുന്നതുനിമിത്തം ഹൃദയത്തെ ജ യിച്ച് അതിനെ പരിപൂർണ്ണമായി കീഴടക്കുകയത്രേ നീ ചെയ്യു ന്നതു്. തലവേദന, പല്ലുവേദന, പനി, ഭർത്താവിന്റെ അ ല്ലെങ്കിൽ ഭാര്യയുടെ സ്വഭാവന്യൂനതകളും, നിസ്സാരനഷ്ട ങ്ങളും, നേരത്തെ ഉറങ്ങുന്നതിലും പ്രഭാതത്തിൽ എഴുന്നേറ്റു പ്രാർത്ഥിക്കുന്നതിലുമുള്ള ക്ലേശങ്ങളും, ചില കൈകൃത്യ ങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതു് അന്യർ കാണുന്നതുകൊണ്ടു ള്ള ലജ്ജ, അതിയായ സാധാരണ വിഷമതകളും സന്തോഷ പൂർവ്വം സഹിക്കുന്നതായാൽ, തന്റെ വിശ്വസ്ത ദാസന്മാർ ക്ക് ഒരു പാത്രം പച്ചവെള്ളത്തിനു പ്രതിസമ്മാനമായി നി ത്യപുരീസായെ വാഗ്ദാനംചെയ്തിരിക്കുന്ന ആ ദിവ്യനാ ഥൻ സംതൃപ്തനാകാതിരിക്കയില്ല. പ്രസ്തുതാവസരങ്ങളും അ നുദിനലഭ്യമാകയാൽ അവയെ ഫലപ്രദമായി വിനിയോഗി ക്കുന്നതു് ആദ്ധ്യാത്മികനിക്ഷേപത്തെ ശേഖരിക്കുന്നതിനുള്ള ഉത്തമമാർഗ്ഗമാണ്. സീയന്നായിലേ വി. കത്രീനായുടെ ജീവി തചരിത്രത്തിൽ അവളുടെ സംഭാഷണങ്ങളേയും, ദർശനങ്ങ ളേയും, ആനന്ദപാരവശ്യത്തേയും, ദിവ്യജ്ഞാനത്തേയുംപറ്റി വായിക്കുമ്പോൾ, അവൾ ധ്യാനമാകുന്ന നേത്രങ്ങൾകൊണ്ടു തന്റെ ദിവ്യനാഥന്റെ ഹൃദയത്തെ വശീകരിച്ചുവെന്നു നി സ്സംശയം മനസ്സിലാക്കാം. എന്നാൽ, അതേസമയംതന്നെ അവൾ ദൈവസ്നേഹത്താൽ ജ്വലിക്കുന്ന ഒരു ഹൃദയത്തോ ടെ തന്റെ പിതൃഗൃഹത്തിൽ വിറകുവെട്ടുക, വെള്ളംകോരു ക, അപ്പം ചുടുക, തീ കത്തിക്കുക മുതലായ താണതരത്തി ലുള്ള ജോലികളിൽപ്പോലും വ്യാപൃതയായിരുന്നതുകണ്ടു ഞാൻ സന്തോഷിക്കുന്നു. ഈ ജോലികളിൽ ഏർപ്പെട്ടിരുന്ന

പ്പോഠം നടത്തിയിരുന്ന സാധാരണധ്യാനത്തിന്, അവർം പലപ്പോഴും അനുവേിച്ചിരുന്ന കേതിപാരവശ്യത്തിനും സമാധിക്കും ഉള്ളതിനെക്കാൾം ഒട്ടും കുറവല്ലാത്ത ഒരു വിലയാണു ഞാൻ സങ്കല്പിക്കുന്നത്. അവളുടെ വിനയവും ആത്മപരിത്യാഗവുമായിരിക്കണം ഈ കേതിപാരവശ്യത്തിന്റേയും സമാധിയുടേയും കാരണം. പിതാവിനു ക്ഷീണം തയ്യാറാക്കുമ്പോൾം, മത്തായെപ്പോലെ നമ്മുടെ കർത്താവിനുതന്നെയാകുന്ന ക്ഷീണം പാകം ചെയ്യുന്നതു് എന്നു് അവർം വിചാരിച്ചിരുന്നു. തന്റെ മാതാവിനെ ദൈവജനനിയോടും, സഹോദരന്മാരെ വി. ശ്ലീഹന്മാരോടും സാദൃശ്യപ്പെടുത്തുകയും തദ്വാരാ സഹ്യീയവേനത്തെ ആത്മീയമായി അവർം ശുശ്രൂഷിക്കുകയുംചെയ്തു. ഈ വിനീതകൃത്യങ്ങൾംവഴി ദൈവാഭീഷ്ടം നിറവേറുന്നുവെന്ന ബോധമുണ്ടായിരുന്നതിനാൽ അവയിൽ അനല്പമായ ആനന്ദം അവർം കണ്ടെത്തി. നമ്മുടെ പ്രവൃത്തികർം എത്രതന്നെ നിസ്സാരങ്ങളായിരുന്നുകൊള്ളട്ടെ; അവയെ നമ്മുടെ ദിവ്യനാഥന്റെ സേവനത്തിനായി യഥായോഗ്യം നിയന്ത്രിക്കുന്നതിൽ നാം ഉൽസുകരായിരിക്കണം.

ശ്ലേമ്മോന്റെ സവിശേഷപ്രശംസയ്ക്കു പാത്രീഭൂതയായ ആ പുണ്യശ്ലോകയെ ഈ ഉദ്ദേശ്യലബ്ധിക്കായി അനുകരിക്കുക. മഹത്തരങ്ങളും അഭിമാനകരങ്ങളുമായ പ്രവൃത്തികളിൽ ഉർംപ്പെട്ടിരുന്നപ്പോൾംപ്പോലും അവർം തന്റെ സൂചിയും നൂലും ത്യജിച്ചില്ല. പ്രാർത്ഥന, ധ്യാനം, ക്ലേശകളുടെ സഹീകരണം, ദൈവസ്നേഹപ്രകീർത്തനങ്ങർം മുതലായി നിന്റെ ദൈവവിളിക്കനുസൃതങ്ങളായ ഉൽകൃഷ്ടകൃത്യങ്ങളിൽ വ്യാപൃതനായിരിക്കുന്നതു കൊള്ളാം. പക്ഷേ, നിന്റെ സൂചിയും നൂലും ഉപേക്ഷിക്കരുതു്; അതായതു് ദരിദ്രരെ സന്ദർശിക്കുക, രോഗികളെ ശുശ്രൂഷിക്കുക, ഗൃഹഭാരം വഹിക്കുക ആദിയായി കുരിശിന്റെ ചുവട്ടിൽനിന്നു വികസിച്ചുയർന്നുവരുന്ന ചെറു കുസുമങ്ങർംക്കു സദൃശങ്ങളായ ലഘുതര

പുണ്യപ്രവൃത്തികളേയും നിർവിഘ്നം നിവൃത്തിക്കുക. ഇങ്ങനെ ചെയ്യുന്നപക്ഷം, നാം ഒരിക്കലും അലസരായിരിപ്പാൻ ഇടയില്ല. എന്നാൽ, അതേ സമയംതന്നെ, സീയന്നായിലേവി. കത്രീനായെപ്പോലെ ഇമ്മാതിരി ജോലികൾക്കിടയിൽ ഭക്തചിന്തകൾക്കു സ്ഥലം അനുവദിക്കുകയും ആവശ്യകമത്രേ. ദൈവത്തെ സേവിക്കുന്നതിനുള്ള അസാധാരണമാർഗ്ഗങ്ങളും തുലോം ഗൗരവങ്ങളാണു്; സാധാരണ അവസരങ്ങളാകട്ടെ, അനുദിനം ധാരാളമായി ഉണ്ടായിക്കൊണ്ടിരിക്കുന്നു. അല്പകാര്യങ്ങളിൽ വിശ്വസ്തനായവൻ വലിയ കാര്യങ്ങളിലും വിശ്വസ്തനായിരിക്കുമെന്നല്ലയോ ക്രിസ്തുനാഥൻ അരുൾ ചെയ്തിട്ടുള്ളതു്? അതിനാൽ, നീ ഭക്ഷിക്കുകയോ, കുടിക്കുകയോ, ഉറങ്ങുകയോ, വിശ്രമിക്കുകയോ എന്നുവേണ്ടാ, അഭിമാനകരമോ അഥവാ അപമാനകരമോ ആയ ഏതു തൊഴിൽ ചെയ്യുകയായിരുന്നാലും അതു ദൈവനാമത്തിൽ നിവൃത്തിച്ചാൽ നിശ്ചയമായും ദൈവസമക്ഷം നീ വിലമതിക്കപ്പെട്ടും. ഇപ്രകാരം നീ പ്രവർത്തിക്കുമ്പോൾ ആത്മരക്ഷയെ നീ സുരക്ഷിതമാക്കുകയത്രേ ചെയ്യുന്നതു്. ദൈവഹിതവും ഇതുതന്നെയാണു്.



മുപ്പത്താറാം അധ്യായം

നീതിയും വിവേചനാശക്തിയുമുള്ള മനസ്സു് നമുക്കുണ്ടായിരിക്കണം

മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സവിശേഷപ്രധാനമായ വ്യത്യാസം മനുഷ്യനു വിവേചനാശക്തിയുണ്ടു് എന്നതത്രേ. എങ്കിലും, ബുദ്ധിപൂർവ്വം പ്രവർത്തിക്കുന്ന മനുഷ്യർ ചുരുക്കമെന്നു

പറയേണ്ടിയിരിക്കുന്നു. ഇതിന്റെ പ്രഥമകാരണം, സ്വാർത്ഥത ബുദ്ധിയെ മന്ദീഭവിപ്പിച്ചു, നിസ്സാരങ്ങളെങ്കിലും, അപൽക്കരങ്ങളും നീതിവിരുദ്ധങ്ങളുമായ അനേകപ്രവൃത്തികൾ ചെയ്യുന്നതിനു നമ്മെ പ്രേരിപ്പിക്കുന്നതാകുന്നു. ഇവ, സങ്കീർത്തനങ്ങളിൽ പറയപ്പെട്ടുന്ന ചെറിയ കുറുനരികളെപ്പോലെ "മുന്തിരിച്ചെടികളെ നശിപ്പിക്കുന്നു." എന്തുകൊണ്ടെന്നാൽ, നിസ്സാരങ്ങളായതുകൊണ്ടു നാം അവയെ വകവയ്ക്കുന്നില്ല. എന്നാൽ, അവ അസംഖ്യമാകയാൽ വലിയ നാശം വരുത്തിക്കൂട്ടുന്നു. ചില ഉദാഹരണങ്ങൾ പറയാം. നിസ്സാരകാര്യങ്ങളിൽ നാം അയല്ക്കാരെ കുറപ്പെടുത്തുന്നു; പക്ഷേ, വലിയ അബദ്ധങ്ങളിൽ നാം നമ്മെ നീതീകരിക്കുവാൻ ശ്രമിക്കുന്നു. നാം താണവിലയ്ക്കു വാങ്ങിച്ചു മികച്ച വിലയ്ക്കു വില്ക്കുന്നു. നാം അന്യരിൽനിന്നു കർക്കശമായ നീതി ആവശ്യപ്പെടുന്നു. നമ്മോടാകട്ടെ, വളരെ ദയയോടും ക്ഷമയോടുംകൂടെ വർത്തിക്കുന്നു. അന്യർ നമ്മുടെ വാക്കുകളിൻ തെറ്റു കണ്ടുപിടിക്കുന്നതു നമുക്കു ഹിതമല്ല; എന്നാൽ, ഇതരന്മാരുടെ വാക്കുകളെ നാം സൂക്ഷ്മബുദ്ധിയോടെ വിമർശിക്കുന്നു. നാം വാങ്ങിക്കുവാനിരിക്കുന്ന ഒരു വസ്തുവിന്റെ ഉടമസ്ഥാവകാശം നമുക്കു നല്കുന്നതിന് അയല്ക്കാരനു മനസ്സില്ലെങ്കിലും നാം അയാളെ നിർബന്ധിക്കുന്നു. നമ്മുടെ പണം നമ്മുടെ കൈവശമിരിക്കുന്നതും അവൻ സ്വവസ്തുവിനെ സ്വതന്ത്രമായി അനുഭവിക്കുന്നതുമല്ലയോ യുക്തിയുക്തമായിട്ടുള്ളത്? അവൻ നമ്മുടെ സുഖസൗകര്യങ്ങളെ ഗൗനിക്കാത്തതിനാൽ നമുക്ക് അവനോട് അതൃപ്തിയായി. അവന് അസൗകര്യമുണ്ടാക്കിത്തീർത്തതിനാൽ നമ്മെപ്പറ്റി ആവലാതിപറയുന്നതിന് അവനല്ലയോ കൂടുതൽ കാരണം? ഏതെങ്കിലും ഒരു കൃത്യത്തിൽ കൂടുതൽ പ്രതിപത്തി തോന്നുന്നെങ്കിൽ അതിനെമാത്രം സ്വീകരിച്ചുകൊണ്ട് ഇഷ്ടമില്ലാത്ത മറ്റുള്ളവയെ നാം അവഗണിക്കുന്നു. നമ്മുടെ ആശ്രിതരിൽ ഒരുവനോട് എ

ന്തെങ്കിലും കാരണവശാൽ നമുക്കു സ്വല്പം അതൃപ്തിതോ
ന്നിയെന്നിരിക്കട്ടെ; അപ്പോഠം, അവൻ ചെയ്യുന്നതൊക്കെ
അബദ്ധമായിട്ടത്രേ നാം ദർശിക്കുന്നതു്; അവന്റെമേൽ ശ
കാരവർഷം പൊഴിക്കുന്നതിനും, അവനിൽ കുറ്റം ആരോ
പിക്കുന്നതിനും നാം സവ്വദാ സന്നദ്ധരുമാണു്. നേരേമറിച്ചു്,
നമുക്കു്, ഇഷ്ടമുള്ളവർ എന്തു തെറ്റു ചെയ്താലും അതിൽ
നാം ഒഴിവുകഴിവുകൾ കണ്ടെത്താതിരിക്കയില്ല. ശാരീരിക
മായ ചില ന്യൂനതകൾ ഉണ്ടെന്ന കാരണത്താൽ സുശീലനാ
യ ഒരു കുട്ടിയോടു് അവജ്ഞ പ്രദർശിപ്പിക്കുന്ന മാതാപിതാ
ക്കന്മാർ ഇല്ലാതില്ല. അവന്റെ സഹോദരൻ ദുശ്ശീലനും എ
ന്നാൽ സുന്ദരനും ആയിരുന്നാൽപ്പോലും അവർ കൂടുതൽ പ്ര
തിപത്തി പ്രദർശിപ്പിക്കുന്നതു് അവനോടായിരിക്കും. ഇതി
ന തുല്യമാണു്, സുകൃതികളായ ദരിദ്രരെ അവഗണിച്ചുകൊ
ണ്ടു ദുഷ്കൃതികളായ വലിയവരെ വിലമതിക്കുന്നതും വസ്ത്രാ
ദിദൃഷ്ടണങ്ങളാൽ മോടിയായി അലംകൃതരായിരിക്കുന്നവ
രെ കൂടുതൽ ബഹുമാനിക്കുന്നതും. നമ്മുടെ അവകാ
ശങ്ങളെ സ്ഥാപിക്കുവാൻ നാം നിർബന്ധബുദ്ധി പ്രകടിപ്പി
ക്കുന്നു. എന്നാൽ, അന്യർ തങ്ങളുടെ അവകാശങ്ങളെ പരി
രക്ഷിക്കുന്നതിൽ ദാക്ഷിണ്യം പ്രദർശിപ്പിക്കേണമെന്നു നാം
ആവശ്യപ്പെടുന്നു. നമ്മുടെ കുലീനതയെ സംരക്ഷിക്കുന്നതിൽ
നാം ശ്രദ്ധാലുക്കളത്രേ. പക്ഷേ, അന്യർ ഇക്കാര്യത്തിൽ കൂട
തൽ വിനയവും അനുകമ്പയും ഉള്ളവരായിരിക്കണമെന്നാണു
നമ്മുടെ ശാഠ്യം. നമ്മുടെ അയല്ക്കാരനെപ്പറ്റി ആവലാതി
പറയുന്നതിനു നാം സന്നദ്ധരാണു്; എന്നാൽ, ഒരുവൻ ന
മ്മെപ്പറ്റി ആവലാതി പറയുന്നതു നമുക്കു രസിക്കുന്നില്ല.
നാം അന്യർക്കുവേണ്ടി ചെയ്യുന്നവയെ വളരെ കാര്യമായി
ക്കരുതുന്നു; അവർ നമുക്കായിച്ചെയ്യുന്നവയെപ്പറ്റി ചിന്തിക്കു
ന്നേ ഇല്ല. സംക്ഷിപ്തമായിപ്പറഞ്ഞാൽ, നാം, പഫ്ളഗോ
നിയാ (Paphlagonia) യിലേ രണ്ടു ചങ്കുള്ള കാടപ്പക്ഷികൾ

ക്ക സഭ്യരാണ്. എന്തുകൊണ്ടെന്നാൽ, നമ്മോടുതന്നെ ദയയും മര്യാദയും പ്രദർശിപ്പിക്കുന്ന ഒന്നും, അന്യരോടു ക്രൂരതയും കാർക്കശ്യവും പ്രകടിപ്പിക്കുന്ന മറെറാന്നും, ഇങ്ങനെ രണ്ടു ഹൃദയം നമുക്കുണ്ട്. നമ്മെ സംബന്ധിക്കുന്നതെല്ലാം കഴിയുന്നത്ര ലാഭത്തോടുകൂടിയും അന്യരെ ബാധിക്കുന്നതെല്ലാം നഷ്ടസഹിതവും അളക്കുന്നതിനുള്ള ഒരു അളവുതോതത്രേ നമ്മുടെ കൈവശമുള്ളത്. "ചതിവുനിറഞ്ഞ അധരങ്ങളും രണ്ടുഹൃദയത്തോടെ സംസാരിക്കുന്നു"വെന്നും, വാങ്ങിക്കുന്നതിനു ഘനംകൂടിയ തൂക്കവും കൊടുക്കുന്നതിനു ഘനം കുറഞ്ഞ തൂക്കവും ഉപയോഗിക്കുന്നതു ദൈവസന്നിധിയിൽ കുറെകുരമാണ്" എന്നും വി. ലിഖിതങ്ങൾ പ്രഘോഷിക്കുന്നു.

ഭക്തരാത്മാവേ! നീ എല്ലായ്പോഴും നീതിയും ന്യായവും മുൻനിറുത്തി പ്രവർത്തിക്കുക. നിന്റെ സ്ഥാനത്തു് അന്യരെയും അന്യരുടെ സ്ഥാനത്തു നിന്നോയും സങ്കല്പിക്കുക. എന്നാൽ, നീ സാഹസമായി വിധിക്കുകയില്ല. വാങ്ങിക്കുമ്പോൾ വില്പനക്കാരനെപ്പോലെയും, വില്ക്കുമ്പോൾ വാങ്ങിക്കുന്നവനെപ്പോലെയും വർത്തിക്കുന്നതായാൽ നിന്റെ ക്രയവിക്രയം നീതിപരമായിരിക്കും. മുകളിൽ പ്രസ്താവിച്ചതരത്തിലുള്ള അന്യായപ്രവൃത്തികൾക്കു പരിഹാരം ചെയ്യേണ്ട ആവശ്യമില്ല; അവ നിസ്സാരങ്ങളാണ്. സത്യസന്ധതയുടെ പരിധിയെ നാം ലംഘിക്കുന്നില്ല എന്നതു വാസ്തവംതന്നെ. എങ്കിലും, അതിന്റെ വക്കത്തുവരെ വന്നുകൊണ്ടാണു നാം നമ്മുടെ അവകാശങ്ങൾ കരസ്ഥമാക്കുന്നതു്. അതിനാൽ, അവയെ തിരുത്തേണ്ടതു് അത്യാവശ്യകമാണ്. അവ യുക്തിക്കും ക്രിസ്തീയസ്നേഹത്തിനും എതിരായ ചതിപ്രയോഗങ്ങളത്രേ.

ഉദാരമായും ഉത്തമമായും ഉപചാരപരമായും ജീവിക്കുന്നതുകൊണ്ടു് എന്തു നഷ്ടമാണുണ്ടാവുക? ഇതല്ലയോ ആത്മാഭിമാനത്തിന്റെയും മഹാമനസ്കതയുടേയും ലക്ഷണം? നിന്റെ

മനസ്സാക്ഷിയെ നന്നായി പരിശോധിക്കുക. അപരനിൽനിന്നു നീ പ്രതീക്ഷിക്കുന്ന ആ ഔദാര്യം അയാളോടു നീ പ്രദർശിപ്പിക്കുന്നുണ്ടോ? പ്രജകൾ യഥേഷ്ടം തന്നെ സമീപിക്കുന്നതിനു ടാജൻ ചക്രവർത്തി അനുമതി നല്കിയതിനാൽ സ്നേഹിതന്മാർ അദ്ദേഹത്തെ കുറപ്പെടുത്തി. "ഞാൻ പ്രജകളിൽ ഒരുവനായിരുന്നുവെങ്കിൽ, ചക്രവർത്തി എന്നോടു് എപ്രകാരം വർത്തിക്കണമെന്നു ഞാൻ ആഗ്രഹിക്കുമായിരുന്നുവോ അപ്രകാരം ഞാൻ അവരോടു വർത്തിക്കുന്നതിനു ശ്രമിക്കേണ്ടയോ?" എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

മുപ്പത്തേഴാം അധ്യായം

മനുഷ്യന്റെ അഭിലാഷങ്ങൾ

പാപകരങ്ങളായ ആഗ്രഹങ്ങളെ പരിത്യജിക്കണമെന്നു് എല്ലാവർക്കും അറിയാം. ദുഷ്ടമായവയോടുള്ള ആഗ്രഹം തന്നെ നമ്മെ ദുഷിപ്പിക്കുന്നു. അമിതമായ വിനോദങ്ങൾ, ബഹുമതികൾ, ഉദ്യോഗങ്ങൾ, ആനന്ദപാരവശ്യങ്ങൾ മുതലായി ആത്മാവിനു് അപൽക്കരമായ യാതൊന്നിനേയും ആഗ്രഹിച്ചുകൂടാ. എന്തുകൊണ്ടെന്നാൽ, ഇവയിലെല്ലാം വ്യർത്ഥസന്തോഷവും വഞ്ചനയും മറഞ്ഞു കിടപ്പുണ്ടു്. വിദൂരഭാവിയിൽ സംഭവിക്കാവുന്നവയെ അത്യാശയോടെ പ്രതീക്ഷിച്ചുകൊണ്ടു സമയം വൃഥാ വ്യയം ചെയ്യുന്നതും അനുവദനീയമല്ല. അതു പലപ്പോഴും മനസ്സിനെ വ്യതിചലിപ്പിക്കുകയും ക്ഷീണിപ്പിക്കുകയും അസഹ്യപ്പെടുത്തുകയുമത്രേ ചെയ്യുന്നതു്. തന്മൂലം, നമ്മുടെ ജീവിതം അസമാധാനപരമായിത്തീരുന്നതിൽ വിസ്മയിപ്പാനില്ലല്ലോ. ഒരു യുവാവു് തല്ക്കാലം

അലഭ്യമായ ഒരു ഉദ്യോഗം ആകാംക്ഷിക്കുന്നുവെങ്കിൽ, അയാളുടെ ആകാംക്ഷകൊണ്ടു് എന്തു ഫലം? വിവാഹിതയായ ഒരു സ്ത്രീ സന്ന്യാസജീവിതം അനുഷ്ഠിക്കണമെന്നു് ആഗ്രഹിക്കുന്നുവെങ്കിൽ, അവളുടെ ആഗ്രഹംകൊണ്ടു് എന്തു പ്രയോജനം? എന്റെ അയല്ക്കാരനു വില്ക്കുവാൻ മനസ്സില്ലാത്ത ഒരു വസ്തു വാങ്ങിക്കണമെന്നു ഞാൻ അഭിലഷിക്കുന്നുവെങ്കിൽ, സമയം വ്യർത്ഥാഭിലാഷത്താൽ ദുരുപയോഗിക്കുകയല്ലയോ ഞാൻ ചെയ്യുന്നതു്? ഞാൻ രോഗബാധിതനായിരിക്കുമ്പോൾ, സമുദായസേവനം ചെയ്യുന്നതിനോ, സുവിശേഷം പ്രസംഗിക്കുന്നതിനോ, രോഗികളെ സന്ദർശിക്കുന്നതിനോ, ശരീരസൗഖ്യമുള്ളവരുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനോ ഉള്ള അഭിവാഞ്ഛ ജനിക്കുന്നതായാൽ, ഇതിനെ പ്രവൃത്തിപരമാക്കിത്തീർക്കുന്നതിനു ഞാൻ അശക്തനായതുകൊണ്ടു് എന്റെ അഭിവാഞ്ഛ ഉപയോഗശൂന്യമല്ലയോ? എനിക്കു് അവശ്യം ഉണ്ടായിരിക്കേണ്ട ആഗ്രഹങ്ങളെ ഈ വ്യർത്ഥാഭിലാഷങ്ങൾ തടയുന്നു. എന്റെ ദുഃഖങ്ങളിൽ ക്ഷമയും അനുസരണവും ആത്മസംയമനവും ശാന്തതയും ഞാൻ പ്രദർശിപ്പിക്കണമെന്നതു് ദൈവഹിതം. ഈ വിചാരമാണു് അപ്പോൾ എനിക്കുണ്ടായിരിക്കേണ്ടതു്. വർഷകാലത്തു ലഭ്യമല്ലാത്ത ഫലങ്ങളേയും, വസന്തകാലത്തു കിട്ടാത്ത പുതിയ മുന്തിരിപ്പഴങ്ങളേയും ആവശ്യപ്പെടുന്ന തർജ്ജിനികളുടെ വ്യർത്ഥാഭിലാഷങ്ങൾക്കു സദൃശമാണു നമ്മുടെ അവിവേകപൂർവ്വകമായ ഈ ആഗ്രഹങ്ങൾ.

പ്രത്യേക ദൈവവിളിയുള്ള ഒരു മനുഷ്യൻ അതിന്റെ സാഹചര്യങ്ങൾക്കു് അനുയോജ്യമല്ലാത്ത ഒരു ജീവിതരീതിയെ കാംക്ഷിക്കരുതു്. എന്തുകൊണ്ടെന്നാൽ, ഏതാട്ടശമായ സ്വാതന്ത്ര്യം മനസ്സിനെ ഭ്രമിപ്പിച്ചു്, കൃത്യനിർവ്വഹണത്തിനു് അതിനെ അശക്തമാക്കിത്തീർക്കുന്നു. ഞാൻ 'കർത്തൃസ്വൻ' സന്ന്യാസികളുടെ ഏകാന്തവാസത്തെ അഭിലഷിക്ക

ന്നുവെങ്കിൽ എന്റെ സമയം പാഴാക്കുകയല്ലയോ ചെയ്യുന്നതു്. തട്ടപ്പാരാ എന്റെ ചുമതലകൾ തെറ്റിയായി നിർവ്വഹിക്കണം എന്നുള്ള ന്യായ്യമായ ആഗ്രഹത്തിനു് ഇതൊരു വിഘാതവുമാണു്. സപ്രശക്തിയിൽക്കവിഞ്ഞ പ്രവൃത്തികൾ ചെയ്യണമെന്നുള്ള ആഗ്രഹം വ്യർത്ഥമെന്നു മാത്രമല്ല, അതു നമ്മുടെ കൃത്യനിർവ്വഹണത്തിനു വിഘ്നംവരുത്തുകയും ചെയ്യുന്നു. ദൈവത്തെ ശുശ്രൂഷിക്കുന്നതിനു ഉത്സാഹകമായ മാർഗ്ഗങ്ങൾ അന്വേഷിക്കേണ്ടതില്ല. നമുക്കു ലഭിക്കുന്നവയെ വേണ്ടവിധം വിനിയോഗിച്ചാൽമാത്രംമതി. മനസ്സിനെ നിരന്തരം വ്യാപരിപ്പിക്കുന്ന അഭിലാഷങ്ങളെപ്പറ്റിമാത്രമേ ഞാൻ ഇവിടെപ്പറയുന്നുള്ളു. സാധാരണാഭിലാഷങ്ങൾ, അവ തഴക്കമായിത്തീരാതിരിക്കുന്നിടത്തോളം കാലം ഉപദ്രവകരമല്ല. നമുക്കു ലഭിച്ച കുറ്റങ്ങളെ ക്ഷമാപൂർവ്വം വഹിച്ചിട്ടില്ലെങ്കിൽ അവയെ മേലിൽ ആഗ്രഹിക്കരുതു്. പരുഷമായ ഒരു വാക്കിനെ സമചിത്തതയോടെ സഹിക്കുവാൻ നമുക്കു ധൈര്യമില്ലെങ്കിൽ, രക്തസാക്ഷിത്വത്തെ കാംക്ഷിക്കുന്നതു തികച്ചും ഒരബദ്ധമല്ലയോ? അസംഖ്യങ്ങളായ ഭാവികാര്യങ്ങളെക്കുറിച്ചുള്ള ചിന്ത ശത്രു പലപ്പോഴും നമ്മിൽ ഉൽപാദിപ്പിക്കുന്നുണ്ടു്. എത്ര നിസ്സാരങ്ങളായാലും, അനല്പമായ ഗുണം പ്രദാനംചെയ്യത്തക്കതാൽ കാലികസാഹചര്യങ്ങളെക്കുറിച്ചുള്ള ചിന്തയിൽനിന്നു നമ്മുടെ മനസ്സിനെ വ്യതിചലിപ്പിക്കുന്നതിനു ഉത്സാഹരൂപി ചെയ്യുന്ന വിദ്യയാണിതു്. ഭാവനാലോകത്തിൽ വ്യാപരിച്ചു്, ആഫ്രിക്കായിലേ രാക്ഷസന്മാരുമായി നാം യുദ്ധംചെയ്യുന്നു. എന്നാൽ, നാം നടക്കുന്ന വഴിയിലുള്ള ഇഴജന്തുക്കൾ മുതലായ ചെറുജീവികളാൽ നാം ഛിന്നഭിന്നപ്പെടുന്നതിനു നമ്മുടെ അശ്രദ്ധ കാരണമായിത്തീരുന്നതു നാം അറിയുന്നതേയില്ല.

പ്രലോഭനങ്ങളെ ഒരിക്കലും ആകാംക്ഷിക്കരുതു്. അങ്ങനെ ചെയ്യുന്നതു് ഔദ്ധത്യവും അവിവേകവുമാകുന്നു. പ്ര

തൃത, സമാ അവയെ കാത്തിരിക്കുന്നതിനും ആഗതമാകുമ്പോൾ ധൈര്യപൂർവ്വം അവയെ അഭിമുഖീകരിക്കുന്നതിനും നിന്റെ ഹൃദയത്തെ സജ്ജീകരിക്കുക. ക്ഷണത്തിന്റെ വൈപരീത്യവും അമിതത്വവും വയറ്റിൽ അസുഖം ഉളവാക്കുകയും, ദഹനേന്ദ്രിയങ്ങൾ ബലഹീനങ്ങളെങ്കിൽ, അവയെ ക്ഷയിപ്പിക്കയും ചെയ്യുന്നു. ആത്മാവിനു നാശകാരണമായേക്കാവുന്ന പ്രാപഞ്ചികാഗ്രഹങ്ങളാലോ, നമുക്ക് ഒരു ഭാരമായിത്തീർന്നേക്കാവുന്ന പാരത്രികാഗ്രഹങ്ങളാൽത്തന്നെയോ നമ്മുടെ ആത്മാവിനെ പീഡിപ്പിക്കുന്നതു നന്നല്ല. ആത്മാവു ശുചീകരിക്കപ്പെടുകയും ദുരാഗ്രഹങ്ങളിൽനിന്നു സ്വതന്ത്രയാക്കപ്പെടുകയും ചെയ്യുമ്പോൾ, അതിന് ആത്മികകാര്യങ്ങളെക്കുറിച്ച് ഉഗ്രമായ തൃഷ്ണ തോന്നുകയും, ആത്മസംയമനം, ശാന്തത, ഉപവി, പ്രാർത്ഥന മുതലായ കേതകൃത്യങ്ങളിൽ വ്യാപൃതയാകുന്നതിന് ആഗ്രഹിക്കുകയും ചെയ്യുന്നു. ഏതാട്ടമായ അഭിരുചി ഒരു നല്ല ലക്ഷണമാണ്. എന്നാൽ, ഭക്ഷിക്കുന്നതെല്ലാം ദഹിച്ചു ദേഹത്തോടു ചേരത്തക്കവണ്ണമുള്ള ദഹനശക്തി നിനക്കുണ്ടായിരിക്കണം. ആത്മീയപിതാവിന്റെ സഹായത്തോടുകൂടെ നിനക്ക് ഏറ്റവും യോജ്യമായ സുകൃതാഭ്യസനങ്ങളെ തിരഞ്ഞെടുക്കുക. ഇങ്ങനെ ചെയ്യുന്നതായാൽ, ആവശ്യകങ്ങളായവയെ തക്കസമയത്തു ദൈവം നിനക്കു പ്രദാനംചെയ്യും. തല്പരാ സമയം ഫലവത്താക്കിത്തീർക്കുന്നതിനു നിനക്കു സാധിക്കുകയും ചെയ്യും. നല്ല ആഗ്രഹങ്ങളെ ശരിയായി നിയന്ത്രിക്കണമെന്നല്ലാതെ അവയെ ഒന്നാകെ തിരസ്കരിക്കണമെന്നു ഞാൻ ആവശ്യപ്പെട്ടുന്നില്ല. ഇപ്പോൾ പ്രായോഗികമായവയെ പ്രവൃത്തിയിൽ വരുത്തുക; ശേഷിച്ചവയെ യഥാവസരം അഭ്യസിക്കേണ്ടതിനായി ദൈവം നിനക്കു പിന്നീടു പ്രദാനംചെയ്യും. ആത്മീയങ്ങളെന്നപോലെ ലൗകികങ്ങളായ ആഗ്രഹങ്ങളെപ്പറ്റിയും ഇതുതന്നെയാണ് എന്റെ ഉപദേശം. എന്തുകൊണ്ടെന്നാൽ, സമാ

ധാനത്തോടും ഏകാഗ്രചിന്തയോടുംകൂടെ വർത്തിക്കുന്നതിനു ഏകമാർഗ്ഗം ഇതാകുന്നു.

മുപ്പത്തെട്ടാം അധ്യായം

വിവാഹിതർക്കുള്ള ഉപദേശം

"വിവാഹം ഒരു വലിയ രഹസ്യമാകുന്നു. ഞാൻ ക്രിസ്തുവിനേയും തിരുസ്സഭയേടേയും നാമത്തിൽ സംസാരിക്കുന്നു." ഇതു് എല്ലാവർക്കും, എല്ലാ പരിതഃസ്ഥിതികളിലുമുള്ളവർക്കും, എല്ലാവിധത്തിലും അഭിമാനകരമത്രേ. എല്ലാവർക്കും: എന്തുകൊണ്ടെന്നാൽ, അവിവാഹിതർ ഇതിനെ വിനയപൂർവ്വം ബഹുമാനിക്കുന്നു. എല്ലാ പരിതഃസ്ഥിതിയിലുമുള്ളവർക്കും: കാരണം, ധനവാനെന്നപോലെ ദരിദ്രനും ഇതു ദിവ്യമായ ഒന്നാകുന്നു. എല്ലാവിധത്തിലും: എന്തുകൊണ്ടെന്നാൽ, ഇതിന്റെ സ്ഥാപനവും ലക്ഷ്യവും ഉദ്ദേശ്യവും രൂപവും വസ്തുവും എല്ലാം വിശുദ്ധമാകുന്നു. ഇതു്, മോക്ഷാനന്ദം അനുഭവിക്കുന്നതിനു തിരഞ്ഞെടുക്കപ്പെട്ടവരുടെ സംഖ്യ പരിപൂർത്തിയാക്കുന്നതിനായി ലോകം മുഴുവൻ വിശ്വാസികളെക്കൊണ്ടു നിറയ്ക്കുന്ന ഒരു ക്രിസ്തീയപൂവാടിയാകുന്നു. പൊതുനന്മയ്ക്കു് ഏക നിദാനമായ വിവാഹത്തിന്റെ പരിപാവനതത്ത്വത്തെ അമാംഷനീയമായിപ്പരിരക്ഷിക്കേണ്ടതു സാമുദായികാഭിവൃദ്ധിക്കു് അത്യന്താപേക്ഷിതമത്രേ. കാനായിലേ വിവാഹവിരുന്നിലെന്നതുപോലെ, എല്ലാ വിവാഹാഘോഷങ്ങളിലും നമ്മുടെ കർത്താവും ക്ഷണിക്കപ്പെട്ടിരുന്നുവെങ്കിൽ, സമാധാനവും അനുഗ്രഹവുമാകുന്ന വീഞ്ഞു് ഒരിക്കലും തികയാതെ വരികയില്ലായിരുന്നു. ഈ വീഞ്ഞു് ഇത്ര ദുർബ്ബലമാകുന്നതിനുള്ള കാരണം മിശിഹായുടെ പകരം അഡോണിസ് എന്ന ദേവനും

ദൈവജനനിക്ക പകരം അയാളുടെ കാമിനിയായ വീനസ്സും ക്ഷണിക്കപ്പെട്ടിരിക്കുന്നുവെന്നുള്ളതാണ്. യാക്കോബിന്റെ ആട്ടകളെപ്പോലെ വണ്ണഭംഗിയുള്ളവയെ കിട്ടണമെന്ന അഗ്രഹമുള്ളവർ, അവയുടെ സംയോഗാവസരത്തിൽ അദ്ദേഹം ചെയ്തതുപോലെ അവയുടെ മുൻപിൽ വിവിധവണ്ണമുള്ള കമ്പുകൾ വയ്ക്കണം. വിവാഹജീവിതത്തിൽ ഐശ്വര്യമുണ്ടാകണമെങ്കിൽ, വിവാഹസമയത്തു ദമ്പതിമാരുടെ മുമ്പിൽ ഈ വിശുദ്ധ ക്രമാശയുടെ പരിപാവനതപവും ഉൽകൃഷ്ടതയും പ്രതിഷ്ഠിക്കപ്പെടണം. എന്നാൽ, ഈ സ്ഥാനത്തു് അനേകം അനാവശ്യാഡംബരങ്ങളും വിരുന്നുകളും സ്ഥലംപിടിക്കുന്നു. ഇപ്രകാരമുള്ള വിവാഹങ്ങളുടെ പരിതാപകരമായ ഫലത്തെക്കുറിച്ചു വിസ്മയിപ്പാനില്ല. എല്ലാറ്റിലും ഉപരിയായി വി. ലിഖിതങ്ങളിൽ പരിശുദ്ധാത്മാവു കല്പിക്കുന്നതുപോലെ, പരസ്പരസ്നേഹം പരിപാലിച്ചുകൊണ്ടുപോകണമെന്നു ഞാൻ വിവാഹിതരോടു് അഭ്യർത്ഥിക്കുന്നു. സ്വർഗ്ഗീയസ്നേഹത്തെ കായ്മായി ഗണിക്കുവാൻ പാടില്ല. ഇണചേരുന്ന നടക്കുന്ന പ്രാവുകളിൽപ്പോലും ഇതു ദൃശ്യമാണല്ലോ. വി. പൗലോസിന്റെ പ്രബോധനത്തെത്തന്നെ ഞാൻ അവർത്തിക്കുന്നു: "ഭർത്താക്കന്മാരേ, ക്രിസ്തു തന്റെ സഭയെ സ്നേഹിച്ചതുപോലെ നിങ്ങളും ഭാര്യമാരെ സ്നേഹിപ്പിൻ. ഭാര്യമാരേ, സഭ അതിന്റെ രക്ഷകനു് എന്നതുപോലെ നിങ്ങളും ഭർത്താക്കന്മാർക്ക് അധീനരായിരിപ്പിൻ."

ആദത്തിന്റെ പക്കലേക്കു ഹവ്വായെ ആനയിച്ചതും അവളെ അയാളുടെ ഭാര്യയാക്കിയതും ദൈവമാണു്. പ്രിയ സഹോദരരേ, ദൈവംതന്നെയാകുന്ന തന്റെ അളുശ്യകരങ്ങൾകൊണ്ടു നിങ്ങളെ പരസ്പരം യോജിപ്പിക്കുന്ന ആ ശൃംഖലയെ ഖണ്ഡിച്ചതു്. തന്നിമിത്തം, പരിശുദ്ധവും ദിവ്യവുമായ ഒരു പ്രേമം വളർത്തിക്കൊണ്ടുപോകുന്നതിൽ നിങ്ങൾ ബദ്ധശ്രദ്ധരായിരിക്കണം. ഈ പ്രേമത്തിന്റെ പ്രഥമഫലം നിങ്ങളുടെ

ഹൃദയങ്ങളുടെ അഭേദ്യമായ യോഗമാകുന്നു. രണ്ടു മരക്ഷണങ്ങളും തമ്മിൽ ശരിയായി യോജിപ്പിക്കുന്നതായാൽ, ഖണ്ഡസ്ഥാനത്തു് അവയെ ഭേദിക്കുന്നതിനെക്കാൾ മറെറാരു സ്ഥാനത്തു് അവയെ വേർപെടുത്തുന്നതായിരിക്കും കൂടുതൽ എളുപ്പം. ഇപ്രകാരംതന്നെ ഭർത്താവും ഭാര്യയും തമ്മിൽ വേർപെടുന്നതിനെക്കാൾ ദേഹിയും ദേഹവും തമ്മിൽ വേർപെടുന്നതു കൂടുതൽ എളുപ്പമായിരിക്കത്തക്കവിധം ദൈവം അവരെ പരസ്പരം ബന്ധിക്കുന്നു. ഈ യോഗം ശരീരത്തിലെന്നതിനെക്കാൾ ഹൃദയത്തിലും, അതിന്റെ സ്നേഹത്തിലും വികാരങ്ങളിലുമാകുന്നു അന്തർലീനമായിരിക്കുന്നതു്.

അലംഘനീയമായ വിശ്വസ്തതയാകുന്നു ഈ സ്നേഹത്തിന്റെ ദ്വിതീയഫലം. വി. ലിഖിതങ്ങൾ സാക്ഷിക്കുന്നതുപോലെ, പുരാതനകാലങ്ങളിൽ ഒരുവന്റെ മുമ്പ അയാൾ ധരിക്കുന്ന മോതിരത്തിന്മേൽ കൊത്തുക പതിവായിരുന്നു. ഇതുതന്നെയാകുന്നു വിവാഹകർമ്മത്തിന്റേയും അർത്ഥം. തിരുസ്സഭ തന്റെ പുരോഹിതൻ മുഖേന ഒരു മോതിരം വാഴ്ത്തി മണവാളനു കൊടുക്കുന്നു; ഇപ്രകാരം, മാർപ്പു ജീവിച്ചിരിക്കുന്നിടത്തോളം കാലം അവർക്കല്ലാതെ മറാർക്കും അവന്റെ ഹൃദയത്തെ കൊടുക്കുവാൻ പാടില്ലാത്തവിധം ഈ വി. ക്രമം മൂലം അവന്റെ ഹൃദയത്തെ മുദ്രണം ചെയ്യുന്നു. അനന്തരം, വരൻ വധുവിന്റെ വിരലിൽ മോതിരമിടുന്നു. ക്രിസ്തു നല്കിയ പുരുഷനല്ലാതെ വേറൊരാൾക്കും അവളുടെ ഹൃദയത്തെ പ്രദാനം ചെയ്യുവാൻ പാടില്ലെന്നു് അവളെ പ്രബോധിപ്പിക്കുന്നതിനത്രേ ഇങ്ങനെ ചെയ്യുന്നതു്.

വിവാഹത്തിന്റെ തൃതീയാംശം സന്താനങ്ങളുടെ ഉൽപാദനവും അവരുടെ വിദ്യാഭ്യാസവുമാകുന്നു. അല്ലയോ, ഭാര്യാഭർത്താക്കന്മാരേ, ദൈവത്തെ അനവരതം സ്തുതിക്കുന്നതിനും മഹത്വപ്പെടുത്തുന്നതിനുമായി അവിടുന്നു സൃഷ്ടിക്കുന്ന ആത്മാക്കളെ സ്വീകരിക്കുവാനുള്ള ശരീരങ്ങളുടെ ഉൽപാദന

കൃത്യം നിങ്ങളുടേതാണ്. ഈ മഹൽകൃത്യത്തിൽ നിങ്ങളും ദൈവത്തിന്റെ സഹപ്രവർത്തകരായിത്തീരുകയത്രേ ചെയ്യുന്നത്. ഇതെത്ര അഭിമാനകരം! അതിനാൽ, ഭർത്താക്കന്മാരേ, ഭാര്യമാരോടു നിങ്ങൾക്കുള്ള സ്നേഹം നിർമ്മലവും സുസ്ഥിരവും ഹൃദയംഗമവുമായിരിക്കട്ടെ. പുരുഷന്റെ ഹൃദ്യവും നിഷ്കളങ്കവുമായ പ്രേമത്തിനു സ്ത്രീ പാത്രീഭൂതയാണെന്നു കാട്ടുവാനായി, ഹവ്വാ ആദത്തിന്റെ ഹൃദയത്തോടു് ഏറ്റവും സമീപമായ ഭാഗത്തുനിന്നു് എടുക്കപ്പെട്ടു. ഭാര്യമാരുടെ കായികമോ മാനസികമോ ആയ ബലഹീനതകളും ന്യൂനതകളും നിമിത്തം അവരോടു നീരസമല്ല, പ്രത്യുത, സ്നേഹപൂർവ്വകമായ അനുകമ്പയത്രേ നിങ്ങൾ പ്രദർശിപ്പിക്കേണ്ടതു്. നിങ്ങൾക്കു കൂടുതൽ മഹത്വവും ബഹുമാനവും ഉണ്ടാകേണ്ടതിനു്, നിങ്ങളുടെ ആശ്രിതരായി സ്ത്രീകളെ ദൈവം സൃഷ്ടിച്ചിരിക്കുന്നു. അവരെ നിങ്ങളുടെ സഹധർമ്മിണികളായി അവിടുന്നു പ്രദാനം ചെയ്തിരിക്കുന്നുവെങ്കിലും, നിങ്ങൾ അവരുടെ നായകന്മാരാകുന്നു. ഭാര്യമാരേ, ദൈവം നിങ്ങൾക്കു തന്നിരിക്കുന്ന ഭർത്താക്കന്മാരെ നിഷ്കളങ്കമായും ഹാർദ്ദമായും സ്നേഹിക്കുക. അവരോടുള്ള നിങ്ങളുടെ സ്നേഹം വണക്കത്തോടും ബഹുമാനത്തോടുംകൂടിയതായിരിക്കണം. കൂടുതൽ ധീരതയും ഉൽകൃഷ്ടതയുമുള്ള ഒരു വർഗ്ഗമായി ദൈവം അവരെ തിരഞ്ഞെടുത്തു. മാത്രമല്ല, സ്ത്രീ പുരുഷനിൽ ആശ്രിതയായിരിക്കണമെന്നു് അവിടുന്നു നിർണ്ണയിച്ചു. സ്ത്രീ പുരുഷനു വിധേയയായിരിക്കണമെന്നു കാണിക്കുന്നതിനായി അവളെ അവന്റെ വാരിയെല്ലുകളിൽനിന്നു ദൈവം സൃഷ്ടിച്ചു. അതേ, അവർ അവന്റെ മാംസവും അസ്ഥിയുംതന്നെ. സ്ത്രീക്കു പുരുഷനോടുണ്ടായിരിക്കേണ്ട അനുസരണത്തെ വി. ലിഖിതങ്ങൾ സുവഹമാക്കിത്തീർക്കുകയും, അതിന്റെ ആവശ്യകതയെപ്പറ്റി നിഷ്കർഷാപൂർവ്വം നമ്മെ പ്രബോധിപ്പിക്കുകയും ചെയ്യുന്നു. ഭാര്യമാർ ഈ നുകം സന്തോഷത്തോടേ വഹിക്കണമെന്നുമാ

ത്രമല്ല, മേത്രാക്കന്മാർ തങ്ങളുടെ അധികാരം വിനയപൂർവം പ്രയോഗിക്കണമെന്നും വേദപുസ്തകം നിർദ്ദേശിക്കുന്നുണ്ട്. "മേത്രാക്കന്മാരേ, നിങ്ങളുടെ ജോലിക്കാരെ കൂടുതൽ ദുർബലമായ ഒരു പാത്രമെന്നോണം ബഹുമാനിക്കുകയും അനുകമ്പാപൂർവം അവരോടു വർത്തിക്കുകയും ചെയ്യുവിൻ" എന്നു വി. പത്രോസ് ശ്ലീഹാ പറയുന്നതു ശ്രവിച്ചാലും!

ഈ പരസ്പരസ്നേഹത്തെ പരിപോഷിപ്പിക്കുന്നതിനു നിങ്ങളെ ഞാൻ ഉദ്ബോധിപ്പിക്കുന്നു. പക്ഷേ, നിങ്ങളുടെ സ്നേഹം അടിസ്ഥാനരഹിതമായ സംശയത്തിനു കാരണമായി ക്ഷോഭിക്കാതിരിക്കുന്നതിനു നിങ്ങൾ ഉൽസുകരായിരിക്കണം. നന്നായിപ്പഴത്തതും കമനീയവുമായ പഴങ്ങളിൽ പുഴു പ്രവേശിക്കുന്നതുപോലെ നിഷ്കപടമായ പ്രേമത്താൽ ബന്ധിക്കപ്പെട്ടിരിക്കുന്ന ഹൃദയങ്ങളിൽപ്പോലും വ്യർത്ഥസംശയം സ്ഥലംപിടിക്കുകയും, സ്നേഹശൃംഖലയെ അതു ദുർബലമാക്കുകയും ചെയ്യുന്നു. മാത്രമല്ല, ദുർഗ്രഹത്തിനും കലഹത്തിനും വേർപാടിനും ഈ സംശയം കാരണമാകുന്നു. യഥാർത്ഥമായ പുണ്യത്തിലാകുന്ന പ്രേമം വേരുറച്ചിരിക്കുന്നതെങ്കിൽ, ഇങ്ങനെയുള്ള സംശയത്തിനു സ്ഥാനമില്ല. ദുർബലവും അസ്ഥിരവും വിശ്വാസരഹിതവുമായ അനുരാഗത്തിൽ നിന്നു സംജാതമാകുന്ന ജഡികസ്നേഹത്തിന്റെ ഉത്തമലക്ഷ്യമാകുന്നു സംശയം. ദോഷത്തെക്കുറിച്ചു്, അഥവാ മേത്രാവിനെക്കുറിച്ചുള്ള സംശയം സ്നേഹത്തെ യാതൊരു വിധവും വർദ്ധിപ്പിക്കുന്നില്ല. സ്നേഹത്തിന്റെ മാഹാത്മ്യത്തെ പ്രത്യക്ഷമാക്കിയേക്കാമെങ്കിലും, അതു നല്ലതും ശുദ്ധവും പരിപൂർണ്ണവുമാണെന്നു സിദ്ധിക്കുന്നില്ല. കാരണം, സ്നേഹപൂർണ്ണത സ്നേഹിക്കപ്പെടുന്ന വസ്തുവിലുള്ള ഉത്തമവിശ്വാസത്തെ വെളിവാക്കുന്നു. സംശയമോ എന്നാൽ, അവിശ്വാസത്തെയത്രേ പ്രസ്പഷ്ടമാക്കുന്നതു്.

നിങ്ങളുടെ ഭാര്യമാർ വിശ്വസ്തരായിരിക്കണമെങ്കിൽ നിങ്ങൾ വിശ്വസ്തതയുടേയും ശുദ്ധതയുടേയും മാതൃകയായിരിക്കുക. "നിങ്ങൾ ചാരിത്രശുദ്ധിയില്ലാത്തവരെങ്കിൽ, നിങ്ങളുടെ ഭാര്യമാരുടെ പാതിവ്രത്യത്തിൽ നിഷ്കർഷ പ്രദർശിപ്പിക്കുന്നതിനു നിങ്ങൾക്ക് എന്തവകാശം?" എന്നു വി. ഗ്രിഗരി നസിയാൻസൻ പറഞ്ഞിരിക്കുന്നതു ശ്രദ്ധേയമത്രേ. നിങ്ങളുടെ ഭാര്യമാർ പതിവ്രതകളായിരിക്കണമോ? ആദ്യമായി, നിങ്ങൾതന്നെ ചാരിത്രശുദ്ധിയുള്ളവരായിരിക്കുവിൻ. വിശ്വാസവഞ്ചകന്മാരായ നിങ്ങളോട് അവർ അവിശ്വസ്തത പ്രദർശിപ്പിക്കുന്നതിൽ ഒട്ടും വിസ്മയിപ്പാനില്ല. ഭാര്യമാരേ, നിങ്ങൾ മുൻകരുതലുള്ളവരായിരുന്നാലും! നിങ്ങളുടെ സൽക്കീർത്തിക്കു ഹാനികരമായ നിസ്സാര സംഗതികളിൽപ്പോലും നിങ്ങൾ ശ്രദ്ധാലുക്കളായിരിക്കണം. സ്ത്രീകൾ എല്ലാക്കാലങ്ങളിലും കാതുകളിൽ ആഭരണം ധരിക്കുക പതിവായിരുന്നു. ആഭരണങ്ങൾ തമ്മിൽ കൂട്ടിയടിക്കുമ്പോൾ ഉണ്ടാകുന്ന "കിലുകില"സ്വരത്തിന്റെ ശ്രവണസുഖം അനുഭവിക്കുന്നതിനത്രേ അവർ അപ്രകാരം ചെയ്തിരുന്നതെന്നു പ്ലീനി പ്രസ്താവിക്കുന്നു. ദൈവത്തിന്റെ വിശ്വസ്തദാസനായ ഇസഹാക്ക്, തന്റെ പ്രേമത്തിന്റെ പ്രഥമലക്ഷ്യമായി കണ്ണാഭരണങ്ങൾ റിബേക്കായ്ക്ക് അയച്ചുകൊടുത്തതോർക്കുമ്പോൾ അതിന്റെ ആധ്യാത്മികവശത്തെപ്പറ്റിയുള്ള ചിന്തയാണ് എന്നിൽ ഉളവാകുന്നതു്. അതായതു്, വിശ്വസ്തയായ ഒരു ഭാര്യത്താവിനോടുള്ള പ്രേമത്തിന്റെ അടയാളമായി തന്റെ കണ്ണുകളെ അശുദ്ധവും അനാവശ്യകവുമായ ശ്രവണങ്ങളിൽ നിന്നു പരിരക്ഷിക്കേണ്ടതാണ്. വിഷം വായിൽക്കൂടി ശരീരത്തിൽ വ്യാപിക്കുന്നതുപോലെ, ചെവികളിൽക്കൂടെ ആത്മാവിലും പ്രവേശിക്കുന്നുവെന്നു നാം മനസ്സിലാക്കണം.

സ്നേഹം പരസ്പരവിശ്വാസത്തെ ഉളവാക്കുന്നു. ഇക്കാരണത്താലത്രേ വിവാഹജീവിതത്തെ ആശ്ലേഷിച്ചിരുന്ന വിശു

ജാതമാക്കുവാൻ പ്രേമസൂചകങ്ങളായ പ്രവൃത്തികളും പരസ്പരം അനുഷ്ഠിച്ചുവന്നിരുന്നതു്. എന്നാൽ, അവരുടെ സ്നേഹപ്രകടനങ്ങളും പരിശുദ്ധവും നിഷ്കപടവുമായിരുന്നു. ഇസബാക്കിന്റെയും സഖേക്കായുടേയും ദാമ്പത്യാനുഷ്ഠാനങ്ങളും അബിമെലെക്കിനെ ആകർഷിക്കുകയും, അവർ യഥാർത്ഥദമ്പതികളെന്നു് അയാളും മനസ്സിലാക്കുകയും ചെയ്തുവല്ലോ. ഇപ്രകാരംതന്നെ, മഹാനായ വി. ലൂയീസിനു തന്റെ പ്രേമഭാജനത്തോടുണ്ടായിരുന്ന സ്നേഹവും വാത്സല്യവും അന്യാദൃശമായിരുന്നു.

ജനിക്കുന്നതിനു മുമ്പുതന്നെ, വി. ഫ്രഞ്ചസ്കീനോസിനെ, അദ്ദേഹത്തിന്റെ മാതാവായ മോനിക്കാ, ദൈവശുശ്രൂഷയ്ക്കായി സമർപ്പിച്ചിരുന്നുവെന്നു് അദ്ദേഹംതന്നെ രേഖപ്പെടുത്തുന്നു. സകല ക്രിസ്തീയമാതാക്കൾക്കും ഇതു മാതൃകയായിരിക്കട്ടെ. അവരുടെ ഉദരഫലങ്ങളായ സന്താനങ്ങളെ ദൈവത്തിനു സമർപ്പിക്കുന്നതു് അവിടുത്തേയ്ക്കു് ഏറ്റവും ആനന്ദപ്രദംതന്നെ. എന്തുകൊണ്ടെന്നാൽ, ഒരു വിനീതഹൃദയം സപ്രമനസാ സമർപ്പിക്കുന്ന ബലി ദൈവം സന്തോഷപൂർവ്വം സ്വീകരിക്കുകയും, അതിന്റെ അഭിവൃദ്ധിക്കു് ഉപയുക്തമായ അനുഗ്രഹങ്ങൾ ധാരാളമായി നല്കുകയും ചെയ്യുന്നു. സാമുവേൽ, വി. തോമസ് അകിനാസ്, വി. അൻഡ്രയാഡി വി. ഫിസ്ഡെ തുടങ്ങിയവരുടെ ചരിത്രങ്ങളും ഇതിനു മതിയായ തെളിവുകളാകുന്നു.

വി. ബർണ്ണാർഡിന്റെ മാതാവു്, സ്വപുത്രന്മാരുടെ ജാതരായപ്പോൾ അവരെ ക്രിസ്തുവിനായി പ്രതിഷ്ഠിച്ചിരുന്നു. അനന്തരം, തന്റെ സംരക്ഷണത്തിനായി ദൈവത്താൽ പ്രദാനംചെയ്യപ്പെട്ട ഒരു നിക്ഷേപമെന്നപോലെയാണു് അവരെ അവർ വളർത്തിവന്നിരുന്നതു്. ഇപ്രകാരം, ബാല്യത്തിൽത്തന്നെ കുട്ടികളിൽ ദൈവസ്നേഹത്തിന്റെ ബീജങ്ങൾ അങ്കുരിപ്പിക്കുന്നതിനു മാതാപിതാക്കന്മാർ പ്രത്യേകം ശ്രദ്ധാലുക്കളായിരിക്കണം. ബ്ലാങ്കി (Blanche) മഹാരാ

ഞ്ഞി ഇക്കാര്യത്തിൽ ഉത്തമമാതാവിന്റെ ഒരു മാതൃകയാണ്. അവൾ പലപ്പോഴും പുത്രനോട് ഇപ്രകാരം പറഞ്ഞിരുന്നു: "പ്രിയ കുഞ്ഞേ, നീ ഒരു പാപം ചെയ്യ കാണുന്നതിനെക്കാൾ മൃതനായിക്കാണുന്നതിനാകുന്നു ഞാനാഗ്രഹിക്കുന്നതു്." പ്രസ്തുതവാക്കുകൾ രാജകുമാരന്റെ ഹൃദയത്തിൽ ഗാഢമായിപ്പതിഞ്ഞു. അദ്ദേഹം, ഗുണവതിയായ മാതാവിന്റെ ഉപദേശം അനുദിനം സ്മരിക്കുകയും അതനുസരിച്ചു ജീവിക്കുകയും ചെയ്തു. സമുദായങ്ങളേയും വംശങ്ങളേയും (Races & Generations) "കുടുംബങ്ങളെ"ന്നു നാം പ്രസംഗങ്ങളിലും മറ്റും പറയാറുണ്ടല്ലോ. സന്താനോല്പാദനത്തെ യഹൂദന്മാർ ഗൃഹനിർമ്മാണമെന്നാണു പറഞ്ഞിരുന്നതു്. എജീപ്തിലേ അടിമകൾ ദൈവത്തെ സ്നേഹിച്ചിരുന്നതിനാൽ, "അവിടുന്ന് അവർക്കു ഭവനങ്ങൾ പണിതുകൊടുത്തു" എന്നു വേദപുസ്തകത്തിൽ പ്രസ്താവിക്കുന്നതും ഈ അർത്ഥത്തിൽത്തന്നെയാകുന്നു. അതിനാൽ, ധനവും സമ്പത്തും വർദ്ധിപ്പിക്കുന്നതിലല്ല, പിന്നെയോ കുട്ടികളെ സന്മാർഗ്ഗപഥത്തിലൂടെ നയിച്ചു് അവക്കു ശരിയായ ശിക്ഷണം നല്കുന്നതിലത്രേ ഒരു കുടുംബത്തിന്റെ ഐശ്വര്യം അടങ്ങിയിരിക്കുന്നതെന്നു നാം ഓർക്കേണ്ടതാണ്. ഈ കാര്യസിദ്ധിക്കായി നാം എത്രമാത്രം പ്രയത്നിച്ചാലും അധികമാകുന്നതല്ല. എന്തുകൊണ്ടെന്നാൽ, സന്താനങ്ങൾ മാതാപിതാക്കന്മാരുടെ അഭിമാനസ്തംഭങ്ങളാകുന്നു. ഈ തത്ത്വം നന്നായി മനസ്സിലാക്കിയതിനാലാണു വി. മോനിക്കാ കടലിലും കരയിലും തന്റെ പുത്രനെ അനുഗമിച്ചുകൊണ്ടു്, അയാളുടെ മാനസാന്തരത്തിനായി അവിശ്രമം പരിശ്രമിച്ചതു്. "ഗൃഹഭരണം ശരിയായി നിർവ്വഹിക്കുക" എന്നു വി. പൗലോസ് സ്ത്രീകളോടുപദേശിക്കുന്നു. ഗൃഹത്തിനു പുറത്തിറങ്ങി പ്രവർത്തിക്കേണ്ട പുരുഷന്മാരുടേതിനെക്കാൾ, ഗൃഹജോലിയിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ ശക്തിയാകുന്നു കൂടുതൽ ഫലപ്രദമെന്നു പലരും വിചാരിക്കു


ന്നു. ശ്ലോമോൻ തന്റെ സുഭാഷിതങ്ങളിൽ പ്രസ്താവിക്കുന്നതുപോലെ, ഗുണവതിയായ സ്ത്രീയിലത്രേ കുടുംബത്തിന്റെ ശ്രേയസ്സു പരിപൂർണ്ണമായി നിക്ഷേപിക്കപ്പെട്ടിരിക്കുന്നതു്.

റിബേക്കാ മച്ചിയായിരുന്നതിനാൽ ഇസഹാക്കു ദൈവത്തോടപേക്ഷിക്കയും ദൈവം അയാളുടെ പ്രാർത്ഥന കേൾക്കയും ചെയ്തുവെന്നു "പുറപ്പാടി"ന്റെ പുസ്തകത്തിൽ നാം വായിക്കുന്നു. പരിശുദ്ധമായ ക്രൈസ്തവയെക്കാൾ അമൂല്യമായ ഒരു ഐക്യം ഭാര്യയും ഭർത്താവും തമ്മിലില്ല. അവർ പരസ്പരം സഹായിക്കുകയും നയിക്കുകയും ചെയ്യുന്നതു് ഈ ക്രൈസ്തവഴിയായിട്ടല്ലയോ? ചില പഴങ്ങളും കായ്കളും ദീർഘനാൾ പഞ്ചസാരയിൽ സൂക്ഷിച്ചതിനുശേഷമേ ഭക്ഷണയോഗ്യമായിത്തീരുന്നുള്ളു. അപ്രകാരംതന്നെ, ഭാര്യ തന്റെ ക്രൈസ്തവയാകുന്ന പഞ്ചസാരയാൽ ഭർത്താവിൽ മൂലമലവികാരങ്ങൾ ഉളവാക്കേണ്ടതാണു്. ഭർത്താക്കന്മാരും തങ്ങളുടെ സ്നേഹഭാജനങ്ങളെ ക്രൈസ്തവമാർഗ്ഗത്തിൽ പ്രോത്സാഹിപ്പിക്കണം. എന്തുകൊണ്ടെന്നാൽ, ക്രൈസ്തവയില്ലാത്ത സ്ത്രീ അധഃപതനത്തിനു വിധേയയത്രേ. "വിശ്വാസിനിയായ ഭാര്യ അവിശ്വാസിയായ ഭർത്താവിനെ പരിശുദ്ധനാക്കുന്നു; വിശ്വാസിയായ ഭർത്താവു് അവിശ്വാസിനിയായ ഭാര്യയേയും പരിശുദ്ധയാക്കുന്നു" എന്നല്ലയോ വി. പൗലോസ് കോറന്ത്യാക്കാർക്കുള്ള ലേഖനത്തിൽ പ്രസ്താവിച്ചിരിക്കുന്നതു്? വിവാഹത്തിന്റെ അത്യുന്നതമായ യോഗത്തിൽ ഒരാൾ മറ്റെയാളെ സുകൃതാഭ്യാസത്തിനു പ്രേരിപ്പിക്കുന്നു. ദൈവഭയത്തിൽ വർത്തിച്ചുകൊണ്ടു്, പരസ്പരം പവിത്രീകരിക്കുന്ന ഭാര്യാഭർത്താക്കന്മാരുടെ അവസ്ഥ സാക്ഷാൽ അനുഗൃഹീതംതന്നെ.

ഈ സുഭഗാവസ്ഥയിൽ കോപം, ദ്വേഷം, ഭിന്നിപ്പു്, പരുഷവാക്കുകൾ ആദിയായവ ഇഴഞ്ഞുകയറാതിരിപ്പാൻ ദമ്പതിമാർ പ്രത്യേകം ശ്രദ്ധിക്കണം. ശബ്ദകോലാഹലങ്ങൾ ഉള്ള സ്ഥലത്തു തേനീച്ചകൾ വസിക്കുന്നില്ലാത്തതു

പോലെ ഭിന്നമനസ്ഥിതിയും ബഹളങ്ങളും ഉള്ള ഭവനങ്ങളിൽ പരിശുദ്ധാത്മാവു വസിക്കുന്നില്ല.

വി. ഗ്രിഗരിനസിയാൻസൻ ജീവിച്ചിരുന്ന കാലങ്ങളിൽ വിവാഹവാർഷികം ആഘോഷിക്കുക പതിവായിരുന്നുവെന്ന് അദ്ദേഹം രേഖപ്പെടുത്തുന്നു. ഈ പതിവു നിലനിറുത്തിക്കൊണ്ടുപോകുന്നതു വളരെ നല്ലതുതന്നെ. പക്ഷേ, വിരുന്നുകൾ, വിനോദങ്ങൾ മുതലായി കേവലം ലൗകികങ്ങളായവയ്ക്കുമാത്രം പ്രാധാന്യം നല്കാതെ, ദമ്പതിമാർ പാപസങ്കീർത്തനം ചെയ്യുന്നതിനും, വി. കുർബാന സ്വീകരിക്കുന്നതിനും, അസാധാരണമായ തീക്ഷ്ണതയോടെ പ്രാർത്ഥിക്കുന്നതിനും, തങ്ങളുടെ വിവാഹജീവിതം ദൈവത്തിനു സമർപ്പിക്കുന്നതിനും, പരസ്പരസഹായാർത്ഥം അവർ ചെയ്തിട്ടുള്ള നിശ്ചയങ്ങളെ നവീകരിക്കുന്നതിനുമായിട്ടായിരിക്കണം ആ ദിവസത്തെ വിനിയോഗിക്കുക. ഇപ്രകാരം ചെയ്യുന്നവെങ്കിൽ ക്രിസ്തുവിന്റെ വിശേഷാനുഗ്രഹം അവരുടെമേൽ ഉണ്ടാകുമെന്നതിനു സംശയമില്ല.



മുപ്പത്തൊമ്പതാം അധ്യായം

ദമ്പതികൾക്കായുള്ള ഉപദേശങ്ങൾ (തുടർച്ച)

വി. പൗലോസ് ശ്ലീഹാ ഉപദേശിക്കുന്നതുപോലെ, വിവാഹത്തെ ഒരിക്കലും അശുദ്ധമാക്കരുതു്. അതായതു്, വിവാഹജീവിതം നിയമവിരുദ്ധമായ സകല പ്രവൃത്തികളിൽനിന്നും വിമുക്തമായിരിക്കണം. പരിപാവനമായ വിവാഹം പുരോഹിതന്റെ സാന്നിദ്ധ്യത്തിൽവച്ചാണു സംസ്ഥാപിതമായതു്. അവിടെ അ

വിടെ അനിയന്ത്രിതമായ ദുരാശകൾക്കോ, താളശമായ മറ്റു യാതൊന്നിനുമോ സ്ഥാനമില്ലായിരുന്നു.

അമിതഭോജനത്തിൽനിന്ന് ഉദ്ഭൂതമാകുന്ന ആനന്ദത്തിനും ജഡികവ്യാമോഹങ്ങളുടെ ഫലമായ ആനന്ദത്തിനും തമ്മിൽ വലിയ സാമ്യമുണ്ട്. കാരണം, രണ്ടും ശരീരത്തെ സംബന്ധിക്കുന്നവയാകുന്നു എന്നതുതന്നെ. എന്നാൽ, രണ്ടാമതു പറഞ്ഞതിൽ മൃഗീയതപം അസാമാന്യമായി പ്രവർത്തിക്കുന്നതുനിമിത്തം അതു വെറും ജഡികമെന്നു വിളിക്കപ്പെടുന്നു. ഇതിനെ കുറെകൂടി വിശദമാക്കാം.

ഭക്ഷണത്തിന്റെ ഉദ്ദേശ്യം ജീവസന്ധാരണമാണല്ലോ. ശരീരത്തിന്റെ പോഷണത്തിനും സംരക്ഷണത്തിനുമായി മാത്രം ഒരാൾ ഭക്ഷിക്കുന്നുവെങ്കിൽ അതു് അവശ്യകവും അഭിലഷണീയവും പരിശുദ്ധവുമാകുന്നു. ഇപ്രകാരംതന്നെ, വിവാഹത്തിന്റെ പ്രഥമാന്ത്യമായ സന്താനോല്പാദനത്തിനു് ഉപയുക്തമായ പ്രവൃത്തികളും തികച്ചും പരിശുദ്ധങ്ങളത്രേ.

പരസ്പരസ്നേഹത്തിന്റെ അടയാളമായിട്ടോ ഉപചാരത്തിനുവേണ്ടിയോ ഭക്ഷ്യപദാർത്ഥങ്ങൾ അന്വേഷിക്കുന്നതു് — അവ നമുക്കു് ആവശ്യമില്ലെന്നതന്നെ ഇരുന്നുകൊള്ളട്ടെ — ഒരിക്കലും കുറ്റകരമല്ല; പോരാ, അതു നിയമാനുസൃതവും നീതിപരവുമാണു്. ഏതാണ്ടിതുപോലെതന്നെയാണു്, സന്താനോല്പാദനത്തെ ഉദ്ദേശിച്ചതല്ലെങ്കിലും, ദമ്പതികൾ അനുഷ്ഠിക്കുന്ന ചില പ്രവൃത്തികളും. പരസ്പരസ്നേഹത്തെ പ്രോത്സാഹിപ്പിക്കുന്ന പ്രസ്തുത പ്രവൃത്തികൾക്കു ബാഹ്യത അഥവാ ധർമ്മം എന്നാകുന്നു വി. പൗലോസ് സംജ്ഞ നല്കുന്നതു്. ദിവ്യകാരുണ്യത്തെപ്പറ്റിയുള്ള അദ്ധ്യായത്തിൽ പ്രസ്താവിച്ചതുപോലെ കേതാദ്ധ്യസനത്തിനായിരുന്നാൽത്തന്നെയും ഭാര്യാഭർത്താക്കന്മാർ അന്യോന്യസമ്മതംകൂടാതെ പ്രസ്തുത ദാമ്പത്യാനുഷ്ഠാനത്തിൽനിന്നു വിരമിക്കുവാൻ പാടുള്ളതല്ലതന്നെ. അങ്ങനെയെങ്കിൽ, കോപമോ അവജ്ഞയോ ഹേതു

വാൽ ഈ ധർമ്മാനുഷ്ഠാനത്തിനു വൈമനസ്യം പ്രദർശിപ്പിക്കുന്നതു ക്രൂരതൽ കൂറുകരമല്ലയോ?

ഇതരന്മാരോടുള്ള സ്നേഹത്തെ സൂചിപ്പിക്കുന്നതിനായി ഭക്ഷണത്തിനിരിക്കുന്നയാൾ സന്തോഷത്തോടും ആനന്ദത്തോടുംകൂടിയതു ഭക്ഷിക്കേണ്ടതു്. ഇപ്രകാരം, വിവാഹധർമ്മം അനുഷ്ഠിക്കുമ്പോഴും സന്തോഷവും സന്നദ്ധതയും പ്രദർശിപ്പിക്കേണ്ടതു് അവശ്യമായിരിക്കുന്നു. സന്താനോല്പാദനത്തിനുള്ള യാതൊരു ശരണവും ഇല്ലെങ്കിൽത്തന്നെയും ഇതു് അവശ്യം അനുഷ്ഠേയമത്രേ.

രുചിക്കുവേണ്ടി മാത്രം ഭക്ഷിക്കുന്നതു് അനുവദനീയമായാൽത്തന്നെയും പ്രശംസാർഹമല്ല. ഇന്ദ്രിയസുഖത്തിനുവേണ്ടിമാത്രം ചെയ്യുന്ന പ്രവൃത്തി ഒരിക്കലും സ്തുത്യർഹമല്ലല്ലോ.

അമിതത്വത്തിന്റെ തോതനുസരിച്ചു് അമിതഭോജനം ഏറെക്കുറെ അപലപനീയമായിരിക്കും. ഭോജനം അമിതമാകുന്നതു ഭക്ഷണത്തിന്റെ അളവനുസരിച്ചുമാത്രമല്ല; പ്രത്യുത, ഭക്ഷിക്കുന്ന വിധവും സമയവും അനുസരിച്ചുകൂടെയാകുന്നു. മധു, തേനീച്ചകൾക്കു് ഏറ്റവും അനുയോജ്യമായ ഭക്ഷണസാധനമാണെങ്കിലും, അതു ചിലപ്പോൾ അവയ്ക്കു് അപായകരമായിഭവിക്കുന്നു. വസന്തകാലത്തു് അവ അമിതമായി തേൻ കുടിക്കുന്നതായാൽ, രോഗം പിടിപെട്ടു ചത്തുപോകുന്നതിനിടയുണ്ടു്. ഇപ്രകാരംതന്നെ, സ്വതേ പരിശുദ്ധവും, ആശാസ്യവും നീതിപരവും, ഉഭയകക്ഷികൾക്കും ഉപകാരപ്രദവുമായ വൈവാഹികധർമ്മം ചില അവസരങ്ങളിൽ ചിലക്കില്ലാം അപായകരമായിത്തീർന്നേക്കാം. എന്തുകൊണ്ടെന്നാൽ, താല്ക്കാലികസന്ദർഭങ്ങളിൽ പ്രസ്തുത പ്രവൃത്തികൾ ലഘുതരപാപങ്ങളായിത്തീരുന്നതു കാരണത്താൽ അവ ആത്മാവിന്റെ ശക്തിയെ ക്ഷയിപ്പിച്ചുകളയുന്നു. മറ്റു ചില അവസരങ്ങളിലാകട്ടെ, അവ ദൈവസ്ഥാപിതമായ നിയമങ്ങളെ അതിലംഘിക്കുക കാരണത്താൽ ആത്മാവു ഘനമായ

പാപത്തിൽ നിപതിക്കുന്നു. വിവാഹത്തിന്റെ പ്രധാനലക്ഷ്യം സന്താനോൽപാദനമായതിനാൽ, അതിനു വിരുദ്ധമായ എല്ലാ പ്രവൃത്തികളും മഹാപാപങ്ങളത്രേ. പരിശുദ്ധമായതിനെ പരിശുദ്ധമായിത്തന്നെ ഉപയോഗിക്കുക. പ്രതികൂലസാഹചര്യങ്ങൾനിമിത്തം, നിർഭിഷ്ടമായ അന്യം പ്രാപിക്കുക ചിലപ്പോൾ അസ്സാധമായേക്കാം. ആ അവസരങ്ങളിൽ ഇങ്ങനെയുള്ള പ്രവൃത്തികൾ ഒരിക്കലും നിയമവിരുദ്ധമോ അനീതിപരമോ ആയിത്തീരുന്നില്ല. യാതൊരു സാഹചര്യവും വിവാഹത്തിന്റെ പ്രഥമാന്യത്തിനു ബാധകമായിരിക്കുന്നില്ല. ഭക്ഷണസമയത്തിനു മുൻപുതന്നെ, കഴിക്കാൻപോകുന്ന ഭക്ഷണത്തെപ്പറ്റി വിചാരിച്ചു സന്തോഷിക്കുന്നതു് ഏറ്റവും ജുഗുപ്സാവഹമായിട്ടല്ലയോ നമുക്കു തോന്നുക. എന്നാൽ, ഭക്ഷണാനന്തരം രസനേന്ദ്രിയത്തിനു ലഭിച്ച ആനന്ദത്തെപ്പറ്റി ചിന്തിച്ചു സന്തോഷിക്കുന്നതു കൂടുതൽ നീചവും നിന്ദ്യവുമത്രേ. പാചകശാലയിലേ "അടുക്കളച്ചെറുക്കന്മാർക്കു" സദൃശരായ ഇക്കൂട്ടർക്കു് അവരുടെ "വയറുതന്നെ ദൈവം" എന്നു വിശുദ്ധ പൗലോസ് രേഖപ്പെടുത്തിയിരിക്കുന്നു.

മാനുഷ്യന്മാർ ആഹാരം ഭോജനസമയത്തിനു മുൻപു് അതിനെപ്പറ്റി വിചാരിച്ചു സന്തോഷിക്കുന്നില്ല. ഭക്ഷണം കഴിഞ്ഞശേഷം അവർ വായും കൈകളും നന്നായി കഴുകുകയും ചെയ്യുന്നു. വിവാഹജീവിതത്തെ ആശ്ലേഷിക്കുന്നവർക്കു് ഇതൊരു പാഠമായിരിക്കട്ടെ. തങ്ങൾ തിരഞ്ഞെടുത്തിരിക്കുന്ന ജീവിതാവസ്ഥയ്ക്കനുരൂപമായ പ്രവൃത്തികൾ ചെയ്യുന്നതിനു് അവർ നിർബന്ധരാണെങ്കിലും അവയ്ക്കുശേഷം വീണ്ടും അജഡികസുഖങ്ങളിൽ മനസ്സിനെ വ്യാപരിപ്പിക്കുക ഒട്ടും അശാസ്ത്രീയമല്ല. നേരേമറിച്ചു്, ഇങ്ങനെയുള്ള പ്രവൃത്തികഴിഞ്ഞാലുടൻതന്നെ അവയിൽനിന്നു നമ്മുടെ മനസ്സിനെ വിമുക്തമാക്കുകയും, കൂടുതൽ തീക്ഷ്ണതയോടെ ഉൽകൃഷ്ടവും പരിശുദ്ധവുമായ കാര്യങ്ങളിൽ ദത്തശ്രദ്ധരായിരിക്കുകയും ചെ

യ്യേണ്ടതാണ്. ഇതിനെപ്പറ്റി ക്രൂരന്തായക്കാക്കുള്ള തന്റെ ലേഖനത്തിൽ പൗലോസ് ശ്ലീഹാ പ്രകടമായി പ്രസ്താവിക്കുന്നുണ്ട്. "സമയം വളരെ പരിമിതമാകുന്നു. അതിനാൽ, ഭാര്യമാരോടുകൂടെ വസിക്കുന്നവർ ഭാര്യമാർ ഇല്ലാത്തവരെപ്പോലെ ജീവിക്കട്ടെ." ആദ്ധ്യാത്മികകാര്യങ്ങളിൽ വൈമുഖ്യം പ്രദർശിപ്പിച്ചുകൊണ്ടുള്ള ദാമ്പത്യജീവിതത്തെയാണ് അപ്പസ്തോലൻ ഇവിടെ വിവക്ഷിക്കുന്നതെന്നു വി. ക്രിസോസ്തോം അഭിപ്രായപ്പെടുന്നു. ലൗകികവസ്തുക്കളെ ഉപയോഗിക്കുന്നവർ, അവയെ ഉപയോഗിക്കാത്തവരെപ്പോലെ ആയിരിക്കട്ടെ എന്ന് അപ്പസ്തോലൻ വീണ്ടും പറയുന്നു. അതിനാൽ, ഓരോരുത്തനും തന്റെ ജീവിതാവസ്ഥയ്ക്കനുസൃതമായിമാത്രമേ പ്രാപഞ്ചികങ്ങളായവയെ വിനിയോഗിക്കാവൂ. അവയെ ഉപയോഗിക്കാതിരുന്നാലെന്നവണ്ണം ദൈവത്തെ ശുശ്രൂഷിക്കുന്നതിനു തക്ക മനഃസ്വാതന്ത്ര്യം ലഭിക്കുന്നതിനുവേണ്ടി ഓരോരുത്തനും ഭൗതികഭോഗങ്ങളിൽ നിമഗ്നനാകാതിരിക്കട്ടെ. ഉപയോഗിക്കമാത്രം ചെയ്യേണ്ടവയെ ആസ്വദിക്കുവാനാഗ്രഹിക്കയും, ആസ്വദിക്കമാത്രം ചെയ്യേണ്ടവയെ ഉപയോഗിക്കുവാനാഗ്രഹിക്കയും ചെയ്യുന്നതാണു മനുഷ്യന്റെ വലിയ തിന്മയെന്നു വി. അഗുസ്തീനോസ് പ്രബോധിപ്പിക്കുന്നു. ആദ്ധ്യാത്മികസംഗതികളിൽ നാം യഥാർത്ഥമായി സന്തോഷിക്കേണ്ടതാണ്. ഭൗതികങ്ങളെ കേവലം ഉപകരണങ്ങളായി മാത്രമേ വിനിയോഗിക്കാവൂ. എന്തുകൊണ്ടെന്നാൽ, ഭൗതികവസ്തുക്കളെ ലക്ഷ്യമായി സ്വീകരിക്കുമ്പോൾ കേവലം മൃഗീയാവസ്ഥയിലേയ്ക്കു നാം നിപതിക്കുകയാണു ചെയ്യുന്നത്. ഇതിനെക്കുറിച്ചു ഞാൻ പ്രസ്താവിക്കുവാനാഗ്രഹിച്ചുവയെല്ലാം പറഞ്ഞുകഴിഞ്ഞു. നഗ്നമായി പ്രദർശിപ്പിക്കുവാൻ വിഷമമുണ്ടായിരുന്നവയും ഒരുവിധം ഞാൻ പ്രകാശിപ്പിച്ചു. അതുകൊണ്ട്, ഈ ഭാഗം ഇവിടെ അവസാനിപ്പിച്ചിട്ടു മറ്റു ഭാഗങ്ങളിലേയ്ക്കു കടക്കുന്നു.

നാല്പതാം അധ്യായം

വിധവകൾക്കുള്ള ഉപദേശം

"യഥാർത്ഥമായി വൈധവ്യം പ്രാപിച്ചവരെ ബഹുമാനിക്കുക" എന്നു വി. തിമോത്തിവഴിയായി എല്ലാ സഭാധ്യക്ഷന്മാരോടും വി. അപ്പസ്തോലൻ ഉപദേശിക്കുന്നുണ്ട്. താഴെപ്പറയുന്ന ലക്ഷണങ്ങളും ഉണ്ടെങ്കിലേ ഒരാൾ യഥാർത്ഥ വിധവയാവുകയുള്ളൂ.

1) വിധവ ശാരീരികമായി മാത്രമല്ല, ആത്മീയമായും വൈധവ്യം ആചരിക്കേണ്ടതാണ്. അതായതു്, പരിശുദ്ധമായ വൈധവ്യത്തിൽ സ്ഥിരമായി വർത്തിച്ചുകൊള്ളാമെന്നുള്ള ദൃഢനിശ്ചയം അവർക്കുണ്ടായിരിക്കണം. എന്തുകൊണ്ടെന്നാൽ, അവസരം ലഭിക്കുമ്പോൾ വിവാഹം കഴിക്കണമെന്നു് ആഗ്രഹമുള്ളവർ, ശാരീരികമായി പുരുഷനിൽനിന്നു വേർപെട്ടിരിക്കുന്നെങ്കിലും മാനസികവ്യാപാരങ്ങളാൽ അവനോടു സംയോജിച്ചുതന്നെയിരിക്കുന്നു. യഥാർത്ഥ വിധവ, തന്റെ വൈധവ്യത്തെ സവിശേഷം അലങ്കരിക്കുകയത്രേ ചെയ്യുന്നതു്. ഏതൽകാരണത്താൽ അവർ ദൈവത്തോടു ചെയ്ത വാഗ്ദാനത്തെ പലപ്പോഴും സ്മരിക്കുകയും തൽഫലമായി വിവാഹത്തെപ്പറ്റിയുള്ള വിചാരങ്ങൾക്കുപോലും അവളിൽ പ്രവേശം ലഭിക്കാതിരിക്കുകയും ചെയ്യുന്നു. മേൽപ്രസ്താവിച്ച വ്രതം എല്ലാ വിധവകളും സ്വീകരിക്കണമെന്നാണു വി. ആഗസ്തീനോസിന്റെ ഉപദേശം. തങ്ങളുടെ ഭർത്താക്കന്മാർ മരിക്കുന്നപക്ഷം, പ്രസ്തുത വ്രതം അനുഷ്ഠിച്ചുകൊള്ളാമെന്നു വിവാഹിതകളായ എല്ലാ സ്ത്രീകളും ഒരു നിശ്ചയം ചെയ്യുന്നതു് ഏറ്റവും പ്രശംസനീയമെന്നു ശാസ്ത്രപാരംഗതനായ ഒരിജേൻ അഭിപ്രായപ്പെടുന്നു. ഇങ്ങനെ നേരത്തെ ചെയ്യുന്ന വാഗ്ദാനം

മൂലം വിവാഹജീവിതത്തിൽവച്ചുതന്നെ പരിശുദ്ധ വൈധവ്യത്തിന്റെ സകല യോഗ്യതകളും അവൾക്ക് പ്രാപിക്കാവുന്നതാണ്. ഈ വ്രതാനുഷ്ഠാനത്താൽ അവരുടെ പ്രവൃത്തികൾ ദൈവസമക്ഷം സ്വീകാര്യങ്ങളായിഭവിക്കയും, സ്വകൃത്യനിർവ്വഹണത്തിൽ വേണ്ട ശക്തി ലഭിക്കയും ചെയ്യുന്നു. ചാരിത്രംവഴി നമ്മുടെ ശരീരത്തെ ദൈവത്തിനു നാം പ്രതിഷ്ഠിക്കുന്നുവെങ്കിലും ചില ജഡികസുഖങ്ങൾ അനുഭവിക്കുന്നതിനുള്ള സ്വാതന്ത്ര്യം നമുക്കുണ്ട്. എന്നാൽ, പ്രസ്തുത വ്രതം നാം സ്വീകരിക്കുമ്പോൾ ദൈവശുശ്രൂഷയ്ക്കു നമ്മെത്തന്നെ പരിപൂർണ്ണമായി അർപ്പിക്കുകയാകുന്നു ചെയ്യുന്നത്. ഒരിജെനിന്റെ ഈ അഭിപ്രായത്തോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. മുൻപ്രസ്താവിച്ചവിധം വാശോനം ചെയ്യുന്നവർ ചില കാര്യങ്ങൾ പ്രത്യേകം സ്മരിക്കേണ്ടതായുണ്ട്. തങ്ങൾ ചെയ്യുവാൻ പോകുന്നതിനെപ്പറ്റി ഗാഢമായി ചിന്തിക്കുകയും, ദൈവാനുഗ്രഹത്തിൽ ആശ്രയിച്ചുകൊണ്ടു വിവേകത്തോടും പരിശുദ്ധമായ ഉദ്ദേശ്യത്തോടും, വിവേകിയും ക്ഷേമനുമായ ആത്മീയനേതാവിന്റെ ഉപദേശമനുസരിച്ചും പ്രവർത്തിക്കുകയും ചെയ്യുന്നപക്ഷം അവരുടെ വാശോനം ഫലപ്രദമായിത്തീരും.

2) ദൈവത്തോട് കൂടുതലായി സംയോജിക്കുന്നതിനും ഹൃദയത്തിന്റെ സകല വികാരങ്ങളേയും അവിടുത്തെ മഹിമയ്ക്കായി സമർപ്പിക്കുന്നതിനും അങ്ങയെ പരിചരിക്കുന്നതിനുംവേണ്ടി മാത്രമായിരിക്കണം പുനർവിവാഹത്തെ പരിത്യജിക്കുന്നത്. സന്താനങ്ങളുടെ അഭ്യുദയത്തെയോ, മറുവല്ല ലൗകികലാഭത്തെയോ ഉദ്ദേശിച്ചാകുന്നു ഒരുവൾ ഇപ്രകാരം വർത്തിക്കുന്നതെങ്കിൽ അവൾ ലോകരുടെ ദൃഷ്ടിയിൽ പ്രശംസാർഹയെന്നു; പക്ഷേ, ദൈവസമക്ഷം പ്രശംസയർഹിക്കുന്നില്ല. ദൈവത്തെപ്രതി ചെയ്യാത്തതൊന്നും അവിടുന്നു വിലമതിക്കുന്നതുമല്ലല്ലോ.

വൈധവ്യത്തിൽ സ്ഥിരമായി വർത്തിക്കണമെന്നാഗ്രഹിക്കുന്നവർ സകല ഭൗമികസുഖഭോഗങ്ങളിൽനിന്നും സദാ യം പിന്മാറിയിരിക്കേണ്ടതു് ആവശ്യകമാകുന്നു. സുഖഭോഗങ്ങളിൽ വസിക്കുന്നവരും, ജീവിച്ചിരിക്കയിൽത്തന്നെ മൃതയായിരിക്കുന്നുവെന്നാണു വി. പൗലോസ് പ്രസ്താവിക്കുന്നതു്. വിധവയായിരിക്കാൻ അഗ്രഹിക്കുകയും, അതേസമയം ഇതരന്മാരുടെ പ്രശംസകളിലും വാത്സല്യപ്രകടനങ്ങളിലും സന്തോഷിക്കുകയും, വിരുന്നുകളിലും വിനോദങ്ങളിലും സംബന്ധിക്കുകയും, വസ്ത്രാഭരണാദികളിൽ അമിതമായ ഔത്സുക്യം പ്രദർശിപ്പിക്കുകയും ചെയ്യുന്നതു സജീവപ്രവൃത്തികളാണെങ്കിലും ആത്മീയമൃത്യുവിന്റെ ലക്ഷണങ്ങളല്ലയോ? ഇപ്രകാരമുള്ള ഭൗതികാനന്ദങ്ങളിൽ നിമഗ്നയായിരിക്കുന്ന വിധവ സാക്ഷാൽ വിധവയല്ല; വിധവയുടെ ഒരു പ്രതിമാത്രമേ ആകുന്നുള്ളൂ.

"ശിഖരങ്ങൾ മുറിക്കേണ്ട സമയം വന്നുകഴിഞ്ഞു. ചെങ്ങാലികളുടെ സ്വരം നമ്മുടെ നാട്ടിൽ കേട്ടുതുടങ്ങി." (പാട്ടു് 11–12). ഭക്തജീവിതം നയിക്കുന്നതിനാഗ്രഹിക്കുന്നവർ വ്യർത്ഥമായ ലൗകികവ്യാപാരങ്ങളിൽനിന്നു് ഒഴിഞ്ഞിരിക്കേണ്ടതത്രേ. മലസ്രാവു നഷ്ടപ്പെട്ട ആതിന്റെ ഇണയെക്കുറിച്ചു കരഞ്ഞുകൊണ്ടു ചുറ്റി പറന്നുനടക്കുന്നതുപോലെ ഒരു യഥാർത്ഥവിധവയും വർത്തിക്കണം. മോവാബിൽനിന്നു ബേത്ലഹമിലേക്കു വന്ന നൊയേമിയെ കണ്ടപ്പോൾ "ഇവളാണോ നൊയേമി?" എന്നു് ആ ദിഗ്വാസികൾ ചോദിക്കയുണ്ടായി. ഇതു കേട്ട നൊയേമി ഇപ്രകാരം പറഞ്ഞു. "എന്നെ ഇനി നൊയേമി (സുന്ദരിയെന്നാണിതിന്റെയർത്ഥം) എന്നു വിളിക്കണ്ടാ. മാരാ എന്നു വിളിച്ചാൽ മതി. എന്തുകൊണ്ടെന്നാൽ, ഭർത്താവിന്റെ മരണത്താൽ എന്റെ ജീവിതം ക്ലേശപൂർണ്ണമായിരിക്കുന്നു." നൊയേമിയെപ്പോലെ, ദൈവപ്രീതിയിൽ വിനീതയും, വിശ്വസ്തയുമായി കാണപ്പെടുവാനല്ലാതെ, മനുഷ്യ

രാൽ സുന്ദരിയും സൗഭാഗ്യവതിയുമായി എണ്ണപ്പെടുവാൻ ഭാഗ്യമുണ്ടായ ഒരു വിധവ ഒരിക്കലും അഭിലഷിക്കുന്നില്ല. സുഗന്ധമുള്ള എണ്ണയൊഴിച്ചു കത്തിക്കുന്ന ഒരു വിളക്ക് അണഞ്ഞുകഴിയുമ്പോൾ മുറിയിൽ സർവ്വത്ര സുഗന്ധം വ്യാപിക്കുന്നു. അപ്രകാരംതന്നെ, പരിശുദ്ധ സ്നേഹത്താൽ പുരുഷനോടു സംയുക്തയായ സ്ത്രീ, ഭർത്താവിന്റെ മരണാനന്തരം തന്റെ വിശുദ്ധിയുടെ പരിമളം എല്ലായിടത്തും വ്യാപിപ്പിക്കുന്നു. ഭർത്താവു ജീവിച്ചിരിക്കുമ്പോൾ അയാളെ സ്നേഹിക്കുന്നതു് ഒരു വലിയ കാര്യമല്ല. എന്നാൽ, അയാളുടെ മരണശേഷം ഇതരന്മാരുടെ സ്നേഹത്തെ അവഗണിച്ചുകൊണ്ടു് അയാളെ മൻപിലത്തെപ്പോലെ സ്നേഹിക്കുവാൻ ഒരു യഥാർത്ഥ വിധവയ്ക്കുമാത്രമേ സാധിക്കുകയുള്ളു. ഭർത്താവിന്റെ സംരക്ഷണമുള്ളപ്പോൾ ദൈവത്തിൽ സമാശ്രയിക്കുക അത്ര അപൂർവ്വമല്ല. എന്നാൽ, ഭർതൃസഹായം നഷ്ടപ്പെട്ടശേഷം അപ്രകാരം ചെയ്യുന്നതു തികച്ചും പ്രശംസാർഹമാകുന്നു. വൈവാഹികജീവിതത്തിൽ അഭ്യസിച്ച സുകൃതങ്ങളുടെ പ്രകാശം വൈധവ്യത്തിലാണു പ്രത്യക്ഷപ്പെടുന്നതു്.

വിധവ തന്റെ കുട്ടികളുടെ സംരക്ഷണവിഷയത്തിൽ വൈമുഖ്യം പ്രദർശിപ്പിക്കണമെന്നു് ഇവിടെ വിവക്ഷിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ, വിധവ സന്താനങ്ങളുടെമേൽ പ്രത്യേകവിധം ശ്രദ്ധ പതിക്കണമെന്നും, അപ്രകാരം ചെയ്യാത്തവളുടെ അവസ്ഥ അവിശ്വാസികളുടെതിനെക്കാൾ കഷ്ടതരമാണെന്നും വി. പൗലോസ് പ്രകടമായി പ്രസ്താവിക്കുന്നുണ്ടു്. സന്താനങ്ങളെ വളർത്തുന്നതിൽ ശ്രദ്ധപതിക്കേണ്ട ആവശ്യമില്ലെങ്കിൽ അവർ സർവ്വശ്രദ്ധയും ദൈവശുശ്രൂഷണത്തിനായി ഉപയോഗപ്പെടുത്തട്ടെ. തന്റെ പരിശ്രമം അപരിത്യാജ്യമായിരിക്കുന്ന അവസരത്തിൽമാത്രമേ, വിധവ ലൗകികകാര്യങ്ങളിൽ ഏർപ്പെടാവൂ. താളശവ്യവഹാരങ്ങളിൽ നിമഗ്നമായിരിക്കുന്നതുകൊണ്ടു പലപ്പോഴും മനസ്സമാധാനവും

ചാരിത്രവും നഷ്ടപ്പെടാനിടയുണ്ട്. എന്തുകൊണ്ടെന്നാൽ, മനുഷ്യരുടെ പ്രീതി സമ്പാദിക്കുന്നതിനായി ദൈവത്തെ അതൃപ്തിപ്പെടുത്തുന്ന പല കൃത്യങ്ങളും അവർ ചെയ്യേണ്ടതായി വന്നുകൂടുന്നു.

വിധവയുടെ സർവ്വപ്രധാനമായ കൃത്യം പ്രാർത്ഥനയാണ്. ദൈവമല്ലാതെ മറ്റു സ്നേഹവിഷയം അവർക്കുണ്ടായിരിക്കാൻ പാടില്ലാത്തതിനാൽ സദാ അവർ ദൈവവുമായി സംഭാഷിച്ചുകൊണ്ടിരിക്കണം. കാന്തം ഇരുമ്പിനെ ആകർഷിക്കുന്നതിനു പ്രതിബന്ധമാകുന്ന വജ്രം. എന്നാൽ, വജ്രം അകറ്റപ്പെടുന്ന ക്രമമനുസരിച്ച് ഇരുമ്പു കാന്തത്തോട് സമീപിക്കുന്നു. അപ്രകാരംതന്നെ, ഭർത്താവു ജീവിച്ചിരുന്നപ്പോൾ പരിപൂർണ്ണമായി ദൈവത്തിനു പ്രതിഷ്ഠിക്കപ്പെടാതിരുന്ന ഹൃദയം ഇപ്പോൾ പാരത്രികസ്നേഹത്തെ തടസ്സംകൂടാതെ ആസ്വദിക്കുവാൻ ദൈവത്തിൻപക്കലേയ്ക്കു തിരിയേണ്ടിയിരിക്കുന്നു. കർത്താവേ, ഞാനിപ്പോൾ നിന്റേതായിരിക്കുന്നു; അവിടുന്ന് എന്നെ അങ്ങയുടേതായി സ്വീകരിച്ചാലും! എന്നായിരിക്കണം അവളുടെ അഭ്യർത്ഥന. "എന്നെ അങ്ങിലേയ്ക്ക് അടുപ്പിക്കുക. അപ്പോൾ, അവിടുത്തെ പരിശ്രമങ്ങളുടെ ഫ്രാഗ്രൻസിലേക്ക് അങ്ങയെ ഞങ്ങൾ അനുഗമിക്കാം." (പാട്ടുകൾ. 1. 3). വിനയം, മായാസ്മൃതികളോടും പരസ്യസംഭാഷണങ്ങളോടുമുള്ള അവജ്ഞ ഇവയാകുന്നു വിധവയുടെ ജീവിതാവസ്ഥയ്ക്കനുയോജ്യമായ വിശിഷ്ടഗുണങ്ങൾ. അവർ രോഗികളേയും രോഗികളേയും പരിചരിക്കുകയും, ദുഃഖിതരെ ആശ്വസിപ്പിക്കുകയും, ബാലികമാരെ ഭക്തിമാർഗ്ഗത്തിലേക്കാനയിക്കുകയും, സർവ്വോപരി, മോക്ഷപദം പ്രാപിച്ചിട്ടുള്ള യുവതികൾക്കു സന്മാതൃകയായിരിക്കുകയും ചെയ്യേണ്ടതാണ്. ധാരിഷ്ട്യം, മിതഭാഷം ഇവ അവളുടെ വസ്ത്രത്തിനേറെയും, വിനയം, ചാരിത്രം മുതലായവ അവളുടെ പ്രവൃത്തികളുടേയും, നിഷ്കാപട്യം, പ്രസന്നത ഇത്യാദി അവളുടെ സംഭാഷണ

ത്തിന്റെയും, ശാന്തത, അടക്കം ആദിയായവ അവളുടെ കണ്ണുകളുടേയും ആഭരണങ്ങളത്രേ. അവളുടെ സ്നേഹത്തിന്റെ ഏകവിഷയം ക്ലേശിതനായ മിശിഹാതന്നെയായിരിക്കട്ടെ.

ചുരുക്കിപ്പറഞ്ഞാൽ, വസന്തകാലത്തു കുറിക്കാട്ടുകളിൽ പ്രത്യക്ഷമാകുന്ന 'വയലറ്റ്' എന്ന ചെറുകുസുമത്തിന്റെ സ്ഥാനമാണു യഥാർത്ഥ വിധവയ്ക്കു തിരുസ്സഭയിലുള്ളത്. വലിയ ഇലകളുടെ ഇടയിൽ സ്ഥിതിചെയ്യുന്ന ആ ചെറുപുഷ്പം മറ്റു പുഷ്പങ്ങൾക്കില്ലാത്ത സുഗന്ധം ചുറ്റും വ്യാപിപ്പിക്കുന്നതുപോലെ, വിനയസമ്പന്നയായ വിധവയുടെ സുകൃതസുഗന്ധവും തിരുസ്സഭയിലെങ്ങും വ്യാപിക്കണം. മനുഷ്യവാസമില്ലാതെ തരിശായിക്കിടക്കുന്ന സ്ഥലങ്ങളിലത്രേ പ്രസ്തുത പുഷ്പം വളരുന്നതു്. ഇതുപോലെതന്നെ, ഹൃദയനൈർമ്മല്യത്തെ ഘനിക്കുന്ന ധനം, ബഹുമാനം, വ്യർത്ഥസ്നേഹം ആദിയായവയിൽനിന്നു വിധവയും വിദൂരസ്ഥയായി ജീവിക്കുന്നവെങ്കിൽ അനുഗ്രഹീതയായിത്തീരുമെന്നു വി. അപ്പസ്തോലൻ പറയുന്നു.

ഈ വിഷയത്തെ പുരസ്കരിച്ചു സുദീർഘമായി പ്രസ്താവിക്കുന്നതിനു് ആഗ്രഹമുണ്ടെങ്കിലും സംക്ഷിപ്തമായ ഒരുപദേശംകൊണ്ടു ഞാൻ സംതൃപ്തനായിക്കൊള്ളാം. വൈധവ്യത്തെ ശരിയായി സംരക്ഷിക്കണമെന്നാഗ്രഹിക്കുന്ന വിധവകൾ, ഫ്യൂറിയായ്ക്കും, സാർഫ്യായ്ക്കും വി. ജെറോം അയച്ച ഹൃദയാകർഷകങ്ങളായ ലേഖനങ്ങൾ ശ്രദ്ധാപൂർവ്വം പഠിക്കട്ടെ. വി. ജെറോം പ്രസ്താവിച്ചിരിക്കുന്നവയിൽക്കൂടുതലായി എനിക്കൊന്നും പറയുവാനില്ല. എന്നിരുന്നാലും, ഒരു കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. അതായതു്, രണ്ടോ മൂന്നോ അഥവാ നാലോ പ്രാവശ്യം വിവാഹം കഴിക്കുന്ന സ്ത്രീകൾ ഉണ്ടായിരിക്കാമെങ്കിലും യഥാർത്ഥ വിധവ ഒരിക്കലും അവരെ കുറപ്പെടുത്തരുതു്. എന്തുകൊണ്ടെന്നാൽ, ദൈവം തന്റെ മഹത്വത്തിനായി സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ നമുക്കജ്ഞാത

ങ്ങളേത്രേ. വി. പിതാക്കന്മാർ പഠിപ്പിക്കുന്നതുപോലെ, ഒരാൾ വൈധവ്യമോ കന്യകാത്വമോ, എന്തുതന്നെ അവലംബിച്ചാലും അയാൾ അപ്രകാരം പ്രവർത്തിക്കുന്നതു വിനയത്താൽ പ്രേരിതയായിട്ടല്ലെങ്കിൽ സ്വർഗ്ഗത്തിൽ അയാൾക്കു യാതൊരു സമ്മാനത്തിനും അർഹതയില്ലെന്നു നാം പ്രത്യേകം ഓർക്കണം.



നാല്പത്തൊന്നാം അധ്യായം

അവിവാഹിതകളോട് ഒരു വാക്ക്

അല്ലയോ യുവസഹോദരികളേ, നിങ്ങൾ വിവാഹജീവിതത്തിൽ പ്രവേശിക്കുമ്പോൾ ഭർത്താക്കന്മാരോടു നിങ്ങൾക്കുണ്ടാകുന്ന ആ പ്രഥമസ്നേഹത്തെ കളങ്കപ്പെടുത്താതെ സൂക്ഷിക്കുക. നിർമ്മലവും സ്വതന്ത്രവുമായ ഒരു ഹൃദയത്തിനുപകരം കലുഷിതവും ചഞ്ചലവുമായ ഒന്നിനെ നിങ്ങളുടെ ഹൃദയവല്ലഭനു സമർപ്പിക്കുന്നതു് ഒരു വഞ്ചനയല്ലയോ? കന്യകാത്വത്തെ സംരക്ഷിക്കുന്നതിനേക്കാൾ ആത്മീയവിവാഹത്തിനാകുന്നു നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നതെങ്കിൽ സ്വർഗ്ഗീയമണവാളനു നിങ്ങളുടെ ഹൃദയം പരിപൂർണ്ണമായി സമർപ്പിക്കുന്നതിൽ ജാഗ്രതയുള്ളവരായിരിക്കണം. അവിടുന്നു വിശുദ്ധിതന്നെ ആയിരിക്കുന്നതിനാൽ അശുദ്ധമായ യാതൊന്നിനേയും സ്നേഹിക്കുന്നില്ല. എല്ലാറ്റിനേക്കാളും— വിശിഷ്യ സ്നേഹത്തിനേക്കാൾ—പ്രഥമഫലങ്ങൾ അവിടുത്തേയ്ക്കു സമർപ്പിക്കേണ്ടതത്രേ. ഇങ്ങനെയുള്ള ഉപദേശങ്ങൾ വി. ജെറോമിന്റെ ലേഖനങ്ങളിൽ സുലഭങ്ങളാണു്. നിങ്ങളുടെ ജീവിതാവ

സ്ഥ അനുവദിക്കുന്നതനുസരിച്ച് ഒരാദ്ധ്യാത്മികനേതാവിനെ സ്വീകരിക്കുകയും, അദ്ദേഹത്തിന്റെ നിർദ്ദേശമനുസരിച്ചു നിങ്ങളുടെ ആത്മശരീരങ്ങളെ ദൈവത്തിനു പ്രതിഷ്ഠിക്കുകയും ചെയ്യുക ഏറ്റവും ഉപയോഗപ്രദമായിരിക്കും.



നാലാം ഭാഗം

സാധാരണമായ പ്രലോഭനങ്ങളെ തടയുന്നതിനുള്ള ചില പ്രതിവിധികൾ

ഒന്നാം അധ്യായം

ലോകം എന്തു പറയുമെന്നതിനെപ്പറ്റി നമുക്ക് ഉൽകണ്ഠ ഉണ്ടാകേണ്ടതല്ല

നീ ഒരു ഭക്തജീവിതം ആരംഭിച്ചിരിക്കുന്നുവെന്നറിയുന്നമാത്രയിൽ, ലോകം നിന്റെമേൽ നിരവധി പരിഹാസങ്ങളും അപവാദങ്ങളും വർഷിക്കും. അതിനികൃഷ്ടരായ മനുഷ്യർ, അവരുടേതിൽനിന്നു വ്യത്യസ്തങ്ങളായ നിന്റെ ജീവിതഗതികളെ കപടഭക്തി, കൃത്രിമസ്വഭാവം എന്നൊക്കെ വ്യാഖ്യാനിക്കുക സാധാരണമാണ്. ലോകം നിന്നെ നിസ്സാരനായി ഗണിച്ചതിനാൽ നീ നിരാശപ്പെട്ട ദൈവത്തിങ്കലേയ്ക്കു തിരിഞ്ഞു എന്നായിരിക്കും അവർ പറഞ്ഞുപരത്തുക.

സ്നേഹപരമായി ഉപദേശിക്കുന്നു എന്നു മാത്രമേ, നിന്റെ സ്നേഹിതർ ശകാരവർഷങ്ങളാൽ നിന്നെ അലട്ടും. ഇപ്രകാരം, നിന്റെ ക്ഷേമജീവിതം തുടരുന്നുവെങ്കിൽ, "നീ മന്ദീഭവിച്ചു യൗവനത്തിൽത്തന്നെ ക്ഷീണഗാത്രനാവുകയും, ലോകത്തിലുള്ള നിന്റെ സ്ഥാനം നഷ്ടപ്പെട്ട നീ നിരാധാരനാവുകയും, നിന്റെ കുടുംബസ്ഥിതി അസ്ഥപ്രായമാവുകയും ചെയ്യും" എന്നു പറയുന്നതിനും അവർ മടിക്കുകയില്ല. ലോകത്തിൽ ജീവിക്കുന്നതു ലോകസാധാരണമായി വേണം എന്നാണ് അവരുടെ അഭിമതം. സച്ഛ്രപ്രാപ്തിക്കു പുണ്യാഭ്യസനത്തിന്റെ ആവശ്യമില്ലത്രേ. അതു് അനാവശ്യമാണു പോലും.

ഇവയൊക്കെ വെറും നിരർത്ഥകമായ സംസാരങ്ങളാണ്. നിന്റെ അഭ്യുദയത്തിലുള്ള ആകാംക്ഷകൊണ്ടല്ല അവർ ഇപ്രകാരം സംസാരിക്കുന്നതു്. നമ്മുടെ ദിവ്യരക്ഷകന്റെ വാക്കുകളെ സ്മരിച്ചാലും. "നിങ്ങൾ ലോകത്തിന്റേതായിരുന്നെങ്കിൽ ലോകം അതിനു സ്വന്തമായിട്ടുള്ളതിനെ സ്നേഹിക്കുമായിരുന്നു. എന്നാൽ, നിങ്ങൾ ലോകത്തിന്റേതല്ലാത്തതിനാലും, ലോകത്തിൽനിന്നു ഞാൻ നിങ്ങളെ തിരഞ്ഞെടുത്തതിനാലും അതു നിങ്ങളെ വെറുക്കുന്നു." ലീലാവിനോദങ്ങൾക്കായി എത്ര രാത്രികൾ വ്യയം ചെയ്യുന്നതിലും നമ്മുടെ സഹോദരീസഹോദരന്മാർക്കു യാതൊരു വിഷമവുമില്ല. സുകൃതാഭ്യാസം ഇതിലും വിഷമതരമോ? ഇതിനെക്കുറിച്ചു് ആർക്കും യാതൊരാവലാതിയുമില്ല. ഇതത്രേ അവരുടെ സ്നേഹിതന്മാർക്കും മറ്റും ഇഷ്ടമുള്ള കാര്യം. എന്നാൽ, ഒരു മണിക്കൂർ സമയം ധ്യാനത്തിനായി നാം വിനിയോഗിക്കുകയോ ദിവ്യകാരുണ്യസ്വീകരണത്തിനു് ഒരുങ്ങുന്നതിനായി കുറെ രാവിലേ നാം ഉണരുകയോ ചെയ്തെന്നിരിക്കട്ടെ. അപ്പോഴോ, എല്ലാവരും നമുക്കെതിരു്. നമുക്കു സ്ഥിരതയില്ല, ബുദ്ധിഭ്രമമാണു് എന്നൊക്കെപ്പറഞ്ഞു് അവർ വൈദ്യനെ അന്വേഷിക്കുകയായി. സ

ത്തം, നാടകം മുതലായ വിനോദങ്ങൾക്കായി എത്ര രാത്രികൾ ചെലവഴിച്ചാലും ആരും നമുക്കെതിരായി യാതൊന്നും സംസാരിക്കയില്ല. എന്നാൽ, ക്രിസ്തുമസ് രാത്രിയിൽ ഉറക്കമിളയ്ക്കുന്നുവെന്നു വിചാരിക്കുക. ഉടൻ ജനങ്ങൾ നമ്മെ പരിഹസിക്കുന്നു. പക്ഷപാതിയും അനീതിമാനുമായ ഒരു വിധികർത്താവാണു ലോകം എന്നു ഗ്രഹിക്കുവാൻ. ആർക്കാണു സാധിക്കാത്തത്? എന്തുകൊണ്ടെന്നാൽ, അതു സ്വസന്താനങ്ങളോടെന്നേരേ അർമേനസ് കതയോടും ദൈവപുത്രരോടെന്നേരെ ഹൃദയകാഠിന്യത്തോടുംക്രൂടെ വർത്തിക്കുന്നു.

ലോകത്തിൽ എന്തെങ്കിലും ഒരു സ്ഥാനം നമുക്കു ലഭിക്കണമെങ്കിൽ അതിന്റെ താളത്തിനൊപ്പിച്ചു നാമും തുള്ളണം. അതു വലിയ ദുശ്ശാഠ്യക്കാരനാകയാൽ അതിനെ സംതൃപ്തിപ്പെടുത്തുക അസാദ്ധ്യമാണ്. നമ്മുടെ ദിവ്യരക്ഷകൻ പറയുന്നതു കേട്ടാലും: "സ്നാപകയോഹന്നാൻ അപ്പം ഭക്ഷിക്കാത്തവനും വീഞ്ഞു കുടിക്കാത്തവനുമായിട്ടുവന്നു. അപ്പോൾ, അവനു പിശാചുണ്ടെന്നു നിങ്ങൾ പറയുന്നു. മനുഷ്യപുത്രൻ ഭക്ഷിക്കുന്നവനും പാനംചെയ്യുന്നവനുമായിട്ടു വന്നു; അപ്പോൾ, ഇതാ ഭോജനപ്രിയനും, വീഞ്ഞുകുടിയനും, ചുങ്കക്കാരുടേയും പാപികളുടേയും സ്നേഹിതനുമായ മനുഷ്യൻ" എന്നു നിങ്ങൾ പറയുന്നു. ഇതാണു ലോകത്തിന്റെ സ്ഥിതി. നാം ലോകത്തോടു ചേർന്ന് അതിന്റെ വിനോദങ്ങളിൽ പങ്കുകൊള്ളുന്നുവെങ്കിൽ അതു നമ്മെ അപവദിക്കയാണു ചെയ്യുന്നതു്. നേരേമറിച്ചു്, ഇവയിൽനിന്നു് അകന്നുനില്ക്കുന്നുവെങ്കിൽ നാം കപടഭക്തരെന്നു പറഞ്ഞു് അതു നമ്മെ കുറ്റപ്പെടുത്തുന്നു. സാമാന്യം മോടിയായി വസ്ത്രം ധരിക്കുന്നുവെങ്കിൽ നാം ആഡംബരപ്രിയന്മാരായി. നമ്മുടെ വസ്ത്രം താണതരത്തിലുള്ളതാണെന്നിരിക്കട്ടെ. അപ്പോൾ നാം ലുബ്ധരുമായി. നമ്മുടെ ആചാരോപചാരങ്ങളെ ഉർവ്യാപാരങ്ങളായും, നമ്മുടെ ആശാനിഗ്രഹത്തെ നീചതപമായും ആണു

ലോകം വ്യാഖ്യാനിക്കുക. ലോകം അതിന്റെ ദൃഷ്ടി പല പ്പോഴും നമ്മുടെമേൽ തിരിച്ചിരിക്കുന്നു. എന്തുതന്നെ ചെയ്താ ലും നാം ലോകസമക്ഷം അഭിനന്ദനീയരല്ല. എന്തിനു്, ലോ കം നമ്മുടെ സ്വഭാവത്തെ പവിത്രവൽകരിക്കുന്നു; കുറ റങ്ങളെ പ്രസിദ്ധമാക്കുന്നു; ലഘുതരങ്ങളായ പാപങ്ങളെ ഗുരു തരങ്ങളാക്കുന്നു; അവിചാരിതങ്ങളായ തെറ്റുകളെ മനഃപൂ ർവ്വം വ്യാഖ്യാനിക്കുന്നു. വീ. പൗലോസ് പ്രസ്താവിക്കുന്നതു പോലെ, സ്നേഹം ദയാലുവായിരിക്കെ ലോകം ദുസ്സ്വഭാവി യാണു്. സ്നേഹം കളങ്കരഹിതം. ലോകമോ എന്നാൽ, കള ങ്കപൂർണ്ണം. നമ്മുടെ പ്രവൃത്തികളിൽ കുറവു കണ്ടുപിടിക്ക വാൻ ലോകത്തിനു സാധിക്കാത്തപക്ഷം, അതു് ഉടൻ ന മ്മുടെ ഉദ്ദേശ്യങ്ങളെ എതിർക്കുകയായി. അട്ടിൻകുട്ടി കറുത്ത തോ വെളുത്തതോ, കൊമ്പുള്ളതോ ഇല്ലാത്തതോ എന്തുത ന്നെയും ആയിക്കൊള്ളട്ടെ. പിടികിട്ടിയാൽ ചെന്നായ് അതി നെ വിടുമോ?

നമ്മുടെ സകല പ്രവൃത്തികളിലും കുറവു് ആരോപിക്കു ന്നതിനു ലോകം സദാ സന്നദ്ധമാണു്. പാപോച്ചാരണം കേൾക്കുന്നതിൽ വൈദികൻ അധികസമയം വ്യയംചെയ്യു ന്നെങ്കിൽ അനാവശ്യസംഭാഷണത്തിനായി സമയം അദ്ദേ ഹം എടുക്കുന്നുവെന്നും, പ്രത്യുത, സ്വല്പസമയമേ അദ്ദേഹം വിനിയോഗിക്കുന്നുള്ളുവെങ്കിൽ, പറയേണ്ടതുമുഴുവൻ പറ ഞ്ഞില്ല എന്നും മറ്റുമുള്ള കുറവുകൾ ലോകം അയാളുടെമേൽ ചുമത്തുന്നു. നാം ചെയ്യുന്ന ഓരോ പ്രവൃത്തിയും ലോകം ഉറ്റു നോക്കിക്കാണുന്നുണ്ടു്. നമ്മുടെ പ്രവൃത്തികളിലുള്ള വേഗത ദുശ്ശീലമായും, നമ്മുടെ വിവേകം അതിമോഹമായും, നമ്മുടെ സൗമ്യത മൂഢതയായുമാണു ലോകം വ്യാഖ്യാനിക്കുന്നതു്. എ ന്നാൽ, പ്രാപഞ്ചികന്മാരുടെ ദുർമ്മോഹങ്ങൾ മഹാമനസ്കത യുടെ ലക്ഷണങ്ങളായും, അവരുടെ അത്യാഗ്രഹം വിവേക മായും, അവരുടെ ദുരിച്ചുകൾ പ്രശംസാർഹങ്ങളായുമാണു

ലോകഭൂഷ്ടിയിൽപ്പെട്ടുന്നതു്. എട്ടുകാലി, തേനീച്ചകളുടെ കൂട്ടിൽ പ്രവേശിച്ചു് അവിടെ വലകെട്ടി അവയുടെ ശ്രമം വിഫലമാക്കുന്നു.

അതുകയാൽ ലോകം പറയുന്നതു നീ വകവയ്ക്കേണ്ട. ഉറങ്ങുന്ന മറവു പക്ഷികളെ രാത്രികാലങ്ങളിൽ മൂളി ശല്യപ്പെടുത്തുന്ന മൂങ്ങായെപ്പോലെ ലോകവും മതിവരുവോളം മുറവിളി കൂട്ടിക്കൊള്ളട്ടെ. നമുക്കു നമ്മുടെ ഉദ്ദേശ്യങ്ങളിൽ സ്ഥിരതയുള്ളവരും നിശ്ചയങ്ങളിൽ നിഷ്ഠയുള്ളവരുമായിരിക്കാം. നാം എത്രമാത്രം ജാഗരൂകതയോടെയാണു നമ്മെത്തന്നെ ദൈവത്തിനു ബലി അർപ്പിക്കയും കേവജീവിതം നയിക്കുകയും ചെയ്യുന്നതെന്നുള്ളതിനു നമ്മുടെ സ്ഥിരോത്സാഹംതന്നെ സാക്ഷ്യം നല്കട്ടെ. ധൂമകേതുവും (Comet) ഗ്രഹവും (Planet) തുല്യപ്രഭയുള്ളതാണു്. എന്നാൽ, വാല്നക്ഷത്രം ക്ഷണേന നിഷ്പ്രഭമായിത്തീരുന്നു. ഇതുപോലെതന്നെ കപടഭക്തിക്കും യഥാർത്ഥപുണ്യത്തിനും തമ്മിൽ ബാഹ്യമായ യാതൊരന്തരവും പ്രത്യക്ഷമാകുന്നില്ല. പക്ഷേ, വലിയ വിഷമംകൂടാതെ ഇവയെ തിരിച്ചറിയുവാൻ സാധിക്കും. കപടഭക്തി ചിരഞ്ജീവിയല്ലാത്തതിനാൽ നിമിഷനേരംകൊണ്ടു പുകപോലെ മറയുന്നു. പ്രത്യുത, സാക്ഷാത്തായ പുണ്യം അചഞ്ചലവും സുദൃഢവുമത്രേ. നമ്മുടെ പുണ്യജീവിതത്തിന്റെ പുരോഗമനത്തെ അനല്പമായ വിധം സഹായിക്കുന്ന ഒന്നാണു് അവഹേളനങ്ങളും അനിഷ്ടകളും ക്ഷമയോടെ സഹിക്കുക എന്നുള്ളതു്. ഇതുവഴിയായി അഹങ്കാരത്തിൽനിന്നും വ്യർത്ഥാഭിമാനത്തിൽനിന്നും നാം സുരക്ഷിതരാകുന്നു. ഇസ്രായേൽക്കാരുടെ ആൺമക്കളെ ജനനത്തിൽത്തന്നെ വധിക്കണമെന്നു ഫറവോൻ രാജാവു നല്കിയ ആജ്ഞയെ അനുവർത്തിച്ചുപോന്ന ഈപ്പിലേ അമ്മൂകൾക്കു തുല്യമാണു് അഹങ്കാരവും വ്യർത്ഥാഭിമാനവും. നാം ലോക

ത്തെ പരിപൂർണ്ണമായി സന്തൃജിച്ചവരാണ്. അതു നമ്മെ ദോഷന്മാരാക്കുന്നു. അതിന്റെ അനുഗാമികളെ നമുക്കു ഭോന്തന്മാരായി പരിഗണിക്കാം.



രണ്ടാം അധ്യായം

നാം ധീരമനസ്കരായിരിക്കണമെന്നതിനെപ്പറ്റി

നമ്മുടെ കണ്ണുകൾ അത്യധികം അന്വേഷിക്കുന്നതും ആനന്ദം നേടുന്നതുമായ ഒന്നാണു പ്രകാശം. എന്നാൽ, ദീർഘസമയം അന്ധകാരത്താൽ മൂടപ്പെട്ടിരിക്കുന്ന നേത്രങ്ങൾ പൊടുന്നനവേയുള്ള പ്രകാശപ്രഭാവത്തിൽ അഞ്ചിപ്പോവുകയത്രേ ചെയ്യുന്നതു്. അപരിചിതമായ ഒരു ദേശത്തു നാം ആദ്യമായി ചെന്നെന്നിരിക്കട്ടെ. അവിടത്തെ ആളുകൾ നമ്മുടെനേരെ എത്രതന്നെ ഉപചാരവും അനുകമ്പയും ഉള്ളവരായിരുന്നാലും, അവരുമായി പരിചയപ്പെടുന്നതുവരെ, നമുക്ക് അവിടെ മനഃസ്വാസ്ഥ്യമോ സ്വാതന്ത്ര്യമോ ഉണ്ടാകുന്നതല്ല. ജീവിതത്തിന്റെ വിവിധഗതികളിൽ അന്തരികമായി അനേക വിഷമതകൾ നേരിടുക സാധാരണമാണ്. മാത്രമല്ല, ഭൗമികവും മായാമയവുമായ സകലതിൽനിന്നുമുള്ള പൂർണ്ണമായ വേർപാടു നിനക്കു ക്ലേശിതത്തിനും ധൈര്യഹാനിക്കും കാരണമായിത്തീർന്നേക്കാം. ചിലപ്പോൾ ഇങ്ങനെ സംഭവിക്കുന്നെങ്കിൽ അതത്ര കാര്യമായിക്കരുതേണ്ടതില്ല. സ്വല്പം ക്ഷമയുള്ളവനായിരുന്നാൽമാത്രം മതി. നിന്റെ പരിശീലനക്കുറവുനിമിത്തമുണ്ടാകുന്ന അല്പം അസ്വാസ്ഥ്യംമാത്രമാണതു്. അതിനെ ഒരിക്കൽ ജയിച്ചുകഴിഞ്ഞാൽ അനന്തമായ ആശ്വാസം നിശ്ചയമാണ്.

പ്രാപഞ്ചികസേവനംമൂലം പ്രാപഞ്ചികന്മാരുടെയിടയിൽ നീ നേടിയ നശ്വരകീർത്തി നഷ്ടപ്പെടുന്നതിൽ ആത്മം നിനക്കു സങ്കടമുണ്ടായേക്കാം. അനശ്വരമായ മുഖസ്തുതിക്കുവേണ്ടി ദൈവം നിനക്കു പ്രദാനംചെയ്യുവാനിരിക്കുന്ന അനശ്വരമായ മഹത്ത്വം ത്യജിക്കുന്നതിനു തുനിയുമെന്നോ? അതീതകാലങ്ങളിൽ നീ അനുഭവിച്ച ക്ഷണികങ്ങളായ ആനന്ദങ്ങളും ജഡികങ്ങളായ വിനോദങ്ങളും വീണ്ടും നിൻറെ മാനസികനേത്രങ്ങൾക്കു വിഷയീഭവിക്കയും, നിൻറെ ഹൃദയത്തെ ആകർഷിക്കുകയും ചെയ്യും. നിസ്സാരങ്ങളും നിഷ്പ്രയോജനങ്ങളുമായ ഇവയ്ക്കുവേണ്ടി അനന്തസൗഭാഗ്യം ത്യജിക്കുന്നതിനുള്ള ധൈര്യം നിനക്കുണ്ടോ? ഞാൻ പറയുന്നതു കേട്ടാലും; ഈ മാതിരി പ്രലോഭനങ്ങളുടെ മദ്ധ്യേ നീ അചഞ്ചലനും സുധീരനുമായി സ്ഥിതിചെയ്യുക. എന്നാൽ, താമസംവിനാ നിനക്കു ഹൃദയസന്തുഷ്ടിയും മനഃസമാധാനവും സമാഗതമാകും. സമാധാനസംപൂർണ്ണമായ ഈ അവസ്ഥയോടു തുലനം ചെയ്യുമ്പോൾ ലോകം, നീരസം ജനിപ്പിക്കുന്ന ഒന്നായിട്ടാണു നിനക്കു പ്രത്യക്ഷമാകുന്നതു്. ആത്മസംതൃപ്തിയിൽ കഴിച്ചുകൂട്ടുന്ന ഒരൊറ്റ ദിവസം, ഭൗതികസന്തോഷങ്ങൾക്കായി ചെലവഴിക്കുന്ന ആയിരം സംവത്സരങ്ങളെക്കാൾ ഉൽകൃഷ്ടതരമാണെന്നും അപ്പോൾ നിനക്കു മനസ്സിലാകും.

ക്രിസ്തീയപരിപൂർണ്ണതയാകുന്ന ഗിരിയുടെ ഉപരിഭാഗത്തെയ്ക്കു നോക്കുമ്പോൾ "ഹാ! ഇതിൻറെ മുകളിൽ ചെന്നെത്തുക എന്നതു് എന്നാൽ സാധ്യമോ?" എന്നു നിനക്കു തോന്നിയേക്കാം. പ്രിയ സോദരാ, അധൈര്യപ്പെടേണ്ടാ; പക്ഷിക്കുഞ്ഞുങ്ങളുടെ സ്ഥിതി നോക്കുക. പപ്പും ചിറകും വയ്ക്കുന്നതിനുമുൻപു് അവ കൂട്ടിൽത്തന്നെയാണു ജീവിക്കുന്നതു്. ഇരതേടി കൂടിനുവെളിയിൽ പോകുന്നതിനു് അവയ്ക്കു വശമില്ല. സോല്ലാസം പറന്നുപോയി വൃക്ഷശിഖരങ്ങളിൽ അങ്ങുമിങ്ങും ഇരിക്കുക എന്നുള്ളതും അവയ്ക്കു് അസാദ്ധ്യം. യഥേ

ഷ്ടം കന്നുകളോടേയും മലകളോടേയും മുകളിൽ പറന്നെത്തുന്നതിനും അവ അപ്രാപ്യങ്ങളത്രേ. തള്ളപ്പക്ഷി ശേഖരിച്ചുകൊണ്ടുവരുന്ന ആഹാരം ഭക്ഷിച്ചാണ് അവ വളരുന്നത്. അവയുടെ ക്രമേണ പപ്പും ചിറകും ഉണ്ടാവുകയും വൃക്ഷശിഖരങ്ങളിൽ അങ്ങുമിങ്ങും പറന്നിരിക്കുന്നതിനു സാധിക്കയും ചെയ്യുന്നു. നാം ചിറകുവയ്ക്കാത്ത ആ ചെറുപക്ഷികൾക്കു തുല്യരത്രേ. ക്രിസ്തീയപരിപൂർണ്ണതയുടെ പരമമായ പദവിയിൽ എത്തുന്നതിനു നമുക്കാഗ്രഹമുണ്ട്. എങ്കിലും, ഇച്ഛാനുസരണം മുകളിലേയ്ക്കു കയറുക നമുക്കു ദുസ്സാധ്യം. പൊടുന്നനെ വയല്ല പ്രത്യുത, ക്രമേണയാണ് ഇതിനു പ്രാപ്തരാകുന്നത്. പുണ്യപൂർണ്ണത പ്രാപിക്കുന്നതിനുള്ള അഭിവാഞ്ഛയും ദൃഢനിശ്ചയവുമത്രേ നമ്മുടെ ചിറകുകൾ. ഇവ ക്രമേണ വികസിച്ച് ഒടുവിൽ പരിപൂർണ്ണമായ വളർച്ച പ്രാപിക്കുന്നു. അപ്പോൾ മുകളിലേയ്ക്കു പറന്ന്, ഉദ്ദിഷ്ടസ്ഥാനത്തെത്തുന്നതിനു നമുക്കു സാധിക്കും. അതീതകാലങ്ങളിൽ ജീവിച്ചിരുന്ന പുണ്യപുരുഷന്മാർ അവരുടെ സദുപദേശങ്ങളാകുന്ന ഭക്ഷണസാധനങ്ങളും നമുക്കു നല്കിയിട്ടുണ്ട്. പുണ്യപൂർണ്ണതയിലെത്തുന്നതിനു പ്രാപ്തരാകുന്നതുവരെ ഈ ഭക്ഷണസാധനങ്ങളാൽ നമ്മെത്തന്നെ നമുക്കു പരിപോഷിപ്പിക്കാം. ഇഹത്തിൽ അങ്ങുമിങ്ങും പറന്നുനടക്കുന്നതിനു മാത്രമല്ല, പരത്തിൽ പറന്നെത്തി വിശ്രമിക്കുന്നതിനും തക്കവണ്ണം ദൈവം നമുക്കു മാടപ്രാവിന്റെ ചിറകുകൾ പ്രദാനംചെയ്യുന്നതിനായി പ്രാർത്ഥിക്കയും ചെയ്യാം.



മൂന്നാം അധ്യായം

പ്രലോഭനങ്ങളുടെ സ്വഭാവം; അവ അനുഭവപ്പെടുക എന്നതും അവയ്ക്കു കീഴ്പ്പെടുക എന്നതും തമ്മിലുള്ള വ്യത്യാസം എന്നിവ സംബന്ധിച്ച്

ഭർത്താവിന്റെ അതീവസ്നേഹത്തിനു പാത്രീഭൂതയായ ഒരു രാജകുമാരിയുടെ പാതിവ്രത്യഭംഗം വരുത്തണമെന്ന ഉദ്ദേശ്യത്തോടെ ഒരു ദുഷ്ടൻ തന്റെ ദൂതനെ അവളുടെ പക്കലേക്ക് അയയ്ക്കുന്നുവെന്നു സങ്കല്പിക്കുക. ദൂതൻ തന്റെ ദൗത്യം രാജകുമാരിയെ അറിയിക്കുന്നു. അവർ ഒന്നുകിൽ ദൂതനെ സ്വീകരിക്കണം; അല്ലെങ്കിൽ നിരസിക്കണം. ഒന്നുകിൽ അവർ സമ്മതിക്കും; അല്ലെങ്കിൽ വിസമ്മതിക്കും. ക്രിസ്തുരാജനെ വരിച്ചുകൊണ്ട് അദ്ദേഹത്തോടു യോജിച്ചിരിക്കുന്ന ഒരാത്മാവിനെ ലോകം, പിശാച്, ശരീരം എന്ന ത്രിവിധ ശത്രുക്കൾ ആക്രമിക്കുന്ന വിധവും ഇതുതന്നെ. ഈ ശത്രുക്കൾ പ്രലോഭനങ്ങൾവഴി ആത്മാവിനു പാപം ഉപദേശിച്ചുകൊടുക്കുന്നു. ആത്മാവിന് ഈ ഉപദേശം സ്വീകരിക്കുകയോ സ്വീകരിക്കാതിരിക്കുകയോ ചെയ്യാം. ആത്മാവു സമ്മതം നല്കിയെന്നും നല്കാതിരുന്നെന്നും വരാം. പാപഗർത്തത്തിലേയ്ക്കു നമ്മെ നയിക്കുന്നതിനുള്ള മൂന്നു പടവികൾ പ്രലോഭനം, സന്തോഷം, സമ്മതം ഇവയാണ്. ഇവ മൂന്നും എല്ലാപ്പാപങ്ങളിലും കണ്ടു എന്നു വരികയില്ല. എങ്കിലും, ഗുരുതരങ്ങളായവയിൽ ഇവ സ്പഷ്ടമായിക്കാണാം.

ജീവിതകാലംമുഴുവൻ നാം ചില പ്രത്യേക പ്രലോഭനങ്ങളാൽ പീഡിതരായെന്നു വന്നേക്കാം. എന്നാൽ, പ്രസ്തുത പ്രലോഭനങ്ങളിൽ സന്തോഷിക്കയോ, പ്രലോഭനജന്യമായ പാപത്തിനു സമ്മതം നല്കുകയോ ചെയ്യാതിരിക്കു

ന്നിടത്തോളം കാലം ദൈവസന്നിധിയിൽ നാം കുറക്കാരാകുന്നതല്ല. വി. പൗലോസ് അതിഭൂസ്സഥമായവിധം പിശാചിനാൽ പീഡിതനായി. തന്റെ ശരീരത്തിൽ കൊണ്ടുകേറിയ ഒരു മുള്ളുപോലെയാണ് അശ്ലീലരൂപി അദ്ദേഹത്തോടു വർത്തിച്ചിരുന്നതു്. എങ്കിലും, അദ്ദേഹം ദൈവത്തിന്റെ അപ്രീതിക്കു വിധേയനാവുകയല്ല: പ്രത്യുത, കൂടുതൽ മഹത്വത്തിനു് അർഹനാവുകയത്രേ ചെയ്തതു്. ഫൊളിഞ്ഞിയിലേ അഞ്ചലാ എന്ന വിശുദ്ധ, ശുദ്ധതയ്ക്കു വിരുദ്ധമായ പ്രലോഭനങ്ങളാൽ കഠിനമായി ഞെരുക്കപ്പെട്ടിരുന്നു. അവയെക്കുറിച്ചു കേൾക്കുമ്പോൾ, നമുക്കു രോമാഞ്ചമുണ്ടാകത്തക്കവണ്ണം അത്ര ഉഗ്രമായിരുന്ന ഈ പുണ്യവതിയുടെ പീഡകൾ. വി. ഫ്രാൻസീസും വി. ബെനഡിക്തോസും അത്യുഗ്രകമായി പിശാചുക്കളുടെ ഉപദ്രവങ്ങൾ സഹിച്ചിരുന്നുവെന്നു് അവരുടെ ജീവചരിത്രത്തിൽനിന്നു നമുക്കു ഗ്രഹിക്കാം. തങ്ങളുടെ പ്രലോഭനങ്ങൾ കുറയ്ക്കുന്നതിനായി ഒരാൾ മുള്ളുകളുടേയും മറെറയാൾ മഞ്ഞുകട്ടകളുടേയും മേൽ കിടന്നുരുണ്ടിരുന്നുവത്രേ. പ്രലോഭനങ്ങൾമൂലം, ദൈവപ്രസാദം ഒട്ടുംതന്നെ അവർക്കു നഷ്ടപ്പെട്ടില്ലെന്നുമാത്രമല്ല, അതിൽ പൂർവ്വാധികം അഭിവൃദ്ധിപ്പെടുകയും ചെയ്തിരുന്നു. കേതാത്മാവേ, പരീക്ഷകൾ ഉണ്ടാകുമ്പോൾ നീ ധീരനായിരിക്കുക. അവ നിനക്കു് അനിഷ്ടകരമായിരിക്കുന്നിടത്തോളംകാലം നീ വിജയിയായിത്തന്നെ പരിലസിക്കും. പ്രലോഭനങ്ങൾ അനുഭവപ്പെടുന്നതു് ഒന്നു്; സമ്മതം നല്കി അവയ്ക്കു കീഴ്പ്പെടുന്നതു വേറൊന്നു്. ഇവ തമ്മിലുള്ള വ്യത്യാസം നീ ശരിയായി മനസ്സിലാക്കണം. പ്രലോഭനങ്ങൾ നിനക്കു് അനുഭവപ്പെടുക എന്നു പറഞ്ഞതിന്റെ അർത്ഥം ഇതാണു്; അതായതു് അവ നിന്നെ സന്തോഷിപ്പിക്കുന്നില്ല; പിന്നെയോ, അലട്ടുകമാത്രമേ ചെയ്യുന്നുള്ളു. അവയിൽ നീ ആനന്ദം തേടുമ്പോൾമാത്രമേ, പ്രലോഭനങ്ങൾക്കു നീ കീഴ്പ്പെട്ടുവെന്നു പറയാവൂ. എന്തുകൊണ്ടെന്നാൽ,

പ്രലോഭനങ്ങളിൽ സന്തോഷിക്കുകയാണ് അവയ്ക്ക് സമ്മതം നല്കുന്നതിന്റെ പ്രത്യക്ഷ ലക്ഷണം. നമ്മുടെ ഹൃദയാന്തർഭാഗത്തു പ്രവേശം ലഭിക്കുന്നതിന് അവ സദാ നോക്കി നില്ക്കുകയാണ്. ഈ അദ്ധ്യായത്തിന്റെ ആരംഭത്തിൽ പറഞ്ഞ രാജകുമാരിയുടെ കാര്യംതന്നെ നോക്കുക. ആ ദുഷ്ടമനുഷ്യന്റെ സന്ദേശത്തെ അനുകൂലിക്കുന്നുവെങ്കിൽ മാത്രമേ ഭർത്താവിന്റെ അപ്രീതിക്ക് അവൾ പാത്രമാകയുള്ളൂ. ഈ ദൗത്യം ത്യജിക്കുകമൂലം ഭർതൃസമക്ഷം അവൾ എപ്രകാരം കുറ്റക്കാരിയായി ഭവിക്കുന്നുവോ അപ്രകാരം, നമ്മുടെ ശത്രുക്കളുടെ നിർദ്ദേശങ്ങളെ നിരാകരിക്കുന്നുവെങ്കിൽ, നാമും ദൈവസന്നിധിയിൽ നിർദ്ദോഷികളായിരിക്കും. രാജകുമാരിയും നമ്മുടെ ആത്മാവും തമ്മിൽ ഒരു വ്യത്യാസമുണ്ട്. അസത്യമായ ആ സന്ദേശം കേൾക്കുന്ന മാത്രയിൽത്തന്നെ ദൂതനെ അവിടെനിന്ന് ആട്ടിയോടിക്കുന്നതിനും അതിനെക്കുറിച്ചു പിന്നീടൊരിക്കലും കേൾക്കാതിരിക്കുന്നതിനും ആ രാജകുമാരിക്കു സാധിക്കുന്നതാണ്. നമ്മുടെ ആത്മാവിന്നാകട്ടെ, അതു സുസാധ്യമല്ല. ഒരിക്കലും സമ്മതം നല്കാതിരിക്കുന്നതിന് അതിനു സാധിച്ചേക്കാം. എന്നാൽ, പ്രലോഭനങ്ങളെ പൂർണ്ണമായി അകറ്റിനിറുത്തുന്നതിനു സാധിക്കയില്ല. പ്രലോഭനങ്ങൾ എത്ര കാലത്തേക്കു ദീർഘിച്ചാലും അവയോടു സഹകരിയ്ക്കുന്നുവെങ്കിൽ നമുക്കു യാതൊരാപത്തും ഉണ്ടാകുന്നതല്ല.

അധമാംശമെന്നും ഉത്തമാംശമെന്നും രണ്ടു വിഭാഗങ്ങൾ ആത്മാവിനുണ്ട്. ആദ്യത്തേതു പലപ്പോഴും രണ്ടാമത്തേതിനു വിധേയമാകാതെ അതിന്റെ ആജ്ഞയെ അതിലംഘിച്ചു പ്രവർത്തിക്കാറുണ്ട്. ഉത്തമഭാഗത്തിന്റെ സമ്മതം ക്രമേണയും അതിന്റെ നിർദ്ദേശങ്ങൾക്കു വിപരീതമായും അധമഭാഗം പ്രലോഭനങ്ങളിൽ സന്തോഷം പ്രദർശിപ്പിക്കുന്നു. ഇതുതന്നെയാണു വി. പൗലോസ് പ്രസ്താവിക്കുന്ന ആന്തരികസമ

രം. അദ്ദേഹം പറയുന്നു: "ശരീരം ആത്മാവിനെതിരായും ആത്മാവ് ശരീരത്തിനെതിരായും മോഹിക്കുന്നു" (ഗലാ: 5–17). "മനസ്സിന്റെ പ്രമാണത്തിനു വിരുദ്ധമായി വേറൊരു പ്രമാണം അവയവങ്ങളിൽ കാണുന്നു" എന്നും റോമാക്കാർക്കുള്ള ലേഖനത്തിൽ അദ്ദേഹം പ്രസ്താവിക്കുന്നുണ്ട്. അടുപ്പിൽ വിറകുകൂട്ടി തീ എരിക്കുന്നതു നാം കാണാറുണ്ടല്ലോ. പത്തുപന്ത്രണ്ടു മണിക്കൂർ കഴിഞ്ഞു നോക്കുമ്പോൾ അടുപ്പിന്റെ വല്ല കോണിലും ഒരു തീക്കനൽ കണ്ടെന്നു വരാം. അതും വളരെ കഷ്ടിച്ചാണ്. വല്ല വിധവും ഒരു തീക്കനൽ കണ്ടുകിട്ടിയാൽ അതുകൊണ്ട്, കെട്ടുകിടക്കുന്ന കൊള്ളികൾ മുഴുവനിലും വീണ്ടും തീ പിടിപ്പിക്കുന്നതിനു സാധിക്കും. ഉഗ്രമായ പ്രലോഭനങ്ങളുടെ മദ്ധ്യേ സ്നേഹത്തിന്റെ സ്ഥിതിയും ഇതുതന്നെ. സ്നേഹം ആത്മാവിന്റെ ജീവനാണല്ലോ. പ്രലോഭനം ആത്മാവിന്റെ ദുർബ്ബലമായ ഭാഗത്തെ ആക്രമിച്ചുകൊണ്ട് അതിനെ ചാരത്തിൽ മൂടുകയും ദൈവസ്നേഹമാകുന്ന അഗ്നിയെ കെടുത്തുകയും ചെയ്യുന്നു. ഈ അഗ്നി ഹൃദയത്തിന്റെ അടിത്തട്ടിലല്ലാതെ മറ്റൊരിടത്തും ഇല്ലതന്നെ. അതും ദുർലഭം. എങ്കിലും, അതു നമ്മുടെ ഹൃദയാന്തർഭാഗത്തുനിന്നു തീരെ അസ്തമിച്ചിട്ടില്ല. എന്തുകൊണ്ടെന്നാൽ, നമ്മുടെ ആത്മശരീരങ്ങൾ പലപ്പോഴും അസ്വസ്ഥങ്ങളായിരിക്കുന്നുവെങ്കിലും, പാപത്തിനും പ്രലോഭനത്തിനും സമ്മതിക്കുകയില്ലെന്നുള്ള നിശ്ചയത്തിൽ നാം നിഷ്കർഷമുള്ളവരാകുന്നു. ബാഹ്യമനുഷ്യനെ സന്തുഷ്ടനാക്കുന്ന ശക്തികൾ ആന്തരികമനുഷ്യനെ വിരസിപ്പിക്കുകയത്രേ ചെയ്യുന്നതു്. ഹൃദയത്തെ ആവരണം ചെയ്യുന്നുവെങ്കിലും, അതിനുള്ളിൽ പ്രവേശിക്കുവാൻ അവയ്ക്കു സാധിച്ചിട്ടില്ല. ഇതിൽനിന്നു്, ഈ പ്രലോഭനങ്ങൾ അവിചാരിതങ്ങളാണെന്നു നമുക്കു മനസ്സിലാക്കാം. അതിനാൽ, അവ പാപകരമല്ല.

നാലാം അധ്യായം

പ്രസ്തുത തത്ത്വത്തിനു രണ്ടുദാഹരണങ്ങൾ

ഇതു ശരിയായി മനസ്സിലാക്കേണ്ടതിനു ഞാൻ ചില ഉദാഹരണങ്ങൾ പറയാം: വി. ഈറാനീമോസ് പ്രസ്താവിക്കുന്ന ആ യുവാവിനെത്തന്നെയാണു ഞാൻ നിന്റെ ശ്രദ്ധയെ വിഷയീഭവിപ്പിക്കുന്നതു്. അയാൾ ആനന്ദപൂർണ്ണമായ ഒരു കിടക്കയിൽ സുവർണ്ണശൃംഖലയാൽ ബദ്ധനായിരുന്നു. ഒരു സ്ത്രീ അയാളുടെ ചാരിത്രം ഭംഗപ്പെടുത്തുന്നതിനുദ്യമിച്ചതിനാൽ ആ യുവാവു പലതരം പ്രലോഭനങ്ങൾക്കു വിധേയനായി. അവന്റെ ഇന്ദ്രിയങ്ങൾ ബലമായി ആകർഷിക്കപ്പെട്ടുവെന്നും അവന്റെ മാനസികനേത്രങ്ങളിൽ ദുഷ്പ്രവൃത്തികളുടെ ഒരു പ്രതിമ പതിഞ്ഞുവെന്നും ഉള്ളതിൽ നീ സംശയിക്കുന്നുവോ? നിസ്സംശയമായും അങ്ങനെതന്നെ സംഭവിച്ചിരിക്കണം. ഇത്ര ശക്തിമത്തായ പ്രലോഭനത്തിൽപ്പോലും—ഇത്ര ഭയങ്കരമായ കൊടുങ്കാറ്റിൽപ്പോലും—അവന്റെ ഹൃദയം തോൽവിയടയുകയോ അവന്റെ മനസ്സു സമ്മതം നല്കുകയോ ചെയ്തില്ല. ഇതിനു് അയാൾതന്നെ സാക്ഷ്യം തരുന്നു. അവർക്കെതിരായി തന്റെ എല്ലാ അവയവങ്ങളും മല്ലിടുന്നതു് അവൻ തന്റെ മാനസികനേത്രങ്ങളാൽ കണ്ടു. പക്ഷേ, അവന്റെ നാവിനേലല്ലാതെ മറ്റു യാതൊരംഗത്തിനേലും അവനു സ്വാതന്ത്ര്യമില്ലാഞ്ഞതിനാൽ, അതിനെ അവൻ കടിച്ചുമുറിച്ചു് ക്രൂരനായ ആരാച്ചാരെക്കാൾ ക്രൂരതരം തന്നെ പീഡിപ്പിച്ചിരുന്ന ആ യുവതിയുടെ മുഖത്തേയ്ക്കു തുപ്പി. പീഡനംവഴി അവനെ വശത്താക്കുന്നതിനുള്ള ഉദ്യമം പരാജയത്തിൽ കലാശിച്ചതിനാൽ പ്രണയചേഷ്ടകളാകുന്ന അസ്ത്രങ്ങൾ അവർ പ്രയോഗിച്ചുനോക്കി.

സീയന്നായിലേ വി. കത്രീനായുടെ ആത്മീയസമരം വി

ളരെപ്രശംസാർഹംതന്നെ. ഇപ്രകാരമാണ് അതിന്റെ സംക്ഷേപം: വിശ്രുതയെ സ്പർശിക്കാതെ എത്രയെങ്കിലും ശക്തിമത്തായി അവളുടെ ചാരിത്രത്തെ ആക്രമിച്ചുകൊള്ളുന്നതിനു ദൈവം പിശാചിന് അനുമതി നല്കി. കിട്ടിയ അവസരം നഷ്ടപ്പെടുത്താതെ ദുഷ്ടാത്മാവ് അവളുടെ ഹൃദയത്തിൽ വിവിധങ്ങളായ അശ്രുതവിചാരങ്ങൾ ജനിപ്പിച്ചു. മാത്രമല്ല, അവൻ തന്റെ സഖാക്കളോടുകൂടെ അവളെ ബഹുവിധം പീഡിപ്പിച്ചു. ഈ പീഡനങ്ങൾ ബാഹ്യമായിരുന്നെങ്കിലും പുണ്യവതിയുടെ ഹൃദയത്തിലേക്ക് അവ തുളഞ്ഞുകയറുകതന്നെചെയ്തു. തന്നിമിത്തം, അവളുടെ അതിപാവനവും ശ്രേഷ്ഠവുമായ മനസ്സൊഴികെ മറെറല്ലാ ശക്തികളും ഈ കൊടുങ്കാറ്റിൽ ഉലഞ്ഞു ക്ഷീണപ്രായമാവുകയത്രേ ചെയ്തു. ഇതു കർത്താതന്നെ സമ്മതിച്ചിട്ടുള്ള ഒരു സംഗതിയാണ്. ഈ സ്ഥിതിയിൽ അവൾ കുറെ സമയം കഴിച്ചുകൂട്ടേണ്ടതായി വന്നുകൂടി. അവസാനം ദിവ്യരക്ഷകനെ മർശിച്ചുകൊണ്ടു വിശ്രുത ഇപ്രകാരം ചോദിച്ചു: "ഓ! എന്റെ സ്നേഹനാഥാ! എന്റെ ഹൃദയം അന്ധകാരത്താലും അശ്രുതയാലും നിറഞ്ഞിരുന്നപ്പോൾ അങ്ങു് എവിടെയായിരുന്നു?"

ഈശോ:– "മകളേ, ഞാൻ നിന്റെ ഹൃദയത്തിൽത്തന്നെ ഉണ്ടായിരുന്നു."

കർത്താ:– "എപ്രകാരമാണ് അങ്ങു് എന്റെ ഹൃദയത്തിൽ സ്ഥിതിചെയ്തതു്? ഇത്ര വഷളായ എന്റെ ഹൃദയത്തിൽ, ഇത്ര അശ്രുതമായ ഒന്നിലേയ്ക്കു് അവിടുന്നു് എഴുന്നെള്ളി വന്നിരുന്നുവെന്നോ?"

ഈശോ:– "മകളേ, എന്നോടു പറയുക. ഈ അശ്രുത വിചാരങ്ങൾ നിന്റെ ഹൃദയത്തിൽ പ്രവേശിച്ചപ്പോൾ എന്താണു നിനക്കനുഭവവേദ്യമായതു്? സന്തോഷമോ, സന്താപമോ, മാധുര്യമോ, കയ്പോ?"

കർത്താ:– "അനല്പമായ സങ്കടവും അരുചിയും."

ഈശോ:– "നിന്റെ ഹൃദയത്തിൽ മറഞ്ഞിരുന്ന ഞാനല്ലാതെ മറ്റാരാണ്, അതിനെ ഇപ്രകാരം സങ്കടത്താൽ നിറച്ചതു? മകളേ, എന്നെ ശ്രവിച്ചാലും:– ഞാൻ നിന്റെ ഹൃദയത്തിലില്ലായിരുന്നുവെന്നിരിക്കട്ടെ. അപ്പോൾ നിന്റെ മനസ്സിനെ അലട്ടുകയും, എന്നാൽ, അതിനെ സ്വാധീനമാക്കുവാൻ കഴിയാതിരിക്കുകയും ചെയ്ത ഈ അശുദ്ധ വിചാരങ്ങൾ നിന്നെ തോല്പിച്ചു നിന്റെ ഹൃദയം കരസ്ഥമാക്കുമായിരുന്നു. നീ അവയെ സ്വീകരിക്കുകയും, തന്നിമിത്തം നിന്റെ ആത്മാവു നശിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ, ഞാൻ നിന്റെ ഹൃദയത്തിൽ ഉണ്ടായിരുന്നതുകൊണ്ട്, അതിൽ വിരസതയും പ്രതിക്രിയാഭാവവും ഉളവാക്കി. അതിനാലത്രേ, പ്രലോഭനത്തെ സ്വശക്തിയോടുകൂടിയും എതിർക്കുന്നതിനു നിനക്കു സാധിച്ചതു്. സ്വശക്തിയും പ്രയോജിച്ചുവെങ്കിലും ചെയ്യേണ്ടതു മുഴുവൻ ചെയ്തില്ല എന്നു വിചാരിച്ചു ക്ലേശിക്കുകയും നിന്നോടുതന്നെ അവജ്ഞയുണ്ടാക്കുകയും ചെയ്തതിനാൽ നിന്റെ സഹനം ക്രൂരതൽപ്രശംസാർഹംതന്നെ. എന്തുമൂലം, നിന്റെ പുണ്യത്തിനു മാറുവർദ്ധിച്ചിരിക്കുന്നു. ആദ്ധ്യാത്മികമായി നീ പൂർവ്വോപരി ശക്തിപ്പെടുകയും ചെയ്തിരിക്കുന്നു."

ഇതിൽനിന്നു വി. കത്രീനായുടെ ഹൃദയം പരീക്ഷകളാലും വശീകരണങ്ങളാലും എത്ര ശക്തിമത്തായി പീഡിപ്പിക്കപ്പെട്ടിരുന്നുവെന്നു കാണാവുന്നതാണ്. നമ്മുടെ ദിവ്യരക്ഷകന്റെ സഹായത്താൽ യാതൊരുവിധവും പാപത്തിനു വഴിപ്പെടാതെ ദുരാശകളെ അവർ എതിർക്കുകതന്നെ ചെയ്തു. ആത്മാവു ദൈവസ്നേഹത്താൽ എത്രതന്നെ നിറഞ്ഞതായിരുന്നാലും, ഗുരുതരങ്ങളായ പരീക്ഷകർ ഉണ്ടാകുമ്പോൾ അത്യധികം ക്ലേശിക്കുന്നു. ദൈവം തന്നിൽ ഉണ്ടോ ഇല്ലയോ എന്നു ഗ്രഹിക്കുന്നതിന് അവർക്കു ശക്തിയില്ല. ഏതൊന്നിനുവേണ്ടി അവർ യുദ്ധം ചെയ്യുന്നുവോ ആ ദൈവസ്നേഹം തന്നിൽ അണുമാത്രമെങ്കിലും പ്രകാശിപ്പിക്കുന്നു

ണ്ടോ ഇല്ലയോ എന്ന് അവൾ സംശയിക്കുന്നു. സ്നേഹിക്കുന്നവൻ സ്നേഹത്തെപ്രതി പീഡകളും സഹിക്കുകയും യുദ്ധം ചെയ്യുകയും ചെയ്യുന്നു. എന്നാൽ, ഏതൊരു സ്നേഹത്തെക്കുറിച്ച് അവൻ പീഡകളും സഹിക്കയും യുദ്ധംചെയ്യുകയും ചെയ്യുന്നുവോ ആ സ്നേഹം അവനിൽ ഉണ്ടോ എന്ന് അവനു നിശ്ചയമില്ല. ഇങ്ങനെയുള്ള ഒരവസ്ഥയിൽ എത്തുമ്പോഴാണ് ആത്മാവു സച്ഛീയസ്നേഹത്തിന്റെ പാരമ്യത്തെ പ്രാപിക്കുന്നതു്.



അഞ്ചാം അധ്യായം

പരീക്ഷിക്കപ്പെടുന്ന ആത്മാവിനു പ്രോത്സാഹനം

ഇതുപോലെയുള്ള ഭയങ്കരങ്ങളായ ആക്രമണങ്ങളും ശക്തിമത്തായ പരീക്ഷകളും എല്ലാവർക്കും ഉണ്ടാകുന്നതിനു് ദൈവം അനുവദിക്കുന്നില്ല. തന്റെ പരിശുദ്ധിയും ഉൽകൃഷ്ടവുമായ സ്നേഹത്തിലേയ്ക്കു് ആരെയെല്ലാം ഉയർത്തുന്നതിനു് അവിടുന്നു് ആഗ്രഹിക്കുന്നുവോ അവർക്കുമാത്രമേ ദൈവം അവയാത്രയാക്കുന്നുള്ളൂ. ഇവരിൽത്തന്നെ എല്ലാവരും നിർഭ്ഭിഷ്ടമായ അന്ത്യം പ്രാപിച്ചെന്നു വരുന്നതല്ല. എന്തുകൊണ്ടെന്നാൽ, ആരംഭത്തിൽ ധീരതയോടെ പരീക്ഷകളെ എതിരിട്ടുന്നവർ ദൈവത്തിൽ വിശ്വസ്തരായി അവസാനംവരെ നിലനില്ക്കാതെ, ചെറിയ പ്രലോഭനങ്ങൾ ഉണ്ടാകുമ്പോൾ ചിലപ്പോൾ അധ:പതിച്ചു പോകുന്നു. അതിനാൽ, അതു ദൈവത്തിന്റെ ഒരു പ്രത്യേകാനുഗ്രഹമെന്നതേ കരുതേണ്ടതു്. എന്തുകൊണ്ടെന്നാൽ, ദൈവം നിന്നെ അവിടുത്തെ സന്നിധിയിലേക്ക്

ഉയർത്തുവാൻ നിശ്ചയിച്ചിരിക്കുന്നുവെന്നുള്ളതിന് അതൊരു ലക്ഷ്യമാകുന്നു. പക്ഷേ, നിനക്ക് എളിമയും ഭയവും ഉണ്ടായിരിക്കണം. വലിയ പരീക്ഷകനും ജയിക്കുവാൻ സാധിച്ചതുകൊണ്ടു ദൈവത്തിൽ ആശ്രയിക്കാതെയോ, ദൈവത്തിന്റെ സഹായം ക്ഷീണമാതെയോ, ചെറിയ പരീക്ഷകളെ നിസ്സാരപ്രയാസം ജയിച്ചുകൊള്ളാമെന്നു വിചാരിക്കരുതു്.

ഏതെല്ലാം പരീക്ഷകളെങ്കിലും നിന്നെ ആക്രമിച്ചുകൊള്ളട്ടെ. ഏതെല്ലാം വശീകരണങ്ങൾക്കെങ്കിലും നീ വിധേയനായിക്കൊള്ളട്ടെ. നീ അവയ്ക്കു വിസമ്മതിക്കുന്നിടത്തോളംകാലം ദൈവം നിന്നെ കൈവിടുന്നതല്ല. നീ ഭയപ്പെടേണ്ടതുമില്ല. ഒരു മനുഷ്യൻ ബോധക്ഷയനായിക്കിടക്കുകയും ജീവന്റെ യാതൊരു ലക്ഷണവും കാണാതിരിക്കയും ചെയ്യുമ്പോൾ നാം അവന്റെ നെഞ്ചത്തു കൈവച്ചുനോക്കുന്നു. ഹൃദയത്തിൽ സ്പന്ദനമുള്ളതായി കാണുന്നുവെങ്കിൽ, അവനു ജീവനുണ്ടെന്നു് അനുമിക്കാം; ഏതെങ്കിലും പ്രതിവിധി പ്രയോഗിച്ചു് അവനെ പൂർവ്വസ്ഥിതിയിലാക്കുകയും ചെയ്യാം. ഇപ്രകാരംതന്നെ ഗുരുതരങ്ങളായ പ്രലോഭനങ്ങളാൽ ചിലപ്പോൾ നമ്മുടെ ആത്മാവിന്റെ ശക്തി മുഴുവൻ ക്ഷയിച്ചതായും, ഒരു മോഹാലസ്യത്തിൽ എന്നപോലെ ആത്മീയജീവനോ, ജീവലക്ഷണംതന്നെയോ ഇല്ലാത്തതായും തോന്നിപ്പോകും. എന്നാൽ, വാസ്തവം അറിയണമെങ്കിൽ ഹൃദയത്തിൽ നോക്കണം. ഹൃദയത്തിന്റേയും മനസ്സിന്റേയും ആഭ്യന്തരികചലനം നിന്നുപോയിട്ടില്ലെങ്കിൽ, അതായതു്, അവ പരീക്ഷകനുനേരെ കീഴടങ്ങുന്നതിൽ വിസമ്മതിച്ചുതന്നെയാണു നില്ക്കുന്നതെങ്കിൽ, ആത്മാവിന്റെ ജീവനായ സ്നേഹം ഇനിയും നമ്മിലുണ്ടു്; സംശയമില്ല. നമ്മുടെ രക്ഷകനായ ഈശോമിശിഹാ നമ്മിൽ നിന്നകന്നിട്ടില്ല; പിന്നെയോ, നിരന്തരമായ പ്രാർത്ഥനകളാലും ക്ലേശങ്ങളുടെ സഹനീകരണത്താലും, ദൈവത്തിലുള്ള വിശ്വാസത്താലും നഷ്ടപ്പെട്ടുപോയ ശക്തി

വീണ്ടും പ്രാപിക്കയും, പ്രതാപപൂർണ്ണവും സൗഭാഗ്യസമ്പുഷ്ടവുമായ ഒരു ജീവിതം അനുഭവിക്കയും ചെയ്യത്തക്കവണ്ണം അവിടുന്നു നമ്മുടെ ഹൃദയത്തിൽ മറഞ്ഞിരിക്കുകയത്രേ ചെയ്യുന്നതു്.

ആറാം അധ്യായം

പരീക്ഷകളും വശീകരണങ്ങളും എപ്പോഴാണു പാപകരമാകുന്നതു്.

മൂന്നാമദ്ധ്യായത്തിൽ നാം പ്രസ്താവിച്ച രാജകുമാരിക്കു തന്റെ പരീക്ഷകളെ തടയുന്നതിനു സാധിച്ചില്ല. അവളുടെ മനസ്സറിവുകൂടാതെയാണു് അവയുണ്ടായതു്. പക്ഷേ, ഏതെങ്കിലുംവിധം അവയ്ക്കു സ്വാഗതം പറഞ്ഞിരുന്നുവെങ്കിൽ, നിശ്ചയമായും അവർ കുറക്കാരിയാകുമായിരുന്നു. സമ്മതം നല്കിയശേഷം, പരീക്ഷയിൽനിന്നു പിന്മാറുന്നതിനു് എത്രതന്നെ അശ്രാന്തപരിശ്രമം ചെയ്തിരുന്നാലും കുറ്റത്തിൽനിന്നു പൂർണ്ണമായി അവർ വിമുക്തയാകുമായിരുന്നില്ല. പരീക്ഷ എത്ര നിസ്സാരമായിരുന്നാലും അതിനു് അവസരം കൊടുക്കുന്നുവെങ്കിൽ അതു പാപമായിത്തീരുന്നു. ഒരു ചെറിയ ഉദാഹരണം പറയാം. ഞാൻ കളിക്കുന്നുവെന്നിരിക്കട്ടെ. കളിക്കുമ്പോഴെല്ലാം ഞാൻ കോപിഷ്ഠനാകുകയും, അസഭ്യമായി സംസാരിക്കുകയും ചെയ്യുമെന്നും തന്മൂലം കളി അപൽകരമാണെന്നും എനിക്കറിയാം. ഇങ്ങനെയെങ്കിൽ, ഞാൻ എത്ര പ്രാവശ്യം കളിക്കുന്നുവോ അത്രയും പ്രാവശ്യം പാപം ചെയ്യുന്നു; മാത്രമല്ല, എന്റെ ഈ പ്രവൃത്തിയിൽനിന്നുളവാകുന്ന പരീക്ഷകളുടെ വിനാശഫലങ്ങൾക്കു ഞാൻ ഉത്തരവാദിയുമാണു്.

പരീക്ഷകളുടെ ഗുരുത്വമോ ലഘുത്വമോ, സമയത്തിന്റെ ക്രൂരതയോ ക്രൂരവോ തൗനിക്കേണ്ടതില്ല. തള്ളിക്കളയുന്നതിനു കഴിവുണ്ടായിരുന്നിട്ടും അതിനെ നമ്മിൽ നിലനിറുത്തുന്നതായാൽ, അതു നമുക്കു പ്രദാനം ചെയ്യുന്ന സന്തോഷത്തിന്റെയും നാം അതിനു നല്കുന്ന സമ്മതത്തിന്റെയും തോതനുസരിച്ചു മാത്രമേ നാം കുറ്റം ചെയ്യുന്നുള്ളു. പ്രസൂത രാജകുമാരി വർഷങ്ങളായ ഈ വശീകരണത്തിനു വശംവദയാകുന്നുവെങ്കിൽ അവൾ അപലപനീയയത്രേ. ഇതു ശ്രവിച്ചതിന്റെ ശേഷം അതിൽ സന്തുഷ്ടയായിരുന്നുവെങ്കിൽ, തിന്മ ചെയ്യുന്നതിനു യഥാർത്ഥത്തിൽ സമ്മതിക്കുന്നില്ലെങ്കിൽത്തന്നെയും, അവളുടെ സന്തോഷംവഴി അവൾ ഹൃദയത്തിൽ സമ്മതിക്കുകയാണു ചെയ്യുന്നതു്. അശ്ലീലമായ യാതൊന്നിനു്, ഹൃദയംകൊണ്ടോ ശരീരംകൊണ്ടോ അനുകൂലിക്കുന്നതു് അശ്ലീലംതന്നെ. അശ്ലീലത ഹൃദയസമ്മതത്തെയാണു് ആശ്രയിച്ചിരിക്കുന്നതു്. ശരീരം സമ്മതിച്ചാലും ഹൃദയം സമ്മതിച്ചില്ലെങ്കിൽ പാപമില്ല.

അതുകൊണ്ടു്, ഒരു പരീക്ഷ പാപമായോ എന്നറിയുന്നതിനു് ആ പരീക്ഷ സപ്രമനസാ നീ സ്വീകരിച്ചിട്ടുള്ളതാണോ എന്നതു് ആദ്യമായി നോക്കേണ്ടതു്. ആ പരീക്ഷയുടെ വിഷയം പ്രകൃത്യാ പാപകരമെന്നു കണ്ടാൽ നീ അതിനു സമ്മതിച്ചുവോ എന്നു പരിശോധിക്കണം. അതായതു്, ആ പരീക്ഷ നീ മുൻകൂട്ടിക്കാണുകയോ അതിനുള്ള അവസരം നീ ഉപേക്ഷിക്കാതിരിക്കുകയോ ചെയ്കയായിരുന്നോ എന്നു പരിശോധിക്കുക. യാതൊരുവിധവും നീ അതിനോടു് അനുകൂലിച്ചില്ലെങ്കിൽ അതു് ഒരു പാപമായി നിന്നിൽ ആരോപിക്കുകയില്ല.

ഒരു സ്ത്രീ അന്യപുരുഷനുമായി സംഭാഷണം ചെയ്യുന്നുവെന്നിരിക്കട്ടെ. അവളുടെ പ്രേരണയോ വശീകരണമോ നിമിത്തമല്ല ഇങ്ങനെ സംഭവിച്ചതു്. എന്നിരുന്നാൽത്തന്നെ

യും, പ്രസ്തുത സംതോഷണത്തിൽനിന്ന് അശ്ലീലമായ സന്തോഷം അവർക്കുണ്ടാകുന്നുവെങ്കിൽ ആ സ്ത്രീ കുറക്കാരിയാകുന്നു. ശത്രുവിനോട് പ്രതികാരം ചെയ്യുന്നതിനു വക്രതയും കൗശലവും നിറഞ്ഞ ഒരുപായം ഒരുത്തൻ എനിക്കുപദേശിച്ചുതരുന്നുവെന്നു വിചാരിക്കുക. ഇങ്ങനെ ഒരു മാർഗ്ഗം കണ്ടുപിടിക്കുന്നതിൽ അയാളെ പ്രദർശിപ്പിച്ച വൈദഗ്ദ്ധ്യത്തെക്കുറിച്ചു ഞാൻ വിസ്മയിക്കയും അതിൽ സന്തോഷിക്കയും ചെയ്യുന്നുവെങ്കിൽ അതു് ഒരുവിധവും പാപകരമായിരിക്കയില്ല. എന്നാൽ, ഇതിൽ അതിസന്തോഷം പ്രദർശിപ്പിക്കുക അനുവദനീയമല്ല. എന്തുകൊണ്ടെന്നാൽ, ശത്രുവിനോടു പകരം ചോദിക്കുന്നതിനു് അതു് എന്നെ പ്രേരിപ്പിച്ചേക്കാം.

ചില പരീക്ഷകളിൽ നമുക്കുണ്ടാകുമ്പോൾ അവ പാപകരമാണു് എന്നു ഗ്രഹിക്കുന്നതിനു മുൻപുതന്നെ നാം അവയിൽ സന്തോഷിക്കുന്നു. ഇതു തീരെ നിസ്സാരമായ പാപംമാത്രമേ ആകുന്നുള്ളൂ. അവ അപൽകരമാണു് എന്നു ബോധപ്പെട്ടതിന്റെ ശേഷം അവയെ പരിത്യജിക്കണമോ വേണ്ടയോ എന്നു വിചാരിച്ചു താമസം വരുത്തിയാൽ നാം കൂടുതൽ കുറക്കാരാകയാണു ചെയ്യുന്നതു്. എന്നാൽ, ആ പ്രലോഭനം പാപകരമാണെന്നു മനസ്സിലായിട്ടും അതിനെ അകറ്റുന്നതിനു മനഃപൂർവം ശ്രമിക്കാതിരിക്കുന്നതായാൽ അതു പൂർവ്വോപരി ഗുരുതരമായ പാപമാണു്. പ്രലോഭനങ്ങളിൽനിന്നുണ്ടാകുന്ന സന്തോഷം ഒരുവൻ അറിവോടും സമ്മതത്തോടുംകൂടെ അനുഭവിക്കുന്നെങ്കിൽ അയാൾ ചാവുദോഷത്തിൽ വീഴുന്നു. പുരുഷന്റെ അത്മാവിനെ സമാദരിക്കുന്ന സ്ത്രീ, അയാളുടെ ആത്മാവിനു വഴിപ്പെടണമെന്നുള്ള ഉദ്ദേശ്യമില്ലെങ്കിൽത്തന്നെയും അനല്പമായ പാപത്തിനു വിധേയയാകുന്നു.

ഏഴാം അധ്യായം

ഗുരുതരങ്ങളായ പ്രലോഭനങ്ങൾക്കുള്ള പ്രതിവിധികൾ

ഏതെങ്കിലും ഒരു പ്രലോഭനം നിന്നെ സമീപിക്കുന്നതായി അനുഭവപ്പെട്ടാൽ, ചെന്നായയെയോ പുലിയെയോ കണ്ടു ഭയന്നോടുന്ന ഒരു കൊച്ചുകുട്ടിയെ നീ അനുകരിച്ചാലും. കുട്ടി പിതാവിന്റെ പക്കൽ ഓടിയെത്തുകയോ, മാതൃകരങ്ങളിൽ അഭയം തേടുകയോ, മറ്റാരുടെയെങ്കിലും സാഹായ്യം അഭ്യർത്ഥിക്കുകയോ ആണു ചെയ്യുന്നത്. ദൈവത്തിന്റെ അനുഗ്രഹവും സഹായവും അപേക്ഷിച്ചുകൊണ്ടു നീയും ഇപ്രകാരം നിന്റെ പിതാവായ ദൈവത്തിന്റെ പക്കലേയ്ക്കു ഓടിഅടുത്തുകൊള്ളുക. "പ്രലോഭനങ്ങളിൽ ഉൾപ്പെടാതിരിപ്പാനായി നിങ്ങൾ പ്രാർത്ഥിക്കുവിൻ" എന്ന വാക്കുകളാൽ നമ്മുടെ ദിവ്യരക്ഷകൻ നമുക്കു നല്കുന്ന ഉപദേശവും ഇതുതന്നെ. ഈ പ്രതിവിധി ഉപയോഗിച്ചതിനുശേഷവും പ്രലോഭനം തുടരുകയോ പൂർവ്വാധികം ശക്തിപ്പെടുകയോ ചെയ്യുന്നതായാൽ, കരിശിൽ തൂങ്ങിക്കിടക്കുന്ന മിശിഹായെ നിന്റെ മാനസനേത്രങ്ങൾക്കൊണ്ടു വീക്ഷിക്കുക. ഇതിനുംപുറമേ, പ്രലോഭനത്തിനു വിധേയനാകാതിരിപ്പാൻ ശക്തിയുക്തം ശ്രമിച്ചുകൊള്ളാമെന്നു പ്രതിജ്ഞ ചെയ്യുകയും, അധഃപതിക്കാതെ അവസാനംവരെ നിലനില്ക്കുന്നതിനു ദൈവസഹായം അഭ്യർത്ഥിക്കയും ചെയ്യേണ്ടിയിരിക്കുന്നു. ഇതാണു പരീക്ഷാവസരങ്ങളിൽ നീ അനുവർത്തിക്കേണ്ട നയം. എന്നാൽ, ഏതാട്ടശമായ ആത്മീയസമരങ്ങളിൽ ഏർപ്പെട്ടിരിക്കുമ്പോൾ, രക്ഷകനെക്കുറിച്ചു ധ്യാനിക്കുന്നതിനു പകരം, പ്രലോഭനത്തെപ്പറ്റിയാണു ചിന്തിക്കുന്നതെങ്കിൽ നിന്റെ സ്ഥിതി അപകടകരമാണ്.

നിന്റെ മനസ്സിനെ പ്രലോഭനങ്ങളിൽ നിന്നകറ്റുന്ന

തു ക്ലേശാതെ, സദാചിചാരങ്ങളിലും സത്പ്രവൃത്തികളിലും നീ വ്യാപൃതനായിരിക്കയുംവേണം. അപ്പോൾ, സൂര്യകിരണങ്ങൾ തട്ടിയ മഞ്ഞുതുള്ളിയെന്നവിധം പ്രലോഭനങ്ങളും അശുഭവിചാരങ്ങളും നിന്നിൽനിന്ന് അപ്രത്യക്ഷമാകും. സകല പരീക്ഷകരും – അവ വലുതോ ചെറുതോ ആയിക്കൊള്ളട്ടെ – അതിയുക്തമായ പ്രതിവിധി, ആത്മീയോപദേഷ്ടാവിനെ നമ്മുടെ ഹൃദയാന്തർഭാഗം തുറന്നു കാണിച്ച് അതിൽ നിഗൂഢങ്ങളായിരിക്കുന്ന വിവിധ വിചാരങ്ങൾ, അമിതമായ ആഗ്രഹങ്ങൾ, മുതലായവ സകലതും സ്പഷ്ടമായി വെളിപ്പെടുത്തുകയല്ലാതെ മറ്റൊന്നുമല്ല. ഒരാളെ സ്വാധീനമാക്കുവാനുള്ള ഉദ്യമത്തിൽ ദുഷ്ടാത്മാവു പിടിക്കുന്നതു് അവന്റെ ആത്മസ്ഥിതി ആത്മീയഗുരുവിനെ അറിയിക്കുന്നതിൽ വൈമുഖ്യം പ്രദർശിപ്പിക്കുക എന്നതാണ്. ഒരു സ്ത്രീയുമായി പാപം ചെയ്യുന്നതിനാഗ്രഹിക്കുന്നവൻ, തന്റെ അതിക്രമങ്ങൾ അവളുടെ പിതാവിനെ അറിയിക്കരുതെന്നു നിഷ്കർഷിക്കുന്നു. പക്ഷേ, നമ്മുടെ സകല പ്രലോഭനങ്ങളും ദുർവാസനകളും ശ്രേഷ്ഠന്മാരെയോ അധികൃതന്മാരെയോ നാം അറിയിക്കണമെന്നുള്ളതാണു ദൈവാഭീഷ്ടം.

പ്രസ്തുത പ്രതിവിധി പ്രയോഗിച്ചിട്ടും പ്രലോഭനം നമ്മിൽനിന്നകന്നില്ലെന്നു വരാം. അങ്ങനെയെങ്കിൽ അതിനു പരിക്ലേശം സമ്മതിക്കയില്ലെന്നു ശാഠ്യംപിടിക്കയല്ലാതെ അതിൽനിന്നൊഴിയുന്നതിനു മറു മാർഗ്ഗമില്ല. ഒരു യുവതിയുടെ വിവാഹം, അവളുടെ സമ്മതമില്ലെങ്കിൽ സാധുവല്ലല്ലോ. ഇപ്രകാരം, പ്രലോഭനങ്ങളാൽ എത്രതന്നെ പീഡിതയായാലും അവയ്ക്കു വിസമ്മതിച്ചു നില്ക്കുന്നിടത്തോളംകാലം ആത്മാവിനു യാതൊന്നും ഭയപ്പെടേണ്ടതില്ല.

പരീക്ഷകനുമായി വാദപ്രതിവാദത്തിൽ ഉൾപ്പെടാതിരിപ്പാൻ സൂക്ഷിക്കുക. "സാത്താനേ, നീ എന്നിൽനിന്നകന്നു പോവുക; നിന്റെ ദൈവമായ കർത്താവിനെ നീ ആരാധിക്കുക; അങ്ങയെമാത്രം നീ സേവിക്കുക" എന്നു ശാസിച്ചു

കൊണ്ടു നമ്മുടെ ദിവ്യനാഥൻ അശ്ലീലരൂപിയെ ലജ്ജിപ്പിച്ചതുപോലെ നീയും ചെയ്തുകൊള്ളുക. ഇതല്ലാതെ മറെറാന്നും അവനോടു നീ ഉച്ചരിക്കരുതു്. വിശ്വസ്തയായ ഒരു ഭാര്യ അന്യപുരുഷസഹവാസം നിഷ്കർഷാപൂർവ്വം ത്യജിക്കയും, പാതിവ്രത്യഭംഗത്തിനിടയായേക്കാവുന്ന പരിതഃസ്ഥിതികളെ പരിത്യജിക്കയും, ആപത്ഘട്ടങ്ങളിൽ തൻെറ ഹൃദയത്തെ സ്വഭർത്താവിൻെറ സംരക്ഷണയ്ക്കു മനസാ സമർപ്പിക്കയും, അയാളോടുള്ള തൻെറ വിശ്വസ്തത ദൃഢതരമാക്കുകയും ചെയ്യുന്നു. ഭക്തയാത്മാവു ചെയ്യേണ്ടതും ഇതുതന്നെയാണു്. പ്രലോഭനങ്ങളാൽ ആവൃതയാകുമ്പോൾ ആത്മാവു തൻെറ പ്രാണവല്ലഭനായ മിശിഹായെ ശരണം പ്രാപിച്ചു് അദ്ദേഹത്തോടുള്ള തൻെറ വിശ്വസ്തത സ്ഥിരീകരിക്കട്ടെ.



എട്ടാം അധ്യായം

ലഘുതരങ്ങളായ പ്രലോഭനങ്ങളേയും നാം എതിർക്കണം.

ഗുരുതരങ്ങളായ പ്രലോഭനങ്ങളെ അതീവധീരതയോടെ എതിർക്കണമെന്നതു വാസ്തവംതന്നെ. അതിൽനിന്നു സിദ്ധിക്കുന്ന വിജയം അതിപ്രശംസനീയവുമാണു്. എന്നിരുന്നാലും, ചെറിയ പ്രലോഭനങ്ങളെ എതിരിടുകയാണു കൂടുതൽ ഉപകാരപ്രദം. വലിയ പ്രലോഭനങ്ങൾ പ്രകൃത്യാ ചെറിയവയെക്കാൾ പ്രധാനങ്ങളാണെങ്കിലും, ചെറിയ പ്രലോഭനങ്ങളാണു കൂടുതലായി നമുക്കു് അനുഭവപ്പെടുന്നതു്. അതിനാൽ, ഇവയുടെമേൽ സിദ്ധിക്കുന്ന വിജയം ഘനതരങ്ങളായ പ്രലോഭനങ്ങളുടെമേൽ സിദ്ധിക്കുന്നതിനെക്കാൾ ഒട്ടും അ

പ്രധാനമല്ല. കടുവാ, പുലി മുതലായ കാട്ടുമൃഗങ്ങളോളം ഭയങ്കരങ്ങളല്ല ഈച്ചകൾ. പക്ഷേ, ഈച്ചകളിൽനിന്നാണു നമുക്കു കൂടുതൽ ഉപദ്രവവും അസ്വസ്ഥതയും ഉണ്ടാകുന്നതു്. പരഹിംസയിൽനിന്നൊഴിഞ്ഞിരിക്കുന്നതിനു നമുക്കു നിഷ്പ്രയാസം സാധിച്ചേക്കാം. എന്നാൽ, പലപ്പോഴും നമ്മുടെ ഹൃദയങ്ങളിൽ അങ്കുരിക്കുന്ന കോപവികാരങ്ങളിൽനിന്നു വിമുക്തരായിരിക്കുക അത്ര എളുപ്പമല്ല. അശ്ലീലവിചാരങ്ങൾക്കും അസത്യസംസാരങ്ങൾക്കും അവസരം കൊടുക്കാതിരിക്കുകയാണു വ്യഭിചാരത്തിൽനിന്നകന്നിരിക്കുന്നതിനെക്കാൾ വിഷമകരം. അന്യവസ്തു മോഷ്ടിക്കുന്നതിൽ വൈമുഖ്യം പ്രദർശിപ്പിക്കുന്നുണ്ടെന്നിരുന്നാലും, അതു കിട്ടിയാൽ കൊള്ളാമെന്നുള്ള അഗ്രഹം നിശ്ശേഷം നിഗ്രഹിക്കുക അത്ര സുകരമോ? കോടതിയിൽ ഹാജരായി കള്ളസാക്ഷിപറയുന്നതിനു വിസമ്മതമുള്ളവർക്കും സാധാരണസംഭാഷണങ്ങളിൽ അസത്യഭാഷണം ചെയ്യുവാൻ യാതൊരു സങ്കോചവുമില്ല. ലഘരിപദാർത്ഥങ്ങളെ പരിപൂർണ്ണമായി വർജ്ജിക്കുക സുസാധ്യമെങ്കിലും, അവയെ സദാ മിതമായിമാത്രം ഉപയോഗിക്കുക ശ്രമസാധ്യമത്രേ. അന്യർക്കു ജീവഹാനി വരണമെന്ന് അഗ്രഹിക്കാതിരിക്കുന്നതിനേക്കാൾ കൃച്ഛ്രസാധ്യമാണു് അവർക്ക് അല്പമായ വിപത്തുകൾപോലും ഇച്ഛിക്കാതിരിക്കുക. ഒറവാക്കിൽപ്പറഞ്ഞാൽ, വലിയ കേരന്മാർക്കുപോലും നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒന്നാണു ലഘുതരങ്ങളായ പ്രലോഭനങ്ങൾ. ഇവയിൽ ഓരോന്നിനേയും ജയിക്കുമ്പോൾ നമ്മുടെ സ്വർഗ്ഗീയകിരീടത്തിൽ ഓരോ പുതിയരത്നം പതിക്കയാണു ചെയ്യുന്നതു്. അതിനാൽ, കേരമയായ പ്രലോഭനങ്ങളെ എതിരിടുന്നതിൽ പ്രദർശിപ്പിക്കുന്നതുപോലെയുള്ള സന്നദ്ധതയും ശ്രദ്ധാകാന്തിയും നിസ്സാരങ്ങളായ പ്രലോഭനങ്ങളുടെ കാര്യത്തിലും കാണിക്കേണ്ടതാണു്.

ഒൻപതാം അധ്യായം

ലഘുതരങ്ങളായ പ്രലോഭനങ്ങളെ എതിർക്കേണ്ടവിധം

നമ്മെ അലട്ടിക്കൊണ്ടു നമ്മുടെ കൺമുമ്പാകെ പറന്നു നടക്കുന്ന ഈച്ച, കൊതുക്, മുതലായ ചെറുപ്രാണികളെപ്പോലെ, കോപം, അസൂയ, നീരസം, വ്യർത്ഥാഭിമാനം മുതലായവയിൽനിന്നുളവാകുന്ന നിസ്സാരപരീക്ഷകരം നമ്മെ വലയംചെയ്യുന്നു സദാ ഉപദ്രവിച്ചുകൊണ്ടിരിക്കുന്നു. ഇവ നമ്മെ ഉപദ്രവിക്കുന്നതിന് അനുവദിക്കാതിരിക്കുകയാണ് ഇവയെ ജയിക്കുന്നതിനുള്ള പ്രധാനമാർഗ്ഗം. ദൈവസേവനത്തിൽ നിഷ്കർഷത്തോടെ നിരതരായിരിക്കുന്നിടത്തോളംകാലം നമ്മെ യാതൊരു വിധവും ഉപദ്രവിക്കുന്നതിന് അവയ്ക്കു സാദ്ധ്യമല്ലതന്നെ. അവ നമ്മുടെ ചുറ്റും പറന്നു നടന്നുകൊള്ളട്ടെ; യാതൊരു ഭയത്തിനും അവകാശമില്ല. പ്രാണികളെപ്പോലെ മാത്രമേ അവയെ കരുതേണ്ടതുള്ളൂ. ചിലപ്പോൾ അവ നിന്റെ ദേഹത്തെ സ്പർശിച്ചെന്നു വന്നേക്കാം; എന്നാൽ, ഏതയത്തിൽ അവയ്ക്കു നീ പ്രവേശം അനുവദിച്ചുകൂടാ. അവയോടു സമരംചെയ്തു ക്ലേശിച്ചിട്ടാവശ്യവുമില്ല. നിന്നെ സമീപിക്കുമ്പോൾ അവയെ ദൂരത്തു് ഓടിച്ചാൽ മാത്രം മതി. ദൈവസ്നേഹപ്രകരണങ്ങളാണ് അവയെ അകറ്റിനിറുത്തുന്നതിനുള്ള ആയുധം. പ്രലോഭനങ്ങൾക്കെതിരായുള്ള ഒരു സച്ചിന്ത മനസ്സിൽ ഉളവാക്കിയതിന്റെ ശേഷം, ക്രൂശിതനായ മിശിഹായ്ക്കു നിന്റെ ഹൃദയം സമർപ്പിക്കയും, അവിടുത്തെ പാദപത്മങ്ങളെ ചുംബിച്ചുകൊണ്ടു് ഒരു സ്നേഹപ്രകരണം ചെയ്യുകയും വേണം. വലുതോ ചെറുതോ ആയ ഏതുതരം പരീക്ഷകളേയും കീഴടക്കുന്നതിനുള്ള ഉത്തമമാർഗ്ഗം ഇതുതന്നെ. എന്തുകൊണ്ടെന്നാൽ, ദൈവസ്നേഹം സകല പുണ്യങ്ങളുടേയും മകുടമായിരിക്കുന്നതുപോലെതന്നെ സകല തിന്മകളുടേയും ബദ്ധ

വൈരിയുമാണ്. മുകളിൽ പറഞ്ഞവിധം പരിശീലിക്കുന്ന ഒരാത്മാവിനോട് ഏതു പരീക്ഷകനും പരാജയപ്പെട്ടുപോകുകയേ ഉള്ളൂ. എന്തുകൊണ്ടെന്നാൽ, പരീക്ഷാവസരത്തിൽ ആത്മാവു മിശ്രാവസ്ഥയിൽ അഭയം തേടുകയും അദ്വൈതത്തോടുള്ള സ്നേഹത്തിൽ വർദ്ധിക്കുകയും ചെയ്യുന്നതിനാൽ ദൈവസ്നേഹത്തിൽ ക്ഷണനിമിഷം അഭിവൃദ്ധിപ്രാപിക്കുകയത്രേ ചെയ്യുന്നതു്. എത്ര ക്രൂരതലായി പരീക്ഷിക്കപ്പെടുന്നുവോ അത്ര ക്രൂരതലായി അതു ദൈവത്തോടടുക്കുന്നു. ഇതു പിശാചങ്ങൾക്ക് എത്ര ദുസ്സഹമായിരിക്കുമെന്നുള്ളതു് ഊഹ്യമാണല്ലോ. നിന്റെ പരീക്ഷകൊണ്ടു് ഉദ്ദിഷ്ടഫലമല്ല, അതിനു നേരേ വിപരീതമായ ഒന്നാണു് ഉളവാകുന്നതു് എന്നു കണ്ടു് അവൻ പിന്തിരിയുന്നു. നിസ്സാരങ്ങളും ലഘുതരങ്ങളുമായ പ്രലോഭനങ്ങളെക്കുറിച്ചുള്ള എന്റെ ഉപദേശം ഇതാണു്.

പത്താം അധ്യായം

പ്രലോഭനങ്ങളെ എതിർക്കുന്നതിനു നമ്മുടെ വ്യഗ്രതയത്തെ ഒരുക്കേണ്ടവിധം

ഏതെല്ലാം വ്യാമോഹങ്ങളാണു നിന്റെ ആത്മാവിൽ പ്രമുഖസ്ഥാനം വഹിക്കുന്നതു് എന്നു ചിലപ്പോഴെങ്കിലും നീ പരിശോധിക്കണം. അവ ഏതെന്നു കണ്ടുപിടിച്ചതിന്റെ ശേഷം മനസാ, വാചാ, കർമ്മണാ ഉള്ള നിന്റെ ജീവിതരീതി അവയ്ക്കു പ്രതികൂലമായി നിയന്ത്രിക്കുക. ഉദാഹരണമായി, വ്യർത്ഥാഭിമാനത്തോടാണു് ഒരു പ്രത്യേക പ്രതിപത്തി നിനക്കുള്ളതെങ്കിൽ, ഈ ലോകത്തിന്റെ നശ്വരതയെക്കുറിച്ചു ചിന്തിച്ചാലും; മരണക്കിടക്കയിൽ നിന്റെ വ്യർത്ഥാഭിമാനങ്ങൾ എപ്രകാരം നിനക്കനുഭവപ്പെടുമെന്നും, ഇത്ര ബാലിശമായ ഈ വിചാരങ്ങൾ ഒരു മഹാമനസ്കനു് എത്രമാത്രം

അനുചിതമാണെന്നും മറ്റുമുള്ള നിന്റെ ചിന്താവിഷയങ്ങളായിരിട്ടെ. വ്യർത്ഥാഭിമാനത്തിനു വിപരീതമായി നീ വിചാരിക്കുക; അതിനു പ്രതികൂലമായ സംഗതികളെക്കുറിച്ചു സംസാരിക്കുക. അതിനു വിപരീതമായി പ്രവർത്തിക്കയും ചെയ്യുക. അദ്ദ്യം ദുഷ്കരമെന്നു തോന്നിയാലും ചിരപരിശീലനം മൂലം ക്രമശ: ഇതു സുകരമായിത്തീരും. വിനയപൂർവ്വകവും ത്യാഗപരവുമായ കൃത്യങ്ങൾ അനുഷ്ഠിക്കുകയാണു വ്യർത്ഥാഭിമാനത്തെ ക്ഷയിപ്പിക്കുന്നതിനും എളിമയെ പരിപോഷിപ്പിക്കുന്നതിനുമുള്ള മാർഗ്ഗം. പ്രസ്തുത കൃത്യങ്ങൾ അഭ്യസിക്കുന്ന ഒരുവന്റെ വിവിധവാസനകൾ പ്രായേണ പ്രലോഭനങ്ങൾക്കു പ്രതികൂലമായി ഭവിക്കയത്രേ ചെയ്യുന്നതു; മാത്രമല്ല, പ്രലോഭനങ്ങളെ ജയിക്കുന്നതിനുള്ള ശക്തി അയാളിൽ വർദ്ധിക്കയും ചെയ്യുന്നു.

ദ്വ്യാശയാണു നിന്നിൽ പ്രബലപ്പെട്ടിരിക്കുന്നതെങ്കിൽ ഇതിന്റെ ഹീനതയെക്കുറിച്ചു നീ പലപ്പോഴും വിചിന്തനം ചെയ്യണം. നിന്റെ പാദത്തിനുകീഴായിരിക്കാൻപോലും അർഹതയില്ലാത്ത ഒന്നിനു– അതേ, പണത്തിനു– നീ ദാസവൃത്തി ചെയ്യുമെന്നോ? വളരെ ക്ലേശിച്ചു സമ്പാദിച്ച ദ്വ്യം മരണത്തോടെ നീ പൂർണ്ണമായി ത്യജിക്കുകതന്നെ വേണം. നിന്റെ സന്താനങ്ങൾ അതു ദുരുപയോഗിക്കയും നശിപ്പിക്കുകയുമായിരിക്കാം ചെയ്യുന്നതു. മാത്രമല്ല, അവരുടെ അധ:പതനത്തിനും നാശത്തിനുതന്നെയും നിന്റെ ധനം കാരണമായേക്കാം. ഏതാട്ടശ്ചിന്തകൾ ദ്വ്യാശയെ ദൂരീകരിക്കുന്നതിനുള്ള പോംവഴികളത്രേ. പണത്തോടുള്ള അതിമോഹത്തെ അമർത്തി, അതിനു പ്രതികൂലമായ പുണ്യം സമ്പാദിക്കുന്നതിൽ ഉൽസുകനായിരിക്കുക. ദരിദ്രർക്കും ധർമ്മസ്ഥാപനങ്ങൾക്കുമായി നിന്റെ പണം വ്യയംചെയ്യുന്നതു എത്ര സ്തുത്യർഹം. നിന്റെ വ്യാപാരങ്ങളിൽ അമിതമായ ലാഭം ഇച്ഛിക്കുന്നതു വിഹിതമല്ല.

ഒരുപക്ഷേ, ന്യായരഹിതമായ സ്നേഹബന്ധമായിരിക്കാം നിന്നിൽ മുന്നിട്ടുനില്ക്കുന്നതു്. ഇതു നിനക്കും അന്യർക്കും ആപത്കരമായ ഒന്നാണെന്നു സാമ്പ്രം ആലോചിച്ചാൽ കാണാം. ആത്മാവിന്റെ പരിശുദ്ധമായ സ്നേഹവികാരങ്ങളെ ഇപ്രകാരം ജഡികവികാരങ്ങളാൽ മലിനമാക്കുന്നതു വിഹിതമോ? നീചവും നികൃഷ്ടവുമായ ഒരു മനഃസ്ഥിതിയിലേയ്ക്കല്ലയോ ഇതു നിന്നെ നയിക്കുന്നതു്? നിന്റെ ഹൃദയം പവിത്രവും പരിശുദ്ധവുമായിരിക്കത്തക്കവണ്ണം, അനാശാസ്യമായ മമതകളും വിനോദങ്ങളും നിന്നിൽനിന്നു ദൂരീകരിക്കയും നിന്റെ പ്രവൃത്തികളെ നിയന്ത്രിക്കയും ചെയ്യുക.

നീ പ്രശാന്തനായിരിക്കുമ്പോൾ, അതായതു്, നിനക്കു സാധാരണ നേരിടുന്ന പ്രലോഭനങ്ങളിൽനിന്നു നീ വിമുക്തനായിരിക്കുമ്പോൾ, ഈ പ്രലോഭനങ്ങൾക്കു വിരുദ്ധമായ പുണ്യങ്ങൾ അഭ്യസിക്കുന്നതിൽ ഉൽസുകനായിരുന്നാലും. ഇതിനുള്ള അവസരങ്ങൾ താനേ ഉണ്ടായെന്നു വരുന്നതല്ല. അവ അന്വേഷിച്ചു കണ്ടുപിടിക്കണം. ഇതാണു പ്രലോഭനങ്ങളെ അഭിമുഖീകരിക്കുന്നതിനു നിന്റെ ഹൃദയത്തെ സജ്ജീകരിക്കേണ്ട വിധം.

പതിനൊന്നാം അധ്യായം

ഹൃദയാസ്വാസ്ഥ്യം

ഹൃദയാസ്വാസ്ഥ്യം ഒരു പ്രലോഭനമാണെന്നു മാത്രമല്ല, മറ്റനേകം പ്രലോഭനങ്ങളുടെ ഉത്പത്തിസ്ഥാനവുമാണ്. നമ്മെ അപ്പോളപ്പോൾ ബാധിച്ചുകൊണ്ടിരിക്കുന്ന അനിഷ്ടകരമായ തിന്മകളിൽനിന്നുളവാകുന്ന മാനസികാസ്വാസ്ഥ്യത്തിനാണല്ലോ വ്യസനം എന്നു പറയുന്നതു്. പ്രസ്തുത തിന്മകൾ ബാഹ്യമായോ ആന്തരികമായോ ഉണ്ടാകാം. രോഗം,

ദാരിദ്ര്യം മുതലായവ ബാഹ്യവും, അജ്ഞത, നിരുന്മേഷം, പ്രലോഭനം എന്നിവ ആന്തരികവുമാണ്. ഏതാളശമായ തിന്മയാൽ ആക്രമിക്കപ്പെട്ടപ്പോൾ ആത്മാവ് അസംതൃപ്തയാകുന്നു. ഈ അസംതൃപ്തിയിൽനിന്നത്രേ വ്യസനമുളവാകുന്നത്. ഇതിൽനിന്നു വിമുക്തി പ്രാപിക്കുന്നതിനും അതിനുപയുക്തമായ മാർഗ്ഗങ്ങൾ ആരായുന്നതിനുമാണ് അതിന്റെ അനന്തരശ്രമം. ഇതിലൊന്നിലും ആത്മാവിനെ കുറപ്പെടുത്താൻ നിവൃത്തിയില്ല; എന്തുകൊണ്ടെന്നാൽ, നന്മയെ അഗ്രഹിക്കയും തിന്മയെ വെറുക്കുകയും ചെയ്യുക മനുഷ്യസഹജമാണല്ലോ.

തിന്മയിൽനിന്നു വിമുക്തി പ്രാപിക്കണം എന്ന ആത്മാവിന്റെ അഗ്രഹം ദൈവസ്നേഹത്തിൽനിന്നുളവായതെങ്കിൽ, സ്വശക്തിയിൽ എന്നതിനെക്കാൾ ദൈവത്തിൽ ആശ്രയിച്ചുകൊണ്ടു ശാന്തതയോടും സമാധാനത്തോടും വിനയത്തോടുംകൂടി അവൾ അതിനുള്ള ഉപാധികളെ ആരായും.എന്നാൽ, പ്രസ്തുതപരിശ്രമത്തിൽ സ്വാത്മാണ പ്രേരകമായി നില്ക്കുന്നതെങ്കിൽ, ആത്മാവു ദൈവത്തിൽ ആശ്രയിക്കുന്നതിനുപകരം തന്നിൽത്തന്നെ ആശ്രയിക്കുന്നു. ഇപ്രകാരം അവൾ മനഃപൂർവം ചെയ്യുന്നുവെന്നല്ല, പ്രത്യുത, അവളുടെ പ്രവൃത്തിയിൽനിന്ന് ഇങ്ങനെ അനുമിക്കാമെന്നേ ഞാൻ പറയുന്നുള്ളൂ. അഗ്രഹസിദ്ധി ഉടനടി ഉണ്ടായില്ലെങ്കിൽ അവൾ അസ്വസ്ഥയായി. മുൻപുണ്ടായിരുന്ന ഉരവസ്ഥ വിദൂരമാകുന്നതിനുപകരം അത് അവളിൽ പൂർവ്വാധികം പ്രബലമാവുകയത്രേ ചെയ്യുന്നത്. അപ്പോൾ അതീവദുഃഖിതയായി, നിരാശാഭരിതയായി, ആശ്വാസരഹിതയായി സ്ഥിതിചെയ്യുന്ന ആത്മാവിന്റെ കാര്യം വളരെ ശോചനീയംതന്നെ. ആരംഭത്തിൽ അക്ഷന്തവ്യമല്ലാതിരുന്ന ഒരു അസ്വാസ്ഥ്യം എപ്രകാരം മനോവേദനയ്ക്കും, അവസാനം ആപത്കരമായ ആകുലതയ്ക്കും കാരണമായിത്തീരുന്നുവെന്ന കണ്ടാലും!

പാപം കഴിഞ്ഞാൽ ആത്മാവിന്റെ ഏറ്റവും വലിയ ശത്രു ഉത്കണ്ഠ, അഥവാ അസ്വാസ്ഥ്യമാണ്. സമുദായാംഗങ്ങൾ തമ്മിലുള്ള ഭിന്നിപ്പും കലഹവും ഏതുസമുദായത്തിന്റെ പൊതുനന്മയ്ക്കു ഹാനികരമാകുന്നതുപോലെ, ഹൃദയം അസ്വസ്ഥവും ഉത്കണ്ഠാരിതവുമായിരിക്കുമ്പോൾ പൂർവ്വജിതങ്ങളായ പുണ്യങ്ങളെ സംരക്ഷിക്കുന്നതിനും, തക്കം നോക്കി നില്ക്കുന്ന അത്രുഷാത്രുപിയുടെ ആക്രമങ്ങളെ എതിർക്കുന്നതിനുമുള്ള ശക്തി അതിനു നഷ്ടീഭവിക്കുന്നു.

നമ്മെ ആവരണം ചെയ്തിരിക്കുന്ന തിന്മയിൽനിന്നു രക്ഷ പ്രാപിക്കുന്നതിനോ, നാം അഭിലഷിക്കുന്ന നന്മയെ കരസ്ഥമാക്കുന്നതിനോ ഉള്ള അനിയന്ത്രിതമായ ആശയിൽനിന്നത്രേ ഉത്കണ്ഠ ഉത്ഭവിക്കുന്നത്. പക്ഷേ, പ്രതീക്ഷ്യപ്രതികൂലമായ ഒരു ഫലമേ ഏതാദൃശമായ അത്യാശ ഉളവാക്കുന്നുള്ളൂ. കൂട്ടിലോ വലയിലോ അകപ്പെട്ടുന്ന പക്ഷി രക്ഷപ്പെടുന്നതിന് എന്തെല്ലാം ബഹളങ്ങളായിരിക്കും കാട്ടിക്കൂട്ടുക. എത്രയധികം ബഹളം കൂട്ടുന്നുവോ അത്രകൂടുതലായി അതിന്റെ സ്ഥിതി ആപത്കരമാകുന്നു. അതിനാൽ, ഏതെങ്കിലും ദുരവസ്ഥയിൽനിന്നു മോചനം പ്രാപിക്കുന്നതിനോ വല്ല നന്മയും കൈവരിക്കുന്നതിനോ നീ യഥാർത്ഥമായി ആഗ്രഹിക്കുന്നുവെങ്കിൽ, അത്യന്തമായി സൗമ്യതയോടും സമാധാനത്തോടും നിന്റെ മനസ്സിനെ നിയന്ത്രിക്കുക. അനന്തരം, ഉപയുക്തമായ ഉപാധികളും ഉപയോഗിച്ചു ശാന്തതയോടെ ഉദ്ദിഷ്ടകാര്യസിദ്ധിക്കായി ശ്രമിക്കുക. ശാന്തതയോടെ എന്നു പറഞ്ഞതിൽനിന്ന്, ഉദാസീനമായോ അശ്രദ്ധമായോ വർത്തിച്ചാൽ മതി എന്നല്ല ഞാൻ ഉപദേശിക്കുന്നത്; പ്രത്യുത, തന്ത്രമോ ബലപ്രയോഗമോ കൂടാതിരിക്കണം എന്നു മാത്രമാണ്. അല്ലാത്തപക്ഷം, സർവ്വവും അമംഗളമായി പര്യവസാനിക്കുന്നതല്ലാതെ ഉദ്ദിഷ്ടാന്യപ്രാപ്തിയുണ്ടാകുന്നതല്ല.

"എന്റെ ആത്മാവു സദാ എന്റെ കൈവശമുണ്ട്.

ഞാൻ അവിടത്തെ പ്രമാണങ്ങൾ വിസമ്മതിച്ചിട്ടില്ല" എന്നു രാജകീയദീർഘദർശി പ്രസ്താവിക്കുന്നു. നിന്റെ ആത്മാവു നിന്റെ കൈവശംതന്നെയോ, അഥവാ, വല്ല ദുരാശയോ ദുർവികാരമോ അതിനെ റാഞ്ചിക്കൊണ്ടുപോയോ എന്നു്, കഴിയുമെങ്കിൽ ദിവസത്തിൽ പലപ്രാവശ്യം, അല്ലെങ്കിൽ പ്രാതത്തിലും പ്രദോഷത്തിലുമെങ്കിലും, നീ ആത്മശോധനം ചെയ്യേണ്ടതാണു്. നിന്റെ ഹൃദയം നിന്റെ അധീനതയിൽത്തന്നെയോ, അഥവാ അമിതമായ ആശ അതിനെ സ്വാധീനമാക്കിയോ എന്നും ശോധനം ചെയ്യുക. അതു് അന്യാധീനമെന്നു കണ്ടാൽ അതിനെ ഉടൻ തേടിപ്പിടിച്ചു ദൈവസമക്ഷം സമർപ്പിക്കയും, നിന്റെ നിശ്ചയങ്ങളും നിയോഗങ്ങളും ദൈവത്തിന്റെ അദീഷ്ടാനസരണം നിയന്ത്രിച്ചു് അവിടത്തെ ദിവ്യചിത്തത്തിനു പൂർണ്ണമായി കീഴ്വഴങ്ങുകയും ചെയ്യേണ്ടിയിരിക്കുന്നു. പ്രേഷ്ഠവും അമൂല്യവുമായ ഒരു സാധനം നഷ്ടപ്പെടാനിടയുണ്ടെന്നു് അറിഞ്ഞാൽ ശ്രദ്ധാപൂർവം നാം അതിനെ കൈയിൽ മുറുകെപ്പിടിക്കുകയില്ലയോ? ഇതിലും ഒട്ടും അപ്രധാനമല്ലാത്ത ഒരു ശ്രദ്ധയാണു് ആത്മാവിന്റെ കാര്യത്തിലും നാം പ്രദർശിപ്പിക്കേണ്ടതു്. "എന്റെ ദൈവമേ, എന്റെ ആത്മാവു് അസ്വസ്ഥമായിരിക്കുന്നു; എങ്കിലും അതു സദാ എന്റെ അധീനതയിലാണു്; അതുകയാൽ, അവിടത്തെ കല്പനകളെ ഞാൻ വിസ്മരിക്കുന്നില്ല" എന്നു ദാവീദുരാജാവിനെ അനുകരിച്ചു നമുക്കും പറയാം.

നിന്റെ ആഗ്രഹങ്ങൾ തീരെ ലഘുവായതായിരിക്കാം. എങ്കിലും അവ നിന്നെ അസ്വസ്ഥനാക്കാതിരിപ്പാൻ സൂക്ഷിക്കണം. ഇവയ്ക്കു സ്വച്ഛന്ദവിഹാരം അനുവദിച്ചാൽ, ഇവയെത്തുടർന്നുണ്ടാകുന്ന ഗുരുതരങ്ങളും ദുർവഹങ്ങളുമായ ആശാപാശങ്ങളാൽ നീ ബദ്ധനാകും. തന്നിമിത്തം, നീ ഉത്കണ്ഠാഭരിതനും ചഞ്ചലഹൃദയനുമായിത്തീരുകയും ചെയ്യും. ഈ അവസ്ഥയിലെത്തിയിരിക്കുന്നു എന്നു കാണുമ്പോൾ, നിന്നെ

പൂർണ്ണമായി ദൈവത്തിനു ഭരമേല്പിക്കയും, ആകുലത നിശ്ശേഷം നിഷ്കാസിതമാകുന്നതുവരെ നിന്റെ യാതൊരാഗ്രഹത്തിനും വഴിപ്പെടാതിരിക്കയുമാണു ചെയ്യേണ്ടതു്. ചിലപ്പോൾ ഉത്കണ്ഠയെ ഉന്മൂലനം ചെയ്യുക അസാദ്ധ്യമെന്നു വന്നേക്കാം. അങ്ങനെയെങ്കിൽ, വികാരാനുസാരമല്ല, പ്രത്യുത, വിവേകപൂർവം നിന്റെ വിചാരഗതിയെ നിയന്ത്രിക്കുക.

ആത്മീയോപദേഷ്ടാവിനോ, അഥവാ ദൈവഭക്തനും വിശ്വസ്തനുമായ ഒരു സ്നേഹിതനോ, നിന്റെ മനഃപീഡകരും മനസ്സിലാക്കിക്കൊടുക്കുന്നതു കൊള്ളാം. അപ്പോൾ നിശ്ചയമായും നിനക്കു മനഃസമാധാനം കൈവന്നുകൊള്ളും. ആപത്കരമായ പനി ബാധിച്ചിരിക്കുന്ന ഒരാളിന്റെ ദേഹത്തുനിന്നു കുറെ രക്തം കളയുന്നതു് അയാളുടെ ശരീരത്തിനു സുഖകരമായിരിക്കുന്നതുപോലെ, ഒരു അസ്വസ്ഥഹൃദയന്റെ ആത്മാവിനു്, വേറൊരാൾ അയാളുടെ ഹൃദയവേദനകളിൽ പ്രദർശിപ്പിക്കുന്ന അനുകമ്പ വളരെ ആശ്വാസപ്രദമായിരിക്കും.

ഇതാണു ഹൃദയാസ്വസ്ഥതയ്ക്കുള്ള ഏറ്റവും ഫലവത്തായ ഒരു പ്രതിവിധി. "വത്സാ, നിന്റെ ഹൃദയം അസ്വസ്ഥമായിരിക്കുന്നെങ്കിൽ താമസംവിനാ ആത്മീയഗുരുവിനെയോ ഭക്തനായ ഏതെങ്കിലും ഒരു ആത്മീയമിത്രത്തെയോ ശരണംപ്രാപിക്കുക. ഹൃദയപീഡകരും സസന്തോഷം സഹിക്കുന്നതിനു് അയാളുടെ ആശ്വാസപ്രദമായ വചനങ്ങൾ നിനക്കു പ്രയോജകീഭവിക്കും." കണ്ടാലും! വി. ലൂയീസ് തന്റെ വത്സലപുത്രനു നല്കിയ ഉപദേശം.

പന്ത്രണ്ടാം അധ്യായം

വ്യസനം

ദുഃഖം, ദൈവഹിതാനുസൃതമെങ്കിൽ രക്ഷാകരമായ അനുതാപത്തേയും, ലൗകികമെങ്കിൽ മരണത്തേയുമത്രേ ഉത്പ്പാദിക്കുന്നത് എന്നു വി. പൗലോസ് പ്രസ്താവിക്കുന്നു. നമ്മിൽ ഉള്ള വാക്കുന്ന ഫലത്തിനനുസരിച്ചു ദുഃഖം ആശാസ്യമോ അനാശാസ്യമോ ആകാം. ഏതായാലും സൽഫലങ്ങളെക്കാൾ കൂടുതലായി ദുഷ്ഫലങ്ങളാണ് ഇതിൽനിന്നുണ്ടാകുന്നത്. ആർത്തേ, പാപത്തെക്കുറിച്ചുള്ള പശ്ചാത്താപം എന്നിങ്ങനെ രണ്ടു ഗുണമേ ഇതിൽനിന്നു ലഭ്യമാകയുള്ളൂ. എന്നാൽ, മനോവേദന, മന്ദത, ക്രോധം, അസൂയ, ശത്രുതാപം, ക്ഷമാഹീനത എന്നിങ്ങനെ ആറു ദോഷങ്ങളാണ് ഇതിൽനിന്ന് ഉത്പ്പാദിതമാകുന്നത്. "ദുഃഖം അനേകരെ ഹനിച്ചിട്ടുണ്ട്. ദുഃഖംകൊണ്ടു യാതൊരു പ്രയോജനവുമില്ലതാനും" എന്നു വി. ലിഖിതത്തിൽ പ്രസ്താവിച്ചിരിക്കുന്നതിൻറെയും കാരണം ഇതുതന്നെ. നീതിമാന്മാരെ പരീക്ഷിക്കുന്ന അവസരത്തിലാണു ദുഷ്ടാത്മാവു ദുഃഖത്തെ പ്രലോഭനമായി പകുത്തുനൽകുന്നത്. ദുഷ്ടന്മാർക്കു തങ്ങളുടെ പാപങ്ങളിൽ സന്തോഷം ജനിപ്പിക്കുന്നതിന് അവൻ ശ്രമിക്കുന്നു. ശിഷ്ടരെയാകട്ടെ, അവരുടെ സൽപ്രവൃത്തികളിൽ അവർക്കു കുണ്ഠിതമുളവാക്കിക്കൊണ്ടാണ് അവൻ സമീപിക്കുന്നത്. ഓരോരുത്തരേയും യഥോചിതം പരീക്ഷിക്കുന്നതിന് അവനുള്ള സാമർത്ഥ്യം നോക്കുക! ദുഷ്പ്രവൃത്തികളെ ആനന്ദകരമാക്കിത്തീർത്തുകൊണ്ടുമാത്രമേ ഒരു കൂട്ടരെ തിന്മയിലേയ്ക്കു ആകർഷിക്കുന്നതിന് അവനു സാധിക്കുകയുള്ളൂ. ഇപ്രകാരം, ശിഷ്ടരെ പുണ്യപ്രവൃത്തികളിൽനിന്നു നിവർത്തിപ്പിക്കുവാൻ, അവയെ അനിഷ്ടകരങ്ങളായി അവർക്ക് അനുഭവപ്പെടുത്തുകയല്ലാതെ ആ ദുഷ്ടനു ഗത്യന്തരമില്ല. മനുഷ്യരുടെ ആകുലതയിലും ദൗർഭാഗ്യത്തിലും പിശാചുക്കൾ അത്യ

ധികം സന്തോഷിക്കുന്നു. കാരണം, അവൻതന്നെ ആകല ചിത്തനും ദുർഗ്രഹനുമാണെന്നതുതന്നെ. നിത്യകാലം അവ നെറ സ്ഥിതി ഇതുതന്നെയാണു്. ഇതിൽ സകലരേയും മോ ഗഭാക്കുകളാക്കണമെന്നതാണു് അവനെറ ആഗ്രഹവും.

അനാശാസ്യമായ ദുഃഖം ആത്മാവിനെ അലട്ടി അസ്വ സ്ഥമാക്കുന്നു. വ്യർത്ഥതയെത്തെ ഉളവാക്കി അതിനെ പ്രാർത്ഥ നയിൽ വിമുഖമാക്കുന്നു. ബുദ്ധി മന്ദിപ്പിച്ചു് അതിനെ വി ജ്ഞാനവിഹീനമാക്കുന്നു. മാത്രമല്ല, ആത്മാവിൻെറ നിശ്ചയ ങ്ങളേയും അഭിപ്രായങ്ങളേയും ശിഥിലമാക്കി അതിൻെറ ശ ക്തിയും ധൈര്യവും ക്ഷയിപ്പിക്കയും ചെയ്യുന്നു. ചുരുക്കിപ്പറ ഞ്ഞാൽ, പ്രകൃതിയുടെ രാമണീയകത്തെ ഹനിക്കയും സകല ജീവികളുടേയും പ്രഭാവം ക്ഷയിപ്പിക്കയും ചെയ്യുന്ന അതിശീ തളമായ ഹേമന്തകാലത്തിനു തുല്യമാണു് ഈ മനോവ്യഥ. എന്തുകൊണ്ടെന്നാൽ, ഇതു് ആത്മാവിൻെറ സകല ശക്തി കളേയും ചൈതന്യരഹിതങ്ങളാക്കുന്നു. പ്രിയ സുഹൃത്തേ, ഇ പ്രകാരമുള്ള മനോവ്യഥയാൽ എപ്പോഴെങ്കിലും നീ പീഡിത നാകുന്നുവെങ്കിൽ താഴെപ്പറയുന്ന പ്രതിവിധികളെ പ്രയോ ഗിച്ചുകൊള്ളുക.

"നിങ്ങളിൽ ആരെങ്കിലും ദുഃഖിതനായിരിക്കുന്നുവെ ങ്കിൽ അവൻ പ്രാർത്ഥിക്കട്ടെ" (വി. യാക്കോബു് v. 13). അതേ, പ്രാർത്ഥനതന്നെയാണു് ഇതിനു സിദ്ധൗഷധം. പ്രാർ ത്ഥന നമ്മുടെ പരമാനന്ദവും ഏകശരണവുമായ ദൈവത്തി കലേയ്ക്കു് ആത്മാവിനെ ഉയർത്തുന്നു. ദയാനിധിയായ ദൈവ മേ, സ്നേഹസംപൂർണ്ണനായ രക്ഷകാ, എൻെറ ആത്മീയമണ വാളാ, എൻെറ സ്നേഹനാഥാ, എന്നിങ്ങനെ ദൈവിശ്വാസ വും ദൈവസ്നേഹവും നമ്മിൽ ഉത്തേജിപ്പിക്കുന്നതിനുതകുന്ന വചനങ്ങളും വികാരങ്ങളുമാണു പ്രാർത്ഥനാവസരങ്ങളിൽ നാം ഉപയോഗിക്കേണ്ടതു്.

നിൻെറ വ്യസനഭാവത്തെ ശക്തിയുക്തം എതിർക്ക

ക. നിന്റെ സകല പ്രവൃത്തികളും തീക്ഷ്ണതക്രൂടാതെയും ഉദാസീനമായുമാണു ചെയ്യുന്നതെന്നു നിനക്കു തോന്നിയാലും, അവയിൽ വിമുഖത പ്രദർശിപ്പിക്കുക വിഹിതമല്ല. ഹൃദയക്ഷോഭം ഉളവാക്കി സൽപ്രവൃത്തികളിൽനിന്നു നമ്മെ വിരമിപ്പിക്കുന്നതിനു ദുഷ്ടശത്രു അശ്രാന്തം പരിശ്രമിക്കാതിരിക്കയില്ല. പക്ഷേ, നാം അവയിൽ വൈമുഖ്യം പ്രദർശിപ്പിക്കുകയല്ല; പ്രത്യുത, പ്രതികൂലസാഹചര്യങ്ങളിൽപ്പോലും തുടർന്നു പ്രവർത്തിക്കുകയും, തന്മൂലം അവയിൽനിന്നു കൂടുതൽ യോഗ്യത സമ്പാദിക്കുകയുമത്രേ ചെയ്യുന്നതു് എന്നു കാണുമ്പോൾ അവൻ നിഗൂഢനായി അകന്നുപോകതന്നെ ചെയ്യും.

സാവുൾരാജാവിൽ അവിഷ്ടനായിരുന്ന ദുഷ്ടാത്മാവു്, ദാവീദിന്റെ വീണയുടെ സ്വരം കേട്ടമാത്രയിൽ ഓടിപ്പോയിരുന്നതുപോലെ, ആത്മീയഗാനങ്ങളിൽ നിന്റെ മനസ്സു വ്യാപൃതമാകുമ്പോൾ പരീക്ഷകനായ പിശാചു നിന്നെ വിട്ടുപൊക്കൊള്ളും. അനിഷ്ടകരമായ ഒരു വികാരമാണല്ലോ മനോവ്യഥ. മനസ്സിനെ ഇതിൽനിന്നു വിമോചിപ്പിച്ചു പൂർവ്വവൽ പ്രബലമാക്കുന്നതിനു് ഉപയുക്തമായ ഒരു മാർഗ്ഗമാണു്, സോത്സാഹം കൃത്യാന്തരനിരതനായിരിക്കുക എന്നതു്.

കുരിശുരൂപം നിന്റെ മാറത്തണച്ചു് ആശ്ലേഷിക്കുക. ആണികളാൽ തറയ്ക്കപ്പെട്ട തൃക്കരങ്ങളേയും തൃപ്പാദങ്ങളേയും ചുംബിക്കുക. നിന്റെ ദൃഷ്ടികളേയും കൈകളേയും സ്വർഗ്ഗത്തിലേക്കുയർത്തി ദൈവസഹായം അഭ്യർത്ഥിക്കുക. "എന്റെ സ്നേഹനാഥാ, നീ എന്റേതും ഞാൻ നിന്റേതും. ഈശോയുടെ ദിവ്യഹൃദയമേ, ഞാൻ അങ്ങിൽ ആശ്രയിക്കുന്നു. ഈശോയുടെ സ്നേഹത്തിൽനിന്നു് ആർ എന്നെ അകറ്റും" ഇത്യാദി സ്നേഹസംപൂർണ്ണവും വിനയസമന്വിതവുമായ വചനങ്ങളാൽ ദൈവത്തെ സംബോധനചെയ്യുക മുതലായവ ഭക്തിയുടെ ബാഹ്യപ്രകടനങ്ങളാണു്. ഇവയിൽ അഭിരുചി ഉണ്ടായില്ലെന്നു വന്നേക്കാം. എങ്കിലും, ഇവ അനുഷ്ഠിക്കുക അഭിലഷ

ണീയംതന്നെ. പീഡനക്കരുക്കൾ ഉപയോഗിച്ചു് അനുഭവിക്കുന്ന മിതമായ ബന്ധനം ഹൃദയപ്പുകർച്ചയെ ദൂരീകരിക്കുന്നതിനുള്ള വേറൊരു പോംവഴിയാണു്. സ്വമനസാ ഉള്ള ഈ ബാഹ്യപീഡനം ആന്തരികമായ അശ്വാസത്തെ പ്രദാനം ചെയ്യുന്നുണ്ടു്. എങ്ങനെയെന്നാൽ, ബാഹ്യപീഡനങ്ങൾനിമിത്തം ആന്തരികവൈഷമ്യങ്ങൾ വിസ്മൃതങ്ങളാകയും ക്രമേണ ആത്മാവു് ഇവയിൽനിന്നു വിമുക്തി പ്രാപിക്കയും ചെയ്യുന്നു. പ്രസ്തുത ഉദ്ദേശ്യസിദ്ധിക്കുപകരിക്കുന്ന വേറൊരു പ്രധാനമാർഗ്ഗം വിശുദ്ധ കുർബാനയുടെ സ്വീകരണമാണു്. ഹൃദയത്തിനു ശക്തിയും ആത്മാവിനു പരിപുഷ്ടിയും പ്രദാനംചെയ്യുന്ന ഒരു സ്വർഗ്ഗീയഭക്ഷണമാകുന്നു ഇതു്.

നിന്റെ മനോവ്യഥയിൽനിന്നു് ഉത്ഭൂതമാകുന്ന വിവിധവികാരങ്ങൾ വിശ്വസ്തതയോടും വിനയത്തോടുംകൂടെ ആത്മീയഗുരുവിനെ അറിയിക്കയും ദൈവഭക്തന്മാരുടെ സഹവാസം ആരായുകയും ചെയ്യുക. അവസാനമായി നിന്റെ വ്യർത്ഥസന്തോഷങ്ങളുടെ ഒരു ന്യായശിക്ഷയെന്നോണം ഉണ്ടായ ഈ ദുഃഖം ക്ഷമാപൂർവം അനുഭവിച്ചുകൊള്ളാമെന്നു പ്രതിജ്ഞചെയ്യുകൊണ്ടു്, നിന്നെത്തന്നെ ദൈവത്തിനു സമർപ്പിക്കണം. ഇപ്രകാരം ചെയ്യുന്നതായാൽ, നിന്റെ പരീക്ഷണകാലം കഴിയുമ്പോൾ ആ കരുണാമൂർത്തി നിന്നെ ഈ ദുരവസ്ഥയിൽനിന്നു വിമുക്തമാക്കുമെന്നുള്ളതിനെപ്പറ്റി തെല്ലും സംശയിച്ചിട്ടാവശ്യമില്ല.

പതിമ്മൂന്നാം അധ്യായം

ആത്മീയവും ഐന്ദ്രികവുമായ ആശ്വാസങ്ങളും അവയെ അനുവർത്തിക്കേണ്ട വിധങ്ങളും

എത്ര നിരന്തരവും വിചിത്രവുമായ വിവിധതപങ്ങളോടെയാണു ദൈവം ഈ ഭൂഗോളത്തെ നിയന്ത്രിക്കുന്നത്. പകൽ കഴിഞ്ഞു രാത്രിയും, വസന്തകാലത്തിനുശേഷം വേനൽക്കാലവും, വേനൽക്കാലംകഴിഞ്ഞു വർഷകാലവും, അതിനുശേഷം മഞ്ഞുകാലവും മാറിമാറി ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഒരു ദിവസം മറെറാന്നിനോടു തുല്യമല്ല. ഒന്നു പ്രഭാപൂർണ്ണമെങ്കിൽ, വേറൊന്നു നിഷ്പ്രഭമായിരിക്കും. ഒന്നു പ്രശാന്തമെങ്കിൽ മറെറാന്നു പ്രവാതപൂരിതം. ഇന്നു മഴയെങ്കിൽ നാളെ വെയിൽ. ഈ വൈവിധ്യം പ്രകൃതിയുടെ പ്രഭാവത്തെ അതീവമായി വർദ്ധിപ്പിക്കയത്രെ ചെയ്യുന്നതു്. ഇതിൽനിന്നധികം വ്യത്യസ്ഥമല്ല മനുഷ്യന്റേയും സ്ഥിതി. അതിനാലായിരിക്കണം പുരാണികന്മാർ "ലോകത്തിന്റെ സംക്ഷേപം" (Epitome of the world) എന്ന അപരനാമം അവനു നല്കിയതു്. മനുഷ്യന്റെ സ്ഥിതി നിമിഷന്തോറും വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്നു. മനുഷ്യജീവിതമാകുന്ന ചെറുവള്ളം ലോകമഹാസമുദ്രത്തിലേ പ്രലോഭനങ്ങളാകുന്ന തിരമാലകളിൽപ്പെട്ടു സദാ അലക്ഷ്യമായി ചരിച്ചുകൊണ്ടിരിക്കുന്നു. ആശ്വാസമാകുന്ന മന്ദമാരുതൻ ചിലപ്പോൾ അതിനെ പുരോഭാഗത്തേയ്ക്കു് അടുപ്പിക്കുന്നു. അടുത്ത ക്ഷണത്തിൽ ദുഃഖാരിഷ്ടതകളാകുന്ന കൊടുങ്കാറ്റു് അതിനെ പിൻഭാഗത്തേയ്ക്കു് ഓടിച്ചുപായിക്കുന്നു. പ്രത്യാശയാകുന്ന ദീപിനെ അശ്രയിച്ചുകുറെ സമയം അതു പൊങ്ങിക്കിടന്നേക്കാം; പക്ഷേ, താമസംവിനാ നിരാശയാകുന്ന അത്യഗാധത്തിൽ മുങ്ങിപ്പോകും. മനുഷ്യജീവിതത്തിൽ, പരസ്പരസാമ്യമുള്ള രണ്ടു ദിവസമോ,

രണ്ടു മണിക്കൂർപോലുമോ കണ്ടെത്തുക സുസാധമല്ല.

ഇപ്രകാരം, അസ്ഥിരമായ ഒരു അന്തരീക്ഷത്താൽ അവ്യതരായ നാം ആന്തരികരായി സ്ഥിരതയുള്ളവരായിരിക്കുക അവശ്യകമാണ്. നമ്മുടെ ഈ മനസ്ഥിരത നിരന്തരവും നിശ്ചഞ്ചലവുമായിരിക്കണം. നമ്മുടെ ചുറ്റുമുള്ള സകലതും സദാ വ്യത്യാസപ്പെട്ടുകൊള്ളട്ടെ. നമുക്കു ദൈവശുശ്രൂഷയിൽനിന്ന് അല്പമെങ്കിലും വ്യതിചലിക്കാതെ അതിൽത്തന്നെ ഉത്സുകരായിരിക്കാം. കപ്പിത്താൻ കപ്പലിനെ ഏതു ദിക്കിലേക്കെങ്കിലും നയിച്ചുകൊള്ളട്ടെ. പൂർവ്വഭാഗത്തേക്കോ പശ്ചിമഭാഗത്തേക്കോ, ഉത്തരഭാഗത്തേക്കോ ദക്ഷിണഭാഗത്തേക്കോ എവിടെയെങ്കിലും അയിക്കൊള്ളട്ടെ. ഭയങ്കരമായ കൊടുങ്കാറ്റ് എങ്ങോട്ടെങ്കിലും അതിനെ പായിച്ചുകൊള്ളട്ടെ. അതിൽ സ്ഥിതിചെയ്യുന്ന വടക്കുനോക്കിയന്ത്രത്തിന്റെ സൂചി എല്ലായ്പോഴും വടക്കോട്ടല്ലാതെ മറ്റു യാതൊരു ഭാഗത്തേയ്ക്കും തിരിയുന്നതല്ല. ഇപ്രകാരം, ബാഹ്യമായി മാത്രമല്ല, ആന്തരികമായും നമ്മിൽ സർവ്വതും പ്രക്ഷുബ്ധമായിക്കൊള്ളട്ടെ. അതായതു്, നമ്മുടെ ആത്മാവു ദുഃഖിതമോ സന്തുഷ്ടമോ, പീഡിതമോ സമാധാനസംയുതമോ ആണെന്നുവരാം. പ്രകാശത്തിലോ അന്ധകാരത്തിലോ ആയിരിക്കാം അതു വ്യാപരിക്കുന്നതു്. പ്രലോഭനവും പ്രശാന്തതയും, മന്ദതയും ഭക്തിതീക്ഷ്ണതയും മാറിമാറി വന്നുകൊള്ളട്ടെ. അതു സൂക്ഷ്മതപത്താൽ ശുഷ്കവും മഞ്ഞുതുള്ളികളാൽ വികസിതവുമായതുകൊണ്ടെയെപ്പെടുവാനില്ല. ഇതിൽ ഒരു കാര്യംമാത്രം സവിശേഷം ശ്രദ്ധിക്കേണ്ടതുണ്ട്. നമ്മുടെ ഹൃദയാന്തർഭാഗത്തു സ്ഥിതിചെയ്യുന്ന വടക്കുനോക്കിയന്ത്രത്തിന്റെ സൂചി— അതേ, നമ്മുടെ മനസ്സ്—നമ്മുടെ സൃഷ്ടാവും രക്ഷകനും ഏകാവലംബവുമായ ദൈവത്തിന്റെ പക്കലേക്കത്രേ തിരിക്കേണ്ടതു്; നിരന്തരം ഈ സ്ഥിതിയിൽത്തന്നെ അയിരിക്കയും വേണം. "നാം ജീവിച്ചാലും മരിച്ചാലും കർത്താവിനുള്ളവരാകുന്നു. മിശിഹായു

ടെ സ്നേഹത്തിൽനിന്നു നമ്മെ ആർ വേർതിരിക്കും?" എന്നു വി. അപ്പസ്തോലന്റെ വാക്കുകൾ ഇവിടെ പ്രസ്താവ്യമാണ്. അതേ, ഈ സ്നേഹത്തിൽനിന്നു നമ്മെ യാതൊന്നും അകറ്റി നിറുത്തരുതു്. പ്രലോഭനമാകട്ടെ, അരിഷ്ടതയാകട്ടെ, ജീവിതമാകട്ടെ, മരണംതന്നെയുമാകട്ടെ ഇതിനു ശക്തമല്ലതന്നെ. അനുദിനവിഷമതകളോ, ഭവിഷ്യത്കാര്യങ്ങളെക്കുറിച്ചുള്ള ഭയമോ, ദുഷ്ടാത്മാക്കളുടെ ആക്രമണമോ, ആശ്വാസമില്ലായ്മയോ, ദുഃഖാരിഷ്ടതകളോ, ദൈവികാരങ്ങളോ, ബുദ്ധിമാന്ദ്യമോ യാതൊന്നും മിശിഹായിൽ സ്ഥാപിതമായിരിക്കുന്ന ഈ ദിവ്യസ്നേഹത്തിൽനിന്നു നമ്മെ വ്യതിചലിപ്പിക്കാതിരിക്കട്ടെ.

ജീവിതയാത്രയിൽ നേരിടുന്ന വിവിധക്ലേശങ്ങൾക്കിടയിൽ ആത്മാവിന്റെ പ്രശാന്തത അഭംഗമായി പരിപാലിക്കുന്നതിനു് ഏറ്റവും പറ്റിയ ഒരു മാർഗ്ഗമുണ്ടു്. ഇതു്, ഒരിക്കലും ദൈവത്തെ നിരസിക്കയോ അവിടുത്തെ ദിവ്യസ്നേഹത്തിൽനിന്നകലുകയോ ചെയ്യാതിരിക്കുന്നതിനുള്ള സ്ഥിരനിശ്ചയമല്ലാതെ മറ്റൊന്നുമല്ല. ശക്തിമത്തായ കാറ്റുണ്ടാകുമ്പോൾ അതിൽപ്പെട്ട ക്ലേശിക്കാതിരിക്കുന്നതിനും, സമനിലപാലിക്കുന്നതിനുമായി തേനീച്ചകൾ ചെറിയ കല്ലു കടിച്ചെടുത്തുകൊണ്ടതേ പറന്നുനടക്കുന്നതു്. ഇപ്രകാരം, ദൈവത്തിന്റെ അമൂല്യസ്നേഹത്തെ മുറുകെപ്പിടിച്ചിരിക്കുന്ന ആത്മാവു്, ഭൗതികമോ ആത്മീയമോ, ബാഹ്യമോ ആന്തരികമോ ആയ സന്തോഷസന്താപങ്ങളുടെ മദ്ധ്യേ അചഞ്ചലമായി സ്ഥിതിചെയ്യുന്നു.

താഴ്മയായ സാധാരണ തത്ത്വങ്ങൾക്കു പുറമെ ചില പ്രത്യേക നിർദ്ദേശങ്ങൾ ഇതിനുപരി നല്കാം.

1) ചില സുകൃതാഭ്യസനങ്ങളിൽ നമുക്കുതന്നെ ഒരു ചാരിതാർത്ഥ്യം ഉണ്ടാകാറുണ്ടു് കണ്ണുനീർ ചൊരിഞ്ഞും നെടുവീർപ്പിട്ടും ചിലപ്പോൾ ബാഹ്യമായി നമ്മുടെ വിചാരങ്ങ

ളെ പ്രകടിപ്പിക്കാറുണ്ട്. ഇവയെല്ലാം നമുക്ക് ഇഷ്ടതരമായ സൽപ്രവൃത്തികളിൽനിന്ന് ഉദ്ഭൂതമാകുന്ന ആനന്ദത്തിന്റെയും ആസ്വാദ്യതയുടേയും ഫലമാണ്. ഇതിലല്ല യഥാർത്ഥഭക്തി അടങ്ങിയിരിക്കുന്നത്. എന്തുകൊണ്ടെന്നാൽ, പുണ്യപ്രവൃത്തികളിൽ ഇങ്ങനെയുള്ള വികാരങ്ങൾ പലർക്കും അനുഭവപ്പെട്ടേക്കാം. പക്ഷേ, അവർ പാപത്തിൽനിന്നു വിമുക്തരല്ല. തന്മൂലം, യഥാർത്ഥമായ ദൈവസ്നേഹമോ സാക്ഷാത്തായ ഭക്തിയോ അവരിൽ ലവലേശമില്ല.

സാവുൽരാജാവ് ദാവീദിനെ വധിക്കണമെന്നുള്ള ഉദ്ദേശ്യത്തോടെ അയാളെ പിന്തുടർന്ന് എൻഗാഡി എന്ന മരുഭൂമിയിലെത്തി. ദാവീദും സൈന്യവും അഭയംപ്രാപിച്ചിരുന്ന ഗുഹയിൽത്തന്നെ ഇയാൾ ഏകനായി പ്രവേശിച്ചു. തന്റെ കൈവശത്തിലായിരിക്കുന്ന ബദ്ധശത്രുവിനെ നിഷ്പ്രയാസം വധിക്കാമായിരുന്നിട്ടും, അപ്രകാരം ചെയ്യാതെ ദാവീദ് അയാളുടെ ജീവനെ സംരക്ഷിക്കയും, അയാൾക്കു യാതൊരു ആപത്തുകയും ഉളവാക്കാതെ, അവിടെനിന്നു രക്ഷപ്പെട്ടുവാൻ അയാളെ സഹായിക്കയുമാണു ചെയ്തത്. താൻ നിരപരാധിയാണെന്നും, അയാളുടെ ജീവൻ തന്റെ അധീനതയിലായിരുന്നുവെന്നും മറുമുള്ള വസ്തുത പിന്നീടു ദാവീദ് അയാളെ ബോദ്ധ്യപ്പെടുത്തിയപ്പോൾ, സാവുൽ തന്റെ ഉപകർത്താവിനോട് അർഹമേനസ്സനാണെന്നു തെളിയിക്കുവാൻ ഏതെല്ലാം വിധമാണു യത്നിച്ചതു്. ദാവീദിനെ തന്റെ വത്സലപുത്രനെന്നു വിളിച്ചുകൊണ്ടു സാവുൽ സ്നേഹാശ്രുക്കൾ പൊഴിച്ചു; മാത്രമല്ല, അദ്ദേഹത്തിന്റെ പ്രതാപത്തെ പ്രകീർത്തിച്ചു; ദയയെ മുക്തകണ്ഠം സമ്മതിച്ചു. ദാവീദിനുവേണ്ടി പ്രാർത്ഥിച്ചു; അയാളുടെ ഭാവിയിലേ അഭിവാഞ്ഛകളെക്കുറിച്ചു പ്രവചിച്ചു; സ്വസന്താനങ്ങളുടെമേൽ ദയാപുരസ്സരം വർത്തിക്കണമെന്ന് അഭ്യർത്ഥിച്ചു. ഇതിൽക്കൂടുതലായി എങ്ങനെയാണു സൗമ്യതയും ആർദ്രതയും പ്രദർശിപ്പിക്കുക? എന്നാൽ, അനന്തര

സംഭവം ഇതിൽനിന്നെത്ര വ്യത്യസ്തം. സാവൂളിന്റെ ഹൃദയ കാഠിന്യത്തിനു യാതൊരു മാറ്റവുമുണ്ടായില്ല. മുൻപിലത്തെപ്പോലെതന്നെ അയാൾ ദാവീദിനെ നിർദ്ദയം പീഡിപ്പിക്കുകയാണു ചെയ്തത്. ഇതുതന്നെയാണു ചില നാമമാത്രക്രിസ്തുമാരുടേയും സ്ഥിതി. ദൈവത്തിന്റെ അനന്തനന്മയേയും രക്ഷാനാഥന്റെ പീഡാനുഭവത്തേയുംപറ്റി ചിന്തിക്കുമ്പോൾ അവരുടെ മനസ്സിനു വലിയ ഒരിളക്കം തട്ടുന്നു. തൽഫലമായി അല്പസമയത്തേയ്ക്ക് അവർ ദുഃഖിച്ചു പ്രലപിക്കയും, ദൈവസമക്ഷം പ്രാർത്ഥനകൾ സമർപ്പിക്കയും കൃതജ്ഞത പ്രദർശിപ്പിക്കയും ചെയ്യുന്നു. ഈ ബാഹ്യപ്രകടനങ്ങൾ കാണുമ്പോൾ ഇവരുടെ ഹൃദയം, യഥാർത്ഥമായി കത്തിയാകുന്ന മഹാവഹ്നിയിൽ ജ്വലിച്ചെരിയുന്നുവോ എന്നു തോന്നിപ്പോകും. എന്നാൽ, അവർ അല്പമൊന്നു പരീക്ഷിക്കപ്പെടട്ടെ. അപ്പോഴാണു വാസ്തവം പ്രത്യക്ഷമാകുന്നത്. അത്യുഗ്രമായ വേനലിന്റെ ചൂടേറ്റ് ഉണങ്ങിവരണ്ട ഭൂമിയിൽ അപ്പോളപ്പോൾ പതിക്കുന്ന മഴത്തുള്ളികൾ അതിനെ തണുപ്പിക്കുന്നില്ല; പ്രത്യുത, ക്ഷണികങ്ങളായ ചില നിസ്സാര സസ്യങ്ങളെ മുളപ്പിക്കുന്നതിനേ ഈ മഴത്തുള്ളികൾ പര്യാപ്തങ്ങളാകുന്നുള്ളൂ. ഇപ്രകാരം മുൻപറഞ്ഞവരുടെ താത്കാലികമായ അശ്രുധാരയോ പ്രലാപങ്ങളോ അവരുടെ ദുഷ്ടഹൃദയത്തെ ഇളക്കുന്നതിനു ശക്തമല്ല. ഇക്കൂട്ടർ ദീർഘനിശ്വാസം ചെയ്യുകയും വിലപിക്കയും ചെയ്യുന്നുണ്ടെങ്കിലും തങ്ങൾ അന്യായമായി സമ്പാദിച്ച ദ്രവ്യത്തിൽ ഒരു കാശെങ്കിലും തിരിച്ചുകൊടുക്കുകയോ, തങ്ങളുടെ ദുരാശകളിൽ ഒന്നിനെയെങ്കിലും അമർത്തുവാൻ ശ്രമിക്കയോ, അരുടെ പീഡാനുഭവത്തെ സ്മരിച്ചുകൊണ്ട് അശ്രു പൊഴിക്കുന്നുവോ ആ രക്ഷകന്റെ സേവനാർത്ഥം നിസ്സാരമായ ഒരു ത്യാഗം സഹിക്കുകയോ ചെയ്യുന്നില്ല. തന്മൂലം, ഈ ദുർഭഗരുടെ സങ്കടവികാരങ്ങൾ വെറും ക്ഷണികങ്ങളാണ്. ഇവയൊന്നും യഥാർത്ഥമതികളല്ല; പിശാചുക്കളുടെ കൗശലങ്ങളത്രേ. ഈ ദുഷ്ടർ ഏതാളുശന്മാരുടെ ഹൃദയത്തിൽ മറ

ഞ്ഞിരുന്നുകൊണ്ടു് അല്പാല്പമായ ആശ്വാസം അവർക്കു് ഉള വാക്കുകയും, അതിൽ അവരെ സന്തുഷ്ടരും സംതൃപ്തരും ആക്കുകയും ചെയ്യുന്നു. ക്ഷണികങ്ങളായ ഈ ആശ്വാസങ്ങളിൽ ചാരിതാർത്ഥ്യമടയുന്നതിനാലാണു യഥാർത്ഥമായ പ്രകൃതിയെ അവർ അന്വേഷിക്കാത്തതു്. ദൈവഹിതം അന്വേഷിക്കുന്നതിനുള്ള മനസ്സിന്റെ സന്നദ്ധതയിലാണു സാക്ഷാത്തായ പ്രകൃതി അടങ്ങിയിരിക്കുന്നതെന്നു് ഈ സാധുക്കൾ അറിയുന്നേ ഇല്ല.

ശിശു തന്റെ മാതാവു മുറിവേറ്റു രക്തം ചിന്തുന്നതായിക്കണ്ടാൽ വാവിട്ടു കരഞ്ഞുപോകും. എന്നാൽ, അതേസമയം, അതിന്റെ കൈവശമുള്ളതും അതിനു് ഏറ്റവും ഇഷ്ടമുള്ളതുമായ ഒരു പഴമോ മധുരപദാർത്ഥമോ അവൾ ചോദിക്കുന്നതായാൽ ആ ശിശു കൊടുക്കയുമില്ല. നമ്മുടെ പ്രകൃതവിചാരങ്ങൾ പലപ്പോഴും ഇതിനു തുല്യമാണു്. ക്രൂശിതനായ രക്ഷകന്റെ ദിവ്യഹൃദയം കുന്തത്താൽ കുത്തിപ്പിളർക്കപ്പെട്ടതു കാണുമ്പോൾ നാം കണ്ണുനീർ പൊഴിക്കുന്നു. പ്രകൃതാത്മാവേ, രക്ഷകന്റെ പീഡാനുഭവത്തേയും ക്രൂരമരണത്തേയുംകുറിച്ചു പ്രലപിക്കുന്നതു വളരെ നല്ലതുതന്നെ. പക്ഷേ, അവിടുന്നു് ആവശ്യപ്പെട്ടതും നിന്റെ കൈവശമുള്ളതുമായ ആ മധുരഫലം എന്തുകൊണ്ടു് അദ്ദേഹത്തിനു നീ കൊടുക്കുന്നില്ല? അതേ, നിന്റെ ഹൃദയത്തെത്തന്നെയാണു ദിവ്യരക്ഷകൻ ചോദിക്കുന്നതു്. നമ്മുടെ അഭിലാഷങ്ങളും ആകർഷണങ്ങളും അനന്യവും—അതേ, മിശിഹാ നമ്മിൽ നിന്നാവശ്യപ്പെട്ടതു മധുരപദാർത്ഥങ്ങളും— അദ്ദേഹത്തിനു വേണ്ടി പരിത്യജിക്കുന്നതിൽ വൈമുഖ്യം പ്രദർശിപ്പിക്കയെന്നോ? അദ്ദേഹത്തിന്റെ സ്വാർത്ഥീയവരങ്ങളോടെന്നതിനെക്കാൾ കൂടുതൽ പ്രതിപത്തി ഇവയോടു പ്രദർശിപ്പിക്കുക അനുവദനീയമോ? ഇതു ബാലിശമായ ഒരു മമതയല്ലാതെ മറ്റൊന്നുമല്ല. ഇതു സൗമ്യമെങ്കിലും ക്ഷണികവും ചഞ്ചലവും

ഫലശൂന്യവുമത്രേ. മുകളിൽപ്പറഞ്ഞവിധമുള്ള വികാരങ്ങളിലത്രേ ഭക്തി അന്തർലീനമായിരിക്കുന്നതു് എന്നു വല്ലവരും വിചാരിക്കുന്നെങ്കിൽ അതു സുവ്യക്തമാണു്. നമ്മുടെ സ്വഭാവത്തിന്റെ ശൈഥില്യവും മനസ്സിന്റെ അസ്ഥിരതയുമാണു പലപ്പോഴും പ്രസ്തുത വികാരങ്ങൾക്കു കാരണം. ദുഷ്ടാത്മാക്കളുടെ തന്ത്രങ്ങൾമൂലവും ചിലപ്പോൾ ഇവ ഉണ്ടാകാവുന്നതാണു്.

2) ഇപ്രകാരമുള്ള വികാരങ്ങൾ എല്ലായ്പ്പോഴും വർജ്ജ്യമെന്നു വരുന്നതല്ല. ചിലപ്പോൾ ഇവ ശ്ലാഘനീയവും ഫലപ്രദവുമായി ഭവിച്ചേക്കാം. എന്തുകൊണ്ടെന്നാൽ, ഇവ ആത്മാവിന്റെ ഭക്തിതീക്ഷ്ണത വർദ്ധിപ്പിക്കുന്നു; അതിനെ പൂർവ്വോപരി ശക്തിപ്പെടുത്തുന്നു; ഭക്ത്യാഭ്യസനങ്ങളിൽ ഉത്സാഹവും ആനന്ദവും ഉദ്ദീപ്തമാക്കുന്നു. തന്മൂലം, നമ്മുടെ പ്രവൃത്തികൾ മനോഹരവും അന്യർക്കു വിഹിതവുമായിത്തീരുകയും ചെയ്യും. ദൈവികകാര്യങ്ങളിൽ ഇപ്രകാരം ഒരഭിരുചി അനുഭവപ്പെട്ടതിന്റെ ഫലമായിട്ടാണു "കർത്താവേ, അവിടുത്തെ ദിവ്യവചസ്സുകൾ എത്ര ആനന്ദപ്രദം; അവ മധുവിനെക്കാൾ മധുരംതന്നെ" എന്നു രാജകീയദീർഘദർശി വിളിച്ചു പറഞ്ഞതു്. മഹത്തരങ്ങളായ ലൗകികവിനോദങ്ങളിൽനിന്നു് ഉദ്ദീപ്തമാകുന്ന ആനന്ദത്തെക്കാൾ എല്ലാവിധത്തിലും ശ്രേഷ്ഠതരമാണു് ആത്മീയമായുണ്ടാകുന്ന അതിനിസ്സാരമായ ആനന്ദംപോലും. വി. ലിഖിതത്തിൽ പ്രസ്താവിച്ചിരിക്കുന്ന ദിവ്യവധുവിന്റെ സ്തനം, അതായതു്, സഭ്യീയനാഥന്റെ അനുഗ്രഹങ്ങൾ ജഡികസന്തോഷങ്ങളാകുന്ന ലഹരിപദാർത്ഥങ്ങളെക്കാൾ അത്യന്താഭ്യതരമാണു്. സൈറിസ്(Cytisus) എന്ന സസ്യം വായിൽ ഇട്ടിരിക്കുന്നവർക്കു വിശപ്പോ ദാഹമോ അനുഭവപ്പെടാത്തവണ്ണം അത്രയധികം മാധുര്യം അതു് ഉളവാക്കുന്നു. ഇപ്രകാരം, ആത്മീയാനന്ദവും അന്തരികവിശ്വാസവുമാകുന്ന സഭ്യീയമന്നാ ദൈവം അർഹപ്രദാനം

ചെയ്തിട്ടുണ്ടോ അവർ ഭൗതികാശ്വാസം അന്വേഷിക്കുകയോ അനുഭവിക്കുകയോ ചെയ്യുകുടാ; കുറഞ്ഞപക്ഷം, അതിൽ ഒരിക്കലും ആനന്ദിക്കുകയോ നിമഗ്നരാവുകയോ ചെയ്യാതിരിക്കയെങ്കിലും വേണം.

ദൈവം നമുക്കു പ്രദാനം ചെയ്യുവാനിരിക്കുന്ന സൗഭാഗ്യസംപൂർണ്ണമായ നിത്യതത്ത്വത്തിന്റെ ഒരു പൂർവ്വാസ്വദനമാകുന്നു മുൻപറഞ്ഞ ആത്മീയാശ്വാസങ്ങൾ. ഇവ, ദൈവം തന്റെ മക്കളെ തന്നിലേക്കാകർഷിക്കുന്നതിനു നല്കുന്ന മധുരപദാർത്ഥങ്ങളാണ്. ഇവയാകുന്ന അവരെ ശക്തിപ്പെടുത്തുന്നതിനു ദൈവം അവർക്കു പ്രദാനംചെയ്യുന്ന ജലം. ഇവ സ്വർഗ്ഗീയസമ്മാനത്തിന്റെ ഒരു അച്ചാരവുമാണ്. മഹാനായ അലക്സാണ്ടർ അറേബ്യാഫെലിക്സ് (Arebia Felix) എന്ന സ്ഥലം കണ്ടുപിടിച്ചതു്, അദ്ദേഹം കടലിൽ സഞ്ചരിച്ചുകൊണ്ടിരിക്കെ പ്രസ്തുത സ്ഥലത്തുനിന്നു കാറ്റിൽ പാറിവന്ന സുഗന്ധത്തിന്റെ സഹായത്താലാണെന്നു പറയപ്പെടുന്നു. ഈ സുഗന്ധത്താൽ അലക്സാണ്ടറും അദ്ദേഹത്തിന്റെ സഹചാരികളും പൂർവ്വോപരി ഉന്മേഷചിത്തരായി, അവരുടെ ഗതി തുടർന്നു. ഇപ്രകാരം, ഭൗതികജീവിതമാകുന്ന വൻകടലിൽ യാത്രചെയ്യുന്ന നമുക്കും സ്വർഗ്ഗസൗഭാഗ്യത്തിന്റെ നാന്ദിയായി ചില ആനന്ദങ്ങളും ആശ്വാസങ്ങളും ചിലപ്പോഴും അനുഭവപ്പെടുന്നുണ്ട്.

3) ഇന്ദ്രിയസന്തോഷങ്ങൾ രണ്ടുതരമുണ്ട്. ചിലതു നല്ലതും ദൈവത്തിൽനിന്നു വരുന്നതുമാണ്. മറ്റു ചിലതാകട്ടെ, ഉപയോഗശൂന്യവും അപകടകരവും വിനാശഹേതുകവുമത്രേ. ഇവ നമ്മുടെ സ്വഭാവത്തിൽനിന്നോ ദുഷ്പ്രേരകികളിൽനിന്നോ ആണ് ഉദ്ഭവിക്കുന്നതു്. ഇവ എങ്ങനെയാണു തിരിച്ചറിയുക? നല്ല ആശ്വാസങ്ങളിൽനിന്നു ചീത്തയായവയെ എങ്ങനെ വേർതിരിച്ചറിയുവാൻ കഴിയും? പ്രിയ ഫിലോത്തയാ, ഫലത്തിൽനിന്നു വൃക്ഷത്തെ അറിയാം എന്ന സത്യ

സാധാരണമായ തത്ത്വം നമ്മുടെ അഭിലാഷങ്ങളേയും വികാരങ്ങളേയും കുറിച്ചും പറയാവുന്നതാണ്. നമ്മുടെ ഹൃദയം വൃക്ഷവും, നമ്മുടെ അഭിലാഷങ്ങളും വികാരങ്ങളും ഈ വൃക്ഷത്തിന്റെ ശിഖരങ്ങളും, പ്രസ്തുത വികാരങ്ങളുടെ പ്രവർത്തനങ്ങളും ഫലങ്ങളും ആകുന്നു. സച്ചിന്തകളും സദ്വികാരങ്ങളും ഏതു ഹൃദയത്തിൽ സ്ഥിതിചെയ്യുന്നുവോ അതാകുന്നു നല്ല ഹൃദയം; ഏതു വികാരങ്ങളും നമ്മിൽ സൽഫലങ്ങളും ഉളവാക്കുന്നുവോ അവയത്രേ സദ്വികാരങ്ങളും. ഇന്ദ്രിയപരമായി ഉണ്ടാകുന്ന ആനന്ദവും ആശ്വാസവും നമ്മിൽ വിനയം, ശാന്തത, സഹോദരസ്നേഹം, ദീനാനുകമ്പ മുതലായ സദ്ഗുണങ്ങളെ വർദ്ധിപ്പിക്കുകയും, ഭരാശകളേയും ഭ്രുവ്വാസനകളേയും അമർത്തുന്നതിൽ നമ്മെ കൂടുതൽ സഹായിക്കുകയും, കേന്ദ്രീകൃത്യങ്ങളിൽ നമുക്കു കൂടുതൽ ഉത്സാഹം പ്രദാനംചെയ്യുകയും, ശ്രേഷ്ഠന്മാരോടു കൂടുതൽ ബഹുമാനവും അനുസരണവും നമ്മിൽ ഉളവാക്കുകയും ചെയ്യുന്നെങ്കിൽ അവ ദൈവത്തിൽ നിന്നു വരുന്നവയാണെന്നുള്ളതിനു സംശയമില്ല. എന്നാൽ, നമ്മുടെ ഇന്ദ്രിയസന്തോഷങ്ങളുടെ ഫലമായി ജിജ്ഞാസ, ദുശ്ശാഠ്യം, അഹംഭാവം, കോപം, മുതലായ ദുർഗുണങ്ങൾക്കു നാം വിധേയരാവുകയും പുണ്യവാന്മാരായിക്കഴിഞ്ഞു എന്നു ഭാവേന അന്യരുടെ നിയന്ത്രണത്തിലും ശിക്ഷണത്തിലുംനിന്നു നമ്മെത്തന്നെ സ്വതന്ത്രരാക്കുകയുമാകുന്നു ചെയ്യുന്നതെങ്കിൽ, പ്രസ്തുത സന്തോഷങ്ങൾ കപടങ്ങളും വിനാശകരങ്ങളുമത്രേ. നല്ലവൃക്ഷം സൽഫങ്ങളെ മാത്രമേ പുറപ്പെടുവിക്കുകയുള്ളുല്ലോ.

4) ഇന്ദ്രിയപരമായ ആനന്ദവും ആശ്വാസവും ഉണ്ടാകുമ്പോൾ ദൈവസമക്ഷം നമ്മെത്തന്നെ അത്യധികം വിനീതരാക്കുകയാണു വേണ്ടതു്. ഈ അനുഗ്രഹങ്ങളിൽ മതിമറന്നു് "ഞാൻ എത്ര ഗുണവാൻ" എന്നു പറയുകയോ വിചാരിക്കുകയോ ചെയ്യാതിരിപ്പാൻ പ്രത്യേകം സൂക്ഷിക്കണം. എന്തുകൊണ്ടെന്നാൽ, അവ നമ്മെ സുകൃതികളാക്കുന്നില്ല;

അവയിലല്ല കേന്ദ്രി അടങ്ങിയിരിക്കുന്നത്. "ദൈവത്തിൽ ശരണപ്പെടുന്നവനും, ദൈവത്തെ അരായുന്ന ആത്മാവിനും, ദൈവം എത്ര നല്ലവൻ" എന്നാണ നാം പറയേണ്ടത്. ഒരു വന്റെ വായിൽ പഞ്ചസാരയുള്ളതുകൊണ്ട് അവന്റെ വായ് മധുരമുള്ളതെന്ന് ആരും പറയുന്നില്ലല്ലോ. വായുടേതല്ല പഞ്ചസാരയുടേതാകുന്ന മാധുര്യം. ആത്മീയമായ ആശ്വാസങ്ങളും ആനന്ദങ്ങളും നല്ലവയാണ്. അവയുടെ ദാതാവായ ദൈവവും നല്ലവൻതന്നെ. പക്ഷേ, ഒരുവന് ഈ ആനന്ദങ്ങളും ആശ്വാസങ്ങളും ഉണ്ടാകുന്നതുകൊണ്ട് അവൻ നല്ലവനെന്ന കരുതേണ്ടതില്ല. ഇവ നമുക്കനുഭവപ്പെടുമ്പോൾ, നാം മുലകുടിമാറാത്ത കൊച്ചുകുട്ടികളാണെന്നും, നമ്മുടെ ആത്മാവു ദുർബലവും മൃദുലവുമായതിനാലത്രേ ദൈവം ഇവ നമുക്കു പ്രദാനംചെയ്തിരിക്കുന്നതെന്നും ഓർക്കേണ്ടതുണ്ട്. ഇവ നമ്മുടെ ആത്മാവിനെ ദൈവസ്നേഹത്തിലേക്കാകർഷിക്കുന്നു. ഈ അനുഗ്രഹങ്ങളേയും ദാനങ്ങളേയും നാം വിനയപൂർവ്വം സ്വീകരിക്കുകയും അത്യധികം വിലമതിക്കുകയും ചെയ്യണം. ഇവയുടെ ഗുണത്തെക്കുറിച്ചെന്നതിനെക്കാൾ ഇവ ദൈവത്തുക്കരങ്ങളിൽനിന്നു ലഭിക്കുന്നു എന്നതിനെക്കുറിച്ചാണ് ഇവയെ നാം കാര്യമായിക്കരുതേണ്ടത്. ഒരു ശിശുവിനെ സംതൃപ്തിപ്പെടുത്തുന്നതിന് അതിന്റെ മാതാവ് അതിനു വേണ്ടുവോളം മധുരപദാർത്ഥങ്ങൾ നല്കുന്നതുപോലെ ദൈവം നമ്മോടു വർത്തിക്കുന്നു. ശിശുവിനു തിരിച്ചറിവുണ്ടെങ്കിൽ മധുരപദാർത്ഥങ്ങളേക്കാൾ കൂടുതലായി ആ വത്സലമാതാവിന്റെ സ്നേഹചുംബനങ്ങളെ അതു വിലമതിക്കാതിരിക്കുകയില്ല. ആത്മീയമായ ആനന്ദം അനുഭവിക്കുന്നത് ഒരു വലിയ കാര്യംതന്നെ. പക്ഷേ, ആത്മീയാനന്ദങ്ങളാകുന്ന ഈ മധുരപദാർത്ഥങ്ങളെ ദൈവംതന്നെ അവിടുത്തെ തൃക്കരങ്ങൾകൊണ്ടു നമ്മുടെ അധരങ്ങളിലേയ്ക്കും ഹൃദയത്തിലേയ്ക്കും ആത്മാവിലേയ്ക്കും നീട്ടിത്തരുന്നുവെന്ന് ഓർക്കുന്നതാണ കൂടുതൽ ആനന്ദപ്രദം.

ഈ അനുഗ്രഹങ്ങളെ നമുക്കു വിനയപൂർവ്വം സ്വീകരിക്കുകയും, അവയുടെ ദാതാവായ ദൈവത്തിന്റെ അഭീഷ്ടമനുസരിച്ച് അവയെ ഉപയോഗിക്കുകയും ചെയ്യാം. എന്തിനായിരിക്കാം ദൈവം ഈ ആശ്വാസങ്ങൾ നമുക്കു പ്രദാനംചെയ്യുന്നതു? നമ്മിൽ ദൈവസ്നേഹവും സാഹോദര്യവും ഉളവാക്കുന്നതിനു തന്നെ. മാതാവു ശിശുവിനു പാലൂട്ടുമ്പോൾ അവൾ ഓമനക്കുഞ്ഞിന്റെ മുഖത്തു നോക്കുന്നതുപോലെ, നമ്മുടെ ആനന്ദം അനുഭവിപ്പിക്കുന്ന ദിവ്യരക്ഷകനു നമ്മുടെ സ്നേഹമുഖത്തു നല്കേണ്ടതല്ലയോ? ദിവ്യരക്ഷകനെ മുഖത്തുനോക്കുകയെന്നുവച്ചാൽ, അവിടുത്തേയ്ക്കു കീഴ്വഴങ്ങുകയും, അവിടുത്തെ ദിവ്യപ്രമാണങ്ങളെ അനുസരിക്കുകയും, അഭീഷ്ടം നിറവേറുകയുമല്ലാതെ മറെറാന്നുമല്ല; അതേ, വിനയത്തോടും വിശ്വസ്തതയോടുംകൂടെ അങ്ങയെ മാത്രമായി മുഖത്തുനോക്കുകതന്നെ വേണം.

ഏതെങ്കിലും ആത്മീയാശ്വാസം നമുക്കനുഭവപ്പെടുന്നുവെങ്കിൽ, എളിമയിൽ അഭിവൃദ്ധി പ്രാപിക്കുന്നതിനും, കൂടുതൽ ഉത്സാഹത്തോടെ സൽപ്രവൃത്തികളും ചെയ്യുന്നതിനുമുള്ള ഒരവസരമായി അതിനെ നാം ഉപയോഗിക്കേണ്ടതാണു്. "ഈ ആശ്വാസവും ആനന്ദവും ആഹ്ലാദവും ദൈവം എനിക്കു നല്കുകയും ഇവ എന്നിൽ ദൈവസ്നേഹം ഉജ്ജീവിപ്പിക്കുകയും ചെയ്യുന്നതിനാൽ ഇവയെ ഞാൻ സ്വീകരിക്കുന്നു; എങ്കിലും, ഇവയെ അല്ല ഞാൻ ആരായുന്നതു; ദൈവത്തെയും ദൈവസ്നേഹത്തെയുമത്രേ; ആശ്വാസം ഞാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ, ആശ്വാസപ്രദനെ ഞാൻ അന്വേഷിക്കുന്നു; ആനന്ദം എനിക്കാവശ്യമില്ല; പക്ഷേ, ആനന്ദദായകനായ രക്ഷകനെ ഞാൻ പ്രതീക്ഷിക്കുന്നു. ആഹ്ലാദമല്ല, പ്രത്യുത, സ്വർഗ്ഗവാസികൾക്കും ഭൂവാസികൾക്കും ആഹ്ലാദകാരണമായിരിക്കുന്നവനെയാകുന്നു ഞാൻ ആകാംക്ഷിക്കുന്നതു" എന്നു പ്രസ്താവിച്ചുകൊണ്ടു നമ്മുടെ ഹൃദയത്തെ ചില

സമയങ്ങളിൽ പ്രസ്തുത വികാരങ്ങളിൽനിന്നു വിമുക്തമാക്കണം. ജീവിതകാലത്തിലൊരിക്കലും ഇങ്ങനെയുള്ള ആത്മീയസന്തോഷം നമുക്ക് അനുഭവപ്പെട്ടില്ലെങ്കിൽത്തന്നെയും ദൈവസ്നേഹത്തിൽ നാം ഉറച്ചുനില്ക്കുകയല്ലയോ? താബോർമലയിൽ എന്നതുപോലെതന്നെ ഗാഗുൽത്താമലയിൽവച്ചും "കർത്താവേ, അങ്ങയോടുകൂടെ ആയിരിക്കുന്നതു് എനിക്ക് എത്ര ആനന്ദപ്രദം" എന്നു നമുക്കു വിളിച്ചുപറയാം. മുകളിൽപ്പറഞ്ഞതുപോലെയുള്ള ആത്മീയാശ്വാസവും ആനന്ദവും മറ്റും അത്യധികമായി ഉണ്ടാകുന്നുവെങ്കിൽ അക്കാര്യം ആത്മഗുരുവിനെ അറിയിക്കുക. എപ്രകാരമാണു് അവയെ മിതമായി ഉപയോഗിക്കേണ്ടതെന്നു് അദ്ദേഹം നിന്നെ പഠിപ്പിക്കും.

പതിനാലാം അധ്യായം

ആത്മീയമന്ദത

പ്രിയ ഫിലോത്തെയാ, ആത്മീയമായ സമാധാനം നിലനില്ക്കുന്നിടത്തോളംകാലം, എന്റെ നിർദ്ദേശമനുസരിച്ചു നീ വർത്തിച്ചുകൊള്ളും. പക്ഷേ, ആത്മീയാശ്വാസങ്ങൾ എല്ലായ്പോഴും ഉണ്ടായിരിക്കുമെന്നാണോ നീ വിചാരിക്കുന്നതു്? ചിലയവസരങ്ങളിൽ സകല ക്ലേശചിന്തകളും നിന്നിൽനിന്നു നിശ്ശേഷം അകന്നുപോകും. അപ്പോൾ നിന്റെ ഹൃദയം വെറുമൊരു മരുഭൂമിയായിട്ടു നിനക്കു പ്രത്യക്ഷമാവുക. ദൈവത്തിങ്കലേയ്ക്കു പോകുന്നതിന് ഒരു വഴിയാകട്ടെ, ആത്മാവിനെ നനയ്ക്കുന്നതിനു പ്രസാദവരമാകുന്ന ജലമാകട്ടെ അവിടെ നീ കാണുകയില്ല. ഈ സ്ഥിതിയിൽ എത്തിയിരിക്കുന്ന ആത്മാവിന്റെ നില അനുകമ്പാർഹംതന്നെ. ഈ ആത്മീയരോഗം കഠിനതരമെങ്കിൽ ആത്മാവിന്റെ അവസ്ഥ എത്ര ശോച

നീയം! എന്തുകൊണ്ടെന്നാൽ, ദാവീദിനെപ്പോലെ അവർം രാപകൽ കണ്ണുനീരിൽ മുഴകിയിരിക്കുന്നം. അവളെ നിരാശാഗത്തത്തിൽ നിപതിപ്പിക്കുന്നതിനായി ശത്രു അവളെ സദാ അലട്ടിക്കൊണ്ടിരിക്കുന്നം; അവൻ അവളുടെമേൽ ചൊരിയുന്ന പരിഹാസവർഷങ്ങളം ഇപ്രകാരമാണ്: "അല്ലയോ ദുർഭഗേ, നിൻെറ സ്രഷ്ടാവായ ദൈവം എവിടെ? അങ്ങെ കണ്ടുപിടിക്കുക നിനക്ക സാധ്യമോ? അവിടുത്തെ പ്രസാദവരത്തിലേയ്ക്ക നിന്നെ അടുപ്പിക്കുന്നതിന് ആരാണുള്ളത്?"

പ്രിയ ഫിലോത്തയാ, തിന്മയുടെ കാരണങ്ങളം കണ്ടുപിടിക്കുകയാകുന്ന ഈ ദുർഘടസ്ഥിതിയിൽ നീ ചെയ്യേണ്ടത്. നമ്മുടെ ആത്മീയമന്ദതയുടെ കാരണം പലപ്പോഴും നാം തന്നെയാകുന്നം.

1) കുമിയുടെ ഉപദ്രവമുള്ള കുഞ്ഞുങ്ങൾക്ക് അമ്മമാർ പഞ്ചസാര കൊടുക്കാറില്ല. ഇതുപോലെ, വ്യർത്ഥസന്തോഷമാകുന്ന കുമികൾ നമ്മെ ബാധിക്കുമ്പോൾ ദൈവം നമ്മിൽ നിന്ന് ആത്മീയാശ്വാസങ്ങളെ അകറ്റുന്നം. "കർത്താവേ, അവിടുന്ന് എന്നെ എളിമപ്പെടുത്തിയതു് എത്ര നന്നായിരിക്കുന്നം; ഞാൻ താഴ്ത്തപ്പെടുന്നതിനു മുൻപു് എത്ര പ്രാവശ്യം അങ്ങയെ ഞാൻ ദ്രോഹിച്ചു" എന്നു സങ്കീർത്തകൻ തന്നെക്കുറിച്ചു പ്രസ്താവിച്ചിരിക്കുന്നതു നമ്മെക്കുറിച്ചും പറയാവുന്നതാണ്.

2) ദൈവസ്നേഹത്തിൽനിന്നുദ്ഭവിക്കുന്ന ആനന്ദങ്ങളെയും ആശ്വാസങ്ങളെയും യഥാസമയം ശേഖരിക്കുന്നതിൽ നാം ചിലപ്പോൾ അനാസ്ഥ പ്രദർശിപ്പിക്കാറുണ്ട്. അപ്പോൾ ഈ അലസതയ്ക്ക് ഒരു ശിക്ഷയെന്നോണം, ദൈവം അവയെ നമ്മിൽനിന്നു വിദൂരമാക്കുന്നം. ഇസ്രായേൽക്കാർ മന്നാ ശേഖരിച്ചിരുന്നതു സൂര്യോദയത്തിനു മുൻപായിരുന്നല്ലോ; സൂര്യോദയത്തിനു ശേഷമാകട്ടെ എന്നു കരുതി അലസരായിരുന്നവ

ക്ക് അവ ലഭിച്ചിരുന്നില്ല. എന്തുകൊണ്ടെന്നാൽ, സുഖപ്രകാശമുണ്ടാകുമ്പോൾ മന്നാ ഉരുകിപ്പോയിരുന്നു.

3) വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്ന ദിവ്യവധുവിനെപ്പോലെ, ചിലയവസരങ്ങളിൽ, ഇന്ദ്രിയസംതൃപ്തിയും നശ്വരസന്തോഷവുമാകുന്ന മെത്തയിന്മേൽ നാം ശയിക്കുന്നു. നമ്മുടെ പ്രാണപ്രിയനായകട്ടെ, നമ്മുടെ പ്രാണപ്രിയത്തിന്റെ വാതിൽപ്പുറത്ത് മുട്ടിവിളിക്കുന്നു. ഭക്തകൃത്യങ്ങളിൽ നിരതരായിരിക്കുന്നതിനു് അവിടുന്നു നമ്മെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ, വ്യർത്ഥസന്തോഷങ്ങളിൽനിന്നും ക്ഷണികാശ്വാസങ്ങളിൽനിന്നും വിരമിക്കുന്നതിനുള്ള വിസമ്മതംനിമിത്തം നാം അവിടുത്തോടു മുതലിക്കുകയത്രേ ചെയ്യുന്നതു്. ഇക്കാരണത്താൽ, അവിടുന്നു നമ്മെ വിട്ടകലുന്നു. വളരെ വിഷമിച്ചെങ്കിൽ മാത്രമേ പിന്നീടു് അവിടുത്തെ കണ്ടുപിടിക്കുവാൻ നമുക്കു സാധിക്കുകയുള്ളൂ. സൃഷ്ടവസ്തുക്കളോടുള്ള അത്യാസക്തിനിമിത്തം അങ്ങേ ദിവ്യസ്നേഹത്തെ നാം അവഗണിച്ചു. ഈജിപ്തിലേ അരിമാവിൽ സ്വല്പമെങ്കിലും നാം സൂക്ഷിച്ചുവച്ചിട്ടുണ്ടെങ്കിൽ സ്വർഗ്ഗത്തിൽനിന്നുള്ള മന്നാ നമുക്കു ലഭിക്കുന്നതല്ല. കൃത്രിമമായ എല്ലാ മണവും തേനീച്ച വെറുക്കുന്നു. പരിശുദ്ധാത്മാവു പ്രദാനംചെയ്യുന്ന ആനന്ദം, ലോകത്തിലേ കൃത്രിമമായ ആനന്ദങ്ങളോടു തുലനംചെയ്യത്തക്കതല്ല.

4) പാപോച്ചാരണം മുതലായ ആത്മീയകാര്യങ്ങളിൽ ആത്മഗുരുവിനോടു നീ പ്രദർശിപ്പിക്കുന്ന കാപട്യവും വഞ്ചനയുമാണു നിന്റെ ആത്മീയാസ്വാസ്ഥ്യത്തിന്റെ മറ്റൊരു കാരണം. പരിശുദ്ധാത്മാവിയോടു നീ വിശ്വാസവഞ്ചന ചെയ്യുമ്പോൾ, അവിടുന്നു തന്റെ അനുഗ്രഹങ്ങളെ നിനക്കു നല്കാതിരിക്കുന്നതിൽ വിസ്മയിക്കേണ്ടതില്ല. ഒരു കൊച്ചുകുട്ടിയെപ്പോലെ ശുദ്ധനും നിഷ്കപടനും അല്ലാത്തതിനാലാകുന്നു കൊച്ചുകുട്ടികൾക്കുള്ള മധുരപദാർത്ഥങ്ങൾ നിനക്കു ലഭിക്കാത്തതു്.

5) ലൗകികസന്തോഷങ്ങളിൽ നിമഗ്നമായിരിക്കുന്ന നിന്റെ ഹൃദയത്തിന് ആത്മീയാനന്ദങ്ങൾ രുചിപ്പടങ്ങളല്ലെങ്കിൽ അതിൽ അൽഭുതത്തിനെന്തവകാശം? വേണ്ടുവോളം തിന്നു നിറഞ്ഞിരിക്കുന്ന പ്രാവിനു മധുരഫലങ്ങൾ കയ്പുള്ളതായിത്തോന്നും. "അവൻ വിശപ്പുള്ളവരെ നന്മകൾകൊണ്ടു തൃപ്തരാക്കി; ധനവാന്മാരെ വൃഥാ അയച്ചു." ഭൗമികസന്തോഷങ്ങളിൽ സമൃദ്ധനായിരിക്കുന്നവനു് ആത്മീയസംതൃപ്തിയുണ്ടാവുക സാദ്ധ്യമല്ല.

6) ദൈവം നല്കിയ അശ്വാസങ്ങളുടെ ഫലങ്ങൾ നഷ്ടപ്പെടാതെ സൂക്ഷിക്കുന്നുവെങ്കിൽ, നമുക്കു പുതിയ അശ്വാസങ്ങൾ ഉണ്ടാകും. എന്തുകൊണ്ടെന്നാൽ, "ആർക്കുണ്ടോ അവനു കൊടുക്കപ്പെടുകയും അവനു സമൃദ്ധിയുണ്ടാവുകയും ചെയ്യും. എന്നാൽ ആർക്ക് ഇല്ലായിരിക്കുന്നുവോ, അവനുള്ളതുകൂടെയും അവനിൽനിന്നെടുക്കപ്പെടും." ഇല്ലാത്തവനിൽനിന്നെടുക്കപ്പെടും: അതായതു് ദൈവം നല്കുന്ന അനുഗ്രഹങ്ങളെ ചിലർ സ്വന്തം കുറ്റത്താൽ നഷ്ടപ്പെടുത്തുന്നു; താൻ പ്രദാനംചെയ്യുവാൻ ഉദ്ദേശിച്ചിരുന്ന നന്മകളെപ്പോലും ഇവരിൽനിന്നു ദൈവം തടയുകയത്രേ ചെയ്യുന്നതു്. മുഴുവനായി പച്ചകെടാത്ത ചെടികൾ മഴപെയ്യുമ്പോൾ പച്ചപിടിക്കുന്നതും, പൂർണ്ണമായി ഉണങ്ങിവരണ്ടവ മഴയുണ്ടാകുമ്പോൾ ഉറഞ്ഞു നശിച്ചുപോകുന്നതും സാധാരണമാണല്ലോ.

ഒരാളുടെ ക്ഷേത്രീക്ഷ്ണത ക്ഷയിച്ചു് അയാൾ ആത്മീയമന്ദതയിലുൾപ്പെടുന്നുവെങ്കിൽ അതിന്റെ കാരണം മേൽപ്രസ്താവിച്ചവയായിരിക്കും. ഇവയിലേതെങ്കിലും നമ്മിലുണ്ടോ എന്നു പരിശോധിക്കുകതന്നെ. വളരെ ശാന്തമായി വേണം ഈ ആത്മപരിശോധന ചെയ്യുവാൻ. സൂക്ഷ്മപരീക്ഷണത്തിനുശേഷം, തിന്മയുടെ ഏതെങ്കിലും കാരണം നമ്മിൽത്തന്നെ നാം കണ്ടുപിടിക്കുന്നതായാൽ, ഈ പരീക്ഷണത്തിൽ നമ്മെ സഹായിച്ച ദൈവത്തിനു സ്തോത്രം ചെയ്യു

ണം. തിന്മയുടെ കാരണം കണ്ടുപിടിച്ചുകഴിഞ്ഞാൽ ആ തിന്മ പങ്കുതിയും പരിഹരിക്കപ്പെട്ടുവെന്നു സമാധാനപ്പെടാം. ആത്മീയമന്ദതയുടെ കാരണം കണ്ടുപിടിക്കുന്നതിനു ചിലപ്പോൾ സാധിച്ചില്ലെന്നു വരാം. അപ്പോൾ, കൂടുതൽ കർശനമായ ഒരാത്മശോധനചെയ്തു ക്ലേശിക്കേണ്ടതില്ല; താഴെപ്പറയുന്നവിധം വർത്തിച്ചാൽ മതി.

1) നിന്റെ നിസ്സാരതയേയും നീചതപ്രത്തേയും ഇപ്രകാരം ഏറ്റുപറഞ്ഞുകൊണ്ടു ദൈവസന്നിധിയിൽ സാഷ്ടാംഗപ്രണാമം ചെയ്യുക: "ഹാ! ദൈവമേ, അവിടുത്തെ സഹായമില്ലാതിരുന്നപ്പോൾ എന്റെ സ്ഥിതി എന്തായിരുന്നു? മഴവെള്ളത്തിനായി ദാഹിക്കുന്നതും ഉണങ്ങിവരണ്ടതുമായ ഒരു ഭൂമിക്കു തുല്യമായിരുന്നു എന്റെ ഹൃദയം. കാറ്റു് അതിനെ നാലുപാടും ഊതിപ്പാറ്റിച്ചിരുന്നു."

2) ദൈവത്തെ ആരാധിക്കുകയും അവിടുത്തെ അനുഗ്രഹങ്ങളെ യാചിക്കുകയും ചെയ്യുക:— കർത്താവേ, മോക്ഷസൗഭാഗ്യം എനിക്കു പ്രദാനം ചെയ്യുക; പിതാവേ, പാടുണ്ടെങ്കിൽ ഈ കാസാ എന്നിൽനിന്നു നീക്കിത്തരേണമേ; എന്റെ ആത്മാവിനെ അലട്ടുന്ന കൊടുങ്കാറേറ, എന്നിൽനിന്നു് അകന്നുപോവുക. ആശ്വാസദായകമായ മന്ദമാരുതൻ എന്റെ ഹൃദയാരാമത്തിൽ പ്രവേശിക്കുകയും സച്ചിന്തകളാകുന്ന പരിമളത്തെ എല്ലായിടത്തും വ്യാപിപ്പിക്കുകയും ചെയ്യട്ടെ.

3) കുമ്പസാരക്കാരൻ നിന്റെ ആത്മസ്ഥിതി നന്നായി മനസ്സിലാക്കേണ്ടതിനായി നിന്റെ ഹൃദയം അയാൾക്കു തുറന്നു കാണിക്കണം. അയാളുടെ ഉപദേശമനുസരിച്ചു വിനയത്തോടും വിശ്വസ്തതയോടുംകൂടെ വർത്തിച്ചാലും. ദൈവം അത്യധികം വിലമതിക്കുന്ന ഒന്നത്രേ അനുസരണം. ആത്മീയോപദേഷ്ടാക്കളിൽനിന്നു നമുക്കു ലഭിക്കുന്ന ഉപദേശങ്ങൾ നിസ്സാരമെന്നു തോന്നിയേക്കാമെങ്കിലും ദൈവം അവയെ നമുക്കു

വളരെ ഉപയോഗപ്രദമാക്കിത്തീർക്കുന്നുണ്ട്. യുക്തിയൊന്നും നോക്കാതെ എലിസേവൂസിന്റെ നിർദ്ദേശമനുസരിച്ചുമാത്രം പ്രവർത്തിച്ചതിനാൽ ദൈവം യോർദാൻ നദിയിലേ വെള്ളത്തെ നാമാൻ എന്നായാൾക്ക് ഉപയോഗപ്രദമാക്കിയില്ലയോ?

4) ആത്മമാന്ദ്യമുണ്ടാകുമ്പോൾ, അതിൽനിന്ന് എങ്ങനെയെങ്കിലും വിമുക്തനാകണമെന്നുള്ള അത്യാഗ്രഹത്താൽ ക്ലേശിക്കാതിരിക്കുകയാകുന്നു നീ ചെയ്യേണ്ടതു്. അതിൽനിന്നു രക്ഷപ്രാപിക്കുന്നതിനു നീ ആഗ്രഹിക്കരുതെന്ന് എനിക്കുദ്ദേശ്യമില്ല. പക്ഷേ, ഈ അഗ്രഹത്തിൽ നീ സദാ മുഴുകിയിരിക്കരുതു്. "ഈ മരുഭൂമിയിൽ ആയിരിക്കുന്നിടത്തോളം കാലം തന്റെ ഹിതമനുസരിച്ചു ദൈവം എന്നെ ഉപയോഗിച്ചുകൊള്ളട്ടെ" എന്നു പറഞ്ഞു്, ദൈവാഭീഷ്ടത്തിനു നിന്നെത്തന്നെ കീഴ്പെടുത്തുക. നീ ആത്മീയമന്ദതയ്ക്കു വിധേയനാകുമ്പോൾ "പിതാവേ, പാടുണ്ടെങ്കിൽ ഈ കാസാ എന്നിൽനിന്നു നീങ്ങിപ്പോകട്ടെ: എന്നാൽ, എന്റെ മനസ്സല്ല പ്രത്യുത, നിന്റെ അഭീഷ്ടം നിറവേറട്ടെ" എന്നു യെശുവിനെപ്പോലെ അപേക്ഷിക്കുക. ഇപ്രകാരം, ദൈവഹിതത്തിനു നീ കീഴ്വഴങ്ങുമ്പോൾ, അനവധി അനുഗ്രഹങ്ങളും നന്മകളും വഴി ദൈവം നിന്നെ അശ്ലാസിപ്പിക്കും. തന്റെ ഏകപുത്രനെ ബലികഴിക്കുന്നതിനു സന്നദ്ധനായ അബ്രാഹത്തിന്റെ കീഴ്വഴക്കത്തെ ദൈവം അത്യധികം ഇഷ്ടപ്പെട്ടു. മാത്രമല്ല, സന്തോഷകരമായ ഒരു ദർശനവും, അനവധി ആശീർവ്വാദങ്ങളും വഴിയായി അവിടുന്ന് അദ്ദേഹത്തെ സമാശ്ലാസിപ്പിക്കുകയും ചെയ്തു. അതിനാൽ, ആത്മീയമോ ശാരീരികമോ ആയ ആശ്ലാസങ്ങളും ആനന്ദങ്ങളും ദൈവം നിനക്കു പ്രദാനം ചെയ്യുകയും അവയെ നിന്നിൽനിന്ന് എടുത്തുകളയുകയും ചെയ്യുമ്പോൾ "ദൈവം എനിക്കാശ്ലാസം നല്കി: അവിടുന്നതന്നെ അതിനെ എന്നിൽനിന്നു തിരികെ എടുത്തു. അവിടുത്തെ തിരുനാമം സ്തുതിക്കപ്പെടട്ടെ" എന്നാകുന്നു നീ പറ

യേണ്ടതു്. ഇപ്രകാരം നീ എളിമപ്പെട്ടാൽവെങ്കിൽ, ജോഷിനു് എന്നതുപോലെ നിനക്കും ദൈവം ധാരാളം അനുഗ്രഹങ്ങൾ പ്രദാനം ചെയ്യാതിരിക്കുകയില്ല.

5) ആത്മാന്വേഷണമുണ്ടാകുമ്പോൾ നാം ഭഗ്നാശരായിക്കൂടാ. താമസംവിനാ ആശ്വാസമുണ്ടാകുമെന്നുറച്ചുകൊണ്ടു നമ്മുടെ കർത്തവ്യങ്ങളെ തുടരാം. ഈ അവസരങ്ങളിൽ സൽപ്രവൃത്തികൾ കൂടുതലായി ചെയ്യുന്നതു നല്ലതാകുന്നു. നമ്മുടെ ആത്മനാഥനു മാർഗ്ഗവുമുള്ള പഴങ്ങൾ കൊടുക്കുന്നതിനു നമുക്കു സാധിച്ചില്ലെങ്കിൽ, ഉണങ്ങിയതും മയമില്ലാത്തതുമായ ക്ഷീരസാധനമെങ്കിലും കാഴ്ചവയ്ക്കാം. മുട്ടലഫലങ്ങളോ, ശുഷ്കപദാർത്ഥങ്ങളോ എന്തുതന്നെയായാലും അവിടത്തേയ്ക്കു് ഒന്നുപോലെയാണു്; നമ്മുടെ ഹൃദയം അവിടത്തെ സ്നേഹിക്കുന്നതിനു സദാ സന്നദ്ധമായിരിക്കണമെന്നേ ഉള്ളു. പ്രകാശപൂർണ്ണമായ വസന്തകാലത്തു തേനീച്ചകൾ കൂടുതൽ തേൻ ശേഖരിക്കുകയും പതിവിൽക്കവിച്ചുമാത്രം മുട്ടയിടുകയും ചെയ്യുന്നു. സൂര്യപ്രകാശംനിമിത്തം, അവ തേൻ ശേഖരിക്കുന്നതിൽ അത്യൽസുകരാവുകയും തന്മൂലം, ഉൽപാദനകൃത്യം വിസ്മരിക്കുകയും ചെയ്യുന്നതത്രേ ഇതിന്റെ കാരണം. പക്ഷേ, വസന്തം പ്രകാശരഹിതവും മ്ലാനവുമെങ്കിൽ, അവ കവിച്ചു തേൻ ശേഖരിക്കുകയും ധാരാളം മുട്ടയിടുകയുമത്രേ ചെയ്യുന്നതു്. എന്തുകൊണ്ടെന്നാൽ, അപ്പോൾ പുറത്തുപോയി തേൻ ശേഖരിക്കാൻ നിവൃത്തിമില്ലാതെ തേനീച്ചകൾ ഉൽപാദനകൃത്യത്തിൽ വ്യാപൃതരായി കൂട്ടിൽത്തന്നെ കഴിച്ചുകൂട്ടുന്നു. ആശ്വാസങ്ങളാകുന്ന വസന്തകാലത്തിന്റെ ആനന്ദാനുഭൂതിയിൽ മതിമറന്നു് ആത്മാവു സൽപ്രവൃത്തികളിൽ ചിലപ്പോൾ വൈമുഖ്യം പ്രദർശിപ്പിക്കാറുണ്ടു്. എന്നാൽ, ആത്മീയമന്ദത ഉണ്ടാകുന്ന സന്ദർഭങ്ങളിൽ, ആശ്വാസപ്രദങ്ങളായ കർത്തവ്യകാരങ്ങൾ ദുർലഭങ്ങളാകയാൽ അപ്പോഴാകുന്നു ആത്മാവു സൽഫലങ്ങളെ വർദ്ധിപ്പിക്കുകയും, ക്ഷമ,

വിനയം, ആത്മപരിത്യാഗം മുതലായ പുണ്യങ്ങളെ ഉൽപാ
ദിപ്പിക്കുകയും ചെയ്യുന്നത്.

ഹൃദയാസ്വസ്ഥതയിലും ക്ലേശവികാരങ്ങളുടെ അഭാവ
ത്തിലും ചെയ്യുന്ന ദൈവസേവനം ദൈവത്തിനു ഹിതമല്ലെ
ന്നു പലർക്കുമുള്ള ധാരണ അബദ്ധംതന്നെ. നമ്മുടെ പ്രവൃ
ത്തികൾ റോസപ്പൂക്കളാകുന്നു. ചെടിയിൽനി
ന്നു പറിച്ചെടുക്കുന്ന ഉടൻ അവ കൂടുതൽ ഭംഗിയുള്ളതായിരി
ക്കാം; പക്ഷേ, അല്പം വാട്ടം തട്ടുമ്പോഴാണ് അവയുടെ വാ
സന വർദ്ധിക്കുന്നത്. ഇതുപോലെ, ഹൃദയസമാധാനത്തോ
ടെ ചെയ്യുന്ന മുഴുലങ്ങളായ പ്രവൃത്തികൾ നമുക്ക് — സ്വന്തം
അഹംഭാവത്തെമാത്രം കായ്മയിക്കരുതുന്ന നമുക്ക് — കൂടു
തൽ ഇഷ്ടകരമായിത്തോന്നിയേക്കാം. അത്മീയമായ അസ്വ
സ്ഥതയിലും മന്ദതയിലും നിർവ്വഹിക്കുമ്പോഴാകുന്ന അവ ദൈ
വസമക്ഷം കൂടുതൽ വാസനയുള്ളതും വിലയുള്ളതുമായിത്തീ
രുന്നത്. പ്രസാദാവസരങ്ങളിൽ നമ്മുടെ മനസ്സു നമ്മെ ദൈ
വസേവനത്തിനായി നിർബന്ധിക്കുകയും ബലാൽ പിടിച്ചു
കൊണ്ടുപോവുകയും ചെയ്യുന്നു. അതിനാൽ, ഈ സന്ദർഭങ്ങ
ളിൽ മനസ്സിനു കൂടുതൽ ശക്തിയും സ്ഥിരതയുമുണ്ടായിരിക്ക
ണമെന്നുള്ളതു സുഷ്മമാണല്ലോ. പ്രശാന്തവും സന്തോഷാവഹ
വുമായ അവസരങ്ങളിൽ ഒരു രാജാവിനെ ശുശ്രൂഷിക്കുകയെ
ന്നതു് അത്ര അസാധാരണമായ ഒരു കൃത്യമല്ല. എന്നാൽ, ക
ഷ്ടപാടുകളുടേയും മർദ്ദനങ്ങളുടേയും സമയങ്ങളിൽ ഒരുവൻ
രാജാവിനെ വേണ്ടവിധം ശുശ്രൂഷിക്കുന്നുവെങ്കിൽ അതു വള
രെ പ്രശംസാർഹമായ ഒരു പ്രവൃത്തിയാണെന്ന് ഏവനും
സമ്മതിക്കും. എന്തുകൊണ്ടെന്നാൽ, അതിനു് അസാമാന്യ
മായ സ്ഥിരതയും വിശ്വസ്തതയും ക്രിയേ കഴിയൂ. "ബലം
പ്രയോഗിച്ചുള്ള പ്രാർത്ഥനയാകുന്നു ദൈവസമക്ഷം കൂടുതൽ
സ്വീകാര്യം" എന്നതേ ഫൊള്ളീഞ്ഞോയിലെ വി. അഞ്ചെലാ
യുടെ അഭിപ്രായം. നമ്മുടെ അഭിരുചിക്കനുസരണമായുള്ള വ

യെക്കാൾ അത്മീയവിഷമതകൾ സഹിച്ചുകൊണ്ടു ദൈവത്തെ സംതൃപ്തനാക്കുന്നതിനായി മാത്രം ചെയ്യുന്ന പ്രാർത്ഥനകളാകുന്നു കൂടുതൽ ഫലപ്രദം. ഏതു സൽപ്രവൃത്തിയെക്കുറിച്ചും ഇതുതന്നെയാകുന്നു എനിക്കു പറയുവാനുള്ളതു്. ഒരു സൽകൃത്യം നിർവ്വഹിക്കുന്നതിൽ നമ്മോടുതന്നെ ബാഹ്യമായോ ആന്തരികമായോ നാം എത്രയധികം മത്സരിക്കുന്നുവോ, ദൈവം അതിനെ അത്രയധികം വിലമതിക്കുകയും ശ്ലാഘിക്കുകയും ചെയ്യുന്നു. ഭക്തകൃത്യസമയങ്ങളിൽ സ്വാർത്ഥസ്നേഹം എത്ര മാത്രം കുറയുമോ ദൈവസ്നേഹം അത്രമാത്രം വർദ്ധിക്കും. പഞ്ചസാര കിട്ടുമ്പോൾ കുഞ്ഞുങ്ങൾ അമ്മമാർക്കു് ഉമ്മകൊടുക്കുക സാധാരണമാണു്. എന്നാൽ, മാതൃകരങ്ങളിൽനിന്നു കയ്പുള്ള പദാർത്ഥങ്ങൾ ലഭിക്കുമ്പോൾ ഒരു കുട്ടി അമ്മയെ ചുംബിക്കുന്നുവെങ്കിൽ അതാകുന്നു മാതൃസ്നേഹത്തിന്റെ ഉത്തമലക്ഷ്യം.



പതിനഞ്ചാം അധ്യായം

മേല്പറഞ്ഞവയെ സ്ഥിരീകരിക്കുന്നതിനു്

ഒരുദാഹരണം

ഞാൻ പ്രസ്താവിച്ചവയെ കൂടുതൽ വിശദമാക്കുന്നതിനായി വി. ബെർണ്ണാർഡിന്റെ ജീവചരിത്രത്തിലെ ഒരു ഭാഗം ഇവിടെ ഉദ്ധരിക്കാം.

ദൈവസേവനം ആരംഭിക്കുകമാത്രം ചെയ്തിട്ടുള്ളവർ, അത്മീയാസ്വാസ്ഥ്യമുണ്ടാകുമ്പോൾ ഭഗ്നാശരാവുകയും അത്യധികം വ്യസനിക്കുകയും ചെയ്യുന്നു. സ്വർഗ്ഗീയമോ ഭൗമികമോ ആയ ഏതെങ്കിലും ആനന്ദം കൂടാതെ സ്ഥിതിചെയ്യുകയെന്നതു മനുഷ്യസ്വഭാവത്തിനു ശക്യമല്ല എന്നതാകുന്നു ഇ

തിന്റെ കാരണം. ആത്മാവിനെ സ്വർഗ്ഗീയാശ്വാസങ്ങൾ കൈവരുമ്പോൾ ലൗകികാശ്വാസങ്ങൾ അതു പരിത്യജിക്കുന്നു. എന്നാൽ, ഈ സ്വർഗ്ഗീയാശ്വാസങ്ങൾ അതിൽനിന്നെടുക്കപ്പെടുമ്പോൾ, അതിനു ലൗകികാശ്വാസമില്ലാതാകുന്നു. യഥാർത്ഥമായ പ്രകാശം ആവിർഭവിക്കുന്നതുവരെ ക്ഷമിച്ചുനില്ക്കുവാൻ ഇത്തരക്കാർ അഭ്യസിച്ചിട്ടില്ലാത്തതിനാൽ, അവരുടെ വിചാരം തങ്ങൾ സ്വർഗ്ഗത്തിലുമല്ല ഭൂമിയിലുമല്ല, പിന്നെയോ, അവസാനമില്ലാത്ത അന്ധകാരത്തിൽ സ്ഥിതിചെയ്യുന്നു എന്നത്രേ. മാതാവിന്റെ മാർവിൽ ആശ്വസിക്കുന്ന ശിശുക്കളെ അവിടെനിന്നെടുത്തുമാറ്റുമ്പോൾ അവർ ഏങ്ങലടിച്ചു കരയുന്നതുപോലെ, ഇവർ നെടുവീർപ്പിടുകയും തങ്ങളെക്കുറിച്ചുതന്നെ അവലാതിപ്പെടുകയും ചെയ്യുന്നു.

വി. ബെർണ്ണാർദിന്റെ ശിഷ്യന്മാരിലൊരുവനായ ജ്യോഫ്രേ എന്നയാൾക്കു മുകളിൽപ്പറഞ്ഞവിധമുള്ള ആത്മീയാസ്വാസ്ഥ്യം ഒരിക്കൽ ഉണ്ടായി. എല്ലാ ആശ്വാസങ്ങളിലും നിന്നു വിമുക്തനായി, താൻ പെട്ടെന്ന് ആത്മീയമന്ദതയിൽപ്പെട്ടിരിക്കുന്നതായും അന്ധകാരം തന്നെ മൂടിയിരിക്കുന്നതായും അയാൾക്കു തോന്നി. ഈ സ്ഥിതിയിൽനിന്നു രക്ഷ പ്രാപിക്കുന്നതിനായി തന്റെ ബന്ധുമിത്രാദികളേയും ധനൈശ്വര്യങ്ങളെയുംകുറിച്ച് അയാൾ ചിന്തിക്കുവാൻ തുടങ്ങി. അയാളുടെ വിഷമസ്ഥിതി ഗ്രഹിച്ച ഒരു സ്നേഹിതൻ അനുകമ്പാപൂർവ്വം ഇപ്രകാരം ചോദിച്ചു: "സ്നേഹിതാ, താങ്കൾ എന്തുകൊണ്ടു പതിവില്ലാതെ ഇത്ര ചിന്താവിഷ്ടനും വ്യസനഗ്രസ്തനുമായിരിക്കുന്നു?" "സഹോദരാ, മേലിലൊരിക്കലെങ്കിലും ഞാൻ സന്തുഷ്ടചിത്തനായിരിക്കുമെന്ന് എനിക്കു ശരണമില്ല" എന്നായിരുന്നു ജ്യോഫ്രേയുടെ മറുപടി. ജ്യോഫ്രേയോട് അനുകമ്പതോന്നി അയാളുടെ സ്നേഹിതൻ ഈ വിവരം, ആശ്രമശ്രേഷ്ഠനായ വി. ബെർണ്ണാർദിനെ അറിയിച്ചു. അയാളുടെ

നിർഭാഗ്യസ്ഥിതി കണ്ട്, വിശ്വാസൻ ദൈവാലയത്തിൽ പ്രവേശിച്ച് അയാൾക്കുവേണ്ടി പ്രാർത്ഥിക്കുകയാണുണ്ടായത്. ജ്യോഫ്രേയാകട്ടെ, വ്യസനാധിക്യത്താൽ ഒരു കല്ലിന്മേൽ തലചായിച്ച് ഉറങ്ങിപ്പോയി. കുറെ സമയം കഴിഞ്ഞപ്പോൾ വിശ്വാസൻ, താൻ യാചിച്ച അനുഗ്രഹവുമായി പ്രാർത്ഥനയിൽനിന്നും, ജ്യോഫ്രേ പ്രസന്നമായ മുഖത്തോടുകൂടെ നിദ്രയിൽനിന്നും, ഉണർന്നു. അയാളിൽ പെട്ടെന്നുണ്ടായ ഈ മാറ്റം കണ്ടുകൊണ്ട്, മുൻപറഞ്ഞ സ്നേഹിതൻ അത്യധികം വിസ്മയിക്കുകയും, അയാളുടെ ആദ്യത്തെ വാക്കുകളെക്കുറിച്ചു ശാന്തമായി അയാളെ ശാസിക്കുകയും ചെയ്തു. അപ്പോൾ ജ്യോഫ്രേ ഉച്ചരിച്ച വാക്കുകൾ ശ്രദ്ധേയമത്രേ. "എനിക്ക് ഒരിക്കലും സന്തോഷമുണ്ടാകയില്ല എന്നാണല്ലോ ഞാൻ കുറച്ചുമുൻപു പറഞ്ഞത്; എന്നാൽ, ഇപ്പോൾ ഞാൻ ഉറപ്പായിപ്പറയുന്നു: ഇനിയൊരിക്കലും ഞാൻ ദുഃഖിതനാവുകയില്ല."

കണ്ടാലും! പ്രസ്തുത പ്രലോഭനംമൂലം ഈ ക്രിസ്തൻ സിദ്ധിച്ച ഗുണം! ക്രിസ്ത്യാനീ, ഈ സംഭവത്തിൽനിന്നു പല കാര്യങ്ങൾ ഗ്രഹിക്കേണ്ടതുണ്ട്. (1) ദൈവസേവനം ആരംഭിച്ചിരിക്കുന്നവർക്കു ദൈവം സ്വർഗ്ഗീയാനന്ദത്തിന്റെ ഒരു ചായ കാണിച്ചുകൊടുക്കുന്നു. ലൗകികസന്തോഷങ്ങളിൽനിന്നകലുന്നതിനും, ദൈവസ്നേഹത്തിൽ അഭിവൃദ്ധി പ്രാപിക്കുന്നതിനുമായി അവരെ പ്രോത്സാഹിപ്പിക്കുന്നതിനത്രേ അവിടുന്ന് ഇപ്രകാരം ചെയ്യുന്നത്. (2) മയമില്ലാത്തതും എന്നാൽ കൂടുതൽ ഫലപ്രദവുമായ സാധനങ്ങൾ ഭക്ഷിക്കുന്നതിനു നമ്മെ അഭ്യസിപ്പിക്കുവാൻവേണ്ടി ദൈവംതന്നെയാകുന്നു ആശ്വാസങ്ങളാകുന്ന തേനും പാലും നമ്മിൽനിന്ന് എടുത്തുമാറുന്നത്. (3) അത്മീയമന്ദതയുടെ ഇടയ്ക്കു ചിലപ്പോൾ വലിയ പ്രലോഭനങ്ങൾ ഉണ്ടായേക്കാം. അവ ദൈവത്തിൽനിന്നുള്ളതല്ലാത്തതിനാൽ സധൈര്യം അവയെ എതിർക്കുകതന്നെ വേണം. അത്മീയമന്ദതയെ നമ്മുടെ പരീക്ഷണത്തി

നായി ദൈവം നിശ്ചയിച്ചിരിക്കയാൽ അതിനെ ക്ഷമാപൂർവം സഹിക്കേണ്ടിയിരിക്കുന്നു. (4) ആന്തരികവിഷമതകൾ ഉണ്ടാകുമ്പോൾ നാം നിരാശപ്പെടുകയോ ജ്യോഫ്രേയെപ്പോലെ "എനിക്ക് ഒരിക്കലും സന്തോഷമുണ്ടാവുകയില്ല" എന്നു വിളിച്ചു പറയുകയോ അല്ല വേണ്ടത്; പിന്നെയോ, അന്ധകാരനിബിഡമായ രാത്രികാലത്തിനുശേഷം പ്രകാശപൂർണ്ണമായ പകൽ സമയം വരുമെന്നു വിചാരിച്ചു ക്ഷമിച്ചിരിക്കണം. അത്മീയമായ പ്രകാശമുണ്ടാകുമ്പോൾ, "ഞാൻ ഇനി ഒരിക്കലും അന്ധകാരത്തിലായിരിക്കുകയില്ല" എന്നും പറഞ്ഞുകൂടാ; പ്രത്യുത, ദിവ്യഗ്രന്ഥത്തിലേ "ബുലിമാൻ" ഉപദേശിക്കുന്നതുപോലെ, തിന്മയുണ്ടായേക്കുമെന്നു ഭയന്നു ശ്രദ്ധാലുക്കളായിരിക്കണം. പ്രലോഭനാവസരങ്ങളിൽ ശരണത്തോടും, സൗഭാഗ്യാവസരങ്ങളിൽ ഭയത്തോടുംകൂടെയാകുന്നു നാം വർത്തിക്കേണ്ടത്. എല്ലായ്പോഴും നമുക്കു വിനയമുണ്ടായിരിക്കട്ടെ! (5) നമ്മുടെ അത്മീയരോഗം വിശ്വസ്തനായ ഒരു സ്നേഹിതനെ അറിയിക്കുന്നതു വളരെ നല്ലതാണ്. അയാളുടെ സാന്ത്വനവാക്കുകൾ നമുക്ക് ആശ്വാസം നല്കും. മറെറല്ലാക്കാര്യങ്ങളിലും എന്നതുപോലെ ഇതിലും വിപരീതാഭ്യാസങ്ങളാണു ദൈവത്തിനും പിശാചിനുമുള്ളത്. നമ്മെ ഹൃദയപരിശുദ്ധിയിലേയ്ക്കും പരിപൂർണ്ണമായ അത്മപരിത്യാഗത്തിലേയ്ക്കും നയിക്കുന്നതിനു ദൈവം ഇച്ഛിക്കുന്നു. എന്നാൽ, നമ്മെ ഭക്തിമാർഗ്ഗത്തിൽനിന്നു വിരമിപ്പിച്ചു്, ജഡികസന്തോഷങ്ങളിലേയ്ക്കു വീണ്ടും തിരിക്കുന്നതിനാകുന്നു ദുഷ്ടാത്മാവിന്റെ ശ്രമം. എന്റെ ഉപദേശമനുസരിച്ചു വർത്തിക്കുന്നതായാൽ ഈ അത്മീയവിഷമതകളുടെ മദ്ധ്യേ സുകൃതങ്ങൾ അഭ്യസിച്ചു ജീവിക്കുവാൻ നിനക്കു സാധിക്കും.

മേൽപ്പറഞ്ഞ ആന്തരികവിഷമതകൾ ചിലപ്പോൾ നമ്മുടെ ശരീരസ്ഥിതിയുടെ വ്യത്യാസത്തിൽനിന്നും ഉണ്ടായേക്കാം. ഉദാഹരണമായി, പതിവിൽക്കൂടുതൽ ഉറക്കമിളയ്ക്കുകയോ,

അദ്ധ്വാനിക്കുകയോ, ഉപവസിക്കുകയോ ചെയ്യുമ്പോൾ നമുക്ക് അനല്പമായ ക്ഷീണവും മന്ദതയും ഉളവാകാറുണ്ടല്ലോ. ഇതു ശരീരത്തിലാണ് ഉത്ഭവിക്കുന്നതെങ്കിലും, മനസ്സിനെയും ബാധിക്കുന്നു. ഈ അവസരങ്ങളിൽ കഴിയുന്നത്ര ഏകാഗ്രതയോടേ നാം സൽപ്രവൃത്തികളിൽ വ്യാപൃതരായിരിക്കണം. മനസ്സു മ്ലാനമായി കാണപ്പെട്ടാലും അതിന്റെ പ്രവർത്തനങ്ങൾ ദൈവത്തിന് ഇഷ്ടപ്പെടാതിരിക്കുകയില്ല. ഇതുപോലുള്ള അവസരങ്ങളിൽ "ഞാൻ ഉറങ്ങുന്നു; എന്നാൽ, എന്റെ ഹൃദയം ഉണർന്നിരിക്കുന്നു" എന്നു വേദപുസ്തകത്തിലേ ദിവ്യവധുവിനോടുകൂടെ നമുക്കും പറയാം. നമ്മുടെ ശരീരത്തിനു സ്വല്പം വിശ്രമവും ആശ്വാസവും നല്കുക ആത്മീയമന്ദതയ്ക്ക് ഒരു പ്രതിവിധിയാണ്. ഇക്കാരണത്താലാകുന്നു വി. ഫ്രാൻസീസ് അസീസി തന്റെ സഭയിലേ സന്ന്യാസികളുടെ വിശ്രമകാര്യത്തിൽ നിഷ്കർഷം പ്രദർശിപ്പിച്ചിരുന്നതു്. ഈ വിശുദ്ധൻ ഒരിക്കൽ ഉഗ്രമായ ഒരു ആത്മമാന്ദ്യം അനുഭവപ്പെടുകയുണ്ടായി. അതു മറയ്ക്കുന്നതിന് അദ്ദേഹത്തിനു കഴിഞ്ഞില്ല. ആശ്രമവാസികളോടു ചേർന്നു വിശ്രമിക്കുവാൻ അദ്ദേഹത്തിനു സാധിച്ചിരുന്നില്ല. ഏകാന്തതയിൽ കഴിച്ചുകൂട്ടുക കൂടുതൽ വിഷമകരം; ഉപവാസവും ദേഹമർദ്ദനവും അദ്ദേഹത്തെ വല്ലാതെ ക്ഷീണിപ്പിച്ചു; പ്രാർത്ഥനയിൽ അദ്ദേഹം യാതൊരാശ്വാസവും കണ്ടെത്തിയതുമില്ല. ദൈവം തന്നെ കൈവിട്ടുവെന്ന് അദ്ദേഹത്തിനു തോന്നിപ്പോയി. വിശുദ്ധൻ രണ്ടു വത്സരത്തോളം ഈ സ്ഥിതിയിൽത്തന്നെ ആയിരുന്നു. എന്നാൽ, ഈ പ്രലോഭനത്തെ അദ്ദേഹം വിനയത്തോടെ സഹിക്കുകയാണുണ്ടായതു്. അപ്പോൾ ദൈവം അദ്ദേഹത്തെ പ്രശാന്തതയുടെ തുറമുഖത്തെയ്ക്കടുപ്പിച്ചു.

ദൈവത്തിന്റെ പ്രേഷ്ടദാസന്മാർപോലും ഇത്തരം പ്രലോഭനങ്ങളിൽനിന്നു വിമുക്തരല്ല എന്ന് ഇതിൽനിന്നു വെളിവാകുന്നുണ്ടല്ലോ.

അഞ്ചാം ഭാഗം

ആത്മനവീകരണത്തിനും ഭക്തിയിൽ സ്ഥിരതപ്രാപിക്കുന്നതിനുംവേണ്ട ഉപദേശങ്ങളും അഭ്യസനങ്ങളും

ഒന്നാം അധ്യായം

നമ്മുടെ പ്രതിജ്ഞകളേയും നിയോഗങ്ങളേയും വർഷംതോറും നാം നവീകരിക്കണം

ഈ ഭക്ത്യാഭ്യസനങ്ങളെക്കുറിച്ചു ചിന്തിക്കുമ്പോൾ ആദ്യമായിച്ചെയ്യേണ്ടതു് അവയുടെ പ്രാധാന്യത്തെ വിലമതിക്കുകയാണു്. അശക്തതയും അപഥത്തിലേയ്ക്കുള്ള പ്രവണതയും ഹേതുവായി മനുഷ്യപ്രകൃതി നന്മയിൽനിന്നു തിന്മയിലേയ്ക്കു നിഷ്പ്രയാസം വ്യതിചലിക്കുന്നു. തുടരെത്തുടരെയുള്ള പരിശ്രമവും ചിറകടിയും ഇല്ലെങ്കിൽ, പറക്കുന്ന പക്ഷി എപ്രകാരം നിലംപതിക്കുമോ, അതുപോലെതന്നെ ആത്മാവും ദൃഢപ്രതിജ്ഞകളാൽ സഹായം ഉയരുന്നതിനു ശ്രമിച്ചില്ലെങ്കിൽ, അതിനെ അധഃപതിപ്പിക്കുന്നതിനു് അഹോരാത്രം യത്നിച്ചുകൊണ്ടിരിക്കുന്ന ദുരാസക്തികൾക്കു് അടിമപ്പെട്ടുപോകും. ദൈവത്തെ ശുശ്രൂഷിച്ചുകൊള്ളാമെന്നുള്ള നിന്റെ നല്ല നിശ്ചയത്തെ പലപ്രാവശ്യം നീ നവീകരിക്കണം. എന്തുകൊണ്ടെന്നാൽ, അനിയന്ത്രിതമായ നിന്റെ പൂർവ്വസ്ഥിതിയിലേക്കോ അഥവാ അതിലും ഭയനീയമായ ഒന്നിലേക്കുതന്നെയോ നീ വീണുപോവാൻ എളുപ്പമുണ്ടു്. നിരന്തരപുണ്യം

കൊണ്ടു് ആത്മാവു് ആർജ്ജിച്ച ഭോഗത്തെയെ ധ്വംസിച്ചുകൊണ്ടു പൂർവ്വോപരി ശോചനീയമായ ഒരു നിലയിൽ അതിനെ ആക്കിത്തീർക്കുക എന്നുള്ളതാണു് ആത്മാവു് അധഃപതിച്ചാലുണ്ടാകുന്ന ഫലത്തിന്റെ ഒരു വിശേഷസ്വഭാവം. ഒരു ഘടികാരം എത്രതന്നെ നല്ലതായിരുന്നാലും ദിവസംതോറും അതിനു ചാവികൊടുക്കണം. ആണ്ടിൽ ഒരു പ്രാവശ്യമെങ്കിലും അതിന്റെ വിവിധസാമഗ്രികളും വെവ്വേറെ അഴിച്ചെടുത്തു തുരുമ്പു തുടയ്ക്കുകയും, പ്രവൃത്തിവികലമായ ഭാഗങ്ങളും മാറ്റിവയ്ക്കുകയും, ക്രമക്കേടുള്ളതു പരിഹരിക്കുകയും ചെയ്യണം. അതുപോലെതന്നെ സച്ചരിതയെപ്പറ്റി ശ്രദ്ധയുള്ളവൻ, അന്യത്ര പ്രസ്താവിച്ച അനുഷ്ഠാനങ്ങളും മാസ്ഥൈണ പ്രഭാതത്തിലും പ്രദോഷത്തിലും അതിനെ ദൈവത്തിന്റെ പക്കലേയ്ക്കു തിരിക്കേണ്ടതാകുന്നു. പലപ്പോഴും നമ്മുടെ ആത്മസ്ഥിതിയെപ്പറ്റി പരിശോധിച്ചു തിരുത്തുവാനുള്ളതു തിരുത്തുകയും ക്രമപ്പെടുത്താനുള്ളതു ക്രമപ്പെടുത്തുകയും വേണം. വിശിഷ്യാ ആണ്ടിൽ ഒരുപ്രാവശ്യമെങ്കിലും അതിന്റെ നാനാഭാഗങ്ങളെ—അതായതു് അതിന്റെ വിവിധങ്ങളായ വികാരങ്ങളെയും അഭിലാഷങ്ങളെയും—പ്രത്യേകം പരിശോധിച്ചു വേണ്ടതിരുത്തലുകൾ ചെയ്യേണ്ടതു് അവശ്യമത്രേ. വാച്ചു നന്നാക്കുവാൻ അതിന്റെ ചക്രങ്ങളും, ചലിച്ചുകൊണ്ടിരിക്കുന്ന മറ്റു ഭാഗങ്ങളും ശരിയായി നടക്കുന്നതിനും തുരുമ്പു പിടിക്കാതിരിക്കുന്നതിനുമായി അവയ്ക്കു ഒരു വിശേഷതരം എണ്ണയിടാറുണ്ടു്. അതുപോലെതന്നെ, ആത്മയന്ത്രത്തിന്റെ പരിശോധകനായ ഭഗവാനും പാപസങ്കീർത്തനം, ദിവ്യകാരുണ്യസ്വീകരണം എന്നീ വിശുദ്ധതൈലങ്ങൾകൊണ്ടു് ആത്മാവിനെ പൂശുന്നതിൽ അലസനായിരുന്നുകൂടാ. ആത്മാവിന്റെ വൈകല്യങ്ങളെ ഇല്ലാതാക്കുന്നതിനും, ദൈവസ്നേഹാഗ്നിയിൽ അതിനെ എരിയിക്കുന്നതിനും, പ്രതിജ്ഞകൾക്കു നവജീവൻ പ്രദാനം ചെയ്യുന്നതിനും, മാനസികപുണ്യങ്ങളെ പു

വ്വോപരി പരിപോഷിപ്പിക്കുന്നതിനും ഈ ലേപനദ്രവ്യ ങ്ങൾക്കു ശക്തിയുണ്ട്.

ആദിമക്രിസ്ത്യാനികൾ മേൽപറഞ്ഞ സദാചാരത്തെ, നമ്മുടെ കർത്താവിന്റെ സ്ഥാപനത്തിന്റെ സ്മരണകൊണ്ടാ ടുന്ന ദിവസം ശ്രദ്ധാപൂർവ്വം അനുഷ്ഠിച്ചുവന്നു. വി. ഗ്രിഗരി നസ്യാൻസൻ പറയുന്നതുപോലെ പ്രസ്തുതദിവസം അവർ തങ്ങളുടെ മാമ്മോദീസായിലെ പ്രതിജ്ഞകൾ നവീകരിച്ചി രുന്നു. ഇപ്രകാരംതന്നെ നമുക്കും വേണ്ട ഒരുക്കത്തോടെ അ തിപ്രധാനമായ ഈ കർമ്മം അനുഷ്ഠിക്കാം.

നിന്റെ ആത്മീയഗുരുവിന്റെ ഉപദേശമനുസരിച്ചു തക്കതായ ഒരു സമയം തെരഞ്ഞെടുത്തു്, അസാധാരണമാ യ ശ്രദ്ധ്കാന്തിയോടെ യഥാർത്ഥവും ആദ്ധ്യാത്മികവുമായ ഏകാന്തതയിൽ പ്രവേശിക്കുക. പിന്നീടു്, താഴെ വരുന്ന വിഷയങ്ങളിൽ ചിലതിനെ തെരഞ്ഞെടുത്തു് രണ്ടാംഭാഗ ത്തിൽ നല്കിയിരിക്കുന്ന നിർദ്ദേശങ്ങളനുസരിച്ചു് അവയെ പ്പറ്റി ധ്യാനിക്കുക.



രണ്ടാം അധ്യായം

ദൈവശുശ്രൂഷയ്ക്കായി നമ്മെ വിളിച്ച ദിവ്യകാരുണ്യ
ത്തേയും അതേത്തുടർന്നു നാം ചെയ്യേ പ്രതി
ജ്ഞയേയും കുറിച്ചു ചിന്തിക്കുക

നിന്റെ പ്രതിജ്ഞയുടെ വിവിധവശങ്ങളെപ്പറ്റി ആ ലോചിക്കണം. പ്രതിജ്ഞാപൂർവ്വം എല്ലാ ചാവുദോഷങ്ങളെയും എന്നേയ്ക്കുമായി നീ ത്യജിക്കുകയും വെറുക്കുകയും ചെയ്യു: നി ന്റെ ആത്മാവിനേയും ശരീരത്തേയും ഇവയെ സംബന്ധി

ച്ച എല്ലാറ്റിനേയും ദൈവത്തിന്റെ ശ്രേഷ്ഠയും സ്നേഹത്തിനമായി പ്രതിഷ്ഠിച്ചു: പാപത്തിൽ എപ്പോഴെങ്കിലും വീണുപോയാൽ, പ്രസാദവരത്തിന്റെ സഹായത്താൽ അതിൽ നിന്നു മോചനം പ്രാപിക്കും എന്നു നീ സുദൃഢം നിശ്ചയിച്ചു. ഈ പ്രതിജ്ഞകളും ഉൽകൃഷ്ടവും നീതിക്കു യോജിച്ചതും അഭിനന്ദനീയവുമല്ലയോ? അതിനാൽ, നീ ചെയ്ത ഈ നിശ്ചയം എത്ര പരിശുദ്ധവും ബുദ്ധിപൂർവകവും മനോഹരവുമായിരിക്കുന്നുവെന്നു ചിന്തിച്ചുനോക്കുക.

നീ ആരോടാണു് ഈ വാഗ്ദാനം ചെയ്തിരിക്കുന്നതു്? ദൈവത്തോടുതന്നെ. മനുഷ്യരോടു ചെയ്യുന്ന വാഗ്ദാനങ്ങളും നിറവേറുന്നതിനു നാം നിർബ്ബന്ധരെങ്കിൽ, ദൈവത്തോടുള്ളതു് എത്ര അലംഘനീയമാണു്? ദാവീദു പറയുന്നതുകേട്ടാലും:— "എന്റെ പൂർണ്ണഹൃദയത്തോടെ നിന്നെ ഞാൻ അന്വേഷിച്ചു. നിന്റെ കല്പനകളിൽനിന്നു ഞാൻ വ്യതിചലിക്കാതിരിക്കട്ടെ."

ആരുടെ സമക്ഷം നീ പ്രസ്തുത വാഗ്ദാനം ചെയ്യുവെന്നതിനെപ്പറ്റി ആലോചിക്കുക. സകല സ്വർഗ്ഗവാസികളുടെയും മുൻപിൽ വച്ചല്ലയോ? പരിശുദ്ധ കന്യകയും, വി. യൗസേപ്പും, നിന്റെ കാവൽമാലാഖയും മറ്റെല്ലാ സ്വർഗ്ഗവാസികളും നിന്നെ സൂക്ഷിച്ചു നോക്കുകയും നിന്റെ വാഗ്ദാനത്തിൽ സന്തോഷവും സമ്മതവും പ്രകടിപ്പിക്കുകയും ചെയ്തു. നിന്റെ ഹൃദയം ദിവ്യരക്ഷകന്റെ തൃപ്പാദങ്ങളിൽ നമിക്കുന്നതും, നീ അതിനെ അദ്ദേഹത്തിന്റെ പരിചരണത്തിനായി പ്രതിഷ്ഠിക്കുന്നതും അവർണ്ണനീയമായ സ്നേഹത്തോടുകൂടിയാണു് അവർ നോക്കിക്കൊണ്ടിരുന്നതു്. സ്വർഗ്ഗീയ ഓർശലത്തു് അന്നു് അസാധാരണമായ ആനന്ദപ്രകടനങ്ങളും ഉണ്ടായിരുന്നു. ഹൃദയപൂർവം നിന്റെ പ്രതിജ്ഞകളെ നീ നവീകരിക്കുന്നെങ്കിൽ ഇന്നും അവിടെ അപ്രകാരംതന്നെ സംഭവിക്കും. എപ്രകാരം നീ നിന്നോടുതന്നെ ദൈവത്തിനു സമർ

ന്നിച്ചുവെന്നും, ദൈവം എത്ര നല്ലവനും കാരുണ്യവാനുമായിട്ടാണ് അപ്പോൾ നിന്നോടു വർത്തിച്ചതെന്നും പഴയ്ലോചിക്കുക. പരിശുദ്ധാത്മപിയുടെ സ്നേഹശൃംഖലയാൽ അന്നു നീ ബന്ധിക്കപ്പെട്ടിട്ടില്ലയോ? അന്നു ദൈവം നിൻെറ ചെറുതോണിയെ സ്നേഹപാശങ്ങളാൽ സൗഭാഗ്യത്തിൻെറ തുറമുഖത്തേയ്ക്കു അടുപ്പിച്ചില്ലയോ? ആത്മീയാനന്ദം, ക്ലേശകരം, സദ്ഗ്രന്ഥപാരായണം, പ്രാർത്ഥന ആദിയായവകളാൽ അന്നു നിന്നെ അവിടുന്നു ലഹരിപിടിപ്പിച്ചില്ലയോ? നീ ഉറങ്ങിക്കിടന്നപ്പോൾ വാസ്തവത്തിൽ ദൈവം നിനക്കുവേണ്ടി ഉണർന്നിരിക്കുകയും, നിൻെറ ഹൃദയം സമാധാനസമ്പൂർണ്ണമായിരുന്നപ്പോൾ പരിശുദ്ധസ്നേഹത്താൽ അതിനെ നിറയ്ക്കുകയും ചെയ്തു.

ഈ പ്രാധാന്യമേറിയ പ്രതിജ്ഞകൾ ചെയ്യുന്നതിനു ദൈവം നിന്നെ നയിച്ച സമയത്തെപ്പറ്റി ആലോചിക്കുക. അതു നിൻെറ നവയൗവനത്തിലായിരുന്നു. സാധാരണമായി വളരെ താമസിച്ചുമാത്രം അറിയുന്നതിനെ വളരെ മുൻപേതന്നെ അറിഞ്ഞതു് എത്ര വലിയ ഭാഗ്യം! മുപ്പതു വയസ്സായപ്പോൾ മാത്രം സത്യം അറിയുന്നതിനു സാധിച്ച വി. അഗുസ്തീനോസ് പറയുന്നതു ശ്രദ്ധാർഹമാണു്. "ഓ! പുരാതനമായ സൗന്ദര്യമേ, നിന്നെ ഞാൻ അറിയുന്നതിനു വളരെ താമസിച്ചുപോയി. കഷ്ടം! നിന്നെ ഞാൻ ഭർശിച്ചു, എങ്കിലും നിന്നെപ്പറ്റി ചിന്തിച്ചില്ല." നിനക്കും യഥാർത്ഥത്തിൽ ഇങ്ങനെ പറയാം:— "പുരാതനകാലംമുതല്ക്കേ ഉള്ള മാധുര്യമേ, നിന്നെ വിലമതിക്കുന്നതിനു് എന്തുകൊണ്ടു ഞാൻ ഇത്ര താമസിച്ചു? കഷ്ടം! ഇപ്പോൾപ്പോലും നിന്നെ അറിയുന്നതിനു ഞാൻ അർഹനല്ല." ആകയാൽ, നിൻെറ ചെറുപ്പംമുതല്ക്കേ ദൈവം നിന്നെ എത്ര കാരുണ്യത്തോടുകൂടി നയിച്ചുവരുന്നുവെന്നു സ്മരിച്ചുകൊണ്ടു്, ദാവീദിനോടുകൂടി നീയും ഇപ്രകാരം ഉച്ചരിക്കുക:— "എ

ന്റെ യൗവനംതൊട്ട്, ദൈവമേ, നീ എന്നെ പഠിപ്പിച്ചു. ഇപ്പോഴും നിന്റെ അത്ഭുതപ്രവൃത്തികളെ ഞാൻ പ്രകീർത്തിക്കും." അഥവാ, നിന്റെ വാല്മീകത്തിലാണു നീ വിളിക്കപ്പെട്ടതെന്നിരിക്കട്ടെ. അങ്ങനെയെങ്കിൽത്തന്നെയും, ദൈവത്തിന്റെ കരുണ എത്ര വലിയതു്? നിന്റെ ബാല്യയൗവനങ്ങളെ നീ ദുരുപയോഗിച്ചു. എന്നാൽ, നിനക്കു നിത്യനാശം വരുത്തുമായിരുന്ന പാപത്തിൽനിന്നു നിന്നെ വിരമിപ്പിച്ചതു് ഈ കരുണയല്ലാതെ മറ്റെന്താണു്?

നിന്റെ ദൈവവിളിയുടെ അനന്തരഫലങ്ങളെപ്പറ്റിയാണു് ഇനി പര്യാലോചിക്കേണ്ടതു്. പഴയ അവസ്ഥയിൽനിന്നു നീ വളരെ വ്യത്യസ്ഥനായിത്തീർന്നിട്ടുണ്ടു്. പ്രാർത്ഥനയിൽ നിന്റെ ഹൃദയം ദൈവവുമായി സംഭാഷിക്കുന്നു: ദൈവത്തെ സ്നേഹിക്കുന്നതിനുള്ള ശ്രമങ്ങളിൽ നീ ആനന്ദിക്കുന്നുണ്ടു്: നിന്നെ ഉപദ്രവിച്ചുകൊണ്ടിരുന്ന വിവിധവികാരങ്ങളെ നീ ജയിച്ചു: മനസ്സാക്ഷിയെ മലിനപ്പെടുത്തുന്ന പല പാപങ്ങളെയും നീ ഉപേക്ഷിച്ചു: അനന്തമായ പ്രസാദവരത്തിന്റെ വാഹകത്വത്തിലേക്കു നിന്നെ യോജിപ്പിക്കുന്ന ദിവ്യകാരുണ്യസ്വീകരണം അനേകം പ്രാവശ്യം നീ നടത്തി: ഇവയെല്ലാം വലിയ അനുഗ്രഹങ്ങൾ തന്നെയല്ലയോ? എത്ര മഹത്തമങ്ങളായ അനുഗ്രഹങ്ങൾ! വിശ്വാസസ്ഥലത്തിലെ കുട്ടികൾകൊണ്ടു് അതു തൂക്കിനോക്കുക. എന്തുകൊണ്ടെന്നാൽ, ദൈവത്തിന്റെ വലതുകൈയാണു് ഇവയെല്ലാം നിർവഹിച്ചതു്. ദാവീദുപ്രീർഘദർശി പറയുന്നു:—"കർത്താവിന്റെ വലതുകൈ ശക്തിയോടുകൂടി പ്രവർത്തിച്ചു; കർത്താവിന്റെ വലതുകൈ എന്നെ ഉയർത്തി: കർത്താവിന്റെ വലതുകൈയ് ശക്തിചെയ്തു: ഞാൻ മരിക്കുകയില്ല, ജീവിക്കും: കർത്താവിന്റെ പ്രവൃത്തികളെ ഞാൻ പ്രകീർത്തിക്കും." അതേ, കർത്താവിന്റെ പ്രവൃത്തികളെ എന്റെ ഹൃദയംകൊണ്ടും, അധരംകൊണ്ടും, പ്രവൃത്തികൾവഴിയായും ഞാൻ വാഴ്ത്തും.

ഈ ചിന്തകൾ തീച്ചയായും പരിശുദ്ധമായ സ്നേഹപ്രകരണങ്ങൾ നിന്നിൽ ഉദിപ്പിക്കും. ഉപകാരസ്മരണയോടും, ഇപ്പോൾ കഴിഞ്ഞ ഘട്ടംകൊണ്ടു നിനക്കു പ്രയോജനം സിദ്ധിക്കുന്നതിനായിട്ടുള്ള പ്രാർത്ഥനയോടുംകൂടെ ഈ ഘട്ടം അവസാനിപ്പിക്കണം.



മൂന്നാം അധ്യായം

ഭക്തജീവിതത്തിന്റെ അഭിവൃദ്ധിയെക്കുറിച്ചുള്ള ആത്മശോധന

ഈ രണ്ടാംഘട്ടം സചല്പം ദീർഘമാണ്. അതുകൊണ്ട്, മുഴുവനും ഒരേസമയംതന്നെ ഉപയോഗപ്പെടുത്തണമെന്നില്ല. പല പ്രാവശ്യമായി നിനക്കിതു ചെയ്തീർക്കാം. അതായത്, ആദ്യമായി ദൈവത്തോടുള്ള നിന്റെ കടമകൾ എങ്ങനെ നീ നിർവ്വഹിക്കുന്നുവെന്നും, വേറൊരു സമയം, നിന്നോടുതന്നെ നീ എങ്ങനെ പ്രവർത്തിക്കുന്നുവെന്നും, മറ്റൊരുപ്രാവശ്യം, നിന്റെ അയല്ക്കാരോടുള്ള നിന്റെ പെരുമാറ്റം ഏതുതരത്തിലെന്നും, നാലാമതൊരവസരത്തിൽ, നിന്റെ വികാരങ്ങളും വിചാരങ്ങളും ഏവയെല്ലാമെന്നും നിനക്കു ശോധന ചെയ്യാം. ഈ പ്രവൃത്തി മുട്ടിന്മേൽനിന്നുകൊണ്ടു ചെയ്യണമെന്നില്ല. എന്നാൽ, ആത്മശോധനയുടെ ആദ്യത്തേയും അവസാനത്തേയും ഘട്ടങ്ങൾ മുട്ടുകുത്തിനിന്നുകൊണ്ടു ചെയ്യുന്നതാണുത്തമം. മറ്റുള്ള ഭാഗങ്ങൾ നടന്നുകൊണ്ടോ അഥവാ, ഉറക്കം വരികയില്ലെന്നറപ്പുണ്ടെങ്കിൽ കിടക്കയിൽത്തന്നെയോ അനുഷ്ഠിക്കാം. രണ്ടാംഘട്ടം മൂന്നു പകലിന്റെയും രണ്ടു രാത്രിയുടെയും ഇടകൊണ്ടു ചെയ്തീർക്കണം. എന്തുകൊണ്ടെന്നാൽ, ആത്മശോധനയുടെ ഓരോ ഘട്ടവും തമ്മിൽ വളരെയധികം അന്തരമുണ്ടായാൽ ഈ ഭക്ത്യഭ്യാസനത്തിന്റെ ശക്തി കുറ

ഞ്ഞുപോകും; തന്നിമിത്തം, ഉച്ഛിഷ്ടഫലം സിദ്ധിക്കാതിരിക്കുകയും ചെയ്യും. ഓരോ ഘട്ടവും കഴിഞ്ഞു്, ഏതെല്ലാം സംഗതികളിലാണു നീ വേണ്ടപോലെ പ്രവർത്തിക്കാത്തതെന്നും, ഏതിലെല്ലാം നിനക്കു പ്രമാദം പറ്റിയെന്നും, നിന്റെ പ്രധാന പ്രതിബന്ധങ്ങൾ ഏവയെല്ലാമെന്നും സശ്രദ്ധം പരിശോധിച്ചു് അവയെ കുമ്പസാരക്കാരനോടു പറയണം. അദ്ദേഹം തരുന്ന ഉപദേശവും പ്രോത്സാഹനവും സ്വീകരിച്ചേ കഴിയൂ. ഇപ്പോൾ നാം പ്രതിപാദിക്കുന്നതും അടുത്തുതന്നെ വരുന്നവയുമായ അഭ്യസനങ്ങൾക്കു് ഏകാന്തത അത്യാവശ്യമില്ലെങ്കിലും അതു് അവയ്ക്കു വളരെ സഹായകമാണു്. പ്രത്യേകിച്ചു് ഉച്ചകഴിഞ്ഞുള്ള സമയം കഴിയുന്നിടത്തോളം ഏകാന്തതയിലും മൗനത്തിലും കഴിച്ചുകൂട്ടിയാൽക്കൊള്ളാം. കുറെ നേരത്തേതന്നെ കിടക്കയിൽ പ്രവേശിച്ചു് ആത്മാവിന്റെയും ശരീരത്തിന്റെയും വിശ്രമം തേടുന്നതു ചിന്തയ്ക്കു വളരെ സഹായകമാകും. പകൽസമയത്തു പലപ്രാവശ്യം ദൈവത്തോടും പരിശുദ്ധകന്യകയോടും മാലാഖാമാരോടും സ്വർഗ്ഗീയജറുസലേം മുഴുവനോടും ഹൃദയംകൊണ്ടു സംഭാഷിക്കുന്നതിൽ ജാഗരൂകനായിരിക്കണം. ഇപ്രകാരമുള്ള എല്ലാ പ്രവൃത്തികളും, ദൈവത്തോടുള്ള ഹൃദയംഗമമായ സ്നേഹത്താലും പുണ്യപൂർണ്ണതയ്ക്കായുള്ള തീവ്രമായ ആഗ്രഹത്താലും പ്രേരിതങ്ങളായിരിക്കണം.

ഈ ആത്മശോധന ഉത്തമമായവിധം ആരംഭിക്കേണ്ടതിനായി (1) ദൈവസന്നിധിയിലാണു നീ നില്ക്കുന്നതെന്നോർക്കുക. (2) നിന്നെത്തന്നെ അറിയുന്നതിനുള്ള വെളിവും പ്രകാശവും പരിശുദ്ധാത്മാവിയോടു യാചിക്കുക. ഈ യാചന, "കർത്താവേ, നിന്നെ അറിയുന്നതിനും എന്നെത്തന്നെ അറിയുന്നതിനും എന്നെ പഠിപ്പിക്കണമേ" എന്നു വിനയപൂർവ്വം അപേക്ഷിച്ചു വി. അഗുസ്തീനോസിന്റെ തുപോലെയോ, "കർത്താവേ, നീയാരു്, ഞാനാരു്" എന്നു ദൈവത്തോടു

ചോദിച്ച വി. ഫ്രാൻസീസ്സിന്റേതുപോലെയോ ആയിരിക്കട്ടെ. നിന്റെ ആത്മീയപുരോഗമനത്തെപ്പറ്റി നീ അന്വേഷിക്കുന്നതു്, യോഗ്യതയുള്ളവൻ എന്നു തന്നെത്താൻ വിധിക്കുന്നതിനോ അതിൽ പ്രശംസിക്കുന്നതിനോ അല്ല എന്നു നീ ഏറ്റുപറയുക. പ്രത്യുത, എല്ലാം ദൈവത്തിന്റേതെന്നും, ദൈവത്തിന്റെമാത്രം സ്തുതി നീ അന്വേഷിക്കുന്നുവെന്നും, ഏറ്റുപറയുക. നിന്റെ പുണ്യാഭിവൃദ്ധിക്കായിക്കൊണ്ടു് അവിടത്തേയ്ക്കു നീ ഉപകാരസ്മരണ ചെയ്യുന്നെന്നു് അങ്ങേപ്പക്കൽ അറിയിക്കുകയും ചെയ്യണം. അപ്രകാരംതന്നെ, നീ പുണ്യപഥത്തിൽ അധികം മുമ്പോട്ടു പോയിട്ടില്ലെന്നോ അല്ലെങ്കിൽ അധോഗതി പ്രാപിച്ചുവെന്നോ കാണുന്നുവെങ്കിൽ, അതുകൊണ്ടു ഭഗ്നാശനാകാതെ നഷ്ടോന്മേഷനും ഭക്തിരഹിതനാകാതെ നൂതനമായ ശക്തിയോടും അനിരുദ്ധമായ ധൈര്യത്തോടുംകൂടെ സ്വയം താണു്, നിന്റെ തെറ്റുകൾ ദൈവസഹായത്താൽ തിരുത്തിക്കൊള്ളാമെന്നു പ്രതിജ്ഞ ചെയ്യുകയാണെങ്കിൽ അതും അഭിലഷണീയംതന്നെ. അതിനുശേഷം, നീ ദൈവത്തോടും അന്യരോടും നിന്നോടുതന്നെയും ഈ നാഴികവരെ പെരുമാറിയ വിധത്തെപ്പറ്റി സാവധാനം ചിന്തിക്കുക.

നാലാം അധ്യായം

ദൈവത്തോടു നീ എങ്ങനെ വർത്തിച്ചു എന്നു പരിശോധിക്കുക

ചാവുദോഷത്തെ സംബന്ധിച്ചു നിന്റെ ഹൃദയത്തിന്റെ സ്ഥിതി എന്തു്? ആത്മാപായകരമായ തിന്മയ്ക്കു് ഏതു സാഹചര്യത്തിലും നീ വശംവദനാകയില്ലെന്നുള്ള സ്ഥിരപ്രതിജ്ഞ നിനക്കുണ്ടോ? മുൻപു നീ ചെയ്ത വാശ്ചാനത്തെ എങ്ങ

നെയെങ്കിലും നീ ലംഘിച്ചിട്ടുണ്ടോ? ആദ്ധ്യാത്മികജീവിതം ഈ നിഷ്കൃഷ്ടനിശ്ചയത്തിലാണ് അധിഷ്ഠിതമായിരിക്കുന്നതു്.

1) ദൈവകല്പനകളെ അസ്പഷ്ടമാക്കിയിട്ടുള്ള കാര്യങ്ങളിൽ നിന്റെ ഹൃദയത്തിന്റെ അവസ്ഥ എങ്ങനെ? അവയുടെ ആചരണം ആയാസരഹിതവും ആനന്ദകരവുമായി നിനക്കനുഭവപ്പെടുന്നുണ്ടോ? നല്ല ആരോഗ്യവും ബുദ്ധിശക്തിയുമുള്ളവൻ നല്ല ക്ഷീണ്ടം ഇഷ്ടപ്പെടുകയും ഉപദ്രവകരമായവയെ വർജ്ജിക്കുകയും ചെയ്യുന്നു.

2) പാപദോഷങ്ങളുമായി നിന്റെ ഹൃദയം ഏതുവിധം ബന്ധപ്പെട്ടിരിക്കുന്നു? ഇങ്ങനെയുള്ള പാപങ്ങളെ നിശ്ശേഷം ജയിക്കുക പ്രയാസമാണു്. എന്നാൽ, സാധാരണമായി നീ ചെയ്യുന്നതോ, അഥവാ സന്തോഷം ചെയ്യുവാൻ ആശിക്കുന്നതോ ആയ വല്ല പാപദോഷവും ഉണ്ടോ?

3) ആദ്ധ്യാത്മികകാര്യങ്ങളെ നീ എപ്രകാരമാണു വീക്ഷിക്കുന്നതു്? നീ അവയെ മതിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നുണ്ടോ? യാതൊരാനന്ദവും ഉളവാക്കാത്തതിനാൽ അവയിൽ ചിലതിനോടു നിനക്കു വെറുപ്പുണ്ടായിട്ടില്ലേ? ദൈവവചനം ശ്രവിക്കുക അഥവാ വായിക്കുക, അതിനെപ്പറ്റി ധ്യാനിക്കുക, പാപസങ്കീർത്തനം ചെയ്യുക, ആദ്ധ്യാത്മികോപദേശങ്ങൾ അനുസരിക്കുക, ദിവ്യകാരുണ്യം സ്വീകരിക്കുക, വികാരങ്ങളെ നിയന്ത്രിക്കുക മുതലായവയിൽ ഏതാണു നിനക്കു് അനിഷ്ടകരമായുള്ളതു്? ഇവയിലൊന്നിനോടു് നിനക്കു് അനിഷ്ടം തോന്നുന്നെങ്കിൽ ആ അനിഷ്ടം എപ്പോൾ ഉണ്ടായെന്നും അതിനു ഹേതുവെന്തെന്നും സശ്രദ്ധം ആരായണം.

4) ദൈവത്തോടു നീ ഏതുവിധം പെരുമാറുന്നു? അവിടുത്തെ സ്മരണ നിന്നിൽ സന്തോഷം ഉളവാക്കുന്നുണ്ടോ? ആശ്വാസത്തെ പ്രദാനം ചെയ്യുന്നുണ്ടോ? ഇതിനെപ്പ

റെറി രാജകീയപ്രവാചകൻ പറയുന്നതിപ്രകാരമാണ്: "കത്താവേ, അവിടുന്നു മുമ്പു ചെയ്ത വിധികളെ ഞാൻ ഓർക്കുകയും ഞാൻ അശ്വപ്പിക്കപ്പെടുകയും ചെയ്തു."(സങ്കീർത്തനം 118-52) ദൈവത്തെ സ്നേഹിക്കുന്നതിനു സന്നദ്ധതയും ഈ സ്നേഹത്തിൽ ആനന്ദിക്കുന്നതിനുള്ള അഭിരുചിയും നിന്നിൽ കാണുന്നുണ്ടോ? ദൈവത്തിന്റെ മഹത്വം, മാധുര്യം, നന്മ മുതലായവയെക്കുറിച്ചു ധ്യാനിക്കുന്തോറും നിന്റെ ഹൃദയത്തിനു് എത്രകണ്ടാശ്വാസം കൈവരുന്നില്ല? ലോകമായകളിലും ജോലിത്തിരക്കുകളിലും വ്യാപൃതനായിരിക്കുമ്പോൾ നിന്റെ അകക്കാമ്പിൽ അങ്കുരിക്കുന്ന ആ പരമചൈതന്യസ്മൃതിക്കു നീ സ്വാഗതമരുളി ആദരിക്കുന്നുണ്ടോ? ഉജ്ജീവത്തായ ആ വികാരോദയത്തിൽ ഉന്മുഖനായി, ഉല്ലസത്തായ നിന്റെ ഹൃദയത്തിൽ അതിനെ ഉന്നയിക്കുവാൻ നീ ബദ്ധപ്പെടുന്നുണ്ടോ? വാസ്തവത്തിൽ ഇങ്ങനെ ചെയ്യുന്ന ഹൃദയങ്ങൾ ഉണ്ട്.

5) ഉദാഹരണമായി, പതിവ്രതയായ ഒരു തരുണി തന്നിൽനിന്നു് അനേകനാളായി വേർപിരിഞ്ഞ തന്റെ ഭർത്താവു വരുന്നതു കാണുകയും അയാളുടെ സ്വരം കേൾക്കുകയും ചെയ്യുന്നുവെന്നു വിചാരിക്കുക. അവൾ ഏതു ജോലിയിൽത്തന്നെ ഏർപ്പെട്ടിരുന്നാലും, എത്ര പ്രാധാന്യമേറിയ കാര്യങ്ങളെപ്പറ്റി ചിന്തിച്ചുകൊണ്ടിരുന്നാലും, അവളുടെ ഹൃദയം അതെല്ലാം മറന്നിട്ട്, തിരിച്ചുവരുന്ന ആ ഭർത്താവിനെമാത്രം സ്മരിക്കുന്നു. ഇപ്രകാരംതന്നെയാണു ദൈവത്തെ സ്നേഹിക്കുന്ന ഹൃദയങ്ങളുടെയും അവസ്ഥ. അന്യഥാ വ്യാപരിച്ചുകൊണ്ടിരുന്നാലും അവരുടെ സ്മരണ ആ സ്നേഹോജ്ജ്വനത്തിൽ അണഞ്ഞാശ്വസിക്കുന്നതിനു് അശ്രാന്തം ശ്രമിക്കും. ഇതു് അത്യുത്തമമായ ഒരു ലക്ഷണംതന്നെയാണ്.

6) ദൈവവും അതേസമയം മനുഷ്യനുമായ ഈശോമിശിഹാ നിന്റെ ഹൃദയത്തെ എപ്രകാരം അഭിലഷിക്കുന്നു! അദ്ദേഹത്തിന്റെ സാമീപ്യത്തിൽ നിനക്കു് ആനന്ദം തോ

ന്നുണ്ടല്ലോ? തേനീച്ചകളും, തങ്ങളും സംഭരിച്ച തേനിന്റെ മുഴുവും സന്തോഷത്തോടെ പറന്നുനടക്കുന്നു. കടന്നലാകട്ടെ, മലിനവസ്തുക്കളിലേ തൃപ്തിയടയുന്നുള്ളൂ. ഇപ്രകാരംതന്നെ പരിശുദ്ധാത്മാക്കളും ഈശോയിൽ തങ്ങളുടെ സർവ്വാനന്ദവും കണ്ടെത്തുകയും അദ്ദേഹത്തോടുള്ള സ്നേഹത്താൽ ഉജ്ജ്വലിക്കുകയും ചെയ്യുന്നു. മലിനാത്മാക്കളോ എന്നാൽ വ്യർത്ഥതയിൽ വ്യാമോഹിക്കുന്നു.

7) പരിശുദ്ധ കന്യകയെയും, പുണ്യവാന്മാരെയും, നിന്റെ കാവൽമാലാഖയെയും നീ എങ്ങനെ ബഹുമാനിക്കുന്നു? നീ അവരെ അത്യധികം സ്നേഹിക്കുന്നുണ്ടോ? അവരുടെ സന്മനസ്സുതയിൽ നിനക്കു വിശ്വാസമുണ്ടോ? അവരുടെ ജീവചരിത്രങ്ങളും പാരായണം ചെയ്യുന്നതിലും, അവരുടെ സ്തുതികളും കീർത്തിക്കുന്നതിലും, അവരെ സ്മരിക്കുന്നതിൽത്തന്നെയും നിനക്ക് ആനന്ദം തോന്നാറുണ്ടോ?

8) നിന്റെ നാവിനെ നീ എങ്ങനെ പ്രയോഗിക്കുന്നു? ദൈവത്തെപ്പറ്റി എങ്ങനെയാണു നീ സംസാരിക്കുന്നത്? ദൈവത്തെ നിന്റെ കഴിവുപോലെ സ്തുതിക്കുന്നതിൽ നീ ആനന്ദിക്കുന്നുണ്ടോ? അവിടുത്തെ സ്തുതികളെ കീർത്തനം ചെയ്യുന്നതിൽ നിനക്കു സന്തോഷമില്ലേ?

9) നിന്റെ പ്രവൃത്തികളും ഏതുവിധമാണ്? ദൈവത്തിന്റെ പ്രത്യക്ഷപ്രശംസയാണോ നിന്റെ പ്രവൃത്തികളുടെ അന്തമെന്നും, നിന്റെ ഓരോ ജോലിയുടെയും ഉദ്ദേശ്യം അവിടുത്തെ ബഹുമാനമാണോ എന്നും ആത്മശോധന ചെയ്യുന്നോക്കുക. എന്തുകൊണ്ടെന്നാൽ, ദൈവത്തെ സ്നേഹിക്കുന്നവർ അവിടുത്തെ മഹനത്തെ അലങ്കരിക്കുന്നതിന് ഇഷ്ടപ്പെട്ടും.

ഏതിനോടെങ്കിലുമുള്ള ഇഷ്ടത്തെയോ അല്ലെങ്കിൽ ഏതെങ്കിലും വസ്തുവിനെയോ ദൈവത്തെപ്രതി നീ ഉപേക്ഷിച്ചിട്ടുള്ളതായി ഓർക്കുവാൻ സാധിക്കുമോ? നാം സ്നേഹിക്കുന്നതുനുവേണ്ടിയുള്ള ത്യാഗങ്ങളും നമ്മുടെ സ്നേഹത്തിന്റെ

ഉത്തമമാനദണ്ഡങ്ങളാണ്. അതിനാൽ, ദൈവസ്നേഹത്തെ പ്രതി നീ എന്തുത്യാഗമാണു ചെയ്തിരിക്കുന്നതെന്നു നന്നായി ചിന്തിക്കുക.

അഞ്ചാം അധ്യായം

നിന്നോടുതന്നെ നീ എങ്ങനെ വർത്തിക്കുന്നു എന്നു നോക്കുക

1) നീ എങ്ങനെയാണു നിന്നെത്തന്നെ സ്നേഹിക്കുന്നതു്? നിന്റെ സ്നേഹം ഭൗമികമായിട്ടുള്ളതാണോ? അങ്ങനെങ്കിൽ, എല്ലായ്പോഴും ഇവിടെ വസിക്കുന്നതിനാഗ്രഹിക്കുകയും ഇവിടെത്തന്നെ നിന്റെ വാസം സ്ഥിരപ്പെടുത്തുന്നതിനായി നിന്റെ ശ്രദ്ധ മുഴുവൻ പതിക്കുകയും ചെയ്യും; പ്രത്യുത, നിന്റെ സ്നേഹം പാരത്രികമെങ്കിൽ, മിശിഹാ ഇഷ്ടപ്പെട്ടനിമിഷത്തിൽ ഇവിടെനിന്നും വേർപിരിയുന്നതിനു് അഭിലഷിക്കുകയോ സന്തോഷത്തോടെ അതിനു തയ്യാറാകുകയെങ്കിലുമോ ചെയ്യാതിരിക്കുകയില്ല.

2) നിന്റെ സ്വാർത്ഥപ്രതിപത്തിയെ നീ യഥാസമയം നിയന്ത്രിക്കുന്നുണ്ടോ? എന്തുകൊണ്ടെന്നാൽ, അനിയന്ത്രിതമായ ഇച്ഛകൾ നമ്മെ നശിപ്പിക്കും. ക്രമവൽകൃതമായ സ്വാത്മപ്രതിപത്തി, ആത്മാവിനെ കൂടുതൽ വിലമതിക്കുന്നതിനും, എല്ലാവരിനും മേലായി പുണ്യം സമ്പാദിക്കുന്നതിനും, ലൗകികബഹുമാനങ്ങളെക്കാൾ സ്വർഗ്ഗീയബഹുമാനത്തെ കാംക്ഷിക്കുന്നതിനും നമ്മെ പ്രേരിപ്പിക്കുന്നു. ഞാൻ ഇപ്രകാരം പ്രവർത്തിക്കുകയോ പറയുകയോ ചെയ്യുന്നതായിരുന്നാൽ അന്യർ എന്തു പറയുമെന്നുള്ളതിനെക്കാൾ, വാനാത്മ

പികരം എന്തു പറയുമായിരിക്കും എന്ന്, ക്രമവൽകൃതമായ ഹൃദയം പലപ്പോഴും അതിനോടുതന്നെ ചോദിക്കുന്നു.

3) ഏതുതരത്തിലുള്ള സ്നേഹമാണു നിനക്കു നിന്റെ ഹൃദയത്തോടുള്ളതു? അതിന്റെ അവശതയിൽ അതിനെ പരിചരിക്കുന്നതിനു നീ ആഗ്രഹിക്കുന്നുണ്ടോ? അതിനെ നീ സേവിക്കണം. പ്രലോഭനങ്ങളാൽ അതു ഞെരുക്കപ്പെടുമ്പോൾ, സമസ്തവും പരിത്യജിച്ച് അതിനുവേണ്ട ആശ്വാസം നല്കേണ്ടതു നിന്റെ ചുമതലയാകുന്നു.

4) ദൈവസന്നിധിയിൽ ആരായിട്ടാണു നിന്നെത്തന്നെ നീ കരുതുന്നതു? വെറും ശൂന്യമായിട്ടേ കരുതാവൂ. ഒരു കൊതുക് പർവ്വതത്തോടോ, ഒരു ജലബിന്ദു മഹാസമുദ്രത്തോടോ, ഒരു നെന്മണി അഥവാ ഒരു തീപ്പൊരി സൂര്യമഹാഗോളത്തോടോ തുലനം ചെയ്യപ്പെടുമ്പോൾ അവ തീരെ നിസ്സാരമെന്നു വിചാരിക്കുന്നതിൽ വലിയ വിനയമൊന്നുമുണ്ടെന്നു തോന്നുന്നില്ല. എന്തുകൊണ്ടെന്നാൽ, മറുള്ളവരെക്കാൾ വലിയവനെന്ന സ്വയം അഭിമാനിക്കാത്തതിലും, മറുള്ളവരാൽ ബഹുമാനിക്കപ്പെടുന്നതിന് ആഗ്രഹിക്കാതിരിക്കുന്നതിലുമത്രേ എളിമ സ്ഥിതിചെയ്യുന്നതു്. ഇക്കാര്യത്തിൽ നിന്റെ മനോഭാവം എങ്ങനെയാണു്?

5) സംസാരത്തിൽ നീ ആത്മപ്രശംസ ചെയ്യാറുണ്ടോ? നിന്നെക്കുറിച്ചു സംസാരിക്കുമ്പോൾ വ്യർത്ഥാഭിമാനം തോന്നാറില്ലേ? ആരോഗ്യത്തെ ഘനിക്കത്തക്കവിധം നീ സുഖാന്വേഷണങ്ങളെ അഭിലഷിക്കാറുണ്ടോ?

ആറാം അധ്യായം

നിന്റെ അയല്ക്കാരനോട് നീ എങ്ങനെ വർത്തിക്കണം എന്ന സൂക്ഷ്മനിരീക്ഷണം ചെയ്യുക

ദൈവവും മറ്റെയും, മറ്റെ ദൈവത്തിനെയും നിഷ്കളങ്കമായി സ്നേഹിക്കണം. അപ്രകാരം ചെയ്യണമെന്നുള്ളതാണ് ദൈവേഷ്ടം. അതുപോലെതന്നെ കുട്ടികളും ചാർച്ചക്കാരും സുഹൃത്തുക്കളും താന്താങ്ങളുടെ സ്ഥിതിക്കനുയോജ്യമായവിധം വർത്തിക്കേണ്ടിയിരിക്കണം. എന്നാൽ, ഇതിൽ നിന്റെ അയല്ക്കാരനെ സംബന്ധിച്ചിടത്തോളം നിന്റെ മനഃസ്ഥിതി എന്താകണം? യഥാർത്ഥമായും ദൈവസ്നേഹത്തെക്കുറിച്ചും ആണോ നിന്റെ അയല്ക്കാരനെ നീ സ്നേഹിക്കുന്നത്? ഇതു വ്യക്തമായി മനസ്സിലാക്കണമെന്നുണ്ടെങ്കിൽ, നിനക്ക് അഹിതകാരികളായ ചില വ്യക്തികളെ—സംസാരത്തിലെന്നല്ല പ്രവൃത്തിയിൽക്കൂടെയും നിന്നെ അസഹ്യപ്പെടുത്തുന്നവരെ—ദൈവേഷ്ടത്തെപ്രതി നീ സ്നേഹിക്കുന്നുണ്ടോ എന്നാലോചിച്ചാൽ മതിയാകും. അപ്രകാരമുള്ളവരോട് ശാന്തമായി പെരുമാറുന്നതിനും അവരെ സ്നേഹിക്കുന്നതിനും ഉത്സാഹിക്കുക. അന്യരിൽ, വിശിഷ്യ, നിന്റെ ഇഷ്ടാനുവർത്തികളല്ലാത്തവരിൽ നീ ദോഷാരോപണം ചെയ്യാറുണ്ടോ? പ്രത്യക്ഷമായോ പരോക്ഷമായോ അവരെ ഉപദ്രവിക്കുന്നുണ്ടോ? അല്പനേരത്തെ ചിന്തനംകൊണ്ട് ഇവ വ്യക്തമായി നിനക്കു മനസ്സിലാകും.



ഏഴാം അധ്യായം

ആത്മാവിന്റെ അഭിലാഷങ്ങളെപ്പറ്റിയുള്ള പരിശോധന

ആദ്ധ്യാത്മികാഭിവൃദ്ധിക്ക് അടിസ്ഥാനമായ അഭിലാഷങ്ങളെപ്പറ്റി പഠിക്കുവാൻ നീ നിശ്ചയിച്ചുകഴിഞ്ഞോ? പുണ്യജീവിതത്തിൽ ഉയർച്ചപ്രാപിക്കുന്നതിന് ഉത്സാഹിക്കാത്തവനും പാപസങ്കീർത്തനത്തിനാവശ്യമായ ആത്മശോധന ചെയ്യുന്നുണ്ട്. അതിനാൽ, കഴിഞ്ഞതവണത്തെ പ്രതിജ്ഞയുടെശേഷം ഇവ ഓരോന്നിനെയും നീ എങ്ങനെ പാലിച്ചുവെന്നും, നിന്റെ അപജയകാരണങ്ങൾ എന്തെല്ലാമായിരുന്നുവെങ്കിലും ശാന്തമായും എന്നാൽ, അവധാനപൂർവ്വവും നിരീക്ഷണം ചെയ്യുക. നിന്റെ ഹൃദയത്തിന്റെ പ്രലോഭനങ്ങൾ എന്തെല്ലാമായിരുന്നെന്നു പരിശോധിച്ചാലും. മേൽപ്രസ്താവിച്ചവണ്ണം പരിശോധിക്കുന്നതു ക്ലേശകരമെന്നു തോന്നുന്നുവെങ്കിൽ താഴെപ്പറയുവാൻപോകുന്നവിധം നിന്റെ കർമ്മപരിപാടിയെ വിശകലനം ചെയ്യാവുന്നതാണ്.

ദൈവത്തെയും നിന്റെ അയല്ക്കാരനെയും നിന്നെത്തന്നെയും നീ സ്നേഹിച്ചതെങ്ങനെ? നിന്റെയും മറ്റുള്ളവരുടെയും പാപത്തെ ദ്വേഷിച്ചതെങ്ങനെ? നിന്നിലും അവരിലും ഉള്ള പാപങ്ങൾ ഉന്മൂലനംചെയ്യുവാൻ നീ എന്തുശ്രമം ചെയ്തു?

ഭൗമികവസ്തുക്കളെയും വ്യർത്ഥസന്തോഷങ്ങളെയും ബഹുമാനങ്ങളെയും നീ അഭിലഷിച്ചിട്ടുണ്ടോ? തിന്മയെക്കുറിച്ചും ഭൗതികവസ്തുക്കളുടെ നഷ്ടത്തെക്കുറിച്ചും നീ ഭയപ്പെട്ടിട്ടില്ലയോ? എന്തുകൊണ്ടെന്നാൽ, പ്രാപഞ്ചികന്മാർ ഇതിൽ ഒന്നിനെ വളരെക്കുറിച്ചും മറ്റതിനെ വളരെ കൂടുതലായും ഭയപ്പെടുന്നു.

ഭൗമികവസ്തുക്കളിലും ജഡമോഹങ്ങളിലും നിമഗ്നനായിരിക്കെ, ദൈവത്തെയും നിത്യതയെസ്സംബന്ധിച്ച മറ്റു കാര്യങ്ങളെയുംകുറിച്ചു നന്നാക്കുറച്ചുമാത്രമല്ലാതെ നീ ചിന്തിച്ചിട്ടുണ്ടോ? വെറും മായമാത്രമായിരിക്കുന്ന സംഗതികളെക്കുറിച്ചു നീ അത്യധികം ദുഃഖിച്ചിട്ടില്ലയോ? അവസാനമായി, നിന്നെ അടിമപ്പെടുത്തിയിരിക്കുന്ന അഭിലാഷങ്ങളും ഏവയെന്നു സസൂക്ഷ്മം ചിന്തിക്കുക.

ഒരു വൈണികൻ തന്റെ വീണയുടെ ഓരോ കമ്പികളും മുറുക്കിയും അയച്ചും അതിന്റെ സ്വരം ശരിപ്പെടുത്തുന്നതുപോലെ, നമുക്കുണ്ടായിക്കൊണ്ടിരിക്കുന്ന പ്രലോഭനങ്ങൾവഴി നമ്മുടെ ആത്മാവിന്റെ അവസ്ഥയെ നാം ക്രമപ്പെടുത്തണം.

മൻപ്രസ്താവിച്ച പ്രലോഭനങ്ങൾ അതായതു്, അമിതസ്നേഹം, ദ്വേഷം, അത്യാഗ്രഹം, വ്യർത്ഥഭയം, ദുഃഖം എന്നിവ ദൈവമഹത്ത്വമെന്ന നവ്യഗീതത്തിന്റെ അപസ്വരങ്ങളെന്നു വെളിപ്പെടുന്നപക്ഷം, ദൈവപ്രസാദവരത്താൽ അവയെ ശ്രുതിമധുരമായ ഗീതമായി രൂപാന്തരപ്പെടുത്താവുന്നതാണ്.

എട്ടാം അധ്യായം

പ്രസ്തുത പരിശോധനയുടെശേഷം നമ്മിൽ ഉളവാകേണ്ട അഭിലാഷങ്ങൾ

ഈ ആത്മശോധനപ്രകരണത്തിന്റെ ഓരോ വകുപ്പിനെപ്പറ്റിയും ഗാഢമായി ചിന്തിച്ചാൽ നിന്റെ യഥാർത്ഥാവസ്ഥ എന്തെന്നു പ്രത്യക്ഷപ്പെടും. അപ്പോൾ താഴെപ്പറയുന്നതുപോലെയുള്ള ഒരു സ്നേഹപ്രകടനം ചെയ്യുവാൻ നീ യത്നി

ക്കണം. നീ പ്രതിജ്ഞചെയ്ത സംഗതികളിൽ അല്പമായ അ
ശിവ്വലിയെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ അതിനായി സ്വ
ശ്വരനു സ്തോത്രംചെയ്കയും, നിന്റെ നന്മയ്ക്കുവേണ്ടിമാത്ര
മാണ് അവിടുത്തേ വരപ്രസാദം ഇപ്രകാരം നിന്നിൽ പ്രവർ
ത്തിച്ചതെന്നു ഏറ്റുപറയുകയും ചെയ്ക.

പ്രാർത്ഥനയിലും ഇതുപോലുള്ള മറ്റുമാർഗ്ഗങ്ങളിലും നിന
ക്കു ലഭിച്ച ദിവ്യപ്രചോദനങ്ങളോടും, പ്രേരണകളോടും സ
ഹകരിക്കാഞ്ഞതുകൊണ്ടാണ പുണ്യത്തിൽ കൂടുതൽ അഭിവൃ
ദ്ധിപ്പെടാൻ സാധിക്കാഞ്ഞതെന്നു ഏറ്റുപറഞ്ഞുകൊണ്ടു
ദൈവസന്നിധിയിൽ നിന്നെത്തന്നെ എളിമപ്പെടുത്തുക.

അതിൻറെശേഷം ദൈവം നിന്നോടു കാണിച്ചിട്ടുള്ള
അതിരറ്റ സ്നേഹത്തിനും കാരുണ്യത്തിനും, നിന്റെ സ്വാ
ഭാവികച്ചായ്ച്ചിലുകൾക്കെതിരായി അവിടുന്നു നിന്നെ ഇതുവ
രെ നയിച്ചുകൊണ്ടുപോയതിനുമായി എന്നന്നേയ്ക്കും അവിടു
ത്തെ സ്തുതിക്കുന്നതാണെന്നു വാഗ്ദാനം ചെയ്ക.

അവിടുന്നു നിന്നോടു കാണിച്ച നന്മയ്ക്കുപകരം നിന്നിൽ
കടന്നുകൂടിയ അവിശ്വസ്തതയ്ക്കുവേണ്ടി പൊറുതിയപേക്ഷിച്ചു
കൊണ്ട്, അവിടുന്നുമാത്രം നിന്റെ ഹൃദയത്തിന്റെ നാഥനാ
യിരിക്കേണ്ടതിനായി അതിനെ അവിടുത്തേയ്ക്കു വിനയസമ
നച്ചിതം സമർപ്പിക്കുക.

അവസാനമായി നിന്നെ അവിടുത്തേ വിശ്വസ്തശുശ്രൂ
ഷിയാക്കണമേ എന്നു എളിമയോടുകൂടി അപേക്ഷിക്കുക. എ
ല്ലാ വിശുദ്ധന്മാരുടെയും പരിശുദ്ധ കന്യകാമറിയത്തിന്റെ
യും നിന്റെ കാവൽമാലാഖാ, നാമഹേതുകനായിരിക്കുന്ന
വിശുദ്ധൻ, വി. യൗസേപ്പു് എന്നിവരുടെയും മാധ്യസ്ഥ്യം അ
പേക്ഷിക്കുകയും ചെയ്ക.

ഒമ്പതാം അധ്യായം

നമ്മുടെ പ്രതിജ്ഞകളും നവീകരിക്കുന്നതിനുതകുന്ന ചില ചിന്തകളും

ആത്മശോധനവഴിയായി നിന്നിൽക്കണ്ട കുറവുകളെയും അവയെ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെയുംപറ്റി ജ്ഞാനിയായ ഒരാത്മഗുരുവിൽനിന്ന് ഉപദേശം സ്വീകരിച്ചുകൊണ്ടുതാഴെക്കാണുന്നവയിൽ ഏതെങ്കിലും ഒന്ന് അനുദിന ധ്യാനത്തിനുള്ള ഒരുക്കത്തോടും മനഃസ്ഥിതിയോടുംകൂടി ഉപയോഗിക്കുക.

ഒന്നാമത്തെ ചിന്ത

ആത്മാവിന്റെ മാഹാത്മ്യം

ദൃശ്യലോകത്തിലെ വസ്തുക്കളെ ഗ്രഹിക്കുന്നതിനു മാത്രമല്ല, അദൃശ്യവും അനന്തവുമായ ഒരു ലോകവും, സർവ്വശക്തനും അനന്തജ്ഞാനിയുമായ ഒരു സ്രഷ്ടാവും ഉണ്ടെന്നറിയുന്നതിനും പ്രാപ്തിയുള്ള ഒന്നത്രേ നമ്മുടെ ആത്മാവ്. ഈലോകത്തിൽ പുണ്യകർമ്മങ്ങൾ ചെയ്തു ജീവിക്കുന്നതിനും, പരലോകത്തിൽ മാലാഖാമാരോടുകൂടെ ദൈവത്തെ കണ്ടാനന്ദിക്കുന്നതിനുമുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമെന്നും ആത്മാവിനറിയാം. ഏതാട്ടശമായ ആത്മാവിന്റെ വൈശിഷ്ട്യത്തേയും മാഹാത്മ്യത്തേയുംപറ്റി ആയിരിക്കട്ടെ നമ്മുടെ പ്രഥമ ചിന്തനം.

നിന്റെ ആത്മാവിനു്, ദൈവത്തെ സ്നേഹിക്കുന്നതും അവിടുത്തെ സേവിക്കുന്നതിനു് അശക്തവുമായ ഒരു മനസ്സു

ണ്ട്. പുഷ്പങ്ങൾതോറും പറന്നുനടന്നു തേൻനുകരുന്ന തേനീച്ചകൾ, ഉഷ്ണിച്ച യാതൊരു വസ്തുവിനാലും ആകർഷിക്കപ്പെട്ടുകയോ അതിൽ സംതൃപ്തമാകയോ ചെയ്യുന്നില്ല. ഇതുപോലെ, നിന്റെ ഹൃദയവും ദൈവത്തിങ്കലേയ്ക്കല്ലാതെ മറ്റുയാതൊരു വസ്തുവിലേയ്ക്കും ആകൃഷ്ടമാകയോ അതിൽ വിശ്രാന്തിയടയുകയോ ചെയ്കുകില്ലാ. ഒരുകാലത്തു നിന്റെ ഹൃദയത്തിൽ നിറഞ്ഞിരുന്ന സന്തോഷങ്ങളെല്ലാം നിന്റെ ഹൃദയത്തെ കലക്കിയിരുന്ന ഭയങ്ങൾക്കും വ്യർത്ഥവിചാരങ്ങൾക്കും കാരണമായിരുന്നില്ലയോ എന്നും ചിന്തിക്കുക. ഹാ! എന്തൊരു കഷ്ടം! വ്യർത്ഥസന്തോഷങ്ങളെ കാംക്ഷിക്കുമ്പോൾ, അവയിൽ തൃപ്തിയടയണമെന്നുള്ള അതിമോഹത്താൽ നമ്മുടെ ഹൃദയം അവയുടെ പിറകെ പായുന്നു. പക്ഷേ, അവ ലഭിച്ചുകഴിഞ്ഞാൽ, മോഹിന്റെ പെട്ടകത്തിൽനിന്നു പുറപ്പെട്ട മാടപ്രാവ്, ഇരിക്കുന്നതിനു യാതൊരു സ്ഥലവും കാണാഞ്ഞതിനാൽ പെട്ടകത്തിലേയ്ക്കുതന്നെ പ്രത്യാഗമിച്ചതുപോലെ, ദൈവത്തിലല്ലാതെ മറ്റൊന്നിലും തൃപ്തിയടയാത്ത ആത്മാവിനെ ദൈവം തന്നിലേയ്ക്ക് ആകർഷിക്കുന്നുണ്ടെന്ന് അതു മനസ്സിലാക്കുന്നു. നമ്മുടെ ഹൃദയം പ്രകൃത്യാ എത്ര മനോഹരം! എത്ര ലോകോത്തരം! അങ്ങനെയെങ്കിൽ, നിന്റെ ഇഷ്ടത്തിനു വിപരീതമായി സൃഷ്ടവസ്തുക്കളെ സ്നേഹിക്കുന്നതിനും സേവിക്കുന്നതിനുമായി നാം അതിനെ നിർബന്ധിക്കുന്നതു ശരിയോ?

എന്റെ ആത്മാവേ, നിന്റെ ദൈവത്തെ അറിയുന്നതിനും സ്നേഹിക്കുന്നതിനും നിനക്കു കഴിവുണ്ടായിരിക്കെ, നീ എന്തുകൊണ്ട് ഏറ്റവും നിസ്സാരമായ സൃഷ്ടികളോട് പ്രതിപത്തി കാണിക്കുന്നു? സനാതനമായുള്ളതിനുവേണ്ടി പരിശ്രമിക്കുവാൻ പാടുണ്ടായിരിക്കെ, നശ്വരമായതിനുവേണ്ടി നീ എന്തിനു നിന്റെ ശക്തിയും സമയവും വ്യയംചെയ്യുന്നു? പിതാവിന്റെ ഭവനത്തിൽ ഏറ്റവും സുഖമായി ജീവിക്കുവാൻ

പാട്ടണ്ടായിരുന്നിട്ടും, 'പന്നിക്കുള്ള തവിട് ഭക്ഷിക്കുന്നു' എന്നു ധൂർത്തപുത്രൻ സങ്കടപ്പെട്ടു. എന്റെ ആത്മാവേ, നിന്റെ നല്ല ദൈവത്തെ അനേഷിക്കുന്നതിന് ഇപ്പോൾ നിനക്കു കഴിവുണ്ട്. എന്നാൽ, നശ്വരമായിട്ടുള്ളതിൽ തൃപ്തിയടയുന്നതിനു നീ ആഗ്രഹിക്കുന്നുവെങ്കിൽ നിനക്കു ദുരിതം.

ഇപ്രകാരമുള്ള ചിന്തകളാൽ നിന്റെ ആത്മാവിനെ ഉന്മിപ്പിക്കുക. അതു നിത്യമാണെന്നും നിത്യതയ്ക്ക് അർഹമാണെന്നുമുള്ള ചിന്ത നിന്നെ ഉത്സാഹഭരിതനാക്കിത്തീർക്കട്ടെ.

രണ്ടാമത്തെ ചിന്ത

പുണ്യത്തിന്റെ മാഹാത്മ്യം

ദൈവഭക്തിയും പുണ്യസമ്പത്തിയുംമാത്രമേ ഈ ലോകത്തിൽ ആത്മാവിനു തൃപ്തിനല്കുകയുള്ളു. അവ എത്രയോ കാമ്യമായിരിക്കുന്നു. പുണ്യങ്ങളെ അവയ്ക്കെതിരായുള്ള തിന്മകളോടു തുലനംചെയ്യുമ്പോളാണ് അവയുടെ അതിമാത്രവൈശിഷ്ട്യം പ്രത്യക്ഷമാകുന്നതു്. പ്രതികാരവും ക്ഷമയും, കോപവും ശാന്തതയും, അഹങ്കാരവും എളിമയും, ധനാസക്തിയും ധർമ്മതല്പരതയും, ദ്വേഷവും സ്നേഹവും, അമിതത്വവും മിതത്വവും തമ്മിലുള്ള അന്യോന്യവൈജാത്യം അവയിൽ നന്മയായിട്ടുള്ളവയുടെ വൈശിഷ്ട്യത്തെ വേണ്ടുവോളം വെളിവാക്കുന്നില്ലയോ? സൽപ്രവൃത്തികളും ചെയ്തുകഴിയുമ്പോൾ അവ നമ്മിൽ ഉളവാക്കുന്ന ആനന്ദവും ചാരിതാർത്ഥ്യവുമാണ് അവയ്ക്കുള്ള നൈസർഗ്ഗികമായ ഒരു ഗുണം. നേരേമറിച്ചു ദുഷ്പ്രവൃത്തികളും ചെയ്തുകഴിയുമ്പോൾ, അവ നമ്മുടെ ആത്മാവിനെ ദുഃഖപൂരിതവും സമാധാനരഹിതവും ആക്കിത്തീർക്കുന്നു. അതിനാൽ ഏവംവിധം ആനന്ദത്തെ പ്രദാനംചെയ്യുന്ന

സൽപ്രവൃത്തികൾ അനുഷ്ഠിക്കുന്നതിനു നമുക്കു പരിശ്രമിക്കാം.

തിന്മ അല്പമാത്രമായിട്ടെങ്കിലും ആരിൽ ഉണ്ടോ അവനു് അസംതൃപ്തിയും, ആരിൽ വർദ്ധിച്ചിരിക്കുന്നുവോ അവനു കൂടെക്കൂടെ അസംതൃപ്തിയുമാണു് അനുഭവപ്പെടാറുള്ളതു്. പുണ്യാഭ്യസനം ആരംഭിച്ചവനു് ആ സമയംമുതൽ സന്തുഷ്ടിയുണ്ടാവുകയും, പുണ്യത്തിൽ എത്രമാത്രം അഭിവൃദ്ധി പ്രാപിക്കുന്നുവോ അതിനനുസരിച്ചു് ഈ സന്തുഷ്ടി വർദ്ധിക്കുകയും ചെയ്യുന്നു. ഹാ! പുണ്യജീവിതമേ, നീ എത്ര സന്തോഷപ്രദവും മനോഹരവുമാകുന്നു! ഞങ്ങളുടെ കഷ്ടാരിഷ്ടതകളിൽ ഞങ്ങളെ നീ ആശ്വസിപ്പിക്കുകയും ഞങ്ങളുടെ ആനന്ദത്തെ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. നിന്നെക്കൂടാതെ നന്മ തിന്മയായും, ഞങ്ങളുടെ സന്തോഷങ്ങളെല്ലാം ദുഃഖങ്ങളായും കാണപ്പെടുന്നു. നിന്നെപ്പറ്റി ആരെങ്കിലും യഥാർത്ഥമായി അറിഞ്ഞിരുന്നെങ്കിൽ, സുവിശേഷങ്ങളിലേ സമറിയാക്കാരിയായ സ്ത്രീയെ അനുകരിച്ചു വി. വലിയതെരേസ്യായും ജിനോവായിലേ കന്യാസ്ത്രീയും പലപ്പോഴും വിളിച്ചുപറഞ്ഞിരുന്നതുപോലെ, 'നാഥാ, ഈ വെള്ളം എനിക്കു തരിക' എന്നു തീർച്ചയായും അവൻ പറയുമായിരുന്നു.

മൂന്നാമത്തെ ചിന്ത


വിശുദ്ധന്മാരുടെ മാതൃക

വിശുദ്ധന്മാർ നിനക്കു നല്കിയിട്ടുള്ള മാതൃകയെപ്പറ്റി അല്പമൊന്നു വിചിന്തനം ചെയ്യുക. അവർ ദൈവത്തെ സ്നേഹിക്കുന്നതിനും അവിടുത്തേ വിശ്വസ്ത ദാസരാകുന്നതിനും വേണ്ടി എന്തെല്ലാം ക്ലേശങ്ങൾ സഹിച്ചു? രക്തസാക്ഷികളുടെ അജയ്യധൈര്യത്തെയും അവയെ പാലിക്കുന്നതിനു് അവർ

സഹിക്കേണ്ടിവന്ന വിവിധപീഡകളേയും നീ ഓർക്കുക. പന്ത്രണ്ടും പതിനഞ്ചും ഇരുപതും ഇരുപത്തഞ്ചും വയസ്സു പ്രായമുള്ളവർ തങ്ങളുടെ വിശ്വാസദാർഢ്യത്തേയും പുണ്യജീവിതത്തേയും പരിരക്ഷിക്കുന്നതിനായി രക്തസാക്ഷിത്വം കൈവരിച്ചില്ലയോ? ലില്ലിപ്പുഷ്പത്തെക്കാൾ വെണ്മയേറിയ ചാരിത്ര്യശുദ്ധിയോടും റോസപ്പൂക്കളെക്കാൾ സുഷമയേറിയ സ്നേഹത്തോടുംകൂടി പരിലസിക്കുന്ന വി. കന്യകകളെ നീ അനുസ്മരിച്ചാലും. ചിലർ തങ്ങളുടെ കന്യകാത്വത്തെ അഭംഗം സംരക്ഷിക്കുന്നതിനുവേണ്ടി സ്വമനസാ മരണം കൈവരിക്കുന്നു. മറ്റു ചിലരോ എന്നാൽ, രോഗികളെ പരിചരിക്കുക, ദു:ഖിതരെ ആശ്വസിപ്പിക്കുക, മരിച്ചവരെ സംസ്കരിക്കുക മുതലായ സൽകർമ്മങ്ങളിൽനിന്നു വിരമിക്കുന്നതിനെക്കാൾ മരിപ്പാൻ സന്നദ്ധരാകുന്നു. എത്രയോ വിസ്മയാവഹമായ സ്ഥിരതയാണ് ഇപ്രകാരമുള്ള സന്ദർഭങ്ങളിൽ അബലകളായ ഈ സ്ത്രീരത്നങ്ങൾ പ്രദർശിപ്പിച്ചിട്ടുള്ളത്!

മാത്രമല്ല, ലോകത്തെ പരിപൂർണ്ണമായി ത്യജിക്കുകയും തങ്ങളുടെ ദൃഢനിശ്ചയത്തിൽ അചഞ്ചലരായി വർത്തിക്കുകയും ചെയ്ത വേദസാക്ഷികളെപ്പറ്റി പര്യാലോചിക്കുക. തങ്ങളുടെ ദൃഢവ്രതങ്ങളിൽനിന്ന് അവരെ വ്യതിചലിപ്പിക്കുവാൻ യാതൊരു ശക്തിക്കും സാധിച്ചില്ല. യാതൊരു ലജ്ജയുംകൂടാതെ അവർ അതിനെ ആശ്ലേഷിക്കുകയും നിസംശയം അതിനെ പരിപാലിക്കയുംചെയ്തു. വി. അഗ്നസ്തീനോസ് തന്റെ അമ്മയായ വി. മോനിക്കായെപ്പറ്റി പ്രസ്താവിക്കുന്നതു് ഇത്തരുണത്തിൽ ചിന്തനീയമാണ്. "ദാമ്പത്യത്തിലെന്നപോലെ വൈധവ്യത്തിലും, ദൈവത്തെ ശുശ്രൂഷിപ്പാൻ അവർക്കുണ്ടായിരുന്ന ഔൽസുക്യം വിസ്മയനീയമായിരുന്നു." ഇപ്രകാരം തന്നെ, അനേക ക്ലേശങ്ങളുടെയും പ്രതികൂലസാഹചര്യങ്ങളുടെയും മദ്ധ്യേ പാവുളായുടെ സ്ഥിരത പ്രശംസാർഹമായിരുന്നെന്ന് അവളുടെ പിതാവായ വി. ജെറോം പ്രസ്താവിച്ചി

രിക്കുന്നു. ഇപ്രകാരമുള്ള ദൃഷ്ടാന്തങ്ങളും വിശുദ്ധന്മാർ നമുക്കു നല്കുമ്പോൾ നാം എന്താണു ചെയ്യേണ്ടതു്? അവരും നമ്മെപ്പോലെതന്നെ ആയിരുന്നില്ലേ? നാം ശുശ്രൂഷിക്കുന്ന ദൈവത്തെത്തന്നെ സ്നേഹിക്കുന്നതിനും, നാം അവശ്യപ്പെടുന്ന പ്രസാദവരങ്ങളും തന്നെ ലഭിക്കുന്നതിനുമായി അവർ തങ്ങളുടെ പ്രവൃത്തികളെ നിയന്ത്രിച്ചു. അതിനാൽ, നമ്മുടെ ജീവിതക്രമവും ചുറുപാടുകളും അനുവദിക്കുന്നിടത്തോളം നമ്മുടെ പ്രതിജ്ഞകളും പരിപാലിക്കുന്നതിനായി അപ്രകാരം എന്തുകൊണ്ടു നമുക്കും പ്രവർത്തിച്ചുകൂടാ?



നാലാമത്തെ ചിന്ത

മിശിഹായ്ക്കു നമ്മോടുള്ള സ്നേഹം

നമ്മുടെ ദിവ്യരക്ഷകൻ തന്റെ ഭൗമികജീവിതത്തിൽ പ്രത്യേകമായി ഒരു സെമ്മാനിലും ഗാഗുൽത്തായിലുംവച്ചു്, എത്രമാത്രം സ്നേഹത്തോടുകൂടിയാണു തന്റെ പീഡകളും സഹിച്ചതെന്നോർക്കുക. അദ്ദേഹം നമ്മെ എല്ലാവരെയും സ്നേഹിച്ചു. താൻ ഏറ്റ എല്ലാ പീഡകളും ബന്ധനങ്ങളുംവഴി നാം നല്ല പ്രതിജ്ഞകളും വാഗ്ദാനങ്ങളും ചെയ്യുന്നതിനും അവ പാലിക്കുന്നതിനും അവയിൽ സ്ഥിരതപ്രാപിക്കുന്നതിനും ആവശ്യകമായ ശക്തി തന്റെ പിതാവിൽനിന്നു് അദ്ദേഹം നമുക്കുവേണ്ടി സമ്പാദിച്ചു. ഓ! എന്റെ നല്ല പ്രതിജ്ഞയേ! നിന്റെ വൈശിഷ്ട്യം എത്ര മഹത്തരം! നീ എന്റെ രക്ഷകന്റെ പീഡാനുഭവത്തിന്റെ ജാതഫലമല്ലയോ? എനിക്കു് ഏറ്റം പ്രസാദജനകമായിരിക്കുന്ന നിന്നെ ഞാൻ എങ്ങനെയാണു പരിപാലിച്ചതു്. ഓ! എന്റെ ആത്മാവിന്റെ നല്ല രക്ഷകാ, ഞാൻ നല്ല പ്രതിജ്ഞകളെ സ്വീകരിക്കുന്നതിനാ

യി നീ മരണം കൈവരിച്ചല്ലോ. ആയതുകൊണ്ട് അവയെ ഉപേക്ഷിക്കുന്നതിനെക്കാൾ മരണംതന്നെ കൈവരിക്കുവാൻ എനിക്ക് അനുഗ്രഹം നല്കേണമേ. കുരിശിൽ തൂങ്ങിക്കിടന്നുകൊണ്ടുപോലും നിൻറെ പുത്രയത്തെ വീക്ഷിക്കുകയും അതിനെ സ്നേഹിക്കുകയുംചെയ്ത മിശിഹായുടെ പുത്രയത്തെ അനുസ്മരിക്കുക. അവിടുത്തേ സ്നേഹംവഴിയായി, നീ അനുഭവിക്കാനിരുന്ന സകല നന്മകളെയും നിൻറെ നല്ല പ്രതിജ്ഞകളെയും അവിടുന്നു സമ്പാദിച്ചു. അതിനാൽ, നമുക്കും ഏറമിയാ പ്രവാചകനോടുകൂടി ഇപ്രകാരം പറയാം. "ഓ കർത്താവേ! ഞാൻ ജനിക്കുന്നതിനുമുമ്പുതന്നെ നീ എന്നെ അറിയുകയും എൻറെ പേരു വിളിക്കുകയും ചെയ്തു." ആ നല്ല ദൈവം തൻറെ സ്നേഹത്താലും കാരുണ്യത്താലും നമ്മുടെ ആത്മരക്ഷയ്ക്കു പൊതുവായും പ്രത്യേകമായും ആവശ്യമുള്ള സകലതും നല്കിയിരിക്കെ, നമ്മുടെ സകല പ്രതിജ്ഞകളും അവിടുന്നുതന്നെ നിശ്ചയിച്ചുതന്നിട്ടുള്ളതാണെന്നു നമുക്കു ന്യായമായി വിചാരിക്കാവുന്നതാണ്. ഉദരത്തിൽ ശിശുവിനെ വഹിച്ചിരിക്കുന്ന സ്ത്രീ, ആ ശിശു ജാതമാകുന്നതിനുമുമ്പുതന്നെ അതിനുവേണ്ട പിള്ളത്തൊട്ടിലും, അതിനെ പരിചരിക്കുവാനുള്ള ധാത്രിയേയും, മറ്റും സജ്ജീകരിക്കുന്നതുപോലെ ദിവ്യരക്ഷകൻ, ശിശുക്കളായിരിക്കുന്ന നമ്മെ രക്ഷിക്കുന്നതിനും ഭാഗ്യവാന്മാരാക്കുന്നതിനുമായി കുരിശിൽ തൂങ്ങിക്കിടന്നുകൊണ്ട് ആത്മീയപിള്ളത്തൊട്ടിൽ മുതലായവ നമുക്കു വേണ്ടി സംഭരിച്ചു. ഇതു തൻറെ വരപ്രസാദം ഒന്നുകൊണ്ടു മാത്രമായിരുന്നു. ഈ പ്രസാദവരം നമ്മുടെ ആത്മാവിനെ യാതൊരു ക്ഷീണവും തട്ടാതെ പരിപൂർണ്ണതയിലേക്ക് ആനയിക്കുന്നു. കുരിശിൽ തൂങ്ങിക്കിടന്നപ്പോൾ നമ്മുടെ രക്ഷകൻ, ഉദരത്തിൽ ശിശുവിനെ വഹിക്കുകയും പ്രസവവേദന അനുഭവിക്കുകയും ചെയ്യുന്ന ഒരു സ്ത്രീയെപ്പോലെയായിരുന്നു.

ഈ വസ്തുത ആഴമായി നിൻറെ ഉള്ളിൽ പതിയേണ്ട

താണ്. നിന്നെ എത്രമാത്രം സ്നേഹിച്ചുകൊണ്ടായിരിക്കണം അവിടുന്നു നിന്നെ പ്രത്യേകമായി അനുസ്മരിക്കുകയും തീരെ നിസ്സാരങ്ങളായ കായ്ക്കുരുവഴിയായി അങ്ങേപ്പക്കലേക്കു നിന്നെ അടുപ്പിക്കുകയും ചെയ്യുന്നതു്. അയതുകൊണ്ടു് ഇപ്രകാരം അവിടുന്നു നല്കുന്ന നന്മകളെ വളരെ കാര്യമായിക്കരുതുകയും വർദ്ധിപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. പ്രിയ സുഹൃത്തേ, ഇതെത്ര ആനന്ദപ്രദമായ ഒരു ചിന്ത. ദൈവത്തിന്റെ സ്നേഹസംപൂർണ്ണമായ ഹൃദയം നിന്നെ അനുസ്മരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നതിനുപുറമെ, തനിക്കു രക്ഷിപ്പാൻ വേറെ ആത്മാക്കൾ ഇല്ലാഞ്ഞാലെന്നതുപോലെ, നിന്റെ ആത്മരക്ഷയ്ക്കായി അനേകം മാർഗ്ഗങ്ങൾ കാണിച്ചുതരികയും ചെയ്തിരിക്കുന്നു. സൂര്യൻ അതിന്റെ രശ്മിയാൽ ഭൂമിയുടെ ഒരു ഭാഗത്തെ മറുഭാഗങ്ങളെക്കാൾ തേജോമയമാക്കുന്നതുപോലെ, നമ്മുടെ ദിവ്യരക്ഷകനും തന്റെ പ്രിയമക്കളായ നമ്മെ തനിക്കു മറ്റാരുമില്ലാഞ്ഞാലെന്നവണ്ണം അനുസ്മരിക്കുകയും പരിരക്ഷിക്കുകയും ചെയ്യുന്നു. ഇതിനെക്കുറിച്ചു വി. പൗലോസ് പറയുന്നതു കേൾക്കുക:—"മറുമൊഴിക്കു യാതൊന്നും ചെയ്വാനില്ലാതിരുന്നാൽ എന്നവണ്ണം അവൻ എന്നെ സ്നേഹിക്കയും തന്നെ മുഴുവൻ എനിക്കു നല്കുകയും ചെയ്തു." നമ്മുടെ ദിവ്യരക്ഷകന്റെ ഹൃദയത്തിനു് ഏറ്റവും പ്രസാദജനകമായ നിന്റെ പ്രതിജ്ഞകളെ നവീകരിക്കുന്നതിനും അവയെ സ്ഥിരീകരിക്കുന്നതിനുമായി ഇതു നിന്റെ ഹൃദയത്തിൽ ഗാഢഗാഢം പതിയട്ടെ.

അഞ്ചാമത്തെ ചിന്ത

ദൈവത്തിന്റെ അനന്തസ്നേഹം

നിന്റെ നേർക്കു സർവ്വേശ്വരൻ കാണിച്ചിട്ടുള്ള സ്നേഹത്തെക്കുറിച്ചു കുറഞ്ഞൊന്നു പരിചിന്തിക്കുക. നമ്മുടെ ദിവ്യരക്ഷകൻ കുരിശുമരത്തിന്മേൽ പീഡയനുഭവിക്കുന്നതിനു വളരെമുൻപുതന്നെ തന്റെ ദിവ്യനന്മയിൽ നിന്നെ ദർശിക്കുകയും അപരിമിതമായി നിന്നെ സ്നേഹിക്കുകയും ചെയ്തു. എന്നുമുതൽ അവിടുന്നു നിന്നെ സ്നേഹിക്കുവാൻ തുടങ്ങി? അവിടുന്നു ദൈവമായതു മുതൽ! എന്നാൽ, എന്നാണ് അവിടുന്നു ദൈവമായിരിപ്പാൻ തുടങ്ങിയതു്? അവിടുത്തേയ്ക്കു് ആരംഭവും അവസാനവുമില്ല. ആയതിനാൽ, അവിടുന്നു നിന്നെ എന്നും സ്നേഹിക്കുകയും നിനക്കു നല്കിയിട്ടുള്ള നന്മകളെയും പ്രസാദവരങ്ങളെയും അനാദിമുതൽ നിനക്കായി സംരക്ഷിക്കുകയും ചെയ്തു. അവിടുന്നു തന്റെ പ്രവാചകൻവഴി നിന്നോടെന്നപോലെ അരുൾചെയ്യുന്നതു ശ്രവിച്ചാലും: "ഞാൻ നിത്യമായ ഒരു സ്നേഹത്താൽ സ്നേഹിച്ചു. ആയതിനാൽ, നിന്നിൽ കരുണതോന്നി: നിന്നെ ഞാൻ എന്നിലേയ്ക്കു് അടുപ്പിക്കുകയും ചെയ്തു."

നിന്റെ പ്രതിജ്ഞകളെ അവിടുന്നു് അനാദിമുതൽ വിമർശിക്കുകയും ദർശിക്കുകയും ചെയ്തിരിക്കെ, അവ എത്രയോ മാഹാത്മ്യമേറിയവ! അവ നിനക്കു് എത്രമാത്രം അനർഘവും ആനന്ദപ്രദവുമായിരിക്കണം. ലോകം മുഴുവൻ നശിക്കട്ടെ; എന്നാലെന്തു്? ലോകം മുഴുവൻ ക്രൂടിയാലും ഒരാത്മാവിന്റെ വിലയാകയില്ല. എന്നാൽ, ആത്മാവു് അതിന്റെ നിശ്ചയങ്ങളെ പാലിക്കുന്നില്ലെങ്കിൽ അതിന്റെ വില നിശ്ശേഷം നശിക്കുകയും ചെയ്യും.

പത്താം അധ്യായം

ഈ ചിന്തകൾക്കുശേഷം ചെയ്യേണ്ട സ്നേഹപ്രകരണങ്ങൾ

അല്ലയോ പ്രതിജ്ഞകളേ, ദൈവംതന്നെ തന്റെ കരങ്ങൾകൊണ്ട് എന്റെ ഹൃദയത്തിൽ നട്ടുകയും നല്ല ഫലങ്ങൾ പുറപ്പെടുവിക്കുന്നതിനായി തന്റെ രക്തത്താൽ നനയ്ക്കുകയും ചെയ്ത ജീവന്റെ വൃക്ഷങ്ങളാകുന്നു നിങ്ങൾ. വല്ല വിഷവായുവിന്റെയും പ്രവാഹത്താൽ നിങ്ങൾ എന്റെ ഉൾത്തടത്തിൽ ഛിന്നമൂലങ്ങളായി നശിക്കുന്നതിനെക്കാൾ ആയിരം മരണംപോലും സഹിക്കുവാൻ ഞാൻ സന്നദ്ധനായിരിക്കുന്നു. മായാമോഹങ്ങൾക്കോ വ്യർത്ഥസന്തോഷങ്ങൾക്കോ ധനാസക്തിക്കോ ദാരിദ്ര്യഭേദത്തിനുതന്നെയോ എന്റെ നിശ്ചയത്തിൽനിന്ന് എന്നെ അണുമാത്രമെങ്കിലും, വ്യതിചലിപ്പിക്കുന്നതിന് ഒരു നാളും സാധിക്കയില്ല.

എന്റെ രക്ഷകാ, ഈ മനോഹരമായ വൃക്ഷത്തെ എന്റെ ആത്മാവാകുന്ന തോട്ടത്തിൽ നീ നട്ടുകയും അനാദിമുതൽ നിന്റെ പൈതൃകമായ സംരക്ഷണത്തിൽ അതിനെ വളർത്തുകയും ചെയ്തല്ലോ. എന്നാൽ, എത്രയോ ആത്മാക്കൾക്കാണ് ഈ വലിയഭാഗ്യം സിദ്ധിക്കാതെ പോയിട്ടുള്ളത്. നിന്റെ വലിയ കരുണയ്ക്കു ഞാൻ എങ്ങനെ പ്രതിനന്ദി കാണിക്കേണ്ടൂ?

പരിശുദ്ധവും വിശിഷ്ടവുമായ എന്റെ പ്രതിജ്ഞകളേ, ഞാൻ നിങ്ങളെയും നിങ്ങൾ എന്നെയും സംരക്ഷിക്കട്ടെ. നിങ്ങൾ എന്റെ ആത്മാവിൽ വസിക്കുന്നെങ്കിൽ, എന്റെ ആത്മാവു തീർച്ചയായി നിങ്ങളിലും വസിക്കും. ഓ! എന്റെ നല്ല പ്രതിജ്ഞകളേ, ദൈവത്തിന്റെ കാരുണ്യാതിരേകത്താൽ നിങ്ങൾ അനാദിയായിരിക്കെ, എന്നെന്നേയ്ക്കും എ

ന്നിൽ വസിക്കുവിൻ. ഞാൻ നിങ്ങളെ ഒരുനാളും ഉപേക്ഷിക്കുകയില്ല.

ഇപ്രകാരമുള്ള സ്നേഹപ്രകരണങ്ങൾക്കുശേഷം ഒരു നവജീവനോടും, ചൈതന്യത്തോടുംകൂടെയെന്നവണ്ണം പ്രസ്താവിതപ്രതിജ്ഞകളിൽ സുസ്ഥിരമായി നില്ക്കുന്നതാണെന്നു വാശ്വാനം ചെയ്തുകൊണ്ടു നിന്റെ ശരീരത്തെയും രക്തത്തിനെയും ദൈവത്തിനു സമർപ്പിക്കുക. നിന്റെ ഹൃദയത്തെ അവയ്ക്കു ബലിയർപ്പിക്കുകയും ചെയ്യണം. എല്ലാക്കാര്യങ്ങളിലും അവിടത്തെ തിരുമനസ്സിനു കീഴ്വഴങ്ങിക്കൊള്ളാമെന്നും, അവിടത്തെ തൃക്കരങ്ങളിൽനിന്നു് അതിനെ തിരിച്ചെടുക്കുകയില്ലെന്നും പ്രതിജ്ഞചെയ്യുക. അനന്തരം നിന്നിലുള്ള എല്ലാവറെയും നവീകരിക്കുന്നതിനും നിന്റെ സ്ഥിരനിശ്ചയത്തെ അനുഗ്രഹിക്കുന്നതിനുമായി അവിടത്തോടപേക്ഷിക്കണം.

ഇപ്രകാരമുള്ള ചിത്തവൃത്തിയോടുകൂടി നിന്റെ ആത്മീയഗുരുവിന്റെ പാദത്തിങ്കൽച്ചെന്നു്, നിന്റെ കുറവുകളെ ഏറുപറയുകയും സ്ഥിരനിശ്ചയത്തെ അദ്ദേഹത്തോടുണർത്തിക്കുകയും വേണം. തദനന്തരം, നിന്റെ സ്രഷ്ടാവും രക്ഷകനുമായിരിക്കുന്ന മിശിഹായോടു പരിശുദ്ധകർബ്ബാനവഴിയായി ഒന്നിക്കുകയും ചെയ്യുക.

പതിനൊന്നാം അധ്യായം

ഈ പരിശീലനത്തിനുശേഷം ഉണ്ടാ യിരിക്കേണ്ട വികാരങ്ങൾ

ഇപ്രകാരം പ്രതിജ്ഞകൾ നവീകരിച്ചതിൻെറശേഷം, പലപ്പോഴും വി. പൗലോസ്, വി. അഗ്രസ്തീനോസ് മുതലായവരുടെ തീക്ഷ്ണതാപൂർവ്വകമായ ഈ വാക്കുകളെ ആവർത്തിക്കുക: ഞാൻ ഇനി ഒരുനാളും എൻെറ സ്വന്തമല്ല: ഞാൻ ജീവിക്കുകയോ മരിക്കുകതന്നെയോ ആയിരുന്നാലും ഞാൻ എൻെറ ദിവ്യരക്ഷകനുള്ളവനാകുന്നു. 'ഞാൻ' എന്നോ 'എൻേറത്' എന്നോ ഉള്ള യാതൊന്നും ഇനി ഒരുനാളും ഉണ്ടാകുന്നതല്ല. അല്ലയോ ലോകമേ, നീ എന്നാളും നിൻെറ സ്വന്തമാകുന്നു. ഞാനും ഇതുവരെ എൻേറതായിരുന്നു. എന്നാൽ, ഇനി ഒരുനാളും ഞാൻ എൻേറതായിരിക്കുകയില്ല, തീർച്ചയായും നാം ഇനി ഒരിക്കലും നമ്മുടേതായിരിക്കരുത്. എന്തുകൊണ്ടെന്നാൽ, നമ്മുടെ ഹൃദയം പരിപൂർണ്ണമായി രൂപാന്തരപ്പെട്ടുകയും അനേകംപേരെ വഞ്ചിച്ചിട്ടുള്ള ലോകംതന്നെ നമ്മാൽ വഞ്ചിക്കപ്പെട്ടുകയും ചെയ്യും. എങ്ങനെയെന്നാൽ, നമ്മിൽ വരുന്ന വ്യത്യാസം അല്പാല്പമാകുന്നതുകൊണ്ടു നാം ഏറ്റവുമധികം എന്നു ലോകം വിശ്വസിക്കും; പക്ഷേ, യഥാർത്ഥത്തിൽ നാം യാക്കോബ് ആയിരിക്കും.

ഇപ്രകാരമുള്ള ആത്മീയാഭ്യസനങ്ങൾ നമ്മുടെ ഹൃദയത്തിൽ സ്ഥാനംപിടിച്ചു കഴിയുമ്പോൾ നമ്മുടെ ചിന്തകളിൽനിന്നും ധ്യാനങ്ങളിൽനിന്നും വിരമിച്ചിട്ട്, നമ്മുടെ നല്ല പ്രതിജ്ഞകൾ ഉടൻതന്നെ ശീതളീഭവിക്കാതിരിക്കുന്നതിനായി, ശാന്തതയോടുകൂടെ നമ്മുടെ ക്രമപ്രകാരമുള്ള ജോലികൾ ചെയ്യുവാൻ തുടങ്ങണം.

പന്ത്രണ്ടാം അധ്യായം

അവസാനത്തെ മൂന്ന പ്രബോധനങ്ങൾ

എല്ലാമാസത്തിന്റെയും ആദ്യദിവസം, ഒന്നാംഭാഗത്തിൽ കൊടുത്തിട്ടുള്ള പരസ്യപ്രസ്താവനയെ നവീകരിക്കുകയും, അതിനെ അനുസ്മരിച്ചു ജീവിച്ചുകൊള്ളാമെന്ന ധ്യാനാവസാനത്തിൽ നിശ്ചയിക്കുയും ചെയ്തുകൊണ്ടു ദാവീദുദീർഘദർശിയോടുകൂടി ഇപ്രകാരം പറയുക. "കർത്താവേ, നിന്റെ പ്രമാണങ്ങളെ ഞാൻ ഒരിക്കലും വിസ്മരിക്കുകയില്ല. എന്തുകൊണ്ടെന്നാൽ, അവവഴിയായി നീ എന്നെ ജീവിപ്പിച്ചു" (സങ്കീ. 118–93). അതിന്റെശേഷം അല്പമെങ്കിലും ഉദാസീനത തോന്നുന്നെങ്കിൽ, നിന്റെ പരസ്യപ്രസ്താവനയെ ആവർത്തിച്ചുകൊണ്ട് ഏറ്റവും എളിമയോടും പൂർണ്ണഹൃദയത്തോടുംകൂടെ അതിനെ ദൈവത്തിനു സമർപ്പിക്കണം. അപ്പോൾ നീ ആശ്വാസം കണ്ടെത്താതിരിക്കയില്ല.

കേന്ദ്രനായിരിക്കണമെന്നുള്ള നിന്റെ ഹൃദയത്തിന്റെ വലിയ ആഗ്രഹത്തെ തുറന്നു പ്രസ്താവിക്കുക. ധ്യാനം കഴിപ്പാൻ ധൈര്യസമേതം ശ്രമിക്കുമെന്നും, മനസ്സുറിവോടുകൂടി ചാവുദോഷം ചെയ്യുന്നതിനെക്കാൾ മരിക്കുന്നതിനുപോലും സന്നദ്ധനാണെന്നും, വി. ക്രൂശകളെ പലപ്പോഴും സ്വീകരിക്കുന്നതിനും ആത്മഗുരുവിന്റെ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനും തയ്യാറാണെന്നും ഏറ്റുപറയുക. എന്തുകൊണ്ടെന്നാൽ, യാതൊരുത്തരെയും താൻ തുങ്കിമരിച്ച കരിഞ്ഞുമരത്തെപ്പോലും അവഗണിക്കാത്ത ആ നല്ല ദൈവം, അവിടുത്തെ സ്നേഹിക്കുന്നതിനും തന്റെ പ്രത്യേകസംരക്ഷണത്തിനായി സമർപ്പിക്കപ്പെടുന്നതിനുമുള്ള നമ്മുടെ നന്മനസ്സിനെ അത്യധികം ഇഷ്ടപ്പെടുകതന്നെ ചെയ്യും.

പ്രിയ സുഹൃത്തേ, സ്വർഗ്ഗത്തിലേയ്ക്കു നീ നോക്കുക. ലോ

കസൗഭാഗ്യങ്ങൾക്കുവേണ്ടി നീ അതിനെ ത്യജിക്കരുതു്. അ ത്യഗാധത്തിലേയ്ക്കും നിന്റെ കണ്ണോടിക്കുക. ക്ഷണികസ ന്തോഷത്തെപ്രതി നിത്യകാലത്തേയ്ക്കു നീ അവിടെ നിപതി ക്കല്ലേ. നിനക്കുവേണ്ടി ക്ലേശിക്കപ്പെട്ട രക്ഷകനെ കണ്ടാലും. ലോകത്തിനുവേണ്ടി അദ്ദേഹത്തെ നീ ഉപേക്ഷിക്കുമോ? ക്ഷേത ജീവിതം വിഷമകരമായി തോന്നുന്നുവെങ്കിൽ "ഞാനാഗ്രഹി ക്കുന്ന അനന്തനന്മയുടെ ഓർമ്മയാൽ എന്റെ ക്ലേശങ്ങളും കേ വലം ലഘുവായി എനിക്കു തോന്നുന്നു" എന്നു വി. ഫ്രാൻസി സിനോട്ടുകൂടെ നീയും പറയുക.

പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും സ്തുതിയും പുകഴ്ച്ചയും ഉണ്ടായിരിക്കട്ടെ. ആമ്മേൻ.



DHARMARAM LIBRARY
BANGALORE - 560 029

Due Date	Due Date	Due Date

CT Library
00080451
K21 S32.

The Sacred Heart League,
St. Joseph's Apostolic Seminary,
Alwaye North.